**KOTTAYAM PUBLIC LIBRARY**

Call No. M [illegible] Acc. No. [illegible]

Author [illegible]

Title [illegible]

801

From III ~~IV~~

1 — 10 ~~II~~

40 — 58

84 — 93

പരിശുദ്ധ

# കന്യകാമറിയം

14267.

വിവർത്തകൻ

ഫാദർ എ. സി. ഈപ്പൻ

2nd printing to 2500 copies.

[പകർപ്പവകാശം സെൻറ് ജോസഫ്സ് പ്രസ്സിന്]

NATIONAL BOOK STALL * BR. KOTTAYAM * SPCS LTD.

Printed at the St. Joseph's Press,
Mannanam 1954.

200

**Imprimatur**

† Mathew Kavukatt,

Bp. of Changanacherry.

*Changanacherry,*
*27—3—'51.*

# പ്രസ്താവന

ഈ പുസ്തകം റവ. ഫാ. ആർ. വാസ്സൽ– ഫിലിപ്സ് സി. എസ്എസ് ആർ., അവർകൾ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള "The Mother of Christ" എന്ന ഗ്രന്ഥത്തിൻെറ ഒരു സംക്ഷിപ്ത വിവർത്തനമാകുന്നു. ഏതാനും കൊല്ലങ്ങൾക്കു മുൻപ് മൂലഗ്രന്ഥം വായിക്കാൻ ഇടയായപ്പോൾ, അതു മലയാളത്തിലേക്കു വിവർത്തനം ചെയ്താൽ കൊള്ളാമെന്ന് എനിക്കു തോന്നുകയും അതനുസരിച്ച് കുറേശ്ശെ എഴുതി രണ്ടുമൂന്നു കൊല്ലംകൊണ്ടു പൂർത്തിയാക്കുകയും ചെയ്തു. ഇതു എഴുതിത്തീർത്തിട്ട് ഇപ്പോൾ മൂന്നുനാലു വർഷമായി. ഇതു പ്രസിദ്ധീകരിക്കണമോ വേണ്ടയോ എന്നു സംശയിച്ചിരുന്നതുകൊണ്ട് അച്ചടിപ്പിക്കാൻ ഇത്രയും താമസം വന്നുപോയി എന്നേയുള്ളു. പ്രസിദ്ധീകരിക്കുന്നതു് ഉപകാരപ്രദമായിരിക്കുമെന്ന് ബ. പെ. പ്ലാസിഡച്ചൻ അഭിപ്രായപ്പെട്ടതനുസരിച്ചാണ് അപ്രകാരം ചെയ്യാമെന്ന് ഒടുവിൽ തീരുമാനിച്ചതു്.

ദൈവമാതാവിനെപ്പററി പല വിശിഷ്ട ഗ്രന്ഥങ്ങളും മലയാളത്തിൽ ഉണ്ടായിട്ടുള്ള സ്ഥിതിക്ക് ഇങ്ങനെയൊരു ഗ്രന്ഥത്തിനു് ആവശ്യമുണ്ടോ എന്ന് ന്യായമായി ആർക്കും സംശയിക്കാവുന്നതാണ്. കന്യകാമറിയത്തെപ്പററി എത്ര പുസ്തകങ്ങൾ ഉണ്ടായാലും അധികമായിപ്പോകയില്ല എന്നു മാത്രമേ ഇതിനു സമാധാനം പറയാനുള്ളു. കൂടാതെ, ഈ യുഗം മരിയയുഗം ആണെന്നാണ് പറയപ്പെടുന്നതു്. 1854 ഡിസംബർ 8–ാം തീയതി മറിയത്തിൻെറ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടു ഏതാനും കൊല്ലങ്ങൾക്കുശേഷം മറിയം ലൂർദ്ദിൽ ബെർണാർദെത്ത് എന്നു പേരായ ഒരു ബാലികയ്ക്കു് അനേകം പ്രാവശ്യം കാണപ്പെടുകയും ചില സന്ദേശങ്ങൾ നൽകുകയും ചെയ്തു. ലൂർദ്ദിൽ ഇപ്പോഴും മാതാവിൻെറ മാദ്ധ്യസ്ഥ്യംവഴിയായി അനേകം അദ്ഭുതങ്ങൾ നടക്കുകയും എല്ലാ ദിവസവും അനേകായിരം തീർത്ഥകർ അവിടത്തെ ഗ്രോട്ടോ സന്ദർശിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ കാലഘട്ടത്തിൽതന്നെ ദൈവജനനി മററു ചില സ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ട് സന്ദേശങ്ങൾ നൽകുകയു

ണ്ടായിട്ടുണ്ട്. 1942-ൽ പരിശുദ്ധ പിതാവ് 12-ാം പിയൂസ് മാർപ്പാപ്പാ ലോകത്തെ മുഴുവനും മറിയത്തിൻെറ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു. 1950 നവംബർ 1-ാം തീയതി പരിശുദ്ധ പിതാവ് മറിയത്തിൻെറ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തു. മരിയസൈന്യം എന്ന പേരായ ഭക്തസംഘടന ആരംഭിച്ചിട്ട് അധികകാലം കഴിഞ്ഞിട്ടില്ലെങ്കിലും, അതിപ്പോൾ അദ്ഭുതകരമായ വിധത്തിൽ ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും പ്രചരിച്ച് ധാരാളം നന്മ ചെയ്തുകൊണ്ടിരിക്കുന്നു. സൊഡാലിററി അല്ലെങ്കിൽ മരിയസഖ്യം എന്ന ഭക്തസംഘടന മററു കാലങ്ങളിലേക്കാൾ കൂടുതലായി ഈ കാലത്തു പ്രചരിച്ചിട്ടുണ്ട്. കുടുംബജപമാലഭക്തി പ്രചരിപ്പിക്കുന്നതിനായി റവ. ഫാ. പെയ്ററൺ എന്ന വന്ദ്യ വൈദികൻ അമേരിക്കയിലും യൂറോപ്പിലും ഉള്ള അനേക സ്ഥലങ്ങളിൽ സഞ്ചരിച്ച് ഫലപ്രദമായ വിധത്തിൽ പരിശ്രമിച്ചുവരുന്നു. ഇങ്ങനെ നോക്കുമ്പോൾ ഇതു സാക്ഷാൽ മരിയയുഗംതന്നെ ആണെന്നു കാണാവുന്നതാണ്. അതിനാൽ മറിയത്തെ നാം കൂടുതൽ അറിയുകയും സ്നേഹിക്കുകയും ഈ മാതാവിനോടുള്ള ഭക്തിയിൽ വദ്ധിക്കയും ചെയ്യേണ്ടതു് ആവശ്യമാകുന്നു. അതിന് ഈ പുസ്തകം ആരെയെങ്കിലും അല്പമെങ്കിലും സഹായിക്കുമെങ്കിൽ അതിൻെറ ഉദ്ദേശ്യം സഫലമായെന്നു പറയാം.

ഇതിൻെറ കൈയെഴുത്തുപ്രതി വായിച്ചു വേണ്ട നിർദ്ദേശങ്ങൾ തന്ന വെ. റവ. ഫാ. പ്ലാസിഡ്, വെ. റവ. ഫാ. എൽ. ജെ. ചിററൂർ എന്നീ വന്ദ്യ വൈദികരോടും, ഇതിലെ ഭാഷാസംബന്ധമായ തെററുകൾ തിരുത്തിത്തന്ന ശ്രീ പി. വി. ഉലഹന്നാൻ മാപ്പിള എം. എ. അവർകളോടും എനിക്കുള്ള കൃതജ്ഞത ഞാൻ രേഖപ്പെടുത്തിക്കൊള്ളട്ടെ. കൂടാതെ, ഇതിൻെറ മുദ്രണം സദയം ഏറെറടുത്ത മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സ് സൂപ്രണ്ട് റവ. ഫാ. മരിയാൻ ററി. ഒ. സി. ഡി. അവർകളോടും എനിക്കുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

വിവൎത്തകൻ.

# പരിശുദ്ധ

# കന്യകാമറിയം

## അദ്ധ്യായം ൧

### മറിയത്തിൻെറ ഇഹലോകജീവിതം

മറിയത്തിൻെറ ജനനസമയത്ത് ദൈവദൂതന്മാർ സന്തോഷഗാനങ്ങൾ പാടി. ദീർഘകാലം അധഃപതിച്ച് വഴി തെററി സഞ്ചരിച്ചിരുന്നതും, എന്നാൽ ഇപ്പോഴും മാലാഖാമാരുടെ സൂക്ഷത്തിൽ ഏല്പിക്കപ്പെട്ടിരുന്നതുമായ മനുഷ്യവർഗ്ഗത്തിൻെറ വീണ്ടെടുപ്പു സമീപിച്ചു.

മാലാഖാമാർ സന്തോഷിച്ചുപാടി. അവരുടെ രാജ്ഞി—അവരുടെ നാഥനും രാജാവുമായ മിശിഹായുടെ മനുഷ്യസ്വഭാവത്തിനു ശുശ്രൂഷ ചെയ്യാൻ അനാദിമുതൽക്കേ തിരിഞ്ഞെടുക്കപ്പെട്ട കന്യക— ലോകത്തിൽ ജനിച്ചു. ഏറെത്താമസിയാതെ അവർ രക്ഷയുടെ സന്തോഷവാർത്ത മുൻകൂട്ടി അറിയിക്കയും മറിയത്തിൻെറ പുത്രനെ ആരാധിക്കയും ചെയ്തുകൊണ്ട് അവിടുത്തെ തൊട്ടിലിനു ചുററും കൂടും. "തൻെറ ഏകപുത്രനെ ലോകത്തിലേക്കു കൊണ്ടുവരുമ്പോൾ അവിടുന്നു പറയുന്നു: "ദൈവത്തിൻെറ മാലാഖാമാരെല്ലാം അയാളെ ആരാധിക്കട്ടെ," എന്നു" (എബ്രായ. 1. 6). ഈ വാക്കുകളിൽ മാലാഖാമാരുടെയും മനുഷ്യരുടെയും സന്തോഷത്തിൻെറ പരമമായ കാരണം നമുക്കു കാണാൻ കഴിയും.

ദൈവമാതാവിൻെറ ജനനസ്ഥലം ഏതാണെന്നുള്ളതിനെപ്പററി അഭിപ്രായവ്യത്യാസം ഉണ്ട്. ഏററം സ്വീകാര്യമായിട്ടുള്ളത്, ഓറശ്ലേം നഗരത്തിൽനിന്ന് അധികം ദൂരെയല്ലാത്ത

വി. സാബായുടെ ആശ്രമത്തിൽ തൻെറ ജീവിതകാലത്തിൻെറ ഒരു വലിയ ഭാഗം കഴിച്ചുകൂട്ടിയ ഒരാളും, ഓറശ്ലത്തെ ക്രിസ്തീയ പാരമ്പര്യങ്ങളുടെ ഏററം ഉത്തമനായ സാക്ഷിയും ആയ വി. യോഹന്നാൻ ദാമസേൻെറ അഭിപ്രായമാകുന്നു. ഈ വിശുദ്ധൻ പറയുന്നത് പരിശുദ്ധ കന്യക ജനിച്ചത് ഓറശ്ലം നഗരത്തിൽ പ്രൊബാത്തിക്കാ എന്ന കുളത്തിനടുത്തുള്ള തൻെറ പിതാവിൻെറ ഭവനത്തിലാണെന്നാണ്. ഈ പ്രൊബാത്തിക്കാ, നമ്മുടെ കത്താവു് ഒരു തളർവാതക്കാരനെ സുഖപ്പെടുത്തിയതായി സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന കുളമാകുന്നു.

പരിശുദ്ധ കന്യക ജനിച്ച ഭവനത്തിൻെറ ഒരു ഭാഗമായി കരുതപ്പെടാവുന്ന ഒരു ഗുഹ ഇപ്പോഴും കാണാനുണ്ടു്. ഈ വീടിരുന്ന സ്ഥലത്തു് നാലാം നൂററാണ്ടിലോ അഞ്ചാം നൂററാണ്ടിലോ ഒരു ദേവാലയം പണിയിക്കപ്പെട്ടു. ഈ ദേവാലയത്തിൽ, പരിശുദ്ധ കന്യകയുടെ ജനനത്തിരുനാൾ ദിവസം വി. യോഹന്നാൻ ദാമസേൻ രണ്ടു പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി. 1914-ൽ കണ്ടുകിട്ടിയ ചില ചരിത്രലക്ഷ്യങ്ങൾ, വി. യോഹന്നാൻെറ കാലത്തു് മാതാവിൻെറ പിറവിയുടെ ദേവാലയം എന്നു വിളിക്കപ്പെട്ടിരുന്ന ഈ ദേവാലയത്തിൻെറ മദ്ധ്യഭാഗം സ്ഥിതിചെയ്തിരുന്നതു്, പ്രൊബാത്തിക്കായിലേക്കു പോകുന്നതിനുള്ള പൂമുഖത്തിനുമീതെ ആയിരുന്നെന്നു തെളിയിച്ചിട്ടുണ്ടു്. പുരാതനദേവാലയം പലപ്രാവശ്യം നശിപ്പിക്കപ്പെടുകയും വീണ്ടും പണിയിക്കപ്പെടുകയും ചെയ്തു. ഇപ്പോഴത്തെ ദേവാലയവും, മുൻപിലത്തേതുപോലെതന്നെ, മാതാവിൻെറ ജനനസ്ഥലമായി വിശ്വസിച്ചുവരുന്ന സ്ഥലത്താണ് നിർമ്മിച്ചിരിക്കുന്നതു്. ഈ ദേവാലയത്തിലെ വിശുദ്ധകർമ്മങ്ങൾ നടത്തുന്നതു് "വെളുത്തച്ചന്മാർ" (White Fathers) എന്നു വിളിച്ചുവരുന്ന സന്യാസസഭാംഗങ്ങളാണ്. ദേവാലയത്തിനടുത്തുള്ള അവരുടെ ആശ്രമം, സുവിശേഷത്തിലെ കുളത്തിനോടുള്ള സാമീപ്യം നിമിത്തം "പ്രൊബാത്തിക്കാഭവനം" എന്നാണ് അറിയപ്പെടുന്നതു്.

നമ്മുടെ നാഥയുടെ പിതാവിൻെറ പേർ "പ്രതീക്ഷ" എന്നത്ഥമുള്ള ജൊവാക്കിം എന്നും, മാതാവിൻെറ പേർ വരപ്രസാദം എന്നത്ഥമുള്ള അന്നാ എന്നും ആയിരുന്നു. ദൈവദൂതനാൽ "നന്മ നിറഞ്ഞവൾ" എന്നു വിളിക്കപ്പെട്ടവളും, ദൈവ

മാതാവുമായി തിരിഞ്ഞെടുക്കപ്പെട്ടവളുമായ അനുഗ്രഹീത കന്യകയുടെ മാതാവ് തീർച്ചയായും ദൈവവരപ്രസാദം നിറഞ്ഞവൾതന്നെ ആയിരുന്നു.

ജോവാക്കിമും അന്നായും വളരെക്കാലത്തേക്ക് സന്താനമില്ലാത്തവരായിരുന്നെന്നും അവരുടെ ഏക ശിശു അവർ വളരെക്കാലം തീക്ഷ്ണതയോടെ പ്രാർത്ഥിച്ചതിൻെറ ഫലമായിരുന്നെന്നും ഒരു പുരാതന പാരമ്പര്യവിശ്വാസമുണ്ട്. ക്രിസ്തുവർഷം 100-ൽ ജനിച്ച ആളും പലസ്തീനായിലെ പാരമ്പര്യങ്ങൾ നല്ലവണ്ണം അറിഞ്ഞിരുന്ന ആളുമായ വി. ജസ്റ്റിൻ പരിശുദ്ധ മറിയം ദാവീദ്രാജാവിൽനിന്ന് നേരിട്ടുള്ള തലമുറകൾ വഴിയായി ഉത്ഭവിച്ചവളാണെന്ന് എഴുതിയിരിക്കുന്നു. ദാവീദിൻെറ പുത്രന്മാരിലൊരാൾ പതിവനുസരിച്ച് പുരോഹിതവംശത്തിൽനിന്ന് ഒരു സ്ത്രീയെ വിവാഹം കഴിച്ചെന്നും, അതിനാൽ മറിയം രാജവംശത്തിൽനിന്നും പുരോഹിതവംശത്തിൽനിന്നും ഉത്ഭവിച്ചവളാണെന്നും വി. അഗുസ്തീനോസ് പറഞ്ഞിരിക്കുന്നു.

ജനനശേഷം ഒൻപതാം ദിവസം കുടുംബാംഗങ്ങൾ എല്ലാം കൂടിയിരിക്കുമ്പോൾ ശിശുക്കൾക്കു പേരിടുകയെന്നതു യഹൂദന്മാരുടെയിടയിൽ ഒരു പതിവായിരുന്നു. വി. ജൊവാക്കിം തൻെറ പുത്രിക്ക് മറിയം എന്ന പേരു കൊടുത്തു. ഈ പേര് ഈജിപ്ഷ്യൻ ഭാഷയിൽ ഉത്ഭവിച്ചതാണ്. ഗ്രീക്കിലും ലത്തീനിലും അത് പരമനാഥ, രാജകുമാരി, ദുഃഖങ്ങളുടെ കടൽ എന്നെല്ലാം അർത്ഥമുള്ള മരിയാ എന്നാകുന്നു. പ്രത്യാശ, കടലിലെ മീറാ (മരണമില്ലായ്മ), പ്രകാശംനിറഞ്ഞവൾ എന്നീ അർത്ഥങ്ങളും ഈ പേരിനുണ്ടെന്ന് ഒരു പുരാതന ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നു. സമുദ്രത്തിലെ നക്ഷത്രം എന്ന് ഇതിനർത്ഥമുണ്ടെന്ന് വി. ബെർണ്ണർദോസും എഴുതിയിട്ടുണ്ട്.

നമ്മുടെ നാഥയുടെ ബാഹ്യജീവിതത്തെപ്പററി നമുക്ക് അധികമൊന്നും അറിയാൻ പാടില്ലെന്നുള്ള വസ്തുത നാം സമ്മതിക്കേണ്ടിയിരിക്കുന്നു. അധികഭാഗവും അത് നമ്മുടെ ദൃഷ്ടിയിൽനിന്നു മറഞ്ഞിരിക്കുന്നു.

നമ്മുടെ കർത്താവിൻെറ കാര്യത്തിൽ തന്നെയും ഇതു വാസ്തവമാണ്. സുവിശേഷത്തിൽ മിശിഹായുടെ ജീവിതത്തിലെ എത്ര ചുരുങ്ങിയ വിവരങ്ങളാണ് എഴുതിയിരിക്കുന്നതെന്നു കാണുമ്പോൾ നമുക്ക് ആദ്യം അത്ഭുതം തോന്നിയേക്കാം.

അവിടുത്തെ പ്രസംഗങ്ങൾ, അത്ഭുതപ്രവൎത്തനങ്ങൾ ഇവയൊഴിച്ചാൽ, മിശിഹായുടെ ഇഹലോകജീവിതത്തിലെ സംഭവങ്ങൾ ഏതാനും വരികളിൽ സംഗ്രഹിക്കാവുന്നതത്രെ.

അതിനാൽ ഈശോയുടെയും മറിയത്തിൻെറയും ജീവിതങ്ങളെപ്പററി നാം ചിന്തിക്കുമ്പോൾ, അവയുടെ ബാഹ്യമായ സാഹചൎയ്യങ്ങളിലല്ല, പിന്നെയോ, അവ നമ്മെ പഠിപ്പിക്കുന്ന പാഠങ്ങളിലും അവ ഉൾക്കൊള്ളുന്ന സ്വഭാവത്തിനു മേല്പെട്ട രഹസ്യങ്ങളിലുമാണ് പ്രധാനമായി നാം ശ്രദ്ധപതിക്കേണ്ടത്. രാജകുമാരിയുടെ സൌന്ദൎയ്യം ഉള്ളിലാണെന്ന് നമ്മുടെ അറിവിനായി എഴുതപ്പെട്ടിട്ടുണ്ട്. മറിയത്തിൻെറ ജീവിതം മിശിഹായോടുകൂടി ദൈവത്തിൽ മറച്ചിരുന്നു എന്നതു് ഏററവും യഥാൎത്ഥമാണ്. ആകയാൽ ഒരു സാമാന്യനിയമമായി, നമ്മുടെ കൎത്താവിൻെറയും തൻെറ വാഴ്ത്തപ്പെട്ട മാതാവിൻെറയും ജീവിതത്തെപ്പററി വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ള ചുരുങ്ങിയ വിവരങ്ങളിൽ മാത്രം ശ്രദ്ധ പതിക്കുന്നതു് ബുദ്ധിപൂൎവ്വകമായിരിക്കും.

എന്നാൽ, സുവിശേഷത്തിൽ പറഞ്ഞിട്ടില്ലെങ്കിലും, സഭയുടെ ആരാധനക്രമത്തിൽ അനുസ്മരിക്കുന്നതുകൊണ്ടു് നിശ്ചയമായി നമുക്കു വിശ്വസിക്കാവുന്ന ഒരു വസ്തുത നമ്മുടെ നാഥയുടെ ജീവിതത്തിൻെറ ആദ്യഭാഗത്തുണ്ടു്.

മറിയത്തെ ഒരു ശിശുവായി ദേവാലയത്തിൽ കാഴ്ചവെച്ച തിരുനാൾ വളരെ പുരാതന കാലംമുതൽ കിഴക്കൻ സഭയിൽ എല്ലായിടത്തും ആചരിച്ചുപോന്നു. ജൊവാക്കിമും അന്നായും മറിയത്തെ മൂന്നാമത്തെ വയസ്സിൽ ദേവാലയത്തിൽ കാഴ്ചവെയ്ക്കുകയും, ദൈവത്തിനു പ്രത്യേകവിധത്തിൽ പ്രതിഷ്ഠിക്കുന്നതിന് അവിടെ താമസിപ്പിക്കുകയും ചെയ്യുന്നാണ് പുരാതനപാരമ്പൎയ്യം. ദൈവത്തിനു പ്രതിഷ്ഠിച്ച കന്യകകൾക്കു തനിച്ചു താമസിക്കുന്നതിനായി ഓററല്ലും ദേവാലയത്തിൽ ഒരു പ്രത്യേക സ്ഥലം ഉണ്ടായിരുന്നതായും, വി. യൌസേപ്പുമായുള്ള തൻെറ വിവാഹംവരെ നമ്മുടെ നാഥ കന്യകകളുടെ ഈ ഭവനത്തിൽ താമസിച്ചതായും പണ്ഡിതനായ സുവാരെസ് തെളിയിച്ചിട്ടുണ്ടു്.

ദേവാലയത്തിൽ താമസിച്ചിരുന്ന കാലത്തു് ഈ പരിശുദ്ധ ശിശു തൻെറ കൂട്ടുകാരായ മററു കന്യകകളോടുകൂടി തയ്യൽ

വേല, നൂൽ നൂല്ക്കുക, വി. ലഖിതങ്ങൾ പഠിക്കുക, പ്രാൎത്ഥന മുതലായ ജോലികളിൽ ഏൎപ്പെട്ടിരുന്നു.

പരിശുദ്ധകന്യക കന്യാത്വം ഒരു വ്രതമായി സ്വീകരിച്ചിരുന്നെന്നുള്ളതു് ഒരു വിശ്വാസസത്യമല്ല. എങ്കിലും കത്തോലിക്കരെല്ലാവരും അതു സംശയംകൂടാതെ വിശ്വസിച്ചുപോരുന്നു. മാതാവു് ഈ വ്രതം എടുത്തിട്ടില്ലായിരുന്നെങ്കിൽ, "ഇതെങ്ങനെ സംഭവിക്കും? എന്തുകൊണ്ടെന്നാൽ, ഞാൻ പുരുഷനെ അറിയുന്നില്ല," എന്നു ഗബ്രിയേൽ ദൈവദൂതനോടു ചോദിക്കയില്ലായിരുന്നു എന്നു വി. അഗുസ്തീനോസു പറയുന്നു. 14-ാം ബനദിക്തോസ് മാൎപ്പാപ്പായുടെ അഭിപ്രായം പരിശുദ്ധ മറിയം തന്റെ ദേവാലയ ജീവിതകാലത്താണു് ഈ വ്രതം എടുത്തതു് എന്നാണു്. എന്നാൽ വി. തോമസ് അക്വീനാസ് അഭിപ്രായപ്പെട്ടിരിക്കുന്നതു് ഈ വ്രതം സ്വീകരിച്ചതു് മറിയത്തിന്റെ വിവാഹത്തിനുശേഷവും, എന്നാൽ നിശ്ചയമായും മംഗലവാൎത്തയ്ക്കുമുൻപും ആയിരുന്നെന്നാണു്. അതേതരത്തിലുള്ള ഒരു വ്രതം വി. യൌസേപ്പും സ്വീകരിച്ചെന്നും അതിനോടൊരുമിച്ചാണു് മറിയവും കന്യാവ്രതം നേൎന്നതെന്നും ഈ വേദശാസ്ത്രജ്ഞൻ എഴുതിയിരിക്കുന്നു. യൂദായുടെ വംശത്തിലും ദാവീദിന്റെ ഗോത്രത്തിലുംപെട്ട ഒരു എളിയ മരപ്പണിക്കാരനായ യൌസേപ്പ് മറിയവുമായി വിവാഹം ഉറപ്പിച്ചപ്പോൾ അവൾക്കു പതിനഞ്ചു വയസ്സായിരുന്നെന്നാണു് പുരാതന വിശ്വാസം. ദൈവമാതാവു തന്റെ കന്യാത്വത്തിന്റെയും സൽശ്ശസ്സിന്റെയും പാലകനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരാളുമായി വിവാഹബന്ധത്തിലേൎപ്പെടാനുണ്ടായ കാരണങ്ങളെപ്പററി സഭാപിതാക്കന്മാർ ഊന്നിപ്പറയുന്നുണ്ടു്. തന്റെ കന്യാത്വത്തിനു സാക്ഷി ആയിരിക്കുന്നതിനും ദിവ്യശിശുവിനെ സംരക്ഷിക്കുന്നതിനും ആണു് മറിയം യൌസേപ്പിനെ ഭൎത്താവായി സ്വീകരിച്ചതു് എന്നാണ് വി. അഗുസ്തീനോസ് പറയുന്നതു്. ഒരിജൻ എന്ന വേദശാസ്ത്രി വേറൊരു കാരണംകൂടി പറയുന്നുണ്ടു്. മറിയത്തിന്റെ കന്യാത്വവും അതുവഴിയായി ദൈവപുത്രന്റെ വരവും പിശാചിൽനിന്നു മറച്ചുവെയ്ക്കുന്നതിനാണു് യൌസേപ്പിനെ മറിയം ഭൎത്താവായി സ്വീകരിച്ചതു് എന്നു്.

പരിശുദ്ധ കന്യകയും വി. യൌസേപ്പും തമ്മിലുള്ള വിവാഹംവഴിയാണു് മനുഷ്യാവതാരത്തിനുള്ള വഴി ഒരുക്കി

യതു്. കന്യകാമറിയം നമ്മുടെ കൎത്താവായ ഈശോമിശിഹായുടെ അമ്മയായ ക്ഷണംമുതൽ അവളുടെ ജീവിതം തന്റെ ദിവ്യപുത്രന്റേതിനോടുകൂടി ഒന്നായിത്തീൎന്നു. അവൾ മിശിഹായ്ക്കുവേണ്ടി 'ജീവിക്കയും ചരിക്കയും സ്ഥിതിചെയ്കയും' ചെയ്തു. തന്റെ പുത്രനുംകൂടി ആയിരുന്ന തന്റെ സ്രഷ്ടാവിന്റെ മാനുഷികമുഖം കാണുന്നതിനു് മറിയം ഒൻപതുമാസം കാത്തിരുന്നു. അതിനുശേഷം ഈശോ ബേസ്‌ലഹേമിൽ ജനിച്ചു. ഈശോയുടെ ശൈശവജീവിതത്തിലെ ആവശ്യങ്ങൾ നിറവേററിക്കൊടുക്കേണ്ടതു മറിയത്തിന്റെ കൃത്യമായിരുന്നു. ഈശോയോടും യൌസേപ്പിനോടുംകൂടി അവൾ ഈജിപ്തിലേക്കു പോകുകയും അവരോടുകൂടി അവിടെനിന്നു തിരിച്ചുപോരികയും ചെയ്തു. നസറത്തിൽ തിരുക്കുടുംബം പതിനെട്ടു വൎഷം ഒരുമിച്ചു താമസിച്ചു. യൌസേപ്പു് ആശാരിപ്പണിയിലും മറിയം വീട്ടുജോലിയിലും ഏൎപ്പെട്ടിരുന്നു. ഈശോ അവൎക്കു കീഴ്പ്പെട്ടിരുന്നു, അതായതു്, തന്റെ വളൎത്തുപിതാവിന്റെയും തന്റെ മാതാവിന്റെയും ആജ്ഞകൾ അനുസരിച്ചു് അവരെ സഹായിച്ചിരുന്നു, എന്നു മാത്രമാണു് അവിടുത്തെപ്പററി പറഞ്ഞിരിക്കുന്നതു്.

ദൈവം ലൌകികസാഹചൎയ്യങ്ങൾക്കു കീഴ്പ്പെട്ടിരുന്നു എന്നുള്ള വിചാരം പുണ്യവാന്മാരെ ആശ്ചൎയ്യംകൊണ്ടു നിറച്ചിരുന്നു. നസറത്തിലെ ഭവനത്തിൽ മനുഷ്യനായ ദൈവം ശാരീരികമായ വേല ചെയ്യുന്ന കാൎയ്യം ദൈവത്തിനു മനുഷ്യരോടുള്ള കാരുണ്യത്തിന്റെ ഒരു സംഗ്രഹമാകുന്നു. നമുക്കു പരിപൂൎണ്ണമായ ഒരു മാതൃക കാണിച്ചു തരുന്നതിനാണു് നമ്മുടെ ദിവ്യരക്ഷകൻ വന്നതു്. പന്ത്രണ്ടാമത്തെ വയസ്സുമുതൽ മുപ്പതാമത്തെ വയസ്സുവരെയുള്ള അവിടുത്തെ ആയുഷ്കാലം കീഴ്വഴക്കത്തിന്റെയും പ്രയത്നത്തിന്റെയും മറഞ്ഞ ജീവിതത്തിന്റെയും ഒരു മാതൃകയായിരുന്നു. എന്നാൽ നിത്യവചനം സ്വയം താഴ്ത്തിയതിന്റെ പ്രധാന രഹസ്യം അവിടുന്നു മനുഷ്യനായി എന്നുള്ള വസ്തുതയാകുന്നു. ഇതു നാം ശരിയായി മനസ്സിലാക്കിക്കഴിഞ്ഞാൽ ബാക്കിയുള്ളതെല്ലാം പ്രാധാന്യം കുറഞ്ഞതായി പ്രത്യക്ഷമാകും. അവിടുന്നു തന്റെ മഹത്വം മറച്ചുകൊണ്ടു് മനുഷ്യരൂപം എടുത്തെങ്കിൽ, താൻ ഒരു ദാസന്റെ രൂപം എടുത്തെന്നുള്ളതു് അത്ഭുതകരമെങ്കിലും, താരതമ്യേന പ്രാധാന്യം കുറഞ്ഞ ഒരു വസ്തുതയാകുന്നു. കേസർ ചക്രവ

ത്തിയുടെ സ്ഥിതി ഒരു അടിമയുടെ സ്ഥിതിപോലെതന്നെ ദൈവപ്രതാപത്തിൽനിന്ന് അളവില്ലാത്ത വിധത്തിൽ താഴെയാണ്— രണ്ടിലും ദൂരം അളവില്ലാത്തതാണ്. കേസറും അടിമയും സൃഷ്ടികളാകുന്നു. മിശിഹാകർത്താവാകട്ടെ, സ്രഷ്ടാവാണ്. യാതൊരു ഭൗമികഭൂഷണങ്ങൾക്കും അവിടുത്തേക്കു കൂടുതൽ പ്രതാപം കൊടുക്കുവാൻ സാധിക്കയില്ല. എന്നാൽ മറിയത്തിന്റെ കാര്യം ഇതിൽനിന്നു പാടേ വ്യത്യസ്ഥമാണ്. കേസറിനെപ്പോലെയും ഒരു അടിമയെപ്പോലെയും അവൾ ഒരു സൃഷ്ടിയാണ്, എന്നിരുന്നാലും അവൾ ദൈവത്തിന്റെ അമ്മയത്രെ. അതിനാൽ തന്റെ പുത്രന്റെ രാജ്യത്തിൽ മറ്റെല്ലാ സൃഷ്ടികളെയുംകാൾ ഉയർന്ന് അവൾ സിംഹാസനാരോഹണം ചെയ്തിരിക്കുന്നു.

ഈ കാരണത്താൽ, ദൈവമാതാവിന്റെ ഇഹലോകജീവിതത്തിൽ കുറെക്കാലത്തേക്കെങ്കിലും, വലിയ സ്ഥാനവും മഹത്വവും ഈ മാതാവിനു നൽകിയിരിക്കുമെന്നു നമുക്ക് ആദ്യം തോന്നിയേക്കാം. എന്നാൽ ദൈവപരിപാലനയിൽ ക്രമപ്പെട്ടുത്തിയ യഥാർത്ഥസ്ഥിതി ഇതിൽനിന്ന് എത്രയോ വ്യത്യസ്തമാകുന്നു. മറിയം തന്റെ ദരിദ്രഭവനത്തിൽ അടിച്ചുവാരുക, വസ്ത്രങ്ങൾ അലക്കുക, ഭക്ഷണം തയാറാക്കുക, കിണററിൽനിന്നു വെള്ളംകോരി ഒരു മൺപാത്രത്തിൽ തലയിൽവച്ചുകൊണ്ടു വരിക, മുതലായ വീട്ടുജോലികൾ ചെയ്യുന്നതായി നാം കാണുന്നു. മറിയത്തിന്റെ കൈകൾ വേലകൊണ്ട് ചുവന്നും തഴമ്പിച്ചും ഇരുന്നു. പലപ്പോഴും അവൾ അത്യദ്ധ്വാനംകൊണ്ടു ക്ഷീണിച്ചിരുന്നു. ഒരു പണിക്കാരന്റെ ഭാര്യയുടെ ഉൽക്കണ്ഠകളെല്ലാം അവൾക്കും ഉണ്ടായിരുന്നു. നമ്മുടെ നാഥയുടെ നസ്രത്തിലെ ജീവിതത്തെപ്പററി ഇത്രയുമേ നമുക്കറിയാൻ പാടുള്ളു. എന്നാൽ ഇതു മതി. ദൈവത്തിന്റെ പരിശുദ്ധ മാതാവ് തന്റെ പുത്രന്റെ എളിമപ്പെട്ടത്തലുകളിലും, അജ്ഞാതജീവിതത്തിലും, കഷ്ടതകളിലും ദാരിദ്ര്യത്തിലും, നിന്ദാപമാനങ്ങളിലും പങ്കെടുക്കേണ്ടിയിരുന്നെന്നുള്ള വലിയ പാഠം നമുക്കു ലഭിക്കുന്നു. കഷ്ടതകളെ സംബന്ധിച്ചിടത്തോളം മാതാവിനു പുത്രനിൽനിന്ന് ഒരു വിധത്തിലും മാറി നില്ക്കാൻ നിവൃത്തിയില്ല. കർത്താവിന്റെ പരസ്യജീവിതത്തെ സംബന്ധിച്ച കാര്യം ഇപ്രകാരമല്ല. ഈശോ തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ച കാനായിലെ

കല്യാണവിരുന്നിൽ മറിയത്തെയും നാം കാണുന്നു. എങ്കിലും മിശിഹാ തൻെറ മററു അത്ഭുതങ്ങൾ പ്രവൎത്തിച്ച അവസരങ്ങളിലോ, അവിട്ടത്തെ പരസ്യപ്രസംഗ സമയങ്ങളിലോ, ഓശാന ഞായറാഴ്ചത്തെ ജയഘോഷത്തിലോ മറിയം ഉണ്ടായിരുന്നില്ല.

വി. യൌസേപ്പിൻെറ മരണശേഷം മറിയം അധികഭാഗവും തനിച്ചാണു ജീവിച്ചതു്. സ്വന്തം ചാൎച്ചക്കാരിൽ പലരും ഈ അമ്മയെ കൂടെക്കൂടെ സന്ദൎശിച്ചിരിക്കണം. എന്നാൽ മറിയവും അവരും തമ്മിൽ വലിയ അടുപ്പം ഉണ്ടായിരുന്നില്ലെന്നു്, മിശിഹാ കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു് തൻെറ അമ്മയെ ചാൎച്ചക്കാരിൽ ആരെയും ഏൽപ്പിച്ചുകൊടുക്കാതെ തൻെറ വാത്സല്യശിഷ്യനു് ഏൽപ്പിച്ചുകൊടുത്തതിൽനിന്നു വ്യക്തമാകുന്നു.

നമ്മുടെ ദിവ്യരക്ഷകൻെറ കുരിശുമരണവും ഉയിൎപ്പും സ്വൎഗ്ഗാരോഹണവും കഴിഞ്ഞുള്ള മറിയത്തിൻെറ ജീവിതത്തെപ്പററിയും നമുക്കധികം അറിയാൻ പാടില്ല. പന്തക്കുസ്താതിരുനാളിനു മുൻപുള്ള ഒൻപതു ദിവസം ശ്ലീഹന്മാരും മററു ശിഷ്യന്മാരും പ്രാൎത്ഥനയിൽ കഴിച്ചുകൂട്ടിയപ്പോൾ മറിയവും അവരോടുകൂടി ഉണ്ടായിരുന്നു. അതിനുശേഷം മറിയം യോഹന്നാൻെറ കൂടെ താമസിച്ചെന്നു മാത്രം നമുക്കറിയാം. ദൈവമാതാവു മരിച്ചതു് എപ്പെസോസിലാണെന്നും ഓറശ്ലേത്താണെന്നും രണ്ടഭിപ്രായങ്ങൾ ഉണ്ടു്. എന്നിരുന്നാലും നമ്മുടെ നാഥ വിശുദ്ധ നഗരത്തിൽ മരിച്ചെന്നും നഗരത്തിൻെറ ഭിത്തികൾക്കു വെളിയിൽ സംസ്കരിക്കപ്പെട്ടെന്നും ഉള്ളതു് മിക്കവാറും തീൎച്ചയാണു്.

യൂദയായിൽ ആദ്യത്തെ വേദനെരുക്കം ഉണ്ടാകുകയും വി. പത്രോസ് കാരാഗൃഹത്തിൽ ആയിരിക്കുകയും വി. യാക്കോബ് വേദസാക്ഷിയായി മരിക്കയും ചെയ്തപ്പോൾ, യോഹന്നാൻ മറിയത്തെ എപ്പെസോസിലേക്കു കൂട്ടിക്കൊണ്ടുപോയെന്നത്രെ സാധാരണയുള്ള വിശ്വാസം. പക്ഷേ, മറിയം മരണംവരെ അവിടെത്താമസിച്ചെന്നുള്ളതിനു മതിയായ തെളിവുകൾ ഒന്നുമില്ല. മതപീഡനം അവസാനിച്ചപ്പോൾ, തൻെറ പുത്രൻ പീഡകൾ അനുഭവിച്ചു മരിച്ച ഓറശ്ലേം നഗരത്തിലേക്കു തിരിച്ചുപോരുവാൻ നമ്മുടെ നാഥ സ്വാഭാവികമായി ആഗ്രഹിച്ചിരിക്കണം.

ഓറശ്ലേം പാരമ്പര്യത്തിനു കൂടുതൽ ശക്തിയായ തെളിവുണ്ട്. അപ്പൊസ്തോലസ് അവകാശവാദം പുറപ്പെടുവിക്കുന്നതിനു വളരെ മുൻപുതന്നെ ഓറശ്ലേംപാരമ്പര്യം ഉണ്ടായിരുന്നു. പഴയ ആരാധനക്രമങ്ങളെല്ലാം അതിൻെറ വാസ്തവികതത്വത്തിനു സാക്ഷ്യം വഹിക്കുന്നു. മാതാവ് സിയോൺമലയിൽവച്ചു മരിച്ചെന്നും, മരണശേഷം അധികം താമസിയാതെ ശ്ലീഹന്മാർ വിശുദ്ധശരീരം ഗെദ്സേമ്മാൻ തോട്ടത്തിലേക്കു മാററി ജോസഫാത്തു താഴ്‌വരയിലുള്ള ഒരു കല്ലറയിൽ അടക്കിയെന്നും ക്രീററിലെ വി. അന്ത്രയോസ് എഴുതിയിരിക്കുന്നതു് മതിയായ തെളിവുകൾ ഉണ്ടായിരുന്നതുകൊണ്ടാണ്.

സിയോൺമലയിൽ മറിയം മരിച്ച സ്ഥലമായി വിശ്വസിക്കപ്പെടുന്ന സ്ഥാനത്തു് കത്തോലിക്കരുടെ കൈവശത്തിലിരിക്കുന്ന ഒരു ദേവാലയം ഉണ്ട്. എന്നാൽ കല്ലറയിരുന്ന സ്ഥലം ഗ്രീക്കു ശീശ്മക്കാരുടെ കൈവശത്തിലാണ്.

മറിയത്തിൻെറ ജീവിതത്തിലെ ആദ്യത്തെ പതിനഞ്ചു വർഷക്കാലം അവൾ തൻെറ പുത്രൻെറ വരവിനായി ദൈവത്താൽ ഒരുക്കപ്പെടുകയായിരുന്നു. പിന്നീടുള്ള മുപ്പതു വർഷം അവൾ ബേസ്‌ലഹേമ്മിലും ഈജിപ്തിലും നസറത്തിലും ആയി ഈശോയോടുകൂടി കഴിച്ചുകൂട്ടി. അതിനെത്തുടർന്ന് മിശിഹായുടെ പരസ്യജീവിതകാലത്തു് മൂന്നു വർഷം മാതാവ് തൻെറ പുത്രനിൽനിന്നു പൂർണ്ണമായിട്ടല്ലെങ്കിലും ഏറെക്കുറെ വിട്ടുപിരിഞ്ഞു ജീവിച്ചു. ചില ഗ്രന്ഥകാരന്മാരുടെ അഭിപ്രായം പരിശുദ്ധ കന്യക കർത്താവിൻെറ സ്വർഗ്ഗാരോഹണത്തിനു ശേഷം പതിനഞ്ചു വർഷംകൂടി ജീവിച്ചിരുന്നെന്നാണ്. ഇതു ശരിയാണെങ്കിൽ, മാതാവിനു മരിക്കുമ്പോൾ അറുപത്തിമൂന്നു വയസ്സ് പ്രായമുണ്ടായിരുന്നിരിക്കണം. എന്നാൽ ഇതിനെപ്പററി നമുക്കു നിശ്ചയമായ അറിവില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

തൻെറ സ്വർഗ്ഗാരോഹണത്തിനു ശേഷം ദൈവം, പരിശുദ്ധ മറിയത്തിൻെറ കൂടുതൽ പുണ്യപൂർണ്ണതയ്ക്കുവേണ്ടി മാത്രമല്ല, പിന്നെയോ സഭയുടെ ശൈശവത്തിൽ അതിനെ പരിചരിക്കുന്നതിനായിട്ടുകൂടിയും, ഈ മാതാവിനെ ലോകത്തിൽ ജീവിക്കുവാൻ അനുവദിച്ചെന്നു മാത്രം നമുക്കു തീർച്ചയായിട്ടറിയാം. ഈശോ ഒരു ദുർബലശിശുവായിരുന്നപ്പോൾ തൻെറ തിരിഞ്ഞെടുക്കപ്പെട്ട മാതാവ് തനിക്കു ശുശ്രൂഷ ചെയ്യതുപോലെ, ഈ

മാതാവ് ഈശോയുടെ ഭൌതികശരീരമായ തിരുസ്സഭയെ അതിന്റെ ആദ്യകാലങ്ങളിലെ വിഷമങ്ങളിലും പ്രയാസങ്ങളിലും പരിചരിച്ചു. എല്ലാ ദിവസവും സ്വർഗ്ഗീയമായ അപ്പത്താൽ പോഷിപ്പിക്കപ്പെട്ട്, നമ്മുടെ നാഥ തന്റെ അത്ഭുതകരമായ ധ്യാനജീവിതം നയിച്ചു. എന്നാൽ ഈ അമ്മ ജീവിച്ചത് തനിക്കവേണ്ടിയല്ല, ഈശോമിശിഹാസ്സുവേണ്ടിയും വീണ്ടെടുക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കുവേണ്ടിയും ആയിരുന്നു. ശ്ലീഹന്മാരുടെ രാജ്ഞിയും, സുവിശേഷകന്മാരുടെ ഗുരുനാഥയും, പൌരോഹിത്യത്തിന്റെ മഹത്വവും ക്രിസ്തീയ കന്യകകളുടെ മാതൃകയും ആയ ഈ മാതാവ് വിധവകളുടെയും വ്യാകുലന്മാരുടെയും ആശ്വാസവും, സാധുക്കളുടെയും ദരിദ്രരുടെയും സങ്കേതവും, പരീക്ഷയിൽ ഉൾപ്പെടുന്നവരുടെ തുണയും, വേദസാക്ഷികളുടെയും തന്റെ പുത്രന്റെ നാമത്തിൽ കഷ്ടതകൾ സഹിക്കാൻ വിളിക്കപ്പെടുന്ന എല്ലാവരുടെയും ധൈര്യവും ആയിരുന്നു. ദൈവമാതാവ് മനുഷ്യരുടെ ഇടയിൽ ജീവിച്ചിരിക്കുന്നുവെന്നുള്ള വിചാരം സൌരഭ്യമുള്ള ഒരു കുസുമം– ലോകത്തിനു നൽകപ്പെട്ട അവാച്യമായ വരപ്രസാദത്തിന്റെ ബാഹ്യവും കാണപ്പെടാവുന്നതുമായ ഒരു അടയാളം– പോലെ ആയിരുന്നു. ഒടുക്കം, ഈ അമ്മയുടെ യോഗ്യതകൾ പരിപൂർണ്ണമാകുകയും സഭയുടെ ആവശ്യങ്ങൾ സാധിച്ചു കഴിയുകയും ചെയ്തപ്പോൾ, നമ്മുടെ കർത്താവു തന്റെ അമ്മയെ തന്റെ പക്കലേക്കു വിളിക്കുകയും, മറിയം ഈ ലോകത്തിൽനിന്നു പിരിയുകയും ചെയ്തു.

## അദ്ധ്യായം ൨

### മറിയത്തിന്റെ അമലോത്ഭവം

ക്രിസ്തീയ വെളിപാടിന്റെ അടിസ്ഥാനതത്വങ്ങളിൽ ഒന്ന് ഉദ്ഭവദോഷമാകുന്നു. ഉദ്ഭവദോഷമെന്നതു് വ്യക്തിപരമായ ഒരു പാപമല്ല. അതായതു്, ദൈവപ്രമാണം ഓരോ വ്യക്തിയും ലംഘിക്കുന്നതല്ല. പിന്നെയോ, മനുഷ്യചരിത്രത്തി

ന്റെ ആരംഭത്തിൽ പാപംചെയ്ത നമ്മുടെ ആദിപിതാവിന്റെ പാപമാകുന്നു. ഈ പാപംനിമിത്തം, നമ്മുടെ ഉദ്ഭവംമുതൽ നമുക്കു ലഭിക്കുമായിരുന്ന സ്വഭാവത്തിനു മേലെപ്പട്ട ദാനങ്ങൾ നമുക്കു നഷ്ടപ്പെട്ടു. നമ്മുടെ ജീവിതത്തിന്റെ ഉദ്ഭവസ്ഥാനത്തു തന്നെ അതു നമ്മെ മുറിപ്പെടുത്തി. ആദ്യത്തെ ആദം പാപം ചെയ്തില്ലായിരുന്നെങ്കിൽ രണ്ടാമത്തെ ആദം മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കേണ്ടിവരുമായിരുന്നില്ല.

ദൈവം നമ്മുടെ ആദിമാതാപിതാക്കന്മാർക്ക്, മനുഷ്യസ്വഭാവത്തിന്റെ പരിപൂർണ്ണതയ്ക്കു യാതൊരുവിധത്തിലും അത്യാവശ്യമല്ലായിരുന്ന ഒരു ദാനം കൊടുത്തെന്നു കത്തോലിക്കർ വിശ്വസിക്കുന്നു. നാം ഈ ദാനത്തെ വരപ്രസാദം എന്നു വിളിക്കുന്നു. നമ്മുടെ ജീവിതകാലം മുഴുവനും നമുക്കു ധാരാളമായി കിട്ടിക്കൊണ്ടിരിക്കുന്ന പ്രവർത്തനവരപ്രസാദങ്ങളിൽനിന്നു തിരിച്ചറിയുന്നതിനു നാം അതിനെ ശുദ്ധീകരണവരപ്രസാദം എന്നു പറയുന്നു. എന്തുകൊണ്ടെന്നാൽ, നമ്മുടെ ആത്മാവിനെ അതു പരിശുദ്ധമാക്കുന്നു.

ഈ ദാനം വഴിയായി, ആദവും ഹവ്വായും മാത്രമല്ല, അവരുടെ സന്തതികൾകൂടിയും, സ്വഭാവത്തിനു മേലെപ്പട്ട ഒരവസ്ഥയിലേക്കു ഉയരുകയും, അവർ സ്രഷ്ടാവുമായി ഏകീഭവിക്കുകയും ചെയ്തു. കൂടാതെ, അവരുടെ ഇന്ദ്രിയങ്ങൾ ബുദ്ധിയ്ക്കും, ബുദ്ധി ദൈവത്തിനും പൂർണ്ണമായി കീഴ്‌വഴങ്ങിയിരുന്നു. (അവക്കു ദുരാശാപാശങ്ങൾ ഉണ്ടായിരുന്നില്ല.) അവർ ഈ ദാനത്തെ കാത്തു സൂക്ഷിച്ചിരുന്നെങ്കിൽ, ഭൗമികപറുദീസായിലെ അവരുടെ പരീക്ഷണത്തിനുശേഷം എന്നെന്നേക്കുമായി ദൈവത്തെക്കണ്ടു പരിപൂർണ്ണ സൌഭാഗ്യം അനുഭവിക്കുന്നതിന് സ്വർഗ്ഗത്തിലേക്ക് അവർ ആരോഹണം ചെയ്യുമായിരുന്നു. എന്നാൽ അവർ പാപം ചെയ്തു. "ഒരു മനുഷ്യൻവഴി പാപം ലോകത്തിൽ വന്നു പാപംവഴി മരണവും" (റോമ്മാ. ൫. ൧൨.) ആദം നഷ്ടപ്പെടുത്തിയ ശുദ്ധീകരണവരപ്രസാദം ഇല്ലാതെ ആദത്തിന്റെ സന്തതികൾ ജനിച്ചു. ഉദ്ഭവത്തിൽതന്നെ മലിനമായിത്തീന്ന ഒരു വർഗ്ഗം ആയിരുന്നു അവരുടേത്. കൂടാതെയും മനുഷ്യന്റെ സ്ഥിതി ജെറിക്കോയിലേക്കുള്ള വഴിയിൽ കള്ളന്മാരുടെ കൈയിൽ അകപ്പെട്ടു മുറിവേററ വഴിയാത്രക്കാരന്റേതുപോലെയായി. ബുദ്ധിയുടെ ഒരു മങ്ങലും ഇന്ദ്രിയങ്ങളുടെ മത്സ

രവും നമുക്കെല്ലാവക്കും ഉണ്ടാകത്തക്കവിധത്തിൽ നമ്മുടെ മനുഷ്യസ്വഭാവം മുറിവേററതായിത്തീൎന്നു. ഉദ്ഭവദോഷത്തിൽ ജനിക്കയെന്നതു് മനുഷ്യരുടെ സാമാന്യനിയമംതന്നെ ആയി.

എന്നാൽ ഈ നിയമത്തിനു് ഒരു അപവാദം ഉണ്ടെന്നു കത്തോലിക്കർക്കറിയാം. മറിയം രണ്ടാമത്തെ ഹവ്വായാകുന്നു. ആദം വരുവാനിരുന്ന രണ്ടാമത്തെ ആദത്തിൻെറ ഒരു പൂൎവ്വരൂപം ആയിരുന്നതുപോലെ, ഹവ്വാ, ലോകരക്ഷകൻെറ അരികെ നിന്നു് മനുഷ്യവൎഗ്ഗത്തിൻെറ വീണ്ടെടുപ്പിൽ സഹകരിക്കയും അപ്രകാരം ഹവ്വാവരുത്തിയ നാശത്തെ പരിഹരിക്കയും ചെയ്ത സ്ത്രീയുടെ ഒരു പ്രതിരൂപം ആയിരുന്നു. ഇക്കാരണത്താലും, മനുഷ്യാവതാരം ചെയ്ത രക്ഷകൻെറ മാതാവെന്ന നിലയിലും മറിയം തൻെറ ഉദ്ഭവത്തിൻെറ ആദ്യക്ഷണം മുതൽ, വിലതീരാത്ത ഒരു സ്വൎണ്ണവസ്ത്രത്താലെന്നപോലെ, ദൈവേഷ്ടപ്രസാദത്താൽ അലങ്കരിക്കപ്പെട്ടു.

മിശിഹായുടെ യോഗ്യതകൾ വഴിയായി എണ്ണമില്ലാത്ത ആത്മാക്കൾക്കു്, പാപം നിമിത്തം നഷ്ടപ്പെട്ട ദൈവേഷ്ടപ്രസാദം വീണ്ടും ലഭിക്കുന്നു. ചിലർ മാമ്മോദീസാവഴിയായി പുനർജീവിക്കുമ്പോഴും, മററു ചിലർ പരിപൂൎണ്ണമായ ദൈവസ്നേഹപ്രകരണം വഴിയായി തങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിൻ പക്കലേക്കു തിരിക്കുകയും, അപ്രകാരം ദൈവതിരുമനസ്സുമായി ഐക്യപ്പെടുകയും ചെയ്യുമ്പോഴും ഈ ദാനം പ്രാപിക്കുന്നു. "ആരെങ്കിലും എന്നെ സ്നേഹിക്കുന്നെങ്കിൽ എൻെറ പിതാവും ഞാനും അവൻെറ പക്കൽവന്നു് അവനിൽ വസിക്കും," എന്നു നമ്മുടെ കൎത്താവു വാഗ്ദാനം ചെയ്തിട്ടുണ്ടു്. മറിയത്തിനു് ഈ ദാനം ലഭിച്ചതു്, മററു മനുഷ്യരെപ്പോലെ ഉദ്ഭവത്തിനുശേഷമല്ല, പിന്നെയോ, ദൈവത്തിൻെറ ഒരു പ്രത്യേകവരംനിമിത്തം ഉത്ഭവത്തിൻെറ ക്ഷണത്തിൽതന്നെ ആയിരുന്നു. ഇതാണു് മറിയത്തിൻെറ അമലോദ്ഭവം എന്നു നാം പറയുന്നതു്. ഉദ്ഭവപാപത്തിൻെറ കറയിൽനിന്നുള്ള സ്വാതന്ത്ര്യതയും, ദൈവേഷ്ടപ്രസാദത്തിൻെറ പൂൎണ്ണതയും, ഇവ രണ്ടും ഇതിൽ ഉൾപ്പെടുന്നുണ്ടു്. പരീക്ഷയുടെ വൃക്ഷച്ചുവട്ടിൽ ഹവ്വാ ചെയ്ത പാപത്തെ, ലോകരക്ഷയ്ക്കുവേണ്ടി ഗാഗുൽത്തായിലെ കുരിശിൻചുവട്ടിൽനിന്നു പരിഹരിക്കാനിരുന്ന മറിയത്തിനു് ഹവ്വായ്ക്കു കിട്ടിയതിനെക്കാൾ താണതല്ലാത്ത ഒരു ദാനമാണു കിട്ടിയതു്.

മനുഷ്യവർഗ്ഗത്തിൻെറ അധഃപതനത്തെപ്പററി വിശുദ്ധ ഗ്രന്ഥത്തിലുള്ള വിവരണം നാം വായിക്കുമ്പോൾ, നമ്മുടെ ആദിമാതാവു് ദൈവനിവേശിതമായ ഈ വിവരണവുമായി എത്ര ഗാഢമായി യോജിച്ചിരിക്കുന്നെന്നു നമുക്കു കാണാം. ഭയങ്കരമായ ശിക്ഷയ്ക്കു കാരണമായ പാപം ആദത്തിൻെറ പാപമായിരുന്നു. ഈ പാപവുമായി ഹവ്വായുടെ പാപം അടുത്ത വിധത്തിൽ ബന്ധപ്പെട്ടിരുന്നു. "അങ്ങു് എനിക്കു തന്ന സ്ത്രീ എന്നെ പാപത്തിൽ വീഴിച്ചു" എന്നാണു് നമ്മുടെ ആദിപിതാവു പറഞ്ഞ ഒഴികഴിവു്. അതു് മതിയായ ഒരു ഒഴികഴിവല്ലായിരുന്നു, എങ്കിലും അതു വാസ്തവമായിരുന്നു. ആദ്യത്തെ ഹവ്വാ അനുസരണമില്ലായ്മനിമിത്തം വഞ്ചനയുടെ ദൂതൻെറ വാക്കു കേട്ടു്, മനുഷ്യൻെറ വീഴ്ചയ്ക്കു വഴിയൊരുക്കി. അതിനാൽ, രണ്ടാമത്തെ ഹവ്വാ, സത്യത്തിൻെറ ദൂതനെ അനുസരിച്ചു് വീണ്ടെടുപ്പിൻെറ വഴി ഒരുക്കുകയെന്നുള്ളതു ന്യായമായിരുന്നു. "കർത്താവിൻെറ ദാസി ഇതാ, നിൻെറ തിരുമനസ്സുപോലെ എന്നിൽ സംഭവിക്കട്ടെ." മറിയം തൻെറ കീഴ്വഴക്കംവഴി തൻെറ അമ്മയായ ഹവ്വായുടെ ധിക്കാരത്തെ പരിഹരിച്ചു.

പാപത്തിൽ സ്ത്രീയുണ്ടായിരുന്നതുപോലെ പരിഹാരത്തിലും സ്ത്രീയുണ്ടായിരിക്കണമെന്നു ദൈവം നിശ്ചയിച്ചു. "നിനക്കും സ്ത്രീക്കും മദ്ധ്യേ ഞാൻ ശത്രുതയുണ്ടാക്കും" എന്നാണു് ദൈവം നമ്മുടെ ആദിമാതാപിതാക്കന്മാർ പാപത്തിൽ വീണശേഷം സാത്താനോടു പറഞ്ഞതു്. അതനുസരിച്ചു് ഗവ്റിയേൽ മാലാഖാ മറിയത്തെ അഭിവാദ്യംചെയ്യുമ്പോൾ, ദൈവേഷ്ടപ്രസാദത്താൽ നിറഞ്ഞ ഒരാളെയെന്നപോലെയാണു് അപ്രകാരം ചെയ്തതു്– "നന്മനിറഞ്ഞവളേ, നിനക്കു സ്വസ്തി." അതിനാൽ മറിയം തൻെറ ജീവിതത്തിൻെറ ആരംഭക്ഷണംമുതൽ ദൈവേഷ്ടപ്രസാദത്താൽ നിറഞ്ഞവളായിരുന്നെന്നു് കത്തോലിക്കർ വിശ്വസിക്കുന്നു. സ്വാഭാവികമായ ക്രമത്തിൽ നമ്മുടെ ആദ്യമാതാവിനു സിദ്ധിച്ച വരം നമ്മുടെ രക്ഷകൻെറ മാതാവും, അങ്ങനെ വീണ്ടെടുക്കപ്പെട്ട എല്ലാവരുടെയും മാതാവുമായ മറിയത്തിനു ലഭിക്കാതിരുന്നില്ല. എന്നാൽ ഒരു വ്യത്യാസം ഉണ്ടായിരുന്നു. പാപത്തിൽ വീഴുന്നതിനു മുമ്പുള്ള ഹവ്വായെപ്പോലെയല്ലാതെയും, എന്നാൽ ആദത്തിൻെറ മററു സന്തതികളെപ്പോലെയും, മറിയവും, ആദത്തിൻെറ ഒരു പുത്രിയെന്ന നിലയിൽ, ദൈവ

ത്തിന്റെ പ്രത്യേക ഔദാര്യംനിമിത്തമല്ലായിരുന്നെങ്കിൽ, ദൈവേഷ്ടപ്രസാദം കൂടാതെ ജനിക്കുമായിരുന്നു. കത്തോലിക്കാസഭ സ്പഷ്ടമായി പഠിപ്പിക്കുന്നതുപോലെ, വരുവാനിരുന്ന മിശിഹായുടെ യോഗ്യതകൾ വഴിയായിട്ടാണ് അമലോദ്ഭവമാകുന്ന ദാനം മറിയത്തിനു ലഭിച്ചത്. നമ്മുടെ കൂട്ടുരക്ഷകയായ ആൾ സംരക്ഷിതരിൽ ഒന്നാമത്തെ ആൾകൂടി ആകുന്നു. മറിയവും വീണ്ടെടുക്കപ്പെട്ടവൾതന്നെ, എന്നാൽ നമ്മെപ്പോലെ ഉദ്ഭവത്തിനു ശേഷം സിദ്ധിച്ച ഇഷ്ടപ്രസാദംവഴിയല്ല, പിന്നെയോ, ഉദ്ഭവപാപം തീണ്ടുകപോലും ചെയ്യാതെ സംരക്ഷിക്കപ്പെടുക എന്ന കൂടുതൽ ശ്രേഷ്ഠമായ മാർഗ്ഗംവഴിയാണ് അവൾ വീണ്ടെടുക്കപ്പെട്ടത്. ഒരു കാര്യം ഇവിടെ വ്യക്തമാക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ദിവ്യശിശുവായ ഈശോയെ ഒഴിച്ചാൽ ബാക്കിയുള്ള എല്ലാ ശിശുക്കളുടെയും ശരീരം, ദൈവം ഏൽപ്പെടുത്തിയിട്ടുള്ള സ്വാഭാവിക നിയമംവഴി, അവരുടെ മാതാപിതാക്കന്മാരിൽനിന്നാണ് ഉദ്ഭവിക്കുന്നത്. എന്നാൽ ഓരോ ആത്മാവും ദൈവം നേരിട്ടു സൃഷ്ടിക്കുന്നതാണ്. മറിയത്തിന്റെ ശരീരത്തിന്റെ ഉദ്ഭവത്തെപ്പററി കത്തോലിക്കരുടെയിടയിൽ യാതൊരു വിവാദവുമില്ല. മറിയം ജനിച്ചതു മററു ശിശുക്കളെപ്പോലെതന്നെയാണ്. അമലോദ്ഭവം മറിയത്തിന്റെ ആത്മാവിനു നൽകപ്പെട്ട ദൈവേഷ്ടപ്രസാദത്തെ മാത്രം സംബന്ധിച്ചുള്ളതാണ്.

ഇത്രയും പറഞ്ഞതിൽനിന്നും, മറിയത്തിന്റെ അമലോദ്ഭവം എന്ന വിശ്വാസസത്യം– പരിശുദ്ധ കന്യകാമറിയം ദൈവത്തിന്റെ ഒരു പ്രത്യേകമായ വരത്താൽ തന്റെ ഉദ്ഭവത്തിന്റെ ക്ഷണംമുതൽ ജന്മപാപത്തിന്റെ സകല കറകളിൽനിന്നും സംരക്ഷിക്കപ്പെട്ടിരുന്നെന്നുള്ള സത്യം– നമ്മുടെ ആദിമാതാവിന് നമ്മുടെ അധഃപതനത്തിൽ എന്തു സ്ഥാനമുണ്ടായിരുന്നോ അതേ സ്ഥാനം മറിയത്തിനു നമ്മുടെ വീണ്ടെടുപ്പിലും ഉണ്ടായിരുന്നെന്നുള്ള സത്യത്തിന്റെ ഒരവശ്യഫലമാകുന്നുവെന്നു കാണാവുന്നതാണ്. ഇപ്രകാരമല്ലായിരുന്നെങ്കിൽ മറിയം രണ്ടാമത്തെ ഹവ്വായെന്നു ന്യായമായി വിളിക്കപ്പെടാൻ പാടില്ലായിരുന്നു. എന്നാൽ മറിയം രണ്ടാമത്തെ ഹവ്വാ ആയിരുന്നെന്ന് ക്രിസ്തുമതത്തിന്റെ ആരംഭംമുതൽ ക്രിസ്തീയലോകം മുഴുവനിലും സംശയംകൂടാതെ പഠിപ്പിച്ചിരുന്നു.

ഇതിനുദാഹരണമായി രണ്ടാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ചില സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം. വി. ജസ്റ്റിൻ (പലസ്തീനാ) ഇപ്രകാരം എഴുതിയിരിക്കുന്നു. "കന്യകയും അതുവരെ നിർമ്മലയും ആയിരുന്ന ഹവ്വാ സർപ്പത്തിന്റെ വാക്കു വിശ്വസിച്ചതുകൊണ്ട് അനുസരണമില്ലായ്മയും മരണവും പുറപ്പെടുവിച്ചു. വിശ്വാസവും സന്തോഷവും നിറഞ്ഞിരുന്ന കന്യകാമറിയം മാലാഖാ മംഗലവാർത്ത അറിയിച്ചപ്പോൾ, "നിന്റെ തിരുമനസ്സുപോലെ എന്നിലാകട്ടെ" എന്നു പറഞ്ഞു."

ലയൺസിലെ (ഇപ്പോഴത്തെ ഫ്റാൻസിൽ) മെത്രാനായിരുന്ന വി. ഇറനേയോസ് ഇങ്ങനെ എഴുതിയിരിക്കുന്നു: "ഹവ്വായുടെ അനുസരണരാഹിത്യത്തിന്റെ കെട്ട് മറിയത്തിന്റെ അനുസരണംവഴി അഴിഞ്ഞു; എന്തുകൊണ്ടെന്നാൽ, ഒരു കന്യകയായിരുന്ന ഹവ്വാ അവിശ്വാസംവഴി ബന്ധിച്ചത് ഒരു കന്യകയായ മറിയം തന്റെ വിശ്വാസംവഴി അഴിച്ചു."

അത്ഭുതപ്രവർത്തകനായ വി. ഗ്രിഗോറിയോസ് എഴുതിയിരിക്കുന്നതിപ്രകാരമാണ്: "മുഖസ്തുതികളാൽ വഞ്ചിക്കപ്പെട്ട് ഹവ്വാ മരണത്തിന്റെ വാക്കുകൾ പുറപ്പെടുവിച്ചു; മറിയം മാലാഖായുടെ സന്ദേശം സ്വീകരിച്ച്, അവതരിച്ച വചനത്തെ, ജീവന്റെ വചനത്തെ, പ്രസവിച്ചു. ഹവ്വായുടെ വചനഫലമായി ആദം പറുദീസായിൽനിന്നു പുറത്താക്കപ്പെട്ടു; മറിയത്തിൽനിന്നു പിറന്ന വചനം കുരിശിനെ വെളിപ്പെടുത്തുകയും അതുവഴിയായി നല്ല കള്ളൻ ആദത്തിന്റെ പറുദീസായിൽ പ്രവേശിക്കുകയും ചെയ്തു."

ആരംഭത്തിൽതന്നെ മറിയത്തെപ്പററി ദൈവം ദീർഘദർശനം ചെയ്തിട്ടുള്ളതായി വേദപുസ്തകത്തിൽ നാം കാണുന്നു. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉണ്ടാക്കും" (സൃഷ്ടി. ൩. ൧൫). ആദിമാതാവ് ആർക്ക് അടിമപ്പെട്ടുവോ ആ പിശാചിനെ തോല്പിക്കാനിരുന്ന സ്ത്രീയെപ്പററി ദൈവം അരുൾചെയ്ത വാക്കുകളാണ് ഇവ. വിജയത്തിന്റെയും ദീർഘദർശനത്തിന്റെയും ആ സ്ത്രീ പരിശുദ്ധ കന്യകയാകുന്നു. എന്തുകൊണ്ടെന്നാൽ, ശത്രുതയുണ്ടാകാനിരുന്നത് സ്ത്രീയും സാത്താനും തമ്മിൽ മാത്രമല്ല, പിന്നെയോ, സ്ത്രീയുടെ സന്തതിയും സാത്താന്റെ സന്തതിയും തമ്മി

ലും ആയിരുന്നു. സ്ത്രീയുടെ സന്തതി തീർച്ചയായും മറിയത്തിന്റെ പുത്രനായ നമ്മുടെ രക്ഷകനാകുന്നു. അതിനാൽ, വിശുദ്ധ ഗ്രന്ഥത്തിന്റെ ആരംഭത്തിൽതന്നെ, നമ്മുടെ അധഃപതനത്തിൽ നമ്മുടെ ആദിമാതാപിതാക്കന്മാർ യോജിച്ചിരുന്നതുപോലെ, നമ്മുടെ വീണ്ടെടുപ്പിൽ ഈശോയും മറിയവും, പുത്രനും മാതാവും, യോജിച്ചതായി നാം കാണുന്നു. അതിനാൽ, സൃഷ്ടിയുടെ പുസ്തകത്തിൽ മറിയത്തിന്റെ അമലോദ്ഭവം സ്പഷ്ടമായി പറയപ്പെട്ടിട്ടില്ലെങ്കിലും അതിലെ ആശയത്തിൽ അവശ്യം അടങ്ങിയിട്ടുണ്ട്. ഹവ്വാ ദൈവേഷ്ടപ്രസാദത്താൽ അലങ്കരിക്കപ്പെട്ട ദൈവത്തിന്റെ പുത്രിയായിരുന്നു; അതിനാൽ ഒരിക്കൽ അവൾ പിശാചിന്റെ ശത്രുവായിരുന്നു; അവൾ ഏതു സ്ഥാനത്തുനിന്നു വീണുവോ ആ സ്ഥാനത്തു മറിയം പ്രവേശിക്കേണ്ടിയിരുന്നു. ഇതു യഥാർത്ഥമാകുന്നതിന് മറിയവും, ഹവ്വായെപ്പോലെ, ഉദ്ഭവത്തിന്റെ ക്ഷണംമുതൽ കറയില്ലാത്തവളായിരിക്കണം. ഈ സത്യം പാരമ്പര്യമായി തലമുറകൾവഴി വന്നിട്ടുള്ളതാകുന്നു.

മററു വേദരഹസ്യങ്ങളെപ്പോലെ ഇതും, ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെടുന്നതിനു മുൻപ്, ദൈവപരിപാലനയിൽ, മദ്ധ്യശതകങ്ങളിലെ വേദശാസ്ത്രജ്ഞന്മാരാൽ സൂക്ഷ്മമായി പരിശോധിക്കപ്പെടുകയുണ്ടായി. അക്കാലത്ത് ചില വലിയ വേദശാസ്ത്രജ്ഞന്മാർ മാതാവു വിശുദ്ധീകരിക്കപ്പെട്ടത് ഉദ്ഭവത്തിന്റെ ആദ്യ ക്ഷണത്തിലല്ല, പിന്നെയോ രണ്ടാമത്തെ ക്ഷണത്തിലാണെന്നു വാദിച്ചു. എന്നാൽ, പുതിയതും അധികം പ്രചാരം സിദ്ധിക്കാതിരുന്നതുമായ ഈ അഭിപ്രായം ഏറെക്കാലം നിലനിന്നില്ല. ഭാഗ്യസ്മരണാർഹനായ ഒൻപതാം പീയൂസ് മാർപ്പാപ്പാ എല്ലാ മെത്രാന്മാരോടും അവരുടെ സഭകളിലെ പാരമ്പര്യവിശ്വാസം എന്താണെന്നന്വേഷിച്ചപ്പോൾ, ക്രിസ്തീയ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള മറുപടി ഏകകണ്ഠമായിരുന്നു. മാതാവ് തന്റെ ഉദ്ഭവത്തിന്റെ ആദ്യ ക്ഷണം മുതൽ, തന്റെ പുത്രന്റെ യോഗ്യതകൾ വഴിയായി, ദൈവത്തിന്റെ ഒരു പ്രത്യേകവരത്താൽ, ഉദ്ഭവദോഷത്തിന്റെ സകല കറകളിൽനിന്നും സംരക്ഷിക്കപ്പെട്ടിരുന്നെന്നുള്ള സത്യം കത്തോലിക്കർ തങ്ങളുടെ പിതാക്കന്മാരിൽനിന്നും പരമ്പരയായി സ്വീകരിച്ചിരുന്നു. എല്ലാവരും സന്തോഷിക്കുമാറ് ൧൮൫൪ ഡിസംബർ ൮-ാം തീയതി, ഒൻപതാം പീയൂസ് മാർപ്പാപ്പാ ഇതു

ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തു.

വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെല്ലാം വിശുദ്ധ ലിഖിതത്തിൽ സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നു കത്തോലിക്കർ വിശ്വസിക്കുന്നില്ലെന്ന് ഇവിടെ വ്യക്തമാക്കേണ്ടിയിരിക്കുന്നു. വെളിപ്പെടുത്തപ്പെട്ട ഒരു സത്യം ദൈവികപാരമ്പര്യത്തിൽ അടങ്ങിയിരുന്നാലും മതിയാകുന്നതാണ്. പുതിയ നിയമത്തിൻെറ ഒരു വരിപോലും എഴുതപ്പെടുന്നതിനു മുൻപു പഠിപ്പിച്ചിരുന്ന ആ അധികാരംതന്നെ ഇപ്പോഴും ക്രിസ്ത്യാനികളെ പഠിപ്പിക്കുന്നു. ആരംഭത്തിൽ തൻെറ സൂക്ഷത്തിൽ ഏല്പിക്കപ്പെട്ടതിൻെറയെല്ലാം ഒരു സജീവമായ ഓർമ്മ കത്തോലിക്കാസഭ തൻെറ ബോധത്തിൽ സൂക്ഷിച്ചിരിക്കുന്നു. സഭ ഒരു പാറമേലാണ് പണിയപ്പെട്ടിരിക്കുന്നത്. മിശിഹായുടെ വാഗ്ദാനമനുസരിച്ച് അവൾ പരിശുദ്ധാരൂപിയാൽ എപ്പോഴും കാത്തുപാലിക്കപ്പെടുന്നു. അതിനാൽ സഭ പഠിപ്പിക്കുമ്പോൾ, ദൈവികമായി സംരക്ഷിക്കപ്പെടുന്ന അവളുടെ ഓർമ്മയിൽനിന്നാണ് പഠിപ്പിക്കുന്നത്. സഭയുടെ തെററാവരത്തിൽ ഈ ആശയം അടങ്ങിയിരിക്കുന്നു.

നാം അധഃപതിച്ച മനുഷ്യവർഗ്ഗത്തിലെ അംഗങ്ങളാണെന്നും, ദൈവം പാപത്തെ കഠിനമായി വെറുക്കുന്നെന്നും മാതാവിൻെറ അമലോദ്ഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, "നമ്മുടെ ബലഹീനതകളിൽ അലിവുതോന്നാത്ത ഒരു പുരോഹിത ശ്രേഷ്ഠനല്ല നമുക്കുള്ളത്" എങ്കിലും, താൻ "പാപികളിൽനിന്നു വേർതിരിക്കപ്പെട്ടവൻ" ആയിരിക്കേണ്ടത് ആവശ്യമായിരുന്നു. എന്നാൽ തൻെറ മാതാവിൽനിന്ന് അവിടുന്നു ഒരിക്കലും വേർതിരിക്കപ്പെട്ടിരുന്നില്ല. അവൾ തൻെറ ഉദ്ഭവക്ഷണംമുതൽ കറയില്ലാത്തവളായിരുന്നു. അവളുടെ പരിശുദ്ധതയുടെ ഉദ്ഭവസ്ഥാനം ഇതാകുന്നു. അതിനാൽ മറിയം, തനിക്കു സമമായി ആരും ഇല്ലാത്തവളായി, നിസ്തുലയായി, തൻെറ വരപ്രസാദത്തിൽ ഏകയായി, സ്ഥിതിചെയ്യുന്നു. അവളോടടുത്തു വരുന്നതായി സൃഷ്ടികളിൽ വേറെ ആരും ഇല്ല എന്നിരുന്നാലും പാപികളായ മനുഷ്യരിൽനിന്നു മറിയം അകന്നു നില്ക്കുന്നില്ല. നമ്മുടെ കാര്യത്തിൽ ഹവ്വായുടെ പ്രവൃത്തിയെ പരിഹരിക്കുന്നതിനു നിയുക്തയായ അമ്മയാകുന്നു മറിയം. നമുക്കുവേണ്ടിയാകുന്നു ഈ അമ്മയ്ക്കു ഈ ദാനങ്ങളും വരങ്ങളും

ദൈവം നല്കിയിരിക്കുന്നതു്. തനിക്കു ദൈവത്തിൽനിന്നു ഉദാരമായി ലഭിച്ചതു നമുക്കും ഉദാരമായും സ്നേഹപൂർവ്വം നീട്ടിയ കൈകൾകൊണ്ടും തരുന്നതിനായിട്ടുതന്നെ. അതുകൊണ്ടു്, മറിയത്തിന്റെ പരിശുദ്ധതയെപ്പററിയുള്ള ബോധം നമ്മുടെ മനസ്സിൽ കൂടുതൽ കൂടുതൽ ഗാഢമായി പതിയുന്തോറും, നാമും പാപക്കറയിൽനിന്നു വിശുദ്ധീകരിക്കപ്പെടുന്നതിന്നു് കൂടുതൽ കൂടുതൽ ശരണത്തോടുകൂടി ദൈവത്തിന്റെ പരിശുദ്ധ മാതാവിനോടു പ്രാർത്ഥിക്കാൻ പഠിക്കുന്നു. "പാപംകൂടാതെ ഉദ്ഭവിച്ച മറിയമേ, നിന്നോടപേക്ഷിക്കുന്ന പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ," എന്നു നാം പ്രാർത്ഥിക്കുന്നു. അമലോദ്ഭവമാതാവിനോടുള്ള പ്രാർത്ഥന എത്ര ഫലപ്രദമാണെന്നുള്ളതിന്നു് അനുഭവം സാക്ഷ്യം വഹിക്കുന്നു.

പതിനാറു ശതാബ്ദങ്ങൾക്കു മുൻപു് വി. അപ്രേം മല്പാൻ എഴുതിയ ഒരു പ്രാർത്ഥന ചുവടെ ചേർക്കുന്നു. കറയില്ലാത്ത കന്യകയുടെ മദ്ധ്യസ്ഥതയിൽ ഈ വിശുദ്ധനുണ്ടായിരുന്ന വിശ്വാസത്താൽ പ്രേരിതനായി അദ്ദേഹം ഈ പ്രാർത്ഥന എഴുതിയിട്ടു പതിനാറു നൂററാണ്ടുകളായി. വി. അപ്രേമിന്റെ വിശ്വാസമാണു് നമ്മുടേതും. അദ്ദേഹം നമ്മെ പഠിപ്പിക്കുന്നതുപോലെയും തിരുസ്സഭ നമ്മോടുപദേശിക്കുന്നതുപോലെയും നാം പ്രാർത്ഥിച്ചാൽ യാതൊരു ശത്രുവിനെയും നാം ഭയപ്പെടേണ്ടതില്ല.

"പരിശുദ്ധയും, കറയില്ലാത്തവളും, വാഴ്ത്തപ്പെട്ട കന്യകയും, സ്വപുത്രനായ സർവ്വേശ്വരന്റെ പാപമില്ലാത്ത മാതാവുമായ മറിയമേ, ഇപ്പോൾ നിന്നെ സ്തുതിക്കുന്നതിനായി ഞങ്ങൾ ഒരുമിച്ചുകൂടുന്നു. ഏററം പരിശുദ്ധയായ മറിയമേ, നീ നിരാശരായ പാപികളുടെ ശരണമാകുന്നു. ദൈവവും മനുഷ്യനുമായ മിശിഹായെ പ്രസവിച്ചവളും ദൈവപ്രസാദം നിറഞ്ഞവളുമായി നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. ഓ, പരിശുദ്ധയും ഏററം നിർമ്മലയും ആയ കന്യകയേ, എല്ലാ കഷ്ടതകളിൽനിന്നും പിശാചിന്റെ പരീക്ഷകളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ. മരണത്തിന്റേയും വിധിയുടേയും വിനാഴികയിൽ ഞങ്ങളുടെ സമാധാനമായിരിക്കേണമെ. കെടാത്ത തീയിൽനിന്നും പുറമേയുള്ള ഇരുട്ടിൽനിന്നും ഞങ്ങളെ രക്ഷിക്കേണമെ. മാധുര്യവും കാരുണ്യവും നിറഞ്ഞ കന്യകാമാതാവേ, നിന്റെ പുത്രന്റെ മഹത്വത്തിനു ഞങ്ങളെ യോഗ്യരാക്കേണമേ."

## അദ്ധ്യായം ൩

### ദൈവത്തിന്റെ കന്യകാമാതാവ്

അമലോദ്ഭവമാകുന്ന വരം നമ്മുടെ നാഥയ്ക്കു ലഭിച്ചത് ദൈവത്തിന്റെ ഒരു സ്വതന്ത്രദാനമായിട്ടാണ്. മറിയത്തിന്റെ യോഗ്യതനിമിത്തമല്ല ദൈവം അതു നൽകിയത്. പിന്നെയോ, മനുഷ്യർക്കുവേണ്ടി, അതായത്, വീണ്ടെടുപ്പിൽ മറിയവും അനുയോജ്യമായ വിധത്തിൽ സഹകരിക്കുന്നതിനുവേണ്ടിയാണ്; എന്നാൽ എല്ലാററിലും ഉപരിയായി, അവളുടെ പുത്രനെപ്രതിയാണ്. ഒരു സൃഷ്ടിക്കു ലഭിക്കാവുന്നതിലും ഏററം ഉന്നതസ്ഥാനമായ ദൈവമാതൃത്വത്തിന് മറിയത്തിന്റെ ആത്മാവിനെ ഒരുക്കുവാൻ അവൾക്കു ദൈവം നൽകിയ ഒന്നാമത്തെ ദാനമായിരുന്നു അത്.

മറിയത്തിന്റെ ശരീരത്തിൽനിന്ന് റൂഹാദക്കുദ്ശായുടെ പ്രവൃത്തിയാൽ ഉരുവാക്കപ്പെട്ട ഒരു ശരീരം ദൈവം തനിക്കായി എടുത്തെന്നും അങ്ങനെ താൻ അവളുടെ പുത്രനായിത്തീർന്നെന്നും ഉള്ളത്, ദൈവീകപാരമ്പര്യത്തെ നമുക്കു തരുന്ന വിശ്വാസപ്രമാണങ്ങളും സഭയുടെ പുരാതനസൂനഹദോസുകളും പഠിപ്പിക്കുന്ന ഒരു കത്തോലിക്കാ മതതത്വമാകുന്നു. ഇതു വിശുദ്ധലിഖിതങ്ങളിൽ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്. "അങ്ങ് എനിക്കു ഒരു ശരീരം ഉരുവാക്കി." "വചനം മാംസമായി." ആർക്കുവേണ്ടി ശരീരം ഉരുവാക്കിയോ, മാംസമായ ആ വചനം ഈശോമിശിഹാ ആകുന്നു. മറിയം ഈശോയുടെ അമ്മയാകുന്നു. പരിശുദ്ധാരൂപി അവളുടെമേൽ ആവസിക്കയും, അവളിൽനിന്നുദ്ഭവിച്ച പരിശുദ്ധൻ ദൈവപുത്രനെന്നു വിളിക്കപ്പെടുകയും ചെയ്തു.

സഭയുടെ ആരംഭംമുതൽ നമുക്കു ലഭിച്ചിട്ടുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ കാതൽ ഇതാകുന്നു. വിശ്വാസപ്രമാണത്തിലെ "ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തനായ ബാവാതമ്പുരാനിൽ വിശ്വസിക്കുന്നു" എന്ന ഭാഗം സ്വീകരിക്കാത്തവൻ

ദൈവവിശ്വാസി എന്ന പേരിനർഹനല്ല; "തൻെറ ഏകപുത്രൻ നമ്മുടെ കർത്താവീശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു; ഈ പുത്രൻ വിശുദ്ധ റൂഹാദക്കുദശായാലെ ജനിക്കപ്പെട്ട് കന്യാസ്ത്രീമറിയത്തിൽനിന്നു പിറന്നു" എന്ന ഭാഗംകൂടി സ്വീകരിച്ചില്ലെങ്കിൽ അവൻ ക്രിസ്ത്യാനി എന്ന നാമത്തിനു് എങ്ങനെ അർഹനാകുമെന്നു കാണാൻ പ്രയാസമാണു്. ക്രിസ്തുമതത്തിലുള്ള വിശ്വാസം കന്യകയുടെ പുത്രനായ ഈശോമിശിഹാ നമ്മുടെ കർത്താവായ ദൈവമാകുന്നു എന്ന സത്യത്തിലുള്ള വിശ്വാസത്തിൽ ആരംഭിക്കുന്നു. നിത്യമായ ത്രിത്വത്തിൽ സ്വർഗ്ഗസ്ഥനായ തൻെറ പിതാവിനോട് താൻ ഒരേ ഒരു സ്വഭാവം തന്നെയുള്ളവനായിരിക്കുന്നതുപോലെ, മനുഷ്യസ്വഭാവത്തിൽ അവിടുന്നു് സത്യമായും തൻെറ മാനുഷികമാതാവിനോടു തുല്യസ്വഭാവമുള്ളവനാകുന്നു.

ഇതു് ഒരു നിസ്സാരകാൎയ്യമല്ലെന്നു് ആരും സമ്മതിക്കാതിരിക്കയില്ല. സാധുമനുഷ്യരായ നാം ഇവിടെ ഒരു വലിയ രഹസ്യത്തെയാണു് അഭിമുഖീകരിക്കുന്നതു്. ബേസ്ലഹമ്മിലെ ശിശുവിൻെറ മറയററ മുഖം നാം കാണുമ്പോൾ യഥാൎത്ഥത്തിൽ മറഞ്ഞിരിക്കുന്ന ദൈവപ്രതാപത്തെയാണു് നാം കാണുന്നതു്.

ദൈവം തന്നിൽതന്നെ ആയിരിക്കുന്നതുപോലെ അവിടുത്തെ ഗ്രഹിക്കുന്നതിനു നമുക്കു തികച്ചും അസാദ്ധ്യമാണു്. പരിമിതവും അപൂൎണ്ണവും ആയതൊന്നും ദൈവത്തിൽ ഇല്ലെന്നു നമുക്കറിയാം. അവിടുന്നു് അളവില്ലാത്തവനും നിത്യനും പരിപൂൎണ്ണനും ആകുന്നു. അതുപോലെതന്നെ ദൈവത്തിൻെറ ദാനങ്ങളായി സൃഷ്ടികളിൽ നാം കാണുന്ന നന്മകളെപ്പററിയുള്ള ചിന്തയിൽനിന്നു നാം ദൈവത്തിൻെറ ലക്ഷണങ്ങളിലേക്കുയരുകയും, അങ്ങനെ ദൈവം അളവില്ലാത്ത നീതിയും കാരുണ്യവും ജ്ഞാനവും മററും ആണെന്നു നമ്മുടെ അപൂൎണ്ണമായ ഭാഷയിൽ നാം പറയുകയും ചെയ്യുന്നു. വാക്കുകൾക്കു സത്യം വെളിപ്പെടുത്താൻ പാടുള്ളിടത്തോളം ഇപ്രകാരമുള്ള വാക്കുകൾ ദൈവത്തെ സംബന്ധിച്ചിടത്തോളം ശരിയാണു്. എന്തുകൊണ്ടെന്നാൽ, സൃഷ്ടികളിലുള്ള നന്മയെല്ലാം സ്രഷ്ടാവിൽ പരിപൂൎണ്ണമായി ഉണ്ടായിരിക്കണം. എന്നിരുന്നാലും മാനുഷിക ഭാഷ അപൂൎണ്ണമാണെന്നു നമുക്കറിയാം, മനുഷ്യൻെറ ചിന്തയ്ക്കു ദൈവത്തെ പൂൎണ്ണമായി ഗ്രഹിക്കാൻ സാധിക്കയില്ല.

എന്നാൽ, ദൈവത്തിന്റെ മനുഷ്യാവതാരത്തിൽ ഇതിനെല്ലാം മാററം വരുന്നു. അളവില്ലാത്തവനും നിത്യനുമായ ദൈവം മനുഷ്യനായി സമയത്തിന്റെയും സ്ഥലത്തിന്റെയും സാഹചര്യങ്ങൾക്കു കീഴ്പ്പെട്ട്, തന്നെത്തന്നെ പരിമിതനാക്കുന്നു. തന്റെ അനന്ത മഹിമപ്രതാപത്തെ അവിടുന്നു മറയ്ക്കുന്നു. സർവ്വശക്തൻ ഒരു ദാസന്റെ രൂപമെടുത്തു ബലഹീനനാകുന്നു. ലോകത്തെ സൃഷ്ടിച്ചവൻ ഒരു ശിശുവായി വക്ഷോജത്തിന്മേൽ കിടക്കുന്നു. നമ്മെയെല്ലാം തീററിപ്പോററുന്നവൻ വിശപ്പും ദാഹവും സഹിക്കുന്നതു നാം കാണുന്നു. ആകാശങ്ങളെ തന്റെ ശക്തികൊണ്ടു നിയന്ത്രിക്കുന്നവൻ ക്ഷീണിച്ചു വശംകെട്ട് യാക്കോബിന്റെ കിണററിനരികെ ഇരിക്കുന്നു. ഒരു മരക്കുരിശിന്റെ ഭാരംനിമിത്തം അവിടുന്നു കമഴ്ന്നു വീഴുന്നു. ആ കുരിശിന്മേൽ കിടന്ന്, മരണമില്ലാത്തവൻ മരിക്കുന്നു.

ആകാശങ്ങൾ ഭൂമിയിലേക്കു ചാഞ്ഞുവന്ന രഹസ്യം ഇതാകുന്നു; ദൈവത്തിന്റെ മാതാവിന്റെ രഹസ്യവും ഇതുതന്നെയാകുന്നു. എന്തുകൊണ്ടെന്നാൽ, ഈ മാതാവ് ദൈവികമായതിന്റെയും മാനുഷികമായതിന്റെയും സമ്മേളനം, രണ്ടിന്റെയും ഇടയ്ക്കുള്ള മദ്ധ്യസ്ഥാനം, ആകുന്നു. അവളുടെ പുത്രൻ സ്രഷ്ടാവാകുന്നു. അവിടുത്തെ മാതാവ് അവിടുത്തെ സൃഷ്ടിയാകുന്നു. എന്നിരുന്നാലും, അവളുടെ നിർമ്മലമായ ഉദരത്തിൽ, ദൈവികമായതും മാനുഷികമായതും ഒരുമിച്ചു ചേർന്നു. എന്തുകൊണ്ടെന്നാൽ, അവളുടെ ഉദരത്തിന്റെ ഫലം ദൈവവും മനുഷ്യനുമായ നമ്മുടെ കർത്താവീശോമിശിഹായാകുന്നു. ഇക്കാരണത്താൽ, ദൈവമാതാവിന്റെ മഹാരഹസ്യം വാക്കിനും വിചാരത്തിനും മേലെയുള്ളതാകയാൽ, അതും ദൈവത്തിന്റെ രഹസ്യംപോലെയാണെന്നുള്ള പ്രസ്താവം യുക്തിപൂർവ്വകമത്രെ. എന്നാൽ നമുക്കു പൂർണ്ണമായി ഗ്രഹിക്കാൻ പാടില്ലാത്തതാണെങ്കിലും, നമ്മുടെ മനസ്സിൽ നാം ധ്യാനിക്കേണ്ട ഒരു രഹസ്യമാകുന്നു അത്. കാരണം, അതു നമ്മുടെ മതത്തിന്റെ— ദൈവികമായ താഴ്മയിൽനിന്നു വെളിപ്പെടുത്തിയിട്ടുള്ള ദൈവസ്നേഹ മതത്തിന്റെ— സാരാംശമാകുന്നു എന്നതുതന്നെ.

ദൈവത്തിന്റെ ലക്ഷണങ്ങളെപ്പററി ചിന്തിച്ച് നമ്മുടെ അറിവിനെ നമുക്കു വികസിപ്പിക്കാമെങ്കിലും, ദൈവം ദൈവമാണെന്നു പറയുമ്പോൾ ദൈവത്തെപ്പററി പറയാവുന്നതു മുഴ

വൻ നാം പറഞ്ഞുകഴിഞ്ഞു. അതുപോലെതന്നെ, മറിയം ദൈവമാതാവാണെന്നു നാം പറയുമ്പോൾ, മറിയത്തിന്റെ സ്ഥാന വലിപ്പം എത്രയെന്നു നാം പറഞ്ഞുകഴിഞ്ഞു. എങ്കിലും ഇതിനെപ്പററി ചിന്തിക്കുന്നതു് ഉപയോഗപ്രദമാണു്, എന്തുകൊണ്ടെന്നാൽ, മറിയത്തിന്റെ ദൈവമാതൃത്വത്തെപ്പററി നാം ധ്യാനിക്കുന്തോറും ആ രഹസ്യത്തിന്റെ അഗാധത നമുക്കു കൂടുതൽ ബോദ്ധ്യമാകുകയും, നമ്മുടെ അമ്മയുടെ മഹത്വം കൂടുതൽ പ്രകാശമുള്ളതായി പ്രത്യക്ഷമാകുകയും ചെയ്യും.

സെലൂഷ്യായിലെ ബസീലിയോസിന്റെ ഈ വിഷയത്തെപ്പററിയുള്ള ഏതാനും ചില വാക്കുകൾ ഇവിടെ ഉദ്ധരിക്കുന്നു: "ഈ മഹാ രഹസ്യത്തിന്റെ ആഴം ഞാൻ എങ്ങനെ കണ്ടുപിടിക്കും?... ആ കന്യകാമാതാവിന്റെ സ്തുതികൾ യോഗ്യമായ വിധത്തിൽ പാടുന്നതിനു ശക്തിയുള്ള നാവു് ഏതുണ്ടു്? എന്തുകൊണ്ടെന്നാൽ അവളുടെ നാമം വഴിയായി നാം വലിയ അനുഗ്രഹങ്ങൾക്കു് അർഹരായിരിക്കുന്നു. അവൾക്കു ചേരുന്ന ഒരു മാല ഏതു സ്തുതിപ്പുഷ്പങ്ങൾകൊണ്ടു നമുക്കുണ്ടാക്കാൻ കഴിയും? അവളിൽനിന്നു ഈസായിയുടെ പുഷ്പം മുളച്ചു് മഹത്വംകൊണ്ടും ബഹുമാനംകൊണ്ടും നമ്മുടെ വംശത്തെ മുടിചൂടിയിരിക്കുന്നു". മിലേവിസിലെ വി. ഒപ്പൂത്തോസ് ചോദിക്കുന്നു: "ഏതു ഗബ്രിയേലാണു് ഒരു രണ്ടാമത്തെ മറിയത്തിനോടു് ഒരു രണ്ടാം പ്രാവശ്യം സംസാരിച്ചിട്ടുള്ളതു്? വേറെ ഏതു കന്യകയാണു് ഒരു പുത്രനെ പ്രസവിച്ചിട്ടുള്ളതു്?" വി. ബെന്നർദോസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "മറിയത്തിന്റെ വരം വേറെ ആർക്കും കൊടുക്കുകയില്ല; അതു് അവളിൽനിന്നു എടുക്കുകയുമില്ല. അവൾ മാത്രമാണു് കന്യകയും മാതാവും— ദൈവത്തിന്റെ കന്യകാമാതാവു്." ഈ വിധത്തിലാണു് സഭാപിതാക്കന്മാർ എല്ലാവരും മറിയത്തിന്റെ നിർമ്മലമായ കന്യാത്വത്തേയും അവളുടെ മാതൃത്വത്തിന്റെ അതുല്യമായ മഹത്വത്തെയും ഒരുമിച്ചു പുകഴ്ത്തുന്നതു്.

ദൈവത്തിന്റെ സൃഷ്ടിയിൽ മിശിഹായുടെ മാതാവായ മറിയം ഏകയായി നില്ക്കുന്നു. ദൈവവരപ്രസാദത്താൽ, നിർമ്മലമായ കന്യാത്വത്തിന്റെ മകുടമായി ദൈവമാതൃത്വമാകുന്ന വിശേഷവരം അവൾക്കുമാത്രം ലഭിച്ചിരിക്കുന്നു. കറയില്ലാത്തവൾ, കന്യക, മാതാവു്! അവളോടടുത്തു വേറെ ആരുമില്ല.

മറിയം പ്രസവത്തിനു മുൻപും, പ്രസവത്തിലും, പ്രസവത്തിനുശേഷവും, എപ്പോഴും കന്യകയായിരുന്നെന്നുള്ള കത്തോലിക്കാ സിദ്ധാന്തത്തിനെതിരായി, ഈ മാതാവു തൻെറ ദിവ്യപുത്രൻെറ ജനനത്തിനുശേഷം എപ്പോഴും കന്യകയായിരുന്നില്ല എന്നു വാദിച്ച ഒരബദ്ധ സിദ്ധാന്തം നാലാം നൂററാണ്ടിൽ ഉണ്ടായി. എന്നാൽ അതു ക്രിസ്തീയ പാരമ്പര്യത്തിനു വിരുദ്ധമായിരുന്നതുകൊണ്ട് അധികനാൾ നിലനിന്നില്ല. എപ്പിഫാനിയോസ് ഈറാനിമ്മോസ്, അംബ്രോസിയോസ് മുതലായ മഹാപുണ്യവാന്മാരും മല്പാന്മാരും അതിനെ എതിക്കുകയും ഖണ്ഡിക്കുകയും ചെയ്തു.

കൂടാതെ, നമ്മുടെ നാഥ ദൈവത്തിൻെറ കന്യകാമാതാവാണെന്നു മാത്രമല്ല, ദൈവവരപ്രസാദത്താൽ അവൾ ദൈവത്തിൻെറ പരിശുദ്ധ മാതാവാണെന്നുകൂടി കത്തോലിക്കർ വിശ്വസിക്കുന്നു. അമലോദ്ഭവം, ദൈവമാതൃത്വം എന്നീ ബാഹ്യദാനങ്ങൾ മറിയത്തിനു ലഭിച്ചിരിക്കുന്നു; ഇതിൽ മററാക്കും അവളെ അനുകരിക്കാൻ സാധിക്കയില്ല. പുണ്യത്തിൻെറ ആന്തരികമായ അലങ്കാരങ്ങളും ഏററം പൂൎണ്ണമായ അളവിൽ അവൾക്കു സിദ്ധിച്ചു; ഈ കാൎയ്യത്തിൽ, എത്ര ദൂരെനിന്നായാലും, നമുക്കു മറിയത്തെ അനുകരിക്കാൻ കഴിയും, എന്തുകൊണ്ടെന്നാൽ, പുണ്യത്തിലുള്ള വളർച്ച ഓരോരുത്തരിലും ദൈവവരപ്രസാദത്തോടുള്ള സ്വതന്ത്രമായ സഹകരണത്തെ മാത്രം ആശ്രയിച്ചിരിക്കുന്നു. വി. അഗുസ്തീനോസ് പറയുന്നത്, "മറിയം മിശിഹായെ തൻെറ ഉദരത്തിൽ ഉദ്ഭവിപ്പിക്കുന്നതിനു മുൻപ് വിശ്വാസംവഴിയായി തൻെറ ഹൃദയത്തിൽ ഉദ്ഭവിപ്പിച്ചു" എന്നാണ്. ഏലീശ്വാപ്പുണ്യവതിയും, റൂഹാദക്കുദിശായാൽ നിറഞ്ഞ്, ഈ രണ്ടു കാരണങ്ങളാലും മറിയത്തെ വാഴ്ത്തപ്പെട്ടവൾ എന്നഭിവാദ്യം ചെയ്തതായി നാം വായിക്കുന്നു. അവൾ ഉറക്കെ വിളിച്ചു പറഞ്ഞു: "നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു, നിൻെറ ഉദരത്തിൻെറ ഫലം അനുഗ്രഹീതമാകുന്നു... കൎത്താവു നിന്നോട് അരുളിയ വചനങ്ങൾ നിറവേറുകതന്നെ ചെയ്യും എന്നു വിശ്വസിച്ച നീ അനുഗ്രഹീതയാകുന്നു." യഥാൎത്ഥത്തിൽ കൎത്താവു തന്നിൽ അദ്ഭുതകരങ്ങളായ കാൎയ്യങ്ങൾ നിറവേററിയതുകൊണ്ടെന്നതിനേക്കാൾ, താൻ വിശ്വസിച്ചു എന്നതുകൊണ്ട് മറിയം കൂടുതലായി വാഴ്ത്തപ്പെട്ടവളാകുന്നു. എന്തെന്നാൽ, ആന്തരിക

വും ആത്മീയവുമായ അനുഗ്രഹങ്ങൾ, ബാഹ്യവും ശാരീരികവു മായവയെക്കാൾ ശ്രേഷ്ഠമാകുന്നു. എന്നാൽ മറിയത്തിൽ യഥാർത്ഥ മായി സംയോജിച്ചിരുന്ന പുണ്യപൂർണ്ണതയും സ്ഥാനമഹത്വവും മാനസികമായിട്ടുപോലും നാം വേർപിരിക്കരുതെന്നു പറയേണ്ടി യിരിക്കുന്നു.

ജനക്കൂട്ടത്തിൽനിന്ന് ഒരു സ്ത്രീ മറിയത്തിൻെറ ശാരീരി കമാതൃത്വത്തെ സ്തുതിച്ചപ്പോൾ, കർത്താവ് "ദൈവവചനം കേൾക്കുകയും അതിനെ കാക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാ രാകുന്നു," എന്നു പറഞ്ഞു. ഇതാകുന്നു അരൂപിസ്സാരത്ത മാതൃത്വം; ഇതിൽ, ഈശോയുടെ അമ്മ അവിടുത്തെ വാക്കുകളെല്ലാം തൻെറ ഹൃദയത്തിൽ കാത്തുസൂക്ഷിച്ചപ്പോൾ അവിടുത്തെ ഉദ്ഭ വിപ്പിച്ചതുപോലെ, നമുക്കും അവിടുത്തെ ഉദ്ഭവിപ്പിക്കാൻ ക ഴിയും. വി. അഗസ്റ്റിനോസ് കർത്താവിൻെറ വാക്കുകളെ ഇങ്ങ നെ വ്യാഖ്യാനിക്കുന്നു: "എൻെറ അമ്മപോലും, ദൈവവചനം കാക്കുന്നതുകൊണ്ട് അനുഗ്രഹിക്കപ്പെട്ടവളാകുന്നു" വന്ദ്യനായ ബീഡ് ഇപ്രകാരം എഴുതിയിരിക്കുന്നു: "വാസ്തവത്തിൽ, ദൈവ വചനം കേൾക്കുകയും കാക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാ കുന്നു. ദൈവവചനത്തെ ശാരീരികമായി പ്രസവിച്ച അമ്മ മാത്രമല്ല, പിന്നെയോ വിശ്വാസസത്യങ്ങളെ കേട്ട് ദൈവ വചനത്തെ അരൂപിസ്സാരത്ത വിധത്തിൽ ഉദ്ഭവിപ്പിക്കുകയും, സൽപ്രവൃത്തികൾവഴി തന്നെ പ്രസവിക്കുകയും, തങ്ങളുടെയും അയൽക്കാരുടെയും ഹൃദയങ്ങളിൽ തന്നെ പോഷിപ്പിക്കുകയും ചെയ്യുന്നവർ അനുഗ്രഹിക്കപ്പെട്ടവരാകുന്നു എന്ന് നമ്മുടെ കർത്താവ് കല്പിച്ചപ്പോൾ താൻ ആ സ്ത്രീയുടെ സാക്ഷ്യം ഭംഗി യായി സമ്മതിക്കയാണ് ചെയ്തത്. എന്തെന്നാൽ, മറിയം ദൈ വമാതാവായതുകൊണ്ട് ഭാഗ്യവതിയായിരുന്നെങ്കിലും ദൈവവ ചനത്തെ എന്നെന്നേക്കും കാത്തു സൂക്ഷിച്ചു എന്നതുകൊണ്ട് കൂടുതൽ ഭാഗ്യമുള്ളവളായിരുന്നു." എൻെറ പിതാവിൻെറ തിരു മനസ്സു നിറവേററുന്നവരെല്ലാം എൻെറ മാതാവും എൻെറ സഹോദരന്മാരും ആണെന്ന് നമ്മുടെ കർത്താവു വേറൊരവ സരത്തിൽ കല്പിച്ചിട്ടുണ്ട്.

14267.

## അദ്ധ്യായം ൪

### ക്രിസ്ത്യാനികളുടെ മാതാവായ മറിയം

ശാരീരികമായ വിധത്തിൽ പരിശുദ്ധ കന്യകാമറിയം മാംസമായ വചനത്തിന്റെ അമ്മ— ദൈവം ഏൎപ്പെടുത്തിയിരിക്കുന്ന ഭൗതികക്രമത്തിൽ തന്റെ അമ്മ— ആകുന്നു. നാം സുവിശേഷത്തിൽ വായിക്കുന്നതുപോലെ, മറിയം ഈശോയുടെ അമ്മയാകുന്നു. ആത്മീയമായി ഈ പരിശുദ്ധ കന്യക കത്താവിന്റെ അമ്മയല്ല, (അവൾ ആയിരിക്കുന്നതെല്ലാം, അവൾക്കുള്ളതെല്ലാം, കത്താവിൽനിന്നാകുന്നു), പിന്നെയോ, ക്രിസ്ത്യാനികളുടെ അമ്മയാകുന്നു— അതും ആലങ്കാരികമായിട്ടല്ല, യഥാൎത്ഥമായ ഒരു മാതൃത്വംവഴിയാകുന്നു.

ഇതിന്റെ ഒന്നാമത്തെ കാരണം ക്രിസ്ത്യാനികൾ മേരിസുതന്റെ സഹോദരന്മാരും സഹോദരികളും ആകുന്നു എന്നുള്ളതാകുന്നു. മനുഷ്യരെല്ലാവരും സ്വഭാവംവഴിയായി ദൈവത്തിന്റെ മക്കളാകുന്നു, എന്തുകൊണ്ടെന്നാൽ, എല്ലാവരും അവിടുത്തെ സൃഷ്ടികളാകുന്നു. കൂടാതെ, ക്രിസ്ത്യാനികൾ പ്രസാദവരംവഴിയായും ദൈവത്തിന്റെ മക്കളാകുന്നു. ഒരു സ്ത്രീയിൽനിന്നു മനുഷ്യനായി പിറന്ന, ദൈവത്തിന്റെ ഏകപുത്രനായ, ഈശോമിശിഹാവഴിയായി നാം ദൈവത്തിന്റെ ദത്തുപുത്രന്മാരായിത്തീന്നിരിക്കുന്നു. മനുഷ്യനെന്ന നിലയിൽ, തന്റെ നാമത്തിൽ വിശ്വസിക്കുന്ന എല്ലാവരുടെയും യഥാൎത്ഥ സഹോദരൻ ആയിത്തീരുന്നതിന് മിശിഹാ പ്രാപ്തനാക്കപ്പെട്ടു. "നിങ്ങൾ പോയി എന്റെ സഹോദരന്മാരോടു പറയുവിൻ," എന്നാണു നമ്മുടെ കത്താവു തന്റെ ശിഷ്യന്മാരെപ്പററി പറഞ്ഞത്. മറിയത്തിന്റെ പുത്രനായ അവിടുന്ന് നമ്മെ തന്റെ സഹോദരന്മാർ എന്നു വിളിക്കുന്നു. ദൈവം നമ്മെ എങ്ങനെ വിളിക്കുന്നുവോ അപ്രകാരം നാം ആകുന്നു. നാം അവിടുത്തെ സഹോദരരാകുന്നു. ഇതിൽനിന്ന് അവിടുത്തെ പിതാവ് നമ്മുടെയും പിതാവാകുന്നുവെന്നും, അവിടുത്തെ മാതാവ് നമ്മുടെയും മാതാവാകുന്നുവെന്നും സിദ്ധിക്കുന്നു. ദത്തുപുത്രരായിത്തീന്നതുകൊണ്ടു നാം 'ആബാ',

പിതാവേ, എന്നു വിളിക്കുന്നു. പാപികളായ നാം ആകാശത്തിലേക്കു നോക്കി സർവ്വശക്തനായ ദൈവത്തെ നമ്മുടെ പിതാവെന്നു വിളിക്കാൻ ധൈര്യപ്പെടുന്നു. ഇങ്ങനെ, "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ," എന്നു നാം പ്രാർത്ഥിക്കാൻ തുനിയുമ്പോൾ, നാം അവിടുത്തെ കല്പന നിറവേററുക മാത്രമല്ല ചെയ്യുന്നതു്. പിന്നെയോ, തൻെറ ദൃഷ്ടാന്തത്തെ, നമ്മുടെ സഹോദരൻെറ ദൃഷ്ടാന്തത്തെ, അനുകരിക്കുകകൂടെയാണു് ചെയ്യുന്നതു്. നമ്മുടെ സഹോദരൻ തൻെറ പിതാവിനോടു പ്രാർത്ഥിച്ചതുപോലെ നാമും നമ്മുടെ പിതാവിനോടു പ്രാർത്ഥിക്കണം. സഹോദരത്വത്തിൻെറ അർത്ഥമിതാകുന്നു. നമ്മുടെ സഹോദരൻെറ പിതാവു് നമ്മുടെ പിതാവും ആകുന്നു. അതേന്യായത്താൽതന്നെ, നമ്മുടെ സഹോദരൻെറ അമ്മ നമ്മുടെ അമ്മയും ആകുന്നു. അവിടുത്തെ പിതാവു് നമ്മുടെ പിതാവായിരിക്കുന്നതുപോലെ, തൻെറ മാതാവു് നമ്മുടെയും മാതാവല്ലെങ്കിൽ, നാം യഥാർത്ഥത്തിൽ തൻെറ സഹോദരരല്ല. യഥാർത്ഥത്തിൽ, മിശിഹാ നമ്മുടെ സഹോദരനും മറിയം അവിടുത്തെ മാതാവും ആണെങ്കിൽ, നമ്മുടെ സഹോദരൻെറ മാതാവു നമ്മുടെ മാതാവും ആകുന്നു. ഇതു് അദ്ഭുതകരമായ ഒരു സംഗതിയാകുന്നു. നാം ഇതിനെപ്പററി കൂടുതൽ ചിന്തിക്കുന്തോറും അതു കൂടുതൽ അദ്ഭുതകരമായും അതേ സമയംതന്നെ കൂടുതൽ വ്യക്തമായും കാണപ്പെടുന്നു. നമ്മുടെ കർത്താവു തൻെറ സഹോദരത്വംവഴിയായി തൻെറ ദിവ്യപുത്രത്വത്തിൻെറ ഒരു പങ്കു നമുക്കും തന്നിരിക്കുന്നു. ഇനിമുതൽ നാം ദൈവത്തിൻെറ ദത്തുപുത്രരാകുന്നു. തൻെറ അമ്മയുടെ ഹൃദയത്തിലും തൻെറ സമീപത്തു് നമുക്കൊരു സ്ഥലം കർത്താവു തന്നിരിക്കുന്നു. നാം മറിയത്തിൻെറ പുത്രൻെറ സഹോദരരായതുകൊണ്ടു് മറിയത്തിൻെറ മക്കളും ആകുന്നു.

കാൻറർബറിയിലെ മെത്രാപ്പോലീത്താ ആയിരുന്ന വി. അൻസേൽമോസിൻെറ ഒരു മനോഹര പ്രാർത്ഥന നമുക്കു ചൊല്ലാം: "ഓ, എൻെറ രാജ്ഞി! തൻെറ നാമത്തിൽ വിശ്വസിക്കുന്ന എല്ലാവരുടെയും മാതാവായിത്തീരുന്നതിനായി ദൈവം നിന്നെ തൻെറ മാതാവാക്കിയിരിക്കുന്നു. അതിനാൽ, ഓ, ഏററം വാഴ്ത്തപ്പെട്ട കന്യകയേ, നിൻെറ പ്രിയപുത്രൻ തൻെറ സഹോദര

ന്മാരെന്നു വിളിക്കാൻ ലജ്ജിക്കാതിരിക്കുന്ന എല്ലാവരെയും നിന്റെ മക്കളായി സ്വീകരിക്കേണമേ."

നമ്മുടെ കർത്താവ് നമ്മുടെ സഹോദരൻ മാത്രമല്ല താൻ നമ്മുടെ ശിരസ്സും നാം തന്റെ ശരീരത്തിന്റെ അവയവങ്ങളും ആകുന്നു. ശാരീരികമായി നാം മറിയത്തിന്റെ മക്കളല്ല, ആയിരിക്കാൻ പാടുമില്ല. തന്റെ ഉദരത്തിന്റെ ഫലമായ ഒരു പുത്രൻ മാത്രമേ മറിയത്തിനുള്ളു. അവിടുത്തെ പേർ ഈശോയെന്നാകുന്നു. ആത്മീയമായി അവൾക്ക് ഈശോയുടെ അമ്മയായിരിക്കാൻ പാടില്ല– ആത്മീയമായി മറിയം ഈശോയുടെ പുത്രിയാണെന്നുവേണം പറയുവാൻ. എങ്കിലും ആത്മീയമായി അവൾ സന്തതിയില്ലാത്തവളായിരിക്കാൻ പാടില്ല, എന്തുകൊണ്ടെന്നാൽ അവൾ ഉപവിയുടെ രാജ്ഞിയാകുന്നു; ഉപവിയാകട്ടെ, എപ്പോഴും ഫലസംപൂർണ്ണയായ മാതാവാകുന്നു. തന്റെ ഉപവിവഴിയായി മറിയം മനുഷ്യാവതാരത്തിനു സമ്മതം കൊടുത്തുകൊണ്ടും കുരിശിൻചുവട്ടിൽനിന്നുകൊണ്ടും, ലോകത്തിന്റെ വീണ്ടെടുപ്പിൽ സഹകരിക്കുകയും, അങ്ങനെ ഹവ്വാ വരുത്തിയ നാശത്തെ പരിഹരിക്കുകയും ചെയ്തു. ഇപ്രകാരം അവൾ ആത്മീയമായി തന്റെ പുത്രന്റെ അവയവങ്ങളുടെ അമ്മയായിത്തീരുന്നു. മാമ്മോദീസായിൽ നാം മിശിഹായുടെ ശരീരത്തിന്റെ അവയവങ്ങളായിത്തീർന്നപ്പോൾ, നാം മിശിഹായിൽ ദൈവത്തിന്റെ മക്കൾ മാത്രമല്ല, നമ്മുടെ ശിരസ്സിന്റെ അമ്മയുടെ മക്കളുംകൂടി ആയിത്തീർന്നു. ഇപ്രകാരമാണു് വി. അഗുസ്തീനോസ് പഠിപ്പിക്കുന്നതു്. മിശിഹാ വിഭജിക്കപ്പെടുന്നില്ല. ദൈവമാകുന്ന ഏക മിശിഹാ, നാം ഏതു ശരീരത്തിന്റെ അവയവങ്ങളാകുന്നുവോ ആ ശരീരത്തിന്റെ ശിരസ്സാകുന്നു. അതിനാൽ ദൈവത്തിന്റെ മാതാവ് മിശിഹായുടെ ശരീരത്തിന്റെ അവയവങ്ങളുടെ മാതാവാകുന്നു.

നമ്മുടെ ദിവ്യരക്ഷകൻ കുരിശിൽ തൂങ്ങിക്കിടന്ന മൂന്നു മണിക്കൂർ നേരത്തിനിടയ്ക്കു് താൻ അരുൾചെയ്തതായ ഏഴു വാക്കുകൾ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇവയിൽ മൂന്നാമത്തേതു്, "ഇതാ നിന്റെ അമ്മ" എന്നാകുന്നു. ഈ വാക്കുകൾ ഈശോ വാത്സല്യശിഷ്യനായ യോഹന്നാനോട്ട് അരുൾ ചെയ്തതാണു്. സുവിശേഷത്തിൽ പറയപ്പെട്ടിരിക്കുന്ന "കർത്താവിന്റെ സഹോദരന്മാർ" മറിയത്തിന്റെ പുത്രന്മാരല്ലെന്നുള്ള

തിന് ഒരു തെളിവായി സഭാപിതാക്കന്മാർ ഈ വസ്തുതയെ ചൂണ്ടിക്കാണിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവർ മറിയത്തിന്റെ പുത്രന്മാരായിരുന്നെങ്കിൽ മിശിഹാ അവരിലൊരാളെ മറിയത്തെ സംരക്ഷിക്കാനുള്ള ചുമതല ഏൽപ്പിക്കുമായിരുന്നു. ഈ ചുമതല വഹിക്കാൻ തന്റെ ഹൃദയനൈർമ്മല്യം നിമിത്തം സ്നേഹിക്കപ്പെട്ട യോഹന്നാൻ തിരിഞ്ഞെടുക്കപ്പെട്ടതിന്റെ ഔചിത്യത്തെപ്പറ്റിയും സഭാപിതാക്കന്മാർ നമ്മെ ഓർമ്മിപ്പിക്കുന്നു. താൻ ഈ ലോകത്തിൽനിന്നു പിരിയുന്നതിനു മുൻപ് നമ്മുടെ ദിവ്യരക്ഷകന് തന്റെ ഹൃദയത്തിന് മററെല്ലാററിനെയുംകാൾ കൂടുതൽ സ്നേഹമുള്ള രണ്ടു നിധികൾ ഉണ്ടായിരുന്നു– തന്റെ മാതാവും തന്റെ സഭയും. ഈ രണ്ടു നിധികളും അവിടുന്നു രണ്ടു പേർക്കായി വീതിച്ചു കൊടുത്തു. മിശിഹായുടെ സഭ തന്റെ കർത്താവിനെ മൂന്നു പ്രാവശ്യം ഉപേക്ഷിച്ച പത്രോസിന്റെ സൂക്ഷ്മത്തിന് ഏൽപ്പിക്കപ്പെട്ടു, എന്തുകൊണ്ടെന്നാൽ, പരിശുദ്ധ സഭ എല്ലാക്കാലത്തും പാപികളുടെ സ്നേഹിതയും പാപികളുടെ ഭവനവും ആയിരിക്കേണ്ടിയിരുന്നു. എന്നാൽ മിശിഹായുടെ കറയില്ലാത്ത മാതാവ് പരിശുദ്ധനായ യോഹന്നാന്റെ സംരക്ഷണത്തിനാണ് ഏൽപ്പിക്കപ്പെട്ടത്. കന്യകകളുടെ കന്യക, ഈശോ പ്രത്യേക വിധത്തിൽ സ്നേഹിച്ചിരുന്ന പരിശുദ്ധനായ യുവാവിന്റെ കാവലിനേല്പിക്കപ്പെട്ടു. സഭ പത്രോസിന്; മറിയം യോഹന്നാനും.

കുരിശിൽ കിടന്നുകൊണ്ട് കർത്താവു യോഹന്നാനോട് അരുളിയ ഈ വാക്കുകൾ, ഈ വത്സലശിഷ്യനു കന്യകാമാതാവിനോടുണ്ടായിരുന്ന പ്രത്യേക ബന്ധത്തെ കാണിക്കുന്നുണ്ടെങ്കിലും, അവയ്ക്കു കൂടുതൽ വ്യാപകമായ ഒരർത്ഥംകൂടിയുണ്ടെന്നുള്ളത് നാം ഓർക്കേണ്ടതാണ്. യോഹന്നാൻ, കർത്താവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട്, അവിടുത്തെ തങ്ങളുടെ നാഥനായി സ്വീകരിക്കുന്ന എല്ലാ ശിഷ്യന്മാരുടെയും സാദൃശ്യവും പ്രതിരൂപവും ആയിരുന്നു.

തന്റെ തിരിഞ്ഞെടുക്കപ്പെട്ട ശിഷ്യനു കർത്താവു കൊടുത്ത ഈ ദാനത്തിൽ– "ഇതാ നിന്റെ അമ്മ"– എല്ലാ ക്രിസ്ത്യാനികൾക്കും പങ്കുണ്ട്. "ഇതാ നിന്റെ പുത്രൻ" എന്ന മിശിഹായുടെ വാക്കുകൾ മറിയം കേട്ടപ്പോൾ, അവൾ തന്റെ ശാരീരിക കണ്ണുകൾകൊണ്ട്, വിശ്വസ്തതയോടെ കുരിശിൻചുവട്ടിൽ

തൻെറ അടുത്തു നിന്നിരുന്ന യോഹന്നാനെ കണ്ടു. എന്നാൽ, എല്ലാകാലത്തും യോഹന്നാനോടുകൂടി തന്നെ മാതാവെന്നു വിളിക്കുന്ന എല്ലാവരെയും മറിയം തൻെറ മക്കളായി യോഹന്നാനിൽ സ്വീകരിച്ചില്ലെന്ന് ആക്കു പറയുവാൻ സാധിക്കും?

"ഇതാ നിൻെറ പുത്രൻ" എന്ന വാക്കുകളിൽ എല്ലാ ക്രിസ്ത്യാനികളും ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടെന്ന് സഭാപിതാക്കന്മാരാരും എഴുതിയിട്ടുള്ളതായി നാം അറിയുന്നില്ലെന്നുള്ളതു വാസ്തവമാണ്. എന്നാൽ, തങ്ങൾ ഗ്രഹിച്ചിട്ടില്ലാത്ത അന്തരാത്ഥങ്ങൾ വിശുദ്ധ ലിഖിതങ്ങളിൽ കണ്ടുപിടിക്കാൻ സാധിച്ചേക്കാമെന്ന് അവർ പലപ്പോഴും പറഞ്ഞിട്ടുണ്ട്. കത്താവിൻെറ വാക്കുകളുടെ കൂടുതൽ വ്യാപകമായ അത്ഥം അവർ കണ്ടിരുന്നെങ്കിൽ അവർ അതിനെ സ്വീകരിക്കുമായിരുന്നെന്ന് അവരുടെ കൃതികളുടെ സ്വഭാവത്തിൽനിന്നു നമുക്കു മനസ്സിലാക്കാൻ കഴിയും.

മദ്ധ്യശതകങ്ങൾ മുതൽ ഈ വ്യാഖ്യാനം പ്രചാരത്തിലാകുകയും, അനേകം വിശുദ്ധന്മാരും വേദശാസ്ത്രജ്ഞന്മാരും അതു പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പതിന്നാലാം ബനദിക്തോസ്, എട്ടാം പീയൂസ്, പതിമ്മൂന്നാം ലെയോൻ എന്നീ മാപ്പാപ്പാമാർ ചാക്രികലേഖനങ്ങൾ വഴിയായി അതു പ്രഖ്യാപനം ചെയ്തിട്ടുമുണ്ട്. "മിശിഹാ യോഹന്നാനിൽ മനുഷ്യവഗ്ഗത്തെ മുഴുവനും, പ്രത്യേകിച്ച്, വിശ്വാസംവഴി തന്നോട് ഐക്യപ്പെട്ടിരിക്കുന്നവരെയും ആണ്" നാമകരണം ചെയ്തിരിക്കുന്നതു്.

അതിനാൽ, നാം ഈശോമിശിഹായുടെ സഹോദരന്മാരും സഹോദരികളും, തൻെറ ശരീരത്തിൻെറ അവയവങ്ങളും തൻെറ ശിഷ്യരും ആയിരിക്കുന്നതിനാൽ, നാം മറിയത്തിൻെറ മക്കളാണെന്നു വിശ്വസിക്കുന്നു. മറിയത്തിൻെറ മാതൃത്വം രണ്ടു വിധത്തിലുള്ളതാണ്. അവൾ അളവില്ലാത്ത പരിശുദ്ധിയുള്ള ദൈവത്തിൻെറ മാതാവാകുന്നു; അവൾ പാപികളായ മനുഷ്യരുടെ മാതാവുമാകുന്നു. അവൾ രക്ഷകൻെറ മാതാവാകുന്നു; രക്ഷിക്കപ്പെട്ടവരുടെ മാതാവും ആകുന്നു.

ഒരമ്മയുടെ സ്നേഹം ലോകത്തിലുള്ളതിൽ ഏററം ശക്തിയുള്ള സ്നേഹമല്ലായിരിക്കാം, എന്നാൽ അതു് ഏററം സൌമ്യവും മൃദുലവും അനുകമ്പാപൂണ്ണവും ആയ സ്നേഹമാണെന്നുള്ളതിനു സംശയമില്ല. ദൈവപുത്രൻ മുപ്പതു വഷം ഈ ലോകത്തിൽ അജ്ഞാതജീവിതം കഴിച്ചപ്പോൾ, അവിടുത്തെ ശുശ്രൂഷിക്കുന്ന

തിനായി ഒരു മാതാവു നിയുക്തയായിരുന്നു. ഈ മാതാവിന്റെ ഹൃദയം, അവളുടെ ദിവ്യപുത്രന് ഒരു സൃഷ്ടിയിൽനിന്നെങ്കിലും ന്യായമായി കിട്ടേണ്ടിയിരുന്ന സ്നേഹസമ്പത്തു മുഴുവൻ കിട്ടത്തക്ക വിധത്തിൽ ദൈവം സൃഷ്ടിച്ചതായിരുന്നു. എപ്പോഴും പരിശുദ്ധമായ മാതാവും പുത്രനും തമ്മിലുള്ള ബന്ധം, മാതാവു മറിയവും പുത്രൻ ഈശോയും ആകുമ്പോൾ അതിന്റെ ഏററം ഉന്നതമായ പരിപൂർണ്ണതയിൽ എത്തുന്നു. എല്ലാ മാതാക്കളുടെയും സ്നേഹത്തിന്റെ മകുടം ഈശോയുടെ അമ്മയായ മറിയത്തിന്റെ സ്നേഹമാകുന്നു.

മറിയം എല്ലാ സ്ത്രീകളിലുംവച്ചു വാഴ്ത്തപ്പെട്ടവളാകുന്നു. അവൾ മററെല്ലാ സ്ത്രീകളെയുംകാൾ കൂടുതൽ മൃദുലയും ഗ്രഹണശക്തിയുള്ളവളും സൌമ്യയും, അനുകമ്പയുള്ളവളും, സ്ത്രീസഹജമായ സൽഗുണങ്ങൾ നിറഞ്ഞവളും ആകുന്നു— അതും പ്രധാനമായി അവളുടെ പുത്രനുവേണ്ടിയാകുന്നു. ബേസ്ലഹമ്മിൽവച്ച് അവൾ ഈശോയെ നോക്കി പുഞ്ചിരി തൂകിയപ്പോൾ, മാലാഖാമാർ അദ്ഭുതപ്പെട്ട്, പരിപൂർണ്ണയായ ഒരമ്മയുടെ പുഞ്ചിരിയെ സൂക്ഷിച്ചുനോക്കി; നസറത്തിൽ അവൾ തന്റെ ശിശുവിനെ മാറോടണച്ചപ്പോൾ, അതു് മാലാഖാമാരുടെ നാഥന് അവർക്കു കൊടുക്കാൻ കഴിവില്ലായിരുന്ന ഒരു സ്നേഹം, അവരുടെ രാജ്ഞി കൊടുക്കുന്ന ഒരാലിംഗനം, ആയിരുന്നു. അവൾ ഗാഗുൽത്തായിൽ കുരിശിൻചുവട്ടിൽ നിന്നപ്പോൾ, കർത്താവിനെ ഏററമധികം സ്നേഹിച്ച മഗ്ദലനമറിയം അവളുടെ അടുത്തു മുട്ടിന്മേൽ നിന്നിരുന്നു. എന്നാൽ മഗ്ദലനമറിയത്തിന്റെ സ്നേഹം മറിയത്തിന്റെ സ്നേഹത്തോടുപമിച്ചു നോക്കുമ്പോൾ വീഞ്ഞിനരികെ വെള്ളംപോലെയേ ആയിരിക്കാൻ പാടുള്ളു.

പരിശുദ്ധ കന്യക തന്റെ പുത്രനായ നമ്മുടെ കർത്താവിനെ ഈലോകത്തിൽവച്ച് എത്ര മൃദുലമായും, ഗ്രഹണശക്തിയോടും വിശ്വസ്തതയോടുംകൂടിയും സ്നേഹിച്ചുവോ അതേ വിധത്തിൽതന്നെ നമ്മെയും സ്നേഹിക്കുന്നു. അവൾ എന്തെല്ലാം ആയിരുന്നുവോ അതെല്ലാം ദൈവം അവളെ ആക്കിയതു്, ഒന്നാമതായി അവളിൽനിന്നും ശരീരമെടുത്ത മിശിഹായ്ക്കുവേണ്ടിയും, രണ്ടാമതായി മിശിഹാ ആർക്കുവേണ്ടി മരിക്കാനിരുന്നുവോ അവർക്കെല്ലാവർക്കുംവേണ്ടിയും ആയിരുന്നു. മിശിഹായുടെ മാതാവു നമ്മുടെ മാതാവാകുന്നു. തന്റെ അമ്മയെ അവിടുന്നു നമുക്കുതന്നു.

ഇതു തീർച്ചയായും അവിടുത്തെ ദാനങ്ങളിൽ ഏററവും പരിശുദ്ധവും ഹൃദയസ്പൃശ്കവുമായ ഒന്നാകുന്നു. ഈ വസ്തുതയാകുന്നു കത്തോലിക്കരല്ലാത്തവൎക്കു മനസ്സിലാക്കാൻ സാധിക്കാത്ത ഒരു സമാധാനവും ശരണവും സന്തോഷവും മറിയം തങ്ങളുടെ സ്വന്തമാണെന്നുള്ള ബോധവും കത്തോലിക്കൎക്കു നൽകുന്നതു്. മറിയം ക്രോവേന്മാരുടെയും സ്രാപ്പേന്മാരുടെയും മുകളിൽ ഉയൎത്തപ്പെട്ടിരിക്കുന്ന വലിയ നാഥയാകുന്നു, എന്നാൽ അവൾ നാം തൻെറ മക്കളാകുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്ന നമ്മുടെ പ്രിയ മാതാവുംകൂടിയാണെന്നു ഓൎക്കാൻ നാം ഇഷ്ടപ്പെടുന്നു. അവൾ സ്വൎഗ്ഗരാജ്ഞിയായി മുടി ധരിപ്പിക്കപ്പെട്ടിരിക്കുന്നു; അവൾ ഭൂമിയിൽ നമ്മുടെ ഹൃദയങ്ങളിലും സിംഹാസനം ഉറപ്പിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ തൻെറ ശിശുവായ ഈശോയെ ശൈശവകാലത്തു കാത്തുസൂക്ഷിച്ചതുപോലെ നമ്മെയും എപ്പോഴും അവൾ കാത്തുസൂക്ഷിക്കുമെന്നു് വിശ്വസിക്കാൻ നമുക്കറിയാം. അവൾ ഈശോയോടു വിശ്വസ്തതയുള്ളവളായിരുന്നതുപോലെ—നാം ഇതു വിശ്വസിക്കുകമാത്രം ചെയ്യുമെങ്കിൽ— നമ്മുടെ വിഷമങ്ങളിലും നമ്മുടെ കഷ്ടതകളിലും, ജീവിതത്തിൻെറ എല്ലാ വിനാഴികകളിലും അവസാനംവരെയും, നമ്മോടും വിശ്വസ്തതയുള്ളവളായിരിക്കും.

പരിശുദ്ധമായ സകല സ്നേഹത്തിൻെറയും ഉദ്ഭവസ്ഥാനമായ ദൈവത്തിൻെറ സ്നേഹം കഴിഞ്ഞാൽ, മറിയത്തിൻെറ സ്നേഹംപോലെ ഒരു സ്നേഹം ഉണ്ടായിരിക്കാൻ പാടില്ല. അതിൻെറ ആഴവും വലിപ്പവും മാനുഷികവാക്കുകൾക്കു വർണ്ണിക്കാനോ ബുദ്ധിക്കു ഗ്രഹിക്കാനോ സാധിക്കയില്ല. എന്നാൽ അതു നമുക്കെല്ലാവൎക്കും അനുഭവത്തിൽ അറിയാവുന്നതാണു്. കാരണം, മനോഹരമായ സ്നേഹത്തിൻെറ ഈ അമ്മയെ ദൈവം നമുക്കെല്ലാവൎക്കും തന്നിരിക്കുന്നു എന്നതത്രെ. ഓരോരുത്തരോടും അവിടുന്നു "ഇതാ നിൻെറ അമ്മ" എന്നു പറയുന്നു.

## അദ്ധ്യായം ൫

## വ്യാകുലമനുഷ്യൻെറ മാതാവായ മറിയം

നമ്മുടെ നാഥ മിശിഹായോടടുത്തിരിക്കുന്നവളും മിശിഹായെപ്പോലെയുള്ളവളും ആകുന്നു. മറിയം മിശിഹായോടടുത്തിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അവൾ അവിടുത്തെ മാതാവാകുന്നു. അവൾ മിശിഹായെപ്പോലെയാകുന്നു, എന്തുകൊണ്ടെന്നാൽ അവൾ കാരുണ്യത്തിൻെറ മാതാവാകുന്നു, അവളുടെ ഹൃദയം മനുഷ്യരുടെ കഷ്ടതകളോടുള്ള സഹതാപത്താൽ നിറഞ്ഞൊഴുകുന്നു.

തൻെറ ദിവ്യപുത്രനോടുള്ള ഈ സാമീപ്യവും സാദൃശ്യവും മറിയത്തിൻെറ വ്യാകുലതകളുടെ വലിപ്പത്തിലെന്നപോലെ അത്ര തെളിവായി വേറെ ഒരിടത്തും കാണപ്പെടുന്നില്ല. നിത്യനായ ദൈവം നമ്മുടെ ദുഃഖങ്ങളും പാപങ്ങളും കുരിശിൽ കിടന്നുകൊണ്ടു വഹിച്ചു; വ്യാകുല കന്യകയായ അവിടുത്തെ അമ്മ മൂന്നു മണിക്കൂർ നേരം ഹൃദയം തകന്നു് കുരിശിൻചുവട്ടിൽ നിന്നു. മനുഷ്യനു സഹിക്കാൻ പാടുള്ളതെല്ലാം അതിൻെറ പാരമ്യത്തിൽ നമ്മുടെ കർത്താവു സഹിച്ചു; "അനേകം ഹൃദയങ്ങളിൽനിന്നു വിചാരങ്ങൾ വെളിപ്പെടുത്തപ്പെടുന്നതിനായി," നമ്മുടെ നാഥയുടെ ആത്മാവു് ഒരു വാൾകൊണ്ടു തുളയ്ക്കപ്പെട്ടു. കുരിശുരൂപത്തിനു മുമ്പിൽ മാത്രമല്ല, മരിച്ച തൻെറ പുത്രനെ കൈയിൽ വഹിച്ചിരിക്കുന്ന വ്യാകുലമാതാവിൻെറ രൂപത്തിൻ മുമ്പിലും, മുട്ടിന്മേൽ നിന്നുകൊണ്ടു്, സങ്കടമനുഭവിക്കുന്ന ക്രിസ്ത്യാനികളുടെ അനേകം തലമുറകൾ, ഈ ലോകത്തിൽ ആശ്വാസമെന്ന പേരിനു് അർഹമായ ഏക ആശ്വാസം— ക്രിസ്തീയ വിശ്വാസത്തിലെ രഹസ്യങ്ങളിൽനിന്നു വരുന്ന ആശ്വാസം— കണ്ടെത്തിയിട്ടുണ്ടു്.

ആരുടെയും ജീവിതം ദുഃഖസങ്കടങ്ങളിൽനിന്നു പൂർണ്ണമായി ഒഴിവായിരിക്കയില്ല. വേദനയിൽ നാം ഈ ലോകത്തിലേക്കു പ്രവേശിച്ചു. വേദനയിൽ നാം ഈ ലോകത്തിൽനിന്നു പിരിയുന്നു. ശിശുത്തൊട്ടിയിൽനിന്നു നിത്യത്വത്തിലേക്കുള്ള

നമ്മുടെ യാത്രയിൽ മനുഷ്യജീവിതത്തിലെ ദുഃഖങ്ങൾ നമ്മെ വലയം ചെയ്യുന്നു. ലോകത്തിനു പ്രായം കൂടി വരുന്തോറും മനുഷ്യവർഗ്ഗത്തിൻെറ നെടുവീർപ്പു കുറഞ്ഞു കുറഞ്ഞു വരുന്നില്ല. മനുഷ്യവർഗ്ഗം പുരോഗമിക്കുന്നതോടുകൂടി ലോകത്തിൻെറ ഭാരം കുറയുന്നില്ല. ഇതിനു പരിഹാരം ഒന്നുമില്ലേ? ചുമടുകൾ യഥാർത്ഥത്തിൽ വഹിക്കാൻ പാടില്ലാത്തവയാണോ? ദൈവം കൂട്ടാകുന്നില്ലേ?

ഈ വക ചോദ്യങ്ങൾക്കു ശരിയായ ഉത്തരം പറയാൻ ക്രിസ്തുമതം മാത്രം അവകാശപ്പെടുന്നു. ഒരു പ്രതിവിധിയുണ്ട്. ചുമടുകൾ എല്ലാം, ഏററം ഭാരമുള്ള ചുമടുകൾപോലും, വഹിക്കുന്നതിൽ അലൌകികമായ ഒരു സന്തോഷം കണ്ടെത്തപ്പെടുന്നതുവരെ, അവ വഹിക്കപ്പെടാവുന്നവയും ഭാരം കുറഞ്ഞവയും ആക്കിത്തീർക്കാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ നമ്മുടെ ചുമടുകൾ തൻെറ സ്വന്തമായിരുന്നാലെന്നതുപോലെ ദൈവം തന്നെ തൻെറ ശരീരത്തിൽ വഹിച്ചിട്ടുണ്ട്. മറിയം തൻെറ, ശിശുവിനെ വഹിച്ചപ്പോൾ ആ ശിശുവിൻെറ ഭാരം അവളുടെ ജീവിതത്തിൻെറ സന്തോഷമായിരുന്നു. നമ്മുടെ ദിവ്യരക്ഷകൻ കുരിശും വഹിച്ചുകൊണ്ടു ഗാഗുൽത്താമല കയറിയപ്പോൾ, അതിൻെറ ഭാരം തൻെറ ആത്മാവിനെ ആനന്ദംകൊണ്ടു നിറച്ചു. അതുപോലെ നാം നമ്മുടെ മതത്തിൽ പ്രായോഗികമായി വിശ്വസിക്കുകമാത്രം ചെയ്യുകയാണെങ്കിൽ, നമുക്കും ഏറെക്കുറെ ഇപ്രകാരമായിരിക്കും.

എന്നാൽ ഇതെല്ലാം പഠിക്കാൻ പ്രയാസമുള്ള ഒരു പാഠമാണ്.

ദൈവം ഒരുരൂപിയും മാററമില്ലാത്തവനും ആകുന്നു. അതിനാൽ അവിടുത്തേക്ക് തൻെറ ദൈവസ്വഭാവത്തിൽ പീഡകൾ സഹിക്കാൻ പാടില്ല. എന്നാൽ ഒരു യഥാർത്ഥസത്യം നമ്മെ മനസ്സിലാക്കുന്നതിനുള്ള ഏക മാർഗ്ഗമായി, വിശുദ്ധ ഗ്രന്ഥത്തിൽ, അലങ്കാരഭാഷയിൽ ദൈവം ദുഃഖിച്ചെന്നും മനസ്താപപ്പെട്ടെന്നും കോപിച്ചെന്നും മററും പറയപ്പെട്ടിരിക്കുന്നു. അതിനാൽ ബലഹീനമായ മാനുഷികഭാഷയിൽ, മനുഷ്യൻെറ കഷ്ടതകൾ കണ്ടു് ദൈവം ദുഃഖിച്ചെന്നു നാം ന്യായമായി പറയുന്നു. ആത്മാവിലും ശരീരത്തിലും ആ കഷ്ടതകളിൽ പങ്കെടുക്കാൻ ദൈവം നിശ്ചയിച്ചെന്നുള്ളതു തീർച്ചയാണ്. ഇതു സാധിക്കുന്നതിനു

ദൈവം മനുഷ്യസ്വഭാവം— വേദനയനുഭവിക്കാൻ സാധിക്കുന്നതിന് ഒരു ശരീരവും, നാം സങ്കടപ്പെടുന്നതുപോലെ സങ്കടപ്പെടാവുന്ന ഒരാത്മാവും— എടുത്തു. ഇതു് അവിടുന്ന് സ്നേഹം നിമിത്തം സ്വമനസ്സാലെ ചെയ്തു. തൻെറ ഏക പുത്രനെ കൊടുക്കത്തക്കവണ്ണം അത്രയധികം പിതാവു ലോകത്തെ സ്നേഹിച്ചു. മാനുഷിക ഭാഷയിൽ പറയുകയാണെങ്കിൽ, ദൈവസ്വഭാവത്തിൻെറ അഗാധതകളിൽ, ദൈവത്തിൻെറ ഈ ദാനത്തിൽ ഒരു പരിത്യാഗം ഉൾപ്പെട്ടിരുന്നു. ഒരു ക്രിമിക്കു് മനുഷ്യഹൃദയത്തിൻെറ രഹസ്യങ്ങൾ എത്രത്തോളം മനസ്സിലാക്കാമോ അതിലും വളരെ കുറവായിട്ടു മാത്രമേ ഇതുപോലെയുള്ള ഒരു രഹസ്യം നമുക്കു ഗ്രഹിക്കാൻ സാധിക്കയുള്ളു. പിതാവു് തൻെറ പുത്രനെ കൊടുത്തു. പുത്രൻ പിതാവിൻെറ മനസ്സു നിറവേററാൻ ധൃതിപ്പെട്ടു്, തന്നെത്തന്നെ മനുഷ്യനു കൊടുക്കുന്നതിനുവേണ്ടി തന്നെത്തന്നെ വെറുമയാക്കി, അതായതു്, തൻെറ ദൈവത്വത്തെ മറച്ചു. പരിശുദ്ധാത്മാവി ഈ ദാനത്തിൽ— സ്നേഹംമൂലം ചൊരിഞ്ഞതും, വേർപെട്ടുപോയതിനെ ഒന്നിച്ചു ചേർക്കുന്നതും, മാനുഷിക ഹൃദയങ്ങളെയും ജീവിതങ്ങളെയും നവീകരിക്കുന്നതും, ആത്മാക്കളെ വിശുദ്ധീകരിക്കുന്നതിനു തനിക്കു് ഒരുപകരണമായിത്തീന്നതുമായ ഈ ദാനത്തിൽ— സന്തോഷിച്ചു.

ദൈവം മനുഷ്യനാകുകയും, ദൈവസ്വഭാവത്തിനു ചെയ്യാൻ പാടില്ലായിരുന്നതു ചെയ്യുകയും ചെയ്തു. മനുഷ്യരോടു സഹതാപം കാണിക്കുന്നതിനായി, ഓരോന്നിലും മൂർച്ചയുള്ള വേദനകൾ അടങ്ങിയിരുന്ന മാനുഷിക ബന്ധങ്ങളിലേക്കു താൻ പ്രവേശിച്ചു. ഒന്നിൽനിന്നും താൻ ഒഴിഞ്ഞു മാറിയില്ല. തൻെറ മാതാവിൻെറയും ശ്ലീഹന്മാരുടെയും, താൻ മുൻകൂട്ടിക്കണ്ട എല്ലാക്കാലങ്ങളിലുമുള്ള തൻെറ സ്നേഹിതന്മാരുടെയും സങ്കടങ്ങളിൽ അവിടുന്നും സങ്കടമനുഭവിച്ചു. തൻെറ പ്രിയപ്പെട്ട നഗരമായ ഓറശ്ലത്തിൻെറ നാശത്തിൽ അവിടുന്നു കരഞ്ഞു; ലാസറിൻെറ കുഴിമാടത്തുങ്കൽ അവിടുന്നു കണ്ണുനീർ ചിന്തി. തൻെറ സ്വന്തജനത്തെ അവിടുന്നു സ്നേഹിച്ചപ്പോൾ അവസാനംവരെ അവരെ താൻ സ്നേഹിക്കുകയും ഒടുക്കം കുരിശിൽ തൂങ്ങി മരിക്കുകയുംചെയ്തു.

മിശിഹായുടെ ഭയങ്കര പീഡകളെപ്പററി ഇവിടെ വിസ്തരിച്ചു പറയുന്നില്ല. അവ വിശുദ്ധ ലിഖിതങ്ങളിൽ വിവരി

ക്കപ്പെട്ടിട്ടുണ്ട്. ഈ വിശുദ്ധ ഗ്രന്ഥങ്ങൾ ദൈവനിവേശിതമായ വാക്കുകളിൽ മിശിഹായുടെ കഷ്ടതകളെ വിവരിച്ചിട്ടുണ്ട്. ഈ കഷ്ടാനുഭവം മനുഷ്യാവതാരത്തിന്റെ ക്ഷണംമുതൽ ആരംഭിക്കുകയും ഉച്ചത്തിലുള്ള ഒരു നിലവിളിയോടുകൂടി നമ്മുടെ കർത്താവു തല കുനിച്ചു തന്റെ പിതാവിന്റെ കൈകളിലേക്കു തന്റെ ആത്മാവിനെ സമർപ്പിച്ചപ്പോൾ മാത്രം അവസാനിക്കുകയും ചെയ്തു. കാലത്തിന്റെ അവസാനംവരെ, സുവിശേഷങ്ങളും കുരിശുരൂപവും ദൈവം മനുഷ്യരോടു സഹതപിക്കുന്നുണ്ടെന്നു തെളിയിക്കും. പരമാവധിവരെ മനുഷ്യരുടെ കഷ്ടതകളെല്ലാം സഹിക്കുന്നതിനും അവയിൽ പങ്കെടുക്കുന്നതിനും അവിടുന്ന് ഒരു വഴി കണ്ടുപിടിക്കുകപോലും ചെയ്തു.

"പിതാവേ, കഴിയുമെങ്കിൽ ഈ കാസാ എന്നിൽനിന്നു കടന്നുപോകട്ടെ," എന്നായിരുന്നു മിശിഹാ ഗെദ്സേമ്മാൻ തോട്ടത്തിൽവച്ച് അതികഠിനമായ സങ്കടം അനുഭവിച്ചപ്പോൾ പ്രാർത്ഥിച്ചതു്. അവിടുന്ന് ഇപ്രകാരം നിലവിളിച്ചു പ്രാർത്ഥിച്ചതു്! താൻ ആ സമയത്തു് അനുഭവിച്ച മനോവേദന അല്പമായിട്ടെങ്കിലും നമ്മെ മനസ്സിലാക്കുന്നതിനാണ്. തന്റെ പിതാവിന്റെ തിരുമനസ്സ് ആകാശത്തിലെപ്പോലെ ഭൂമിയിലും നിറവേറണമെങ്കിൽ ഈ കാസാ തന്നിൽനിന്നു കടന്നുപോകാൻ പാടില്ലെന്നു നമ്മുടെ ദിവ്യരക്ഷകന് അറിയാമായിരുന്നു. ഇവ പരമരഹസ്യങ്ങളാകുന്നു. ജനക്കൂട്ടത്തിന്റെമേൽ അലിവു തോന്നിയ അവിടുന്നു സ്നേഹിക്കയും സങ്കടമനുഭവിക്കയും മരിക്കയും ചെയ്തതു് ഓരോ പ്രത്യേക ആത്മാവിനും വേണ്ടിയായിരുന്നെന്ന് നാം ഗ്രഹിച്ചാൽ മതി. "അവിടുന്ന് എന്നെ സ്നേഹിക്കുകയും, എനിക്കുവേണ്ടി തന്നെത്തന്നെ ബലികഴിക്കുകയും ചെയ്തു." അതേ, ദൈവം പരിഗണിക്കുന്നുണ്ട്, എന്തുകൊണ്ടെന്നാൽ മിശിഹാ പരിഗണിക്കുന്നുണ്ടെന്ന് താൻ തെളിയിച്ചിട്ടുണ്ട്, മിശിഹാ ദൈവവും ആകുന്നു.

എന്നാൽ മിശിഹാ മാത്രം കഷ്ടതകൾ അനുഭവിച്ചിരുന്നെങ്കിൽ, അതായതു്, സൃഷ്ടികൾക്കാർക്കും ഈ കഷ്ടതകളിൽ യാതൊരു വിധത്തിലും പങ്കെടുക്കാൻ പാടില്ലായിരുന്നെങ്കിൽ, നമുക്കൊരു വലിയ പരീക്ഷയുണ്ടായേക്കാമായിരുന്നു. "എന്റെ കർത്താവായ മിശിഹാ എനിക്കുവേണ്ടി മരിച്ചു. അവിടുന്നു മാത്രമാണ് എന്റെ രക്ഷകൻ. തന്റെ മരണം വഴിയായി എന്റെ

പാപങ്ങൾക്ക് അവിടുന്നു പരിഹാരം ചെയ്തു. ഇനി ഞാനെന്തിനാണ് പീഡകൾ സഹിക്കുന്നതു്? എന്നു ചോദിക്കാൻ നാം പരീക്ഷിക്കപ്പെട്ടേക്കാമായിരുന്നു.

ഇതിനു കത്തോലിക്കാവിശ്വാസം മറുപടി തരുന്നു. ഏററം ഉന്നതമായ അർത്ഥത്തിൽ, നമ്മുടെ കർത്താവു മാത്രമേ കഷ്ടതയനുഭവിച്ചുള്ളു. യഥാർത്ഥത്തിൽ, താൻ മാത്രം നമ്മുടെ ഏകരക്ഷകനാകുന്നു; താൻ മാത്രം നമ്മുടെ എല്ലാ പാപങ്ങൾക്കും പരിപൂർണ്ണമായി പരിഹാരം ചെയ്തു! എന്നാൽ അവിടുത്തെ കഷ്ടതകളിൽ തൻെറ ദാസന്മാർക്കും പങ്കെടുക്കാമെന്നും അപ്രകാരം ചെയ്യണമെന്നുള്ളതു തൻെറ തിരുമനസ്സാണെന്നും ഉള്ളതു് അതുപോലെതന്നെ യഥാർത്ഥമാണ്. നാം അവിടുത്തെ ശരീരത്തിൻെറ അവയവങ്ങളാകുന്നു. ദുഃഖവെള്ളിയാഴ്ചയില്ലാതെ കർത്താവിനു് ഉയിർപ്പു ഞായറാഴ്ച ഉണ്ടായിരിക്കാൻ പാടുണ്ടായിരുന്നില്ല. അതിനാൽ അവിടുത്തെ ഉയിപ്പിൽ നമുക്കും പങ്കുണ്ടായിരിക്കണമെങ്കിൽ, തൻെറ കഷ്ടാനുഭവത്തിലും ഒരു ചെറിയ അളവിൽ നാം പങ്കെടുക്കണമെന്നുള്ളതു ന്യായവും ഉചിതവും ആയിട്ടുള്ളതാകുന്നു.

മോക്ഷത്തിലേക്ക കയറുന്നതിനു ഒരു എളുപ്പമുള്ള ഗോവണിയാകുന്നു കുരിശു്. നമ്മുടെ രക്ഷകനെ തൻെറ ചുമടു വഹിക്കാൻ സഹായിക്കാനുള്ള ഭാഗ്യം ലഭിച്ച കെവുറീനിലെ ശിമയോൻ, വിശുദ്ധ കുരിശിന്മേൽ തൊട്ടപ്പോൾ ഒരു പുണ്യവാനായിത്തീർന്നതുപോലെ, മിശിഹാ കൊടുക്കുന്ന എല്ലാ കുരിശുകളും സ്വീകരിച്ചു്, അതുപോലെ തന്നെ ശുശ്രൂഷിക്കുന്ന എല്ലാവർക്കും അപ്രകാരംതന്നെ സംഭവിക്കും.

ദൈവം ആദത്തെ സൃഷ്ടിച്ചതു കഷ്ടതയനുഭവിക്കാനായിരുന്നില്ല. പാപത്തിൻെറ ഫലമായിട്ടാണ് സങ്കടങ്ങൾ ഉണ്ടായതു്. എന്നാൽ പാപവും ദുരിതവും ലോകത്തിൽ പ്രവേശിച്ചപ്പോൾ, കരുണാനിധിയായ ദൈവം തിന്മയിൽനിന്നു നന്മയെ ഉളവാക്കുകയും, ശിക്ഷ നമ്മുടെ വിശുദ്ധീകരണത്തിനുള്ള അവസരമാക്കുകയും ചെയ്തു. അതിനാൽ ക്രിസ്ത്യാനികൾ തങ്ങളുടെ താരതമ്യേന ലഘുവായ ദുരിതങ്ങളെ മിശിഹായുടെ വലുതായ കഷ്ടാനുഭവത്തോടു യോജിപ്പിച്ചുകൊണ്ടു്, തങ്ങളുടെ പാപങ്ങൾക്കുള്ള ശിക്ഷയാകുന്ന കടം വീട്ടുകയും, ദൈവത്തിൻെറ

ദ്ധഷ്ടിയിൽ യോഗ്യത സമ്പാദിക്കുകയും, ക്രിസ്തീയ അരൂപിതങ്ങളിൽ ക്രമേണ ഉളവാകുവാൻ ഇടവരുത്തുകയും, തങ്ങൾ അറിയാതെതന്നെ മിശിഹായെപ്പോലെ ആയിത്തീരുകയും, അങ്ങനെ തങ്ങളുടെ പാപങ്ങൾക്കു മാത്രമല്ല, പിന്നെയോ തങ്ങളുടെ സ്നേഹിതന്മാരുടെ പാപങ്ങൾക്കുവേണ്ടിക്കൂടിയും ദൈവനീതിയെ തൃപ്തിപ്പെടുത്തുന്നതിനു അവർ പ്രാപ്തരാക്കപ്പെടുകയും ചെയ്യുന്നു. ഇക്കാരണത്താൽ, വി. പൌലോസ് കൊളോസിയാക്കാർക്കുള്ള ലേഖനത്തിൽ ഇപ്രകാരം എഴുതാൻ മടിച്ചില്ല: "നിങ്ങൾക്കുവേണ്ടിയുള്ള എൻെറ കഷ്ടതകളിൽ ഞാൻ സന്തോഷിക്കുയും, തൻെറ സഭയാകുന്ന തൻെറ ശരീരത്തിനുവേണ്ടി, മിശിഹായുടെ കഷ്ടതകളിൽ പോരായ്മയുണ്ടായിരുന്നവയെ എൻെറ ശരീരത്തിൽ ഞാൻ തികക്കുകയും ചെയ്യുന്നു."

ഒരത്ഥത്തിൽ, മിശിഹായുടെ കഷ്ടാനുഭവത്തിൽ എന്തെങ്കിലും പോരായ്കയുണ്ടായിരുന്നെന്നു പറയുന്നതു് ദൈവദൂഷണമാകുമായിരുന്നു. പതിനായിരം ലോകങ്ങളെ വീണ്ടെടുക്കാൻ അവിടുത്തെ വിലതീരാത്ത തിരുരക്തത്തിൻെറ ഒരു തുള്ളി മതി. എന്നാൽ നമ്മുടെ ഭാഗത്തു നാം ചെയ്യാനുള്ളതു ചെയ്യണമെന്നു ദൈവം നിയോഗിച്ചിരിക്കുന്നതിനാൽ അതു ചെയ്യുന്നതിനു താൻ നമുക്കു സ്വാതന്ത്ര്യം തന്നിരിക്കുന്നു. നാം അതു നിറവേററുന്നതുവരെ അതു് ഒരു കുറവായി ഇരിക്കുകയും ചെയ്യും. ഗാഗുൽത്തായിലേക്കുള്ള യാത്രയിലെ കഷ്ടതയിൽ കെവുറീൻകാരന് ഒരു നിശ്ചിത പങ്കുണ്ടായിരിക്കണമെന്നു നിയോഗിക്കപ്പെട്ടിരിക്കുന്നു. അയാളുടെ യോഗ്യതക്കും വിശുദ്ധീകരണത്തിനും വേണ്ടി മിശിഹാ ആ പങ്ക് അയാൾക്കു വിട്ടുകൊടുത്തു. അതുപോലെ, അവരുടെ ആത്മാവുകൾക്കുവേണ്ടി മാത്രമല്ല, പിന്നെയോ സഭയാകുന്ന തൻെറ ശരീരത്തിനു വേണ്ടിക്കൂടിയും, തൻെറ കഷ്ടാനുഭവത്തിൽ പോരായ്കയായുള്ളവയെ അവരുടെ ശരീരത്തിൽ തികക്കുന്നതിനായി അവിടുന്നു തൻെറ ശരീരത്തിൻെറ അവയവങ്ങൾക്കു ചിലതെല്ലാം വിട്ടുകൊടുത്തിരിക്കുന്നു. മിശിഹായോടുകൂടി സഹപ്രവത്തകരായിരിക്കാൻ നാമെല്ലാം വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ ക്രിസ്ത്യാനിയുടെയും ഉന്നതമായ ദൈവവിളി ഇതാകുന്നു. നമ്മുടെ സൽപ്രവൃത്തികളെ നമ്മുടെ കത്താവീശോമിശിഹായുടെ കഷ്ടതകളോടു യോജിപ്പിച്ചുകൊണ്ടുമാത്രം, "സൽപ്ര

വൃത്തികൾ വഴി ഇങ്ങനെ നമ്മുടെ വിളിയും തിരിഞ്ഞെടുപ്പും നമുക്കു നിശ്ചിതമാകും."

മിശിഹായോടു നാം എത്രയധികം അടുക്കുന്നുവോ അത്രയധികം കുരിശിനോടും നാം അടുക്കുന്നെന്ന് അനുഭവം ക്രിസ്ത്യാനികളെ പഠിപ്പിക്കുന്നു. പുണ്യവാന്മാരുടെ ജീവിതങ്ങളെല്ലാം പുറമെയുള്ള സാഹചര്യങ്ങളിൽ വളരെ വ്യത്യാസപ്പെട്ടിരിക്കുന്നെങ്കിലും, അവരെല്ലാം ഗണ്യമായ തോതിൽ മിശിഹായുടെ കഷ്ടതകളിൽ പങ്കെടുത്തിരുന്നെന്നുള്ളതിൽ എല്ലാവരും യോജിച്ചിരിക്കുന്നു. ഇതാകുന്നു അവരുടെ പ്രത്യേക അടയാളം. സ്വഭാവത്തിനു മേല്പെട്ട അവരുടെ ശക്തിയും വിലയും എല്ലാം ഇതിൽനിന്നാണ് അവക്കു കിട്ടുന്നതു്. കുരിശുമായുള്ള സ്പർശനത്തിൽനിന്ന് എല്ലാ വിശുദ്ധിയും ഉത്ഭവിക്കുന്നു. ഇതിൽനിന്ന് നമ്മുടെ കർത്താവിനോടു തൻെറ ഭാഗ്യപ്പെട്ട മാതാവിനോളം അത്രയധികം ആരും അടുത്തില്ലെങ്കിൽ, അവിടുത്തെ കുരിശിനോടും വേറെയാരും അത്രയധികം അടുത്തിട്ടില്ലെന്നു നമുക്ക് ഏററം ന്യായമായി അനുമിക്കാം. മററാക്കും പാടില്ലാത്തവിധത്തിൽ കർത്താവിൻെറ ഹൃദയത്തിൻെറ രഹസ്യങ്ങളിൽ മറിയം പങ്കെടുത്തിട്ടുണ്ടെങ്കിൽ, അവിടുത്തെ കഷ്ടാനുഭവത്തിലും മററാരെയുംകാൾ വളരെ കൂടുതലായി മറിയത്തിനു പങ്കുണ്ടായിരുന്നിരിക്കണം. മറിയം പാപത്തിൻെറ നേരിട്ടുള്ള ഫലമായ ശാരീരിക വേദന അനുഭവിക്കുയോ രോഗം നിമിത്തം മരിക്കുകയോ ചെയ്കയെന്നുള്ളതു് ഉചിതമായി കരുതപ്പെട്ടില്ല. എന്നാൽ നിഗൂഢമായ വ്യാകുലങ്ങൾ, ശരീരത്തിൻെറ വേദനകളെക്കാൾ മൂർച്ചയേറിയ ആത്മാവിൻെറ വേദനകൾ, ശരീരത്തിൽ പ്രത്യാഘാതം ഉണ്ടാക്കുകയും അതിൻെറ ഞരമ്പുകളെ കഠിനമായി വേദനിപ്പിക്കുകയും ചെയ്യുന്ന സങ്കടങ്ങൾ, മറിയം മറെറല്ലാ സൃഷ്ടികളെയുംകാൾ സഹിക്കാനിരിക്കയായിരുന്നു. മറെറല്ലാവരെയുംകാൾ കൂടുതലായി മറിയം മിശിഹായുടെ സഹപ്രവർത്തകയാകുവാൻ നിശ്ചയിക്കപ്പെട്ടിരുന്നു. മറിയം മാത്രം രക്ഷകൻെറ മാതാവായിരുന്നതുകൊണ്ടു്, അവളുടെ വ്യാകുലതകൾ തൻെറ മക്കളുടേതിൽനിന്ന് അളവിൽ മാത്രമല്ല തരത്തിലും വ്യത്യാസപ്പെട്ടിരുന്നു. ആ നിലയിൽ കുരിശിൻ ചുവട്ടിൽ അവൾ നിന്നപ്പോൾ, മററാക്കും പാടില്ലാത്ത വിധത്തിൽ, തൻെറ പുത്രൻെറ കഷ്ടാനുഭവത്തിൽ മറിയം പങ്കുകൊണ്ടു. ബേസ്ലാഹമ്മിലും

ഈജിപ്തിലും നസറത്തിലും തന്റെ പുത്രന്റെ സമീപത്തു നിന്നു നമ്മുടെ നാഥ ഗാഗുൽത്താമലയിൽ ആ പുത്രൻ മരണവേദനയനുഭവിച്ച കിടക്കയിൽനിന്ന് അകന്നുമാറിയില്ല.

കുരിശിൻചുവട്ടിൽ നില്ക്കുന്ന മറിയത്തെ നാം നോക്കുമ്പോൾ, ദുഃഖവും സങ്കടവും അനുഭവിക്കാൻ ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നതു രക്ഷകൻ മാത്രമല്ലെന്നു നാം മനസ്സിലാക്കുന്നു. അങ്ങനെ, വ്യാകുലയായ നമ്മുടെ അമ്മയെ നാം കാണുമ്പോൾ, കഠിനമായ ദുഃഖത്തിന്റെ കണ്ണുനീർ ചിന്തുന്നതിന്റെ അർത്ഥം എന്താണെന്ന് ഈ അമ്മയും മനസ്സിലാക്കിയെന്നറിഞ്ഞുകൊണ്ട് നാം ധൈര്യം പ്രാപിക്കുന്നു. "ഓ, കന്യകയായ സെഹിയോൻ പുത്രിയേ, നിന്റെ വ്യാകുലം കടൽപോലെ വലുതാകുന്നു. നിന്നെ ആശ്വസിപ്പിക്കാൻ ആരും ഉണ്ടായിരിക്കയില്ലയോ?"

ഈശോമിശിഹായുടെ കഷ്ടാനുഭവത്തോട് മറിയത്തിന്റെ സഹാനുഭവവും ഏററവും അടുത്ത വിധത്തിൽ യോജിപ്പിക്കപ്പെട്ടിരിക്കുന്നു. സങ്കടമനുഭവിക്കുന്ന പുത്രനിൽ നിന്നു സങ്കടമനുഭവിക്കുന്ന മാതാവിനെ വേർപെടുത്തുവാൻ ആർ തുനിയും?

---

# അദ്ധ്യായം ൯

## മറിയത്തിന്റെ വ്യാകുലതകൾ

നമ്മുടെ കർത്താവീശോമിശിഹായ്ക്കു്, ഒരൊററത്തുള്ളി കണ്ണുനീർ മൂലമോ, ഹൃദയത്തിന്റെ ഒററ നെടുവീർപ്പുകൊണ്ടോ മനസ്സിന്റെ ഏക പ്രവൃത്തികൊണ്ടോ ലോകത്തെ വീണ്ടെടുക്കാൻ കഴിയുമായിരുന്നു. എന്നാൽ ദൈവനിശ്ചയം അങ്ങനെയല്ലായിരുന്നു. മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ ജീവിതം ദുഃഖസങ്കടങ്ങളുടെ ഒരു ജീവിതമായിരുന്നു. ഈ ദുഃഖസങ്കടങ്ങൾ അവിടുത്തെ കഷ്ടാനുഭവത്തിന്റെ രഹസ്യങ്ങളിൽ അവയുടെ പരമാവധിയിൽ എത്തുകയും, കുരിശുമരണത്തിൽ അ

വസാനിക്കയും പൂൎണ്ണമാക്കുകയും ചെയ്തു. കുരിശിൽ കിടന്നുകൊണ്ടു് തന്റെ തിരുരക്തത്തിന്റെ അവസാനതുള്ളിവരെ അവിടുന്നു ചിന്തുകയും, അങ്ങനെ മനുഷ്യരുടെ വീണ്ടെടുപ്പിനു ദൈവം നിശ്ചയിച്ചിരുന്ന വില കൊടുക്കുകയും ചെയ്തു. "അവിടുന്നു തന്റെ സ്വന്തം ജനങ്ങളെ സ്നേഹിച്ചപ്പോൾ അവസാനംവരെ (സ്നേഹത്തിന്റെ പരമാവധിവരെ) അവരെ സ്നേഹിച്ചു." നമ്മുടെ രക്ഷകൻ തന്റെ ഈ ലോകത്തിലെ അവസാനദിവസങ്ങളിൽ പ്രത്യേകിച്ചും ഇത്രയധികം കഷ്ടതകൾ അനുഭവിച്ചതു്, നാം സ്നേഹപൂൎവ്വം ധ്യാനിക്കുന്നതിനുവേണ്ടി നമുക്കു തന്റെ സ്നേഹത്തിന്റെ അത്രയധികം വ്യത്യസ്തങ്ങളായ തെളിവുകൾ തരുന്നതിനായിരുന്നെന്നു് വി. അൽഫോൻസസ് പുണ്യവാൻ എഴുതിയിരിക്കുന്നു.

പുത്രന്റെ കാൎയ്യത്തിലെന്നപോലെ അവിടുത്തെ വാഴ്ത്തപ്പെട്ട മാതാവിന്റെ കാൎയ്യത്തിലും തന്റെ പ്രിയ പുത്രന്റെ കഷ്ടാനുഭവം പൂൎത്തിയാകുന്നതുവരെ മറിയം അതിനെപ്പറ്റി ഒന്നും അറിയാതെയിരിക്കാമായിരുന്നു. അവസാനംവരെ ഭാവി മുഴുവൻ അവളുടെ കണ്ണുകളിൽനിന്നു മറച്ചുവയ്ക്കാമായിരുന്നു. ഒടുക്കം, ഒരു ദൈവികമായ അറിയിപ്പു വഴി തന്റെ ആത്മാവിനു വെളിപ്പെടുത്തപ്പെട്ട ദൈവതിരുമനസ്സിനോടുള്ള ഒരു കീഴ്വഴക്കപ്രകരണംകൊണ്ടു്, ഈശോ മരിച്ച മണിക്കൂറിൽ വേദസാക്ഷികളുടെ രാജ്ഞിയുടെ ബലി പൂൎണ്ണമാക്കപ്പെടുമായിരുന്നു. എന്നാൽ അങ്ങനെയല്ല സംഭവിക്കേണ്ടിയിരുന്നതു്. ഈശോയുടെ ജീവിതംപോലെ മറിയത്തിന്റെ ജീവിതവും, മനുഷ്യാവതാരത്തിന്റെ ക്ഷണംമുതലെങ്കിലും മുഴുവനും ദുഃഖത്തിന്റെ ഒരു ജീവിതമായിരുന്നു. ദീൎഘദൎശിയുടെ വിവരണം അവൾ വിശ്വസിച്ചു. ആ ക്ഷണംമുതൽ അവളുടെ ദൃഷ്ടി ഗാഗുൽത്താമലയിലും അതിനപ്പുറത്തുള്ള കുഴിമാടത്തിലും പതിച്ചിരുന്നു. മറിയത്തിന്റെ നിസ്തുലമായ സന്തോഷങ്ങൾപോലെ, അവളുടെ വ്യാകുലതകളും മിശിഹായുടെ സങ്കടങ്ങളോടു യോജിപ്പിക്കപ്പെടിരിക്കത്തക്കവണ്ണം, മറിയത്തിന്റെ ജീവിതം അവളുടെ പുത്രന്റേതിനോടു് അത്ര ഗാഢമായി ബന്ധിക്കപ്പെട്ടിരുന്നു. "അവിടുത്തെ ദുഃഖം എപ്പോഴും തന്റെ മുമ്പിൽ ഉണ്ടായിരുന്നു" എന്നു നമ്മുടെ കൎത്താവിനെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നതു മറിയത്തെ സംബന്ധിച്ചും യഥാൎത്ഥമാണു്. ക്രൂശിക്കപ്പെട്ടവന്റെ അമ്മയ്ക്കു്

തൻെറ ജീവിതത്തിൻെറ ഒരു നിമിഷത്തിൽപോലും വരുവാനിരുന്നവയെ മറക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നിരുന്നാലും, മിശിഹായുടെ ജീവിതത്തിൽ ചില പ്രത്യേക അവസരങ്ങളിൽ അവിടുന്നു ദുഃഖങ്ങളുടെ മനുഷ്യനായി വെളിപ്പെടുന്നതുപോലെ, വ്യാകുലരാജ്ഞിയുടെ കാര്യത്തിലും അപ്രകാരമായിരുന്നു. ഏഴു വാളുകൾ അവളുടെ ഹൃദയത്തെ കുത്തിത്തുളയ്ക്കുന്നതായി വ്യാകുലമാതാവിൻെറ ചില രൂപങ്ങളിൽ നാം കാണുന്നു. സ്നേഹപൂർവ്വകമായ ഓർമ്മയ്ക്കും ധ്യാനത്തിനും ആയി മററുള്ളവയിൽനിന്നു സഭ വേർതിരിച്ചെടുത്ത ഏഴു വ്യാകുലതകളെയാണ് അവ സൂചിപ്പിക്കുന്നത്. ശിമയോൻെറ ദീർഘദർശനം; ഈജിപ്തിലേക്കുള്ള യാത്ര; പന്ത്രണ്ടാമത്തെ വയസ്സിൽ ശിശുവിനെ കാണാതെ പോയത്; ഗാഗുൽത്തായിലേക്കുള്ള യാത്രയിൽ ഈശോയെ കാണുന്നത്; കുരിശുമരണം; കുരിശിൽനിന്നിറക്കുന്നത്; കല്ലറയിൽ അടക്കുന്നത്, ഇവയെയാണ് ഏഴു വാളുകൾ ഓർമ്മിപ്പിക്കുന്നത്. ഇവയിൽ ഓരോന്നിനെയുംപററി അല്പമായി നമുക്കു ധ്യാനിക്കാം.

## 1. ശിമയോൻെറ ദീർഘദർശനം.

"അവളുടെ ശുദ്ധീകരണത്തിൻെറ നാളുകൾ കഴിഞ്ഞപ്പോൾ, അവർ ശിശുവിനെ ദൈവത്തിനു കാഴ്ചവെയ്ക്കുന്നതിനായി ദേവാലയത്തിലേക്കു കൊണ്ടുപോയി." കന്യകാമാതാവായ മറിയത്തിന് ശുദ്ധീകരണത്തിൻെറ ഈ നിയമം പാലിക്കാൻ കടമുണ്ടായിരുന്നില്ല. നിയമമനുസരിച്ച് അവൾ ദേവാലയത്തിൽ കാഴ്ചവെച്ച ഈശോ നിയമദാതാവുതന്നെ ആയിരുന്നു. നമുക്കു ഗ്രഹിക്കാൻ പാടില്ലാത്ത ഒരു രഹസ്യം ഇതിൽ അടങ്ങിയിരിക്കുന്നു. ഇതിനെപ്പററി നാലാം ശതകത്തിൽ ജീവിച്ചിരുന്ന വി. മെത്തോദിയോസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "നിയമത്തിൻെറയും ദീർഘദർശികളുടെയും നാഥൻ സ്വന്തം നിയമമനുസരിച്ച് എല്ലാം ചെയ്യുകയും, നിയമത്തെ ശൂന്യമാക്കാതെ നിറവേററുകയും അങ്ങനെ നിയമത്തിൻെറ തിരോധാനത്തേയും തൻെറ വരപ്രസാദത്തിൻെറ ആരംഭത്തെയും തമ്മിൽ യോജിപ്പിക്കയും ചെയ്യുന്നത് ഉചിതമായിരുന്നു. ഇക്കാരണത്താൽതന്നെയാണ് നിയമത്തിനു മീതെയായിരുന്ന മാതാവ് നിയമ

ത്തിനു കീഴ്‌വഴങ്ങിയതു്. അശുദ്ധരായവൎക്കുവേണ്ടി ഏൎപ്പെട്ടത്തിയിരുന്ന നാല്പതു ദിവസം, പരിശുദ്ധയും നിൎമ്മലയും ആയിരുന്ന അവൾ ആചരിച്ചു." ഈശോയും മറിയവും മൂശയുടെ നിയമം അനുസരിക്കുന്നതിനു കടപ്പെട്ടിരുന്നില്ലെങ്കിലും, ആ നിയമം നിൎത്തലാക്കപ്പെടുന്നതുവരെ അതനുസരിക്കുന്നതിനും അങ്ങനെ യഥാൎത്ഥമായ ഒരു കാഴ്ച ദൈവത്തിനു സമൎപ്പിക്കുന്നതിനും അവർ മനസ്സായി. ദേവാലയത്തിൽ ഈശോയെ കാഴ്ചവെച്ചതു് ഗാഗുൽത്തായിലെ ബലിയുടെ ഒരു ഉദ്ദർശനം ആയിരുന്നു. ആരുടെ പരിശുദ്ധമായ ഉദരത്തിൽ ഒരു ബലിപീഠത്തിലെന്നപോലെ ഈശോ ആദ്യം കിടന്നുവോ ആ മറിയത്തിന്റെ കൈകൾവഴിയായി ഈ കാഴ്ച നിൎവ്വഹിക്കപ്പെടുകയെന്നുള്ളതു് സമുചിതമായിട്ടുള്ളതായിരുന്നു.

മറിയം തന്റെ ഭൎത്താവായ യൌസേപ്പുമൊരുമിച്ചു് ഉണ്ണിയെ ദേവാലയത്തിലേക്കു കൊണ്ടുപോയപ്പോൾ, "ശിമയോൻ എന്നു പേരുള്ള ഒരു മനുഷ്യൻ ഓറെശ്ലേമ്മിൽ ഉണ്ടായിരുന്നു. ഈ മനുഷ്യനോ നീതിമാനും പരിശുദ്ധനും ആയിരുന്നു; അവൻ ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. പരിശുദ്ധാത്മാവും അവന്റെമേൽ ഉണ്ടായിരുന്നു. കൎത്താവിന്റെ മിശിഹായെ കാണുന്നതുവരെ അവൻ മരിക്കയില്ലെന്നു് പരിശുദ്ധാത്മാവിനാൽ അവനോടു പറയപ്പെട്ടുമിരുന്നു. ഇവനും പരിശുദ്ധാത്മാവിനാൽ പ്രേരിതനായി ദേവാലയത്തിൽ വന്നിരുന്നു." ശിശുവിനെ തന്റെ കൈകളിൽ എടുത്തുകൊണ്ടു ശിമയോൻ ഇപ്രകാരം പറഞ്ഞു: "എന്റെ കൎത്താവേ, നിന്റെ വചനംപോലെ നിന്റെ ദാസനെ ഇപ്പോൾ നീ സമാധാനത്തിൽ വിടുന്നു. ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ ഇസ്രായേലിനുള്ള മഹത്വവുമായി സകല ജാതികളുടെയും മുമ്പിൽ നീ ഒരുക്കിയിരിക്കുന്ന നിന്റെ കരുണയെ ഇതാ! എന്റെ കണ്ണുകൾ കണ്ടിരിക്കുന്നു." പിന്നെ മറിയത്തിനോടു ശിമയോൻ ഇപ്രകാരം പറഞ്ഞു: "ഇതാ! ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും എഴുന്നേല്പിനും, തൎക്കത്തിന്റെ അടയാളത്തിനുമായി വെയ്ക്കപ്പെട്ടിരിക്കുന്നു. നിന്റെ സ്വന്തം ആത്മാവിൽക്കൂടിയും, പലരുടെയും വിചാരങ്ങൾ വെളിപ്പെടുമാറു്, ഒരു കുന്തം കടക്കും."

മറിയത്തിന്റെ ഒന്നാമത്തെ വ്യാകുലത്തിന്റെ കാരണം ശിമയോന്റെ ഈ വാക്കുകളാകുന്നു.

മിശിഹാ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്യുമെന്നും, ഒരാടിനെപ്പോലെ കൊലക്കളത്തിലേക്കു കൊണ്ടുപോകപ്പെടുമെന്നും, നമ്മുടെ പാപങ്ങൾനിമിത്തം താൻ മുറിവേല്പിക്കപ്പെടുമെന്നും, നമ്മുടെ തിന്മകൾ നിമിത്തം പരുക്കേല്പിക്കപ്പെടുമെന്നും, തന്റെ മുറിവുകൾവഴി നാം സൌഖ്യംപ്രാപിക്കുന്നതിനായി നമ്മുടെ സമാധാനത്തിന്റെ ശിക്ഷ തന്റെ മേൽ വീഴുമെന്നും മറിയം വിശുദ്ധ ഗ്രന്ഥങ്ങളുടെ പഠനത്തിൽനിന്നു മനസ്സിലാക്കിയിരുന്നു. എന്നാൽ താൻ ശരിയായി മനസ്സിലാക്കിയിരുന്നോ എന്നു മറിയം ചിലപ്പോൾ സംശയിച്ചിരുന്നിരിക്കാം. എന്തെങ്കിലും തെററുവരുവാൻ പാടുള്ളപ്പോൾ മനുഷ്യർ പലപ്പോഴും ആശയ്ക്കെതിരായി ആശിക്കും. എന്നാൽ ഇപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശിമയോൻ പറഞ്ഞ വാക്കുകൾ മറിയം കേട്ടു. പഴയ ദീർഘദർശനങ്ങളെല്ലാം ശിമയോൻ ഏതാനും ചുരുങ്ങിയ വാചകങ്ങളിൽ സംഗ്രഹിച്ചു. ശിശു ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും എഴുന്നേല്പിനും തർക്കത്തിന്റെ അടയാളത്തിനുമായി വെയ്ക്കപ്പെട്ടിരിക്കുന്നു. തന്റെ സ്വന്തം ആത്മാവിൽക്കൂടിയും ഒരു വാൾ കടക്കേണ്ടിയിരുന്നു. എന്നാൽ ദൈവത്തിന്റെ പരിശുദ്ധ തിരുമനസ്സിനു തന്റെ മനസ്സിനെ പൂർണ്ണമായി കീഴ്പ്പെടുത്തുന്നതിനല്ലാതെ, മറിയം തീർച്ചയായും ആ സമയത്തു തന്നെപ്പററിത്തന്നെ വിചാരിച്ചിരിക്കയില്ല. അവളുടെ വിചാരം എപ്പോഴുമെന്നതുപോലെ അപ്പോഴും തന്റെ പുത്രനെപ്പററിയായിരുന്നു. വരുവാനിരുന്ന ആ എല്ലാ വർഷങ്ങളിലും മറിയം തന്റെ പുത്രനെ കാണുമ്പോഴും, അവിടുത്തോടു സംസാരിക്കുമ്പോഴും, അവിടുത്തെപ്പററി വിചാരിക്കുമ്പോഴുമെല്ലാം, ആ വാക്കുകൾ അവളുടെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കും. കുന്തം മറിയത്തിന്റെ ആത്മാവിൽ പ്രവേശിക്കാൻ തുടങ്ങിക്കഴിഞ്ഞു. ഗെദ്സേമ്മായുടെയും ഗാഗുൽത്തായുടെയും നിഴലുകൾ ബേസ്ലഹേമിലെയും നസറത്തിലെയും വയലുകളിൽ വീഴുകയും ദിനംപ്രതി നീണ്ടു നീണ്ടു വരികയും ചെയ്തു. ഈശോ വളർന്നുവരികയും ഓരോ മണിക്കൂറിലും തന്റെ എല്ലാ നടപടികളിലും കൂടുതൽ സൌന്ദര്യമുള്ളവനായിത്തീരുകയും ചെയ്തപ്പോൾ, അവിടുന്നു തന്റെ

ഒരുക്കപ്പെട്ട അന്ത്യത്തിലേക്ക് അടുത്തുവരികയാണെന്നും, ഏറെ ത്താമസിയാതെ ഒരാടിനെപ്പോലെ കൊലയ്ക്കു കൊണ്ടുപോകപ്പെട്ടുമെന്നും മറിയം അറിഞ്ഞിരുന്നു.

തങ്ങൾ സ്നേഹിക്കുന്ന ഒരാൾ സാവധാനത്തിൽ മരിക്കുന്നതു സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കാൻ ഇടയാകുന്ന എല്ലാവരും, നമ്മുടെ നാഥ ഗാഗുൽത്താമല പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതിനെപ്പററി ഓർക്കുകയാണെങ്കിൽ, അവക്ക് ആശ്വാസവും ശക്തിയും ലഭിക്കാതിരിക്കയില്ല. മറിയത്തിനു കഠിനമായ ഭയം ഉണ്ടായിരുന്നു. എന്നാൽ അവളുടെ ആത്മാവു ശാന്തതയിലും സമാധാനത്തിലും ആയിരുന്നു; അവളുടെ കണ്ണുകൾ ദൈവത്തിൻ പക്കലേക്കു തിരിക്കപ്പെട്ടിരുന്നു. "കരയുന്നവർ ഭാഗ്യവാന്മാരാകുന്നു, എന്തുകൊണ്ടെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും," എന്നുള്ള വാക്യം അവളെ ധൈര്യപ്പെടുത്തിയിരുന്നു.

## 2. ഈജിപ്തിലേക്കുള്ള യാത്ര.

കാഴ്ചവെയ്പിൻെറയും ശുദ്ധീകരണത്തിൻെറയും വിശുദ്ധ കമ്മങ്ങൾ കഴിഞ്ഞശേഷം തിരുക്കുടുംബം നസറത്തിലേക്കു തിരിച്ചുപോയി. നസറത്തിൽനിന്ന് അവർ വീണ്ടും ബേസ്ലഹേമ്മിലേക്കു പോയെന്നും, അവിടെ രാജാക്കന്മാർ അവരെ സന്ദർശിച്ചെന്നും വിചാരിക്കാൻ ന്യായമുണ്ട്. എന്നാൽ അധികം താമസിയാതെ അവക്കു കൂടുതൽ ദീർഘവും അപകടമുള്ളതുമായ വേറൊരു യാത്ര കഴിക്കേണ്ടിവന്നു. ഒരു രാത്രി "കത്താവിൻെറ ദൂതൻ സ്വപ്നത്തിൽ യൌസേപ്പിനു പ്രത്യക്ഷനായി അവനോട്: നീ എഴുന്നേററ് ശിശുവിനെയും അവൻെറ അമ്മയെയും കൂട്ടിക്കൊണ്ട് മെസ്രേനിലേക്ക് ഓടിപ്പോയി, ഞാൻ നിന്നോടു പറയുവോളം അവിടെപ്പാക്കുക. എന്തുകൊണ്ടെന്നാൽ ഹേറോദേസ് ശിശുവിനെ നശിപ്പിക്കുന്നതിന് അവനെ അന്വേഷിക്കുവാനിരിക്കുന്നു. എന്നു പറഞ്ഞു." മറിയത്തിൻെറ ആത്മാവിൽ കടക്കുന്നതിനു ശിമയോൻെറ വാളിന് അധികം കാത്തിരിക്കേണ്ടിയിരുന്നില്ല. അവളുടെ ശിശു ഇപ്പോൾതന്നെ തക്കത്തിൻെറ അടയാളമായി കാണപ്പെടാവുന്ന വിധത്തിൽ വയ്ക്കപ്പെട്ടിരിക്കുന്നു. രാജാക്കളുടെ രാജാവിനുവേണ്ടിയുള്ള വ്യത്ഥമായ അന്വേഷണത്തിൽ നീചനായ ഹേറോദേസുരാജാവ് പരിശു

ധരായ ശിശുക്കളുടെ രക്തം ചിന്തി. ആ സമയത്തു മറിയം തൻെറ പ്രിയ ശിശുവിനെപ്പററിയുള്ള ഉൽകണ്ഠകളാൽ നിറഞ്ഞു രാത്രിസമയത്തു ക്ഷീണിച്ചു നടക്കുകയായിരുന്നു.

നമ്മുടെ നാഥ യാത്രയ്ക്കിടയിൽ വിശ്രമിച്ചതായി വിശ്വസിക്കപ്പെടുന്ന ചില സ്ഥലങ്ങൾ ഇപ്പോഴും കാണപ്പെടുന്നുണ്ട്. "കന്യകയുടെ സ്തന്യത്തിൻെറ ഗുഹ" എന്നു വിളിക്കപ്പെടുന്ന ഒരു ഗുഹ ബേസ്‌ലഹമ്മിൽനിന്ന് അധികം ദൂരെയല്ലാതെ സ്ഥിതിചെയ്യുന്നുണ്ട്. അതിപ്പോൾ വിശുദ്ധ കുർബാന അപ്പിക്കപ്പെടുന്ന ഒരു കപ്പേളയാകുന്നു. കന്യകാമറിയം തൻെറ ശിശുവിനു കൊടുത്ത പാലിൽ അല്പഭാഗം പാറപ്പുറത്തു വീഴുകയും പാറ വെളുക്കുകയും ചെയ്തെന്നു പറയപ്പെടുന്നു. ഇന്നും, 'ശിശുക്കളുണ്ടാകുവാൻ ആഗ്രഹിക്കുന്ന സ്ത്രീകൾ— മഹമ്മദീയരും ക്രിസ്ത്യാനികളും— ഇവിടെ വന്നു പ്രാത്ഥിക്കുന്നു. ദൈവമാതാവിൻെറ സ്തുതിക്കായി അവർ ആ വെളുത്ത പാറ വെള്ളത്തിൽ കലക്കി കുടിക്കുന്നു. അവരുടെ പ്രാത്ഥന വ്യത്ഥമായിപ്പോകുന്നുമില്ല.

കെയിറോ നഗരത്തിൽനിന്ന് അധികം ദൂരമില്ലാത്ത മററാറിയേ ഗ്രാമത്തിലുള്ള ഈശോസഭക്കാരുടെ ഒരു ഭവനത്തിനടുത്തുള്ള തോട്ടത്തിൽ ഒരു സൈക്കാമൂർ വൃക്ഷം നില്ക്കുന്നുണ്ട്. ഈ വൃക്ഷത്തിൻെറ സ്ഥാനത്തു നിന്നിരുന്ന വേറൊന്നിൻെറ തണലിൽ മറിയം വിശുദ്ധ ശിശുവിനോടുകൂടി ക്ഷീണം തീക്കാൻ ഇരുന്നതായി പാരമ്പയ്യം ഉണ്ട്. പഴയ കെയിറോയിലെ ഒരു കോപ്‌ററിക് ദേവാലയത്തിൽ ഒരു പാത്രം ഭദ്രമായി സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ഈ പാത്രത്തിൽ മിശിഹായുടെ മാതാവു തൻെറ ദിവ്യശിശുവിനെ കുളിപ്പിച്ചതായി ഒരു പാരമ്പയ്യം ശതവഷങ്ങൾ കടന്നുവന്നിരിക്കുന്നു. ഹൃദയസ്പൃക്കമായ വേറൊരു പാരമ്പയ്യം ഇപ്രകാരമാണ്: ഈ യാത്രയ്ക്കിടയിൽ ദിസ്മാസ് എന്നു പേരായ ഒരു കള്ളൻ മാതാവിനെയും ശിശുവിനെയും അവരുടെ അത്യാവശ്യങ്ങളിൽ സഹായിച്ചു. ഈ സഹായത്തിനു പിന്നീടവന് ആയിരമിരട്ടി പ്രതിഫലവും കിട്ടി. ഈ മനുഷ്യനാണ് "നല്ല കള്ളൻ" എന്ന പേരിൽ ക്രിസ്തീയലോകം മുഴുവനിലും അറിയപ്പെടുന്നതു്. ഈ പാരമ്പയ്യങ്ങളിൽ എത്രമാത്രം യാഥാത്ഥ്യം ഉണ്ടായിരിക്കുമെന്ന് നിശ്ചയമില്ലെങ്കിലും അവ നമ്മുടെ ഭക്തിയെ ഉദ്ദീപിപ്പിക്കുന്നതിനും ഈശോ

യുടെയും മറിയത്തിൻെറയും യൌസേപ്പിൻെറയും കഷ്ടതകളെപ്പററി നമ്മെ ഓമ്മിപ്പിക്കുന്നതിനും ഉപകരിക്കുന്നു.

കൊല്ലപ്പെട്ട വിശുദ്ധ ശിശുക്കളുടെ തള്ളമാരുടെ വിലാപം, യൌസേപ്പിൻെറ ക്ഷീണം, ശിശുവിന് ആ സമയത്തും ഉണ്ടാകാമായിരുന്ന അപകടം, ഇവയെപ്പററിയുള്ള വിചാരം മറിയത്തിൻെറ മൃദുലമായ ഹൃദയത്തെ നിരന്തരമായി വേദനപ്പെടുത്തി. വരുവാനിരുന്നവയെപ്പററിയുള്ള വിചാരവും അവളുടെ സ്നേഹം നിറഞ്ഞ ഹൃദയത്തെ ഉൽക്കണ്ഠകൊണ്ടു നിറച്ചു. അവർ എങ്ങനെയാണ് ജീവിക്കേണ്ടിയിരുന്നത്, എന്നു മറിയം തന്നെത്താൻ ചോദിച്ചിരുന്നു. ദൈവപരിപാലനയിൽ മറിയത്തിനുണ്ടായിരുന്ന വിശ്വാസം ഇളക്കമില്ലാത്തതായിരുന്നെങ്കിലും, ദൈവത്തിലുള്ള ശരണം എത്ര വലുതായിരുന്നാലും, ഉൽക്കണ്ഠയുണ്ടാകുകയെന്നതു മനുഷ്യക്ക സ്വാഭാവികമാണ്. സാക്സണിയിലെ ല്യൂഡോൾഫ് തൻെറ വിഖ്യാതമായ മിശിഹാചരിത്രത്തിൽ എഴുതിയിരിക്കുന്നത്, "പലപ്പോഴും ഉണ്ണിയീശോ അമ്മയോട് അപ്പം ചോദിച്ചപ്പോൾ, കണ്ണുനീർ മാത്രമേ കൊടുക്കുവാൻ അവൾക്കുണ്ടായിരുന്നുള്ളു" എന്നാണ്. കൂടാതെ, തൻെറ പുത്രൻ ഉപേക്ഷിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുമെന്നുള്ള ഓമ്മ നമ്മുടെ വ്യാകുലമാതാവിന് എപ്പോഴും ഉണ്ടായിരുന്നു. എങ്കിലും, എപ്പോൾ, എങ്ങനെ ഇതു സംഭവിക്കുമെന്ന് അവൾ അറിഞ്ഞിരുന്നില്ല. ഇങ്ങനെ ഇഷ്ടജനങ്ങളിൽനിന്നും വീട്ടിൽനിന്നും അകന്നു ജീവിച്ച ഏഴു വഷക്കാലത്തേക്ക്, വ്യാകുലതകൾ, ദിവസംതോറും, മണിക്കൂർതോറും, കൂടുതൽ കൂടുതൽ ആഴമായി അവളുടെ ഹൃദയത്തിലേക്കു കടന്നു. മറിയത്തെപ്പോലെ പരദേശവാസം അനുഭവിക്കുന്നവക്കും; മറിയത്തെപ്പോലെ തങ്ങളുടെ സ്നേഹഭാജനങ്ങളുടെ കഷ്ടതകൾ കണ്ടു സങ്കടപ്പെടുന്നവക്കും; മറിയത്തെപ്പോലെ വരുവാനിരിക്കുന്നവയെ ഓത്തു കഠിനമായി ഭയപ്പെടുന്നവക്കും, തങ്ങളുടെ സങ്കടങ്ങളിൽ ശരണത്തോടുകൂടി ഈ മാതാവിൻെറ പക്കലേക്കു പോകാം.

## 3. ഉണ്ണിയീശോയെ കാണാതെ പോയതു്.

തിരുക്കുടുംബം ഈജിപ്തിൽനിന്നു തിരിച്ചുവന്നതിൻെറ ശേഷം അഞ്ചു വഷം കഴിയുകയും ഉണ്ണിയീശോയ്ക്കു പന്ത്രണ്ടു

വയസ്സാകുകയും ചെയ്തു. മറിയവും യൌസേപ്പും പെസഹാത്തിരുനാളിന് ഓറശ്ലേത്തേക്കു പോയി. ദിവ്യശിശുവും അവരുടെകൂടെ ഉണ്ടായിരുന്നു. തിരുനാളാഘോഷങ്ങൾ കഴിഞ്ഞപ്പോൾ, എല്ലാവരും വീട്ടിലേയ്ക്കു പോകാനൊരുങ്ങി. ജനങ്ങൾ പല കൂട്ടങ്ങളായി, പല സമയത്ത്, പല വാതിലുകൾവഴി, പുറത്തേക്കു പോയി. സ്ത്രീകളും പുരുഷന്മാരും വെവ്വേറെ യാത്രചെയ്തിരുന്നു. ആദ്യദിവസത്തെ യാത്രയിൽ ഈശോ യൌസേപ്പു പിതാവിൻെറ കൂടെ ഉണ്ടെന്നു മാതാവു വിചാരിച്ചു. മാതാവിൻെറകൂടെ ഉണ്ടായിരിക്കുമെന്നു യൌസേപ്പും വിചാരിച്ചു. എന്നാൽ, രാത്രിയായപ്പോൾ, ഉണ്ണി അവരുടെ ആരുടെയും കൂട്ടത്തിൽ ഇല്ലെന്നും ഒരിടത്തും തന്നെ കാണാനില്ലെന്നും അവക്കു മനസ്സിലായി. സങ്കടം നിറഞ്ഞ ഹൃദയത്തോടെ മറിയവും യൌസേപ്പും ഉണ്ണിയെ അന്വേഷിച്ചു വിശുദ്ധ നഗരത്തിലേക്കു തിരിച്ചുപോയി.

സ്വന്തം പാപംനിമിത്തമുണ്ടാകുന്ന ദുഃഖം പരിശുദ്ധ കന്യകയ്ക്കു് അനുഭവിക്കാൻ പാടുണ്ടായിരുന്നില്ല. മറിയം പാപമില്ലാത്തവളായിരുന്നു. എന്നാൽ ഇപ്പോൾ പാപമില്ലാത്ത കന്യകയ്ക്കു പാടുള്ളിടത്തോളം, ദുഃഖങ്ങളിൽവച്ച് ഏററം അഗാധദുഃഖമായ ഇതിനോട്ട് അവൾ അടുത്തുവരണമെന്നു നിശ്ചയിക്കപ്പെട്ടിരുന്നു. തൻെറ ഉണ്ണിയുടെ നഷ്ടം തൻെറ ഏതെങ്കിലും കുററംകൊണ്ടുണ്ടായതാണോ എന്നു വീണ്ടും വീണ്ടും മറിയം തന്നോടുതന്നെ ചോദിച്ചു. ഒരുപക്ഷേ, തൻെറ സൂക്ഷ്മക്കുറവു കൊണ്ടാണോ ഇപ്രകാരം സംഭവിച്ചത്? കൂടാതെ, ശിശുവിന് എന്തു സംഭവിച്ചെന്നുള്ള വിചാരവും അവളെ വേദനപ്പെടുത്തിക്കൊണ്ടിരുന്നു. ഒരു ശിശുവും ബാലനും എന്ന നിലകളിൽ ഈശോ മറിയത്തിൻെറയും യൌസേപ്പിൻെറയും സൂക്ഷത്തിലാണ് ഏല്പിക്കപ്പെട്ടിരുന്നതു്. എന്നാൽ ഇപ്പോൾ അവിടുന്ന് എവിടെയാകുന്നു? അവിടുത്തേക്ക് എന്താപത്തു സംഭവിച്ചിരിക്കാം? ഉൽകണ്ഠകൊണ്ടു ഹൃദയം തകന്നു മറിയവും യൌസേപ്പും മൂന്നു ദിവസം മുഴുവനും അന്വേഷിച്ചു. ഒടുക്കം, പന്ത്രണ്ടു വയസ്സായ തങ്ങളുടെ പുത്രൻ ദേവാലയത്തിൽ വേദശാസ്ത്രികളുടെ ഇടയിൽ തക്കിച്ചുകൊണ്ടു നില്ക്കുന്നതു് അവർ കണ്ടു. മറിയവും യൌസേപ്പും അത്ഭുതപ്പെട്ടുകൊണ്ട് അടുത്തുചെന്നു. മറിയം പുത്രനോട്ട്, "മകനേ, നീ എന്തുകൊണ്ട് ഇപ്രകാരം ഞങ്ങളോടു ചെയ്തു? ഇതാ, നിൻെറ പിതാവും ഞാനും സങ്കടത്തോടെ നിന്നെ അന്വേ

ഷിക്കയായിരുന്നല്ലോ," എന്നു പറഞ്ഞു. മകനെ കണ്ടപ്പോൾ അവരുടെ ദുഃഖം സന്തോഷമായി പകൻ്റു. എന്നാലും മൂന്നു ദിവസത്തെ നഷ്ടംകൊണ്ടുണ്ടായ പ്രത്യാഘാതം ഏതാണ്ട് അസഹനീയമായിരുന്നു. മറിയം തൻെറ ചോദ്യംകൊണ്ടു കുററപ്പെടുത്തുകയല്ല ചെയ്യുതു്, പിന്നെയോ സ്നേഹപൂർവ്വം ആവലാതിപ്പെടുക മാത്രമാണു ചെയ്യുതെന്നു കാർത്തൂഷ്യൻ സഭക്കാർനായ ഡെന്നീസ് പറഞ്ഞിരിക്കുന്നു. ഇപ്രകാരമുള്ള ആവലാതികൾ ദൈവത്തിനു് അനിഷ്ടകരമല്ലെന്നു മാത്രമല്ല, അവിടുത്തെ പ്രസാദിപ്പിക്കുകകൂടി ചെയ്യുന്നു. ഈശോ തന്നെ കുരിശിൽ കിടന്നുകൊണ്ടു് ഇപ്രകാരം ആവലാതിപ്പെടുകയുണ്ടായി.

കത്താവു തൻെറ പരിശുദ്ധ മാതാവിനോടു് ഇപ്രകാരം മറുപടി പറഞ്ഞു: "നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചതു്? ഞാൻ എൻെറ പിതാവിൻെറ ജോലിയിൽ ഏപ്പെട്ടിരിക്കേണ്ടതാകുന്നു എന്നു നിങ്ങൾ അറിഞ്ഞില്ലേ?" മറിയത്തിൻെറയും യൌസേപ്പിൻെറയും ഹൃദയഭാരം ഇപ്പോഴും നീങ്ങിയില്ല, എന്തുകൊണ്ടെന്നാൽ അവരോടു പറയപ്പെട്ട ഈ വാക്കുകളുടെ അത്ഥം അവക്കു മനസ്സിലായില്ല. എന്നാൽ, താമസിയാതെ കാർമേഘം നീങ്ങി. "അവിടുന്ന് അവരോടുകൂടി ഇറങ്ങി നസറത്തിൽ വന്ന് അവക്കു കീഴ്വഴങ്ങിയിരുന്നു," എന്നു നാം സുവിശേഷത്തിൽ വായിക്കുന്നു. ഈശോ മറിയത്തിനും യൌസേപ്പിനും കീഴ്വഴങ്ങി. ദൈവം തൻെറ സ്വന്തം സൃഷ്ടികൾക്കു കീഴ്വഴങ്ങി. "അവിടുത്തെ അമ്മ ഈ കാര്യങ്ങളെല്ലാം തൻെറ ഹൃദയത്തിൽ സൂക്ഷിച്ചുമിരുന്നു."

നമ്മുടെ കത്താവു തൻെറ മുഖം മറയ്ക്കുന്നതായും തങ്ങളുടെ പ്രാത്ഥന കേൾക്കാതിരിക്കുന്നതായും തോന്നുകയും, കഠിനമായ ഹൃദയശുഷ്കത അനുഭവിക്കുകയും ചെയ്യുമ്പോൾ, കത്താവു നഷ്ടപ്പെട്ടെന്നു വിചാരിച്ചു പരീക്ഷിക്കപ്പെടുന്ന പരിശുദ്ധ കന്യകയുടെ മക്കൾക്കെല്ലാവക്കും ഈ അമ്മ ഈ വ്യാകുലത്തിൽ ഒരുത്തമമാതൃക കാണിച്ചുകൊടുക്കുന്നു. അവൾ ക്ഷമയോടെ അന്വേഷിച്ചു; കാത്തിരുന്നു; മുറിവേററ ഹൃദയത്തിൻെറ വേദന വെളിപ്പെടുത്തി. രഹസ്യംനിറഞ്ഞ മറുപടി വന്നപ്പോൾ അവൾ നിശ്ശബ്ദമായി എല്ലാം ദൈവത്തിൽ സമപ്പിച്ചു. അപ്പോൾ കാർമേഘത്തിൽകൂടി സൂൎയ്യൻ പ്രകാശിക്കുകയും, അവളെ ഒരിക്കലും യഥാത്ഥത്തിൽ ഉപേക്ഷിച്ചിട്ടില്ലായിരുന്ന കത്താവു വീണ്ടും അവളോ

ടുകൂടി ആയിരിക്കയും ചെയ്തു. മറിയത്തിന്റെ വ്യാകുലതകൾനിമിത്തം അവൾ "വ്യാകുലന്മാരുടെ ആശ്വാസം" എന്ന പേരിന്ന് അർഹയായിത്തീൎന്നു. തങ്ങളുടെ കുരിശു ചുമക്കുന്നതിന്ന് ഈ മാതാവിനോട്ട് സഹായമപേക്ഷിക്കുന്നവരെയെല്ലാം അവൾ ആശ്വസിപ്പിക്കുന്നതായിരിക്കും.

## 4. കുരിശു ചുമന്നുകൊണ്ടു പോകുന്ന ഈശോയെ കാണുന്നതു്

ഈശോയെ ദേവാലയത്തിൽ കണ്ടെത്തിയതിൽ പിന്നെയുള്ള പതിനെട്ടു വൎഷത്തേക്ക് അവിടുത്തെ ജീവിതത്തെപ്പററി നമുക്കറിയാവുന്നതു് താൻ മറിയത്തിനും യൌസേപ്പിനും കീഴ്‌വഴങ്ങിയിരുന്നു എന്ന സുവിശേഷത്തിലെ വാക്യം മാത്രമാണു്. അത്ഭുതകരങ്ങളായ ആ പതിനെട്ടു വൎഷങ്ങൾക്കുശേഷം മൂന്നു വൎഷത്തെ പരസ്യജീവിതമാണു് തുടൎന്നുണ്ടായതു്. ഈ പരസ്യജീവിതത്തിനിടയ്ക്കു് അവിടുന്നു നന്മ ചെയ്തുകൊണ്ടു ചുററിനടക്കുകയും, ശരീരത്തിലും ആത്മാവിലും രോഗം ബാധിച്ചിരുന്നവരെ സുഖപ്പെടുത്തുകയും ദൈവികാത്ഭുതങ്ങൾ പ്രവൎത്തിക്കുകയും, അതിനു മുൻപോ പിൻപോ മററാരും സംസാരിച്ചിട്ടില്ലാത്ത വിധത്തിൽ സംസാരിക്കുകയും, തന്റെ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരെ പഠിപ്പിക്കുകയും, തന്റെ സഭ സ്ഥാപിക്കുകയും ചെയ്തു. ഒടുക്കം എല്ലാം തയാറായി. തന്റെ ശിഷ്യന്മാരോടുകൂടി അവിടുന്ന് അവസാനത്തെ പെസഹാ ഭക്ഷിക്കുകയും, തന്നെത്തന്നെ അവൎക്കു ആത്മീയ ഭക്ഷണമായി കൊടുക്കുകയും ചെയ്തു. തന്റെ സ്വന്തസമയമെന്നു അവിടുന്നു വിളിച്ചിരുന്ന തന്റെ രഹസ്യംനിറഞ്ഞ കഷ്ടാനുഭവത്തിന്റെ സമയമായി. മറിയത്തിന്റെ ഭയംനിറഞ്ഞ ഓൎമ്മയിൽ എപ്പോഴും ഉണ്ടായിരുന്ന ആ സമയം വന്നെത്തി. യൂദാസ് തന്റെ ദൈവത്തെ ഒററിക്കൊടുത്തു; പത്രോസ് അവിടുത്തെ ഉപേക്ഷിച്ചു; പീലാത്തോസ് വരുന്നതുപോലെ വരട്ടെ എന്ന ഭാവത്തിൽ മാറിനിന്നു കൈ കഴുകി. നമ്മുടെ നാഥ ഇതെല്ലാം കേട്ടറിഞ്ഞു. ഒരഭിനയം മാത്രമായിരുന്ന വിസ്താരത്തെപ്പററി അവൾ കേട്ടു; ജീവിക്കുന്നവരുടെയും മരിച്ചവരുടെയും പരമവിധികൎത്താവായ തന്റെ പുത്രൻ പീലാത്തോസിന്റെ അടുക്കൽനിന്നു ഹേറോദേസിന്റെ അടു

ക്കലേക്കം, അവിടെനിന്ന വീണ്ടും പീലാത്തോസിൻെറ പക്ക ലേക്കം പിടിച്ചുവലിച്ചു കൊണ്ടുപോകപ്പെട്ടതും അവൾ അറിഞ്ഞു. മനുഷ്യരുടെയും മാലാഖാമാരുടെയും രാജാധിരാജൻ മുള്ളു കൾകൊണ്ടുള്ള മുടി ധരിപ്പിക്കപ്പെട്ടു. ആരാധനീയമായ തൻെറ തിരുശ്ശരീരം ക്രൂരന്മാരായ പടയാളികളാൽ അടിക്കപ്പെട്ടുകയും, ഒരു മരക്കരിശിൻെറ ഭാരംകൊണ്ടു ഞെരുക്കപ്പെട്ടുകയും ചെയ്തു. മാലാഖാമാർ ദർശിക്കുന്നതിന് ആഗ്രഹിച്ചിരുന്ന തൻെറ തിരു മുഖത്തു പടയാളികൾ നിന്ദാപൂർവ്വം തുപ്പി. ലോകസ്രഷ്ടാവ്, ക്ഷീണിച്ചും ദാഹിച്ചും നിന്ദിക്കപ്പെട്ടും ഉപേക്ഷിക്കപ്പെട്ടും രക്തം പുരണ്ടും ഗാഗുൽത്താമലയിലേക്ക കയറുകയായിരുന്നു. യോഹന്നാനോടും മറിയംമഗ്ദലേനായോടുംകൂടി മറിയം തൻെറ പുത്രനെ കാണാൻ പുറപ്പെട്ടു. ഏതാനും ദിവസങ്ങൾക്ക മുൻപ് ജനങ്ങൾ "ദാവീദിൻെറ പുത്രനു ഓശാന" എന്നു വിളിച്ചുപറഞ്ഞുകൊണ്ട് തൻെറ പുത്രനെ എതിരേററപ്പോൾ ഓററ്റം നഗരത്തിലെ തെരുവുകളിലേക്ക പോകാതിരുന്ന വിനയമുള്ള ആ കന്യക, "അവനെ കുരിശിൽ തറയ്ക്കുക, കുരിശിൽ തറയ്ക്കുക" എന്ന ഭയങ്കരമായ അട്ടഹാസങ്ങൾ കേട്ടപ്പോൾ അങ്ങോട്ടു പോകാൻ മടിച്ചില്ല. ആ ഭയങ്കരാട്ടഹാസങ്ങൾക്കിടയിൽ ഈശോയും മറിയവും– മകനും അമ്മയും– തമ്മിൽ കണ്ടുമുട്ടി. ആ ഭയങ്കര വിനാഴികയിൽ ഈശോ മറിയത്തെ നോക്കി, മറിയം തൻെറ പുത്രൻെറ മുഖത്തേക്കും നോക്കി. വ്യാകുലയായ ദൈവമാതാവിൻെറ ഹൃദയത്തിൽ അപ്പോൾ സംഭവിച്ചതെന്താണെന്ന് യാതൊരു മനുഷ്യനും ഗ്രഹിക്കാൻ സാധിക്കയില്ല. നമ്മുടെ അൾത്താരകളിൽ തിരുവോസ്തി എഴുന്നെള്ളിച്ചുയർത്തുമ്പോൾ, വിശുദ്ധന്മാർ ഭക്തിപാരവശ്യത്തിൽ ആണ്ടുപോയിട്ടുള്ളതുപോലെ, മറിയവും മിശിഹായുടെ കഷ്ടാനുഭവത്തിൽ ആണ്ടുപോകുകയും, അതിൽ പിന്നീട് നമ്മുടെ കർത്താവു വി. കുർബാനകൊണ്ടു പോഷിപ്പിച്ചിട്ടുള്ള ഏററം സ്നേഹമുള്ള ആത്മാവിൽപോലും താൻ കണ്ടിട്ടില്ലാത്ത ഭക്തിതീക്ഷ്ണതയോടുകൂടി അവൾ ഒരു അരുചികേടുത്ത വി. കുർബാനകൈക്കൊള്ളൽ കഴിക്കുകയും ചെയ്യുന്നു പറയപ്പെട്ടിരിക്കുന്നു.

## 5. കരിശുമരണം

മിശിഹായുടെ കൈകൾ കരിശിന്മേൽ വിരിച്ചു; തൻെറ കൈകളിലും കാലുകളിലും ആണികൾ തറച്ചു. ആണികൾ തറച്ചപ്പോഴുണ്ടായ ശബ്ദം മറിയത്തിൻെറ ഹൃദയത്തിലും പ്രതിധ്വനിച്ചു. എല്ലാവർക്കും രക്ഷ കിട്ടുന്നതിനായി കരിശു സാവധാനത്തിൽ ഉയർത്തി. പാപങ്ങളുടെ പൊറുതിയും സ്നേഹത്തിനു പകരം സ്നേഹവും സ്വീകരിക്കുന്നതിന് അതിനെ നോക്കുന്ന എല്ലാവരെയും ആകർഷിക്കുന്നതായി കർത്താവിൻെറ ശരീരം ഉയർത്തപ്പെട്ടു. മുൾമുടിയുടെ കീഴെ അവിടുത്തെ പുരികങ്ങളിൽനിന്നു തിരുരക്തം തുള്ളിതുള്ളിയായി സാവധാനത്തിൽ ഒലിച്ചുകൊണ്ടിരുന്നു. നമ്മുടെ പാപങ്ങളെ കഴുകുന്നതിന്, അവിടുത്തെ തുളച്ച കൈകളിൽനിന്നും മുറിവേററ കാലുകളിൽനിന്നും അതു് ഒഴുകി. മനുഷ്യവർഗ്ഗം രക്ഷിക്കപ്പെട്ടു, എന്നാൽ മറിയത്തിൻെറ ഹൃദയം തകർന്നു. കരിശിൻചുവട്ടിൽ ഈശോയുടെ അമ്മ നിന്നിരുന്നു, അവിടുന്നു മരിക്കുന്നതു് അവൾ കാണുകയും ചെയ്തു. മറിയത്തിൻെറ ഈ വ്യാകുലതയെപ്പററി അധികം പറയാതിരിക്കയാണു് ഉത്തമം. ദുഃഖംകൊണ്ടു മരിച്ചുപോകാതിരിക്കുന്നതിന് ദൈവത്തിൻെറ അസാധാരണമായ ഒരു താങ്ങു് ആവശ്യമായിത്തീരത്തക്ക വിധത്തിൽ അത്ര വലുതായിരുന്നു നമ്മുടെ നാഥയുടെ വ്യാകുലത എന്നുള്ളതു തീർച്ചയാണു്. ഉന്നതത്തിൽനിന്നു ശക്തിപ്രാപിച്ചു്, മറിയം അവസാനംവരെ വിശ്വസ്തയായി ഇളകാതെനിന്നു. മറിയത്തിൻെറ അധരങ്ങളിൽനിന്നു് ഒരൊററ ആവലാതിപോലും പുറപ്പെട്ടില്ല. അവളുടെ ഹൃദയത്തിലും യാതൊരു ആവലാതിയും ഉണ്ടായിരുന്നില്ല. അവളുടെ മനസ്സു് കുരിശിൽ തൂങ്ങിമരിക്കുന്ന ദിവ്യ ബലിവസ്തുവിൻെറ തിരുമനസ്സിനോടു പരിപൂർണ്ണമായി യോജിച്ചിരുന്നു. നസറത്തിൽവച്ചു മനുഷ്യാവതാരത്തിന് അവൾ സമ്മതം കൊടുത്തതുപോലെ, അത്രയും പരിപൂർണ്ണമായും സ്വതന്ത്രമായും ഗാഗുൽത്തായിൽ മിശിഹായുടെ കഷ്ടാനുഭവത്തിനും അവൾ സമ്മതം നൽകി. "നിൻെറ തിരുമനസ്സുപോലെ എന്നിലാകട്ടെ" എന്ന വാക്കുകൾ മറിയത്തിനു പറയാനുണ്ടായിരുന്നതു മുഴുവനും ഇപ്പോഴും വെളിപ്പെടുത്തി. അവൾ എല്ലാം ദൈവത്തിനു വിട്ടുകൊടുത്തു. നമുക്കുവേ

ണ്ടിയും നമ്മുടെ രക്ഷയ്ക്കായും മറിയം തന്റെ പുത്രനെ ദൈവത്തിനു സമർപ്പിച്ചു. അങ്ങനെ മനുഷ്യരക്ഷയിൽ മറിയത്തിനുള്ള പ്രത്യേകഭാഗം എന്നെന്നേക്കുമായി അവൾക്കു കൊടുക്കപ്പെട്ടു.

## 6. കുരിശിൽനിന്നിറക്കിയതു്

ആറാമത്തെയും ഏഴാമത്തെയും വ്യാകുലതകൾ കുരിശിന്റെ വഴിയിലെ അവസാനത്തെ രണ്ടു സ്ഥലങ്ങൾക്കൂടിയാകുന്നു. ഈശോ മരിച്ചുകഴിഞ്ഞിരുന്നു. അവിടുത്തെ തിരുവിലാവു കുന്തംകൊണ്ടു കുത്തിത്തുറക്കുകയും, തിരുരക്തത്തിന്റെ അവസാനത്തെ തുള്ളിപോലും ചിന്തുകയും ചെയ്തു. മറിയം കുരിശിൻ ചുവട്ടിൽ തന്റെ സ്ഥാനത്തു കാത്തുനിന്നു. അരിമാത്തിയായിലെ യൗസേപ്പും നിക്കൊദേമോസുംകൂടി ആണികൾ ഊരി തിരുശ്ശരീരം സാവധാനത്തിൽ കുരിശിൽനിന്നിറക്കി. ഒരിക്കൽക്കൂടി മറിയം തന്റെ പുത്രനെ കൈകളിൽ എടുത്തു. എന്നാൽ ബേസ്ലഹമ്മിൽവച്ച് എടുത്തതുപോലെ അല്ലായിരുന്നു. ബേസ്ലഹമ്മിൽ ഈശോ അമ്മയെ നോക്കി പുഞ്ചിരി തൂകിയിരുന്നു. എന്നാൽ ഇപ്പോൾ അവിടുത്തേക്കു പുഞ്ചിരിതൂകാൻ പാടില്ലായിരുന്നു. ബേസ്ലഹമ്മിൽ ഉണ്ണിയീശോ മാതാവിനെ നോക്കിയപ്പോൾ സ്നേഹത്തിന്റെ പ്രകാശം തന്റെ കണ്ണുകളിൽ ഉണ്ടായിരുന്നു; എന്നാൽ ഇപ്പോൾ അവിടുത്തെ കണ്ണുകൾ അടഞ്ഞ് രക്തംകൊണ്ടു മൂടിയിരുന്നു. അപ്പോൾ തന്റെ കൈകളും കാലുകളും അവിടുന്നു സാവധാനത്തിൽ ഇളക്കിയിരുന്നു; ഇപ്പോൾ ആ കൈകളും കാലുകളും തണുത്തു മരവിച്ചിരുന്നു. മിശിഹായുടെ ആത്മാവു ശരീരത്തിൽനിന്നു പിരിഞ്ഞ് പാതാളത്തിൽ ഇറങ്ങി നീതിമാന്മാരുടെകൂടെ ആയിരുന്നു. എന്നാൽ ശരീരം നിത്യവചനത്തോട് അളിന്നടുത്ത വിധത്തിൽ യോജിച്ചിരുന്നതുകൊണ്ട്, മറിയം അതിനെ തന്റെ ഭക്തിതീക്ഷ്ണതയൊക്കെയോടുംകൂടി ആരാധിച്ചു. തന്റെ കർത്താവിനെ ആരാധിച്ചശേഷം അവളുടെ ഹൃദയം ഒരമ്മയുടെ സ്വാഭാവിക സ്നേഹത്തിൽ തന്റെ പുത്രന്റെ പക്കലേക്കു പോയി. അവൾ തന്റെ അധരങ്ങളെ അവിടുത്തെ മുഖത്തോടു ചേർത്ത് തന്റെ കണ്ണുനീരുകൊണ്ട് അതിനെ നനച്ചു. പുത്രന്റെ ശരീരത്തെ മടിയിൽ കിടത്തിക്കൊണ്ടിരിക്കുന്ന വ്യാകുലമാതാവിന്റെ രൂപത്തിൻമുൻ

പിൽ മുട്ടുകുത്തി നമ്മുടെ ചുമട്ടുകൾ അവളുടെ അടുത്തു നാം വെയ്ക്കുമ്പോൾ ഈ ചുമട്ടുകൾ ഭാരം കുറഞ്ഞവയായിത്തീരുന്നു.

തൻെറ പുത്രനെ കൈകളിൽ സ്വീകരിച്ചതുപോലെ, നമ്മുടെ മരണസമയം അടുക്കുമ്പോൾ തൻെറ മക്കളായ നമ്മെയും മറിയം സ്വീകരിക്കും. തൻെറ കൈകളിൽ നാം സുരക്ഷിതരായിരിക്കും. അതുവരെ നമുക്കു അവളുടെ വ്യാകുലതകളെ അനുസ്മരിക്കാം.

## 7. കർത്താവിൻെറ കവറടക്കം

ഈശോയുടെ കവറടക്കത്തിൻെറ സമയം അടുത്തുവന്നു. വണക്കത്തോടുകൂടി അവിടുത്തെ ശരീരം സുഗന്ധദ്രവ്യങ്ങൾ പൂശി പട്ടുവസ്ത്രങ്ങളിൽ പൊതിഞ്ഞു. അതിൻെറശേഷം അതു് തോട്ടത്തിലെ ഒരു കല്ലറയിൽ അടക്കി. ഈ കല്ലറ അരിമാത്തിയായിലെ യൌസേപ്പിൻെറ വകയും പാറ തുരന്നുണ്ടാക്കിയതുമായ ഒരു പുതിയ കല്ലറയായിരുന്നു. മറിയം അവസാനത്തെ പ്രാവശ്യം, മരിച്ച തൻെറ പുത്രൻെറ മുഖത്തു നോക്കി. അതിൽ പിന്നെ എത്ര അമ്മമാർ തങ്ങളുടെ പ്രിയപ്പെട്ട പുത്രന്മാരെ അവസാനമായി നോക്കിയിട്ടുണ്ടു്? എന്നാൽ ആ അദ്വൃത്തെ ദുഃഖവെള്ളിയാഴ്ച രാത്രി മറിയം ഈശോയോടു യാത്രപറഞ്ഞപ്പോൾ അവൾക്കുണ്ടായിടത്തോളം ദുഃഖം വേറെ യാതൊരു മാതാവിനും ഉണ്ടായിട്ടില്ല. കല്ലറയുടെ വാതിൽ ഒരു വലിയ കല്ലുകൊണ്ടു് അടച്ചു. അവസാന നോട്ടത്തിനുശേഷം മറിയം സാവധാനത്തിൽ തിരിഞ്ഞു് അവിടെനിന്നു പോയി. തൻെറ പുത്രൻ ഉയത്ത്ഴുന്നേല്ക്കുമെന്നു മറിയത്തിനറിയാമായിരുന്നു. എന്നാൽ ഈ വിശ്വാസം അവളുടെ ദുഃഖത്തെ ഒട്ടും ശമിപ്പിച്ചില്ല.

വി. യോഹന്നാൻ മറിയത്തെ കല്ലറയിൽനിന്നു വീട്ടിലേക്കു കൊണ്ടുപോയതിനുശേഷം ഉയിർപ്പുഞായറാഴ്ചവരെ അവർ കർത്താവിൻെറ കാണപ്പെടാവുന്ന സാന്നിദ്ധ്യമില്ലാതെ കഴിച്ചുകൂട്ടി. മറിയത്തിനു് ആ സമയം വളരെ ദീർഘമായി തോന്നി. എന്നാൽ അവസാനം രാത്രി കഴിയുകയും, പകൽ– ഉയിർപ്പിൻെറ സന്തോഷദിവസം– വരികയും ചെയ്തു. തങ്ങളുടെ ജീവിതം വ്യാകുലയായ ദൈവമാതാവിനെ ഏൽപ്പിക്കുന്നവർക്കെല്ലാം ഇപ്രകാരം സംഭവിക്കും. ഈ ലോകത്തിൽ ഒരു സൃഷ്ടിക്കു സഹിക്കാൻ

പാട്ടുള്ളതെല്ലാം മറിയം സഹിച്ചു. കർത്താവിൻെറ കാസാ മററാരെയുംകാൾ വളരെ കൂടുതലായി അവൾ കുടിച്ചു. അതിനാൽ സ്നേഹത്തോടെയും പൂർണ്ണമായും നമ്മെത്തന്നെ നാം അവളെ ഏൽപ്പിക്കുന്നു.

വ്യാകുലമാതാവിനോടു യോജിച്ചുകൊണ്ടു കർത്താവു തങ്ങളുടെമേൽ വെയ്ക്കുന്ന കുരിശുകളെ ധൈര്യത്തോടെ ചുമക്കുവാൻ ശ്രമിക്കുന്നവരെല്ലാം, അവ വഹിക്കാൻ പാടില്ലാത്ത വിധത്തിൽ അത്ര കൂടുതൽ ഭാരമുള്ളവയായി തോന്നാൻ തുടങ്ങുമ്പോൾ കർത്താവുതന്നെ കുറെ നേരത്തേക്ക് അതു താങ്ങുമെന്നും ഒടുവിൽ എന്നെന്നേക്കുമായി അതു നീക്കിക്കളയുമെന്നും മനസ്സിലാക്കും. അപ്പോൾ, അവസാനംവരെ സ്ഥിരതയോടെ നിന്നവൻെറ തലയിൽ, കുരിശു ക്ഷമയോടെ ചുമക്കുന്നവരുടെ സമ്മാനമായ മുടിവയ്ക്കപ്പെടും. "നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, നിൻെറ കർത്താവിൻെറ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക" എന്ന അത്ഭുതകരമായ വാക്കുകൾ അപ്പോൾ ഉച്ചരിക്കപ്പെടും.

---

## അദ്ധ്യായം ൭.

---

### മറിയത്തിൻെറ സന്തോഷങ്ങൾ

ഏററം കഠിനമായ ദുഃഖത്തോടൊരുമിച്ച് പലപ്പോഴും ഏററം അഗാധമായ സന്തോഷവും ഉണ്ടാകാറുണ്ടെന്ന് അനുഭവം തെളിയിക്കുന്നു. പരിശുദ്ധവും നിസ്വാർത്ഥവുമായ മാനുഷിക സ്നേഹത്തിൽ നാം ഇതിൻെറ യഥാർത്ഥ്യം കാണുന്നു. ഒരു ഭർത്താവു തൻെറ ഭാര്യക്കുവേണ്ടിയോ ഭാര്യ ഭർത്താവിനുവേണ്ടിയോ, ഒരു മാതാവു തൻെറ ശിശുവിനുവേണ്ടിയോ, ഒരു സ്നേഹിതൻ തൻെറ സ്നേഹിതനുവേണ്ടിയോ ഒരു ത്യാഗം അനുഷ്ഠിക്കുന്നു. ത്യാഗം എത്ര വലുതായിരിക്കുന്നുവോ അത്രയും വലിയ ഒരു സംതൃപ്തി ആത്മാവിൽ ഉണ്ടാകുന്നു. യഥാർത്ഥമായ സ്നേഹം ത്യാഗം ആവശ്യപ്പെടുന്നു, ത്യാഗത്തിലോ എന്നാൽ സന്തോഷം മറഞ്ഞിരിക്കുന്നു. മനു

ഷ്യക്കു മനുഷ്യരോടുള്ള സ്നേഹത്തെ സംബന്ധിച്ചിടത്തോളം ഇതു വാസ്തവമാണെങ്കിൽ, മനുഷ്യന്നു ദൈവത്തോടുള്ള സ്നേഹത്തിന്റെ കാര്യത്തിൽ ഇതെത്രയോ കൂടുതൽ വാസ്തവമാകുന്നു. തന്റെ കഷ്ടാനുഭവങ്ങളെ മിശിഹായുടെ കഷ്ടാനുഭവങ്ങളോടു ഉദാരമായി യോജിപ്പിക്കാൻ പഠിച്ചിട്ടുള്ള ഒരാളിന്റെ സന്തോഷത്തിനു തുല്യമായ ഒരു സന്തോഷം ഈ ലോകത്തിൽ ജീവിച്ചിരിക്കുന്നവക്കു ഉണ്ടാകാൻ പാടില്ല.

ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളുടെ സന്തോഷത്തോട് ഈ ലോകത്തിലെ യാതൊരു സന്തോഷവും താരതമ്യപ്പെടുത്താൻ പാടില്ലെന്ന് ജിനോവായിലെ വി. കത്രീനാ പഠിപ്പിക്കുന്നു. ഈ ആത്മാക്കളുടെ സന്തോഷം, വേദന സഹിക്കുന്നതിനിടയിൽ തങ്ങളുടെ മനസ്സ് ദൈവതിരുമനസ്സിനു പൂണ്ണമായി കീഴ്‌വഴങ്ങുന്നതിലാണു പ്രധാനമായി അടങ്ങിയിരിക്കുന്നതു്. മോക്ഷത്തിൽ ഇപ്രകാരമായിരിക്കയില്ല, എന്തുകൊണ്ടെന്നാൽ, അവിടെ ഒരിക്കലും സങ്കടങ്ങൾ ഇല്ല. എന്നാൽ, ശുദ്ധീകരസ്ഥലത്തിൽ ഇപ്രകാരം ആയിരിക്കണം, എന്തെന്നാൽ അവിടെ ആത്മാവിന്റെ ശുദ്ധീകരണത്തിൽ കഷ്ടാനുഭവം അവശ്യം പ്രവേശിക്കുന്നു. ഈ ലോകത്തിലും ഇപ്രകാരം ആയിരിക്കേണ്ടിയിരിക്കുന്നു. ഇവിടെ മിശിഹായുടെ ശിഷ്യന്മാർ, ഓരോരുത്തക്കും നൽകപ്പെട്ടിരിക്കുന്ന വരപ്രസാദത്തിന്റെ അളവനുസരിച്ച് തങ്ങളുടെ കുരിശു ചുമന്നുകൊണ്ട് ക്രൂശിക്കപ്പെട്ട തങ്ങളുടെ ഗുരുവിന്റെ കാലടികളെ അനുഗമിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും നിഗ്രഢമായ ഈ സംയോജനം നമ്മുടെ കത്താവിൽതന്നെ അതിന്റെ പരമാവധിയിൽ എത്തുന്നു. അവിടുത്തെ മാനുഷിക ആത്മാവ്, ഏററം അഗാധമായ ദുഃഖത്തിന്റെ വിനാഴികയിൽപോലും, ദൈവത്തെ നേരിട്ടു കാണുന്നതുകൊണ്ടുണ്ടാകുന്ന സൌഭാഗ്യം അനുഭവിച്ചിരുന്നു. മിശിഹായുടെ വ്യാകുലതകൾ കഴിഞ്ഞാൽ പരിശുദ്ധകന്യകയുടെ വ്യാകുലതകളോടു താരതമ്യപ്പെടുത്താവുന്ന വ്യാകുലതകൾ ഇല്ലാത്തതുപോലെ, മിശിഹായുടെ ഹൃദയത്തിന്റെ ആനന്ദവും സന്തോഷവും കഴിഞ്ഞാൽ, മറിയത്തിന്റെ ഹൃദയത്തിന്റെ സന്തോഷംപോലെ വേറെ സന്തോഷവും ഉണ്ടായിട്ടില്ല. നമ്മുടെ അമ്മയുടെ ജീവിതം മുഴുവനും ദുഃഖത്തിന്റെ ഒരു ജീവിതമായിരുന്നു; അതു നിരന്തരമായ സന്തോഷത്തിന്റെ ഒരു

ജീവിതവും ആയിരുന്നു. എന്നാൽ, അവളുടെ നിരന്തര ദുഃഖമാകുന്ന ആഴമേറിയ സമുദ്രത്തിൽ, തൻെറ ഏഴു വ്യാകുലതകൾ വലിയ തിരമാലകൾ എന്നവണ്ണം ഉയരുകയും താഴുകയും ചെയ്തതുപോലെ, ദൈവമാതാവിൻെറ ആത്മാവിനെ അസാധാരണമായ ആനന്ദത്താൽ സൌഭാഗ്യപ്പെടുത്തിയ ഏഴു സന്തോഷങ്ങളും നമുക്ക് എണ്ണുവാൻ കഴിയും. സാധാരണമായുള്ള പരിഗണനപ്രകാരം, മറിയത്തിൻെറ ഏഴു സന്തോഷങ്ങൾ, മംഗലവാർത്ത, വി. ഏലീശബായെ സന്ദർശിച്ചത്, കർത്താവിൻെറ ജനനം, മൂന്നു രാജാക്കന്മാർ ഉണ്ണിയെ ആരാധിച്ചത്, ഈശോയെ ദേവാലയത്തിൽ കണ്ടെത്തിയത്, കർത്താവിൻെറ ഉയിർപ്പ്, സ്വർഗ്ഗാരോഹണം, ഇവയാകുന്നു.

## 1. മംഗലവാർത്ത

യഹൂദന്മാർ മിശിഹായുടെ വരവിനെ അത്യാശയോടെ പ്രതീക്ഷിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് നമ്മുടെ ദിവ്യരക്ഷകൻ ജനിച്ചതെന്നു നമുക്കറിയാം. യഹൂദവംശത്തിലെ മററു സ്ത്രീകളെപ്പോലെ മറിയവും രക്ഷകൻെറ വരവിനെ പ്രതീക്ഷിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. രക്ഷകൻെറ അമ്മയുടെ ഒരു ദാസിയായിത്തീരാൻ തനിക്ക് ഇടയാകണമെന്നു മറിയം ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണ് മനുഷ്യാവതാരത്തിൻെറ ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് ദൈവനിശ്ചയം നസറത്തിലെ എളിയ കന്യകയ്ക്കു വെളിപ്പെടുത്തിയതെന്ന് ഒരു പാരമ്പര്യം ഉണ്ട്. മാലാഖായുടെ അഭിവന്ദനം ആദ്യമായിട്ടാണ് ഭൂമിയിൽ കേൾക്കപ്പെട്ടത്. അമലോത്ഭവ കന്യക നന്മനിറഞ്ഞവൾ എന്നു വിളിക്കപ്പെട്ടു; ഭയപ്പെടേണ്ട ആവശ്യമില്ലെന്ന്– തൻെറ കന്യാത്വം സംരക്ഷിക്കപ്പെടുമെന്ന്– അവൾക്കു ഉറപ്പു നൽകപ്പെട്ടു; എന്തെന്നാൽ പരിശുദ്ധാത്മാവ് അവളുടെമേൽ ആവസിക്കയും, അവളിൽനിന്നു പിറക്കുന്നവൻ ദൈവത്തിൻെറ പുത്രൻ എന്നു വിളിക്കപ്പെടുകയും ചെയ്യും. അവൾ എല്ലാ സ്ത്രീകളിലും വാഴ്ത്തപ്പെട്ടവളാകുന്നു. മറിയം തൻെറ സ്രഷ്ടാവിൻെറ തിരുമനസ്സിനു പൂർണ്ണമായി കീഴ്പ്പെട്ടപ്പോൾ, ലോകത്തിൽ അതിനു മുൻപ് അറിയപ്പെട്ടിട്ടില്ലാത്ത സന്തോഷം അവളുടെ ആത്മാവിനെ നിറച്ചു. വലിയ പ്രസാദവരങ്ങൾ വലിയ സന്തോഷ

ത്തെ ഉളവാക്കുന്നു. അങ്ങനെയെങ്കിൽ മറിയം തന്റെ താഴ്മയിൽനിന്നു മാലാഖാമാരുടെയും മനുഷ്യരുടെയും രാജ്ഞിയായും സർവ്വേശ്വരന്റെ മാതാവായും ഉയർത്തപ്പെട്ട നിമിഷത്തിൽ അവൾക്കുണ്ടായ സന്തോഷം എത്രമാത്രമായിരുന്നിരിക്കണം! നമ്മുടെ നാഥയുടെ സന്തോഷം ഉണ്ടായതു് താൻ ഉയർത്തപ്പെട്ടു എന്നുള്ള കാരണംകൊണ്ടല്ല, പിന്നെയോ, താൻ ഉയർത്തപ്പെട്ടതു് ദൈവവുമായി അത്ര അടുത്തുവരുന്നതിനുള്ള അവശ്യമാർഗ്ഗമായിരുന്നതുകൊണ്ടാണ്. പിതാവിന്റെ മകൾ, പുത്രന്റെ അമ്മ, പരിശുദ്ധാത്മാവിന്റെ മണവാട്ടി, ഇങ്ങനെ ദൈവത്തോടു് അവർണ്ണനീയ വിധത്തിൽ അടുത്തു വന്നതിൽ അവൾ സന്തോഷിച്ചു. ഹൃദയനൈർമ്മല്യവും ആത്മീയ ശുദ്ധതയും മനസ്സിന്റെ നിഷ്കപടതയും അവശ്യം സൌഭാഗ്യത്തെ ഉളവാക്കും. പരിപൂർണ്ണമായ പാപമില്ലായ്മയുടെ സന്തോഷം, മററു സൃഷ്ടികൾക്കില്ലാത്ത വിധത്തിൽ, നിർമ്മലയും കറയില്ലാത്തവളും നിഷ്കപടയും ആയിരുന്ന പരിശുദ്ധ കന്യകയ്ക്കുണ്ടായിരുന്നു. ഇപ്പോഴാകട്ടെ, ലോകരക്ഷകൻ തന്റെ സൂക്ഷ്മത്തിനേൽപ്പിക്കപ്പെട്ടിരിക്കുന്നെന്നുള്ള അദ്ഭുതകരമായ അറിവിൽനിന്നുണ്ടായ അതിരററ സന്തോഷവും അതിനോടുകൂടി ചേർക്കപ്പെട്ടു. ഗബ്രിയേൽ മാലാഖാ അവിടെനിന്നു പോയപ്പോൾ, മറിയത്തിന്റെ ആത്മാവു് മററു സ്ത്രീകൾക്കാർക്കും ഉണ്ടായിട്ടില്ലാത്ത സന്തോഷത്താൽ നിറയ്ക്കപ്പെട്ടിരുന്നു. അവൾ അപ്പോൾതന്നെ ഒരു മാതാവു്– ദൈവത്തിന്റെ മാതാവു്– ആയിത്തീർന്നിരുന്നു.

## 2. ഏലീശ്വാഉമ്മായെ സന്ദർശിച്ചതു്

ദൈവമാതാവു്, തന്റെ ഇളയമ്മയായ ഏലീശ്വാ വാർദ്ധക്യകാലത്തു ഗർഭം ധരിച്ചു് ഒരു ശിശുവിനെ പ്രസവിക്കാറായെന്നു മാലാഖായിൽനിന്നറിഞ്ഞു്, നസറത്തിൽനിന്നു പുറപ്പെട്ടു്, വി. സ്സറിയാ തന്റെ ഭാർയ്യയോടുകൂടി താമസിച്ചിരുന്ന യൂദയായിലെ മലമ്പ്രദേശത്തേക്കു പോയി. സ്സറിയായുടെ വീട്ടിൽ പ്രവേശിച്ചു് മറിയം ഏലീശ്വാക്കു സ്വസ്തി പറഞ്ഞു. "ഏലീശ്വാ മറിയത്തിന്റെ സ്വസ്തി കേട്ടപ്പോൾ, പ്രജ അവളുടെ ഉദരത്തിൽ കുതിച്ചു ചാടി." ഇതു തീർച്ചയായും അദ്ഭുതകരമായ ഒരു രഹസ്യമാകുന്നു. ദിവ്യശിശുവും മാതാവും സ്സറിയായെയും

എലീശ്വായെയും സന്ദർശിക്കുന്നു. മറിയം സംസാരിക്കുമ്പോൾ, പിറന്നിട്ടില്ലാത്ത അവരുടെ ശിശു സന്തോഷിച്ചു ചാടുന്നു, എന്തെന്നാൽ മറിയത്തിന്റെ സ്വരം ദൈവമാതാവിന്റെ സ്വരമാകുന്നു. ഇപ്രകാരം സന്തോഷിക്കനിമിത്തം, രക്ഷകന്റെ വരവുവഴിയായി ലോകത്തിനു വരുവാനിരുന്ന സന്തോഷത്തെ മുൻകൂട്ടി അറിയിച്ചുകൊണ്ട് യോഹന്നാൻമാംദാനാ ഒരു ദീർഘദർശിയായിത്തീരുന്നു. ആ ക്ഷണത്തിൽതന്നെ, കന്യകയുടെ ഉദരത്തിൽ കിടന്നിരുന്ന രക്ഷകനാൽ ജനനത്തിനു മുൻപുതന്നെ അയാൾ വിശുദ്ധീകരിക്കപ്പെട്ടു എന്നാണ് പാരമ്പര്യപ്രകാരമുള്ള വിശ്വാസം.

"എലീശ്വാ പരിശുദ്ധാത്മാവുകൊണ്ടു നിറയുകയും ചെയ്തു. അവൾ മറിയത്തിനോട് ഉച്ചസ്വരത്തിൽ നിലവിളിച്ചു പറഞ്ഞു: നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു; നിന്റെ ഉദരത്തിന്റെ ഫലവും അനുഗ്രഹിക്കപ്പെട്ടവൻ ആകുന്നു. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഇതു് എനിക്കു എവിടെനിന്ന്? എന്തുകൊണ്ടെന്നാൽ, ഇതാ! നിന്റെ സ്വസ്തിയുടെ സ്വരം എന്റെ ചെവികളിൽ വീണപ്പോൾ, പ്രജ എന്റെ ഉദരത്തിൽ വലിയ സന്തോഷത്തോടു കൂടി കുതിച്ചുചാടി. കർത്താവിന്റെ പക്കൽനിന്നു തന്നോടു അരുളിച്ചെയ്യപ്പെട്ടവയ്ക്കു നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി." (ലൂ. ൧. ൪൧-൪൫)

സന്തോഷകരങ്ങളായ ഈ കാര്യങ്ങൾ കേട്ടപ്പോൾ മറിയത്തിനുണ്ടായ സന്തോഷം തീർച്ചയായും വലുതായിരുന്നു. മറിയംതന്നെ തന്റെ സന്തോഷത്തെ വിളിച്ചറിയിച്ചില്ലായിരുന്നെങ്കിൽ, അവൾക്ക് ഈ അവസരത്തിലുണ്ടായ സന്തോഷം വാക്കുകളാൽ പറഞ്ഞറിയിക്കപ്പെടാൻ പാടില്ലാത്തതായിരുന്നെന്നു നമുക്കു തോന്നുമായിരുന്നു; അത്ര വലുതായിരുന്നു ആ സന്തോഷം. "അപ്പോൾ മറിയം പറഞ്ഞു: എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്ന ദൈവത്തിൽ ആനന്ദിച്ചു. എന്തുകൊണ്ടെന്നാൽ അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു. ഇതാ! ഇതുമുതൽ എല്ലാ തലമുറകളും ഭാഗ്യവതി എന്ന് എന്നെ പുകഴ്ത്തും. ശക്തനായവൻ എന്റെ അടുക്കൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നുവല്ലോ. അവിടുത്തെ നാമം പരിശുദ്ധം (ആകുന്നു)."

## 3. കർത്താവിൻെറ പിറവി

മറിയം ഏലീശബായുടെകൂടെ മൂന്നു മാസം താമസിച്ച തായും അതിൻെറശേഷം തൻെറ സ്വന്തം വീട്ടിലേക്കു തിരിച്ചു പോയതായും നാം വായിക്കുന്നു. എന്നാൽ, താമസിയാതെ, "തൻെറ അധികാരത്തിൽപെട്ട ജനമെല്ലാം പേരെഴുതിക്കണ മെന്ന് അഗ്ഗസ്റ്റോസ് കേസറിൽനിന്ന് ഒരു കല്പന പുറപ്പെട്ടു. സ്വന്ത നഗരത്തിൽ പേരെഴുതപ്പെടേണ്ടതിനായി ഓരോരുത്ത നും പോയിരുന്നു. യൗസേപ്പും, താൻ ദാവീദിൻെറ ഗോത്ര ത്തിലും വംശത്തിലും ഉള്ളവൻ ആയിരുന്നതുകൊണ്ട്, ഗ്ലീലാ യിലെ പട്ടണമായ നസ്രസിൽനിന്നു യൂദായിൽ ബേസ്ലഹം എന്നു വിളിക്കപ്പെടുന്ന ദാവീദിൻെറ പട്ടണത്തിലേക്ക് അവിടെ പേരെഴുതപ്പെടേണ്ടതിനായി, ഗർഭിണിയായ മറിയം എന്ന തൻെറ ഭാൎയ്യയോടുകൂടി പോയി" (ലൂ. ၃. ൧–൫). ബേസ്ലഹം ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. മറിയവും യൗസേപ്പും സാ ധുക്കളായിരുന്നു. "വഴിയമ്പലത്തിൽ അവൎക്കു സ്ഥലമില്ലായിരുന്നു." ഒട്ടകം ഒരു പൊതുതൊഴുത്തായി ഉപയോഗിക്കപ്പെട്ടിരുന്ന ഒരു ഗുഹ അവർ കണ്ടെത്തി. ഇവിടെയാണ് നമ്മുടെ കർത്താവീ ശോമിശിഹാ ജനിച്ചത്. ആ സ്ഥലത്ത് ഇപ്പോൾ ദിവസവും വി. കുർബാന അൎപ്പിക്കപ്പെടുന്ന ഒരു കപ്പേളയുണ്ട്. "ഇവിടെ ഈശോമിശിഹാ ജനിച്ചു" എന്ന വാക്കുകൾ ലത്തീനിൽ എഴു തപ്പെട്ടിരിക്കുന്നതു ഇന്നും നമുക്കു കാണാം. ഇവിടെ, ഏററം പരിശുദ്ധ കന്യകയായ മറിയം തൻെറ ശിശു– ദൈവമായ തൻെറ ശിശു– പെട്ടെന്നു തൻെറ മുൻപിൽ കിടക്കുന്നതു കണ്ടു. ഒരു സൂൎയ്യരശ്മി പെട്ടെന്ന് ഒരു മേഘത്തിൽനിന്നു പുറപ്പെട്ട് ഒരു നിൎമ്മല സ്ഫടികത്തിൽകൂടി അതിനു യാതൊരുപദ്രവവും മാ ററവും വരുത്താതെ കടന്നു പോകുന്നതുപോലെ, ദിവ്യശിശു തൻെറ മാതാവിനു യാതൊരു വേദനയും മാററവും വരുത്താതെ ഇഹലോകത്തിലേക്കു വന്നു. തൻെറ ഉയിൎപ്പിനുശേഷം നമ്മുടെ കർത്താവ് അടയ്ക്കപ്പെട്ടിരുന്ന വാതിലുകളിൽകൂടി ശ്ലീഹന്മാൎക്കു കാണപ്പെട്ടതുപോലെ, ഇപ്പോൾ താൻ "അടയ്ക്കപ്പെട്ട തോട്ട" ത്തിൽകൂടി "മുദ്രവെയ്ക്കപ്പെട്ട ഉറവ"യിൽകൂടി, മറിയത്തിൻെറ പരിശുദ്ധ ഉദരത്തിൻെറ അടയ്ക്കപ്പെട്ട വാതിലിൽകൂടി, കടന്ന് മറിയത്തിൻെറ മുൻപിൽ കാണപ്പെട്ടു. കറയില്ലാത്ത അവളുടെ

കന്യാത്വത്തിന് യാതൊരു ഭംഗവും ഉണ്ടായില്ല. ദീർഘദർശി വഴിയായി ദൈവം മുൻകൂട്ടി അറിയിച്ചിരുന്നത് ഇപ്രകാരം നിറവേററപ്പെട്ടു: "കണ്ടാലും, ഒരു കന്യക ഗർഭം ധരിക്കയും ഒരു പുത്രനെ പ്രസവിക്കയും ചെയ്യും. അവിടുന്ന് എമ്മാനുവേൽ, അതായത്, ദൈവം നമ്മോടുകൂടി എന്ന പേരു വിളിക്കപ്പെടും."

ഓ! മറിയം മുട്ടിന്മേൽനിന്ന് തൻെറ ദൈവത്തെ ആരാധിക്കയോ തൻെറ ശിശുവിനെ മാറോടണച്ചു ചുംബിക്കയോ ചെയ്യുമ്പോൾ, അവളുടെ ഹൃദയത്തിൽ കവിഞ്ഞൊഴുകിയ സന്തോഷം എത്ര വലുതായിരുന്നിരിക്കണം! ആ ആദ്യത്തെ ക്രിസ്തുമസ് രാത്രിയിൽ ബേസ്ലഹമ്മിൽ മാലാഖാമാർ സന്തോഷഗാനങ്ങൾ പാടിയപ്പോൾ കന്യകാമറിയത്തിനുണ്ടായ സന്തോഷം പോലെയുള്ള സന്തോഷം അതിനുമുൻപോ ,അതിൽപിന്നെയോ ലോകത്തിൽ ഉണ്ടായിട്ടില്ല.

## 4. മൂന്നു രാജാക്കന്മാരുടെ ആരാധന

മറിയവും യൌസേപ്പും കഴിഞ്ഞാൽ പിന്നെ, ഈശോയെ ആദ്യം കണ്ടത് സാധുക്കളായ ആട്ടിടയന്മാരായിരുന്നു. അവർ യൂദന്മാരും ദരിദ്രരും ആയിരുന്നു. മിശിഹാ ആദ്യം യൂദന്മാരുടെ അടുക്കലേക്കാണ് അയക്കപ്പെട്ടത്. സുവിശേഷം എല്ലാക്കാലത്തും ആദ്യം സാധുക്കൾക്കാണ് പ്രസംഗിക്കപ്പെടുന്നതും. ആ ആട്ടിടയന്മാർ രക്ഷകനെ കണ്ടപ്പോൾ മറിയത്തിൻെറ ഹൃദയം സന്തോഷംകൊണ്ടു നിറഞ്ഞു. എന്നാൽ അവർ ആരുടെയും പ്രതിനിധികളായിട്ടല്ല വന്നത്. ഏറെത്താമസിയാതെ, ദൂരദിക്കുകളിൽനിന്ന്, ധനികന്മാരും വിദ്വാന്മാരുമായ വേറെ ആളുകൾ, വരുവാനിരുന്ന പുറജാതികളുടെ സഭയുടെ ആദ്യഫലങ്ങളായി, മറിയത്തിൻെറ പുത്രനു നിഗൂഢാർത്ഥങ്ങൾ നിറഞ്ഞ കാഴ്ചകൾ വഹിച്ചുകൊണ്ടു വന്നുചേരാനിരിക്കയായിരുന്നു.

"എന്നാൽ, ഹേറോദേസുരാജാവിൻെറ നാളുകളിൽ, യൂദായിലെ ബേസ്ലഹത്തു ഈശോ പിറന്നപ്പോൾ, കിഴക്കുനിന്നു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഓറശ്ലേത്തേക്കു വന്നു. യൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെയാകുന്നു? എന്തുകൊണ്ടെന്നാൽ ഞങ്ങൾ കിഴക്ക് അവൻെറ നക്ഷത്രം കണ്ടതിനാൽ അവനെ ആരാധിക്കാൻ വന്നിരിക്കുന്നു എന്നു പറയുന്നു... അപ്പോൾ ഇതാ!

അവർ കിഴക്കു കണ്ട നക്ഷത്രം ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നു നില്ക്കുവോളം, അവരുടെ മുമ്പിൽ പോയിരുന്നു. അവരോ നക്ഷത്രം കണ്ടപ്പോൾ എത്രയും വലിയ സന്തോഷം അനുഭവിച്ചു. പിന്നെ അവർ വീട്ടിൽ പ്രവേശിച്ചു ശിശുവിനെ അവൻെറ അമ്മയായ മറിയത്തോടുകൂടി കണ്ടു് വീണു് അവനെ ആരാധിക്കുകയും, തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്നു് പൊന്നും മൂറായും കുന്തുരുക്കവും അവനു കാഴ്ചകൾ സമർപ്പിക്കുകയും ചെയ്തു.” (മത്താ. ൨. ൯–൧൧.)

ഈ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ പേരുകൾ പാരമ്പര്യം വഴി നമുക്കു കിട്ടിയിട്ടുണ്ടു. കസ്പാർ, മെൽഷപാർ, ബൽത്താസർ എന്നീ പേരുകളിലാണു് സഭ അവരെ വണങ്ങുന്നതു്. ദെനഹാത്തിരുനാളിൽ പുൽത്തൊട്ടിയുടെ മുൻപിൽ ശിശുക്കളുടെകൂടെ മുട്ടുകുത്തി ആ മൂന്നു രാജാക്കന്മാരെ കണ്ടു പുകഴ്ത്തുന്നതു് നമുക്കു് ഏററവും സന്തോഷകരമായിട്ടുള്ളതാണു്. അങ്ങനെയാണെങ്കിൽ, മറിയം യഥാർത്ഥമായി തൻെറ മുമ്പിൽ നടന്ന ആ സംഭവം കണ്ടപ്പോൾ എത്രമാത്രം സന്തോഷിച്ചിരിക്കണം! അവളുടെ പുത്രൻ തൻെറ സ്വന്തം ആളുകളുടെ പക്കലേക്കു വന്നു, എന്നാൽ ആ ആട്ടിടയന്മാരും, പിന്നീട് ഏതാനും മീൻപിടുത്തക്കാരും അതുപോലെയുള്ള മററു ചിലരും ഒഴികെ, തൻെറ ആളുകൾ തന്നെ സ്വീകരിച്ചില്ല. എന്നാൽ പുറജാതിക്കാരായ ഈ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അവിടുത്തെ സ്വീകരിക്കാൻ മനസ്സായെന്നു മാത്രമല്ല, ദൂരദിക്കിൽനിന്നു തന്നെ അന്വേഷിച്ചു് അവർ വരികയും ചെയ്തു. ജ്യോതിശ്ശാസ്ത്രജ്ഞന്മാർ നിത്യജ്ഞാനമായ അവിടുത്തെ കാണുകയും തൻെറ താഴ്മയിൽപോലും തന്നെ മനസ്സിലാക്കുകയും ചെയ്തു. തനിക്കു ലഭിക്കേണ്ടിയിരുന്ന ആരാധന അവർ കൊടുത്തു.

മറിയം ജ്ഞാനത്തിൻെറ സിംഹാസനമാണു്. അവർ അവിടുത്തെ കണ്ടതു് മറിയത്തിൻെറ കൈകളാകുന്ന തൻെറ തിരിഞ്ഞെടുക്കപ്പെട്ട സിംഹാസനത്തിലാകുന്നു. തൻെറ ശിശുവിനെ കിടത്തുന്നതിന് സ്വർണ്ണംകൊണ്ടുള്ള ഒരു തൊട്ടിൽ അവൾ കണ്ടില്ല. തൊഴുക്കൂട്ടിൽ വയ്ക്കോലിന്മേൽ ശിശുവിനെ കിടത്താൻ പരലോകരാജ്ഞിയായ അവൾ നിർബന്ധിക്കപ്പെട്ടു. എന്നാൽ ഇപ്പോൾ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അവിടുത്തേക്കു സ്വർണ്ണം. കാഴ്ചവെച്ചു. അതു സമുചിതമല്ലയോ? അവിടുന്നു ദാവീ

ദിൻെറ വംശത്തിൽ ജനിച്ച രാജാധിരാജനാകുന്നു. അവർ അവി ടുത്തേക്കു കുന്തുരുക്കം സമർപ്പിച്ചു. അതു നീതിപൂർവ്വകമല്ലയോ? അവിടുന്ന് അവളുടെ ദൈവമായ കർത്താവാകുന്നു. അവർ അ വിടുത്തേക്കു മൂറാ കാഴ്ചകൊടുത്തു. അതു ഹൃദയസ്പർശകമല്ലയോ? അവിടുന്നു മനുഷ്യസ്വഭാവം എടുത്തിരിക്കുന്നു, തൻെറ അമ്മയ്ക്കു നൽകാൻ പാടുള്ളിടത്തോളം സൂക്ഷ്മവും ശുശ്രൂഷയും തനിക്കാ വശ്യമാണ്. കൂടാതെ, തൻെറ കവറടക്കത്തിനുവേണ്ടിയുള്ള നി ശ്ശബ്ദമായ മുൻകരുതലും ഉണ്ടായിരുന്നു.

ജ്യോതിശ്ശാസ്ത്രജ്ഞന്മാർ വണക്കത്തോടുകൂടി മാതാവിനോടു യാത്ര പറഞ്ഞു പിരിഞ്ഞപ്പോൾ, മറിയത്തിൻെറ ഹൃദയം ഏററം മൃദുലമായി അവൾക്കു തോന്നി— ഒരു പക്ഷെ അവൾ കരയുവാനുള്ള ഭാവവുംകൂടി ഉണ്ടായിരുന്നിരിക്കാം— എന്നാൽ നിശ്ചയമായും അവൾ സന്തോഷംകൊണ്ടു നിറഞ്ഞിരുന്നു.

## 5 ദേവാലയത്തിൽ കണ്ടെത്തിയതു്

ഉണ്ണിയീശോയെ മൂന്നു ദിവസം കാണാതെയിരുന്നതു കൊണ്ടുള്ള ദുഃഖം അനുഭവിച്ചശേഷം, ദൈവമാതാവു് ഉണ്ണി ദേവാലയത്തിൽ വേദശാസ്ത്രജ്ഞന്മാരെ പഠിപ്പിച്ചുകൊണ്ടിരിക്കു ന്നതായി കണ്ടു. കാണാതെ പോയതുകൊണ്ടുള്ള ദുഃഖം വലുതാ യിരുന്നെങ്കിൽ, കണ്ടെത്തിയതുകൊണ്ടുള്ള സന്തോഷവും നിശ്ച യമായും വലുതായിരുന്നു. മറിയത്തിൻെറ ഉൽകണ്ഠയെല്ലാം ശ മിച്ചു. ഈശോ സുരക്ഷിതനായിരുന്നു. അവളുടെ പേരിൽ യാ തൊരു തെററും ഇല്ലായിരുന്നു. അവിടുന്നു തൻെറ പിതാവി ൻെറ ജോലിക്കായി പോയിരിക്കയായിരുന്നു. കൂടാതെ, തൻെറ വാക്കുകൾ കേട്ട എല്ലാവരും തൻെറ ജ്ഞാനത്തിൽ അദ്ഭുത പ്പെട്ടുമാറു് അവിടുന്നു്, നിയമശാസ്ത്രജ്ഞന്മാരെ പഠിപ്പിക്കുന്ന തു് അവൾ കണ്ടു. വൃദ്ധന്മാരായ ആ വേദശാസ്ത്രികൾ പന്ത്രണ്ടു വയസ്സുള്ള ആ ബാലൻെറ വാക്കുകൾ ആർത്തിയോടെ കേൾ ക്കുകയായിരുന്നു! "അവിടുത്തെ വാക്കുകളെല്ലാം തൻെറ ഹൃദയ ത്തിൽ സൂക്ഷിച്ചപ്പോൾ മറിയത്തിൻെറ ആത്മാവു സന്തോഷ ത്താൽ നിറഞ്ഞിരുന്നു. ഈശോ വീണ്ടും ഇറങ്ങി നസറത്തിലേ ക്കു പോയി അവർക്കു കീഴ്പെട്ടിരുന്നപ്പോൾ മറിയം വലുതായ സന്തോഷം അനുഭവിച്ചു.

## 6. ഉയിർപ്പ്

ഉയിർപ്പു സമയത്ത് മറിയത്തിനുണ്ടായ സന്തോഷത്തിൻെറ അളവ് തൻെറ പുത്രൻെറ കഷ്ടാനുഭവസമയത്ത് അവൾക്കുണ്ടായ ദുഃഖത്തിൻെറ അളവുതന്നെയാകുന്നു. താൻ അരുളിയതുപോലെ, മിശിഹാ മൂന്നാംനാൾ ഉയർത്തെഴുന്നേല്ക്കുമെന്ന് വിശ്വാസംവഴി മറിയം അറിഞ്ഞിരുന്നു. എന്നാൽ വിശ്വാസം കാഴ്ചയിൽനിന്നു സാരമായ വിധത്തിൽ വ്യത്യസ്തമാണല്ലോ. ഉയിർപ്പുസമയത്തു വിശ്വാസം കാഴ്ചയായി മാറി. തൻെറ പുത്രൻ മഹത്വീകരിക്കപ്പെട്ട മനുഷ്യസ്വഭാവത്തിൽ ജീവനുള്ളവനായിരിക്കുന്നതു മറിയം കണ്ടു. എത്ര അവർണ്ണനീയമായ ആശ്വാസം നമ്മുടെ ഭാഗ്യപ്പെട്ട മാതാവിന് ആ കാഴ്ചമൂലം ഉണ്ടായിരിക്കണം! ഒരിക്കൽകൂടി അവൾ തൻെറ പുത്രൻെറ മുഖത്തു നോക്കി. അതു മുൻപിലത്തെപ്പോലെ വിളറിയതും രക്തമില്ലാത്തതും ആയിരുന്നില്ല, പിന്നെയോ മഹത്വമുള്ളതും പ്രകാശമുള്ളതും ആയിരുന്നു. ഒരിക്കൽകൂടി അവിടുത്തെ തുറന്ന കണ്ണുകളിൽ കാരുണ്യവും സൌമ്യതയും പ്രകാശിച്ചു, ഒരിക്കൽകൂടി അവിടുത്തെ പ്രിയപ്പെട്ട കൈകൾ ഇളക്കപ്പെട്ടു, ഒരിക്കൽകൂടി അവിടുന്നു സംസാരിക്കയും മറിയം ആ പ്രിയപ്പെട്ട സ്വരം കേൾക്കുകയും ചെയ്തു. മരണത്തിന് ഇനിയൊരിക്കലും അവിടുത്തെ മനുഷ്യസ്വഭാവത്തിന്മേൽ ആധിപത്യം ഉണ്ടായിരിക്കയില്ല. കഷ്ടതയും വേദനയും ദുഃഖവും ഇനിയൊരിക്കലും തൻെറ അടുത്തു വരികയില്ല. ശിമയോൻ മുൻകൂട്ടി അറിയിച്ചതും കുരിശിൻചുവട്ടിൽ നിന്നപ്പോൾ മാതാവിൻെറ ഹൃദയത്തെ കുത്തിത്തുളച്ചതുമായ വാൾ ദൈവത്തിൻെറ കരത്താൽതന്നെ നീക്കപ്പെട്ടിരിക്കുന്നു. ആ ദീർഘദർശനം നിറവേറിക്കഴിഞ്ഞു. മറിയത്തിൻെറ ദുഃഖങ്ങളും അവസാനിച്ചു, എന്തുകൊണ്ടെന്നാൽ അവളുടെ പുത്രൻ ജയസന്തോഷത്തോടെ ഉയർത്തെഴുന്നേററു.

## 7. സ്വർഗ്ഗാരോഹണം

ഈ ലോകത്തിൽ മറിയം അനുഭവിച്ച സന്തോഷങ്ങളെപ്പററിയാണ് ഇതുവരെ നാം ധ്യാനിച്ചത്. അനേക വൃന്ദം മാലാഖാമാരുടെ അകമ്പടിയോടുകൂടി മറിയം ഈലോകത്തിൽ

നിന്ന സ്വൎഗ്ഗത്തിലേക്ക കരേററപ്പെട്ടപ്പോൾ, തന്നെ തിരിഞ്ഞെടുത്ത പിതാവും, തൻെറ ഉദരത്തിൽ വസിച്ച പുത്രനും, കറയില്ലാത്ത തൻെറ ആത്മാവിനെ വിശുദ്ധീകരിച്ച പരിശുദ്ധാത്മാവും അവളെ സ്വീകരിച്ചു. ഈ മാതാവു് ദൈവത്തെ മുഖത്തോടുമുഖം കാണുകയും, മററാൎക്കും ലഭിക്കാൻ പാടില്ലാത്ത വിധത്തിലുള്ള സൗഭാഗ്യം അനുഭവിക്കയും ചെയ്യുന്നു. മോക്ഷത്തിൽ മറിയം അനുഭവിക്കുന്ന സന്തോഷം എങ്ങനെയുള്ളതാണെന്നു നമുക്ക ഗ്രഹിക്കാൻ സാധിക്കയില്ല. മറിയത്തിൻെറ സന്തോഷങ്ങൾ, ഇഹലോകത്തിൽവച്ചു് അവൾ ക്ഷമയോടെ സഹിച്ച ദുഃഖങ്ങൾക്ക സ്നേഹമുള്ള ദൈവം കൊടുത്ത സമുചിതമായ സമ്മാനമാണെന്നു മാത്രം നമുക്കറിയാം. മറിയം തൻെറ പുത്രനു തൻെറ സൎവ്വവും കൊടുത്തിരുന്നു. ഇപ്പോൾ അവൾ അവൎണ്ണനീയമായ സന്തോഷം അനുഭവിക്കുന്നു. അവൾ ചിന്തിയ ഓരോ കണ്ണുനീർ തുള്ളിയും ഓരോ പ്രകാശമുള്ള രത്നമായി അവളുടെ ശിരസ്സിനെ അലങ്കരിക്കുന്നു. മാലാഖാമാരുടെയും മനുഷ്യരുടെയും രാജ്ഞിയായി മറിയം മുടി ധരിപ്പിക്കപ്പെട്ടിരിക്കുന്നു.

---

## അദ്ധ്യായം വ്യ

---

### മറിയത്തിൻെറ പാപമില്ലായ്മ

ഓരോ മനുഷ്യനും കിട്ടുന്ന വരപ്രസാദം അവൻെറ ജീവിതത്തിൽ ഉണ്ടാകുന്ന ഓരോ പരീക്ഷയേയും പ്രത്യേകം പ്രത്യേകമായി എതിൎത്തു ജയിക്കുന്നതിനു ധാരാളം മതിയാകുന്നതാകുന്നു. എന്നിരുന്നാലും, നമ്മുടെ ജീവിതത്തിൽ നമുക്കുണ്ടാകുന്ന പരീക്ഷകൾ ആകെക്കൂടി നോക്കുന്നതായാൽ, ദൈവത്തിൻെറ ഒരു പ്രത്യേകവരം കൂടാതെ, യാതൊരു മനുഷ്യനും യാതൊരു പാപവും മനസ്സറിവോടുകൂടിയുള്ള അപൂൎണ്ണതയുംകൂടാതെ ജീവിക്കത്തക്ക വിധത്തിൽ അത്ര പരിപൂൎണ്ണമായി ദൈവവരപ്രസാദത്തോടു സഹകരിക്കാൻ സാധിക്കയില്ലെന്നുള്ളതു

തീർച്ചയാണ്. എന്തുകൊണ്ടെന്നാൽ മാനുഷിക ബലഹീനത അത്ര വലുതാകുന്നു. ഏററം പരിശുദ്ധരായ ആത്മാക്കൾപോലും ഒരിക്കലെല്ലെങ്കിൽ മറെറാരിക്കൽ വീണുപോകുന്നു. അതിനാൽ, എല്ലാ മനുഷ്യരും ദൈവതിരുമുൻപിൽ ചെയ്തിരിക്കുന്ന കുററങ്ങൾക്കു ന്യായമായി പൊറുതി അപേക്ഷിക്കേണ്ടതാണ്. മറിയം മാത്രം ഇതിൽനിന്നു ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഉത്ഭവപാപത്തിൻെറ മാത്രമല്ല, കമ്മപാപത്തിൻെറപോലും ഏററം നിസ്സാരമായ മാലിന്യത്തിൽനിന്നും സംരക്ഷിക്കപ്പെടത്തക്ക വിധത്തിൽ അത്ര അസാധാരണമായ ഒരു വരം ദൈവത്തിൻെറ ഏററം പരിശുദ്ധ മാതാവിനു ലഭിച്ചിരിക്കുന്നുവെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു.

"മററു മനുഷ്യർക്കാർക്കും കിട്ടിയിട്ടില്ലാത്ത ദൈവത്തിൻെറ ഒരു പ്രത്യേക വരത്താൽ പരിശുദ്ധ കന്യകമറിയം ജന്മപാപം കൂടാതെ ഉത്ഭവിക്കയും, തൻെറ ജീവിതകാലം മുഴുവനും യാതൊരു പാപവുംകൂടാതെ തൻെറ ആത്മാവിനെ നിമ്മലമായി കാത്തുസൂക്ഷിക്കയും ചെയ്തു. പാപത്തെയും മരണത്തെയും ജയിച്ച നമ്മുടെ കത്താവിൻെറ അമ്മയായിത്തീരുകയും, അതുവഴിയായി ജീവനും പരിശുദ്ധതയും എല്ലാവർക്കും ലഭിച്ചുകൊടുക്കുകയും ചെയ്ത കന്യകകളുടെ രാജ്ഞി, യാതൊരു പാപവും കൂടാതെ അസാധാരണമായ പരിശുദ്ധതയോടുകൂടി ജീവിക്കുന്നതിനുള്ള വരം പ്രാപിച്ചുവെന്നുള്ളതു് ഏററം ന്യായമായിട്ടുള്ളതാകുന്നു." (വി. ബെൎണ്ണർദോസ്)

ഇതിൽനിന്നു പരിശുദ്ധ കന്യകയ്ക്കു് വിശ്വാസത്തിനെതിരായുള്ള പരീക്ഷകൾ ഉണ്ടായിട്ടില്ലെന്നു നമുക്കു അനുമിക്കാൻ പാടില്ല. ഇപ്രകാരമുള്ള പരീക്ഷകൾനിമിത്തമുണ്ടായ മനോവേദനയും, മിശഹാ തന്നെ യോറന്നാന് ഏൾപ്പിച്ചുകൊടുത്തതുവരെ മറിയം അനുഭവിച്ച ആത്മികമായ ഏകാന്തതയും ശിമയോൻ മുൻകൂട്ടി അറിയിച്ച വാൾ അവളുടെ ഹൃദയത്തെ കുത്തിത്തുളയ്ക്കുന്നതിനു സഹായിച്ചിട്ടുണ്ടായിരിക്കാം.

നമ്മുടെ കത്താവു വല്യതായ ഭയത്തിനധീനനാകുന്നതിനു തൻെറ മാനുഷികാത്മാവിനെ അനുവദിച്ചെന്ന് സുവിശേഷത്തിൽനിന്നും നമുക്കു ഗ്രഹിക്കാം. ഇപ്രകാരമുള്ള വികാരങ്ങൾ മനസ്സുകൊണ്ടു നിയന്ത്രിക്കപ്പെടുന്നിടത്തോളം കാലം ഏററം നിസ്സാരമായ അപൂൎണ്ണതപോലും ആകയില്ല. എന്നാൽ മറിയം

തൻെറ പുത്രൻെറ എല്ലാ പീഡകളിലും പങ്കുകൊണ്ടു. അങ്ങനെയെങ്കിൽ മറിയത്തിൻെറ കഠിന വ്യാകുലതയുടെ സമയത്ത് അവളുടെ ആത്മാവിനെയും ഭയവും സംശയവും ആക്രമിച്ചെങ്കിൽ നാം അത്ഭുതപ്പെടേണ്ടതില്ല. മറിയത്തിൻെറ വിശ്വാസത്തിന് ഒരിക്കലും കുറവു വന്നിട്ടില്ല. എന്നിരുന്നാലും, നമ്മുടെ ദിവ്യരക്ഷകൻെറ ആത്മാവ് എപ്പോഴും സ്വർഗ്ഗീയാനന്ദം അനുഭവിച്ചിരുന്നെങ്കിലും കുരിശിൽ കിടന്നപ്പോൾ പിതാവിൻെറ സാന്നിദ്ധ്യത്തെപ്പററിയുള്ള ബോധം നിഗ്രഢമായ വിധത്തിൽ തന്നിൽ മങ്ങിപ്പോയതുപോലെ മറിയം കുരിശിൻചുവട്ടിൽ നിന്നപ്പോൾ, കർത്താവിൻെറ ഉയിർപ്പിനെപ്പററിയുള്ള വിചാരം അവളിൽനിന്നു മറയ്ക്കപ്പെട്ടിരിക്കാൻ പാടുണ്ടായിരുന്നു.

പരീക്ഷകൾ നമുക്കു മൂന്നു വിധത്തിൽ ഉണ്ടാകാം— ഉള്ളിൽനിന്നും, പുറമെനിന്നും, (പഞ്ചേന്ദ്രിയങ്ങൾവഴി) പിശാചിൻെറ നേരിട്ടുള്ള തോന്നിപ്പുകളിൽനിന്നും. ഉള്ളിൽനിന്നുള്ള പരീക്ഷകൾ നമ്മുടെ കർത്താവിനോ തൻെറ പരിശുദ്ധ മാതാവിനോ ഉണ്ടാകുവാൻ പാടില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങനെയുള്ള പരീക്ഷകൾ ഉത്ഭവദോഷത്തിൻെറ ഫലങ്ങളാകുന്നു. മാമ്മോദീസായ്ക്കുശേഷവും നമ്മിൽ നിലനില്ക്കുന്ന ദുരാശാപാശങ്ങളിൽനിന്നാകുന്നു അവ ഉണ്ടാകുന്നത്. നമ്മുടെ കർത്താവിനും അവിടുത്തെ മാതാവിനും ദുരാശാപാശങ്ങൾ ഉണ്ടായിരിക്കാൻ പാടില്ലായിരുന്നു. എന്നാൽ, പുറമെയുള്ള ലോകത്തിൽനിന്നും അതുപോലെതന്നെ പിശാചിൻെറ ആക്രമണങ്ങളിൽനിന്നും ഈശോയ്ക്കും മറിയത്തിനും പരീക്ഷകൾ ഉണ്ടാകാൻ പാടുണ്ടായിരുന്നു, ഉണ്ടാകയും ചെയ്തു. എന്നാൽ കർത്താവിനുണ്ടായ പരീക്ഷകൾ യാതൊരു വിധത്തിലും തൻെറ അവർണ്ണനീയമായ പരിശുദ്ധതയെ മലിനപ്പെടുത്താതിരുന്നതുപോലെ, മാതാവിനുണ്ടായ പരീക്ഷകളും അവളുടെ ആത്മാവിനെ യാതൊരു വിധത്തിലും മലിനമാക്കിയില്ല.

അതിനാൽ കത്തോലിക്കരെല്ലാവരും, മറിയത്തിൻെറ പരിപൂർണ്ണമായ പാപമില്ലായ്മയിൽ വിശ്വസിക്കുന്നു. അവളുടെ മനോഹരമായ ആത്മാവിൽ എല്ലാ വികാരങ്ങളും തൻെറ പുത്രൻെറ മനസ്സിനനുസരണമായി ക്രമപ്പെടുത്തപ്പെട്ടിരുന്നു. അവളുടെ മനസ്സ് അവിടുത്തെ മനസ്സിനു പൂർണ്ണമായി അനുരൂപമായിരുന്നു. അവളുടെ ഹൃദയം അവിടുത്തെ പരിശുദ്ധ ഹൃദയത്തോടു

ഐക്യപ്പെട്ടിരുന്നു. കന്യകാമറിയം പരിപൂർണ്ണയായ സൃഷ്ടിയാകുന്നു, കുറവോ കറയോ കൂടാതെയുള്ള സ്ത്രീത്വത്തിൻെറ പരിപൂർണ്ണാദർശമാകുന്നു. ബോധജ്ഞാനം തനിക്കായി ഒരു ഭവനം നിർമ്മിക്കാൻ മനസ്സായപ്പോൾ, തനിക്കു യോഗ്യമായ, തുല്യമററ, ജീവനുള്ള ഒരു ദേവാലയം നിർമ്മിച്ചു. പാപഭാരം വഹിക്കുന്ന ലോകത്തിനു ദൈവം തന്നിരിക്കുന്നതും, അനാദിമുതൽക്കേ തൻെറ കൈകളാൽ ഒരുക്കപ്പെട്ടതുമായ ഒരു ദാനം, തൻെറ പുത്രനു സന്തോഷത്തോടുകൂടി ഇരുന്ന് തൻെറ തിരിഞ്ഞെടുക്കപ്പെട്ടവക്കു തന്നെത്തന്നെ കാണിക്കുന്നതിനും മനുഷ്യരുടെ ഹൃദയങ്ങളിൽ രാജാവായി വാഴുന്നതിനും ഉള്ള പരിശുദ്ധ സിംഹാസനം, ആകുന്നു മറിയം.

---

## അദ്ധ്യായം ൯

## മറിയത്തിൻെറ പുണ്യങ്ങൾ

ദൈവത്തിൻെറ പുത്രിമാരിൽ അനേകംപേർ തൻെറ മുൻപിൽ ആദ്ധ്യാത്മികസമ്പത്തുകൾ ധാരാളമായി സമ്പാദിച്ചിട്ടുണ്ട്. മറിയം അവരെയെല്ലാം അതിശയിച്ചിരിക്കുന്നു. തൻെറ പുത്രൻെറ ഹൃദയത്തിന് മറിയം സമപ്പിച്ച അവളുടെ യോഗ്യതകളുടെ നിധി നമുക്കു വിചാരിക്കാൻ പാടില്ലാത്ത വിധത്തിൽ അത്ര വലുതാണ്. ഈ യോഗ്യതകൾ നമ്മുടെ നാഥ സമ്പാദിച്ചത് പുണ്യത്തിൻെറ അഭ്യാസനംകൊണ്ട്, അതായത്, നമ്മുടെ രക്ഷകൻെറ വരപ്രസാദത്തോടു സഹകരിച്ചു ചെയ്ത സൽപ്രവൃത്തികൾകൊണ്ട്, ആകുന്നു. ദൈവമാതാവ് പാപത്തിൻെറയോ അപൂർണ്ണതയുടെയോ കറകൂടാതെ ജീവിക്കുക മാത്രമല്ല ചെയ്തത്. അവൾ പരിപൂർണ്ണതയാകുന്ന മല പടിപടിയായി കയറുകയും, പ്രസാദവരത്തിൽനിന്നു പ്രസാദവരത്തിലേക്കും, ശക്തിയിൽനിന്നു ശക്തിയിലേക്കും മുൻപോട്ടു പോകുകയും, ഒടുക്കം, തൻെറ ദിവ്യപുത്രനെ ഒഴിച്ചാൽ, വേറെ ആക്കും എത്താൻ പാടില്ലാത്ത

മലമുകളിൽ എത്തുകയും, ഈലോകത്തിലെ തന്റെ ജോലി നിർവ്വഹിച്ചശേഷം, അവിടെനിന്നും, അനാദിമുതൽക്കേ തനിക്കായി ഒരുക്കപ്പെട്ടിരുന്ന നീതിയുടെ കിരീടം സ്വീകരിക്കുന്നതിനായി പോകുകയും ചെയ്തു.

എല്ലാ മനുഷ്യരിലും കുററങ്ങളും കുറവുകളും നാം കാണുന്നു. പുണ്യവാന്മാർ ഇവയെ കൂടുതൽ യോഗ്യതകൾ സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങളും പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള ചവിട്ടുപടികളും ആക്കിത്തീർത്തു. എന്നാൽ മറിയത്തിൽ ഇപ്രകാരമുള്ള കുററങ്ങളും കുറവുകളും യാതൊന്നും ഉണ്ടായിരുന്നില്ല. മററെല്ലാവരിലും ഉത്ഭവപാപത്തിന്റെ ഫലങ്ങളായ ദുരാശാപാശങ്ങളും തിന്മയിലേക്കുള്ള പലതരത്തിലുള്ള ചാച്ചിലുകളും ഉണ്ട്. അവയെ എതിർത്തു ക്രമപ്പെടുത്തുക എന്നുള്ളതാണ് ജീവിതത്തിലെ ഒരു പ്രധാന കൃത്യം. എന്നാൽ മറിയത്തിൽ ദുരാശാപാശങ്ങളും തിന്മയിലേക്കുള്ള ചാച്ചിലുകളും ഉണ്ടായിരുന്നില്ല. ഈ വസ്തുതയും ദൈവമാതാവാണെന്നുള്ള മഹത്വവുമാണ് മറിയത്തെ മററു സൃഷ്ടികളിൽനിന്നു വ്യത്യസ്തയാക്കി ഒരു പ്രത്യേക സ്ഥാനത്ത് അവളെ നിറുത്തുന്നത്. മിശിഹായുടെ പാപമില്ലാത്ത മാതാവിൽ നാം പരിശുദ്ധമായ മനുഷ്യസ്വഭാവത്തെ അതിന്റെ ഉന്നതമായ പദവിയിൽ കാണുന്നു. അവൾ മററാക്കും പങ്കെടുക്കാൻ പാടില്ലാത്ത ഒരു സിംഹാസനത്തിന്മേൽ നമ്മുടെ കർത്താവിനാൽ ഇരുത്തപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും മറിയത്തിന്റെ മഹത്വവും വരങ്ങളും സ്വർഗ്ഗീയം മുഴുവന്റെയും മഹത്വവും വരങ്ങളുമാകുന്നു.

മിശിഹായുടെ ആത്മാവിൽ ക്രമരഹിതമായ യാതൊന്നും ഉണ്ടായിരിക്കാൻ പാടില്ലായിരുന്നതുകൊണ്ട്, തന്നെത്തന്നെ നമുക്ക് ഒരു മാതൃകയായി കാണിക്കാൻ അവിടുത്തേക്കു കഴിഞ്ഞിരുന്നു. "നിങ്ങൾ എന്നിൽനിന്നു പഠിക്കുവിൻ" എന്നു താൻ പറഞ്ഞിരുന്നു. എല്ലാക്കാലത്തും വിശുദ്ധന്മാർ തങ്ങളുടെ ദിവ്യഗുരുവിനെ അനുകരിച്ച് അവിടുത്തെ കാലടിപ്പാടുകളിൽ വിശ്വസ്തതയോടെ നടക്കാൻ ശ്രമിച്ചിരുന്നതായി അവരുടെ ജീവചരിത്രങ്ങളിൽ നാം വായിക്കുന്നു. മനുഷ്യനായ ഈശോമിശിഹായുടെ പുണ്യങ്ങളെ അവിടുത്തെ വിശുദ്ധന്മാർ വിശ്വസ്തതയോടെ കണ്ടു പഠിച്ചിരുന്നു. ഒരു വിശുദ്ധൻ പ്രധാനമായി അവിടുത്തെ ഹൃദയത്തിലെ എളിമയും ശാന്തതയും, വേറൊരാൾ അവിടുത്തെ പ്രാ

ത്ഥനയും വേറൊരാൾ പിതാവിൻെറ മഹത്വത്തിനായുള്ള അവി ടുത്തെ ശുഷ്കാന്തിയും, ഇനിയും ഒരാൾ മനുഷ്യാത്മാക്കളോടുള്ള സ്നേഹവും കണ്ടുപഠിച്ചു. എന്നാൽ, നമ്മുടെ അമ്മ തൻെറ പു ത്രനെ, ഒരു സൃഷ്ടിക്ക പാടുള്ളിടത്തോളം പരിപൂർണ്ണമായി, എല്ലാ പുണ്യങ്ങളിലും കണ്ടുപഠിച്ചു.

വി. തോമ്മാമല്പാൻ ഇപ്രകാരം പറയുന്നു: "മറിയം എല്ലാ പുണ്യങ്ങളും അഭ്യസിച്ചു. മററു പുണ്യവാന്മാർ ചില പ്രത്യേക പുണ്യങ്ങളിൽ അഭിവൃദ്ധി പ്രാപിച്ചിരുന്നു. ഒരാൾ എളിമയുടെയും വേറൊരാൾ കാരുണ്യത്തിൻെറയും, എന്നാൽ പ രിശുദ്ധ കന്യക എല്ലാ പുണ്യങ്ങളുടെയും, ദൃഷ്ടാന്തം നമുക്ക തരു ന്നു." "എല്ലാ വിശുദ്ധന്മാരുടെയും പരിപൂർണ്ണതകൾ കന്യകാ മറിയത്തിൽ കാണുന്നു" എന്നത്രെ അന്തോനീനോസ് എന്ന പു ണ്യവാൻ പറഞ്ഞിരിക്കുന്നത്.

മുഖച്ഛായയിൽ നമ്മുടെ കത്താവു തൻെറ മാതാവിനെ പ്പോലെ ആയിരുന്നെന്നും, അവിടുന്ന് ഒരു ശിശുവായിരുന്നപ്പോൾ തെരുവുകളിൽ തന്നെ കണ്ടുമുട്ടിയിരുന്നവർ, തൻെറ മുഖത്തു നോക്കിക്കൊണ്ട്, "ഇതാ, നസറത്തിലെ മറിയത്തിൻെറ പുത്രൻ" എന്നു പറയുമായിരുന്നെന്നും ഒരു പരമ്പരാസിദ്ധമായ വത്തമാ നമുണ്ട്. ഇതെങ്ങനെയായിരുന്നാലും, മറിയം തൻെറ ആത്മാ വിൻെറ പുണ്യങ്ങളിൽ ഈശോമിശിഹായുടെ തിരുഹൃദയ ത്തിൻെറ പുണ്യങ്ങളോട് അത്ഭുതകരമായ വിധത്തിൽ അടു ത്തിരുന്നെന്നുള്ളതു തീർച്ചയാണ്. നെറിവിൻെറ ദപ്പണം, കത്താ വിൻെറ ഛായ പ്രതിബിംബിക്കുന്ന കണ്ണാടി, എന്നു കത്തോ ലിക്കാസഭ മറിയത്തെ വിളിക്കുന്നു. അതിനാൽ മറിയം മിശി ഹായെ അനുകരിച്ചതുപോലെ, നാമും മറിയത്തെ അനുകരി ക്കാൻ ശ്രമിക്കയും, ദൈവികമാതൃകയെ അവൾ എങ്ങനെ പ്രതി ബിംബിപ്പിച്ചെന്നു സൂക്ഷിച്ചു കാണുകയും ചെയ്യുന്നതു് ഉപകാര പ്രദമാണ്.

വിശ്വാസമെന്ന ദൈവികപുണ്യം നമ്മുടെ കത്താ വിൻെറ ആത്മാവിൽ ഉണ്ടായിരുന്നിരിക്കാൻ പാടില്ല, എന്തെ ന്നാൽ വിശ്വാസം "കാണാത്തവയെപ്പററിയുള്ള അവബോധമാ ണ്." മിശിഹായുടെ മാനുഷികാത്മാവ് എപ്പോഴും ദൈവത്തെ നേരിട്ടു കണ്ടിരുന്നു. എന്നാൽ മറിയത്തിൻെറ സ്ഥിതി അപ്രകാ രമല്ലായിരുന്നു. ലോകത്തിൽ അവൾ "വഴിയാത്രയുടെ അ

വസ്ഥ"യിലായിരുന്നു. ഈ ലോകത്തിൽ അവൾ ദൈവത്വത്തെ നേരിട്ടു കണ്ടില്ല, എന്നാൽ വിശ്വസിച്ചു. "ഹവ്വാ തൻെറ വിശ്വാസക്കുറവുകൊണ്ടു കെട്ടിയതു മറിയം തൻെറ വിശ്വാസം കൊണ്ടു അഴിച്ചു" എന്നു വി. ഇറനേയോസ് ന്യായപൂർവ്വം പറഞ്ഞിരിക്കുന്നു.

വി. അൽഫോൻസ് പറയുന്നതിപ്രകാരമാണ്: "മറിയത്തിന് എല്ലാ മനുഷ്യരേക്കാളും മാലാഖാമാരേക്കാളും കൂടുതൽ വിശ്വാസം ഉണ്ടായിരുന്നു. അവൾ തൻെറ പുത്രനെ ബേസ്ലഹമ്മിലെ തൊഴുക്കൂട്ടിൽ കാണുകയും അവിടുന്നു ലോകത്തിൻെറ സ്രഷ്ടാവാണെന്നു വിശ്വസിക്കുകയും ചെയ്തു. ഹേറോദേസിൻെറ മുമ്പിൽ അവിടുത്തെ അവൾ കാണുകയും അവിടുന്നു രാജാക്കളുടെ രാജാവാണെന്നു വിശ്വസിക്കുകയും ചെയ്തു. അവിടുന്ന് ഈ ലോകത്തിൽ ജനിച്ചെങ്കിലും ആദിയും അറുതിയുമില്ലാത്തവനാണെന്നു മറിയം വിശ്വസിച്ചു. ഒരു ദരിദ്രജീവിതം അവിടുന്നു കഴിക്കുന്നതു മറിയം കണ്ടിട്ടും, തൻെറ പുത്രൻ സർവ്വലോകത്തിൻെറയും നാഥനാണെന്ന് അവൾ വിശ്വസിച്ചു. വയ്ക്കോലിന്മേൽ കിടക്കുന്നതു കണ്ടിട്ടും അവിടുന്നു ശർവ്വശക്തനാണെന്നു മറിയം വിശ്വസിച്ചു. ഒടുക്കം അവിടുന്നു പരിഹസിക്കപ്പെട്ടും നിന്ദിക്കപ്പെട്ടും കുരിശിൽ തൂങ്ങി മരിച്ചപ്പോൾ, മററുള്ളവരുടെ വിശ്വാസം ഇളകിയെങ്കിലും, തൻെറ പുത്രൻ ദൈവമാണെന്നുള്ള മറിയത്തിൻെറ വിശ്വാസത്തിനു ഇളക്കമുണ്ടായില്ല."

അബ്രഹാമിൻെറ വിശ്വാസം വലുതായിരുന്നു, എന്നാൽ മറിയത്തിൻെറ വിശ്വാസം അതിനെക്കാൾ വളരെ വലുതായിരുന്നു. അബ്രാഹം തൻെറ ജീവിതത്തിൻെറ പ്രധാന ഘട്ടങ്ങളിൽ തൻെറ വിശ്വാസം പ്രകടിപ്പിച്ചു; മറിയത്തിൻെറ വിശ്വാസം അവളുടെ ജീവിതകാലം മുഴുവനിലും പരീക്ഷിക്കപ്പെടുകയും പരിപൂർണ്ണമായി കാണപ്പെടുകയും ചെയ്തു. "വിശ്വസിച്ച നീ ഭാഗ്യവതിയാകുന്നു" എന്ന ഏലീശ്വായുടെ വാക്കുകൾ എല്ലാ സാഹചര്യങ്ങളിലും ആശ്ചര്യകരമായ വിധത്തിൽ നിറവേറി.

ശരണം വിശ്വാസത്തിൻെറ പുഷ്പമാകുന്നു. ദൈവത്തിൻെറ വാഗ്ദാനങ്ങളിലും അവയെ നിറവേററാനുള്ള അവിടുത്തെ ശക്തിയിലും, അവിടുത്തെ ദൈവികവിശ്വസ്തതയിലും സ്നേഹപൂർണ്ണമായ പരിപാലനയിലും, എത്ര കൂടുതൽ ഉറപ്പായി

നാം വിശ്വസിക്കുന്നവോ അത്രയും കൂടുതലായി നാം തന്നിൽ ശരണപ്പെടുന്നു. മറിയത്തിൻെറ കാര്യത്തിലും ഇപ്രകാരംതന്നെ ആയിരുന്നു. അവളുടെ വിശ്വാസം പരീക്ഷിക്കപ്പെട്ടതുപോലെ ശരണവും പരീക്ഷിക്കപ്പെട്ടു. എന്നാൽ അവളുടെ ശരണത്തിൻെറ അളവു് വിശ്വാസത്തിൻെറ അളവുതന്നെ ആയിരുന്നു. ഇതിനെ പ്പററി വി. അൽഫോൻസ് പറയുന്നതിപ്രകാരമാണ്:—

"മറിയത്തിൻെറ അത്ഭുതകരമായ ഗർഭധാരണത്തിൻെറ കാരണമെന്തെന്നറിയാതെ വിഷമിച്ച് അവളെ ഉപേക്ഷിക്കാൻ വി. യൌസേപ്പു തീരുമാനിച്ചപ്പോൾ, മറിയം ദൈവത്തിലുള്ള തൻെറ ശരണം എത്ര വലുതാണെന്നു കാണിച്ചു പരിശുദ്ധമായ ഈ രഹസ്യം യൌസേപ്പിനെ അറിയിക്കേണ്ടതു് ആവശ്യമാണെന്ന് അവൾക്കു തോന്നാമായിരുന്നു. തനിക്കു കിട്ടിയ വരപ്രസാദം താൻതന്നെ യൌസേപ്പിനെ അറിയിക്കുന്നതിനു മറിയം മനസ്സായില്ല. തന്നെത്തന്നെ ദൈവപരിപാലനയ്ക്കു ഏല്പിച്ചുകൊടുത്തുകൊണ്ടു്, തൻെറ കുററമില്ലായ്മയും സൽപേരും കാത്തു സൂക്ഷിക്കുന്ന ഭാരം ദൈവത്തിൽ സമർപ്പിക്കുന്നതു കൂടുതൽ പുണ്യപൂർണ്ണമായ പ്രവൃത്തിയായിരിക്കുമെന്ന് അവൾ വിചാരിച്ചു... ഈജിപ്തിലേക്ക് ഒളിച്ചോടിപ്പോകണമെന്നു വി. യൌസേപ്പ് അറിയിച്ചപ്പോഴും മറിയം ദൈവപരിപാലനയിലുള്ള തൻെറ ശരണം വെളിപ്പെടുത്തി. ആ രാത്രിയിൽത്തന്നെ അവൾ ഭക്ഷണസാധനങ്ങളോ പണമോ ഉണ്ണിയീശോയും തൻെറ ഭർത്താവും അല്ലാതെ വേറെ സഹായത്തിനാളോ ഇല്ലാതെ, അറിയപ്പെടാത്ത ആ രാജ്യത്തിലേക്കു ദീർഘയാത്ര കഴിക്കാൻ ഒരുങ്ങി. കാനായിൽവച്ച് അത്ഭുതം പ്രവർത്തിക്കാൻ തൻെറ പുത്രനോടപേക്ഷിച്ചപ്പോൾ മറിയം തൻെറ ശരണത്തിന് അതിനേക്കാൾ വലിയ ഒരു തെളിവു തന്നു... തൻെറ പ്രാർത്ഥന ഉപേക്ഷിക്കപ്പെട്ടെന്നു തോന്നിക്കാൻ പാടുണ്ടായിരുന്ന ഒരു മറുപടി കേട്ടിട്ടും, തൻെറ പുത്രൻെറ നന്മയിൽ ആശ്രയിച്ചുകൊണ്ടു്, അവിടുന്നു അവരോടു പറയുന്നതെല്ലാം ചെയ്വാൻ ഭൃത്യന്മാരോട് അവൾ പറഞ്ഞു. തൻെറ അപേക്ഷയെ ഉപേക്ഷിക്കയില്ലെന്ന് അവൾക്ക് അത്യധികം പരിപൂർണ്ണമായ ഉറപ്പുണ്ടായിരുന്നു."

മറിയത്തിൻെറ പരിപൂർണ്ണമായ വിശ്വാസം അവളുടെ സന്തോഷങ്ങളുടെയെല്ലാം അടിസ്ഥാനമായിരുന്നതുപോലെ, അവളുടെ സ്ഥിരമായ ശരണം ഭയങ്കരമായ പീഡാനുഭവസമയത്തു

അവളുടെ ആത്മാവിനു ശക്തി നൽകി. അതിനാൽ, "ഞാൻ പരിശുദ്ധ ശരണത്തിൻെറ മാതാവാകുന്നു" എന്ന വേദവാക്യം മറിയത്തെ സംബന്ധിച്ച യഥാർത്ഥമാണെന്നു സഭ പഠിപ്പിക്കുന്നതു കാരണം കൂടാതെയല്ല.

പരിശുദ്ധ കന്യക "മനോഹരമായ സ്നേഹത്തിൻെറ മാതാവും" ആകുന്നു. സ്നേഹം (ഉപവി) പരിപൂർണ്ണതയുടെ ചങ്ങലയും നമ്മുടെ മതത്തിൻെറ അന്ത്യവും ആകുന്നു. വിശ്വാസം കാഴ്ചയിൽ മറയുകയും, അനുഭവത്തിൽ ശരണം ഇല്ലാതെയാകുകയും ചെയ്യുമ്പോഴും ഉപവി നിലനില്ക്കും. മറിയത്തിൻെറ സ്നേഹത്തെപ്പററിയുള്ള ധ്യാനം ഈ അദ്ധ്യായത്തിൻെറ അവസാനഭാഗത്തേക്കു മാററിവെച്ചിട്ട്, ഈ അമ്മയുടെ എളിമയെയും ശുദ്ധതയെയും പ്രാർത്ഥനയെയുംപററി അല്പം പ്രസ്താവിക്കാം.

സ്വാഭാവികവും സ്വാഭാവാതീതവുമായ തൻെറ എല്ലാ നന്മകളും ദൈവത്തിൽനിന്നു മാത്രം വന്നിട്ടുള്ളവയാണെന്ന് സൃഷ്ടി ഏററുപറയുന്നതിനാണ് എളിമ എന്നു നാം പറയുന്നത്. "നമ്മുടെ ശക്തി ദൈവത്തിൽനിന്നാകുന്നു," എന്നു വി. പൌലോസ് സ്ലീഹാ പറഞ്ഞിരിക്കുന്നു. വീണ്ടും അദ്ദേഹം ചോദിക്കുന്നു: "നീ സ്വീകരിച്ചിട്ടില്ലാത്തതായി നിനക്ക് എന്തുണ്ട്? നീ സ്വീകരിച്ചെങ്കിലോ സ്വീകരിക്കാത്തവനെപ്പോലെ നീ പ്രശംസിക്കുന്നതെന്ത്?" എളിമയുടെ എതിരായ അഹംഭാവം വഴി ഒരു സൃഷ്ടി, താൻ കൈക്കൊണ്ട നന്മകൾക്കുള്ള മഹത്വം, കൈക്കൊണ്ടിട്ടില്ലാതിരുന്നാലെന്നപോലെ, തനിക്കുതന്നെ കിട്ടുന്നതിനവകാശപ്പെടുന്നു. കൂടാതെ, എളിമയുള്ളവൻ തൻെറ സ്വന്തം ഇല്ലായ്മയെ ഏററുപറഞ്ഞുകൊണ്ട്, തൻെറ എളിമയുടെ അളവനുസരിച്ച് തന്നെത്തന്നെ പിന്നിലാക്കുന്നതിനാഗ്രഹിക്കുന്നു. അഹംഭാവിയോ എന്നാൽ, തൻെറ അഹംഭാവത്തിൻെറ തോതനുസരിച്ച്, ഉയർച്ച പ്രാപിക്കുന്നതിനും, മതിക്കപ്പെടുന്നതിനും, സ്തുതിക്കപ്പെടുന്നതിനും, മററുള്ളവർ തന്നെപ്പററി എപ്പോഴും സംസാരിക്കുന്നതിനും ഉൽക്കണ്ഠയുള്ളവനായിരിക്കുന്നു. ക്രിസ്തുമതത്തിനുമുൻപ് എളിമ ഒരിക്കലും ഒരു പുണ്യമായി വിചാരിച്ചിരുന്നില്ല. പുരാതന റോമാക്കാർക്ക് അനേകം വിശിഷ്ടഗുണങ്ങളുണ്ടായിരുന്നു. എന്നാൽ എളിമയെ അവർ നിന്ദിക്കുകയും വെറുക്കുകയും ആണ് ചെയ്തിരുന്നത്. ആത്മാർത്ഥമായ എളിമയുടെ മനോഹരത കല്പനകൊണ്ടും, എല്ലാററിലും അധിക

മായി തന്റെ ജീവിതമാതൃകകൊണ്ടും മിശിഹായാണ് ആദ്യ മായി പഠിപ്പിച്ചത്. "ഞാൻ ശാന്തതയും ഹൃദയഎളിമയും ഉള്ള വനായതുകൊണ്ട് നിങ്ങൾ എന്നിൽനിന്നു പഠിക്കുവിൻ" എന്നു ശിഷ്യരോട് അവിടുന്നു പറഞ്ഞപ്പോൾ, അതിനു മുൻപു കേൾക്ക പ്പെട്ടിട്ടില്ലാത്ത ഒരു പാഠമാണ് പഠിപ്പിച്ചത്. എന്നാൽ ഈ സ്വർഗ്ഗീയപാഠം, മിശിഹായുടെ വരവിനു മുൻപുതന്നെ പരിശു ദ്ധാത്മാവ്, മറിയത്തിന്റെ ആത്മാവിൽ നിക്ഷേപിച്ചിരുന്നു. "തന്റെ കന്യാത്വം നിമിത്തം മറിയം ദൈവത്തെ പ്രസാദിപ്പി ച്ചു, തന്റെ എളിമനിമിത്തം അവൾ ദൈവത്തെ ഗർഭം ധരിച്ചു," എന്നു വി. ബെർണ്ണർദോസ് എഴുതിയിരിക്കുന്നു. എല്ലാററിലും അധി കമായി തന്റെ തിരിഞ്ഞെടുക്കപ്പെട്ട സൃഷ്ടിയുടെ എളിമയാണ് സ്രഷ്ടാവിന്റെ ഹൃദയത്തെ ആകർഷിച്ചത്. വി. ബെർണ്ണർദോസ് ഇപ്രകാരം എഴുതിയിരിക്കുന്നു:-

ഗബ്റിയേൽ മാലാഖാ ആരുടെ പക്കലേക്കാണു അയക്ക പ്പെട്ടത്? 'യൌസേപ്പ് എന്നു പേരുള്ള ഒരു പുരുഷനുമായി വി ഹാഹബന്ധമുണ്ടായിരുന്ന ഒരു കന്യകയുടെ പക്കലേക്കു." ഒരു മാലാഖായാൽ വന്ദിക്കപ്പെടുവാൻ യോഗ്യതയുള്ളവളും, ഒരു ആ ശാരിപ്പണിക്കാരനെ പരിഗ്രഹിക്കാൻ തക്ക എളിമയുള്ളവളും ആ യ ഈ കന്യക ആരാകുന്നു? കന്യാത്വത്തിന്റെയും എളിമയുടെ യും സംയോജനം മനോഹരമത്രെ! ആരുടെ എളിമ കന്യാത്വ ത്തെ സൌത്യർഹമാക്കുന്നുവോ, ആരുടെ കന്യാത്വം എളിമയെ അ ലങ്കരിക്കുന്നുവോ അവളുടെ ആത്മാവിൽ ദൈവത്തിനുള്ള സന്തോ ഷം വലുതാകുന്നു... എളിമയുള്ളവളുടെ കന്യാത്വം നിനക്കു കണ്ടു പഠിക്കാൻ പാടില്ലെങ്കിൽ, കന്യകയുടെ എളിമയെ കണ്ടുപഠി ക്കുക. കന്യാത്വം വിലമതിക്കപ്പെടുന്നു; എന്നാൽ എളിമ അതി നെക്കാൾ ആവശ്യമാണ്. ഒന്ന് ഉപദേശത്തിന്റെയും മറേറതു കല്പനയുടെയും വിഷയമാകുന്നു. ഒന്നിനു നീ ക്ഷണിക്കപ്പെടുന്നു, മറേറതിനു നീ നിർബന്ധിക്കപ്പെടുന്നു. ഒന്നിനെപ്പററി, 'അതിനെ സ്വീകരിക്കാൻ സാധിക്കുന്നവൻ സ്വീകരിക്കട്ടെ' എന്നും മറേറ തിനെപ്പററി, 'ഒരു മനുഷ്യൻ ഈ ശിശുവിനെപ്പോലെ ആയി ത്തീരുന്നില്ലെങ്കിൽ, അവൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല' എന്നുമത്രെ പറഞ്ഞിരിക്കുന്നത്. അതിനാൽ ആദ്യത്തേതിനു സ മ്മാനം ലഭിക്കയും, രണ്ടാമത്തേതു കല്പിക്കപ്പെടുകയും ചെയ്യുന്നു. കന്യാത്വംകൂടാതെ നിനക്കു രക്ഷ പ്രാപിക്കാൻ പാടുണ്ട്, എന്നാൽ

എളിമകൂടാതെ അതു സാധിക്കയില്ല. നഷ്ടപ്പെട്ടുപോയ കന്യാത്വ ത്തെപ്രതി കരയുന്ന എളിമ ദൈവത്തിനിഷ്ടമുള്ളതായിരിക്കാൻ പാടുണ്ട്; എന്നാൽ എളിമ കൂടാതെയുള്ള കന്യാത്വം, മറിയത്തി ൻെറ കന്യാത്വംപോലും, എന്നു ഞാൻ പറയുന്നു, ദൈവത്തെ പ്രസാദിപ്പിക്കയില്ലായിരുന്നു. 'എൻെറ അരൂപി എളിമയുള്ളവ ൻെറമേൽ അല്ലാതെ ആരുടെമേൽ ആവസിക്കും?" എന്ന് അവി ടുന്നു ചോദിക്കുന്നു. (ഏശയ്യാ ൬൬, ൨). അതെ, 'കന്യകയുടെ മേൽ, എന്നല്ല, പിന്നെയോ, 'എളിമയുള്ള ആളിൻെറമേൽ,' എ ന്നാണ് അവിടുന്നു പറയുന്നതു്. അതിനാൽ മറിയത്തിന്ന് എളി മയില്ലായിരുന്നെങ്കിൽ, പരിശുദ്ധാത്മാവ് അവളുടെമേൽ ആവ സിക്കയില്ലായിരുന്നു. പരിശുദ്ധാത്മാവ് ആവസിക്കാതെ അവൾ എങ്ങനെ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിക്കും? ആകയാൽ, മറിയംതന്നെ പറഞ്ഞിട്ടുള്ളതുപോലെ, അവൾ പരിശുദ്ധാത്മാ വിനാൽ ഗർഭം ധരിച്ചപ്പോൾ, ദൈവം തൻെറ ദാസിയുടെ കന്യാത്വത്തെയല്ല, എളിമയെയാണ് കൂടുതലായി തൃക്കൺപാ ർത്തതു് എന്നുള്ളതു വ്യക്തമാണ്. ഇതിൽനിന്നു മറിയത്തിൻെറ കന്യാത്വംതന്നെ ദൈവത്തിനിഷ്ടമുള്ളതായതു് അവളുടെ എളി മനിമിത്തമാണെന്നു സിദ്ധിക്കുന്നു.

നമ്മുടെ പാപങ്ങളെപ്പററിയുള്ള ഓർമ്മ എളിമ അഭ്യസി ക്കുന്നതിന്നു നമുക്കൊരു പ്രേരണയാണ്. എന്നാൽ ഈ പ്രേരണ മറിയത്തിന്നുണ്ടാകുവാൻ പാടുണ്ടായിരുന്നില്ല. മറിയം പാപമില്ലാ ത്തവളായിരുന്നു. എന്നാൽ, നമ്മിലുള്ള സകല നന്മയും നാം ദൈവവരപ്രസാദത്തെ ആശ്രയിച്ചിരിക്കുന്നു എന്നുള്ള വിചാരം എളിമയുണ്ടാകുന്നതിന്നുള്ള ഒരു പ്രേരണയാകുന്നു. വിശുദ്ധന്മാരു ടെയെല്ലാം മനസ്സിൽ ഈ വിചാരം ഉണ്ടായിരുന്നു. നമ്മുടെ നാഥ സൃഷ്ടികളിൽവച്ച് ഏററം എളിമയുള്ളവളായിരുന്നതു്, തനി ക്കുണ്ടായിരുന്നതെല്ലാം ദൈവത്തിൻെറ സ്വതന്ത്രദാനമായിരു ന്നെന്ന് ഒരു നിമിഷത്തേക്കുപോലും അവൾ മറക്കാതിരുന്നതു കൊണ്ടാണ്. മറിയത്തിൻെറ പാപമില്ലായ്മയും, കർത്താവിനെ പ്രസാദിപ്പിച്ച എല്ലാ പ്രവൃത്തികളും സ്നേഹപൂർണ്ണമായ ദൈവ പരിപാലനയുടെ ഫലമായിരുന്നു. തന്നിൽതന്നെ താൻ ഒന്നുമി ല്ലാത്തവളെപോലെ ആയിരുന്നെന്ന് മറിയത്തിന്നു പൂർണ്ണമായി അറിയാമായിരുന്നു.

മംഗലവാർത്തയുടെ സമയത്തു്, മറിയത്തിൻെറ ഉയർച്ചയുടെ ആ നിമിഷത്തിൽ, താൻ ദൈവത്തിൻെറ ദാസിയാണെന്നു് ഏററുപറയുവാൻ എളിമ അവളെ പ്രേരിപ്പിച്ചു. എലീശ്വായെ സന്ദർശിച്ചപ്പോൾ, ആ പുണ്യവതിയുടെ സ്വീകരണത്തിൻെറയും വണക്കത്തിൻെറയും സ്തുതിയുടെയും വാക്കുകൾ തൻെറ സ്രഷ്ടാവിനു് നൽകാൻ തൻെറ എളിമ മറിയത്തെ പ്രേരിപ്പിച്ചു. മഹത്തായ തൻെറ സൌഭാഗ്യം മറിയം നിഷേധിക്കുന്നില്ല, എന്നാൽ അതു് തൻേറതല്ല, പിന്നെയോ, ദൈവത്തിൻെറ പ്രവൃത്തിയാണെന്നു് അവൾ പ്രഖ്യാപനം ചെയ്യുന്നു. കർത്താവിൻെറ പീഡാനുഭവസമയത്തു്, രണ്ടു കള്ളന്മാരുടെ നടുവിൽ തൂങ്ങിക്കിടന്ന തൻെറ പുത്രൻ സഹിച്ച നിന്ദാപമാനങ്ങളിൽ മറിയവും പങ്കുകൊണ്ടു. ദൈവമാതാവിൻെറ കാര്യത്തിൽ "തന്നെത്താൻ എളിമപ്പെടുത്തുന്നവൻ ഉയർത്തപ്പെടും" എന്ന വാഗ്ദാനം ഏററം ശ്രേഷ്ഠമായ വിധത്തിൽ നിറവേററപ്പെട്ടിരിക്കുന്നു. മറിയം ക്രോവേന്മാരുടെയും സ്രാപ്പേന്മാരുടെയും മീതെ ഉയർത്തപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ കർത്താവു തൻെറ ദാസിയുടെ എളിമയെ തൃക്കൺപാർത്തു.

മാതാവിൻെറ എളിമയോടു് അടുത്തു ബന്ധപ്പെട്ടിരിക്കുന്ന ഒരു പുണ്യമാണു് അവളുടെ കറയില്ലാത്ത ശുദ്ധത. ദൈവം എളിമയുള്ളവക്കു വരപ്രസാദം കൊടുക്കുകയും അഹംഭാവികളെ ഉപേക്ഷിക്കുകയും ചെയ്യുന്നു. മറിയത്തിൻെറ എളിമയുടെ ഫലമായി ദൈവം കൊടുത്ത വരം അവളുടെ ദൈവമാതൃത്വം ആയിരുന്നു. തൻെറ കന്യകാമാതാവായിരിക്കാൻ സകല സൃഷ്ടികളിൽനിന്നും ദൈവം മറിയത്തെ തിരിഞ്ഞെടുത്തു. കന്യകാമാതാവിൻെറ സ്തുതികൾ പാടാൻ സ്ഥാപിതാക്കന്മാരെ വീണ്ടും വീണ്ടും പ്രേരിപ്പിച്ചതു് മാതൃത്വത്തിലുള്ള കന്യാത്വത്തിൻെറ ഈ രഹസ്യമാണു്. വി. അംബ്രോസീസ് പ്രത്യേകിച്ചും കന്യാത്വത്തെപ്പററിയുള്ള തൻെറ ഗ്രന്ഥത്തിൽ എല്ലായിടത്തും നമ്മുടെ നാഥയെ പുകഴ്ത്തി സ്തുതിക്കുന്നു. അവളുടെ ജീവിതത്തിൽ അവളുടെ സ്ഥാനവലിപ്പത്തിനനുയോജ്യമായ എല്ലാ പുണ്യങ്ങളും അദ്ദേഹം കാണുന്നു.

ഈ വിശുദ്ധ മല്പാൻ ഇപ്രകാരം എഴുതിയിരിക്കുന്നു:— നിൻെറ മുൻപിൽ മറിയത്തിൻെറ ഒരു ജീവചരിത്രം ഉണ്ടായിരിക്കണം. അതിൽ, ഒരു കണ്ണാടിയിലെന്നപോലെ, ശുദ്ധതയും

സുകൃതത്തിൻെറ മാതൃകയും കാണാം. അദ്ധ്യാപികയുടെ ശ്രേഷ്ഠത ശിഷ്യൻെറ ശുഷ്കാന്തിയെ ഉടനെ ഉദ്ദീപിപ്പിക്കും. ദൈവത്തിൻെറ മാതാവിനെക്കാൾ ശ്രേഷ്ഠയായി ആരുണ്ട്? . . . തൻെറ ശരീരത്തിന്ന് യാതൊരു അന്തരവും വരാതെ ഒരു ശരീരത്തെ പ്രസവിച്ചവളെക്കാൾ പരിശുദ്ധയായി ആരുണ്ട്? അവളുടെ മററു പുണ്യങ്ങളെപ്പററി ഞാൻ എന്തു പറയട്ടെ? ശരീരത്തിൽ മാത്രമല്ല, മനസ്സിലും അവൾ ഒരു കന്യകയായിരുന്നു. മറിയം ഹൃദയത്തിൽ എളിമയും, സംസാരത്തിൽ ഗൌരവവും മനസ്സിൽ വിവേകവും സംഭാഷണത്തിൽ മിതത്വവും, വായനയിൽ താല്പര്യവും ഉള്ളവളായിരുന്നു. ധനത്തിൻെറ അനിശ്ചിതത്വത്തിൽ പ്രത്യാശകൾ വെയ്ക്കുന്നതിനു പകരം, ദരിദ്രരുടെ പ്രാർത്ഥനകളിൽ അവയെ അവൾ വച്ചിരുന്നു. കൃത്യനിഷ്ഠയും, വാക്കുകളിൽ വിനയവും മറിയത്തിനുണ്ടായിരുന്നു. മനുഷ്യൻെറ വിധികളെ നോക്കുന്നതിനു പകരം ദൈവത്തിൻെറ വിധികളെപ്പററി അവൾ ചിന്തിച്ചിരുന്നു. അവൾ ഒരുത്തർക്കും ഉപദ്രവം വരുത്തിയിരുന്നില്ല; എല്ലാവർക്കും നന്മ വരണമെന്നാഗ്രഹിച്ചിരുന്നു. അവൾ അയൽക്കാരുടെ നേരെ വിരോധംവച്ചുകൊണ്ടിരുന്നില്ല, വൻപുപറച്ചിലിൽനിന്നൊഴിഞ്ഞുമാറുകയും, സുകൃതത്തെ സ്നേഹിക്കുകയും ചെയ്തിരുന്നു.''

പരിശുദ്ധ കന്യകയുടെ ലുത്തിനിയായിൽ, ദൈവമാതാവിൻെറ കറയില്ലാത്ത ശുദ്ധതയെപ്പററിയുള്ള കത്തോലിക്കാവിശ്വാസം പ്രകടിപ്പിക്കുന്നതിന് അനേകം നാമങ്ങളിൽ മാതാവു വിളിക്കപ്പെടുന്നു. "അത്യന്ത വിരക്തിയുള്ള മാതാവേ, ഊഷലററ കന്യാസ്ത്രീയായിരിക്കുന്ന മാതാവേ, കന്യാവ്രതത്തിന്നന്തരം വരാത്ത മാതാവേ, ആത്മജ്ഞാനപൂരിതപാത്രമേ, ബഹുമാനത്തിൻെറ പാത്രമേ, അത്ഭുതമായ ഭക്തിയുടെ പാത്രമേ, ദാവീദിൻെറ കോട്ടയേ, നിർമ്മലദന്തംകൊണ്ടുള്ള കോട്ടയേ, സ്വർണ്ണാലയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.''

ദൈവത്തിനു ഇഷ്ടമായിരിക്കുന്ന ശുദ്ധത ശാരീരികമായ പാപങ്ങളിൽനിന്നു മാത്രമുള്ള സ്വാതന്ത്ര്യമല്ലെന്നു നാം ഓർക്കണം. പ്രവൃത്തികളെ മാത്രമല്ല, വിചാരങ്ങളെയും അതു നിയന്ത്രിക്കുന്നു; മാത്രമല്ല, വിചാരങ്ങളെയും വികാരങ്ങളെയും ആഗ്രഹങ്ങളെയും അതു ദൈവത്തിൻപക്കലേക്കു തിരിക്കുകയും ചെയ്യുന്നു.

"ഹൃദയശുദ്ധതയുള്ളവർ ദൈവത്തെ കാണും." ഈ ദൈവികവാഗ്ദാനം, ദൈവത്തെ നേരിട്ടു നാം കാണുന്ന പരലോകജീവിതത്തിൽ മാത്രമല്ല, വിശ്വാസം വഴി നാം ദൈവത്തെ അറിയുന്ന ഈ ജീവിതത്തിലും നിറവേറുന്നുണ്ട്. പരിശുദ്ധമായ ഒരു ജീവിതം നയിക്കുന്നതിനും ഹൃദയം ദൈവതിരുമുൻപിൽ പരിശുദ്ധമായി കാത്തുസൂക്ഷിക്കുന്നതിനും ശ്രമിക്കുന്ന ഒരു കത്തോലിക്കാ ബാലൻെറ അല്ലെങ്കിൽ യുവാവിൻെറ വിശ്വാസത്തെപ്പററി ഭയപ്പെടേണ്ട ആവശ്യമില്ല. കൂടെക്കൂടെ വിശുദ്ധ കൂദാശകൾ കൈക്കൊള്ളുകയും, നല്ല ജീവിതം കഴിക്കാൻ ശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ, വിശ്വാസം ഒരിക്കലും നഷ്ടപ്പെടുകയില്ലെന്ന് അനുഭവം പഠിപ്പിക്കുന്നു. ഇതിൻെറ മറുവശവും വാസ്തവമാണ്. അഹംഭാവം മനുഷ്യരെ ശുദ്ധതയ്ക്കു വിരോധമായ പാപങ്ങളിൽ വീഴാൻ ഇടയാക്കുന്നു. ഇങ്ങനെയുള്ള പാപങ്ങളാകട്ടെ, പലപ്പോഴും വിശ്വാസക്ഷയത്തിലേക്കു നയിക്കുന്നു. ഈ ലോകത്തിൽ ദൈവത്തെ അറിയുന്നതിനും പരലോകത്തിൽ ദൈവത്തെ കാണുന്നതിനും നാം ആഗ്രഹിക്കുന്നെങ്കിൽ, വിലതീരാത്ത രത്നമായ വിശുദ്ധപുണ്യത്തെ നാം സൂക്ഷ്മത്തോടുകൂടി അന്വേഷിക്കേണ്ടിയിരിക്കുന്നു. ഈ പരിശ്രമത്തിൽ നാം മാതാവിൻെറ സഹായം അപേക്ഷിക്കുകയാണെങ്കിൽ, നിശ്ചയമായും നമ്മുടെ നാഥ നമ്മെ സഹായിക്കും.

ന്യൂമൻ ഇപ്രകാരം എഴുതിയിരിക്കുന്നു: "ചെറുപ്പക്കാരുടെ ഹൃദയം പരിശുദ്ധമാക്കുന്നതിനുള്ള വരം കത്തോലിക്കാസഭയ്ക്കുണ്ടെന്ന് അവൾ അവകാശപ്പെടുന്നു. ഇതിൻെറ കാരണം അവൾ ഈശോമിശിഹായെ നമുക്കു ഭക്ഷണമായും മറിയത്തെ നമ്മുടെ വളർത്തമ്മയായും തരുന്നു എന്നുള്ളതാണ്." ഈ വാക്കുകളുടെ യാഥാർത്ഥ്യം ഓരോ വൈദികനും തൻെറ കൃത്യനിർവ്വഹണത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. തങ്ങളുടെ മതകൃത്യങ്ങളിൽ ശ്രദ്ധയില്ലാത്ത കത്തോലിക്കർ പലപ്പോഴും തങ്ങളുടെ അയൽക്കാരെക്കാൾ ദുർമ്മാർഗ്ഗികളായിരിക്കും. തങ്ങളുടെ മതത്തെ ഉപയോഗിക്കുകയും, കൂടെക്കൂടെ വിശുദ്ധ കുർബാന കൈക്കൊള്ളുകയും, പരിശുദ്ധ കന്യകയെ സ്നേഹിക്കുകയും ചെയ്യുന്ന കത്തോലിക്കർ മാലാഖാമാർക്കൊത്ത ജീവിതം കഴിക്കത്തക്ക വിധത്തിൽ ദൈവവരപ്രസാദത്താൽ അത്യധികം ബലപ്പെടുത്തപ്പെടുന്നു. മാലാഖാമാർ അരൂപികളാകയാൽ ശാരീരികമായ

പരീക്ഷകൾ അവക്കുണ്ടാകാൻ പാടില്ല. മാലാഖാമാരുടെ അപ്പംകൊണ്ട് ബലിഷ്ഠരാകയും മാലാഖാമാരുടെ രാജ്ഞിയാൽ സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന ക്രിസ്ത്യാനികൾക്ക്, മാലാഖാമാക്കുണ്ടാകാൻ പാടില്ലാത്ത പരീക്ഷകൾ ഉണ്ടാകുന്നു, എന്നാൽ അവയെ ജയിക്കാൻ അവർ പഠിക്കുന്നു.

നന്മയിൽ നിലനില്ക്കുന്നതിനും പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനും വേണ്ട ശക്തി നമുക്കു കിട്ടുന്നതു് പ്രാർത്ഥനയുടെ ഫലമായിട്ടാണു്. മാതാവിന്റെ ഈലോകജീവിതത്തിലും ഇതു മററു പ്രകാരമായിരുന്നില്ല. എല്ലാ പുണ്യത്തിലും മറിയം വളന്നതു് തന്റെ സ്രഷ്ടാവിന്റെ മനസ്സിനോട്ടു് തന്റെ മനസ്സിനെ ഒന്നിപ്പിച്ച നിരന്തരമായ പ്രാർത്ഥനകൊണ്ടായിരുന്നു.

ശൈശവംമുതൽ പരിശുദ്ധ കന്യക ദൈവശുശ്രൂഷക്കായി തന്നെത്തന്നെ സമപ്പിച്ചു. ആദ്യം ദേവാലയത്തിലും പിന്നീടു് നസറത്തിലെ തന്റെ വീട്ടിലും മറിയം പ്രാർത്ഥിച്ചുകൊണ്ടു് രക്ഷകന്റെ വരവിനെ പ്രതീക്ഷിച്ചിരുന്നു. രക്ഷകന്റെ വരവു പ്രതീക്ഷിക്കപ്പെട്ടിരുന്ന ആ സമയത്തു്, മറിയം തന്റെ ആത്മാവിന്റെ പ്രാർത്ഥനകളെ ഇസ്രായേലിന്റെ ഹൃദയത്തിൽനിന്നും, പ്രത്യേകം കത്താവിനു പ്രതിഷ്ഠിക്കപ്പെട്ട കന്യകകളിൽനിന്നും, പുറപ്പെട്ട നിലവിളികളോട്ടു് ഒന്നിച്ചു ചേത്തു.

ഒടുക്കം രക്ഷകൻ വന്നു. അനാദിമുതൽ തിരഞ്ഞെടുക്കപ്പെട്ട തന്റെ അമ്മയായ മറിയത്തിന്റെ പക്കലേക്കു് അവിടുന്നു വന്നു. പരിശുദ്ധാത്മാവു അവളിൽ ആവസിച്ചു. അവളുടെ സമയം പൂത്തിയായപ്പോൾ അവളുടെ ശിശു ജനിച്ചു. അതിന്റെ ശേഷം മുപ്പതു വഷത്തേക്കു് ദിവസന്തോറും, മണിക്കൂറുതോറും, ഈശോമിശിഹായുടെ കാണപ്പെടാവുന്ന സാന്നിദ്ധ്യത്തിൽ നമ്മുടെ നാഥ തന്റെ ജീവിതം നയിച്ചു. പ്രാർത്ഥനയെ സംബന്ധിച്ചിടത്തോളം ഇതിന്റെ അത്ഥം എന്താണെന്നു നോക്കുന്നതു് ഉപകാരപ്രദമായിരിക്കും.

മനുഷ്യാവതാരത്തിനുമുൻപു്, പരിശുദ്ധാത്മാവു് അവളുടെ ഹൃദയത്തിന്റെ ആഴത്തിൽ സംസാരിച്ചുകൊണ്ടു് പരിശുദ്ധകന്യകയെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചിരുന്നു. മനുഷ്യാവതാരത്തിനുശേഷം, അവളുടെ മനസ്സിനെ പ്രകാശിപ്പിച്ചുകൊണ്ടും, ഹൃദയത്തെ സ്നേഹത്താൽ കത്തിയെരിയിച്ചുകൊണ്ടും, ദൈവം കൂടുതൽ അടുത്തവിധത്തിൽ തന്റെ തിരിഞ്ഞെടുക്കപ്പെട്ട മണ

വാട്ടിയോടുകൂടി വസിച്ചു. എന്നാൽ ഇപ്പോൾ (അവളുടെ പുത്രൻ മനുഷ്യഭാഷയിൽ സംസാരിക്കാൻ തുടങ്ങിയതിനുശേഷമെങ്കിലും) ദൈവത്തിൻെറ രഹസ്യസന്ദേശങ്ങൾ മ്ശിഹായുടെ സ്വരംവഴി മറിയത്തിനു വ്യാഖ്യാനിച്ചുകൊടുക്കപ്പെട്ടു. ശ്ലീഹന്മാർ ഒരിക്കൽ "ഗുരുവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുക" എന്നു കർത്താവിനോടപേക്ഷിച്ചു. മഹത്തായ ഈ പാഠം ആദ്യം അവിടുന്നു തൻെറ പരിശുദ്ധ മാതാവിനെ പഠിപ്പിച്ചെന്നുള്ളതിനെപ്പററി ആർക്കു സംശയിക്കാൻ കഴിയും? മ്ശിഹായുടെ കളരിയിലെ ആദ്യത്തെ ശിഷ്യർ മറിയവും യൌസേപ്പും ആയിരുന്നു.

എല്ലാ പുണ്യങ്ങളിലുംവച്ച് ഏററം ആവശ്യമായിട്ടുള്ളത് പ്രാർത്ഥനയുടെ അഭ്യാസമാകുന്നു, എന്തുകൊണ്ടെന്നാൽ അതു കൂടാതെ ക്രിസ്തീയ ജീവിതത്തിൻെറ വഴിയിൽ നമുക്കു മുൻപോട്ടു പോകാൻ സാധിക്കയില്ല. ദൈവിക വരപ്രസാദങ്ങളാകുന്ന നിധി തുറക്കുന്നതിനുള്ള ഏക താക്കോൽ പ്രാർത്ഥനയാകുന്നു. അതു കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനോ നമ്മുടെ ആത്മാവുകളെ രക്ഷിക്കുന്നതിനോ സാധിക്കയില്ല. നമ്മുടെ പരമാന്ത്യം പ്രാപിക്കുന്നതിനു നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാർഗ്ഗം അതാണ്, വേറെ യാതൊന്നും അതിനു പകരമായിട്ടില്ല. പ്രാർത്ഥനയുടെ ആവശ്യത്തിൻെറ തോതനുസരിച്ച് അതു എളുപ്പവുമാണെന്ന് ഒരർത്ഥത്തിൽ നമുക്കു പറയാം. ജീവിതത്തിൻെറ എല്ലാ നിമിഷങ്ങളിലും, എല്ലാ സാഹചര്യങ്ങളിലും, എല്ലാ ആവശ്യങ്ങളിലും, നമുക്കു മനസ്സുണ്ടെങ്കിൽ, പ്രാർത്ഥിക്കാൻ പരിശുദ്ധാത്മാവു നമുക്കു കഴിവുതരുന്നു. എന്നാൽ മനുഷ്യരിൽ ഭൂരിപക്ഷത്തിനും, ആത്മാവിൻെറ പരിപൂർണ്ണതയ്ക്കു് ആവശ്യമായ നിരന്തരമായ പ്രാർത്ഥന വളരെ പ്രയാസമുള്ളതാണ്. ദൈവത്തെ നാം കാണുന്നില്ല, കാണപ്പെടാത്ത ദൈവത്തോടു അധികനേരത്തേക്കു സംസാരിക്കാൻ മിക്കവക്കും എളുപ്പമല്ല. കൂടാതെ, നാം കാണുന്ന വസ്തുക്കൾ നമുക്കു ചുററും ഉണ്ട്. നാം പ്രാർത്ഥിക്കാൻ ശ്രമിക്കുമ്പോഴും പുറമെനിന്നും അനേകം ശബ്ദങ്ങൾ നമ്മുടെ ചെവികളിൽ പ്രവേശിക്കുന്നു. മറിയത്തിനു പ്രാർത്ഥന എല്ലാ വിധത്തിലും എളുപ്പമായിരുന്നെന്നു പറയുന്നില്ല, വിഷമങ്ങളും അവ്യക്തതകളും ചിലപ്പോഴെല്ലാം ധ്യാനാവസരങ്ങളിൽ അവളെയും അക്രമിച്ചിരുന്നിരിക്കണം. എന്നാൽ, മറിയത്തിൻെറ ദൈവവിളി, മററാരെയുംകാൾ കൂടുതലായി ലോകത്തിൻെറ ആകർഷണങ്ങളിൽനിന്നു

സ്വതന്ത്രയായിത്തീരുന്നതിന് അവളെ പ്രാപ്തയാക്കി. സാധാരണമായി ദൈവത്തെ നേരിട്ടു കാണാൻ അവൾക്കു സാധിച്ചിരുന്നില്ലെങ്കിലും, അവൾ ഈശോമ്ശിഹായുടെ നിരന്തരമായ സാന്നിദ്ധ്യത്തിലാണ് ജീവിച്ചിരുന്നത്. ഈശോമ്ശിഹായോ എന്നാൽ ദൈവവും ആകുന്നു.

പ്രാർത്ഥന എന്ന വാക്കിൻെറ ഏററം സങ്കുചിതമായ അർത്ഥത്തിൽ ദൈവത്തിനു മാത്രമാണ് പ്രാർത്ഥന അർപ്പിക്കപ്പെടുന്നത്. ശരീരത്തിനും ആത്മാവിനും നമുക്കാവശ്യമായ വരങ്ങൾ ദൈവത്തിൽനിന്നു നമുക്കു കിട്ടുന്നതിന് നാം പരിശുദ്ധ കന്യകയുടെയും പുണ്യവാന്മാരുടെയും മദ്ധ്യസ്ഥത അപേക്ഷിക്കുന്നു. എന്നാൽ അതിൻെറ ഏററം ചുരുങ്ങിയ അർത്ഥത്തിൽ, പ്രാർത്ഥന, "ദൈവത്തിൻപക്കലേക്ക് ആത്മാവിനെ ഉയർത്തുക" എന്നതാണ്. ഈശോമ്ശിഹാ ദൈവമായിരുന്നതുകൊണ്ട്, മറിയം ഈശോയോടു സംസാരിച്ചപ്പോൾ, യഥാർത്ഥത്തിൽ ദൈവത്തോടു സംസാരിക്കയും, തൻെറ ആത്മാവിനെ ദൈവത്തോട് ഒന്നിപ്പിക്കയും, അവിടുത്തോടു പ്രാർത്ഥിക്കയും ആണ് ചെയ്തിരുന്നത്.

വലിയ പുണ്യവാന്മാരുടെ ജീവചരിത്രങ്ങൾ നാം വായിക്കുമ്പോൾ, അവർ പ്രാപിച്ച ഭക്തിപാരവശ്യത്തിൻെറയും ദൈവവുമായുള്ള ഐക്യത്തിൻെറയും ഔന്നത്യത്തിൽ നാം അദ്ഭുതപ്പെടുന്നു. എന്നാൽ ഏതെങ്കിലും വിശുദ്ധന്മാർ— വി. ത്രേസ്യായോ, കുരിശിൻെറ വി. യോഹന്നാനോ, അസീസിയിലെ വി. ഫ്റാൻസിസോ— പ്രാപിച്ച ഐക്യത്തിൻെറ പദവി— മറിയത്തിൻെറ ആത്മാവ് ദേവാലയത്തിലും നസറത്തിലും ഗാഗുൽത്തായിലും, പിന്നീടു യോഹന്നാൻെറ വീട്ടിലുംവച്ചു പ്രാപിച്ച ഐക്യത്തിൻെറ പദവിയോടു തുലനംചെയ്തുനോക്കുമ്പോൾ എന്താണ്? മാനുഷിക വിചാരത്തിന്, ഊഹത്തിൽപോലും, മറിയത്തിൻെറ പ്രാർത്ഥനയുടെ ഔന്നത്യവും അടുപ്പവും അദ്ഭുതവും ഗ്രഹിക്കാൻ സാധിക്കയില്ല, എന്തുകൊണ്ടെന്നാൽ, മനുഷ്യാവതാരത്തിൻെറ രഹസ്യവും, അതുവഴിയായി മറിയത്തിനു തൻെറ പുത്രനോടുള്ള അടുപ്പവും മനുഷ്യബുദ്ധിക്കു പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുകയില്ല.

പ്രാർത്ഥന ദൈവവുമായുള്ള ഒരു അടുത്ത സംഭാഷണമാണെന്നു പറയപ്പെട്ടിരിക്കുന്നു. അതിനാൽ ഈ വിശുദ്ധ അടുപ്പം നാം പ്രാപിക്കണമെങ്കിൽ, മനുഷ്യാവതാരംചെയ്ത ദൈവവും

തന്റെ അമ്മയും തമ്മിലുള്ള വാക്കിലടങ്ങാത്ത ആത്മീയ ഐക്യം നാം ഓർത്തിരിക്കേണ്ടതാവശ്യമാണ്. പ്രാർത്ഥിക്കാൻ നമുക്കു വിഷമം തോന്നുമ്പോൾ, മിശിഹാ ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ മറിയം തന്നോടു സംസാരിച്ചതുപോലെ തന്നോടു സംസാരിക്കുന്നതിനു നമ്മെയും സഹായിക്കാൻ നാം സ്നേഹപൂർവ്വം ദൈവമാതാവിനോടപേക്ഷിച്ചാൽ, ഈ മാതാവു നമ്മെ സഹായിക്കും.

നമ്മുടെ മുഴുഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിക്കണമെന്നുള്ളതാണ് ഒന്നാമത്തേതും ഏററം വലുതും ആയ പ്രമാണം. "ഈ പ്രമാണം പരലോകത്തിൽ പരിപൂർണ്ണമായും ഈലോകത്തിൽ അപൂർണ്ണമായി മാത്രവും നിറവേറും" എന്നു വി. തോമസ് അക്വീനാസ് എഴുതിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഗുരുവായ അൽബർത്തോസ് എഴുതിയിരിക്കുന്നതിപ്രകാരമാണ്. "ഒരുത്തരും നിറവേററിയിട്ടില്ലാത്ത ഒരു പ്രമാണം ദൈവം തരികയെന്നതു ദൈവത്തിനു യോജിച്ചതായി തോന്നുന്നില്ല. ആരെങ്കിലും അതു നിറവേററിയിട്ടുണ്ടെങ്കിൽ അതു പരിശുദ്ധ കന്യകാമറിയമാണ്." സാധാരണമായി, ഏററം വലിയ പുണ്യവാന്മാരിൽപോലും, പരിപൂർണ്ണമായ ദൈവസ്നേഹത്തിനു കുറവുവരത്തക്ക വിധത്തിൽ, സൃഷ്ടിയോടുള്ള, നിസ്സാരവും അറിയപ്പെടാത്തതും ആയിരിക്കാമെങ്കിലും, ക്രമരഹിതമായ എന്തെങ്കിലും പക്ഷം വിട്ടുമാറാതെ നില്ക്കും. എന്നാൽ മറിയത്തിൽ അങ്ങനെയുള്ള യാതൊരു പക്ഷവും നമുക്ക് ഊഹിക്കാൻപോലും പാടില്ല; അവളുടെ നിർമ്മലമായ ആത്മാവിൽ, സകലതും ക്രമപ്പെട്ട് ദൈവതിരുമനസ്സിനു കീഴ്പ്പെട്ടിരിക്കത്തക്കവിധം ദൈവസ്നേഹം പരമാധിപത്യത്തോടെ വാണു. മറിയത്തിൽ, ദൈവസ്നേഹത്തിന് ഏതെങ്കിലും തരത്തിൽ കുറവു വരത്തക്ക വിധത്തിലുള്ള സ്വാർത്ഥസ്നേഹമോ ലൌകിക വസ്തുക്കളോടുള്ള സ്നേഹമോ ഉണ്ടായിരുന്നില്ല.

കൂടാതെ, മുഴുഹൃദയത്തോടെ ദൈവത്തെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്ന മിക്ക മനുഷ്യരുടെയും ജീവിതത്തിൽ മാനുഷിക വികാരങ്ങളെ സംബന്ധിച്ച് സംശയാവസ്ഥ പലപ്പോഴും ഉണ്ടാകും. ഒരുവശത്ത്, സ്വാഭാവികസ്നേഹം ഇല്ലാതിരിക്കുന്നത് ഏററം വലിയ തിന്മകളിൽ ഒന്നായി വി. പൌലോസ് ശ്ലീഹാ കരുതുന്നു (റോ. ൧. ൩൧). നമ്മെ സ്നേഹിക്കുന്നവരെ സ്നേഹിക്കാതിരിക്കുന്നത് ചുങ്കക്കാരനെക്കാൾ മോശമായിരിക്കുന്നതിനു തുല്യ

മാണെന്നു നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ട്. മറേറ വശത്തു്, ഏററം പരിശുദ്ധമായ സ്വാഭാവിക സ്നേഹത്തിൽപോലും വിഗ്രഹാരാധനയുടെ സ്വഭാവം ഏറെക്കുറെ കടന്നുകൂടാൻ എളുപ്പമുണ്ടു്. ഭർത്താവിനു ഭാര്യയോടുള്ള സ്നേഹം, മാതാവിനു ശിശുവിനോടുള്ള സ്നേഹം, സ്നേഹിതനു സ്നേഹിതനോടുള്ള സ്നേഹം, എന്നിങ്ങനെ അവയിൽതന്നെ ഏററം മനോഹരമായ കാര്യങ്ങൾ പോലും ക്രമരഹിതമായിത്തീരുകയാണെങ്കിൽ, ദുരുപയോഗിക്കയാണെങ്കിൽ, പരിപൂർണ്ണമായ ദൈവസ്നേഹത്തിനു ബാധകമായിത്തീരാൻ പാടുണ്ടു്. അവ ക്രമരഹിതമായിത്തീരാൻ എളുപ്പവുമുണ്ടു്. ഉദാഹരണമായി, ഒരു മാതാവു്, തന്നെയും താൻ സ്നേഹിക്കുന്ന ശിശുവിനെയും ദൈവത്തിങ്കലേക്കും എല്ലാ പരിശുദ്ധ സ്നേഹത്തിൻെറയും ഉദ്ഭവസ്ഥാനമായ ദൈവത്തിൻെറ സ്നേഹത്തിലേക്കും കൂടുതൽ അടുപ്പിക്കത്തക്ക വിധം തൻെറ ശിശുവിനെ സ്നേഹിക്കാൻ ശ്രമിക്കേണ്ടതാണു്. മററു വാക്കുകളിൽ പറഞ്ഞാൽ, ആദ്ധ്യാത്മികജീവിതത്തിൻെറ പ്രധാനോദ്ദേശ്യങ്ങളിൽ ഒന്നു്, വിലയേറിയവയെങ്കിലും അവയിൽതന്നെ സ്വാഭാവികങ്ങളായ സ്നേഹങ്ങളെ സ്വഭാവത്തിനു മേലെപ്പട്ടതാക്കിത്തീർക്കുക എന്നതാകുന്നു. ദൈവത്തിൽനിന്നു വരുന്നവയാണെങ്കിലും, അധഃപതിച്ച നമ്മുടെ സ്വഭാവത്തിൻെറ ദൂഷ്യങ്ങൾ നിമിത്തം അവ നമ്മെ ദൈവത്തിൽനിന്നകററി കൊണ്ടുപോകാൻ പാടുണ്ടു്. അതിനാൽ, സ്വാഭാവികസ്നേഹം ഒരു ലൌകികമായ ഉദ്ദേശ്യം മാത്രമല്ല, പിന്നെയോ, പാരത്രികമായ ഉദ്ദേശ്യംകൂടി സാധിക്കണമെങ്കിൽ, കുറെക്കൂടി ഉയന്ന ഒരു പദവിയിലേക്കു് ഉയത്തപ്പെടുകയും, സ്വഭാവത്തിനു മേലെപ്പട്ടതാക്കപ്പെടുകയും ചെയ്യണം. അതായതു്, അതു ദൈവത്തിങ്കലേക്കു തിരിക്കപ്പെടുകയും, ദൈവതിരുമനസ്സിനു കീഴ്പ്പെടുത്തപ്പെടുകയും ചെയ്യണം. എന്നാൽ, പരിശുദ്ധ കന്യകയിൽ, തൻെറ ശിശുവിനോടുള്ള സ്വാഭാവിക സ്നേഹം തൻെറ ദൈവത്തോടുള്ള സ്വഭാവത്തിനു മേലെപ്പട്ട സ്നേഹത്തോടു യോജിച്ചിരുന്നു, എന്തുകൊണ്ടെന്നാൽ അവളുടെ ശിശു ദൈവമായിരുന്നു. മറിയത്തിൽ, സ്വാഭാവികമായതും സ്വഭാവത്തിനു മേലെപ്പട്ടതും യോജിച്ചു് ഒന്നായിത്തീന്നു. ജഡത്തിൽ ജീവിക്കുന്ന മനുഷ്യക്കു് ദൈവത്തെ തൻെറ മറയ്ക്കപ്പെടാത്ത ദൈവസ്വഭാവത്തിൽ കാണുകയും പിന്നീടു ജീവനോടെ ഇരിക്കയും ചെയ്യാൻ സാധിക്കയില്ല. നാം കണ്ടിട്ടില്ലാത്ത ദൈവ

ത്തെ കൂടുതൽ നന്നായി സ്നേഹിക്കാൻ നമുക്കു കഴിവു തരുവാൻ വേണ്ടി, അവിടുന്ന് മനുഷ്യാവതാരം ചെയ്തു വചനമായി പ്രത്യക്ഷനായി. ദൈവത്തെ സ്നേഹിക്കാൻ പഠിക്കുന്നതിനുള്ള പ്രധാനമാർഗ്ഗങ്ങളിൽ ഒന്ന് നമ്മുടെ കർത്താവിശോമ്ശിഹായുടെ ജീവിതം പഠിക്കുകയാകുന്നു. ഇപ്രകാരം, യാതൊരു മനുഷ്യനും മുൻപു സംസാരിച്ചിട്ടില്ലാത്തതും ഇനി സംസാരിക്കയില്ലാത്തതുമായ വിധത്തിൽ അവിടുന്നു സംസാരിക്കുന്നതു നാം ശ്രദ്ധിക്കയോ, നന്മ ചെയ്തുകൊണ്ടു ചുററിനടക്കുന്നതു നാം കാണുകയോ, പിറവിത്തിരുനാളിൽ പുൽത്തൊട്ടിയുടെയും പീഡാനുഭവത്തെ കാണിക്കുന്ന കുരിശുരൂപത്തിൻെറയും വിശുദ്ധ കുർബ്ബാനയിൽ അവിടുന്നു മറഞ്ഞിരിക്കുന്ന അൾത്താരയുടെയും മുൻപിൽ നാം മുട്ടുകുത്തി നില്ക്കുകയോ ചെയ്യുമ്പോൾ, ദൈവത്തിൻെറ സ്നേഹം നമുക്കു കാണാറാകുന്നു. എന്നിരുന്നാലും നാം നമ്മുടെ കർത്താവിനെ കണ്ടിട്ടില്ല, മറിയമോ എന്നാൽ അവിടുത്തെ മുഖത്തോടു മുഖം കണ്ടു; അവളുടെ ഹൃദയം ദൈവസ്നേഹത്താൽ കത്തിയെരിയുകയും സ്നേഹപാരവശ്യത്തിൽ ലയിക്കയും ചെയ്തു.

"നിൻെറ കർത്താവായ ദൈവത്തെ മുഴുഹൃദയത്തോടെ സ്നേഹിക്കുക; തന്നത്താൻ സ്നേഹിക്കുന്നതുപോലെ നിൻെറ അയല്ക്കാരനെയും സ്നേഹിക്കുക." ഈ രണ്ടു പ്രമാണങ്ങളും യഥാർത്ഥത്തിൽ ഒന്നുതന്നെയാണ്. ദൈവസ്നേഹത്തിൽനിന്നുദ്ഭവിക്കയും അതിനാൽ കല്പിക്കപ്പെടുകയും ചെയ്യുന്ന സഹോദരസ്നേഹം ദൈവസ്നേഹത്തിൽനിന്നു വേർതിരിക്കാൻ പാടില്ല. നമ്മുടെ മാതാവിൻെറ ഹൃദയത്തിൽ, ഈശോമ്ശിഹായോടുള്ള പരമസ്നേഹത്തിൽനിന്ന് അവിടുത്തെ വിലമതിക്കാത്ത തിരുരക്തംകൊണ്ടു വീണ്ടെടുക്കപ്പെട്ട ആത്മാവുകളോടുള്ള സ്നേഹവും ഉദ്ഭവിച്ചു. മറിയം ഒരു സൃഷ്ടിയാകയാൽ, സർവ്വശക്തനായ സ്രഷ്ടാവിന് അവളെ ഇപ്പോഴത്തെക്കാൾ കൂടുതൽ അദ്ഭുതകരമായി സൃഷ്ടിക്കാൻ പാടുണ്ടായിരുന്നെന്ന് വേദശാസ്ത്രജ്ഞന്മാർ പറയുന്നു. ഇതു ശരിതന്നെ; എന്തുകൊണ്ടെന്നാൽ ദൈവത്തിൻെറ ശക്തിക്ക് അതിരുവയ്ക്കാൻ പാടില്ല. എന്നാൽ തൻെറ പുത്രനു മാതാവായിത്തീരാനുള്ളവൾക്ക് അനുയോജ്യമാംവണ്ണം സ്നേഹിക്കുന്നതിനുള്ള ശക്തി ദൈവം കൊടുക്കാൻ തിരുമനസ്സായപ്പോൾ, അവിടുന്നു സൃഷ്ടിച്ചതു മറിയത്തെയാണ്. ആ സ്നേഹംകൊണ്ടു മറിയത്തിൻെറ ഹൃദയം നിറഞ്ഞിരുന്നു. ആ സ്നേഹം അവൾക്കു

ള്ളത്് തൻെറ ദൈവികപുത്രനോടു മാത്രമല്ല, തന്നെ സ്നേഹി ക്കുന്ന നമ്മോടും– അവളുടെ സൂക്ഷ്മത്തിനു ദൈവം ഏല്പിച്ചി രിക്കുന്ന ലോകത്തിലെ മക്കളോടും– കൂടി ആകുന്നു.

ഇതിനെപ്പററി നാം ധ്യാനിക്കുമ്പോൾ വലുതായ സമാ ധാനവും സംതൃപ്തിയും ദൈവത്തോട്ട് അതിരില്ലാത്ത കൃതജ്ഞ തയും നമ്മുടെ ആത്മാവിൽ ഉണ്ടാകേണ്ടതാണ്.

---

## അദ്ധ്യായം ൧൦

---

### കാനായിലെ കല്യാണവിരുന്ന്

സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മറിയത്തിൻെറ വാക്കുകളെപ്പററി അനുസ്മരിക്കുന്നതിനു മുൻപായി മ്ശിഹായു ടെ പരസ്യജീവിതത്തിലെ ചില സംഭവങ്ങളെപ്പററി കുറ ഞ്ഞൊന്നു പ്രസ്താവിക്കുന്നത്് ഉപകാരപ്രദമായിരിക്കും. ഇവയിൽ ഒന്നാമത്തേത്് കാനായിലെ കല്യാണവിരുന്നാണ്.

നമ്മുടെ കർത്താവ്് യോർദനാൻ നദിയിൽ യോഹ ന്നാൻെറ മാമ്മോദീസാ സ്വീകരിച്ചശേഷം, താൻ അല്പം മുൻപു വിളിച്ചുകൂട്ടിയ ഒരു ചെറിയ ശിഷ്യഗണത്തോടുകൂടി, തൻെറ പരസ്യജീവിതത്തിൻെറ ആരംഭത്തിൽ ഒരു ദിവസം ഗ്ലീലായിലെ കാനായിൽ വന്നു. കാനാ നസറത്തിനിന്ന് ഏക ദേശം എട്ടുമൈൽ ദൂരെയുള്ള ഒരു ഗ്രാമമാണ്. പരിശുദ്ധ ക ന്യക തൻെറ ബന്ധുക്കളിൽ ഒരാളുടെ വിവാഹം പ്രമാണിച്ചു നടന്ന ഈ കല്യാണവിരുന്നിനു നേരത്തേ അങ്ങോട്ടു ക്ഷണമ നുസരിച്ചു പോയിരുന്നു. "ഈശോയുടെ അമ്മ അവിടെ ഉണ്ടാ യിരുന്നു. ഈശോയും തൻെറ ശിഷ്യന്മാരോടുകൂടി ക്ഷണിക്കപ്പെ ട്ടു" എന്നാണ്് സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നത്്. പൂവ്വദേ ശത്തെ ആചാരപ്രകാരം സ്വീകരിക്കാതിരിക്കാൻ നിവൃത്തി യില്ലാത്ത ഒരു ക്ഷണമായിരുന്നു അത്്. കൂടാതെ, റ്റൂറിനിലെ വി· മാക്സിമസ് പറയുന്നതുപോലെ, "ദൈവപുത്രൻ കല്യാണ

വിരുന്നിനു പോയതു്, തൻെറ അധികാരംകൊണ്ടു സ്ഥാപിച്ച തിനെ തൻെറ സാന്നിദ്ധ്യംകൊണ്ടു വിശുദ്ധീകരിക്കുന്നതിനായിരുന്നു.''

യഹൂദന്മാരുടെ ഇടയിൽ കല്യാണാഘോഷങ്ങൾ പല ദിവസങ്ങൾ നീണ്ടുനിന്നിരുന്നു; ക്ഷണിച്ചു വരുന്നവരുടെ എണ്ണം പലപ്പോഴും വലുതുമായിരുന്നു. വധുവിൻെറ മാതാപിതാക്കന്മാർ അതിഥികളെ സൽക്കരിക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയും, വീട്ടുകാര്യങ്ങളുടെ അന്വേഷണം അവക്കു വിശ്വാസമുള്ള ഏതെങ്കിലും ചാർച്ചക്കാരിയെയോ, അടുത്ത മിത്രത്തെയോ ഏല്പിക്കുകയും പതിവായിരുന്നു. നമ്മുടെ നാഥ വിരുന്നുസമയത്തു് ഈ സ്ഥാനം വഹിച്ചിരുന്നിരിക്കാൻ പാടുണ്ടു്. ഏതായാലും, അതിഥികൾ, പിരിഞ്ഞുപോകാൻ സമയമാകുന്നതിനുമുൻപുതന്നെ, വീഞ്ഞു തീരാറായെന്നു പരിശുദ്ധകന്യകക്കു മനസ്സിലായി. ഇതൊരു നിസ്സാരകാര്യമായിരുന്നെന്നു നാം വിചാരിക്കരുതു്. വീഞ്ഞു തീൎന്നുപോയിരുന്നെങ്കിൽ, കല്യാണാഘോഷങ്ങളുടെ ആഹ്ളാദം മുഴുവൻ നഷ്ടപ്പെടുകയും, ആ കുടുംബക്കാർ സൂക്ഷ്മമില്ലാത്തവരും നോട്ടമില്ലാത്തവരും ആണെന്നോ അല്ലെങ്കിൽ അവർ പിശുക്കന്മാരാണെന്നോ ഉള്ള ദോഷാരോപണം അവരുടെമേൽ ഉണ്ടാകുകയും ചെയ്യുമായിരുന്നു. പൂൎവ്വദേശങ്ങളിൽ, കല്യാണാഘോഷങ്ങൾക്കുണ്ടായിരിക്കേണ്ട ആഹ്ളാദത്തിനു വലിയ പ്രാധാന്യമുണ്ടായിരുന്നു. തങ്ങളുടെ മക്കളുടെ വിവാഹം വളരെ ആഘോഷമായി നടത്തുകനിമിത്തം ആളുകൾ തങ്ങളുടെ ജീവിതാവശേഷം ദാരിദ്ര്യത്തിൽ കഴിച്ചുകൂട്ടേണ്ടി വന്നിട്ടുള്ളതും അസാധാരണമല്ല. അതിഥികളെ വേണ്ടവിധത്തിൽ സൽക്കരിക്കാതിരിക്കുന്നതു് ലജ്ജാകരമായ ഒരു തിന്മയായി കിഴക്കൻദിക്കുകളിൽ കരുതിയിരുന്നെന്നു നാം ഓക്കുമ്പോൾ, പെട്ടെന്നു വീഞ്ഞു തീൎന്നുപോകുന്നതുകൊണ്ടുണ്ടാകുന്ന വിഷമം നിസ്സാരമല്ലായിരുന്നെന്നു മനസ്സിലാകും. എന്നാൽ വീട്ടുകാർക്കു എന്തു ചെയ്യാൻ കഴിയുമായിരുന്നു? കൂടുതൽ വീഞ്ഞു വാങ്ങിക്കാൻ യാതൊരു നിവൃത്തിയുമില്ലായിരുന്നു. പലസ്തീനായിലും, പ്രത്യേകിച്ചു് കാനായേപ്പോലുള്ള ഒരു ചെറിയ ഗ്രാമത്തിലും, ഗതാഗതസൌകര്യങ്ങൾ കുറവായിരുന്നു.

അതിനാൽ, ഒന്നുകിൽ ആഘോഷങ്ങളിൽ ഒരു മ്ലാനത വ്യാപിക്കും അല്ലെങ്കിൽ ഒരത്ഭുതം കൂടിയേതീരൂ. തൻെറ ദിവ്യ

കുമാരൻ ഒരത്ഭുതം പ്രവൎത്തിക്കുന്നതിനെപ്പററിയുള്ള വിചാരം മറിയത്തിൻെറ മനസ്സിൽ പെട്ടെന്നുണ്ടായി. ഇതിൽ ആശ്ചൎയ്യപ്പെടാനൊന്നുമില്ല. മിശിഹായുടെ രഹസ്യജീവിതകാലത്തു പരിശുദ്ധ കന്യക–നമ്മുടെ കൎത്താവിനോടുകൂടി, ദൈവമെന്ന നിലയിൽ സ്വാഭാവത്തിനുമേല്പെട്ട വിധത്തിൽ, ഏററം അടുത്ത ഐക്യത്തിൽ ജീവിച്ചിരുന്നു; കൂടാതെ, സ്വാഭാവികമായ വിധത്തിലും ഒരു മാതാവു തൻെറ പുത്രനോടെന്നപോലെ ഹൃദയത്തിലും മനസ്സിലും മറിയം അവിടുത്തോടു യോജിച്ചിരുന്നു. തീൎച്ചയായും ഒരു സൃഷ്ടിക്കു പാടുള്ളിടത്തോളം അവൾ കൎത്താവിൻെറ ചിന്താഗതികൾ ഗ്രഹിച്ചിരുന്നു. അതിനാൽ, മിശിഹായുടെ പരസ്യജീവിതം ആരംഭിക്കുമ്പോൾ, താൻ പഠിപ്പിക്കുന്ന പാഠങ്ങൾ സ്ഥിരീകരിക്കുന്നതിനും തൻെറ ദൈവത്വത്തെ തെളിയിക്കുന്നതിനും അവിടുന്ന് അത്ഭുതങ്ങൾ പ്രവൎത്തിക്കുമെന്നു മറിയം അറിഞ്ഞിരുന്നു. എന്നാൽ ആ പരസ്യജീവിതം ഇപ്പോൾ ആരംഭിക്കയായിരുന്നു. യോഹന്നാൻെറ മാമ്മോദീസാ സ്വീകരിച്ചശേഷം അവിടുന്നു തൻെറ ആദ്യശിഷ്യന്മാരേ തിരഞ്ഞെടുത്തിരുന്നു. അവർ ഇപ്പോൾ മിശിഹായുടെകൂടെ ഉണ്ടായിരുന്നു. അതിനാൽ അവതരിച്ച ദൈവത്തിനു തൻെറ ശക്തി കാണിക്കാതിരിക്കാൻ കാരണമൊന്നുമില്ലായിരുന്നു. വീഞ്ഞു തീൎന്നതു കേട്ടുകൊണ്ടു മാതാവു സ്ത്രീകൾ ഇരുന്നിരുന്ന ഭാഗത്തുനിന്നു തൻെറ ദിവ്യപുത്രനെ കാണുന്നതിനായി പോയി. യാതൊരു സംശയവും കൂടാതെ, അവൾ അവിടുത്തോടു: "അവൎക്കു വീഞ്ഞില്ല" എന്നു മാത്രം പറഞ്ഞു. ഒരു പ്രതിവിധി കണ്ടെത്തുന്നതിനു, അത്യാവശ്യം അറിയിച്ചാൽമാത്രം മതിയെന്നു പരിശുദ്ധകന്യകയ്ക്കു തോന്നി. അതിനെപ്പററി അവൾക്കു യാതൊരു സംശയവും ഉണ്ടായിരുന്നില്ലെന്നു തുടൎന്നുണ്ടായ സംഭവങ്ങൾ തെളിയിക്കുന്നു. എന്നാൽ കൎത്താവു മറുപടി പറഞ്ഞതു, കത്തോലിക്കാസഭയുടെ പാരമ്പൎയ്യത്തിൽനിന്നു വിട്ടുപിരിഞ്ഞുപോയവർ ഗൌരവാവഹമായ വിധത്തിൽ തെററിദ്ധരിക്കാനിടയുള്ള വാക്കുകളിലായിരുന്നു.

മിശിഹായുടെ മറുപടിയിൽ തെററിദ്ധരിക്കപ്പെടാവുന്ന ആദ്യത്തെ വാക്കു "സ്ത്രീ" എന്നുള്ളതാണു്. എന്നാൽ അല്പം വ്യാഖ്യാനം ഈ തെററിദ്ധാരണ നീക്കുന്നതാണു്. സുവിശേഷത്തിൽ കാണുന്ന ഗ്രീക്കു വാക്കും അതിൻെറ മൂലമായ സുറി

യാനി വാക്കം ബഹുമാനക്കുറവു കാണിക്കുന്നതല്ലെന്ന് എളുപ്പത്തിൽ തെളിയിക്കാവുന്നതാണ്. അതു് 'നാഥ' (Lady) എന്ന വാക്കിനു തുല്യമാണ്. കർത്താവു തൻെറ പരിശുദ്ധ മാതാവിനെ അമ്മ എന്നു വിളിക്കുന്നതിനുപകരം നാഥ എന്നു വിളിച്ചതു് എന്തുകൊണ്ടാണെന്നു ചോദിച്ചാൽ, പൂർവ്വദേശങ്ങളിൽ പ്രായംചെന്ന ഒരാൾ തൻെറ അമ്മയെ പരസ്യസ്ഥലത്തുവച്ച് "അമ്മ" എന്നു വിളിക്കണമെന്ന് സ്വപ്നത്തിൽപോലും വിചാരിക്കയില്ലായിരുന്നെന്നു മറുപടി പറയാൻ കഴിയും. നമ്മുടെ ദിവ്യരക്ഷകൻ തൻെറ അമ്മയോടു സംസാരിച്ചപ്പോൾ ആ കാലത്തു തൻെറ നാട്ടിൽ നടപ്പിലിരുന്ന സംസാരരീതി ഉപയോഗിച്ചു എന്നേയുള്ളു.

വിഷമമുള്ള മററു വാക്കുകൾ "എനിക്കും നിനക്കും എന്തു്" എന്നിവയാണ്. വിശുദ്ധ ഗ്രന്ഥത്തിൽ ഈ വാക്കുകൾ ഉപയോഗിച്ചിട്ടുള്ളിടത്തെല്ലാം അവയുടെ ശരിയായ അർത്ഥം, സാധാരണമായി, "ഈ കാര്യത്തിൽ നീ എന്തിനാണ് എന്നോടിടപെടുന്നതു്?" എന്നാണ് ഇതിന്ന് അനേകം ഉദാഹരണങ്ങൾ കാണിക്കാവുന്നതാണ്. ഈ സന്ദർഭത്തിൽ ഈ വാക്കുകൾക്ക്, "നീ എന്തിന്ന് എന്നോടു ചോദിക്കുന്നു?" എന്ന അർത്ഥമാണ് ശരിയായിട്ടുള്ളതു്.

എന്നാൽ, "നീ എന്തിന്ന് എന്നോടു ചോദിക്കുന്നു? എൻെറ നാഴിക വന്നില്ല" എന്നു മിശിഹാ പറഞ്ഞപ്പോൾ തൻെറ മാതാവിൻെറ അപേക്ഷയെ അവിടുന്നു തള്ളിക്കളഞ്ഞതായി കാണപ്പെടുകയെങ്കിലും ചെയ്യോ എന്ന ചോദ്യം ഉണ്ടായേക്കാം. ഇതിനു ഖണ്ഡിതമായ മറുപടി പറയാൻ നിവൃത്തിയില്ല. എല്ലാം സ്വരത്തിൻെറ രീതിയെയും സംസാരിച്ച വിധത്തെയും ആശ്രയിച്ചിരിക്കുന്നു. വാക്കുകളിൽനിന്നു മാത്രം നമുക്കിതിനെപ്പററി ഒന്നും മനസ്സിലാക്കാൻ സാധിക്കയില്ല. ആ സന്ദർഭത്തിൽ അവയുടെ അർത്ഥം ഇതായിരുന്നിരിക്കാം— "എൻെറ അമ്മേ, എന്തിനാണ് എന്നോടു ചോദിക്കുന്നതു്? അത്ഭുതങ്ങൾ ആരംഭിക്കുന്നതിനു ഞാൻ നിശ്ചയിച്ചിരുന്ന സമയം വന്നില്ല. എന്നാൽ അമ്മയുടെ അപേക്ഷ എനിക്കു തള്ളിക്കളയാൻ പാടില്ലെന്ന് അമ്മയ്ക്കറിയാമല്ലോ." കർത്താവിൻെറ വാക്കുകൾ സമ്മതത്തെയാണ് വെളിപ്പെടുത്തിയതെന്ന് സുവിശേഷത്തിലെ വിവരണത്തിൽനിന്നു തീർച്ചയാണ്. എന്തുകൊണ്ടെന്നാൽ,

ഉടൻതന്നെ മറിയം വരുവാനിരുന്ന അത്ഭുതത്തെ പ്രതീക്ഷിച്ചു കൊണ്ടു്, കത്താവു കല്പിക്കുന്നതു ചെയ്വാൻ ഭൃത്യന്മാരോടു പറഞ്ഞു. കത്താവിൻെറ വാക്കുകളെത്തുടൎന്നുള്ള തൻെറ പ്രവൃത്തിയിൽനിന്നും ആ വാക്കുകളുടെ അത്ഥം എന്താണെന്നു ശരിയായി മനസ്സിലാക്കാമെന്നു് ആൎക്കാണു് കാണാൻ പാടില്ലാത്തതു്?

നേരെമറിച്ചു് ഈ ഭാഗത്തെപ്പററി വ്യാഖ്യാനം എഴുതിയിട്ടുള്ള സഭാപിതാക്കന്മാരെല്ലാം അതിൽ ഒരു നിരസനം അടങ്ങിയിരിക്കുന്നതായി പറയുന്നു. ഇതു് പ്രാധാന്യം അർഹിക്കുന്ന ഒരു സംഗതിയാണു്. എന്നാൽ ഇതിൽ വിശ്വാസസത്യങ്ങൾ ഒന്നും അടങ്ങിയിട്ടില്ല. കൂടാതെ, ഇങ്ങനെയുള്ള ഒരു കാൎയ്യത്തിൽ വി. യോഹന്നാൻ ക്രിസോസ്റ്റോമസിൻെറയോ വി. അഗുസ്തീനോസിൻെറയോ അഭിപ്രായം അവസാന തീരുമാനമായി എടുക്കണമെന്നില്ല. കാരണം, അവ അന്യോന്യം വ്യത്യസ്തങ്ങളാണു്. തൻെറ നാഴിക വന്നില്ല എന്നു പറഞ്ഞ ഉടനെതന്നെ കത്താവു് അത്ഭുതം പ്രവൎത്തിച്ചതിൽ ഒരു പൂൎവ്വാപരവിരുദ്ധത ഉള്ളതായി തോന്നിയേക്കാമെന്നുള്ളതിലാണു് വിഷമം കിടക്കുന്നതു്.

ഒരു പക്ഷേ മാതാവു ചോദിച്ചില്ലായിരുന്നെങ്കിൽ തൻെറ സമയം വന്നിട്ടുണ്ടായിരുന്നിരിക്കയില്ലെങ്കിലും, ചോദിച്ചതുകൊണ്ടു് താൻ അവളുടെ അപേക്ഷ കൈക്കൊള്ളും എന്നായിരിക്കാം കത്താവു് ഉദ്ദേശിച്ചതു്. അല്ലെങ്കിൽ, തൻെറ പരിശുദ്ധ മാതാവിൻെറ കൂടുതൽ ഉപരിയായ വിശുദ്ധീകരണത്തിനുവേണ്ടി നമ്മുടെ കത്താവു് ആദ്യം അവളുടെ അപേക്ഷയെ ഉപേക്ഷിക്കുന്ന മട്ടിൽ ഭാവിച്ചതായിരിക്കാം. ഏതായാലും നമ്മുടെ ദിവ്യരക്ഷകൻ തൻെറ അമ്മയുടെ അപേക്ഷ തള്ളിക്കളയാൻ ഭാവിക്കപോലും ചെയ്തില്ലെന്നു വിചാരിക്കുന്നതാണു് കൂടുതൽ യുക്തിപൂൎവ്വകമായി തോന്നുന്നതു്. കത്താവിൻെറ വാക്കുകൾ സ്പഷ്ടമായ ഒരു നിരസനം കാണിക്കുന്നില്ല. ഉദാഹരണമായി, ഒരു പുഞ്ചിരിയോടുകൂടിയാണു് അവിടുന്നു സംസാരിച്ചതെങ്കിൽ, അവക്കു ഈ അത്ഥം ഉണ്ടായിരുന്നിരിക്കണം: "എൻെറയമ്മേ, എന്തിനാണു് എന്നോടു ചോദിക്കുന്നതു്? അമ്മ ചോദിക്കുന്നതൊന്നും തരാതിരിക്കാൻ എനിക്കു സാധിക്കയില്ലെന്നറിയാമല്ലോ."

ഇതെങ്ങനെയായിരുന്നാലും, ഉണ്ടാകുമെന്നു താൻ അപ്പോഴും പ്രതീക്ഷിച്ചുകൊണ്ടിരുന്ന അത്ഭുതസംഭവങ്ങളിൽ തങ്ങളുടെ ഭാഗം നിൎവ്വഹിക്കാൻ ഒരുങ്ങിയിരിക്കണമെന്നു് മാതാവു

ഭൃത്യന്മാരോടു പറഞ്ഞു. തന്റെ അപേക്ഷ കൈക്കൊള്ളുന്നതു്, ദൈവതിരുമനസ്സിനനുസരണമായിട്ടുള്ളതല്ലെന്നാണ് മറിയം മിശിഹായുടെ വാക്കുകളിൽനിന്നു മനസ്സിലാക്കിയിരുന്നതെങ്കിൽ, അവൾ ഇപ്രകാരം ചെയ്യുകയില്ലായിരുന്നു.

തന്റെ കൃത്യം നിറവേററിയശേഷം അതിന്റെ ഫലം അറിയുന്നതിനുള്ള ജിജ്ഞാസകൂടാതെ മറിയം സ്ത്രീകളിരിക്കുന്ന സ്ഥലത്തേക്കു പോയിരിക്കണം. കർത്താവ് ഉടനെ അത്ഭുതം പ്രവർത്തിക്കയും, വീഞ്ഞായിത്തീർന്ന വെള്ളം പന്തിത്തലവന്റെ അടുക്കൽ കൊണ്ടുചെല്ലുവാൻ ഭൃത്യന്മാരോട് അരുളിച്ചെയ്യുകയും ചെയ്തു. പന്തിത്തലവന്റെ ജോലി പുരുഷന്മാരുടെ ഭക്ഷണം സംബന്ധിച്ച കാര്യങ്ങൾ അന്വേഷിക്കുകയും, ആ നിലയിൽ ഭക്ഷണവും വീഞ്ഞും വിളമ്പുന്നതിനുമുൻപു രുചിച്ചുനോക്കുകയും ആയിരുന്നു. ഈ ഉദ്യോഗസ്ഥൻ വീഞ്ഞു വളരെ രുചിയുള്ളതായിക്കണ്ടു്, അതു് എവിടെനിന്നു വന്നെന്നറിയാതെ മണവാളനെ വിളിച്ച് ഇപ്രകാരം പറഞ്ഞു: "എല്ലാ മനുഷ്യരും ആദ്യം നല്ല വീഞ്ഞും, ലഹരിപിടിച്ചു കഴിയുമ്പോൾ താണതരത്തിലുള്ളതും കൊണ്ടുവരുന്നു. എന്നാൽ നീ നല്ല വീഞ്ഞ് ഇപ്പോൾവരെ സൂക്ഷിച്ചുവെച്ചുവല്ലോ." മണവാളൻ ആശ്ചര്യപ്പെട്ടു. സംഭവിച്ചതെന്താണെന്നു അവൻ അറിഞ്ഞില്ല, എന്നാൽ, "വീഞ്ഞു പകർന്നെടുത്ത ഭൃത്യന്മാർ അറിഞ്ഞു." അവരോടു ചോദിച്ചപ്പോൾ എല്ലാം വെളിക്കായി, വീഞ്ഞു തീർന്നുപോയതും, മറിയത്തിന്റെ അപേക്ഷയും, ഈശോയുടെ അദ്ഭുതപ്രവർത്തനവും. ഈ സംഭവം വലിയ സംസാരവിഷയമായി. ഇസ്രായേൽക്കാർ പ്രതീക്ഷിച്ചുകൊണ്ടിരുന്ന മിശിഹാ നമ്മുടെ കർത്താവാണെന്ന് ജനങ്ങൾ മനസ്സിലാക്കാൻ ഇടയാക്കിയ ആദ്യത്തെ വലിയ അത്ഭുതമായിരുന്നു അതു്. "ഈശോ ഗലീലായിലെ കാനായിൽവച്ച് തന്റെ മഹത്വം അറിയിച്ച ഇതു് ഒന്നാമത്തെ അടയാളമാകുന്നു. അവിടത്തെ ശിഷ്യന്മാർ തന്നിൽ വിശ്വസിക്കയും ചെയ്തു."

ഏകദേശം അറുപതു വർഷത്തിനുശേഷം, വി. യോഹന്നാൻ ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ ഈ അത്ഭുതത്തെപ്പററി യാതൊന്നും പറഞ്ഞിട്ടില്ലെന്നു കണ്ടു്, തന്റെ സുവിശേഷത്തിൽ അതിന്റെ വിവരണം എഴുതുന്നു. പിന്നീടൊരിക്കൽ കാനായെപ്പററി പ്രസ്താവിക്കാൻ അവസരം ഉണ്ടായപ്പോൾ, അ

ദ്ദേഹം ഇപ്രകാരം എഴുതുന്നു: "താൻ വെള്ളം വീഞ്ഞാക്കിയ ഗ്ലീലായിലെ കാനായിലേക്ക് ഈശോ വീണ്ടും വന്നു." ഗ്ലീലായിലെ അജ്ഞാത ഗ്രാമമായിരുന്ന കാനായുടെ നാമം ക്രിസ്ത്യാനികളുടെ ഓർമ്മയിൽനിന്നു ഒരിക്കലും മാഞ്ഞുപോകരുതാത്തതാകുന്നു.

വി. യോഹന്നാൻ കർത്താവിന്റെ യൂദായിലെ പരസ്യജീവിതം വിവരിക്കുന്നതിനുവേണ്ടി ഗ്ലീലായിലെ സംഭവങ്ങൾ വിട്ടുകളയുകയാണ് സാധാരണമായി ചെയ്യാറുള്ളത് എന്നു നാം ഓർക്കുമ്പോൾ, ഗ്ലീലായിലെ സംഭവങ്ങളിൽ അധികം ശ്രദ്ധ പതിക്കുന്ന മൂന്നു സുവിശേഷകന്മാരും വിട്ടുകളഞ്ഞ ഈ അത്ഭുതം നാലാമത്തെ സുവിശേഷത്തിൽ രേഖപ്പെടുത്തിയെന്നുള്ള വസ്തുത കൂടുതൽ ശ്രദ്ധാർഹമായി നമുക്കു തോന്നുന്നു.

വി. യോഹന്നാൻതന്നെ പറയുന്നതുപോലെ, അദ്ദേഹം സുവിശേഷം എഴുതിയതു് ഒരു ചരിത്രഗ്രന്ഥം എന്നതിനെക്കാൾ കൂടുതലായി ഒരു സത്യത്തിനു തെളിവായിട്ടാണ്. ഈ സത്യം "ഈശോ ദൈവപുത്രനായ മിശിഹാ ആകുന്നു" എന്നുള്ളതാണ്. അതിനെ തെളിയിക്കുന്നതു്, സുവിശേഷം വായിക്കുന്നവർ, "വിശ്വസിച്ചു ജീവൻ പ്രാപിക്കാനാണ്." ഈ സത്യം തെളിയിക്കുന്നതിനു കർത്താവു പ്രവർത്തിച്ച എണ്ണമില്ലാത്ത അത്ഭുതങ്ങൾ ചിലവയെ അദ്ദേഹം പ്രത്യേകം തിരിഞ്ഞെടുത്തു വിവരിക്കുന്നു.

അതിനാൽ, കർത്താവിന്റെ മററനേകം അത്ഭുതപ്രവൃത്തികൾ മറവിയിൽ ആണ്ടുപോയതുപോലെ കാനായിലെ അത്ഭുതവും പോകാതെ വി. യോഹന്നാൻ അതിനെ തിരിഞ്ഞെടുത്തതിന് എന്തെങ്കിലും പ്രത്യേകകാരണം ഉണ്ടായിരുന്നിരിക്കണം. അതിന്റെ അത്ഭുതസ്വഭാവംതന്നെയാണ് ഈ കാരണം എന്നു പറയാൻ പാടില്ല. തത്വശാസ്ത്രപരമായോ വേദശാസ്ത്രപരമായോ അതിനു വലിയ പ്രാധാന്യമുണ്ടെങ്കിലും, ഒരു വീട്ടിൽ വച്ചു വെള്ളം വീഞ്ഞാക്കുന്നതു്, ഒരത്ഭുതമെന്ന നിലയിൽ, അഞ്ചപ്പംകൊണ്ടു് അയ്യായിരം പേരെ തീററുന്നതുപോലെയോ ജനനംമുതല്ക്കേ കുരുടന്മാരായിരുന്നവർക്കു കാഴ്ചകൊടുക്കുന്നതുപോലെയോ മരിച്ചവരെ ഉയിർപ്പിക്കുന്നതുപോലെയോ, മിശിഹാ പ്രവർത്തിച്ച മററനേകം അത്ഭുതങ്ങൾ പോലെയോ അത്ര പ്രാധാന്യമുള്ളതായി തോന്നുന്നില്ല.

കാനായിൽവച്ച കത്താവ് വിവാഹം എന്ന കൂദാശ സ്ഥാപിച്ചതുകൊണ്ടാണ് വി. യോഹന്നാൻ ഈ അത്ഭുതം രേഖപ്പെടുത്തിയതെന്ന ചിലർ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ അവസരത്തിലാണ് ഈ കൂദാശ സ്ഥാപിക്കപ്പെട്ടതെന്നതിന് തെളിവൊന്നുമില്ല. വിവാഹത്തിൻെറ സ്ഥാപകൻെറ സാന്നിദ്ധ്യംകൊണ്ട് കാനായിലെ കല്യാണവിരുന്ന് അളവില്ലാത്ത വിധത്തിൽ ബഹുമാനിക്കപ്പെട്ടെന്നുള്ളതിനു സംശയമില്ല. എന്നിരുന്നാലും വിവാഹമെന്ന കൂദാശയെ ബഹുമാനിക്കുന്നതിനാണ് ഈ അത്ഭുതം രേഖപ്പെടുത്തിയതെന്നുള്ളതിനു സുവിശേഷത്തിൽ അടയാളമൊന്നുമില്ലതാനും.

വെള്ളം വീഞ്ഞാക്കി മാററപ്പെട്ട വസ്തുത യോഹന്നാൻ രേഖപ്പെടുത്തിയത്, അതിനേക്കാൾ വലിയ ഒരു മാററത്തിന്—വീഞ്ഞു മിശിഹായുടെ തിരുരക്തമായി മാററിയത്— മനുഷ്യരുടെ മനസ്സിനെ ഒരുക്കാനായിരുന്നെന്ന മററു ചിലർ പറയുന്നു. തത്വശാസ്ത്രപരമായി, വെള്ളം വീഞ്ഞായി മാറിയതിനു വലിയ പ്രാധാന്യമുണ്ടെന്നുള്ളതിനു സംശയമില്ല. എന്നാൽ വി. കുർബാനയിലുള്ള മാററത്തോട് അതിനുള്ള സാമ്യം അപൂർണ്ണമാണ്; എന്തുകൊണ്ടെന്നാൽ, അത്ഭുതത്തിനുശേഷം വീഞ്ഞിനു വെള്ളത്തിൻെറ നിറമോ രുചിയോ ഉണ്ടായിരുന്നില്ല, വീഞ്ഞിൻെറ എല്ലാ ലക്ഷണങ്ങളും അതിനുണ്ടായിരുന്നു. കൂടാതെ, വി. യോഹന്നാന് വി. കുർബാനയിലേക്ക് നമ്മുടെ ശ്രദ്ധയെ ആകർഷിക്കണമെന്നുദ്ദേശ്യമുണ്ടായിരുന്നതായി സുവിശേഷത്തിൽ യാതൊരു സൂചനയുമില്ല. എന്നാൽ അപ്പം വർദ്ധിപ്പിച്ച അത്ഭുതം വിവരിച്ചശേഷം വി. യോഹന്നാൻ, ആകാശത്തിൽനിന്നു വന്ന ജീവനുള്ള അപ്പത്തെപ്പററിയുള്ള കർത്താവിൻെറ വാക്കുകളെ രേഖപ്പെടുത്തുകയും അങ്ങനെ നമ്മുടെ ശ്രദ്ധയെ ആ അത്ഭുതം സൂചിപ്പിച്ച കുർബാനയെന്ന കൂദാശയിലേക്കു തിരിക്കുകയും ചെയ്യുന്നുണ്ട്. കാനായിലെ അത്ഭുതം വിവരിച്ചശേഷം വി. യോഹന്നാൻ "ഇതിൻെറശേഷം അവിടുന്നു കഫർണാമിലേക്കു പോയി" എന്നു മാത്രം പറയുന്നു.

സുവിശേഷത്തിലെ വിവരണം നാം സൂക്ഷിച്ചു വായിക്കുകയാണെങ്കിൽ, വി. യോഹന്നാൻ ഈ അത്ഭുതം രേഖപ്പെടുത്തിയത് മറിയത്തിൻെറ മാദ്ധ്യസ്ഥ്യശക്തി കാണിക്കാനാണെന്നു നമുക്കു മനസ്സിലാക്കാം.

"അത്ഭുതങ്ങളുടെ ഈ ആരംഭം" എന്ന സുവിശേഷത്തിൽ കാണുന്നത്, ഗ്രീക്കുഭാഷയിൽ, "അടയാളങ്ങളുടെ ഈ ആരംഭം" എന്നാണ്. ഈ ആദ്യത്തെ അത്ഭുതം ആദ്യത്തെ അടയാളവും ആയിരുന്നു. ഒരു പ്രത്യേക കൃദാശയുടെ അടയാളമല്ല, പിന്നെയോ, പുതിയ നിയമത്തിന്റെ പൊതുവെയും, കുരിശുമരണംവഴി ലഭിക്കപ്പെടാനിരുന്ന വരപ്രസാദങ്ങളുടെ വിതരണത്തിന്റെയും അടയാളം ആയിരുന്നു- അത്. "കല്യാണവിരുന്നിൽ മിശിഹായുടെ മാതാവ് നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക എന്ന തന്റെ കൃത്യം നിറവേററി" എന്നു വി. ഗൌദെൻസിയോസ് പറയുന്നു.

കാനായിലെ കല്യാണത്തിന്റെ ഓർമ്മ മറിയത്തിന്റെ പ്രാർത്ഥനയുടെ ശക്തിയിലുള്ള വിശ്വാസം കത്തോലിക്കാസഭയിൽ വദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതു തിർച്ചയാണ്. അത്ഭുതം പ്രവത്തിക്കുന്നതിനുള്ള തന്റെ സമയം വന്നില്ലായിരുന്നെങ്കിലും തന്റെ മാതാവിന്റെ അപേക്ഷയനുസരിച്ച് കത്താവു വെള്ളം വീഞ്ഞാക്കി. വിശുദ്ധ ലിഖിതങ്ങളുടെ ശരിയായ അത്ഥം തന്റെ മക്കൾക്കു വെളിപ്പെടുത്തികൊടുക്കുന്നതിൽ സഭയെ എപ്പോഴും സഹായിക്കുന്ന പരിശുദ്ധാത്മാവു തന്നെയാണ് അത്ഭുതകരമായി തന്റെ ദിവ്യപുത്രൻ കൈക്കൊണ്ട മറിയത്തിന്റെ പ്രാർത്ഥനയുടെ ഓർമ്മ എല്ലാക്കാലത്തേക്കും സൂക്ഷിക്കാൻ ഈശോയുടെ പ്രിയ ശിഷ്യനെ നയിച്ചതു്. തന്റെ മതാവിന്റെ യാതൊരപേക്ഷയും നമ്മുടെ കത്താവീശോമിശിഹാ ഉപേക്ഷിക്കയില്ല.

---

## അദ്ധ്യായം ൧൫

---

### മിശിഹായുടെ പരസ്യജീവിതത്തിൽ

കാനായിൽനിന്നു നമ്മുടെ കത്താവ് തന്റെ പരസ്യജീവിതം നയിക്കുന്നതിനായിപോയി. പരസ്യജീവിതം എന്നു നാം പറയുന്നതു് മിശിഹായുടെ പീഡാനുഭവത്തിനു മുൻപുള്ള മൂന്നു വഷത്തെ ബാഹ്യപ്രവത്തനങ്ങൾക്കാകുന്നു. ഈ കാലഘ

ട്ടത്തിൽ അവിടുന്നു "നന്മ ചെയ്തുകൊണ്ടു ചുററി നടന്നു." അവിടുന്നു രോഗികളെ സുഖപ്പെടുത്തുകയും, അത്ഭുതങ്ങൾ പ്രവൎത്തിക്കുകയും ഉപമകൾകൊണ്ടും ദൃഷ്ടാന്തംകൊണ്ടും പഠിപ്പിക്കുകയും, ദൈവത്തിൻെറ പിതൃത്വം പ്രഖ്യാപനം ചെയ്യുകയും, അങ്ങനെ ഭൂമിയിൽ തൻെറ രാജ്യം സ്ഥാപിക്കുന്നതിനു വഴിയൊരുക്കുകയും ചെയ്തു. കൎത്താവിൻെറ പരസ്യപ്രവൎത്തനത്തിൽ മറിയത്തിനു പങ്കുണ്ടായിരിക്കാൻ പാടില്ലായിരുന്നു. കൎത്താവിൻെറ പലസ്തീനായിലെ ജീവിതത്തിൻെറ പ്രധാനോദ്ദേശ്യം താൻ മിശിഹാ ആയിരുന്നെന്ന്– മിശിഹാ മാത്രമല്ല, ദൈവപുത്രനും ആയിരുന്നെന്ന്– യൂദന്മാരെ മനസ്സിലാക്കിക്കൊടുക്കുക ആയിരുന്നു. ഈ ഉദ്ദേശ്യം സാധിക്കുന്നതിന് അവിടുത്തെ മാതാവ് കുറേക്കാലത്തേക്കു തന്നിൽനിന്നകന്നിരിക്കേണ്ടതാവശ്യമായിരുന്നു.

നമ്മുടെ കൎത്താവീശോമിശിഹാ പരസ്യമായി പ്രസംഗിക്കാനും ശിഷ്യന്മാരെ വിളിച്ചുകൂട്ടാനും വലിയ അദ്ഭുതപ്രവൎത്തനങ്ങൾകൊണ്ട് തൻെറ ഉപദേശം സ്ഥിരീകരിക്കാനും അധികാരം അവകാശപ്പെടാനും ആരംഭിച്ചപ്പോൾ, അവിടുത്തെ വാക്കുകൾ കേട്ടവരെല്ലാവരും തൻെറ ഈലോകത്തിലെ വീട് എവിടെയായിരുന്നെന്നും, തൻെറ ചാൎച്ചക്കാർ ആരായിരുന്നെന്നും അറിഞ്ഞിരുന്നു. അവിടുന്നു മറിയത്തിൻെറ പുത്രനായിരുന്നെന്നും അറിയപ്പെട്ടിരുന്നു. ആ കാരണത്താൽ, അവിടുന്ന് അവളുടെ ഭൎത്താവായ മരപ്പണിക്കാരൻ യൌസേപ്പിൻെറ മകനാണെന്നു വിചാരിക്കപ്പെട്ടിരുന്നു. ദാവീദിൻെറ പുത്രനെന്നു താൻ വിളിക്കപ്പെട്ടതു കൎത്താവു കേൾക്കുകയും ഒരത്ഭുതം വഴി താൻ അതിനെ അംഗീകരിച്ചതായി കാണിക്കുകയും ചെയ്തു. തന്നെത്തന്നെ അവിടുന്നു വിളിച്ചിരുന്നത് മനുഷ്യപുത്രൻ എന്നാണ്; അങ്ങനെ, താൻ യഥാൎത്ഥ മനുഷ്യനാണെങ്കിലും മററു മനുഷ്യപുത്രരെപ്പോലെയല്ലെന്ന് അവിടുന്നു സൂചിപ്പിച്ചു; ഒടുക്കം, കയ്യേപ്പായുടെ മുൻപിൽ വച്ച്, ദാനിയേലിൻെറ ദൎശനത്തെ സൂചിപ്പിച്ചുകൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിൽ വരുമെന്ന് അവിടുന്നു പരസ്യമായി പറഞ്ഞു. എന്നാൽ പരസ്യജീവിതകാലത്ത്, ക്രമേണ സൂചിപ്പിക്കുകയും വ്യക്തമാക്കുകയും ചെയ്യേണ്ടിയിരുന്ന മഹാസത്യം അവിടുന്നു ദൈവപുത്രനാണെന്നുള്ളതാകുന്നു. അവിടുന്നു മറിയത്തിൻെറ പുത്രനാ

യിരുന്നു എന്ന വസ്തുത യൂദന്മാക്കു വ്യക്തമാക്കിക്കൊടുക്കേണ്ട ആവശ്യമില്ലായിരുന്നു. അക്കാലത്തു് ആരും അതിനെ നിഷേധിച്ചിരുന്നില്ല.

അതിനാൽ, തന്റെ പരസ്യജീവിതത്തിലും, പ്രത്യേകിച്ചു് അത്ഭുതപ്രവൎത്തനങ്ങളിലും, തന്റെ മാതാവിനെ യാതൊരുവിധത്തിലും താൻ ആശ്രയിക്കുന്നില്ലെന്നും, തന്റെ സ്വൎഗ്ഗീയ പിതാവിൽ മാത്രമാണു് ആശ്രയിച്ചിരുന്നതെന്നും വ്യക്തമാക്കേണ്ടതു കൎത്താവിനാവശ്യമായിരുന്നു.

ഈ വസ്തുത സുവിശേഷത്തിൽ നാം വായിക്കുന്ന മൂന്നവസരങ്ങളിൽ വ്യക്തമാക്കപ്പെട്ടതായി തോന്നുന്നു. ഒരു ശിശുവായിരുന്നപ്പോൾതന്നെ, തന്റെ ഭൗമിക മാതാപിതാക്കന്മാരോടു് അവിടുന്നു്, “നിങ്ങൾ എന്തിനാണു് എന്നെ അന്വേഷിച്ചതു്? ഞാൻ എന്റെ പിതാവിന്റെ കാൎയ്യം അന്വേഷിക്കേണ്ടതു് ആവശ്യമാണെന്നു നിങ്ങൾ അറിഞ്ഞില്ലേ?” എന്നു പറയുകയുണ്ടായി. കാനായിൽവച്ചു തന്റെ അമ്മയോടു് “എന്റെ നാഴിക വന്നില്ല” എന്നു് അവിടുന്നു പറഞ്ഞു. ഇതിൽനിന്നു താൻ വ്യക്തമാക്കിയതു്, മറിയത്തിന്റെ അപേക്ഷ താൻ കൈക്കൊള്ളുമെങ്കിലും, അതിന്റെ നാഴിക നിശ്ചയിക്കേണ്ടതു താൻ തന്നെയാണു് എന്നാണു്. വീണ്ടും ഒരിക്കൽ അവിടുന്നു പഠിപ്പിച്ചുകൊണ്ടിരുന്ന സമയത്തു്, അവിടുത്തെ മാതാവും സഹോദരന്മാരും തന്നോടു സംസാരിക്കാൻ ആഗ്രഹിക്കുന്നെന്നു അറിവു കിട്ടിയപ്പോൾ, തന്റെ നിത്യപിതാവിനോടുള്ള തന്റെ ബന്ധത്തിലേക്കു് അവിടെയുണ്ടായിരുന്നവരുടെ ശ്രദ്ധയെ അവിടുന്നു തിരിക്കുകയുണ്ടായി. “ആകാശങ്ങളിലിരിക്കുന്ന എന്റെ പിതാവിന്റെ മനസ്സു നിറവേററുന്നവർ ആരോ അവരാകുന്നു എന്റെ അമ്മയും സഹോദരനും സഹോദരിയും.”

ഈ ഓരോ അവസരത്തിലും കൎത്താവു തന്റെ സ്വൎഗ്ഗീയ പിതാവിന്റെ കൂടുതൽ ഉന്നതമായ അവകാശത്തിലേക്കു ശ്രദ്ധ പതിപ്പിച്ചതിന്റെ ശേഷം തന്റെ ഭൗമികമാതാവിന്റെ യഥാൎത്ഥമെങ്കിലും അതിനെക്കാൾ താണതായ അവകാശത്തെ ആദരിച്ചെന്നുള്ളതു വാസ്തവമാണു്. തന്റെ ഭാവി പരസ്യപ്രവൎത്തനത്തെ മുൻകൂട്ടി സൂചിപ്പിച്ചശേഷം ദൈവപുത്രൻ ദേവാലയത്തിൽനിന്നിറങ്ങി നസറത്തിലേക്കു പോയി മറിയത്തിനും യൗസേപ്പിനും “കീഴ്‌വഴങ്ങി”യിരുന്നു. കാനായിൽവച്ചു് അവി

ടുന്ന് ഒരത്ഭുതം പ്രവത്തിച്ച് മറിയത്തിൻെറ അപേക്ഷ കൈക്കൊണ്ടു. തൻെറ സ്വഗ്ഗീയ പിതാവിനെപ്പററിയുള്ള വാക്കുകൾ പറഞ്ഞതിൻെറശേഷം, അവിടുന്നു തൻെറ പ്രസംഗം അവസാനിപ്പിച്ച് തൻെറ മാതാവിൻെറ അടുക്കലേക്കു പോയതായിട്ടാണ് നാം മനസ്സിലാക്കുന്നത്. തൻെറ ഭൌമികമാതാപിതാക്കന്മാരോടു നമ്മുടെ കത്താവു കാണിച്ച ആദരവിനെപ്പററി യാതൊരു സംശയവുമില്ല. തൻെറ പരസ്യജീവിതപ്രവത്തനങ്ങളിൽ, കാലത്തിൻെറ പൂണ്ണതയിൽ, പിതൃഹിതമനുസരിച്ചു നിറവേററേണ്ടിയിരുന്ന ലോകത്തിലേ ജോലി ചെയ്യുന്നതിൽ, താൻ ഭൌമികബന്ധങ്ങളിൽനിന്നെല്ലാം സ്വതന്ത്രനായിരിക്കണമെന്നുള്ള വസ്തുത ജനങ്ങളുടെ മനസ്സിൽ ഗാഢമായി പതിക്കാൻ അവിടുന്നു ശ്രമിച്ചെന്നുള്ളതും നിസ്സംശയമത്രെ.

ഈ പാഠം മറിയം എളുപ്പത്തിൽ പഠിച്ചു. നമ്മുടെ മാതാവ് എല്ലാക്കായ്യത്തിലും തൻെറ പുത്രൻെറ മനസ്സിനു കീഴ്പെട്ടുകൊണ്ട്, എപ്പോഴും അവിടുത്തെ എളിയ ദാസിയായിരിക്കാൻ സന്തോഷത്തോടെ ആഗ്രഹിച്ചിരുന്നു. അവിടുന്നു തൻെറ ശക്തി വെളിപ്പെടുത്തണമെന്നു പിതാവു തിരുമനസ്സായപ്പോൾ, മറിയം ദൂരെ മാറി നില്ക്കാൻ ഇഷ്ടപ്പെട്ടു. ഈശോ ഒരു ശിശുവായിരുന്നപ്പോഴും, ഒരു യുവാവായിരുന്നപ്പോഴും, ആശാരിപ്പണി ചെയ്തിരുന്നപ്പോഴും, പീഡകൾ സഹിച്ചപ്പോഴും മാതാവ് അവിടുത്തെ അടുത്തുണ്ടായിരുന്നു. എന്നാൽ അവിടുന്ന് അധികാരമുള്ളവനെപ്പോലെ ദേവാലയത്തിൽ പഠിപ്പിച്ചിരുന്നപ്പോഴും, വലിയ അദ്ഭുതങ്ങൾ പ്രവത്തിച്ചപ്പോഴും, തൻെറ ശത്രുക്കളോടു നേരിട്ട് അവരെ ലജ്ജിപ്പിച്ചപ്പോഴും, ഈശോയോടുകൂടെ മറിയത്തെ നാം കാണുന്നില്ല.

ഈശോ മൂന്നു രാജാക്കന്മാരാൽ ആരാധിക്കപ്പെട്ടപ്പോഴും, ശിമയോൻ "കത്താവേ, നിൻെറ ദാസനെ ഇനി വിട്ടയച്ചാലും" എന്നു തുടങ്ങിയ വാക്കുകൾ ഉച്ചരിച്ചപ്പോഴും, മറിയം ഈശോയോടുകൂടി ഉണ്ടായിരുന്നെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഈശോ രാജാക്കളുടെ രാജാവും പരമനാഥനും ആണെന്നുള്ള തങ്ങളുടെ വിശ്വാസത്തെ ആട്ടിടയന്മാരോ ജ്യോതിശ്ശാസ്ത്രജ്ഞന്മാരോ ശിമയോനോ പ്രഖ്യാപനം ചെയ്തില്ല. നമ്മുടെ കത്താവ് ആ കാലത്ത് ഒരു ശിശുവായിരുന്നു, താൻ പ്രസംഗിക്കാൻ ആരംഭിച്ചിരുന്നില്ല. താബോർമലയിൽവച്ചു കത്താവു മറുരൂപ

പ്പെട്ടപ്പോൾ മറിയം അവിടെയുണ്ടായിരുന്നില്ല. അതുപോലെ ഓറശ്ലേം നഗരത്തിലെ തെരുവുകളിൽവച്ച് ഒരു വലിയ ജനക്കൂട്ടം ഓലകൾ പിടിച്ചുകൊണ്ട് "ഓശാനാ! കർത്താവിൻെറ നാമത്തിൽ വരുന്നവൻ— ഇസ്രായേലിൻെറ രാജാവ്— വാഴ്ത്തപ്പെട്ടവനാകുന്നു" എന്ന് ആർത്തുവിളിച്ചപ്പോഴും മറിയം അവിടെയുണ്ടായിരുന്നില്ല. കാൽവരി മലയിൽ മറിയം ജനക്കൂട്ടത്തിൻെറ ഇടയിൽ നിന്നിരുന്നെന്നുള്ളതു വാസ്തവമാണ്. എന്നാൽ ഇവിടെ കർത്താവിൻെറ ദൈവത്വത്തേക്കാൾ തൻെറ മനുഷ്യത്വമാണ് കുരിശിന്മേൽ കൂടുതലായി പ്രത്യക്ഷപ്പെട്ടത്. മിശിഹാ പാടുപെടുകയും അങ്ങനെ തൻെറ മഹത്വത്തിൽ പ്രവേശിക്കയും ചെയ്യേണ്ടതു് ഉചിതമായിരുന്നെങ്കിൽ, മറിയത്തെ സംബന്ധിച്ചും ഇതു് ഏറെക്കുറെ വാസ്തവമായിരുന്നു.

ഇപ്രകാരമുള്ള ചിന്തകൾ നമ്മുടെ കർത്താവിൻെറ പരസ്യജീവിതത്തിൽ തൻെറ മാതാവുമായി തനിക്കുണ്ടായിരുന്ന ബന്ധത്തെപ്പററി നാം വായിക്കുന്നതിൻെറ അർത്ഥം ഗ്രഹിക്കാൻ നമ്മെ സഹായിക്കുമായിരിക്കും.

"അവർക്കു വീഞ്ഞില്ല" എന്നു മറിയം തൻെറ പുത്രനോടു പറഞ്ഞ സമയംമുതൽ ഗാഗുൽത്തായിൽ താൻ കുരിശിൻചുവട്ടിൽ നിന്നതുവരെ, രണ്ടു പ്രാവശ്യം മാത്രമേ സുവിശേഷത്തിൽ മാതാവിനെപ്പററി എന്തെങ്കിലും നാം വായിക്കുന്നുള്ളു. ഈ രണ്ടവസരങ്ങളിൽപ്പോലും നമ്മുടെ കർത്താവും തൻെറ മാതാവും തമ്മിൽ നേരിട്ടു സംസാരിച്ചതായ യാതൊരു വാക്കുകളെപ്പററിയും നാം വായിക്കുന്നില്ല.

തൻെറ അമ്മയും സഹോദരന്മാരും തന്നോടു സംസാരിക്കാൻ ആഗ്രഹിക്കുന്നെന്ന് മിശിഹായോട് അടുത്തുണ്ടായിരുന്നവർ പറഞ്ഞു. ആ വാക്കുകൾ എടുത്ത്, ഒരു വലിയ ആദ്ധ്യാത്മിക തത്വത്തിലേക്ക് തൻെറ കേൾവിക്കാരുടെ ശ്രദ്ധയെ തിരിക്കുന്നതിന് അവിടുന്ന് ഈ അവസരം ഉപയോഗിച്ചു. നമ്മുടെ കർത്താവ് ഇപ്രകാരം ചെയ്യുക പതിവായിരുന്നെന്നു നമുക്കറിയാം. രണ്ടുദാഹരണങ്ങൾ മാത്രം ഇവിടെ എടുക്കാം. മിശിഹാ അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ചശേഷം, വീണ്ടും വീണ്ടും ഒരു ജനക്കൂട്ടം കൂടുതൽ ഭക്ഷണം കിട്ടുമെന്നാശിച്ചുകൊണ്ട് തൻെറ പിന്നാലെ ചെന്നപ്പോൾ, അവിടുന്നു നശിച്ചുപോകുന്ന ശരീരത്തിൻെറ ഭക്ഷണത്തിൽനിന്നും നശിക്കാത്ത ആത്മാ

വിൻെറ ഭക്ഷണത്തിലേക്ക് സൌമ്യമായി അവരുടെ ശ്രദ്ധ തിരിച്ചുവിട്ടു. വീണ്ടും, നല്ല ഗുരുവേ, എന്ന് അവിടുന്നു വിളിക്കപ്പെട്ടപ്പോൾ, നല്ല എന്ന വാക്കിൽ പിടിച്ചുകൊണ്ട്, ദൈവം മാത്രം സ്വഭാവത്താലെ നന്മയാണെന്നുള്ള തത്വം അവിടുന്നു പഠിപ്പിച്ചു.

അപ്രകാരംതന്നെ, മിശിഹാ തൻെറ ശാരീരിക ചാർച്ചക്കാരെപ്പററി പ്രസ്താവിച്ചു കേട്ടപ്പോൾ, തൻെറ വാക്കുകൾ കേട്ട എല്ലാവരുടെയും മനസ്സിൽ, താൻ പഠിപ്പിക്കാൻ അതിയായി ആഗ്രഹിച്ചിരുന്ന പാഠം ഗാഢമായി പതിക്കാൻ ആ അവസരം ഉപയോഗിച്ചു. "ദൈവത്തിൻെറ മനസ്സു നിറവേററുന്നവനാണ് എൻെറ മാതാവും എൻെറ സഹോദരനും," എന്നു മിശിഹാ പറഞ്ഞതായിട്ടല്ല വി. മത്തായി എഴുതിയിരിക്കുന്നത്, പിന്നെയോ, ആകാശങ്ങളിലിരിക്കുന്ന എൻെറ പിതാവിൻെറ മനസ്സു നിറവേററുന്നവൻ ആരോ അവനാണ് എൻെറ മാതാവും സഹോദരനും സഹോദരിയും," എന്നു താൻ പറഞ്ഞതായിട്ടാണ്. ഈ വാചകം ഇങ്ങനെ വ്യാഖ്യാനിക്കാം; അവിടുത്തെ കേൾവിക്കാരും ഇങ്ങനെ മനസ്സിലാക്കിയിരിക്കണം. "എൻെറ മാതാവും സഹോദരന്മാരും എന്നെ ആവശ്യപ്പെടുന്നെന്നു നിങ്ങൾ പറയുന്നു. സ്വാഭാവികബന്ധംകൊണ്ടു മാത്രമേ ആകുന്നെങ്കിലും എനിക്കിഷ്ടമുള്ളവനും എന്നോടടുപ്പമുള്ളവനും ആയിത്തീരാൻ പാടുള്ളെന്നു നിങ്ങൾ വിചാരിക്കരുത്. നിങ്ങൾക്കും, എനിക്കിഷ്ടമുള്ളവരും എന്നോടടുപ്പമുള്ളവരും ആയിത്തീരാം. അതേ, നിങ്ങൾക്കും എൻെറ മാതാവും സഹോദരനും സഹോദരിയും ആയിത്തീരാൻ സാധിക്കും. എന്തെന്നാൽ, എനിക്കു ലോകത്തിൽ നിങ്ങൾ കാണുന്ന എൻെറ മാനുഷിക മാതാവും ചാർച്ചക്കാരും മാത്രമല്ല ഉള്ളത്, പിന്നെയോ നിങ്ങൾക്കിപ്പോൾ കാണാൻ പാടില്ലാത്ത ഒരു സ്വർഗ്ഗീയ പിതാവും ഉണ്ട്. മാതാവും മക്കളും കുടുംബത്തിൻെറയും ഭവനത്തിൻേറയും തലവനായ പിതാവിൻെറ മനസ്സു നിറവേററണം. അതിനാൽ നിങ്ങൾ എൻെറ പിതാവിൻെറ മനസ്സു നിറവേററുകയാണെങ്കിൽ, നിങ്ങളും എൻെറ ആദ്ധ്യാത്മികകുടുംബത്തിൻെറയും ഭവനത്തിൻെറയും അംഗങ്ങളായിത്തീരും. സഹോദരനേയും സഹോദരിയേയും മാതാവിനേയുംപോലെ നിങ്ങൾ എന്നോടു യോജിച്ചിരിക്കുകയും എൻേറതായിത്തീരുകയും ചെയ്യും."

വേറൊരവസരത്തിൽ, നമ്മുടെ ദിവ്യരക്ഷകൻ പ്രവർത്തിച്ച അത്ഭുതങ്ങളും പിശാചിൻെറ ശക്തിയാലാണ് താൻ അത്ഭുതം പ്രവർത്തിച്ചതെന്നു പറഞ്ഞ തൻെറ ശത്രുക്കളെ ലജ്ജിപ്പിച്ച തൻെറ വാക്കുകളുടെ ബുദ്ധിവൈഭവവും കണ്ട്, ജനക്കൂട്ടത്തിൽനിന്ന് ഒരു സ്ത്രീ, "നിന്നെ വഹിച്ച ഉദരവും നിന്നെ കുടിപ്പിച്ച സ്തനങ്ങളും ഭാഗ്യമുള്ളവയാകുന്നു" എന്നു വിളിച്ചുപറഞ്ഞു. എന്നാൽ മിശിഹാ ഒരിക്കൽക്കൂടി താൻ കേട്ട വാക്കുകളെ എടുത്തുകൊണ്ട്, ആ സ്ത്രീയോടു മാത്രമല്ല, അവിടെയുണ്ടായിരുന്ന എല്ലാവരോടുംകൂടി ഇപ്രകാരം മറുപടി പറഞ്ഞു: "ദൈവവചനം കേൾക്കുകയും അതിനെ കാക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാകുന്നു." ദൈവമാതാവായ മറിയംപോലും തൻെറ ഉദരത്തിൽ ദൈവവചനത്തെ വഹിച്ചതുകൊണ്ടെന്നതിനെക്കാൾ കൂടുതൽ ഭാഗ്യവതിയായിരുന്നത് ദൈവവചനം കേൾക്കുകയും തൻെറ ആത്മാവിൽ അതിനെ കാത്തുസൂക്ഷിക്കുകയും ചെയ്തുകൊണ്ടാകുന്നു. തൻെറ കേൾവിക്കാരും ദൈവവചനം കേട്ട് അതിനെ കാക്കാൻ പഠിക്കുന്നതിനു നമ്മുടെ കർത്താവ് അവരുടെ ശ്രദ്ധയെ ആകർഷിച്ചതു ഈ ഭാഗ്യത്തിലേക്കാകുന്നു.

അതിനാൽ, പരിശുദ്ധ കന്യകയോടുള്ള ഭക്തിക്കും ബഹുമാനത്തിനും എതിരായി സുവിശേഷത്തിലെ ഈ വാക്കുകളിൽനിന്നു യാതൊന്നും യുക്തിപൂർവ്വം കൊണ്ടുവരാൻ ആർക്കും സാധിക്കയില്ല. അവ ഈ ഭക്തിയെ നേരിട്ടു പ്രോത്സാഹിപ്പിക്കുന്നതായിട്ടും നമുക്കു വാദിക്കാൻ നിവൃത്തിയില്ല. കർത്താവിനു തൻെറ മാതാവിനെ പരസ്യമായി മഹത്വപ്പെടുത്താനുള്ള സമയം വന്നിട്ടില്ലായിരുന്നു. ലോകം മുഴുവനിലുമുള്ള സഭ അവിടുന്നു ദൈവമാണെന്ന് ഏറ്റുപറയുകയും പ്രഖ്യാപനം ചെയ്യുകയുംചെയ്ത് തന്നെ മഹത്വപ്പെടുത്തിക്കഴിയുമ്പോൾ, മാതാവിൻെറ പരസ്യമായ മഹത്വീകരണവും അതിൻെറ പിന്നാലെ വന്നുകൊള്ളുമായിരുന്നു. ഇപ്പോഴാകട്ടെ, ഈശോസ്സും മറിയത്തിനും മഹത്വത്തിൻെറയല്ല, താഴ്മയുടെ സമയമായിരുന്നു. ലോകം വീണ്ടെടുക്കപ്പെട്ടു കഴിഞ്ഞിരുന്നില്ല, ദൈവപുത്രൻ ലോകാരംഭത്തിനുമുൻപു തനിക്കുണ്ടായിരുന്ന മഹത്വത്താൽ മഹത്വീകരിക്കപ്പെട്ടിരുന്നുമില്ല. അതിനാൽ സുവിശേഷങ്ങളിൽ കർത്താവു പരിശുദ്ധ കന്യകയെ നേരിട്ടു സ്തുതിക്കുകയോ, അവളുടെ നിസ്തുല

മായ സ്ഥാനവലിപ്പത്തെ ചൂണ്ടിക്കാണിക്കുകയോ, മരിയഭക്തിയെ സ്പഷ്ടമായി പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന വാക്കുകൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നവർ ഭഗ്നാശരാകുകയേ ഉള്ളു. കൂടാതെ, അപ്രകാരം എന്തെങ്കിലും അന്വേഷിക്കുന്നവർ സുവിശേഷങ്ങൾ എഴുതപ്പെട്ടതിൻെറ ഉദ്ദേശ്യം എന്താണെന്നുള്ളതിനെപ്പററിയുള്ള തങ്ങളുടെ അറിവില്ലായ്മയെയാണ് കാണിക്കുന്നത്. സുവിശേഷത്തിൽ അതില്ലാത്തതുകൊണ്ടു വിഷമിക്കുന്നവർ വിശ്വാസസത്യങ്ങളെ വ്യാഖ്യാനിക്കുന്നതിൽ സഭയുടെ കർത്തവ്യത്തെപ്പററി തങ്ങൾക്കുള്ള തെററായ ധാരണ വെളിപ്പെടുത്തുകയും ആണ് ചെയ്യുന്നത്.

പാറമേൽ പണിയപ്പെട്ടതും, പരിശുദ്ധാത്മാവിൻെറ സഹായം ലോകാവസാനംവരെ മിശിഹാ വാഗ്ദാനം ചെയ്തിട്ടുള്ളതും, നരകവാതിലുകളുടെമേൽ വിജയം പ്രാപിക്കുമെന്ന് തന്നിൽനിന്നുറപ്പു കിട്ടിയിട്ടുള്ളതും, സത്യത്തിൻെറ തൂണും തറയും എന്ന് പൌലോസ് ശ്ലീഹായാൽ വിളിക്കപ്പെട്ടിരിക്കുന്നതുമായ കത്തോലിക്കാസഭയ്ക്കു മാത്രമേ എല്ലാക്കാലത്തും ക്രിസ്തീയ വെളിപാടിനെ തെററുകൂടാതെ സൂക്ഷിക്കുന്നതിനും ആ വെളിപാടിൻെറ ഉള്ളടക്കങ്ങളെ മനുഷ്യർക്കു വ്യാഖ്യാനിച്ചുകൊടുക്കുന്നതിനും ഉള്ള അധികാരം കിട്ടിയിട്ടുള്ളു. സുവിശേഷങ്ങൾ നാലിലും ഒരു വിശ്വാസപ്രമാണം അതായത്, വിശ്വാസസത്യങ്ങളെല്ലാം ഒരുമിച്ചു കൂട്ടിച്ചേർത്തിട്ടുള്ള ഒരു പ്രസ്താവന നൽകപ്പെട്ടിട്ടില്ല. സുവിശേഷങ്ങൾ ആർക്കുവേണ്ടി എഴുതപ്പെട്ടോ ആ ക്രിസ്ത്യാനികളിൽ ക്രിസ്തീയമതതത്വങ്ങളെപ്പററിയുള്ള അറിവുണ്ടെന്നുള്ള ധാരണയോടുകൂടിയാണ് അവ എഴുതപ്പെട്ടത്. അധികാരമുള്ള ഗുരുക്കന്മാരുടെ പ്രസംഗങ്ങൾ വഴി അവ പഠിപ്പിക്കപ്പെട്ടിരുന്നു. വി. യോഹന്നാൻ തൻെറ സുവിശേഷം എഴുതിയതു് ആദ്യത്തെ പാഷണ്ഡമതക്കാർക്കെതിരായി മിശിഹായുടെ ദൈവത്വത്തെ തെളിയിക്കാനായിരുന്നു. ആദ്യത്തെ മൂന്നു സുവിശേഷങ്ങളുടെയും പ്രധാന ഉദ്ദേശ്യം വിശ്വാസസത്യങ്ങൾ പഠിപ്പിക്കുക എന്നതല്ലായിരുന്നു. പിന്നെയോ, നമ്മുടെ ദിവ്യഗുരുവിൻെറ ജീവിതത്തിലെ പ്രധാന സംഭവങ്ങളുടെ ചരിത്രം എഴുതുകയെന്നതായിരുന്നു.

തൻെറ ഉയിർപ്പിനുശേഷം, സ്വർഗ്ഗാരോഹണത്തിനുമുൻപായി, സകല ജാതികളെയും തൻെറ നാമത്തിലും തൻെറ സ്വന്ത അധികാരത്തിലും പഠിപ്പിക്കാൻ തൻെറ സഭയോട് അവിടുന്ന് കല്പിച്ചിട്ടുണ്ടായിരുന്നു. നമ്മുടെ കർത്താവു സംസാരിച്ചതും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ വാക്കുകളിൽ ഏററം പ്രാധാന്യമുള്ളവയായി കാണുന്നത്, നേരിട്ടുള്ള പ്രസ്താവനകളെക്കാൾ കൂടുതലായി, ഉപമകളും ശാസനകളും ഉപദേശങ്ങളും, സൂചനകളും വഴിയായി, സുമനസ്സുള്ള മനുഷ്യർക്കു താൻ പിതാവിനാൽ അയയ്ക്കപ്പെട്ടവനാണെന്നുള്ള കേന്ദ്രസത്യം പടിപടിയായി തെളിയിച്ചുകൊടുത്ത മാർഗ്ഗങ്ങളെ കാണിക്കുന്നവയാകുന്നു. സാധാരണമായി പടിപടിയായിട്ടാണ് കർത്താവു മനുഷ്യരെ ഈ സത്യത്തിലേക്കു നയിച്ചിരുന്നത്. പ്രകടമായ വിധത്തിൽ വിശ്വാസം തന്നിൽ അർപ്പിക്കപ്പെട്ടപ്പോൾ അവിടുന്ന് ഉദാരമായി ശ്ലാഘിക്കുകയും മഹത്തായ സമ്മാനം വാഗ്ദാനം ചെയ്കയും ചെയ്തിരുന്നു. “ഓ, സ്ത്രീയേ, നിൻെറ വിശ്വാസം വലുതാകുന്നു, നീ മനസ്സാകുന്നതുപോലെ നിനക്കു സംഭവിക്കട്ടെ” (മത്താ. ൧൫. ൨൮.) “ഇസ്രായേലിൽപോലും ഞാൻ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല” (ലൂക്കാ. ൭, ൯). “അത്തിമരത്തിൻെറ ചുവട്ടിൽ നിന്നെ ഞാൻ കണ്ടെന്നു ഞാൻ പറഞ്ഞതുകൊണ്ടു നീ വിശ്വസിച്ചു. ഇതിനെക്കാൾ വലിയ കാര്യങ്ങൾ നീ കാണും” (യോ. ൧, ൫൦). “യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാനാകുന്നു, എന്തുകൊണ്ടെന്നാൽ മാംസവും രക്തവുമല്ല ഇതു നിനക്കു വെളിപ്പെടുത്തിത്തന്നത്, പിന്നെയോ സ്വർഗ്ഗസ്ഥനായ എൻെറ പിതാവാകുന്നു. നീ പത്രോസാകുന്നുവെന്നു ഞാൻ നിന്നോടു പറയുന്നു” (മത്താ. ൧൬, ൧൭). എന്നാൽ ബുദ്ധിയുടെയും മനസ്സിൻെറയും ആവശ്യമായ ഒരുക്കം കഴിഞ്ഞ്, സമയത്തിൻെറ പൂർണ്ണത വന്നുകഴിഞ്ഞല്ലാതെ, മിശിഹാ വിശ്വാസത്തിൻെറ പൂർണ്ണത ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല.

„നിന്നെ വഹിച്ച ഉദരവും നിന്നെ കുടിപ്പിച്ച സ്തനങ്ങളും വാഴ്ത്തപ്പെട്ടവയാകുന്നു” എന്ന് ആ സ്ത്രീ ജനക്കൂട്ടത്തിൽ നിന്നു വിളിച്ചുപറഞ്ഞപ്പോൾ, പൂർവ്വദേശത്തെ പതിവനുസരിച്ച്, അവളുടെ ഉദ്ദേശ്യം പ്രധാനമായി ആ മഹാഗുരുവിനെ സ്തുതിക്കുകയായിരുന്നിരിക്കണം. ഒരാളെ സ്തുതിക്കാനുദ്ദേശിക്കുമ്പോൾ, നേരിട്ടുപ്രകാരം ചെയ്യാതെ, അയാളുമായി അടുത്തു ബ

ന്ധപ്പെട്ടിരിക്കുന്നവരെ സ്തുതിക്കയെന്നതു് പൂർവ്വദേശങ്ങളിൽ പല പ്പോഴും ആചരിച്ചിരുന്ന ഒരു മുറയായിരുന്നു.

ഇതെങ്ങനെയായിരുന്നാലും, ആ സാധുസ്ത്രീയുടെ വിശ്വാസം പൂർണ്ണമായിരുന്നെങ്കിൽ, അതായതു്, അവൾ: "അങ്ങയുടെ മാതാവും ഭാഗ്യവതിയാകുന്നു, എന്തുകൊണ്ടെന്നാൽ അങ്ങു് എൻെറ ദൈവമായ കർത്താവും അവൾ ദൈവത്തിൻെറ മാതാവുമാകുന്നു" എന്നു പ്രകടമായി പറഞ്ഞിരുന്നെങ്കിൽ, കർത്താവും അവളോടു്: ഓ, സ്ത്രീയേ, നിൻെറ വിശ്വാസം വലുതാകുന്നു. ഇതിനെക്കാൾ വലിയ കാര്യങ്ങൾ നീ ഇനിയും കാണും. നീയും ഭാഗ്യവതിയാകുന്നു, എന്തെന്നാൽ മാംസവും രക്തവുമല്ല ഇതു നിനക്കു വെളിപ്പെടുത്തിത്തന്നതു്, പിന്നെയോ, സ്വർഗ്ഗസ്ഥനായ എൻെറ പിതാവാകുന്നു," എന്നു പറയുമായിരുന്നെന്നുള്ളതു നിസ്സംശയമാണു്. എന്നാൽ ഇതിനു സമയമായിട്ടില്ലായിരുന്നു. നിന്ദ കൊണ്ടും ദുഷ്ടതകൊണ്ടും നിറഞ്ഞിരുന്ന പ്രീശന്മാരുടെ സാന്നിദ്ധ്യത്തിൽ നിർമ്മലയായ മാതാവു് അവിടത്തെ അമ്മയും ആ കാരണത്താൽ ദൈവത്തിൻെറ അമ്മയും ആയതിനാൽ അവൾ ഭാഗ്യവതിയാണെന്നു തുറന്നു പ്രസ്താവിക്കുന്നതു് പോക്കുകളുടെ മുൻപിൽ പവിഴം ഇട്ടുകൊടുക്കുന്നതുപോലെ ആകുമായിരുന്നു. അതുകൊണ്ടു്, നിത്യജ്ഞാനമായ കർത്താവു്, ദൈവത്തിൻെറ വചനത്തെ കേൾക്കുകയും അതിനെ കാക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാകുന്നു എന്നുള്ള സാമാന്യപാഠം ആ അവസരത്തിൽ പഠിപ്പിച്ചതിൽ എന്താണു് ആശ്ചര്യപ്പെടാനുള്ളതു്?

ദൈവികമായ വെളിപാടു് വിശുദ്ധ ലിഖിതം, പാരമ്പര്യം എന്നീ രണ്ടു മാർഗ്ഗങ്ങളിൽക്കൂടിയാണു് വന്നിരിക്കുന്നതെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. എല്ലാ വിശ്വാസസത്യങ്ങൾക്കും, അല്ലെങ്കിൽ വിശ്വാസസത്യങ്ങളിന്മേൽ അടിസ്ഥാനമുറപ്പിച്ചിരിക്കുന്ന ആചാരങ്ങൾക്കും, വേദപുസ്തകത്തിലോ അല്ലെങ്കിൽ ആദ്യത്തെ സഭാപിതാക്കന്മാരുടെ ദുർല്ലഭമായ കൃതികളിലോ സ്പഷ്ടമായ സ്ഥിരീകരണം, അന്വേഷിക്കുന്നതു് സഭയുടെ സജീവപാരമ്പര്യത്തിൻെറ അധികാരത്തിൽ വിശ്വാസമില്ലായ്മ കാണിക്കുകയാകുന്നു. എന്നിരുന്നാലും, മിക്കവാറും എല്ലാ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെയും ബീജങ്ങൾ അല്ലെങ്കിൽ മൂലതത്വങ്ങൾ വിശുദ്ധ ലിഖിതങ്ങളിൽ കാണാമെന്നുള്ളതു് വാസ്തവമാണു്. ദൈവമാതാവിനെപ്പററി നമ്മുടെ വിശ്വാസം പഠിപ്പി

ക്കുന്നതെല്ലാം തീർച്ചയായും ഇപ്രകാരമാണ്. വിശുദ്ധ ഗ്രന്ഥത്തിന്റെ ഒന്നാമത്തെ പുറത്തുതന്നെ, പിശാചുമായി നിരന്തരയുദ്ധം ചെയ്യുകയും നമ്മുടെ ആദ്യമാതാവു തോൽവിയടഞ്ഞിടത്ത് വിജയം പ്രാപിക്കുകയും ചെയ്യുന്ന സ്ത്രീയായി അവൾ പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്നു. ദൈവമാതാവിനെപ്പററി ദീർഘദർശികൾ ദീർഘദർശനം ചെയ്തിട്ടുണ്ട്; സൌന്ദര്യവതിയായ രാജ്ഞിയെന്ന നിലയിലും കർത്താവിന്റെ വാസസ്ഥലമായ പേടകം എന്ന നിലയിലും ദാവീദ് അവളിൽ സന്തോഷിച്ചു. ദൈവദൂതനും പരിശുദ്ധാത്മാവും അവളുടെ കന്യാത്വം, മാതൃത്വം, വിശ്വാസം, ഇവയുടെ മഹത്വങ്ങളെ പ്രഖ്യാപനം ചെയ്തു. യോഹന്നാൻമാംദാനാ ജനിക്കുന്നതിനുമുൻപുതന്നെ അവളുടെ സ്വരം കേട്ട് ആനന്ദിച്ചു. അവളുടെ പ്രാർത്ഥനയുടെ ഫലമായി അവളുടെ പുത്രൻ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചു. തന്റെ ആത്മാവ് വ്യാകുലതയുടെ വാളാൽ പിളർന്നും, മിശിഹായുടെ പീഡാനുഭവത്തോട് ഏററം അടുത്ത വിധത്തിൽ യോജിച്ചും, അവൾ കുരിശിൻചുവട്ടിൽനിന്നു. ബേസ്ലഹെമ്മിൽ നമ്മുടെ കർത്താവ് തന്റെ മാതാവിനെ നോക്കി തന്റെ ആദ്യ പുഞ്ചിരി തൂകി; ഈ ലോകത്തിൽ അവിടുത്തെ അവസാനത്തെ ചിന്ത തന്റെ മാതാവിനെപ്പററി ആയിരുന്നു. തന്റെ പുത്രൻ മരണവേളയിൽ തന്നെ ഏല്പിച്ചിരുന്ന ആ ശ്ലീഹാസ്സു് അവൾ നരകശക്തികളോടുള്ള സഭയുടെ യുദ്ധത്തെയും വിജയത്തെയും സൂചിപ്പിക്കുന്ന ഒരത്ഭുതമായി ദർശനത്തിൽ കാണപ്പെട്ടു. ഇതെല്ലാം, ഇതിലധികവും, വിശുദ്ധ ഗ്രന്ഥത്തിൽ നമുക്കു കാണാം. കർത്താവിന്റെ പരസ്യജീവിതത്തിൽപോലും, ഒരു സാധു സ്ത്രീ മറിയത്തിന്റെ ഭാഗ്യത്തെ വാഴ്ത്തുകയും, അങ്ങനെ ഗബ്റിയേലിനോടും ഏലീശ്വായോടുംകൂടി പരിശുദ്ധ കന്യകയുടെ അവർണ്ണനീയമായ മഹത്വത്തെ പ്രഖ്യാപനം ചെയ്യുന്നതിൽ കത്തോലിക്കാസഭയുടെ ഒരു പൂർവ്വരൂപമായിത്തീരുകയും ചെയ്തു. ധൈര്യവതിയായ ആ സ്ത്രീയുടെ വാക്കുകൾ എല്ലാ വൈദികരും കാനോനാനമസ്കാരത്തിൽ എല്ലാ ദിവസവും ഉച്ചരിച്ചുവരുന്നു.

# അദ്ധ്യായം ൧൨

## മറിയത്തിന്റെ വാക്കുകൾ

മംഗലവാർത്ത, ഏലീശബായെ സന്ദർശിച്ചത്, ഈശോയെ ദേവാലയത്തിൽ കണ്ടെത്തിയത്, കാനായിലെ കല്യാണം, ഈ നാലവസരങ്ങളിൽ മറിയം പറഞ്ഞ വാക്കുകൾ സുവിശേഷങ്ങൾ നമുക്കു രേഖപ്പെടുത്തിത്തന്നിട്ടുണ്ട്.

തന്റെ മാതാവിന്റെ ഉദരത്തിൽ കിടന്ന യോഹന്നാൻ സന്തോഷംകൊണ്ടു കുതിച്ചുചാടുവാൻ ഇടയാക്കിയ മറിയത്തിന്റെ അഭിവന്ദനവാക്കുകൾ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അഞ്ചു ചെറിയ വാചകങ്ങളും, "എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു" എന്ന സ്തോത്രഗീതവും മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു. ഈ സ്തോത്രഗീതത്തിൽനിന്നു രണ്ടു വാചകങ്ങൾ മാത്രം— ഒന്നു ദൈവത്തോടു മറിയത്തിനുള്ള ബന്ധത്തെയും, മററത് വരുവാനിരിക്കുന്ന തലമുറകൾ മറിയത്തെ എങ്ങനെ പരിഗണിക്കുമെന്നുള്ളതിനെയും കാണിക്കുന്നു— എടുക്കുകയാണെങ്കിൽ, നമുക്കു മറിയത്തിന്റെ ഏഴു പ്രസ്താവനകൾ, അല്ലെങ്കിൽ ഏഴു വാക്കുകൾ ഉണ്ടെന്നു പറയാം.

൧. ഇതെങ്ങനെ സംഭവിക്കും, എന്തുകൊണ്ടെന്നാൽ ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ.

൨. കർത്താവിന്റെ ദാസി ഇതാ. നിന്റെ മനസ്സുപോലെ എന്നിലാകട്ടെ.

൩. എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു.

൪. കണ്ടാലും, ഇതുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു വിളിക്കും.

൫. മകനേ, നീ എന്തുകൊണ്ടു ഞങ്ങളോടിപ്രകാരം ചെയ്തു? കണ്ടാലും നിന്റെ പിതാവും ഞാനും ദുഃഖത്തോടുകൂടി നിന്നെ അന്വേഷിച്ചു.

൬. അവർക്കു വീഞ്ഞില്ല.

൭. അവിടുന്നു നിങ്ങളോടു പറയുന്നതെല്ലാം ചെയ്യുവിൻ.

ഈ വാക്കുകളിൽ ആദ്യത്തെ അഞ്ചും കർത്താവിന്റെ ശൈശവത്തിന്റെ സുവിശേഷം എന്നു വിളിക്കപ്പെടാവുന്നതും, സുവിശേഷകൻ നമ്മുടെ നാഥയിൽനിന്നു നേരിട്ടുമാത്രം ഗ്രഹിച്ചിരിക്കാൻ ഇടയുള്ള അനേകം കാര്യങ്ങൾ ഉൾക്കൊള്ളുന്നതുമായ വി. ലൂക്കായുടെ സുവിശേഷത്തിൽ നാം കാണുന്നു. ഒടുവിലത്തെ രണ്ടു വാക്കുകളും വി. യോഹന്നാൻ രേഖപ്പെടുത്തിയിട്ടുള്ളവയാണ്. അവ ഉച്ചരിക്കപ്പെട്ട അവസരങ്ങളിൽ യോഹന്നാൻ സന്നിഹിതനായിരുന്നെന്നു പാരമ്പര്യത്തിൽനിന്നു നാം അറിയുന്നു.

ഈ വാക്കുകൾ ഏററം ചുരുങ്ങിയവയാണ്. എന്നാൽ ക്രിസ്തീയ പരിപൂർണ്ണതയുടെ അടിസ്ഥാനതത്വങ്ങളെല്ലാം അവയിൽ അടങ്ങിയിട്ടുണ്ടെന്നു നമുക്കു കാണാം.

പരിശുദ്ധ കന്യകയുടെ വാക്കുകളെപ്പററി ചിന്തിക്കുന്നതിനുമുൻപ്, മൂന്നവസരങ്ങളിലെ മാതാവിന്റെ മൌനത്തിലേക്ക് വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ. ദേവാലയത്തിൽവച്ച്: "ഞാൻ എന്റെ പിതാവിന്റെ ജോലിയിൽ ഏപ്പെട്ടിരിക്കേണ്ടതു് ആവശ്യമാണെന്നു നിങ്ങൾ അറിഞ്ഞില്ലേ?" എന്നു മിശിഹാ ചോദിച്ചപ്പോൾ, മറിയം ഉത്തരമൊന്നും പറഞ്ഞില്ല, ഈ ചോദ്യത്തെപ്പററി തന്റെ ഹൃദയത്തിൽ ധ്യാനിച്ചതേയുള്ളു. കാനായിൽവച്ചു വീണ്ടും കർത്താവ് ഒരു ചോദ്യം ചോദിച്ചപ്പോൾ, അതിനു നേരിട്ടു യാതൊരു മറുപടിയും പറയേണ്ടതില്ലെന്നു അവിടുത്തെ മാതാവിനറിയാമായിരുന്നു. കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു് ഈശോ, "ഇതാ നിന്റെ പുത്രൻ" എന്നു പറഞ്ഞപ്പോഴും മറിയം ഒന്നും പറഞ്ഞില്ല, ദൈവതിരുമനസ്സിനു കീഴ് വഴങ്ങിയതേയുള്ളു.

ഇനിയും മാതാവിന്റെ ഓരോ വാക്കുകളെയുംപററി പ്രത്യേകം ചിന്തിക്കാം.

൧. ഇതെങ്ങനെ സംഭവിക്കും, എന്തുകൊണ്ടെന്നാൽ "ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ." "നന്മനിറഞ്ഞവളേ, നിനക്കു സ്വസ്തി" എന്നു മാലാഖാ മറിയത്തെ ആദ്യം അഭിവാദ്യം ചെയ്തപ്പോൾ, മറിയത്തിന്റെ മനസ്സിനു് കലക്കമാണുണ്ടായതു്. ഇതു് എങ്ങനെയുള്ള അഭിവാദ്യമായിരിക്കാമെന്ന് അവൾ മനസ്സിൽ ആലോചിച്ചു. ഒരു പ്രാചീന ഗ്രന്ഥകാരൻ മറിയം തന്നോടു തന്നെ ഇപ്രകാരം പറയുന്നതായി കാണിച്ചിരിക്കുന്നു: "നമ്മുടെ ആദിമാതാവായ ഹവ്വായ്ക്കു്, അവൾ ദൈവത്തെപ്പോലെ ആയി

ത്തീരുമെന്നുള്ള പിശാചിൻെറ വാഗ്ദാനം ഒരുപദ്രവമായിത്തീ
ന്നതുപോലെ, ഈ 'സ്വസ്തി' എന്ന വാക്ക് എനിക്കും ഉപദ്രവ
കരമായിത്തീരുമോ? സകല തിന്മയുടെയും കാരണമായ പിശാ
ച് വീണ്ടും പ്രകാശത്തിൻെറ മാലാഖായുടെ രൂപം എടുത്ത
താണോ?"

വി. ക്രിസോസ്റ്റോം ഇങ്ങനെ എഴുതിയിരിക്കുന്നു: "അഭി
വന്ദനം കേട്ടപ്പോൾ അഹങ്കരിക്കുകയോ, സന്തോഷലഹരിയിൽ
മുഴുകി, പറഞ്ഞതിനെ ഉടനെ സ്വീകരിക്കുകയോ ചെയ്യുന്ന
തിനു പകരം, മറിയത്തിനു മനഃക്ഷോഭം ഉണ്ടാകയും, ഇതെ
ങ്ങനെയുള്ള വന്ദനം ആയിരിക്കാമെന്ന് അവൾ ചോദിക്കയും
ചെയ്തെന്നു പറഞ്ഞ് വി. ലൂക്കാ മറിയത്തിൻെറ പുണ്യം വെളി
പ്പെടുത്തുന്നു."

"മറിയമേ, നീ ഭയപ്പെടേണ്ടാ. എന്തുകൊണ്ടെന്നാൽ,
ദൈവത്തിൻെറ അടുക്കൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. എ
ന്തെന്നാൽ, ഇതാ! നീ ഗർഭംധരിച്ച് പുത്രനെ പ്രസവിക്കും.
അവന് ഈശോ എന്നു നീ പേർ വിളിക്കണം, എന്നു ദൂതൻ
പറഞ്ഞപ്പോൾ മാത്രമേ മറിയം "ഇതെങ്ങനെ സംഭവിക്കും,
എന്തുകൊണ്ടെന്നാൽ ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ?"
എന്നു മറുപടി പറഞ്ഞുള്ളു. അവൾ ഒരു കന്യകയായിരുന്നു,
അവളുടെ കന്യാത്വം ദൈവത്തിനു സമർപ്പിക്കപ്പെട്ടുമിരുന്നു,
പിന്നെയെങ്ങനെ അവൾ ഒരു മാതാവായിത്തീരും?

ഈ ചോദ്യം മറിയത്തിൽ വിശ്വാസക്കുറവു കാണിക്കു
ന്നില്ലെന്നു വി. അഗുസ്തീനോസും വി. അംബ്രോസീസും തെളി
യിക്കുന്നു. മറിയത്തിൻെറ വാക്കുകളെ സ്ലറിയാ മാലാഖായോടു
പറഞ്ഞ വാക്കുകളോട്– "ഞാൻ ഇതെങ്ങനെ അറിയും? എന്തു
കൊണ്ടെന്നാൽ, ഞാൻ വയസ്സനാകുന്നു; എൻെറ ഭാര്യയും പ്രായം
ചെന്നവളാകുന്നു"– അവർ താരതമ്യപ്പെടുത്തുന്നു. വി. അംബ്രോ
സീസ് പറയുന്നതിങ്ങനെയാണ്: "സ്ലറിയാ തൻെറ അവിശ്വാ
സംനിമിത്തം ശിക്ഷിക്കപ്പെടുകയും ഒരു മൌനിയായിത്തീരുകയും
ചെയ്തു. മറിയം പരിശുദ്ധാത്മാവിൻെറ വരവുവഴി ഉയർത്തപ്പെട്ടു.
'ഇതെങ്ങനെ സംഭവിക്കും?' എന്നു ചോദിച്ചപ്പോൾ, മറിയം
അതു സംഭവിക്കുമെന്നുള്ളതിനെപ്പററി സംശയിച്ചില്ല. അതെ
ങ്ങനെ സംഭവിക്കുമെന്ന് അന്വേഷിച്ചതേയുള്ളു... 'ഒരു കന്യക
ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും' എന്ന് ഏശയ്യാദീർഘ

ദർശി പ്രവചിച്ചിരുന്നതു മറിയം വായിച്ചിരുന്നു. അതുകൊണ്ട് അതു സംഭവിക്കുമെന്ന് അവൾക്കറിയാമായിരുന്നു. എന്നാൽ ഏതു വിധത്തിൽ അതു സംഭവിക്കുമെന്ന് അത്രവലിയ ഒരു ദീർഘദർശിക്കുപോലും ദൈവം വെളിപ്പെടുത്തിയിരുന്നില്ല. അതിനാൽ മറിയത്തിന്... ആ സംഭവത്തെപ്പറ്റി സംശയമുണ്ടായിരുന്നില്ല. അതു ഏതു വിധത്തിൽ സംഭവിക്കുമെന്നു ചോദിച്ചതേയുള്ളു... അതുകൊണ്ട്, 'വിശ്വസിച്ച നീ ഭാഗ്യവതിയാകുന്നു' എന്ന വാക്കുകൾ കേൾക്കാൻ അവൾ അർഹയായി.

വി. അഗുസ്തീനോസ്: "സ്കറിയാ വിശ്വസിച്ചില്ല. എങ്ങനെയാണ് അയാൾ വിശ്വസിക്കാതിരുന്നത്? താൻ വയസ്സനും തന്റെ ഭാര്യ പ്രായംചെന്നവളും ആയതുകൊണ്ട്; തന്നോടു വാഗ്ദാനംചെയ്യപ്പെടുന്നത് എങ്ങനെ അറിയാൻ കഴിയും എന്ന് അയാൾ ചോദിച്ചു... സ്കറിയാ അന്വേഷിക്കുന്നതിനല്ല ചോദിച്ചത്, പിന്നെയോ, ആശയെല്ലാം ഉപേക്ഷിച്ചവനെപ്പോലെയാണ് അയാൾ സംസാരിച്ചത്. മറിയമോ എന്നാൽ... ചോദിച്ചപ്പോൾ വാഗ്ദാനത്തെപ്പറ്റി സംശയിച്ചില്ല."

അതിനാൽ, ദൈവത്തിന്റെ പരിശുദ്ധ മാതാവിന്റെ ഈ ആദ്യവാക്ക് അവളുടെ മനസ്സാക്ഷിയുടെ മൃദുലതയെയും ദൈവത്തിനു സമർപ്പിക്കപ്പെട്ടിരുന്ന അവളുടെ കന്യാത്വത്തെ പാലിക്കുന്നതിനുള്ള ദൃഢനിശ്ചയത്തെയും ആണ് വെളിപ്പെടുത്തുന്നത്. പെട്ടെന്നുണ്ടാകുന്ന ദുർഘടസന്ധികളിൽ, വിഷമമുള്ള സാഹചര്യങ്ങളിൽ, എന്തെങ്കിലും പറയുവാൻ നിർബന്ധിക്കപ്പെടുന്നവർക്ക് മറിയം എല്ലാക്കാലത്തേക്കും ഒരു പാഠം തരുന്നു. മറിയത്തിന്റെ ചോദ്യത്തിൽ, ക്രമരഹിതമായ തിടുക്കംകൂടാതെ കഴിക്കുന്നതിനുള്ള ബുദ്ധിപൂർവ്വകമായ ഒരുൽക്കണ്ഠയും, ദൈവത്തിന്റെ ശക്തിയിലും വാഗ്ദാനങ്ങളിലും ഉള്ള വിശ്വാസവും ഒരുമിച്ചു ചേർന്നു നാം കാണുന്നു. ദൈവദൂതൻ പറഞ്ഞതെല്ലാം നിറവേറുമെന്ന് പരിശുദ്ധ കന്യകയ്ക്കു നിശ്ചയമുണ്ടായിരുന്നു. തന്റെ കന്യാത്വത്തിനന്തരം വരാതെ അതെങ്ങനെ നിറവേറുമെന്നു മാത്രമേ അവൾ ചോദിച്ചുള്ളു. ആ ചോദ്യത്തിനുത്തരം കിട്ടിയ ഉടനെ മറിയം രണ്ടാമത്തെ വാക്കു പറഞ്ഞു:

v. കർത്താവിന്റെ ദാസി ഇതാ, നിന്റെ തിരുമനസ്സുപോലെ എന്നിലാകട്ടെ.

'കർത്താവിന്റെ ദാസി ഇതാ' എന്നു മറിയം പറഞ്ഞപ്പോൾ അവൾ തന്റെ ആത്മാവിന്റെ പരിപൂർണ്ണമായ വിധേയത്വത്തെ ആണ് കാണിച്ചത്. എല്ലാക്കാര്യങ്ങളിലും സ്രഷ്ടാവിന്റെ ദാസനായിരിക്കയെന്നുള്ളതാണ് സൃഷ്ടിയുടെ പരിപൂർണ്ണമായ നില. മറിയത്തിന് ഇതു വെറും ഒരു സംസാരരീതി മാത്രം ആയിരുന്നില്ല. പരിപൂർണ്ണ വിശ്വസ്തതയോടുകൂടി ദൈവത്തെ ശുശ്രൂഷിക്കയെന്നതായിരുന്നു അവളുടെ ഏക ആഗ്രഹം.

മറിയത്തിന്റെ ഹൃദയത്തിലെ ആഗ്രഹം, ദൈവത്തിന്റെ ഒരു എളിയ ദാസിയായിരുന്ന്, മാലാഖാമാർ ആകാശത്തിൽ ദൈവതിരുമനസ്സു നിറവേററുന്നതുപോലെ, ഭൂമിയിൽ ദൈവതിരുമനസ്സ് എല്ലാക്കാര്യത്തിലും നിറവേററണമെന്നായിരുന്നു. "കർത്താവിന്റെ ദാസി ഇതാ! നിന്റെ തിരുമനസ്സുപോലെ എന്നിലാകട്ടെ" എന്ന വാക്കുകൾവഴി മറിയം ഇതാണ് വെളിപ്പെടുത്തിയത്.

വി. അംബ്രോസീസ് ഇപ്രകാരം പറയുന്നു: "ഇവിടെ മറിയത്തിന്റെ എളിമ കാണുക; അവളുടെ ഭക്തി കാണുക. ദൈവത്തിന്റെ അമ്മയായിരിക്കാൻ തിരിഞ്ഞെടുക്കപ്പെട്ടവൾ കർത്താവിന്റെ ദാസിയെന്നു തന്നെത്തന്നെ വിളിക്കുന്നു. അപ്രതീക്ഷിതമായ ഈ വാഗ്ദാനംകൊണ്ട് അവൾക്ക് അഹംഭാവം ഉണ്ടാകുന്നില്ല."

"നിന്റെ തിരുമനസ്സുപോലെ എന്നിലാകട്ടെ." ആരംഭത്തിൽ, "ഉണ്ടാകട്ടെ" എന്ന തന്റെ ദൈവിക വാക്കുകൊണ്ട് ദൈവം ഇല്ലായ്മയിൽനിന്നു ലോകത്തെ സൃഷ്ടിച്ചു. ഇപ്പോൾ, ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്‌വഴങ്ങിക്കൊണ്ട് മറിയം "ആകട്ടെ" എന്ന തന്റെ മാനുഷികവാക്കുകൊണ്ട് നമ്മുടെ ആദിമാതാപിതാക്കന്മാരുടെ പാപത്തെ പരിഹരിക്കാനും ലോകത്തെ വീണ്ടെടുക്കാനുമുള്ള പുതിയ "സൃഷ്ടി"യിൽ സഹകരിച്ചു. എന്തുകൊണ്ടെന്നാൽ, അവളുടെ സ്വരം കേട്ട ഉടനെ, പരിശുദ്ധാത്മാവു വരികയും, അത്യുന്നതന്റെ ശക്തി അവളുടെമേൽ ആവസിക്കയും' പരിശുദ്ധനായവൻ അവളുടെ ശിശുവായിത്തീരുകയും ചെയ്തു. പുത്രൻതമ്പുരാന്റെ മനുഷ്യാവതാരം: ഇതാകുന്നു പുതിയ സൃഷ്ടി. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു.

ദൈവത്തെ ആകാശത്തിൽനിന്നു ഭൂമിയിലേക്കു കൊണ്ടു വന്ന "നിൻെറ തിരുമനസ്സുപോലെ എന്നിലാകട്ടെ" എന്ന മറിയത്തിൻെറ ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കത്തിൻെറ പ്രകരണത്തിനുള്ള ലത്തീൻ തർജ്ജിമയിൽ അഞ്ചു വാക്കുകൾ അടങ്ങിയിരിക്കുന്നു. അതുപോലെ, ലത്തീൻ കുർബാനയിൽ, തിരുവോസ്തി കൂദാശചെയ്യുന്നതിനുള്ള വാക്കുകൾ അഞ്ചാണ്. "എന്തുകൊണ്ടെന്നാൽ ഇതു് എൻെറ ശരീരം ആകുന്നു." ഈ പരിശുദ്ധ വാക്കുകൾ ഉച്ചരിക്കപ്പെട്ടപ്പോൾ, മറിയത്തിൽനിന്നെടുത്ത മനുഷ്യസ്വഭാവം സ്വീകരിച്ച ദൈവം വീണ്ടും നമ്മുടെ ഇടയിൽ സന്നിഹിതനാകുന്നു. യഥാർത്ഥത്തിൽ കുർബാനയാകുന്ന ബലിയിൽ മറിയത്തിൻെറ പുത്രൻെറ മരണം മാത്രമല്ല; അവിടുത്തെ ജനനവും അനുസ്മരിക്കപ്പെടുന്നു.

ഈ സ്വർഗ്ഗീയവിരുന്നിനോടു നാം അടുത്തു ചെല്ലുമ്പോൾ, "കർത്താവിൻെറ ദാസൻ ഇതാ, നിൻെറ തിരുമനസ്സുപോലെ എന്നിലാകട്ടെ" എന്നു നമ്മുടെ ഹൃദയത്തിൽ മൌനമായി ചൊല്ലുന്നതിനെക്കാൾ ഉത്തമമായ ഒരുക്കം വേറെ എന്താണുള്ളതു്?

ന. "എൻെറ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു. എൻെറ ആത്മാവ് എന്നെ ജീവിപ്പിക്കുന്ന ദൈവത്തിൽ ആനന്ദിച്ചു!"

മറിയം ഏലീശ്വായെ സന്ദർശിച്ചപ്പോൾ, ഏലീശ്വാ പറഞ്ഞ വാക്കുകൾ അവൾ പരിശുദ്ധാത്മാവിനാൽ അദ്ഭുതകരമായ വിധത്തിൽ നിറഞ്ഞിരുന്നെന്നു പ്രസ്പഷ്ടമാക്കുന്നതായി കാണിച്ചതിൻെറശേഷം, വന്ദ്യനായ ബീഡ് ഇപ്രകാരം പറയുന്നു:

"മുന്നോടിയുടെ മാതാവിൻെറ മനസ്സിൽ പ്രകാശിച്ച വെളിച്ചം ഇപ്രകാരമായിരുന്നെങ്കിൽ, വാഴ്ത്തപ്പെട്ട മാതാവിനെ നിറച്ച വരപ്രസാദത്തിൻെറ വലിപ്പം ആർക്ക് ഊഹിക്കാൻ കഴിയും? അവളുടെ ആത്മാവിൽ സംഭവിച്ചതെന്തെന്നു അല്പമെങ്കിലും ഗ്രഹിക്കാൻ സാധിക്കുമെങ്കിൽ നമുക്ക് അവളുടെ വാക്കുകളെ ശ്രദ്ധിച്ചു കേൾക്കാം.

"തന്നെ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളെന്നും കർത്താവിൻെറ അമ്മയെന്നും വിളിക്കുകയും, തൻെറ വിശ്വാസത്തെ സ്തുതിക്കുകയും, തൻെറ അഭിവന്ദനം കേട്ട് അവൾതന്നെയും അ

വളുടെ പുത്രനും പരിശുദ്ധാത്മാവിനാൽ നിറയ്ക്കപ്പെട്ടെന്നു കാണിക്കുകയും ചെയ്തു ഏലീശ്വായുടെ മറുപടി കേട്ടപ്പോൾ, തനിക്കു കിട്ടിയ ദാനങ്ങളെപ്പററി മറിയത്തിനു മൌനമായിരിക്കാൻ നിവൃത്തിയില്ലാതായിത്തീൎന്നു. തൻെറ വിനയത്തിനനുയോജ്യമായവിധത്തിൽ ഇതുവരെ അവൾ ദൈവികവാൎത്തയെപ്പററി മൌനം കാക്കുകയും മറഞ്ഞിരുന്ന "ദൈവരഹസ്യത്തെ" തൻെറ ഹൃദയത്തിൽ വണങ്ങുകയും ചെയ്തിരുന്നു. ദൈവം തനിക്കു എന്തു പ്രത്യേകദാനം നൽകിയിരുന്നെന്നും എന്തു പ്രത്യേക രഹസ്യം തനിക്കു വെളിപ്പെടുത്തിയിരുന്നെന്നും പുറത്തു പറയുവാൻ, ദാനങ്ങൾ കൊടുക്കുന്നവനായ അവിടുന്നു തിരുമനസ്സായ സമയംവരെ അവൾ വണക്കത്തോടുകൂടി കാത്തിരുന്നു. എന്നാൽ ഇപ്പോൾ പരിശുദ്ധാത്മാവു തനിക്ക് എന്തു വരങ്ങൾ തന്നിരുന്നെന്ന് അവിടുന്നുതന്നെ മററുള്ളവൎക്കു വെളിപ്പെടുത്തികൊടുത്തതുകൊണ്ട് തൻെറ ഹൃദയത്തിൽ ഉൾക്കൊണ്ടിരുന്ന സ്വൎഗ്ഗീയനിധി അവൾ തുറക്കുന്നു . . . ഈ സ്തോത്രഗീതത്തിൽ മറിയം ആദ്യം തനിക്കു കിട്ടിയ ദാനങ്ങളെ ഏററുപറയുകയും പിന്നീടു മനുഷ്യവൎഗ്ഗത്തിനു ദൈവം എല്ലായ്പോഴും കൊടുത്തുകൊണ്ടിരിക്കുന്ന പൊതുനന്മകളെ വിവരിക്കുകയും ചെയ്യുന്നു.

ദൈവത്തിൻെറ സ്തുതിക്കും ശുശ്രൂഷയ്ക്കും ആയി തൻെറ ഹൃദയവികാരങ്ങളെയെല്ലാം സമൎപ്പിക്കുകയും, അവിടുത്തെ പ്രമാണങ്ങൾ കാത്ത് ദൈവമഹിമപ്രതാപത്തെപ്പററിയുള്ള തൻെറ ബോധം വ്യക്തമാക്കുകയും ചെയ്യുന്ന ഒരാത്മാവ് കൎത്താവിനെ മഹത്വപ്പെടുത്തുന്നു. ലൌകിക സുഖങ്ങളെപ്പററി വിചാരിക്കാതെയും, സന്തോഷത്തിൽ മുട്ടലമാകാതെയും, ദുഃഖത്തിൽ തകൎന്നുപോകാതെയും ഇരിക്കുകയും, സ്രഷ്ടാവിനെപ്പററിയുള്ള ഓൎമ്മയിൽമാത്രം സന്തോഷിക്കുയും, അവിടുത്തെ പക്കൽനിന്നുമാത്രം നിത്യരക്ഷ പ്രതീക്ഷിക്കുകയും ചെയ്യുന്ന ഒരാത്മാവാണ് തൻെറ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നത്. എന്നാൽ ഈ വാക്കുകൾ പരിപൂൎണ്ണത പ്രാപിച്ച എല്ലാവൎക്കും യോജിച്ചതാണെങ്കിലും, ദൈവത്തിൻെറ വാഴ്ത്തപ്പെട്ട മാതാവിനെപ്പോലെ അത്ര അനുയോജ്യമായി മററാൎക്കും അവ ഉച്ചരിക്കാൻ സാധിക്കുമായിരുന്നില്ല. ഒരു പ്രത്യേക വരത്താൽ അവൾ ദൈവത്തോടുള്ള ആത്മീയ സ്നേഹത്താൽ കത്തിയെരിയുകയും, അതേ സമയംതന്നെ ശാരീരികമായി അവിടുത്തെ ഗൎഭംധരിച്ചതിൽ സന്തോഷിക്കുയും

ചെയ്തു. മററു പുണ്യവാന്മാരെക്കാൾ കൂടുതലായി അവൾക്ക് തൻെറ ഈശോയിൽ, അതായത്, തൻെറ രക്ഷകനിൽ, ആനന്ദിക്കാൻ അവകാശമുണ്ടായിരുന്നു. കാരണം, അവിടുത്തെ ഈ ലോകത്തിലെ ജനനം തന്നിൽനിന്നായിരിക്കുമെന്ന് അവൾ അറിഞ്ഞിരുന്നു ...

"തുടർന്നു വരുന്ന വാക്കുകളിൽ തന്നെപ്പററിത്തന്നെ അവൾ എത്ര താഴ്മയായി വിചാരിച്ചിരുന്നെന്നും, തൻെറ യോഗ്യതകളെല്ലാം ദൈവവരപ്രസാദംനിമിത്തം കിട്ടിയതാണെന്നും, മറിയം നമ്മെ പഠിപ്പിക്കുന്നു. 'എന്തുകൊണ്ടെന്നാൽ അവിടുന്നു തൻെറ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു. ഇതാ! ഇതുമുതൽ:

ര. എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വിളിക്കും.

വി. അപ്രേമിൻെറയും വി. ബീഡിൻെറയും കാലങ്ങളിൽ ത്തന്നെ മാതാവിൻെറ ഈ ദീർഘദർശനം നിറവേറിയതായി അവർ സാക്ഷിച്ചിട്ടുണ്ട്. നമ്മുടെ ഈ കാലത്ത് അതു എത്ര കൂടുതൽ അദ്ഭുതകരമായി നിറവേറിയിരിക്കുന്നു! ക്രിസ്തുമതം അറിയപ്പെട്ടന്നിടത്തെല്ലാം, എല്ലാ നിലകളിലുമുള്ള ആളുകളും നസറത്തിലെ കന്യകയെ എല്ലാ സ്ത്രീകളിലും വാഴ്ത്തപ്പെട്ടവൾ എന്നുവിളിക്കുന്നു. എല്ലാ തലമുറകളും അവളെ വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കുന്നു, വിളിക്കുകയും ചെയ്യും. അതിൻെറ കാരണം മറിയംതന്നെ പറയുന്നു: "ശക്തനായവൻ എൻെറ അടുക്കൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നുവല്ലോ. അവൻെറ നാമം പരിശുദ്ധം (ആകുന്നു). അവൻെറ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ പുരുഷാന്തരങ്ങളും തലമുറകളുംവരെ(ഇരിക്കുന്നു). തൻെറ ഭുജംകൊണ്ട് അവൻ വിജയംനേടി തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ അവൻ ചിതറിച്ചു. അവൻ ശക്തന്മാരെ സിംഹാസനങ്ങളിൽനിന്നു തട്ടിമറിച്ചിട്ട് താഴ്മയുള്ളവരെ കരേററി. അവൻ വിശപ്പുള്ളവരെ നന്മകൊണ്ടു തൃപ്തരാക്കി, ധനവാന്മാരെ വൃഥാ അയച്ചു. അവൻ തൻെറ ദാസനായ ഇസ്രായേലിനെ തുണച്ചു; തൻെറ കരുണ ഓർക്കുകയും ചെയ്തു. നമ്മുടെ പിതാക്കന്മാരോട്– അബ്രാഹത്തിനോടും അവൻെറ സന്തതിയോടും– എന്നേക്കുമായി അവൻ അരുളിച്ചെയ്തിരുന്നതുപോലെതന്നെ."

മറിയം ദൈവതിരുമുൻപിലുള്ള തൻെറ യോഗ്യതകളെ

പ്പററി ഒരിക്കലും അഹങ്കരിച്ചില്ല. ഈ കാരണത്താൽ ദൈവം അവളെ എല്ലാ സ്ത്രീകളിൽനിന്നും തിരിഞ്ഞെടുക്കുകയും, അവളുടെ താഴ്മയിൽനിന്ന് അവളെ ഉയർത്തുകയും ചെയ്തു. അതുകൊണ്ട്, എല്ലാ തലമുറകളും അവളെ ഭാഗ്യവതിയെന്നു വിളിക്കും, എന്തുകൊണ്ടെന്നാൽ തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടുകയും, തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും. അങ്ങനെ ഒന്നാമനായിരുന്നവൻ ഒടുവിലത്തവനും ഒടുവിലായിരുന്നവൻ ഒന്നാമനും ആയിത്തീരുകയും ചെയ്യും. ഈ ലോകത്തിലെ വലിയവർ ഒന്നുമില്ലാത്തവളെപ്പോലെ കരുതിയിരുന്ന എളിയ കന്യക ഇപ്പോൾ ക്രോവേന്മാരുടെയും സ്രാപ്പേന്മാരുടെയും, സകല മാലാഖാമാരുടെയും മുകളിൽ, അവരുടെ കർത്താവിൻെറ അമ്മയായി സിംഹാസനത്തിൽ ഇരുത്തപ്പെട്ടിരിക്കുന്നു.

3. എൻെറ മകനേ, നീ ഞങ്ങളോടിങ്ങനെ ചെയ്തതെന്തു്? ഇതാ! ഞാനും നിൻെറ അപ്പനും വളരെ വേദനയോടുകൂടി നിന്നെ അന്വേഷിക്കുകയായിരുന്നല്ലോ.

മറിയത്തിൻെറ ഈ വാക്കുകളിൽനിന്ന് ഒരിജൻ നമുക്കൊരു സാന്മാർഗ്ഗികപാഠം കാണിച്ചുതരുന്നു. "ഈശോയെ അന്വേഷിക്കുന്നവൻ സൂക്ഷ്മമില്ലാതെയും ഉത്സാഹമില്ലാതെയും അന്വേഷിക്കരുത് ... അവർ വേദനയോടുകൂടിയാണ് ദൈവപുത്രനെ അന്വേഷിച്ചതു്. അവർ തന്നെ എവിടെയാണ് കണ്ടെത്തിയതു്? ദേവാലയത്തിൽ. അവിടെയാണ് ദൈവപുത്രൻ കണ്ടെത്തപ്പെടുന്നതു്. നീയും ദൈവപുത്രനെ അന്വേഷിക്കുന്നെങ്കിൽ, ആദ്യം ദേവാലയത്തിൽ അന്വേഷിക്കുക: വചനവും ജ്ഞാനവുമായ മിശിഹായെ, അതായതു്, ദൈവപുത്രനെ, അവിടെ നീ കാണും."

രണ്ടാമത്തെ വ്യാകുലതയെപ്പററി നാം ധ്യാനിച്ചപ്പോൾ, "മകനേ, നീ ഞങ്ങളോടിങ്ങനെ ചെയ്തതെന്തു്?..." എന്ന വാക്കുകളെപ്പററി നാം ചിന്തിച്ചുകഴിഞ്ഞു. ദൈവഹിതത്തിനു നാം പൂർണ്ണമായി കീഴ്വഴങ്ങുന്നപക്ഷം ഇങ്ങനെയുള്ള സ്നേഹപൂർണ്ണമായ ആവലാതികൾ ദൈവത്തിന് അനിഷ്ടമല്ലെന്നും, നേരെമറിച്ച് അവ തന്നെ പ്രസാദിപ്പിക്കുന്നെന്നും നമുക്ക് ഈ രഹസ്യത്തിൽനിന്നു മനസ്സിലാക്കാം. കൂടാതെ, നമ്മുടെ വിഷമമുള്ള ചോദ്യങ്ങൾ വണക്കത്തോടുകൂടി നാം ചോദിക്കുകയും മറു

പടി കിട്ടാൻ അക്ഷമരാകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, അപ്രകാരം ചെയ്യുന്നതിനു നാം ഭയപ്പെടേണ്ടതില്ലെന്നും നമ്മുടെ അമ്മ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ചോദ്യങ്ങൾക്കുള്ള മറുപടി ദൈവം നിശ്ചയിച്ചിരിക്കുന്ന സമയത്തും വിധത്തിലും നൽകപ്പെടും.

൩. അവക്കു വീഞ്ഞില്ല.

പരിശുദ്ധ കന്യക ഈ വാക്കുകൾ പറഞ്ഞപ്പോൾ, തൻെറ പുത്രൻെറ പക്കൽ, നമ്മുടെ മദ്ധ്യസ്ഥ എന്ന നിലയിൽ തൻെറ കൃത്യം, പരസ്യമായിട്ടെങ്കിലും ആദ്യമായി, നിർവ്വഹിക്കുകയാണു ചെയ്യുന്നതു്. മറിയത്തിൻെറ ഈ പ്രാർത്ഥന നാം ശ്രദ്ധിച്ചു കേൾക്കുമ്പോൾ, എപ്പോഴും സഹതാപവും കാരുണ്യവും നിറഞ്ഞ നമ്മുടെ അമ്മ, നമ്മുടെ ആത്മീയാവശ്യങ്ങളിൽ മാത്രമല്ല, നമ്മുടെ അനുദിന ജീവിതത്തിലെ താൽക്കാലിക വിഷമങ്ങളിൽ പോലും, നമുക്കുവേണ്ടി അപേക്ഷിക്കാൻ ഒരുക്കമാണെന്നു നാം മനസ്സിലാക്കുന്നു. ഇങ്ങനെ എല്ലാ ആവശ്യങ്ങളിലും അവളുടെ സഹായം അപേക്ഷിക്കാൻ നാം പ്രോത്സാഹിപ്പിക്കപ്പെടുന്നു. നാം എപ്പോഴും ഈ അമ്മയിൽ ശരണപ്പെടുകമാത്രം ചെയ്യുകയാണെങ്കിൽ, അവൾ നമ്മെ ഒരിക്കലും ഉപേക്ഷിക്കയില്ലെന്നു നമുക്കറിയാം.

മറിയത്തിൻെറ ഈ പ്രാർത്ഥന ഒരിക്കലും ഉപേക്ഷിക്കപ്പെടുകയില്ലാത്ത പരിപൂർണ്ണമായ പ്രാർത്ഥനയുടെ ഒരു മാതൃകയാകുന്നു. നിഷ്കളങ്കവും, ശരണത്തോടുകൂടിയതും, വരുവാനിരുന്ന മറുപടിക്കു് ഒരുങ്ങുന്നതുമായ ഒരു പ്രാർത്ഥനയായിരുന്നു അതു്. നമ്മുടെ വീഞ്ഞു തീർന്നുപോകുമ്പോൾ, ഈശോയുടെ മാതാവു പണ്ടു് കാനായിലെ ആളുകൾക്കുവേണ്ടി പ്രാർത്ഥിച്ചതുപോലെ നമ്മുടെ ആവശ്യനേരത്തു നമുക്കുവേണ്ടിയും പ്രാർത്ഥിക്കട്ടെ. അപ്പോൾ ഒരിക്കൽകൂടി ദൈവം നമ്മുടെ അതൃപ്തിയാകുന്ന വെള്ളം തൻെറ പരിശുദ്ധ സ്നേഹമാകുന്ന വീഞ്ഞായി പകർത്തിത്തരും.

൪. അയാൾ നിങ്ങളോടു പറയുന്നതെല്ലാം ചെയ്യുവിൻ.

മറിയം ഭൃത്യന്മാരോടു പറഞ്ഞ ഈ വാക്കുകളിൽ ക്രിസ്തീയ പരിപൂർണ്ണതയുടെ ഒരു സംഗ്രഹം അടങ്ങിയിരിക്കുന്നു. ആരെങ്കിലും വിശ്വസ്തതയോടുകൂടി മറിയത്തിൻെറ ഈ ഉപദേശം അനുസരിച്ചു ജീവിക്കുകയാണെങ്കിൽ, അവൻ പുണ്യവാന്മാർ നടന്ന വഴിയിൽകൂടിയായിരിക്കും നടക്കുന്നതു്. നാം ഏതുജീവി

താവസ്ഥയിലായിരുന്നാലും, മിശിഹാ ഈ ലോകത്തിലായിരുന്ന പ്പോൾ തൻെറ സ്വർഗ്ഗീയ പിതാവിൻെറ സ്വരം കേട്ട് അവിടു ത്തെ ദിവ്യഹിതം എപ്പോഴും നിറവേററിയിരുന്നതുപോലെ, നാ മും മിശിഹായുടെ വാക്കുകൾ കേട്ട് തൻെറ മനസ്സു നിറവേ ററുക എന്നതായിരിക്കണം നമ്മുടെ പ്രധാന ശ്രമം. "എൻെറ ഭക്ഷണം എന്നെ അയച്ചവൻെറ മനസ്സു നിറവേററുകയാണ്" എന്ന് മിശിഹാ പറഞ്ഞതുപോലെ, നമ്മെ വീണ്ടെടുത്ത ത ൻെറ ദിവ്യേഷ്ടം നിറവേററുവാൻ ശ്രമിക്കുന്നതിലായിരിക്കണം നമ്മുടെ ഏററം വലിയ സന്തോഷം. മറിയം ഒരിക്കൽ യഹൂദ ഭൃത്യന്മാർക്കു കൊടുത്തതും, തന്നെ രാജ്ഞിയെന്നും മാതാവെന്നും വിളിക്കുന്ന എല്ലാവർക്കും ഇപ്പോൾ കൊടുക്കുന്നതുമായ കല്പന ഇ താകുന്നു.

കേൾക്കുവാൻ നാം മനസ്സാകുകമാത്രം ചെയ്യുകയാണെ ങ്കിൽ, സഭയുടെ പഠനങ്ങൾ വഴിയായും, സുവിശേഷത്തിലെ ഉപദേശങ്ങൾ വഴിയായും, നമ്മുടെ മേലധികാരികളുടെ ആ ജ്ഞകൾവഴിയായും, നമ്മുടെ ജീവിതാവസ്ഥയിലെ കർത്തവ്യ ങ്ങൾ, നമ്മെ സംബന്ധിച്ചുള്ള ദൈവപരിപാലനയുടെ ക്രമ ങ്ങൾ, നമ്മുടെ മനസ്സാക്ഷിയോടുള്ള തൻെറ പരിശുദ്ധാത്മാവി ൻെറ നിവേശങ്ങൾ, ഇവ വഴിയായും, നമ്മുടെ കർത്താവിൻെറ സ്വരം നമ്മുടെ ആത്മാവുകളോടു സംസാരിക്കുന്നതായി നമുക്കു കേൾക്കാം. ആ സ്വരം നാം കേൾക്കുമ്പോഴെല്ലാം അതു നമ്മോ ടുപദേശിക്കുന്നതു ചെയ്യുവാൻ നമ്മുടെ മാതാവു നമ്മോടു പറയു ന്നു. അപ്രകാരം ചെയ്യുന്നത് നമ്മുടെ രക്ഷയുടെ വ്യവസ്ഥയും ന മ്മുടെ സൌഭാഗ്യത്തിൻെറ ഉറപ്പുമായിരിക്കും.

---

## അദ്ധ്യായം ൧൩

---

### മറിയത്തിൻെറ മരണവും സ്വർഗ്ഗാരോപണവും

ക്രിസ്തുമതത്തിൻെറ ആരംഭകാലങ്ങളിൽ, മറിയം മരി ച്ചെന്നു വിശ്വസിക്കാൻ ഒരു മടി ഉണ്ടായിരുന്നതായി നാം കാ ണുന്നു. നാം അറിയുന്ന തരത്തിലുള്ള മരണം പാപത്തിൻെറ

ശിക്ഷയാകുന്നു, മറിയം പാപം ചെയ്തിട്ടുമില്ലായിരുന്നു. വി. എപ്പിപ്പാനിയോസ്, മറിയത്തിൻെറ നിത്യകന്യാത്വത്തെ, നിഷേധിച്ച ചില പാഷണ്ഡമതക്കാർക്കെതിരായി വാദിച്ചുകൊണ്ടു്, മറിയത്തിൻെറ മരണത്തെപ്പററി സുവിശേഷത്തിൽ ഒരിടത്തും നാം വായിക്കുന്നില്ലെന്നും, ഏതെങ്കിലും വിശുദ്ധനു ദൈവം കൊടുത്തിട്ടുള്ള യാതൊരു വരവും തൻെറ മാതാവിനു താൻ കൊടുക്കാതിരുന്നിട്ടില്ലാത്തതിനാൽ, ഏലിയാസിനെപ്പോലെ മറിയവും മരിച്ചിട്ടില്ലായിരിക്കാൻ പാടുണ്ടെന്നും പറഞ്ഞിരിക്കുന്നു. ഈശോയുടെ വത്സലശിഷ്യൻ മരിച്ചില്ലെന്നു പ്രചാരത്തിലിരുന്ന വേറൊരഭിപ്രായവും ഈ അഭിപ്രായത്തിനു കൂടുതൽ ശക്തി നൽകിയിരുന്നു.

എന്നാൽ ഇപ്പോൾ മാതാവും യോഹന്നാനും യഥാർത്ഥത്തിൽ മരിച്ചെന്നുള്ളതു തീർച്ചയാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നു. "അയാൾ മരിക്കയില്ലെന്നല്ല ഈശോ പറഞ്ഞതു്," എന്ന വാക്കുകൾ യോഹന്നാനെപ്പററിയുള്ള തെററിദ്ധാരണ നീക്കേണ്ടതായിരുന്നു. മറിയത്തിൻെറ മരണത്തിൽ യാതൊരു മാനഹാനിയും ഉണ്ടായിരുന്നില്ല. പാപമില്ലായ്മയോടു യോജിക്കാത്തതു്, ശരീരത്തിൽനിന്നുള്ള ആത്മാവിൻെറ താൽക്കാലികമായ വേർപാടല്ല— അങ്ങനെയുള്ള വേർപാടു് മിശിഹായുടെ കാര്യത്തിലും അനുവദിക്കപ്പെട്ടിരുന്നു— പിന്നെയോ, മരണത്തിൻെറ ശേഷം പാപികളുടെ ശരീരത്തിൽ ഉണ്ടാകുന്ന അഴിച്ചിൽ ആകുന്നു. ഈ അഴിച്ചിൽ ഈശോയുടെയോ മറിയത്തിൻെറയോ കാര്യത്തിൽ അസാദ്ധ്യമായിരുന്നു. എന്നാലും അവർ രണ്ടുപേരും യഥാർത്ഥത്തിൽ മരിച്ചു.

മറിയം മരിക്കേണ്ടതു് ആവശ്യമായിരുന്നെന്നു കാണിക്കാൻ വേദശാസ്ത്രജ്ഞന്മാർ മൂന്നു കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ടു്.

൧. മറിയത്തിൻെറ സ്വർഗ്ഗാരോപണത്തെപ്പററിയുള്ള ഒരു പ്രസംഗത്തിൽ ബോസ്വേ ഇപ്രകാരം പറയുന്നു:—

"മരണം എല്ലാവർക്കും ആവശ്യമാണെന്നു് സ്വഭാവവും വരപ്രസാദവും ഒരുപോലെ തെളിയിക്കുന്നു. മരിക്കുക എന്നതു് എല്ലാ മനുഷ്യർക്കും മനുഷ്യസ്വഭാവത്തോടുള്ള കടം വീട്ടുകയാകുന്നു. (ഈ കടം ആദത്തിൽനിന്നുള്ള പിൻതുടർച്ചവഴി ഉണ്ടായിട്ടുള്ളതാകുന്നു.) വരപ്രസാദം നമ്മെ ഈ കടത്തിൽനിന്നൊഴി

വാക്കുന്നില്ല. ഈ കാരണത്താൽ, മരണത്തെത്തന്നെ നശിപ്പിക്കു വാൻ ദൈവപുത്രൻ നിശ്ചയിച്ചപ്പോൾ, മരണത്തിൽനിന്നൊഴിയുന്നതിന് എല്ലാ മനുഷ്യരും മരണത്തിൻെറ കൈകളിൽക്കൂടി കടന്നുപോകണമെന്നും, വീണ്ടും ജനിക്കുന്നതിന് എല്ലാവരും കല്ലറയിൽ പ്രവേശിക്കണമെന്നും, മരണമില്ലാതാകുന്നതിന് എല്ലാവരും ഒരിക്കൽ മരിക്കണമെന്നും നിയമമുണ്ടാക്കി. അതിനാൽ മറിയത്തിൻെറ സ്വർഗ്ഗാരോപണത്തിൻെറ ഈ തിരുനാൾ പരിശുദ്ധകന്യകയുടെ മരണത്തിൽനിന്നാരംഭിക്കണം. തൻെറ ശരീരം മരണത്തിൻെറ കൈയിൽ ഏല്പിക്കണമെന്നുള്ളത് നമ്മുടെ രാജ്ഞിയുടെ ജയസന്തോഷത്തിൻെറ ഒരു ഭാഗമാകുന്നു."

൨. പാടുള്ളിടത്തോളം എല്ലാ കാര്യങ്ങളിലും നമ്മുടെ നാഥ തൻെറ പുത്രനോട് സാമ്യപ്പെട്ടിരിക്കണമെന്നുള്ളത് ഒരു സാമാന്യതത്വമാണ്. കർത്താവു തൻെറ അമ്മയെ മരണത്തിൽനിന്നൊഴിവാക്കിയിരുന്നെങ്കിൽ, അവൾ അതിയായി ഇഷ്ടപ്പെട്ട തന്നോടുള്ള ഒരു സാമ്യം അവളിൽനിന്നെടുത്തുകളയാമായിരുന്നു, അതിനാൽ ഈശോ മരിച്ചതുകൊണ്ട് മറിയവും മരിക്കേണ്ടിയിരുന്നു. തൻെറ ജീവിതത്തിലെന്നപോലെ മരണത്തിലും മറിയം തൻെറ പുത്രനെപ്പോലെ ആയിത്തീർന്നു.

൩. പാപമില്ലാത്ത നമ്മുടെ മാതാവു മരിക്കയെന്നതു് നമുക്കും ഉപകാരപ്രദമാണ്. നാം മരിക്കാറാകുമ്പോൾ നമ്മെ രക്ഷിക്കുന്നതിന് അവളുടെ മരണം ഒരു പുതിയ അവകാശം അവൾക്കു നൽകുന്നു. തന്നെപ്പോലെ നമ്മുടെ കർത്താവീശോമിശിഹായെ സ്നേഹിക്കാൻ നാം പഠിക്കുകയാണെങ്കിൽ, നാം മരണത്തെ ഭയപ്പെടേണ്ടതില്ലെന്ന് മറിയം നമ്മെ പഠിപ്പിക്കുന്നു. "ഒരിക്കൽ മരിച്ച പരിശുദ്ധ മറിയമേ, ഇനിയും മരിക്കാനിരിക്കുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ," എന്നു നമുക്ക് അവളോടു പറയാം. മറിയത്തിൻെറ മരണത്തെപ്പററിയുള്ള ഓർമ്മ നമുക്കു ധൈര്യവും ഭക്തിയും തരുന്നു. "പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും പ്രാർത്ഥിക്കേണമേ," എന്നു കൂടുതൽ ശരണത്തോടുകൂടി പ്രാർത്ഥിക്കാൻ അതു നമ്മെ സഹായിക്കുന്നു.

മറിയത്തിൻെറ മരണത്തിൻെറ കാരണം എന്തായിരുന്നു? വേദനയോടുകൂടിയ ഒരു മരണമായിരുന്നു മറിയത്തിൻേറതെന്ന് സുവിശേഷത്തിലോ പാരമ്പര്യത്തിലോ ഒരു സൂചനപോലുമില്ല.

ദൈവമാതാവിൻെറ ശരീരത്തെയല്ല, ആത്മാവിനെയായിരുന്ന കത്തിജ്ജ്വലിക്കേണ്ടിയിരുന്നത്. മരണത്തിൻെറ ബീജങ്ങൾ ശരീരത്തിൻെറ രോഗത്തിലും അവയവങ്ങളുടെ ശക്തിക്ഷയത്തിലും വിതക്കപ്പെട്ടുന്നു. എന്നാൽ രോഗവും ക്ഷയവും പാപത്തിൻെറ ഫലങ്ങളാകുന്നു. അതുകൊണ്ട് രോഗവും ക്ഷയവും നിർമ്മല കന്യകയുടെ ശരീരത്തെ ബാധിക്കാൻ പാടില്ലായിരുന്നു. നമ്മുടെ നാഥ മരിച്ചത് ദൈവസ്നേഹംകൊണ്ടാണെന്ന് ഇതിൽനിന്നു സിദ്ധിക്കുന്നു. ചില മനുഷ്യർ ഹൃദയം തകർന്നു മരിച്ചെന്നു പറയത്തക്കവിധം മനുഷ്യർ തമ്മിൽപോലും അത്ര വലിയ സ്നേഹം ഉണ്ടായിരിക്കാൻ പാടുണ്ട്. വയസ്സനായ ഒരു ഭർത്താവ് തൻെറ ഭാര്യ മരിച്ച് ഏറെത്താമസിയാതെ മരണം പ്രാപിച്ചെന്ന് എത്ര കൂടെക്കൂടെ നാം കേൾക്കുന്നു. ഒരാളെക്കൂടാതെ മറെറയാളിനു ജീവിക്കാൻ സാധിക്കയില്ലായിരുന്നു. അതിനാൽ, മറിയം ഈ ലോകത്തിൽനിന്നു വിട്ടുപിരിയുന്നതിനു ദൈവം നിശ്ചയിച്ചിരുന്ന സമയം വരുന്നതുവരെ അവൾ ജീവിച്ചിരിക്കാൻ ദൈവികശക്തിയുടെ തുടർച്ചയായ ഒരദ്ഭുതംതന്നെ ആവശ്യമായിരിക്കത്തക്കവിധത്തിൽ, അത്ര വലുതായിരുന്നു. തൻെറ പുത്രൻ മരിക്കുന്നതു കുരിശിൻചുവട്ടിൽ നിന്നുകൊണ്ടു കണ്ടപ്പോൾ മറിയത്തിനുണ്ടായ ദുഃഖവും, കർത്താവിൻെറ സ്വർഗ്ഗാരോഹണത്തിനുശേഷം തന്നോടുകൂടി ചേരുന്നതിനുള്ള അവളുടെ ആഗ്രഹവും, എന്നു വേദശാസ്ത്രജ്ഞന്മാരും ആദ്ധ്യാത്മിക ഗ്രന്ഥകാരന്മാരും പറയുമ്പോൾ നാം ആശ്ചര്യപ്പെടേണ്ടതില്ല. ശ്ലീഹായെപ്പോലെ ദിനംപ്രതി കന്യകാമറിയവും, "ഞാൻ അഴിഞ്ഞു മിശിഹായോടുകൂടി ആയിരിക്കാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞിരുന്നു. എന്തുകൊണ്ടെന്നാൽ മറെറല്ലാ സൃഷ്ടികളുടെയും സ്നേഹത്തെക്കാൾ വളരെ വലിയ ഒരു സ്നേഹത്താൽ അവൾ കത്തിയെരിഞ്ഞിരുന്നു. ഒടുക്കം മറിയത്തിൻെറ മോചനത്തിനുള്ള സന്തോഷസമയം വരികയും, അവളുടെ പരിശുദ്ധമായ ആത്മാവ് തൻെറ കർത്താവും പുത്രനുമായ ദൈവത്തിൻപക്കലേക്കു പറക്കുകയും ചെയ്തു.

മറിയത്തിൻെറ സ്വർഗ്ഗാരോപണത്തെപ്പററിയുള്ള തൻെറ രണ്ടാമത്തെ പ്രസംഗത്തിൽ ബോസ്വേ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "അവളുടെ ഓരോ ശ്വാസവും ശരീരത്തിൻെറ ബന്ധങ്ങളെ വേർപെടുത്താൻ മതിയായിരിക്കത്തക്കവിധം മറിയത്തിൻെറ സ്നേഹം അത്ര തീക്ഷ്ണവും ശക്തിയേറിയതും കത്തി

യെരിയുന്നതുമായിരുന്നു... മറിയത്തിൻെറ മരണം ഒരു അദ്ഭുതമല്ല, പിന്നെയോ അവളുടെ മരണം ഒരദ്ഭുതത്തിൻെറ പര്യവസാനമായിരുന്നു. തൻെറ പ്രിയ പുത്രനിൽനിന്നു വേർപിരിഞ്ഞു ജീവിക്കാൻ സാധിച്ചെന്നുള്ളതായിരുന്നു നിരന്തരമായ അദ്ഭുതം ... മറിയത്തിൻെറ മരണകാരണം അവളുടെ സ്നേഹത്തിൻെറ പരിപൂർണ്ണതയായിരുന്നു. ഒരു പഴുത്ത പഴം വീഴുന്നതിന് ശിഖരത്തിൻെറ ഏററം നിസ്സാരമായ ഇളക്കം മതിയാകുന്നതുപോലെ, ... ദൈവത്തിൻെറ മാതാവ് ദൈവസ്നേഹത്തിൻെറ ഒരു തള്ളൽകൊണ്ടു മരിക്കയും അവളുടെ ആത്മാവ് പരിശുദ്ധാഗ്രഹങ്ങളാകുന്ന മേഘത്തിന്മേൽ മോക്ഷത്തിലേക്കു വഹിക്കപ്പെടുകയും ചെയ്തു.

മറിയം പാപമില്ലാത്തവളായിരുന്നതുകൊണ്ട് അവൾ മരിച്ച ഉടൻതന്നെ ആത്മാവ് മോക്ഷഭാഗ്യം പ്രാപിച്ചെന്നുള്ളത് ഒരു വിശ്വാസസത്യമാകുന്നു.

ദൈവമാതാവിൻെറ കാര്യത്തിൽ നീതിമാന്മാരുടെ ഉയിർപ്പു മുൻകൂട്ടി പ്രായോഗികമാക്കി എന്നും മറിയം ആത്മാവോടും ശരീരത്തോടുംകൂടി മോക്ഷത്തിൽ ഇരിക്കുന്നെന്നും കത്തോലിക്കാസഭ വിശ്വസിക്കുന്നു. മാതാവിൻെറ സ്വർഗ്ഗാരോപണം എന്നു പറയുമ്പോൾ കത്തോലിക്കർ ഇതാണു അർത്ഥമാക്കുന്നത്.

മറിയത്തിൻെറ ശരീരം അഴിഞ്ഞുപോകുകയെന്നുള്ളത് അസാദ്ധ്യമാണെന്ന് കത്തോലിക്കാവിശ്വാസം ഉള്ളവർക്ക് വ്യക്തമാണ്. ഒരു ഗ്രന്ഥകാരൻ പറയുന്നതുപോലെ, "മിശിഹാ മാംസം എടുത്ത ഏററം പരിശുദ്ധമായ ശരീരം പുഴുക്കൾക്കിരയായിത്തീർന്നെന്ന് എനിക്കു വിചാരിക്കാൻ സാധിക്കയില്ല. മറിയത്തിനു നൽകപ്പെട്ടതും നമ്മുടെ ഗ്രഹണശക്തിക്കു മേലെപ്പെട്ടതുമായ വരങ്ങൾ ഈ വിചാരത്തെ നീക്കിക്കളയുന്നു." മരണശേഷം മറിയത്തിൻെറ ശരീരം അനശ്വരമായിരിക്കുക അവളുടെ അമലോദ്ഭവത്തിൻെറ അവശ്യ പൂർത്തീകരണമായിരുന്നു.

"ദൈവത്തിൻെറ മനോഹരപുത്രിയായ ഹവ്വാ പാപം ചെയ്തില്ലായിരുന്നെങ്കിൽ, പൊടിയും ചാരവുമായിത്തീരുകയില്ലായിരുന്നു. അങ്ങനെയെങ്കിൽ, പാപംമൂലം ഹവ്വാ നഷ്ടപ്പെടുത്തിയവരം, പാപം ചെയ്യാത്തതുനിമിത്തം മറിയം കാത്തു സൂക്ഷിച്ചെന്നു പറയേണ്ടതല്ലയോ? ആരംഭത്തിൽ നമ്മുടെ ആദി

മാതാപിതാക്കന്മാക്ക് നൽകപ്പെട്ടവരം നഷ്ടപ്പെടാൻ മറിയം എന്താണു ചെയ്തത്? കാരണം കൂടാതെ അവളുടെ സൌന്ദര്യം നാശമായും അവളുടെ നിർമ്മലസ്വപ്നം മങ്ങിയതായും തീരേണ്ടതായിരുന്നോ?" എന്നിങ്ങനെയാണ് കർദ്ദിനാൾ ന്യൂമൻ എഴുതിയിരിക്കുന്നത്.

രണ്ടാമത്തെ ആദവും രണ്ടാമത്തെ ഹവ്വായും നമ്മുടെ ആദിമാതാപിതാക്കന്മാരുടെ പാപത്തിൻെറ അനന്തരഫലങ്ങളിൽ, മനുഷ്യനായ ദൈവത്തിനും അവിട്ടത്തെ മാതാവിനും ചേരാത്തവയൊഴിച്ചു മററുള്ളവയെല്ലാം സ്വീകരിച്ചു. ഉദാഹരണമായി, ഈശോയും മറിയവും, വിശപ്പ്, ക്ഷീണം, ദുഃഖം ഇവ സഹിക്കയും മരിക്കയും ചെയ്തു. എന്നാൽ ദുരാശാപാശങ്ങളും നിർമ്മലമായ അവരുടെ ശരീരത്തിൻെറ അഴിവും അവരെ സമീപിക്കാൻ പാടുണ്ടായിരുന്നില്ല.

മരണശേഷം അധികകാലം സ്വമാതാവിൻെറ ശരീരം ലോകത്തിൽ സ്ഥിതിചെയ്യുവാൻ ദൈവം അനുവദിച്ചില്ല. സഭ അംഗീകരിച്ചതും സാർവ്വത്രികവുമായ കത്തോലിക്കരുടെ വിശ്വാസവും, മറിയത്തിൻെറ ശരിരാവശിഷ്ടങ്ങൾ ലോകത്തിൽ എവിടെയെങ്കിലും ഉള്ളതായി ഒരു സൂചനപോലും ഒരിക്കലും ഉണ്ടായിട്ടില്ലെന്നുള്ള വസ്തുതയും ഇതിനെപ്പററി നമുക്കു ഉറപ്പുതരുന്നു.

ദൈവമാതാവ് ആത്മാവോടും ശരീരത്തോടുംകൂടി മോക്ഷത്തിൽ തൻെറ ദിവ്യപുത്രൻെറകൂടെ നമുക്കൂഹിക്കാൻപോലും പാടില്ലാത്ത മഹത്വം പ്രാപിച്ചിരിക്കയാണെന്ന് കത്തോലിക്കർ സംശയംകൂടാതെ വിശ്വസിക്കുന്നു. ഗ്രീക്കു ശീശ്മക്കാരും ഈ വിശ്വാസത്തിൽ കത്തോലിക്കരോടു യോജിക്കുന്നു. വളരെ പുരാതനകാലംമുതൽ മറിയത്തിൻെറ സ്വർഗ്ഗാരോപണത്തിരുനാൾ കത്തോലിക്കാലോകം മുഴുവനിലും ഘോഷിച്ചുവരുന്നു. മറിയം യഥാർത്ഥത്തിൽ മരിച്ചു, എന്നാൽ അധികനാളത്തേക്ക് അവളുടെ ശരീരം ആത്മാവിൽനിന്നു വേർപെട്ടിരുന്നില്ല. അവളുടെ കന്യകാശരീരം കല്ലറയിലെ അഴിവിന് മേല്പെട്ടതായിരുന്നു. മരണത്തിൻെറ കരങ്ങൾക്ക്, കന്യകയും മാതാവുമായിരുന്നവളുടെ നിർമ്മല ശരീരത്തെ പിടിയിൽ വെച്ചുകൊണ്ടിരിക്കുന്നതിനു സാധിക്കയില്ലായിരുന്നു.

പുണ്യവാന്മാരുടെ വിശുദ്ധാവശേഷങ്ങൾ ലഭിക്കുന്നതിന് ഓരോ സ്ഥലങ്ങളിലെ വിശ്വാസികൾ കാണിച്ച അത്യാശ

യും അതിൽനിന്ന ചിലപ്പോഴെല്ലാം ഉണ്ടായ തക്കങ്ങളുംപോലെ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതായി ആദ്യശതകങ്ങളിൽ വേറെ അധികം കാര്യങ്ങൾ ഉണ്ടായിരുന്നില്ല. വി. യോഹന്നാൻ ഒഴികെ മററെല്ലാ ശ്ലീഹന്മാരുടെയും ശരീരങ്ങൾ എവിടെ സ്ഥിതിചെയ്യുന്നെന്ന് പാരമ്പര്യം സംശയംകൂടാതെ നമുക്ക കാണിച്ചുതരുന്നുണ്ട്. വി. ഗർവ്വാസീസിൻെറയും വി. പ്രോത്താസീസിൻെറയും ശരീരങ്ങൾ അടക്കിയിരിക്കുന്ന സ്ഥലത്തെപ്പററി വി. അംബ്രോസീസിനുണ്ടായ വെളിപാടിനെയും, അവരുടെ ശരീരം കണ്ടുപിടിച്ചതിൻെറ മൂന്നാംദിവസം അവിടെനിന്ന മാററിയതിനെയും, ക്രിസ്തീയജനങ്ങളുടെ ഭക്തിയെ അസാധാരണമായി വർദ്ധിപ്പിച്ച അനവധി അദ്ഭുതങ്ങളെയും സംബന്ധിച്ചുള്ള കഥ വളരെ അർത്ഥവത്തായിട്ടുള്ളതാണ്. ഈ പരിശുദ്ധാവശേഷങ്ങളുടെ ഏതാനും ഭാഗങ്ങൾ വി. ആഗസ്തീനോസ് തൻെറ മെത്രാസനനഗരമായ ഹിപ്പോയിലേക്ക മാററിയതായും, അദ്ദേഹത്തിൻെറ വിശ്വാസത്തിനു പ്രതിഫലമായി വീണ്ടും അനേകം അദ്ഭുതങ്ങൾ സംഭവിച്ചതായും നാം അറിയുന്നു. ഇങ്ങനെയിരിക്കെ, നമ്മുടെ നാഥയുടെ ശരീരം ഒരുപക്ഷേ ഈ ലോകത്തിൽ ഉണ്ടെന്നു വിശ്വസിക്കപ്പെട്ടിരുന്നെങ്കിൽ, മറിയം ആരുടെ രാജ്ഞിയായിരുന്നുവോ ആ ശ്ലീഹന്മാരുടെയും കന്യകകളുടെയും വേദസാക്ഷികളുടെയും തിരുശേഷിപ്പുകളോടുകൂടി സഭയാൽ വണങ്ങപ്പെടുന്നതിനായി ആ ശരീരം കണ്ടെടുക്കുന്നതിന് ആദ്യകാലങ്ങളിൽ ശ്രമം നടക്കുകയില്ലായിരുന്നെന്ന് എങ്ങനെ വിശ്വസിക്കാൻ സാധിക്കും?

മറിയത്തിൻെറ ശരീരം ലോകത്തിൽ ഉണ്ടായിരുന്നെങ്കിൽ, പത്രോസിൻെറയും പൌലോസിൻെറയും എണ്ണമില്ലാത്ത മററു വിശുദ്ധന്മാരുടെയും വിശുദ്ധാവശേഷങ്ങൾ കാത്തുസൂക്ഷിച്ചതിനെക്കാൾ എത്രയോ കൂടുതൽ സൂക്ഷ്മത്തോടുകൂടി വിശ്വാസികളുടെ വിശ്വസ്തത അതിനെ കാത്തുസൂക്ഷിക്കുമായിരുന്നു. മറിയത്തിൻെറ ശരീരം ഈ ലോകത്തിലില്ല—കത്തോലിക്കർ സന്തോഷത്തോടേ അറിയുന്നതുപോലെ, അതു പരലോകത്തിലാകുന്നു.

ബാവാതമ്പുരാൻെറ മകളും, പുത്രൻതമ്പുരാൻെറ മാതാവും, റൂഹാദക്കുദശാതമ്പുരാൻെറ മണവാട്ടിയും ആയ മറിയം മോക്ഷരാജ്ഞിയായി മുടിധരിപ്പിക്കപ്പെട്ടിരിക്കുന്നു. "യജമാനൻ

എവിടെയോ അവിടെ ഭൃത്യനും ആയിരിക്കും," എന്ന് അവളുടെ പുത്രൻ തൻെറ ദാസന്മാരോടു വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ മറിയം അവിടുത്തെ ദാസി മാത്രമല്ല, മാതാവുംകൂടി ആകുന്നു. അവിടുത്തെ മാതാവ് സ്വർഗ്ഗീയ രാജധാനിയിലുള്ള മറെറല്ലാവരെയുംകാൾ കൂടുതൽ അവിടുത്തെ സമീപത്താകുന്നു.

പൊതുവായ ഉയിർപ്പിനു മുൻപേതന്നെ ശരീരത്തോടുകൂടി മോക്ഷത്തിലേക്കു കരേറുന്നതിനുള്ള വരം മറിയത്തിനു മാത്രമേ ലഭിച്ചുള്ളുവോ, അതോ മററു വല്ലവർക്കും ലഭിച്ചിട്ടുണ്ടോ എന്നൊരു ചോദ്യത്തിനവകാശമുണ്ട്. ഇതിനു ഖണ്ഡിതമായ മറുപടി പറയാൻ സാധിക്കയില്ല. അമലോദ്ഭവം മറിയത്തിനു മാത്രം നൽകപ്പെട്ട ഒരു വരമാണെന്നു വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ മറിയം ഒഴിച്ചു വേറെ ആരും ശാരീരികമായി മോക്ഷത്തിലേക്ക് എടുക്കപ്പെട്ടിട്ടില്ലെന്നു നമ്മുടെ മതം പഠിപ്പിക്കുന്നില്ല. വി. യൌസേപ്പിനും, വി. യോഹന്നാൻ സുവിശേഷകനും, കർത്താവിൻെറ ഉയിർപ്പിനുശേഷം ഉയിർപ്പിക്കപ്പെട്ട് ഓറശ്ലേത്തിൽ കാണപ്പെട്ടെന്നു വി. മത്തായി പറഞ്ഞിരിക്കുന്ന വിശുദ്ധന്മാർക്കും ഈ വരം നൽകപ്പെട്ടെന്നു വിചാരിക്കുന്നതിൽ അബദ്ധമില്ലെന്നു തോന്നുന്നു. ഈ പിതാക്കന്മാർ പാതാളങ്ങളിലേക്കു വീണ്ടും പോയില്ലെന്നും കർത്താവിൻെറ സ്വർഗ്ഗാരോഹണവേളയിൽ അവരും ശരീരത്തോടുകൂടി മോക്ഷത്തിലേക്കു കരേററപ്പെട്ടെന്നും പുരാതനകാലങ്ങളിൽ പൊതുവെ അഭിപ്രായമുണ്ടായിരുന്നു. വി. യൌസേപ്പിൻെറയും വി. യോഹന്നാൻെറയും കാര്യത്തിൽ, മാതാവിൻെറ കാര്യത്തിലെന്നപോലെ, അവരുടെയും ശാരീരിക തിരുശേഷിപ്പുകളെപ്പററി യാതൊരു പാരമ്പര്യവും ഒരിക്കലും ഉണ്ടായിട്ടില്ല. വി. യോഹന്നാൻ ആത്മാവോടും ശരീരത്തോടുംകൂടി മോക്ഷത്തിലായിരുന്നെന്ന് പുരാതനകാലങ്ങളിൽ വിശ്വസിക്കപ്പെട്ടിരുന്നു. കർത്താവിൻെറ ഉയിർപ്പിനുശേഷം വിശുദ്ധ നഗരത്തിൽ കാണപ്പെട്ട വിശുദ്ധന്മാരുടെകൂട്ടത്തിൽ വി. യൌസേപ്പും ഉണ്ടായിരുന്നിരിക്കാൻ പാടുണ്ട്. കൂടാതെ, ഈ വരം മററുള്ളവർക്കു നൽകപ്പെട്ടെങ്കിൽ, തൻെറ വളർത്തുപിതാവും, തൻെറ പരിശുദ്ധ മാതാവിൻെറ ഭർത്താവുമായ വി. യൌസേപ്പിനു കർത്താവു നൽകിയില്ലെന്നു വിചാരിക്കാൻ പ്രയാസമാണ്.

പരിശുദ്ധ കന്യകയുടെ മരണസാഹചര്യങ്ങളെപ്പററി തൻെറ കാലത്തു വിശ്വസിച്ചിരുന്നത് റൂഷ്സിലെ വി. ഗ്രിഗോരിയോസ് ഇങ്ങനെ വിവരിക്കുന്നു:—

"ഒടുക്കം മറിയം തൻെറ ഇഹലോകജീവിതം പൂർത്തിയാക്കുകയും, അവൾ ലോകത്തിൽനിന്നു വിളിക്കപ്പെടാൻ സമയമാകുകയും ചെയ്യുമ്പോൾ, ശ്ലീഹന്മാരെല്ലാം പല ദിക്കുകളിൽനിന്നും അവളുടെ ഭവനത്തിൽ ഒരുമിച്ചുകൂടി. മാതാവ് ഈ ലോകത്തിൽനിന്നു വിട്ടുപിരിയാറായെന്ന് അവർ അറിഞ്ഞതിനാൽ, അവളുമൊരുമിച്ച് അവർ ഉണർന്നിരുന്നു. അപ്പോൾ, കണ്ടാലും! കർത്താവീശോ തൻെറ മാലാഖാമാരോടുകൂടി വന്ന്, അവളുടെ ആത്മാവിനെ സ്വീകരിച്ച് മിഖായേൽ മുഖ്യദൂതനെ ഏല്പിച്ചിട്ടുപോയി. വെളുപ്പായപ്പോൾ, ശ്ലീഹന്മാർ മാതാവിൻെറ ശരീരം കിടക്കയോടുകൂടി എടുത്ത് കല്ലറയിൽവെച്ച്, അവിടെ കർത്താവിൻെറ വരവുകാത്തു നിന്നു. അപ്പോൾ, കണ്ടാലും! കർത്താവു വീണ്ടും അവരുടെ അടുക്കൽ വന്നുനിന്ന് വിശുദ്ധ ശരീരം എടുത്ത് ഒരു മേഘത്തിന്മേൽ വഹിച്ചു പറുദീസായിലേക്കു കൊണ്ടുപോകാൻ (മാലാഖാമാരോട്) ആജ്ഞാപിച്ചു. അവിടെ ആത്മാവിനോടുകൂടി ചേർന്ന് അതു് തിരിഞ്ഞെടുക്കപ്പെട്ടവരോടുകൂടി ഒരിക്കലും അവസാനിക്കാത്ത നിത്യഭാഗ്യം അനുഭവിക്കുന്നു."

പരിശുദ്ധ മറിയത്തിൻെറ മരണത്തെപ്പററിയുള്ള ഈ പാരമ്പര്യത്തെയും ഇതുപോലെയുള്ള മററു പാരമ്പര്യങ്ങളെയും പററി കത്തോലിക്കരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ട്. ചില പുരാതന ഗ്രന്ഥങ്ങളിൽ, തോമ്മാശ്ലീഹാ മററു ശ്ലീഹന്മാരെക്കാൾ താമസിച്ചാണ് വന്നുചേർന്നതെന്നും, മാതാവിൻെറ സ്വർഗ്ഗാരോപണത്തിനു പ്രത്യേക തെളിവ് അദ്ദേഹത്തിനു ലഭിച്ചെന്നും, ഇക്കാര്യത്തിലും കർത്താവിനോടു സാമ്യപ്പെടാൻ മറിയത്തിൻെറ ശരീരവും മരണശേഷം മൂന്നാം ദിവസം ഉയിർപ്പിക്കപ്പെട്ടെന്നും മററും നാം വായിക്കുന്നു. ഈ വിവരങ്ങൾ വാസ്തവങ്ങളോ അവാസ്തവങ്ങളോ ആയിരിക്കാം. † എന്നാൽ, മാതാവിൻെറ സ്വർഗ്ഗാരോപണത്തെപ്പററി സഭയുടെ ഔദ്യോഗിക പ്രഖ്യാപനംകൊണ്ടുണ്ടാകുന്ന നിശ്ചയം നമുക്കില്ലെങ്കിലും മററുതര

† 1950 നവംബർ 1—ാം തീയതി പരിശുദ്ധ പിതാവ് മാതാവിൻെറ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തു.

ത്തിൽ ഉണ്ടാകാവുന്ന ഏററം വലിയ നിശ്ചയം നമുക്കുണ്ട്. ഏററം പരിശുദ്ധയായ കന്യകാമറിയത്തിൻെറ നിർമ്മല ശരീരം, ഈ മാനുഷികമാതാവിൻെറ ശരീരത്തിൽനിന്നും രക്തത്തിൽനിന്നും എടുക്കപ്പെട്ട മനുഷ്യസ്വഭാവത്തോടുകൂടിയ തൻെറ പുത്രൻ എഴുന്നെള്ളിയിരിക്കുന്ന സ്വർഗ്ഗത്തിലെ മഹിമപ്രതാപങ്ങളുടെയും പ്രകാശത്തിൻെറയും ഇടയ്ക്കു്, മഹത്വമുള്ളതും പ്രകാശമുള്ളതും ആയി ഇരിക്കുന്നെന്നു കത്തോലിക്കർ വിശ്വസിക്കുന്നു.

---

## അദ്ധ്യായം ൧൮

—o—

### നമ്മുടെ മദ്ധ്യസ്ഥയായ മറിയം

മരണശേഷം വിശുദ്ധന്മാർ മോക്ഷഭാഗ്യം പ്രാപിച്ചു കഴിഞ്ഞാലും ഈ ലോകത്തിലുള്ളവക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുവാൻ അവർ അശക്തരാണെന്നും, അതിനാൽ അവരുടെ സഹായമപേക്ഷിക്കുന്നതു് ഉപയോഗപ്രദമല്ലെന്നും ഉള്ള ഒരു അബദ്ധസിദ്ധാന്തം ആദ്യമായി ഉണ്ടായതു് നാലാംശതാബ്ദത്തിലാണ്. വിജിലാൻഷ്യസ് എന്നു പേരായ ഒരാളാണ്. ഇതു് ആദ്യമായി പഠിപ്പിച്ചതു്. വി. ഈറാനീമ്മോസ് ഈ അബദ്ധപഠനത്തെ ഖണ്ഡിച്ചു, ഇതിനെതിരായ സത്യത്തെ സ്പഷ്ടമായി വെളിവാക്കുന്നതിനാണ് വിശ്വാസപ്രമാണത്തിൽ, "പുണ്യവാന്മാരുടെ ഐക്യത്തിലും ഞാൻ വിശ്വസിക്കുന്നു" എന്ന ഭാഗംകൂടി ചേർക്കപ്പെട്ടതെന്നുള്ളതു മിക്കവാറും തീർച്ചയാണ്. വിജിലാൻഷ്യസിൻെറ അബദ്ധപഠനം താമസിയാതെ ക്രിസ്ത്യാനികളുടെയിടയിൽ ഇല്ലാതെയായി. എന്നാൽ പതിനാറാംനൂററാണ്ടിൽ പ്രോട്ടസ്റ്റൻറു നവീകരണക്കാർ വീണ്ടും അതിനെ പുനർജ്ജീവിപ്പിക്കുകയുണ്ടായി. ഇങ്ങനെയുള്ള അബദ്ധ പഠനങ്ങളെ ശപിക്കാനാണ് ത്രെന്തോസു് സൂനഹദോസ് "മിശിഹായോടുകൂടി വാഴുന്ന വിശുദ്ധന്മാരോടു പ്രാർത്ഥിക്കുന്നതു് നല്ലതും ഉപയോഗപ്രദവുമാകുന്നു" എന്ന് അധികാരസമേതം പഠിപ്പിച്ചതു്.

നമ്മുടെ കർത്താവീശോമിശിഹാ ഒരു പ്രത്യേകാർത്ഥത്തിൽ ദൈവത്തിൻെറ പക്കൽ നമ്മുടെ ഏക മദ്ധ്യസ്ഥനാണെ

ന്നുള്ള ക്രിസ്തുമതതത്വം എല്ലാ കത്തോലിക്കർക്കും നല്ലവണ്ണം അറിയാം. ഈശോമിശിഹാ വഴിയായിട്ടു മാത്രമേ നമുക്കു പിതാവിൻെറ പക്കലേക്കു പോകാൻ പാടുള്ളു; എന്തുകൊണ്ടെന്നാൽ അവിടുന്നു മാത്രമേ പാപത്തിൻെറ ഫലമായി ദൈവത്തിൻെറയും മനുഷ്യൻെറയും ഇടയ്ക്കു കെട്ടപ്പെട്ട ഭിത്തി തൻെറ മരണം വഴി തകർത്തുകളഞ്ഞുള്ളു.

നമ്മുടെ കർത്താവ് ഏക ഇടയനാകുന്നു. എന്നിട്ടും, പത്രോസിനോടു താൻ "എൻെറ ആടുകളെ മേയ്ക്കുക" എന്നു പറഞ്ഞു. അവിടുന്ന് ഏക ഇടയനാണെങ്കിലും അനേകം ഇടയന്മാർ ഈ സ്ഥാനത്തിൽ പങ്കുകൊള്ളുന്നു. അതുപോലെ അവിടുന്ന് ഏക മദ്ധ്യസ്ഥനാണെങ്കിലും, തൻെറ മദ്ധ്യസ്ഥതയിൽ പങ്കുകൊള്ളുന്ന അനേകം മദ്ധ്യസ്ഥന്മാർ നമുക്കുണ്ട്. ഈലോകത്തിൽവച്ചുപോലും, ദൈവത്തോടുള്ള പ്രാർത്ഥനയിൽ തങ്ങളുടെ സഹോദരങ്ങളുടെ മദ്ധ്യസ്ഥന്മാരായിരിക്കാൻ ക്രിസ്ത്യാനികൾ ഉപദേശിക്കപ്പെടുന്നു. വി. പൌലോസ്ശ്ലീഹാ ഇങ്ങനെ എഴുതിയിരിക്കുന്നു: "എല്ലാ മനുഷ്യർക്കുംവേണ്ടി പ്രാർത്ഥന സമർപ്പിക്കപ്പെടണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ, സകല മനുഷ്യരും രക്ഷപ്രാപിക്കണമെന്നും സത്യത്തിൻെറ അറിവിലേക്കു തിരിയണമെന്നും ഇച്ഛിക്കുന്ന നമ്മുടെ രക്ഷകനായ ദൈവത്തിൻെറ സന്നിധിയിൽ ഇതു നല്ലതും സ്വീകാര്യവുമാകുന്നു. എന്തുകൊണ്ടെന്നാൽ, ഏക ദൈവവും ദൈവത്തിൻെറയും മനുഷ്യൻെറയും ഇടയ്ക്കു് മനുഷ്യനായ ഈശോമിശിഹാ ആകുന്ന ഏക മദ്ധ്യസ്ഥനും ഉണ്ട്." മനുഷ്യനുംകൂടിയായ നമ്മുടെ ദൈവികമദ്ധ്യസ്ഥൻ വഴി നമുക്കു പ്രാർത്ഥിക്കാവുന്നതുകൊണ്ട്, വലിയ ശരണത്തോടുകൂടി നമ്മുടെ സഹോദരന്മാർക്കുവേണ്ടി പ്രാർത്ഥിക്കണം, എന്തുകൊണ്ടെന്നാൽ ഇപ്രകാരം നാം പ്രാർത്ഥിക്കണമെന്ന് ദൈവം തിരുമനസ്സായിരിക്കുന്നു. അതു "നല്ലതും ദൈവതിരുമുൻപിൽ സ്വീകാര്യവു"മാകുന്നു. നാം പ്രാർത്ഥിക്കുന്നതു് ഈ ഏക മദ്ധ്യസ്ഥൻ വഴിയായിട്ടല്ലായിരുന്നെങ്കിൽ, നമ്മുടെ പ്രാർത്ഥനകൊണ്ടു ഫലമുണ്ടാകയില്ലായിരുന്നു.

പൌലോസ്ശ്ലീഹാ തനിക്കുവേണ്ടിയുള്ള തൻെറ സ്നേഹിതന്മാരുടെയും ശിഷ്യന്മാരുടെയും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കു് വലിയ പ്രാധാന്യം കല്പിച്ചിരുന്നെന്ന് അദ്ദേഹത്തിൻെറ ലേഖനങ്ങളിൽനിന്നു നമുക്കു കാണാം. ഉദാഹരണമായി, റോമ്മാക്കാർക്കുള്ള

ലേഖനത്തിൽ ശ്ലീഹാ ഇപ്രകാരം എഴുതിയിരിക്കുന്നു: "എന്നാൽ എൻെറ സഹോദരന്മാരേ, ദൈവത്തിൻെറ പക്കൽ എനിക്കു വേണ്ടിയുള്ള നിങ്ങളുടെ പ്രാൎത്ഥനയിൽ എന്നെ സഹായിക്കണമെന്ന് നമ്മുടെ കൎത്താവീശോമിശിഹായെക്കുറിച്ചും പരിശുദ്ധാത്മാവിൻെറ സ്നേഹത്തെക്കുറിച്ചും നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു."

വിശുദ്ധ ഗ്രന്ഥം മുഴുവനിലും മദ്ധ്യസ്ഥപ്രാൎത്ഥനയുടെ തത്വം പ്രയോഗത്തിലിരിക്കുന്നതു നമുക്കു കാണുകയും വിശുദ്ധ ഗ്രന്ഥകാരന്മാർ പുണ്യവാന്മാരുടെ പ്രാൎത്ഥനയ്ക്കു് എപ്പോഴും കല്പിച്ചിരുന്ന വില നമുക്കു മനസ്സിലാക്കുകയും ചെയ്യാം. ഒരുദാഹരണം മാത്രം ഇവിടെ ചേൎക്കുന്നു: "ഇസ്രായേൽജനം ശമുവേലിനോടു പറഞ്ഞു: ഫിലിസ്റ്റേൻകാരുടെ കൈകളിൽനിന്നു ഞങ്ങളെ രക്ഷിക്കണമെന്ന് നമ്മുടെ ദൈവമായ കൎത്താവിനോടു മുടങ്ങാതെ പ്രാൎത്ഥിക്കണമെ." (൧. രാജാ. ൭, ൮.)

"നീതിമാൻെറ തുടൎച്ചയായ പ്രാൎത്ഥനയ്ക്കു വലിയ ശക്തിയുണ്ടു്" എന്നു വി. യാക്കോബ്ശ്ലീഹാ എഴുതിയിരിക്കുന്നു.

ഇനിയും നമുക്കു മാതാവിൻെറ കാൎയ്യം ചിന്തിക്കാം. "നീതിയുടെ സൂൎയ്യൻ ആരിൽനിന്നുദിച്ചുവോ ആ മറിയം നീതിമതിയല്ലെങ്കിൽ പിന്നെയാൎക്കാണ് നീതിയുള്ളതു്?" എന്നു വി. ബെൎണ്ണാൎദു ചോദിക്കുന്നു. വി. പൌലോസ് ശ്ലീഹാ തൻെറ ശിഷ്യന്മാരുടെ പ്രാൎത്ഥനയ്ക്കു വലിയ വില കല്പിച്ചിരുന്നെങ്കിൽ, അബ്രാഹം, ഇസഹാക്ക്, യാക്കോബ്, ഈയോബ്, ഏലിയാ, ഇവരുടെ പ്രാൎത്ഥനകൾ ദൈവം കേട്ടിരുന്നെങ്കിൽ, അതിനെക്കാൾ എത്ര കൂടുതൽ നിശ്ചയമായി മറിയത്തിൻെറ പ്രാൎത്ഥനകൾ കേൾക്കപ്പെടുകയില്ല? മററു വിശുദ്ധന്മാരെപ്പോലെ മറിയം നമ്മുടെ കൎത്താവിൻെറ ദാസി മാത്രമല്ല, അവിടുത്തെ മാതാവുംകൂടി ആകുന്നു. ഈ വലിയ വസ്തുതയാണ് മറിയത്തിൻെറ മദ്ധ്യസ്ഥതയ്ക്കു് ഒരു പ്രത്യേക സ്വഭാവം നൽകുന്നതു്. ഒരു മാതാവിൻെറ പ്രാൎത്ഥന അതിൻെറ സ്വഭാവത്തിൽ മറെറല്ലാവരുടെയും പ്രാൎത്ഥനയിൽനിന്നു വ്യത്യാസപ്പെട്ടിരിക്കണം. എല്ലാ പുണ്യവാന്മാരും, "എൻെറ കൎത്താവേ, എൻെറ ദൈവമേ" എന്നു മിശിഹായോടു പറയുന്നു. മറിയത്തിനുമാത്രം അവിടുത്തോടു്, "എൻെറ കൎത്താവേ, എൻെറ മകനേ," എന്നു പറയാൻ കഴിയും.

കത്തോലിക്കക്ക് മറിയത്തിൻെറ മദ്ധ്യസ്ഥതയിലുള്ള വിശ്വാസം, മറിയം ദൈവത്തിൻെറ മാതാവാകുന്നു, മറിയം നമ്മുടെ എല്ലാവരുടെയും മാതാവുമാകുന്നു, എന്നുള്ള രണ്ടു വസ്തുതകളെയാണ് ആശ്രയിച്ചിരിക്കുന്നത്. ദൈവം തൻെറ പരിശുദ്ധ മാതാവിൻെറ പ്രാർത്ഥന ഉപേക്ഷിക്കയില്ലെന്ന് കത്തോലിക്കക്കറിയാം. അതുപോലെതന്നെ, ഈ ലോകത്തിലെ തൻെറ മക്കളുടെ പ്രാർത്ഥന മറിയം ഉപേക്ഷിക്കയില്ലെന്നും അവക്കു നിശ്ചയമുണ്ട്.

I

ദൈവം തൻെറ മാതാവിൻെറ പ്രാർത്ഥന ഉപേക്ഷിക്കയില്ല.

പരിശുദ്ധ കന്യകയോടു കത്തോലിക്കക്കുള്ള ഭക്തിയെ എതിക്കുന്നവർ, ദൈവം മനുഷ്യനായപ്പോൾ മറിയത്തെ ഒരു ശാരീരിക ഉപകരണമായിമാത്രം ഉപയോഗിച്ചെന്നും. തൻെറ ഉദ്ദേശ്യം സാധിച്ചുകഴിഞ്ഞപ്പോൾ മറിയവുമായുള്ള ബന്ധം ഉപേക്ഷിച്ചെന്നും ചിലപ്പോൾ പറയാറുണ്ട്. ഇത് ഏററവും അബദ്ധമായ ഒരു പ്രസ്താവനയാണ്. തൻെറ മാതാവുമായി കത്താവിനുണ്ടായിരുന്ന ബന്ധം ജീവിക്കുന്ന ഒരാളിനോടുള്ള ബന്ധമായിരുന്നു. അവിടുന്നു മറിയത്തെ തൻെറ ഉന്നതപദ്ധതികളുമായി സഹകരിക്കാൻ എല്ലാ സ്ത്രീകളിലുംനിന്ന് അനാദിമുതല്ക്കേ സ്വാതന്ത്ര്യമായി തിരഞ്ഞെടുക്കുകയും, തൻെറ ദൈവിക ഉദ്ദേശ്യങ്ങൾക്കായി അവളെ സൃഷ്ടിച്ചു വിശുദ്ധീകരിക്കുകയും, നിസ്തുലമായ ഒരു മഹത്വത്തിനും, ആദത്തിൻെറ മററു സന്തതികൾക്കു ലഭിച്ചിട്ടുള്ളതിൽനിന്ന് അളവിൽ മാത്രമല്ല സ്വഭാവത്തിലും വ്യത്യസ്തമായ തന്നോടുള്ള ഐക്യത്തിനും അവളെ യോഗ്യയാക്കുവാൻവേണ്ടി സ്വാഭാവികവും സ്വഭാവത്തിനു മേലെപ്പട്ടതുമായ ദാനങ്ങൾ അവൾക്കു കൊടുക്കുകയും ചെയ്തു.

തൻെറ പുത്രൻെറ ശൈശവത്തിലും യൌവനത്തിലും മറിയം പ്രയോഗിച്ചിരുന്ന മാതാവിനടുത്ത അധികാരം എന്നെന്നേക്കുമായി നിന്നുപോയെന്നുള്ളതു വാസ്തവംതന്നെ. എങ്കിലും "ദൈവം തൻെറ ദാനത്തിനും തൻെറ വിളിയിലുംനിന്നു വ്യതിചലിക്കുന്നില്ല." നമ്മുടെ നാഥ എന്നും യഥാർത്ഥത്തിൽ ഈശോമിഹിഹായാകുന്ന മനുഷ്യൻെറ അമ്മ ആയിരുന്നു, ആയി

രിക്കയും ചെയ്യും. ബേസ്ലഹമ്മിലെന്നപോലെ ഗാഗുൽത്തായിലും മറിയം യഥാർത്ഥത്തിൽ അവിടുത്തെ മാതാവായിരുന്നു; തന്റെ ഇഹലോകജീവിതത്തിലെന്നപോലെ, ഇപ്പോൾ ദൈവത്തിന്റെ മറയ്ക്കപ്പെടാത്ത സാന്നിദ്ധ്യത്തിലും അവൾ മിശിഹായുടെ മാതാവാകുന്നു. ഈശോ തന്റെ പിതാവിന്റെ ഭവനത്തിൽ തന്റെ മാതാവിന്റെ അപേക്ഷകൾ ഉപേക്ഷിക്കുന്നില്ല.

പ്രാർത്ഥനയുടെ സർവ്വശക്തിത്വം ഒരു വലിയ യാഥാർത്ഥ്യമാകുന്നു. "ചോദിക്കുവിൻ, നിങ്ങൾക്കു തരപ്പെടും; അന്വേഷിക്കുവിൻ,നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറക്കപ്പെടും" മിശിഹായുടെ കാരുണ്യമേറിയ വാഗ്ദാനങ്ങൾ ആണിവയെല്ലാം. എന്നാൽ പലരും ചോദിച്ചിട്ടും കിട്ടാത്തതും, അന്വേഷിച്ചിട്ടും കണ്ടെത്താത്തതും, മുട്ടിയിട്ടും തുറക്കപ്പെടാത്തതും എന്തുകൊണ്ടാകുന്നു? വി. യോഹന്നാൻ ശ്ലീഹാ ഇതിനു മറുപടി പറയുന്നു: "നിങ്ങൾ ചോദിക്കാത്തതുകൊണ്ടു നിങ്ങൾക്കു കിട്ടുന്നില്ല. ശരിയായ വിധത്തിൽ ചോദിക്കാത്തതുകൊണ്ട് ചോദിച്ചിട്ടും നിങ്ങൾക്കു കിട്ടുന്നില്ല."

നമ്മുടെ ആത്മികദാരിദ്ര്യം രണ്ടു കാരണങ്ങളിൽനിന്നുണ്ടാകുന്നു— ഒന്നുകിൽ നാം പ്രാർത്ഥിക്കുന്നില്ല, അല്ലെങ്കിൽ നാം വേണ്ടവിധം പ്രാർത്ഥിക്കുന്നില്ല.

൧. മനുഷ്യരുടെ പ്രാർത്ഥനകൾ പലപ്പോഴും ദൈവത്തിലുള്ള വിശ്വാസത്തിന്റെയും ശരണത്തിന്റെയും കുറവുകൊണ്ടു ഫലമില്ലാത്തതായിത്തീരുന്നു. "നിങ്ങളിൽ ആരെങ്കിലും ജ്ഞാനം കുറഞ്ഞവനെങ്കിലൊ, നിരസിച്ചുകളയാതെ സകലർക്കും ധാരാളമായി കൊടുക്കുന്ന ദൈവത്തോടു യാചിക്കട്ടെ. അപ്പോൾ അവനു നൽകപ്പെടും. എന്നാൽ സംശയിക്കാതെ വിശ്വാസത്തോടുകൂടി യാചിക്കണം. എന്തുകൊണ്ടെന്നാൽ, സംശയിക്കുന്നവൻ കാററടിച്ച് ഇളകുന്ന കടൽത്തിരകൾക്കു സദൃശനാകുന്നു" (യാക്കോ. ൧. ൬, ൭).

൨. അല്ലെങ്കിൽ, നാം സ്ഥിരതയോടുകൂടി പ്രാർത്ഥിക്കുന്നില്ല, ചില മനോഗുണങ്ങൾ കർത്താവു നമുക്ക് ഉടനെ നൽകാൻ മനസ്സാകുന്നില്ല, എന്നാൽ നാം പ്രാർത്ഥനയിൽ സ്ഥിരമായി നില്ക്കുകയാണെങ്കിൽ അവിടുന്ന് അവ നമുക്കു തരും. ഇപ്രകാരം അവിടുന്നു താമസിക്കുന്നത് കൂടുതൽ യോഗ്യത സമ്പാദി

ക്കാൻ നമുക്കവസരം തരുന്നതിനാകുന്നു. ദുഷ്ടനായ ന്യായാധിപനെ തന്റെ തുടർച്ചയായ പ്രാൎത്ഥനകൊണ്ടു മടുപ്പിച്ച വിധവയെ നാം അനുകരിക്കണമെന്നു മിശിഹാ നമ്മോടു പറഞ്ഞിട്ടുണ്ട്. സ്ത്രീയേ, നിന്റെ വിശ്വാസം വലുതാകുന്നു. നീ മനസ്സാകുന്നതുപോലെ നിനക്കു സംഭവിക്കട്ടെ" എന്നു പറയുവാൻ തനിക്കിടയാകുന്നതിനുവേണ്ടി കൎത്താവ് സൈറോഫിനീഷ്യൻ സ്ത്രീയുടെ പ്രാൎത്ഥനയെ ഉപേക്ഷിക്കുന്നതായി ഭാവിച്ചു.

ന. വീണ്ടും, ചിലപ്പോൾ നമ്മുടെ പാപങ്ങളും അപൂൎണ്ണതകളും നമ്മുടെ പ്രാൎത്ഥനകളെ ദുഷിപ്പിക്കുന്നു. തകൎന്നതും എളിമയുള്ളതുമായ ഹൃദയത്തോടുകൂടി ദൈവത്തോടു കാരുണ്യവും പൊറുതിയും അപേക്ഷിക്കുന്ന സാധുവായ പാപി, മനസ്താപത്തോടുകൂടി തന്റെ സ്വൎഗ്ഗീയപിതാവിന്റെ നേരെ തിരിയുന്നക്ഷണത്തിൽ അവന്റെ പ്രാൎത്ഥന കേൾക്കപ്പെടും. എന്നാൽ പലപ്പോഴും നമുക്കുള്ള ശരിയായ മനസ്താപം ഉണ്ടായിരിക്കയില്ല. സകലതും വ്യക്തമായി കാണുന്ന ദൈവം തന്റെ അളവില്ലാത്ത പരിശുദ്ധതയ്ക്കു അനിഷ്ടമായ പലതും നമ്മുടെ ആത്മാവിൽ കാണുമെന്നു നമുക്കറിയാം.

പരിപൂൎണ്ണമായ പ്രാൎത്ഥനയ്ക്കുള്ള സൎവ്വശക്തിപ്രഭാവത്തിൽ നമ്മുടെ പാവപ്പെട്ട പ്രാൎത്ഥനകൾക്കും ഭാഗം ഉണ്ടായിരിക്കണമെങ്കിൽ നാം ശരിയായി പ്രാൎത്ഥിക്കണം. നമ്മുടെ ഹൃദയങ്ങൾ വിശ്വാസവും ശരണവും ദൈവസ്നേഹവുംകൊണ്ടു നിറഞ്ഞിരിക്കണം; നമ്മുടെ പ്രാൎത്ഥന കേൾക്കപ്പെടുന്നില്ലെന്നു നമുക്കു തോന്നിയാലും സ്ഥിരതയോടുകൂടി നാം പ്രാൎത്ഥിക്കണം; ദൈവതിരുമനസ്സിനനുസരണമായിട്ടുള്ളതിനുവേണ്ടി നാം പ്രാൎത്ഥിക്കണം. "അവന്റെ ഇഷ്ടം അനുസരിച്ച് നാം അവനോടു യാചിക്കുന്നവയിലെല്ലാം അവൻ നമ്മുടെ യാചന കേൾക്കുന്നു എന്ന ഈ മനോവിശ്വാസം അവന്റെ പക്കൽ നമുക്കുണ്ട്."

അതിനാൽ, തങ്ങളുടെ കഷ്ടതകളെ മനസ്സിലാക്കികൊണ്ട്, തങ്ങളുടെ പ്രാൎത്ഥനകളെ നമ്മുടെ പരിശുദ്ധ അമ്മയുടെ സൂക്ഷത്തിന് ഏല്പിക്കുന്നവർ ബുദ്ധിമാന്മാരാകുന്നു. മറിയത്തിന്റെ നിൎമ്മലമായ ആത്മാവിൽ വിശ്വാസം, ശരണം, സ്നേഹം ഇവയ്ക്കു യാതൊരു കുറവും ഉണ്ടായിരുന്നതായി കാണപ്പെട്ടിട്ടില്ല. തന്റെ വാഗ്ദാനങ്ങളിലുള്ള ദൈവത്തിന്റെ വിശ്വസ്തതയെപ്പറ്റിയുള്ള സംശയംകൊണ്ട് മറിയം ഒരിക്കലും ദൈ

വത്തിൻെറ കരങ്ങളെ ബന്ധിക്കയില്ല. തൻെറ ആത്മാവിനു വെളിപ്പെടുത്തപ്പെട്ടിട്ടുള്ള തൻെറ പുത്രൻെറ മനസ്സിനനുസരണമായിട്ടല്ലാതെ മറിയത്തിനു പ്രാത്ഥിക്കാൻ കഴിയുകയില്ല. കറയില്ലാത്ത കന്യകയുടെ കൈകളിൽ ദൈവത്തിന് ഇഷ്ടക്കേടായിട്ടുള്ള യാതൊന്നും കാണപ്പെടുകയില്ല. അതിനാൽ വി. ബെർണ്ണാർദ്ദ് ഇപ്രകാരം പറയുന്നു: "നമുക്ക് മറിയംവഴിയായി വരപ്രസാദം അന്വേഷിക്കാം, എന്തുകൊണ്ടെന്നാൽ, മറിയം അന്വേഷിക്കുന്നത് അവൾ കണ്ടെത്തുന്നു" പ്രാത്ഥനയുടെ സർവ്വശക്തിത്വം ഏററം പൂണ്ണമായ വിധത്തിൽ മറിയത്തിൽ കാണപ്പെടുന്നു.

കാനായിലെ കല്യാണവിരുന്നിലെ അത്ഭുതം ഇതിനുദാഹരണമാണ്. വിരുന്നിന് കൂടുതൽ വീഞ്ഞിനാവശ്യമുണ്ടെന്നു പെട്ടെന്നു വ്യക്തമായി. എല്ലാ നല്ല ദാനങ്ങളും ദൈവത്തിൽനിന്നുമാത്രം വരുന്നു, എന്നാൽ അവിടുന്നു പ്രാത്ഥനയാകുന്ന നിയമം ഏല്പ്പെടുത്തിയിരിക്കുന്നു. തൻെറ ദാനങ്ങൾ നമ്മുടെമേൽ വഷിക്കുന്നതിന് അവിടുന്നാഗ്രഹിക്കുന്നു; എന്നാൽ തൻെറ ദൃഷ്ടിയിൽ നമുക്കു യോഗ്യത കിട്ടുവാനായി ഈ ദാനങ്ങൾക്കു വേണ്ടി നാം തന്നോടു പ്രാത്ഥിക്കണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. നാം ചോദിക്കാൻ അവിടുന്നു കാത്തിരിക്കുന്നു. അതുകൊണ്ടു മറിയം ചോദിക്കുന്നു. ചോദിക്കാൻ അവൾ അധികം വാക്കുകൾ ഉപയോഗിക്കുന്നില്ല. തങ്ങളുടെ പ്രാത്ഥന കേൾക്കപ്പെടുമോയെന്നു സംശയിക്കുന്നവരാണ് അധികം വാക്കുകൾ ഉപയോഗിക്കുന്നതു നല്ലതാണെന്നു വിചാരിക്കുക. മറിയം സംശയിക്കയോ ഇളകുകയോ ചെയ്യില്ല. അവൾ ചോദിക്കുകമാത്രം ചെയ്യുന്നു, അങ്ങനെ തൻെറ കൃത്യം നിറവേററുന്നു. "അവക്കു വീഞ്ഞില്ല." കത്താവ് ഉടനെതന്നെ ആ പ്രാത്ഥന സ്വീകരിച്ചതായി കാണിക്കുന്നില്ല. "എൻെറ നാഴിക വന്നിട്ടില്ല." എന്നാൽ മിശിഹാ തൻെറ പ്രാത്ഥന കേൾക്കുമെന്നു മറിയത്തിനറിയാം. അവളുടെ മനസ്സ് തൻെറ പുത്രൻെറ മനസ്സിനോടു പൂണ്ണമായി അനുരൂപമായിരുന്നതുകൊണ്ട്, മിശിഹായുടെ മനസ്സ് അവളുടേതിനും അനുരൂപമായിരിക്കുന്നു. ഒരു നിമിഷനേരത്തേക്കുപോലും മറിയം സംശയിക്കയോ ഭയപ്പെടുകയോ ചെയ്യുന്നില്ല. കൂടുതലായി മിശിഹായോട് ഒന്നും പറയേണ്ട അവശ്യവുമില്ല. അവൾ മൌനമായിരിക്കുന്നതേയുള്ളു. ഈശോ അവളുടെ ഹൃദ-

യത്തെ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നു. അത്ഭുതങ്ങളുടെ ആരംഭവും, ഈശോമിശിഹായുടെ മഹത്വത്തിന്റെ ആദ്യപ്രകാശനവും, അതുമൂലമുണ്ടായ ശിഷ്യന്മാരുടെ വിശ്വാസവും ഈശോയുടെ മാതാവു് പ്രാർത്ഥിച്ചതിന്റെ ഫലമായുണ്ടായതായിരുന്നു. തന്റെ മാതാവിന്റെ പ്രാർത്ഥന ദൈവം ഉപേക്ഷിക്കയില്ല.

## II

മറിയം തന്റെ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കാതിരിക്കയില്ല. പിതാവായ ദൈവം അളവില്ലാത്ത കരുണയും അളവില്ലാത്ത സ്നേഹവും ഉള്ളവനാകുന്നു. ധൂർത്തപുത്രന്റെ ഉപമയെപ്പററി ധ്യാനിച്ചിട്ടുള്ള ആരാണ് തന്റെ സ്വർഗ്ഗീയപിതാവിന്റെ പക്കലേക്കു പോകാൻ ഭയപ്പെടുന്നതു്? എന്നിരുന്നാലും അവിടുത്തെ അളവില്ലാത്ത പരിശുദ്ധതയെപ്പററി നാം ഓർക്കുമ്പോൾ, താൻ നമുക്ക് ഒരു മദ്ധ്യസ്ഥനെ തന്നിട്ടുണ്ടെന്നു നാം ഓർക്കുന്നതുവരെ, നമുക്കു ഭയം തോന്നിയേക്കാൻ പാടുണ്ട്.

തന്റെ ഏകപുത്രനെ നമുക്കു തരത്തക്കവിധം ദൈവം ലോകത്തെ അത്രയധികം സ്നേഹിച്ചു. ഈ മദ്ധ്യസ്ഥനെ നാം എങ്ങനെ ഭയപ്പെടും? ഒരു മനുഷ്യശരീരം അവിടുന്നു സ്വീകരിച്ചിരിക്കുന്നു. താൻ സൃഷ്ടിച്ച ലോകത്തെ അവിടുന്നു തൃക്കൺപാർക്കുകയും തന്റെ കണ്ണുകളിൽ പരിപൂർണ്ണമായ മാനുഷികസ്നേഹം പ്രകാശിക്കുകയും ചെയ്തു. ശിശുക്കളെ ആശീർവ്വദിക്കാൻ തന്റെ കൈകളെ അവരുടെമേൽ അവിടുന്നു വെച്ചു; തന്റെ മാർവ്വിൽ ഒരു മാനുഷിക ഹൃദയം ചലിച്ചു. പിതാവിന്റെ അളവില്ലാത്ത കാരുണ്യം മനുഷ്യാവതാരം ചെയ്ത പുത്രന്റെ തിരുഹൃദയത്തിൽ പ്രതിബിംബിക്കപ്പെടുന്നു. അവിടുന്നു നമ്മുടെ സഹോദരനാകുന്നു. തന്റെ മാനുഷികാധരങ്ങൾകൊണ്ടു്, "ക്ഷീണിച്ചവരും ഭാരം എടുക്കുന്നവരും എന്റെ പക്കൽ വരുവിൻ, നിങ്ങളുടെ ആത്മാവുകൾക്ക് ആശ്വാസം കിട്ടും" എന്നു് അവിടുന്നു വിളിച്ചു പറഞ്ഞു. ആയിരം പ്രാവശ്യം, അനേകം ഉപമകളിൽ, സ്നേഹംനിറഞ്ഞ വാക്കുകൾവഴി, താൻ ലോകത്തെ ശിക്ഷിക്കാനല്ല, രക്ഷിക്കാനാണ് വന്നതെന്നും, മഗ്ദലേനായെപ്പോലെ തന്റെ പാദങ്ങളിൽ പിടിച്ചു് മനസ്താപത്തിന്റെ കണ്ണുനീരുകൊണ്ടു് അവയെ നനയ്ക്കുന്ന സാധുവായ പാ

പിയെ താൻ ഒരിക്കലും ഉപേക്ഷിക്കയില്ലെന്നും അവിടുന്നു പ്രഖ്യാപനം ചെയ്തു. നമ്മുടെ എല്ലാ പാപങ്ങളിലും കഷ്ടതകളിലും പരിപൂർണ്ണ മനോവിശ്വാസത്തോടുകൂടി നമ്മുടെ കർത്താവീശോമിശിഹായുടെ തൃപ്പാദങ്ങളിലേക്കു പോകാമെന്നു കത്തോലിക്കർക്കറിയാം.

എന്നാൽ, ചിലപ്പോൾ കരുണാനിധിയായ കർത്താവിന്റെ മുൻപിൽ നാം മുട്ടിന്മേൽ നില്ക്കുമ്പോൾപോലും, കുഞ്ഞാടിന്റെ കോപത്തെപ്പറ്റി നാം ഓർക്കുമ്പോൾ നമുക്കു ഭയം ഉണ്ടായിപ്പോകുന്നു. നമ്മുടെ പാപങ്ങളെയും, ദൈവശുശ്രൂഷയിലുള്ള നമ്മുടെ മന്ദതയെയും, നമ്മുടെ നന്ദിയില്ലായ്മയെയും, ദൈവത്തിന്റെ നീതിപൂർവ്വകമായ വിധികളെയുംപറ്റി ഓർത്തു നാം ഞെട്ടുമ്പോൾ, നാം എന്താണ് ചെയ്യേണ്ടതു്? നമ്മുടെ ഭയത്തെ ഓടിച്ചുകളയുന്നതിന് വി. ബെർണ്ണാർദ്ദ് ഒരു പ്രതിവിധി കാണിച്ചുതരുന്നു. പിതാവു നമുക്ക് ഈശോമിശിഹായെ തന്നിരിക്കുന്നു; നമ്മുടെ കർത്താവീശോമിശിഹാ നമുക്ക് തന്റെ മാതാവിനെ തന്നിരിക്കുന്നു. മാതാവിനെപ്പറ്റി നാം ഓർക്കുമ്പോൾ ഭയപ്പെടാൻ യാതൊന്നും കാണുകയില്ല. മറിയം ദൈവമല്ല. വിധിക്കാനുള്ള ചുമതല അവൾക്കു നൽകപ്പെട്ടിട്ടില്ല. പരിശുദ്ധമായ മനുഷ്യത്വം മാത്രമാണ് അവളിൽ ഉള്ളതു്. നമ്മെ സംബന്ധിച്ചുള്ള അവളുടെ ഏക കൃത്യവും അവളുടെ ഏക സന്തോഷവും മനുഷ്യർക്കുവേണ്ടി അപേക്ഷിക്കുകയെന്നതാണ്. പാപികളായ തന്റെ മക്കളോടുള്ള മാതൃസ്നേഹത്താൽ നിറഞ്ഞ ഹൃദയത്തോടുകൂടിയ മറിയത്തെ ഭയപ്പെടാൻ തക്ക ദുർബ്ബുദ്ധി ആർക്കാണുള്ളതു്? നമ്മുടെ കർത്താവീശോമിശിഹായിൽ ശരണപ്പെടാൻ നമ്മെ പഠിപ്പിക്കണമെന്നപേക്ഷിച്ചുകൊണ്ട് മറിയത്തിന്റെ പക്കലേക്കു നമുക്കു മനോവിശ്വാസത്തോടുകൂടി ഓടിച്ചെല്ലാം. ഈശോയുടെ പക്കലേക്കു പോകുന്നതിനു പകരമായിട്ടല്ല നാം മറിയത്തിന്റെ പക്കൽ പോകുന്നതു്. പണ്ടു മറിയം ആട്ടിടയന്മാർക്കും രാജാക്കന്മാർക്കും ഈശോയെ കാണിച്ചുകൊടുത്തതുപോലെ നമ്മെയും ഈശോയുടെ അടുക്കലേക്കു നയിക്കുന്നതിനും അവിടുത്തെ നമുക്കു കാണിച്ചുതരുന്നതിനും പ്രാർത്ഥിച്ചുകൊണ്ടാണ് നാം മറിയത്തിന്റെ പക്കലേക്കു പോകുന്നതു്. നമ്മുടെ നാഥ ഈ പ്രാർത്ഥന ഒരിക്കലും തള്ളിക്കളയുകയില്ല. നാം മാതാവിനോടു പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ഭയമെല്ലാം നീങ്ങിപ്പോകുന്നു. അവളുടെ കൈയിലിരി

ക്കുന്ന ഉണ്ണി തന്റെ വാഴ്ത്തപ്പെട്ട മാതാവിന്റെ പാദത്തുങ്കൽ മുട്ടുകുത്തിയിരിക്കുന്നവരുടെമേൽ പുഞ്ചിരിതൂകുന്നു. മരണവേദന അനുഭവിക്കുന്ന മിശിഹാ കുരിശിൻചുവട്ടിൽ തന്റെ മാതാവിന്റെ സമീപത്തു നിൽക്കുന്നവരുടെ നേരെ ഭയത്തെ നീക്കിക്കളയുന്ന സ്നേഹത്തോടുകൂടി നോക്കുന്നു. അവിടുന്നു നമ്മെ പിതാവായ ദൈവത്തോടു രമ്യപ്പെടുത്തുന്നു.

മറിയം ഈശോയെക്കാൾ കാരുണ്യമേറിയവളാണെന്നു നാം വിചാരിക്കുന്നെന്നല്ല ഇതിന്റെ അർത്ഥം. ആയിരം പ്രാവശ്യം, അല്ല, മറിയത്തിന്റെ കാരുണ്യം ദൈവത്തിന്റെ അളവില്ലാത്ത കാരുണ്യത്തോടു താരതമ്യപ്പെടുത്തി നോക്കിയാൽ കടലിലെ ഒരു തുള്ളിപോലെ മാത്രമേ ആകുന്നുള്ളു. മറിയത്തിന്റെ കാരുണ്യം ദൈവത്തിൽനിന്നുള്ള ഒരു ദാനം മാത്രമാകുന്നു. മറിയം പരമകാരുണികന്റെ മാതാവായതുകൊണ്ടും, അവിടുത്തെ ഹൃദയത്തിൽനിന്നു ആ കാരുണ്യം സ്വീകരിച്ചതുകൊണ്ടും മാത്രമാണ് അവൾ കരുണയുടെ മാതാവായിരിക്കുന്നത്. എന്നിരുന്നാലും അവൾ ആ കാരുണ്യം ധാരാളമായി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, അവിടുത്തെ വരപ്രസാദത്താൽ അവൾ പാപമില്ലാത്തവളാകുന്നു. അവൾ അവിടുത്തെ എന്നപോലെ നമ്മുടെയും മാതാവാകുന്നു. അതിനാൽ, നാം ഒരിക്കലും ഭഗ്നാശരാകയില്ലെന്നറിഞ്ഞുകൊണ്ട്, പാപികളായ നാം നമ്മുടെ അവശ്യങ്ങളിൽ നിർമ്മലയായ നമ്മുടെ അമ്മയുടെ അടുക്കലേക്ക് ഓടിച്ചെല്ലുന്നു. മറിയത്തിന്റെ കാരുണ്യത്തോടപേക്ഷിച്ചിട്ട് ഫലം കിട്ടാത്തതായി ആരും കാണുകയില്ല. ചെറിയ കാര്യങ്ങളിലും വലിയ കാര്യങ്ങളിലും നമുക്കു മറിയത്തിന്റെ സഹായം അപേക്ഷിക്കാം. എന്നാൽ എല്ലാ നന്മകളും നമുക്കു നൽകപ്പെടും.

പാപിയുടെ ഗോവണിയുടെ പടികൾ ഇവയാകുന്നു. നാം പലപ്പോഴും ഈ ലോകത്തിലെ നമ്മുടെ സ്നേഹിതന്മാരുടെയും മോക്ഷത്തിലെ പുണ്യവാന്മാരുടെയും സഹായം അപേക്ഷിക്കുന്നു. ഇതു നല്ലതുതന്നെ. എന്നാൽ പുണ്യവാന്മാർ നമുക്കു മറിയത്തെ ചൂണ്ടിക്കാണിച്ചുതരുന്നു. അവരെപ്പോലെ മറിയവും ഒരു സൃഷ്ടിയാകുന്നു. അവൾക്കുള്ളതെല്ലാം ദൈവത്തിൽനിന്നാകുന്നു. എന്നാൽ അവൾക്കു തന്റെ കർത്താവിനോട് മററാർക്കും നൽകപ്പെട്ടിട്ടില്ലാത്ത ഒരു ബന്ധം, ഒരവകാശം, ഉണ്ട്. അവൾ മററു മക്കളെക്കാൾ തന്റെ കർത്താവിന് ഇഷ്ടപ്പെട്ടവളാകുന്നു.

മറിയം തന്റെ കത്താവും നമ്മുടെ കത്താവും, തന്റെ ദൈവവും നമ്മുടെ ദൈവവും ആയ മിശിഹായെ നമുക്ക കാണിച്ചുതരുന്നു. നാം അവളിൽ ശരണപ്പെടുകയാണെങ്കിൽ, അവൾ നമ്മെ സന്തോഷവും ആശ്വാസവും സമാധാനവും ഉള്ളവരായി അവിടുത്തെ കൈകളിൽ സമപ്പിക്കും.

മറിയത്തിന്റെ പുത്രൻ നമ്മെ നമ്മുടെ പിതാവും കൂട്ടിയായ തന്റെ പിതാവിന്റെ അടുക്കലേക്ക കൊണ്ടുപോകുന്നു. ഒടുക്കം നാം നമ്മുടെ പിതാവിന്റെ ഭവനത്തിൽ ചെന്നു ചേരുന്നു. അവിടെ, മിശിഹായുടെകൂടെ, ഏററം പരിശുദ്ധയായ മറിയത്തിനും വലിയ പുണ്യവാന്മാക്കും മാത്രമല്ല, പിന്നെയോ നമുക്കും സ്ഥാനമുണ്ട്. എന്തുകൊണ്ടെന്നാൽ ആ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. നമ്മുടെ സഹോദരൻ അവിടെ നമുക്കും ഒരു സ്ഥലം ഒരുക്കിയിട്ടുണ്ട്. അപ്പോൾ നമുക്ക് അവിടുത്തെ, അവിടുന്ന് എപ്രകാരമായിരിക്കുന്നുവോ അതുപോലെ, കാണാം. എന്നാൽ, കണ്ണുനീരിന്റെ ഈ താഴ്‌വരയിൽ പരദേശവാസം കഴിക്കുന്ന നാം സ്വല്പകാലത്തേക്ക വഴിയിൽ പലപ്പോഴും ക്ഷീണിച്ചു തളൻപോയേക്കാം. ആ സമയത്ത്, തന്റെ ദിവ്യപുത്രന്റെ പക്കൽ നമ്മുടെ സൌമ്യയും സ്നേഹംനിറഞ്ഞവളുമായ മദ്ധ്യസ്ഥയായ മറിയത്തോടു നമുക്ക പ്രാത്ഥിക്കാം.

---

## അദ്ധ്യായം ൧൭

---

### ദൈവവരപ്രസാദത്തിന്റെ മാതാവായ മറിയം

എല്ലാ വരപ്രസാദങ്ങളും ദൈവത്തിൽനിന്നു മാത്രം മനുഷ്യക്ക കിട്ടുന്നെന്നുള്ളതു തീർച്ചയാണ്. നമ്മുടെ യോഗ്യതകൾകൊണ്ടു നമുക്ക ഒരിക്കലും അവകാശപ്പെടാൻ പാടില്ലാത്ത ദൈവത്തിന്റെ സ്വതന്ത്രദാനങ്ങളാണ് അവ. ബുദ്ധിയുടെ പ്രകാശമായാലും മനസ്സിന്റെ ബലപ്പെടുത്തൽ ആയാലും, തന്റെ

സൃഷ്ടിക്കു നൽകപ്പെടുന്ന എല്ലാ സ്വാഭാവത്തിനു മേല്പെട്ട സഹായത്തിൻെറയും ഏക ഉദ്ഭവസ്ഥാനം ദൈവമാകുന്നു. എന്നാൽ എല്ലാ വരപ്രസാദങ്ങളും മറിയത്തിൻെറ മാദ്ധ്യസ്ഥ്യത്തിൻെറ ഫലമായി അവൾ വഴിയായിട്ടാണ് നൽകപ്പെടുന്നതെന്ന് കത്തോലിക്കാസഭയിൽ എല്ലായിടത്തും ഒരു വിശ്വാസം ഉണ്ടാകത്തക്കവിധം, മറിയത്തിന്– പ്രത്യേകിച്ച് മനുഷ്യാവതാരത്തിൻെറയും വീണ്ടെടുപ്പിൻെറയും രഹസ്യങ്ങൾവഴി നിറവേററപ്പെട്ടമനുഷ്യവർഗ്ഗത്തിൻെറ രക്ഷണകൃത്യത്തിൽ– തൻെറ ദിവ്യപുത്രനോടുള്ള ബന്ധങ്ങൾ അത്ര അടുത്തതാണ്.

ഈ വിശ്വാസം കത്തോലിക്കരിൽ ഏതാനുംപേൎക്കു മാത്രമുള്ളതല്ല. വലിയ വിശുദ്ധന്മാരും പണ്ഡിതന്മാരായ വേദശാസ്ത്രജ്ഞന്മാരും അതു പഠിപ്പിച്ചിട്ടുണ്ട്. നമ്മുടെ ഈ കാലത്ത്, മാൎപ്പാപ്പാമാർ വിശ്വാസത്തിൻെറ ഔദ്യോഗിക നിർവചനമായിട്ടല്ലെങ്കിലും, സാൎവ്വത്രികസഭയ്ക്കുള്ള ചാക്രികലേഖനങ്ങളിൽ അതു പഠിപ്പിച്ചിട്ടുണ്ട്.

ഗേററായിൽനിന്നു കത്തോലിക്കാലോകത്തിന് എഴുതിയ ഒരു ലേഖനത്തിൽ ഒൻപതാം പീയൂസും, കൊന്തനമസ്കാരത്തെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ പതിമൂന്നാം ലെയോനും, "എല്ലാ നന്മകളും നാം മറിയംവഴി സ്വീകരിക്കണമെന്നു ദൈവം തിരുമനസ്സായിരിക്കുന്നു" എന്ന വി. ബെൎണ്ണാർദിൻെറ വാക്കുകൾ ഉദ്ധരിച്ചിട്ടുണ്ട്. മാതാവിൻെറ അമലോദ്ഭവം പ്രഖ്യാപനം ചെയ്യതിൻെറ ജൂബിലിസംബന്ധിച്ച് പത്താം പീയൂസ് എഴുതിയ വിശ്വലേഖനത്തിലും ഈ തത്വത്തെപ്പററി ഊന്നിപ്പറഞ്ഞിട്ടുണ്ട്.

അതുപോലെതന്നെ കത്തോലിക്കാസഭ "എല്ലാ ദാനങ്ങളും അങ്ങെയുടെ പുത്രൻെറ അമലോദ്ഭവ മാതാവുവഴി ഞങ്ങൾക്കു തരുവാൻ തിരുമനസ്സായ സൎവ്വശക്തനായ ദൈവമേ..."എന്നു പ്രാൎത്ഥിക്കുന്നു.

വി. അൽഫോൻസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "അതിനെ (എല്ലാ വരപ്രസാദങ്ങളും മറിയംവഴി വരുന്നു എന്നുള്ള പഠനം) സ്വീകരിക്കുകയും പ്രസംഗിക്കുകയും ചെയ്യുതു് ഒരു ഭാഗ്യമായി ഞാൻ എപ്പോഴും കരുതും. എന്തുകൊണ്ടെന്നാൽ, ഈ അഭിപ്രായം മറിയത്തോടുള്ള എൻെറ ഭക്തിയെ ഉദ്ദീപിപ്പി

ക്കന്നു, എന്നാൽ അതിനെതിരായുള്ള അഭിപ്രായം എന്നെ മന്ദീഭവിപ്പിക്കന്നു..."

കൊൺസ്റ്റാൻറിനോപ്പിളിലെ വി. ജെമ്മാനോസ് എന്ന പുണ്യവാൻ പറയുന്നതിങ്ങനെയാണ്: "ഓ, ദൈവമാതാവേ, നീ വഴിയായിട്ടല്ലാതെ ആരും രക്ഷ പ്രാപിക്കുന്നില്ല; ഓ, കന്യകാമാതാവേ, നീ വഴിയായിട്ടല്ലാതെ ആരും അപകടങ്ങളിൽ നിന്നൊഴിയുന്നില്ല; നന്മനിറഞ്ഞവളേ, നീ വഴിയായിട്ടല്ലാതെ ആരും ദൈവത്തിൻെറ ഒരു ദാനവും സ്വീകരിക്കുന്നില്ല."

ഇപ്രകാരം പിൻതാങ്ങപ്പെട്ടുവന്നിട്ടുള്ള ഒരഭിപ്രായം നമ്മുടെ ബഹുമാനത്തെയും ശ്രദ്ധയെയും എങ്കിലും അർഹിക്കുന്നുണ്ട്. വിശുദ്ധന്മാരും മല്പാന്മാരും മാപ്പാപ്പാമാരും പഠിപ്പിച്ചിട്ടുള്ളതും സഭയുടെ ആരാധനക്രമത്തിൽപോലും ഉൾക്കൊള്ളിക്കപ്പെട്ടിട്ടുള്ളതുമായ ഒരഭിപ്രായം നമുക്ക നിസ്സാരമായി തള്ളിക്കളയുവാൻ പാടുള്ളതല്ല.

ഈ അഭിപ്രായത്തിൻെറ അടിസ്ഥാനം എന്താണെന്നു നാം പരിശോധിക്കുമ്പോൾ, വരപ്രസാദത്തിൻെറ കത്താവിനെ മറിയംവഴിയായി നമുക്ക കിട്ടിയതുപോലെ വരപ്രസാദവും മറിയംവഴിയായി നാം സ്വീകരിക്കയെന്നതു് ഉചിതമാണെന്നു നമുക്ക കാണാവുന്നതാണ്.

മറിയം ഏലീശബായെ സന്ദശിച്ചപ്പോൾ സംഭവിച്ചതു് ഇപ്രകാരമാണെന്നു നമുക്കറിയാം. നമ്മുടെ നാഥ ഏലീശബായെ സന്ദശിച്ചു. അവളുടെ ദിവ്യപുത്രൻ സ്കറിയായുടെ അനുഗ്രഹിക്കപ്പെട്ട കുടുംബത്തിന്മേൽ തൻെറ വരപ്രസാദങ്ങൾ വഷിച്ചു. മറിയം സംസാരിച്ചപ്പോൾ ഏലീശ്ബാ പരിശുദ്ധാത്മാവിനാൽ നിറയ്ക്കപ്പെടുകയും യോഹന്നാൻ മാംദാനാ തൻെറ അമ്മയുടെ ഉദരത്തിൽവച്ചുതന്നെ വിശുദ്ധീകരിക്കപ്പെടുകയും ചെയ്തു.

ദൈവവരപ്രസാദത്തിൻെറ വിതരണത്തിൽ ഒരു നിയമമായിത്തീരാനിരുന്ന ഒരു മാതൃക ദൈവം ഇവിടെ കാണിച്ചിരിക്കുന്നെന്നുള്ളതു് സംഭവ്യം ആയി കാണപ്പെടുന്നില്ലേ? മനുഷ്യനായ വചനം, മേലിൽ തൻെറ വരപ്രസാദങ്ങളെല്ലാം തൻെറ മാതാവിൻെറ മാദ്ധ്യസ്ഥ്യംവഴിയായിട്ടു കൊടുക്കുമെന്നുള്ളതാണ് ഈ നിയമം.

സഭാപിതാക്കന്മാരിൽ ചിലർ മറിയം ഏലീശബായുടെ വീട്ടിൽ മൂന്നു മാസം താമസിച്ചതിൻെറ കാരണത്തെപ്പററി

പ്രസ്താവിച്ചിട്ടുണ്ട്. ഉദാഹരണമായി വി. അംബ്രോസീസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "പരിശുദ്ധ മറിയം തന്റെ പരസ്നേഹകൃത്യം നിറവേററിയതായി പറഞ്ഞിരിക്കുന്നതു യഥാർത്ഥമാണ്. കാരണം, അവളുടെ താമസത്തിന്റെ ഉദ്ദേശ്യം സ്നേഹപരമായ സഹവാസം മാത്രമായിരുന്നില്ല, പിന്നെയോ, ഇത്ര വലിയ ഒരു ദീർഘദർശിയുടെ (യോഹന്നാന്റെ) അഭിവൃദ്ധികൂടി ആയിരുന്നു. മറിയം ഗൃഹത്തിൽ പ്രവേശിച്ച ക്ഷണത്തിൽ, അവളുടെ അഭിവന്ദനംകേട്ട്, ശിശു ഉദരത്തിൽ കുതിച്ചു ചാടുകയും, ശിശുവിന്റെ മാതാവ് പരിശുദ്ധാത്മാവിനാൽ നിറയുകയും ചെയ്യുങ്കിൽ, ഇത്രയുംകാലം മറിയം അവിടെ താമസിച്ചപ്പോൾ ഈ അഭിവൃദ്ധി എത്ര അധികമായി പുരോഗമിച്ചിരിക്കണം."

ദൈവവരപ്രസാദത്തിന്റെ കലവറയായ തന്റെ സഭയിൽ, നമ്മുടെ കർത്താവിന്റെ സ്ഥാനം പ്രത്യേകവിധത്തിലുള്ള ഒന്നാണ്. അതുപോലെ, അവിടുത്തെ വാഴ്ത്തപ്പെട്ട മാതാവിന്റെ സ്ഥാനവും പ്രത്യേക വിധത്തിലുള്ള ഒന്നാണ് (അളവില്ലാത്ത ദൂരത്തിൽ ആണെന്നു മാത്രം). സിയെന്നായിലെ വി. ബെർണ്ണർദീനോസ് ഈ സത്യത്തെ ഒരുപമകൊണ്ടു വ്യക്തമാക്കിയിട്ടുണ്ട്: "പരിശുദ്ധ കന്യകാമറിയം, തന്റെ പുത്രന്റെ മൌതികശരീരത്തിലേക്ക് എല്ലാ ആദ്ധ്യാത്മികദാനങ്ങളും പ്രവഹിക്കുന്നതിനുള്ള, നമ്മുടെ ശിരസ്സിന്റെ (മിശിഹായുടെ) കഴുത്താകുന്നു."

പണ്ഡിതനായ കർദ്ദിനാൾ ബെല്ലാർമിൻ ഈ ആശയത്തെ കൂടുതൽ വികസിപ്പിച്ചിട്ടുണ്ട്: "മിശിഹാ സഭയുടെ ശിരസ്സും മറിയം സഭയുടെ കഴുത്തും ആകുന്നു. എല്ലാ ദൈവിക മനോഗുണങ്ങളും, എല്ലാ വരപ്രസാദങ്ങളും, എല്ലാ സ്വർഗ്ഗീയ പ്രേരണകളും ശിരസ്സിൽനിന്നെന്നപോലെ മിശിഹായിൽനിന്നു നമ്മുടെ പക്കലേക്കു വരുന്നു. മനുഷ്യശരീരത്തിന്റെ കഴുത്തിൽകൂടി ശിരസ്സ് അവയവങ്ങളെ സജീവമാക്കുന്നതുപോലെ, ഈ ദാനങ്ങളെല്ലാം മറിയംവഴി മൌതികശരീരത്തിലേക്കു വരുന്നു. മനുഷ്യശരീരത്തിൽ കൈകളും തോളുകളും കാലുകളും ഉണ്ട്. എന്നാൽ ഒരു തലയും ഒരു കഴുത്തും മാത്രമേയുള്ളു. അതുപോലെ സഭയിൽ പല ശ്ലീഹന്മാരെയും, അനേകം വേദസാക്ഷികളെയും, അനേകം വന്ദകന്മാരെയും, അനേകം കന്യകകളെയും ഞാൻ കാണുന്നു. എന്നാൽ ഒരു ദൈവപുത്രനും ഒരു ദൈവമാതാവും മാത്രമേയുള്ളൂ."

മനുഷ്യശരീരത്തിൽനിന്ന് എടുത്തിട്ടുള്ളതും, പരിശുദ്ധ കന്യകാമറിയത്തെ ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും, നമ്മുടെ കർത്താവിൻെറയും തൻെറ സഭയുടെയും, ഇടയ്ക്കുള്ള സംയോജകസ്ഥാനമായി കാണിക്കുന്നതുമായ ഈ ഉപമ പ്രത്യേകം അനുയോജ്യമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ, കഴുത്ത് തലയേയും ദേഹത്തേയും യോജിപ്പിക്കുന്നെങ്കിലും, അതും ശരീരത്തിൻെറ അവയവങ്ങളിൽ ഒന്നാണ്. അതുപോലെ മറിയവും മിശിഹായുടെ മൌതിക ശരീരത്തിൻെറ അവയവങ്ങളിൽ ഒന്നാണ്. ഏററം വിശിഷ്ടമായ അവയവമാണെന്നു മാത്രം. നമ്മുടെ നാഥ തൻെറ ആത്മീയ ജീവിതത്തിന് തൻെറ രക്ഷകനായ ദൈവത്തെ പൂർണ്ണമായി ആശ്രയിച്ചു. മറിയംവഴി എല്ലാ ക്രിസ്ത്യാനികളിലേക്കും പ്രവഹിക്കാനിരുന്ന വരപ്രസാദം ആദ്യം പരിപൂർണ്ണമായ അളവിൽ അവൾ സ്വീകരിച്ചു. ദൈവമാതാവാകുന്നതിനു മുൻപുതന്നെ ഗവ്റിയേലിനാൽ നന്മനിറഞ്ഞവൾ എന്നു വിളിക്കപ്പെട്ട അവളുടെ ആത്മാവിനെ ദൈവം വരപ്രസാദത്താൽ നിറച്ചു.

വി. ബെർണ്ണർദോസ് മറിയത്തെ യാക്കോബു കണ്ടതും ഭൂമിയിൽനിന്ന് ആകാശംവരെ എത്തിയതുമായ ഗോവണിയോട് ഉപമിക്കുന്നു. ആശ്ചര്യകരമായ ഈ ഗോവണി മറിയത്തിൻെറ ഒരു പ്രതിരൂപമായി സഭാപിതാക്കന്മാർ കരുതുന്നു. വി. അപ്രേം ഇപ്രകാരം എഴുതിയിരിക്കുന്നു:-

"എല്ലാവരുടെയും മാതാവേ, സ്വസ്തി. വരപ്രസാദത്തിൻെറ ഉറവയും സകലരുടെയും ആശ്വാസവും ആയവളെ, സ്വസ്തി. വ്യാകുലന്മാരുടെ കാരുണ്യസ്ഥാനമേ, സ്വസ്തി. ഓറശ്ലേത്തെ വിശുദ്ധ സ്ഥലമേ, സ്വസ്തി. ഞങ്ങളുടെ സ്രഷ്ടാവിൻെറ മഹത്വമേറിയ വാസസ്ഥലമേ, സ്വസ്തി. സ്വർഗ്ഗീയ പൌരന്മാരുടെ രാജ്ഞിയും മാലാഖാമാരുടെ നാഥയും ആയവളേ, സ്വസ്തി. ആകാശമോക്ഷത്തിൻെറ വാതിലും എല്ലാവരും മുകളിലേക്കു കയറുവാനുള്ള ഗോവണിയും ആയവളെ സ്വസ്തി..."

യാക്കോബു കണ്ടതായ ഈ ഗോവണിയെപ്പററി നാം ചിന്തിക്കുകയാണെങ്കിൽ, എത്ര ഹൃദയസ്പർശകമായ വിധത്തിൽ അതു മറിയത്തെയും അവളുടെ ശക്തിയേറിയ മദ്ധ്യസ്ഥതയെയും സൂചിപ്പിക്കുന്നെന്നു നമുക്കു കാണാൻ കഴിയും. ആ ഗോവണി ഭൂമിയിൽനിന്നു; അതിൻെറ അററം ആകാശത്തിൽ എത്തി. മറിയം

തന്റെ സ്വഭാവത്തിൽ ഈ ലോകത്തിനേറതാണ്; ദൈവമാതാവ് എന്ന തന്റെ സ്ഥാനംകൊണ്ട് അവൾ ആകാശത്തെ സ്പർശിക്കുന്നു. അവൾ വഴിയായി നമ്മുടെ കർത്താവീശോമിശിഹാ നമ്മുടെ പക്കലേക്ക വന്നു; അവൾവഴിയായി നമുക്ക് അവിടുത്തെ അടുക്കലേക്ക കയറാം. അവൾവഴിയായി ഭൂമിയിൽനിന്നുള്ള നമ്മുടെ പ്രാർത്ഥന നിത്യപിതാവിന്റെ സിംഹാസനത്തുങ്കൽ ചെല്ലുന്നു. എന്തുകൊണ്ടെന്നാൽ മാലാഖാമാർ മുകളിലേക്ക കയറിയ അത്ഭുതകരമായ ഗോവണിയാകുന്നു അവൾ. ആ ഗോവണിവഴിതന്നെ അവൾ ഭൂമിയിലേക്ക് ഇറങ്ങിയതുപോലെ, ഉന്നതങ്ങളിൽനിന്നുള്ള സകല അനുഗ്രഹങ്ങളും, രക്ഷകന്റെ രക്തംകൊണ്ടു വാങ്ങിയ സകല വരപ്രസാദങ്ങളും മറിയംവഴി മനുഷ്യരുടെ പക്കലേക്ക വരുന്നു.

ദൈവം സകല വരപ്രസാദങ്ങളും മറിയത്തിന്റെ കൈകൾവഴി നമുക്ക തരുന്നെന്നു പറയുമ്പോൾ, മറിയത്തിന്റെ ശാരീരികമായ ഇടപെടൽവഴി വരപ്രസാദം നമ്മുടെ പക്കലേക്ക വരുന്നെന്ന് ഒരു തെററായ ധാരണയുണ്ടാകാൻ പാടുണ്ട്. ഇപ്രകാരമുള്ള ഒരഭിപ്രായം വാസ്തവവിരുദ്ധമായ ഒന്നത്രെ. ദൈവം അരൂപിയാണ്, അവിടുന്നു മനുഷ്യന്റെ ആത്മാവിൽ നേരിട്ടുള്ള പ്രവർത്തനംവഴി വരപ്രസാദം നൽകുന്നു. എന്നിരുന്നാലും മനുഷ്യനായ ഈശോമിശിഹാ വഴിയാണ് എല്ലാ വരപ്രസാദങ്ങളും ദൈവം മനുഷ്യർക്കു കൊടുക്കുന്നതു്. നമ്മുടെ രക്ഷകന്റെ ഈ മാദ്ധ്യസ്ഥ്യത്തോടുകൂടി അവിടുത്തെ മാതാവിന്റെ പ്രാർത്ഥനയേയും യോജിപ്പിക്കുന്നുണ്ടോ എന്നുള്ളതു മാത്രമാണ് ഇവിടെ ചിന്താവിഷയം. നസറത്തിൽ മനുഷ്യാവതാരത്തിനും ഗാഗുൽത്തായിൽ കഷ്ടാനുഭവത്തിനും സമ്മതം കൊടുത്തുകൊണ്ട് മറിയം തീർച്ചയായും വരപ്രസാദം സമ്പാദിക്കുന്നതിൽ സഹകരിച്ചു. വീണ്ടെടുത്ത ആത്മാക്കൾക്ക് ആ വരപ്രസാദം വിതരണം ചെയ്യുന്നതിൽനിന്നു മറിയത്തെ ന്യായമായി മാററിനിറുത്താമോ? അതോ, ഇവിടെയും അവൾ തന്റെ പ്രാർത്ഥനയാൽ സഹകരിക്കുന്നുണ്ടോ?

മനുഷ്യാവതാരത്തിനുശേഷം എല്ലാ വരപ്രസാദങ്ങളും മറിയംവഴി വരുന്നെന്നുള്ള അഭിപ്രായം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തിട്ടില്ല. എന്നാൽ അതു് കത്തോലിക്കാവിശ്വാസത്തിനു പൂർണ്ണമായി അനുയോജ്യമായിട്ടുള്ളതാണെന്നുള്ള

വാസ്തവം ആക്കം നിഷേധിക്കാൻ സാധിക്കയില്ല. കൂടാതെ, അതു വിശുദ്ധന്മാക്ക മറിയത്തിൻെറ നേരെ ഉണ്ടായിരുന്ന മനോഭാവത്തിനും അനുയോജ്യമായിട്ടുള്ളതാണെന്ന് അവരുടെ കൃതികളിൽനിന്ന നമുക്ക കാണാൻ കഴിയും. മാത്രമല്ല, അതു കത്തോലിക്കാസഭയുടെ മനോഭാവത്തിനും അനുയോജ്യമായിട്ടുള്ളതാണ്. സഭയുടെ ഔദ്യോഗിക പ്രാത്ഥനക്രമങ്ങൾ, തങ്ങളുടെ എല്ലാ ആവശ്യങ്ങളിലും മറിയത്തിൻെറ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നതിനു വിശ്വാസികളെ പ്രേരിപ്പിക്കുന്നു. അതിനാൽ ഈ അഭിപ്രായത്തിന് ഉറച്ച അടിസ്ഥാനം ഉണ്ടെന്ന നമുക്ക മനസ്സിലാക്കാൻ കഴിയും.

ദൈവത്തിൽനിന്ന് ഏതെങ്കിലും പ്രത്യേക വരപ്രസാദത്തിൻെറ ആവശ്യം നമുക്ക നേരിടുമ്പോൾ, ദൈവത്തിൻെറ വാഗ്ദാനങ്ങളിൽ ആശ്രയിച്ചുകൊണ്ട്, നമ്മുടെ കത്താവിശോമിശിഹാവഴിയായി, നമ്മുടെ സ്വർഗ്ഗീയപിതാവിനോടു നമുക്കതു ചോദിക്കാം; വി. കുർബാനയിൽ തിരുശ്ശരീരം എഴുന്നെള്ളിച്ചുവെക്കുമ്പോൾ അതിനായി നമുക്ക പ്രാത്ഥിക്കാം; നമ്മുടെ സ്നേഹരക്ഷകൻെറ തിരുഹൃദയത്തിൽനിന്ന പരിപൂണ്ണ ശരണത്തോടുകൂടി നമുക്കതിനപേക്ഷിക്കാം; എന്നാൽ മറിയത്തിനോടും പ്രാത്ഥിക്കാൻ നാം മറക്കരുത്. നാം വി. കുർബാന കാണുമ്പോഴും, മേരിസുതൻെറ മുൻപാകെ മുട്ടുകുത്തി നില്ക്കുമ്പോഴും, നമ്മുടെ പിതാവായ ദൈവത്തിൻെറ കാരുണ്യം അപേക്ഷിക്കുമ്പോഴും, ആത്മികമായി നമുക്കാവശ്യമുള്ള ഒരുക്കങ്ങൾ അവൾ നമുക്ക ലഭിച്ചുതരും. മറിയത്തിൽ നമുക്കുള്ള ശരണത്തെ വദ്ധിപ്പിക്കുന്നതൊക്കെയും ദൈവത്തിൽ നമുക്കുള്ള ശരണത്തെയും വദ്ധിപ്പിക്കും. മറിയത്തിൻെറ സ്നേഹപൂവ്വകമായ മാദ്ധ്യസ്ഥ്യത്തിലുള്ള ശരണം, ദുഃഖത്തിൻെറയും വിഷാദത്തിൻെറയും കാർമേഘങ്ങളെ നീക്കി നമ്മുടെ ആത്മാവുകളിൽ പ്രകാശവും സ്വർഗ്ഗീയ വരപ്രസാദങ്ങളും പ്രവേശിപ്പിക്കും.

# അദ്ധ്യായം ൧൩

---

## പഴയനിയമത്തിലെ സ്ത്രീകളിൽ മറിയത്തിന്റെ പ്രതിരൂപങ്ങൾ

നമ്മുടെ കർത്താവിന്റെ വരവിനു മുൻപ് ലോകത്തിൽ ജീവിച്ചിരുന്ന വിശുദ്ധന്മാർ തന്റെ പ്രതിരൂപങ്ങളായിരുന്നെന്നു നമുക്കറിയാം. ആബേൽ കർത്താവിന്റെ കുററമില്ലായ്മയേയും ഈയോബു തന്റെ ക്ഷമയേയും, മെൽക്കീസദേക്ക് തന്റെ പൌരോഹിത്യത്തേയും, ഇസഹാക്ക് തന്റെ മരണത്തേയും, യോനാസ് തന്റെ കവറടക്കത്തെയും ഉയിർപ്പിനെയും, മൂശ തന്റെ ശുശ്രൂഷയെയും, ശെംശോൻ തന്റെ ശക്തിയെയും, ദാവീദ് തന്റെ രാജത്വത്തേയും, സ്ലേമ്മോൻ തന്റെ ബോധജ്ഞാനത്തേയും പ്രത്യക്ഷപ്പെടുത്തി. അതിനാൽ ഇസ്രായേലിലെ സ്ത്രീകളിലും പ്രത്യേകിച്ച് വീരവനിതകളിലും അവിടുത്തെ മാതാവിന്റെ പ്രതിബിംബം കാണുന്നതിൽ നമുക്ക് അത്ഭുതത്തിനവകാശമില്ല. എന്നാൽ വി. തോമ്മാ മല്ലാൻ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, നാം ഒരു പ്രതിരൂപത്തെപ്പററി ചിന്തിക്കുമ്പോൾ, ഏതെങ്കിലും ഒരു കാര്യത്തിലുള്ള സാമ്യം മാത്രം നോക്കുകയും, പല വ്യത്യാസങ്ങൾ കാണുന്നതിൽ അശ്ചര്യപ്പെടാതിരിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

൧. ഹവ്വാ. മാതൃത്വത്തിൽ ഹവ്വായെ മറിയത്തിന്റെ ഒരു പ്രതിരൂപമായി നാം കണ്ടുകഴിഞ്ഞു. സ്വാഭാവികക്രമത്തിൽ ഹവ്വാ നമ്മുടെയെല്ലാം ആദിമാതാവായിരിക്കുന്നതുപോലെ, സ്വഭാവത്തിനു മേലപ്പെട്ട ക്രമത്തിൽ, മറിയം ഹവ്വായുടെ പാപത്തെ പരിഹരിച്ച് വീണ്ടെടുക്കപ്പെട്ടവരുടെ മാതാവായിത്തീർന്നു.

൨. സാറാ. ബലിപീഠത്തിന്മേൽ ബന്ധിക്കപ്പെട്ടു കിടന്ന ഇസഹാക്ക് നമ്മുടെ കർത്താവിന്റെ പ്രതിരൂപങ്ങളിൽ ഒന്നായിരുന്നു. അതിനാൽ ഇസഹാക്കിന്റെ മാതാവിൽ മിശിഹായുടെ മാതാവിന്റെ ഒരു പ്രതിരൂപം നാം പ്രതീക്ഷിക്കുന്നു. സാറായുടെ മാതൃത്വം മറിയത്തിന്റെ മാതൃത്വംപോലെ സ്വാഭാവികനിയമങ്ങൾക്കതീതമായിരുന്നെന്നു നാം കാണുന്നതിൽ

അത്ഭുതപ്പെടാനില്ല. ഇസഹാക്ക ജനിച്ചപ്പോൾ അവൻെറ അമ്മ, "സന്തോഷംകൊണ്ടു ചിരിക്കാൻ ദൈവം എനിക്കു കാരണം തന്നിരിക്കുന്നു; ഇതു കേൾക്കുന്നവരെല്ലാം എന്നോടുകൂടി ചിരിക്കും," എന്നു പറഞ്ഞു. അത്ഭുതകരമായ തൻെറ പ്രസവത്തിൽ സാറാ തൻെറ ഇഷ്ടജനങ്ങളോടുകൂടി സന്തോഷിച്ചെങ്കിൽ, മിശിഹായുടെ ജനനത്തിൽ എത്ര കൂടുതലായി മാലാഖാമാരും പുണ്യവാന്മാരും കന്യകാമറിയത്തോടുകൂടി സന്തോഷിക്കുന്നു!

൩. റെബേക്കാ. "അവൾ ഏററം അഴകുള്ള ഒരു യുവതിയും സുന്ദരിയായ ഒരു കന്യകയും, പുരുഷനെ അറിഞ്ഞിട്ടില്ലാത്തവളും ആയിരുന്നു" എന്ന് റെബേക്കായെപ്പററി നാം വായിക്കുന്നു. മറിയം പരിശുദ്ധാത്മാവിയുടെ മണവാട്ടിയായിത്തീരാൻ ഒരുക്കപ്പെട്ടതുപോലെ, ദൈവപരിപാലനയിൽ റെബേക്കാ ഇസഹാക്കിൻെറ മണവാട്ടിയായിത്തീരാൻ ഒരുക്കപ്പെട്ടിരുന്നു. രസകരമായ ആ കഥ ഇപ്രകാരമാണ്.

"വൈകുന്നേരം, സ്ത്രീകൾ വെള്ളം കോരാൻ പുറത്തേക്കു വരിക പതിവായിരുന്ന സമയത്ത്, നഗരത്തിനു വെളിയിലുള്ള ഒരു കിണററിനു സമീപം ഒട്ടകങ്ങളെ കിടത്തിയശേഷം, അവൻ ഇപ്രകാരം പ്രാർത്ഥിച്ചു: "എൻെറ യജമാനനായ അബ്രഹാമിൻെറ ദൈവമായ ഓ കർത്താവേ, ഇന്ന് എൻെറ അടുക്കൽ വന്ന് എൻെറ യജമാനൻ അബ്രാഹമിനോടു കരുണ കാണിക്കണമെന്നു ഞാൻ അങ്ങയോടപേക്ഷിക്കുന്നു. കണ്ടാലും, ഞാൻ ഉറവയുടെ സമീപത്തു നില്ക്കുന്നു, ഈ നഗരത്തിലെ നിവാസികളുടെ പുത്രിമാർ വെള്ളം കോരാൻ വരും. അതിനാൽ, ആരോടു ഞാൻ: 'എനിക്കു വെള്ളം കുടിക്കാൻ നിൻെറ കുടം താഴെ വെയ്ക്കുക' എന്നു പറയുകയും, അവൾ: 'കുടിക്കുക' 'അങ്ങയുടെ ഒട്ടകങ്ങൾക്കും ഞാൻ കുടിക്കാൻ കൊടുക്കാം,' എന്നു മറുപടി പറയുകയും ചെയ്യുന്നോ ആ യുവതി അങ്ങയുടെ ദാസനായ ഇസഹാക്കിനായി അങ്ങു നിശ്ചയിച്ചിരിക്കുന്നവളായിരിക്കട്ടെ. എൻെറ യജമാനനോടു അങ്ങു കരുണ കാണിച്ചെന്ന് ഇതുകൊണ്ടു ഞാൻ മനസ്സിലാക്കാം. അവൻ ഈ വാക്കുകൾ പറഞ്ഞുകഴിയുന്നതിനു മുൻപ്, കണ്ടാലും, അബ്രഹാമിൻെറ സഹോദരൻ നാഖോറിൻെറ ഭാര്യയായ മെൽക്കായുടെ പുത്രൻ ബാഥുവേലിൻെറ പുത്രിയായ റെബേക്കാ തോളിൽ ഒരു കുടവും ചുമന്നുകൊണ്ടു പുറത്തു വന്നു." (സൃഷ്ടി ൨൪, ൧൧-൧൫).

ሥ. റാഖേൽ. മറിയം ദൈവത്തിൻെറ ഹൃദയത്തെ കൈവശമാക്കിയതുപോലെ, റാഖേൽ യാക്കോബിൻെറ ഹൃദയത്തെ വശഗമാക്കി. അവൾക്കു രണ്ടു പുത്രന്മാരുണ്ടായി, യൌസേപ്പും, അനേക കൊല്ലങ്ങൾക്കുശേഷം ബെഞ്ചമിനും. തൻെറ സഹോദരന്മാർ അടിമയായി വില്ക്കുകയും, പിന്നീട് സ്വജനത്തിൻെറ രക്ഷകനായിത്തീരുകയും ചെയ്തു യൌസേപ്പ്, മുപ്പതു വെള്ളിക്കാശിനു വിൽക്കപ്പെട്ട രക്ഷകനായ മ്ശിഹായുടെ മുഖ്യ മുൻരൂപങ്ങളിൽ ഒന്നാകുന്നു. യൌസേപ്പ് ജനിച്ചപ്പോൾ, റാഖേലിൻെറ ഹൃദയം സന്തോഷിച്ചു, എന്നാൽ ബെഞ്ചമിൻ ജനിച്ചപ്പോൾ, അവൾ അധികം വേദനയനുഭവിക്കയും, അവനെ 'എൻെറ വേദനയുടെ പുത്രൻ' എന്നർത്ഥമുള്ള ബെനോനി എന്നു വിളിക്കുകയും ചെയ്തു. അപ്രകാരംതന്നെ, വേദനക്കൂടാതെയുള്ള മ്ശിഹായുടെ ജനനത്തിൽ മറിയം അതിയായി സന്തോഷിച്ചു, എന്നാൽ അവൾ നമ്മുടെ എല്ലാവരുടെയും മാതാവായിത്തീർന്നതു് കഠിനമായ ദുഃഖത്തിലാണ്. നാമെല്ലാവരും ബെനോനി, അവളുടെ വേദനയുടെ പുത്രന്മാർ, ആകുന്നു.

ഠ. മറിയം. മൂശയുടെയും അഹറോൻെറയും സഹോദരിയായ മറിയത്തെ, അല്ലെങ്കിൽ മറിയത്തെ നമ്മുടെ നാഥയുടെ ഒരു മുൻരൂപമായി സഭാപിതാക്കന്മാർ പരിഗണിക്കുന്നു. പുറപ്പാടിൻെറ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "അനന്തരം അഹറോൻെറ സഹോദരിയായ മറിയം എന്ന പ്രവാചകി തൻെറ കൈയിൽ തപ്പു് എടുത്തു. സ്ത്രീകളെല്ലാം തപ്പുകളോടും മദ്ദളങ്ങളോടുംകൂടെ അവളുടെ പുറകെ പുറപ്പെട്ടു. മറിയം അവൎക്കു് ഉത്തരമായി (ഇങ്ങനെ) പാടിയിരുന്നു: 'കുതിരകളിൽ മഹത്വപ്പെട്ടുകയും അവയുടെമേൽ ഇരുന്നവരെ കടലിൽ തള്ളിയിട്ടുകയും ചെയ്തു മഹത്വമുള്ള കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ'. ഇസ്രായേൽജനം ചെങ്കടൽ കടക്കുകയും തിന്മയുടെ സൈന്യങ്ങൾ നശിപ്പിക്കപ്പെട്ടുകയും ചെയ്തതിൻെറശേഷം മറിയം ദൈവത്തിൻെറ ജനത്തെ, പാലും തേനും ഒഴുകുന്ന തിരിഞ്ഞെടുക്കപ്പെട്ട ദേശത്തേക്കു നയിച്ചു. തിരിഞ്ഞെടുക്കപ്പെട്ട ദേശം സ്വർഗ്ഗരാജ്യത്തിൻെറ ഒരു സാദൃശ്യമാകുന്നു. പാപത്താലും പിശാചിനാലും പിൻതുടരപ്പെട്ട്, പരീക്ഷയുടെ മരുഭൂമിയിൽക്കൂടി ക്രിസ്ത്യാനികൾ സ്വർഗ്ഗരാജ്യത്തേക്കു യാത്രചെയ്യുന്നു.

൩൦-ം, ൧൦-ം. ദെബോറായും ജായേലും. ന്യായാധിപന്മാരുടെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "ആഹോദിന്റെ മരണാനന്തരം, വീണ്ടും ഇസ്രായേൽമക്കൾ ദൈവസന്നിധിയിൽ തിന്മ പ്രവർത്തിച്ചു. ആകയാൽ, ആസോറിനെ ഭരിച്ചിരുന്ന കാനാനിലെ രാജാവായ ജാബിന്റെ കൈയിൽ അവരെ കർത്താവു് ഏല്പിച്ചു. അദ്ദേഹത്തിനു സിസറാ എന്നൊരു സൈന്യാധിപനുണ്ടായിരുന്നു... അദ്ദേഹത്തിനു് (ജാബിനു്) വീച്ചരുവാൾ വച്ചുകെട്ടിയ തൊള്ളായിരം രഥങ്ങൾ ഉണ്ടായിരുന്നു: ഇരുപതുകൊല്ലക്കാലത്തേക്ക് അവരെ ദാരുണമായി പീഡിപ്പിക്കുകയും ചെയ്തിരുന്നു. അക്കാലത്തു ലപ്പിദോത്തിന്റെ ഭാര്യയായി ദെബോറാ എന്നൊരു ദീർഘദർശിനിയുണ്ടായിരുന്നു. ജനങ്ങളെ വിധിച്ചിരുന്നതു് ഇവളത്രെ. എഫ്റേയിം പർവ്വതത്തിൽ റാമായുടെയും ബെഥേലിന്റെയും മദ്ധ്യേ അവളുടെ പേരിനാൽതന്നെ വിളിക്കപ്പെട്ടിരുന്ന ഈന്തപ്പനയുടെ ചുവട്ടിൽ അവൾ ആസ്ഥാനമുറപ്പിച്ചു. ഇസ്രായേൽമക്കൾ എല്ലാവരും ന്യായവിചാരണയ്ക്കു് അവളുടെ സന്നിധിയിൽ പോകുകയും ചെയ്തിരുന്നു. അവൾ, അബിനോയേമിന്റെ പുത്രനായ ബാറാക്കിനെ, നഫ്താലിയിലുള്ള സിദസിൽനിന്നു് ആളയച്ചു വരുത്തി അവനോടു പറഞ്ഞു: 'ഇസ്രായേലിന്റെ ദൈവമായ കർത്താവു നിന്നോടു് ഇപ്രകാരം ആജ്ഞാപിച്ചിരിക്കുന്നു. നീ ചെന്നു്, നഫ്താലിയുടെ മക്കളിൽനിന്നും, സെബുളോന്റെ മക്കളിൽനിന്നും പതിനായിരം യോദ്ധാക്കളെ ശേഖരിച്ചു് താബോർ മലയിലേയ്ക്കു ആ സൈന്യത്തെ കൊണ്ടുപോകുക. ജാബിന്റെ സൈന്യാധിപനായ സിസറായെയും അവന്റെ രഥങ്ങളെയും, അവന്റെ ജനക്കൂട്ടത്തെയും, സീസോൺ നദിയുടെ സമീപെ നിന്റെ പക്കൽ കൊണ്ടുവന്നു്, അവരെ നിന്റെ കൈയിൽ ഞാൻ ഏല്പിച്ചുതരും.' 'നീ എന്നെ അനുഗമിക്കുന്ന പക്ഷം, ഞാൻ പോകാം; നീ എന്നെ അനുഗമിക്കാത്തപക്ഷം ഞാൻ പോകുകയില്ല,' എന്നു ബാറാക്ക് അവളോടു മറുപടി പറഞ്ഞു. അപ്പോൾ അവൾ ഉത്തരം പറഞ്ഞതെന്തെന്നാൽ:- 'നിശ്ചയമായും ഞാൻ നിന്നോടുകൂടി വരും, എന്നാൽ ഇപ്രാവശ്യം വിജയബഹുമതി നിനക്കായിരിക്കയില്ല, എന്തുകൊണ്ടെന്നാൽ, സിസറാ ഒരു സ്ത്രീയുടെ കൈയിൽ ഏല്പിക്കപ്പെടും.'

ദൈവം സിസറായെ ജാഹേൽ എന്നു പേരായ ഒരു

സ്ത്രീയുടെ കൈയിൽ ഏല്പിച്ചു. അവൾ ദൈവപ്രചോദനത്താൽ, തൻെറ ജനത്തെ രക്ഷിക്കാൻവേണ്ടി, അവനെ ഒരു ചുററിക കൊണ്ടടിക്കുകയും അവൻെറ തലയിൽ ആണി അടിച്ചു കയററുകയും ചെയ്തു.

വ. രൂത്ത്. വേദപുസ്തകത്തിലെ ഏററം ഹൃദയസ്പൃക്കങ്ങളായ കഥകളിലൊന്ന് മൊവാബ്യകാരിയായ രൂത്തിൻെറ കഥയാകുന്നു:— തൻെറ ഭർത്താവിൻെറയും രണ്ടു പുത്രന്മാരുടെയും മരണത്തിനുശേഷം നൊയേമി തൻെറ രണ്ടു മരുമക്കളോടുംകൂടി മൊവാബ്യദേശത്തിൽനിന്നു സ്വദേശത്തേക്കു പോകുവാനൊരുങ്ങി. അവൾ അവരോടു പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ഭവനങ്ങളിൽ നിങ്ങളുടെ മാതാക്കളുടെ അടുക്കലേക്കു പൊയ്ക്കൊള്ളുവിൻ. മരിച്ചുപോയവരോടും എന്നോടും നിങ്ങൾ വർത്തിച്ചതുപോലെ തന്നെ, കർത്താവു നിങ്ങളോടു കരുണാപൂർവ്വം വർത്തിക്കട്ടെ.'

ഓർഫാ തൻെറ അമ്മായിയമ്മയെ ചുംബനംചെയ്തു പിന്തിരിഞ്ഞു. രൂത്താവട്ടെ തൻെറ അമ്മാവിയമ്മയോടു പററിനിന്നു. അപ്പോൾ നൊയേമി അവളോടു പറഞ്ഞു: "കണ്ടാലും, നിൻെറ സഹോദരി അവളുടെ ആളുകളുടെ അടുക്കലേക്കും അവളുടെ ദേവന്മാരുടെ അടുക്കലേക്കും മടങ്ങിപ്പോയിരിക്കുന്നു; നീയും അവളുടെകൂടെ പോകുക." ഇതിന് അവൾ മറുപടി പറഞ്ഞു: "ഞാൻ നിന്നെവിട്ടു പിരിഞ്ഞുപോകുവാൻ ആഗ്രഹിക്കത്തക്കവിധം നീ എന്നോടു വിരോധമായിരിക്കരുത്. എന്തുകൊണ്ടെന്നാൽ, നീ എവിടെ പോകുന്നുവോ അവിടെ ഞാനും വരും; എവിടെ താമസിക്കുമോ അവിടെ ഞാനും താമസിക്കും. നിൻെറ ജനങ്ങൾ എൻെറ ജനങ്ങളും നിൻെറ ദൈവം എൻെറ ദൈവവും ആയിരിക്കും. നീ ഏതു ദേശത്തു മരിക്കുമോ അവിടെ വച്ചുതന്നെ ഞാനും മരിക്കും: അവിടെത്തന്നെ ഞാൻ സംസ്കരിക്കപ്പെടുകയും ചെയ്യും. മരണമല്ലാതെ വേറെ എന്തെങ്കിലും എന്നെ നിന്നിൽനിന്നു വേർപെടുത്തുമെങ്കിൽ കർത്താവ് എന്നോടു വേണ്ടതും അതിലധികവും ചെയ്തുകൊള്ളട്ടെ. ആകയാൽ അവർ ഒരുമിച്ചു ബേത്ലഹേമിൽ വന്നുചേർന്നു.".

പില്ക്കാലത്ത്, ബേസ്ലഹമ്മിലേക്ക് ഒരിക്കലും മറക്കാൻ പാടില്ലാത്ത ഒരു യാത്ര കഴിച്ച വേറൊരു കന്യകയിലേക്ക് നമ്മുടെ വിചാരങ്ങൾ സഞ്ചരിക്കുന്നു. രൂത്ത് ഒരു വിദേശിനിയായി ആ ചെറിയ നഗരത്തിലേക്കു പോയി, അതുപോലെ

തന്നെ ഏററം പരിശുദ്ധയായ മറിയവും. റൂത്ത് മറിയത്തിൻെറ കന്യാത്വത്തിൻെറ പ്രതിരൂപം അല്ലായിരുന്നെങ്കിലും, തീർച്ചയായും അവൾ ക്രിസ്ത്യാനികൾ എല്ലായിടത്തും വിശ്വസ്തയായ കന്യക എന്നു വിളിക്കുന്ന മറിയത്തിൻെറ വിശ്വസ്തതയെ പ്രത്യക്ഷപ്പെടുത്തുന്നു. വിശ്വസ്തയായ കന്യക നമ്മെ ഈ ലോകത്തിലാകട്ടെ, മരണസമയത്താകട്ടെ, പരലോകത്തിലാകട്ടെ, ഒരിക്കലും ഉപേക്ഷിക്കയില്ല.

കൂടാതെ, ബോവാസെന്ന ധനികനു് റൂത്തിൻെറമേൽ പ്രസാദം ഉണ്ടായെന്നും, അയാൾ അവളെ ആശ്വസിപ്പിക്കുകയും, അവളുടെ ഹൃദയത്തോടു സംസാരിക്കുകയും ചെയ്യുന്നും, അവൾ നിലത്തു സാഷ്ടാംഗംവീണു് അയാളെ വണങ്ങി, താൻ അയാളുടെ ദാസിയാണെന്നു് ഏററുപറയുകയും ചെയ്യുന്നും നാം വായിക്കുന്നു. അതുപോലെതന്നെ പരിശുദ്ധ കന്യക, താൻ തൻെറ രക്ഷകനായ ദൈവത്തിൻെറ എളിയ ദാസിയാണെന്നു് ഏററുപറഞ്ഞുകൊണ്ടു് അവിടുത്തെ വണങ്ങുകയും മഹത്വപ്പെടുത്തുകയും ചെയ്യുമ്പോൾ, ദൈവം അവളിൽ പ്രസാദിച്ചു.

൯. അബിഗേൽ. റൂത്ത് വിശ്വസ്തയായ കന്യകയുടെ പ്രതിരൂപം ആണെങ്കിൽ, അബിഗേൽ വിവേകവതിയായ കന്യകയുടെ പ്രതിരൂപമാകുന്നു. "മാവോണിലെ വിജനസ്ഥലത്തു് ഒരാൾ പാർത്തിരുന്നു. പക്ഷേ, കർമ്മലയിലായിരുന്നു അയാളുടെ സ്വത്തുക്കൾ. അവൻ ഒരു വലിയ ആളായിരുന്നു. അവനു മൂവായിരം ചെമ്മരിയാടുകളും ആയിരം കോലാടുകളും ഉണ്ടായിരുന്നു. അയാൾ കർമ്മലയിൽ തൻെറ ആടുകളുടെ രോമം കത്രിക്കയായിരുന്നു ഈ മനുഷ്യൻെറ പേർ നാബാലെന്നും ഭാര്യയുടെ പേർ അബിഗേൽ എന്നും ആയിരുന്നു. വിവേകവും വളരെ സൌന്ദര്യവുമുള്ളവൾ ആയിരുന്നു അവൾ. എന്നാൽ അവളുടെ ഭർത്താവു് കർക്കശനും വലിയ ദുഷ്ടനും ദുസ്സ്വഭാവിയും ആയിരുന്നു." (ശാമു. ൨൫. ൨–൩.)

നാബാൽ തൻെറ ആടുകളുടെ രോമം കത്രിക്കുകയാണെന്നു് മരുഭൂമിയിൽവച്ചു ദാവീദു കേട്ടപ്പോൾ, അദ്ദേഹം സ്നേഹപരവും ഉപചാരപരവുമായ ഒരു സന്ദേശവുമായി തൻെറ യുവാക്കന്മാരിൽ പത്തുപേരെ അയാളുടെ അടുക്കലേക്കയച്ചു. "കർമ്മലമലയിൽ നാബാലിൻെറ അടുക്കൽ ചെന്നു് എൻെറ നാമത്തിൽ സമാധാനത്തിൽ അയാളെ അഭിവന്ദിക്കുവിൻ." എന്നാൽ

നാബാൽ ദാവീദിൻെറ ഭൃത്യന്മാരോട് ഇപ്രകാരം മറുപടി പറഞ്ഞു: "ദാവീദ് ആരാകുന്നു? ഈസായിയുടെ പുത്രൻെറ ജോലി യെന്തു്? യജമാനന്മാരുടെപക്കൽനിന്നൊളിച്ചോടുന്ന ഭൃത്യന്മാർ ഇക്കാലത്തു വർദ്ധിച്ചുവരികയാണ്." ഈ പരിഹാസത്തെപ്പററി ദാവീദു കേട്ടപ്പോൾ അദ്ദേഹം അതിയായി കോപിച്ച് ഇപ്രകാരം പറഞ്ഞു: 'ഓരോരുത്തരും അവനവൻെറ വാൾ ധരിക്കട്ടെ.' അപ്രകാരം ഓരോരുത്തരും വാൾ ധരിച്ചു. ദാവീദും അദ്ദേഹത്തിൻെറ വാൾ ധരിച്ചു. ഏകദേശം നാനൂറുപേർ ദാവീദിനെ അനുഗമിച്ചു. ഇരുനൂറുപേർ ഭാണ്ഡങ്ങളുടെ അടുക്കൽ താമസിക്കയും ചെയ്തു. അപ്പോൾ ഭൃത്യന്മാരിലൊരുത്തൻ നാബാലിൻെറ ഭാര്യയായ അബിഗേലിനോടു പറഞ്ഞു: 'ഇതാ, ഞങ്ങളുടെ യജമാനനെ അഭിവാദ്യം ചെയ്യുന്നതിനായി വനത്തിൽനിന്നു ദാവീദു ഭൃത്യന്മാരെ പറഞ്ഞയച്ചു. അദ്ദേഹം അവരെ നിരസിക്കയാണു ചെയ്തതു്. അവരോ എന്നാൽ വളരെ നല്ലവരായിരുന്നു. ഞങ്ങൾക്കൊരുപദ്രവവും ചെയ്തില്ല. മരുഭൂമിയിൽ അവരോടുകൂടി പെരുമാറിയ കാലത്തെങ്ങും ഞങ്ങൾക്കൊന്നും നഷ്ടപ്പെട്ടതുമില്ല. ഞങ്ങൾ അവരോടുകൂടി ആടുകാത്തിരുന്ന കാലമെല്ലാം അവർ അഹോരാത്രം ഞങ്ങൾക്ക് ഒരു കോട്ടയായിരുന്നു. ആകയാൽ നീ ചെയ്യേണ്ടതെന്തെന്ന് ആലോചിക്കുക. എന്തുകൊണ്ടെന്നാൽ നിൻെറ ഭർത്താവിനും നിൻെറ ഭവനത്തിനും വിരോധമായി തിന്മ തയ്യാറാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹമാകട്ടെ ഒരു ബലിയാളിൻെറ മകനാണ്. യാതൊരുത്തനും അദ്ദേഹത്തോടു സംസാരിക്കാൻ നിവൃത്തിയില്ല.' അപ്പോൾ അബിഗേൽ തിടുക്കത്തിൽ ഇരുനൂറു അപ്പവും രണ്ടുപാത്രം വീഞ്ഞും പാകംചെയ്ത അഞ്ചു ചെമ്മരിയാടും അഞ്ചുപറ വറുത്ത ധാന്യവും ഉണങ്ങിയ നൂറു മുന്തിരിക്കുലയും വരട്ടിയ അത്തിപ്പഴംകൊണ്ടുണ്ടാക്കപ്പെട്ട ഇരുനൂറു അടയും എടുത്തു കഴുതകളുടെ പുറത്തു കയററി. 'നിങ്ങൾ എൻെറ മുമ്പേ പോകുവിൻ, ഞാൻ നിങ്ങളുടെ പിന്നാലെ വരും,' എന്ന് അവൾ ഭൃത്യരോടു പറഞ്ഞു. എന്നാൽ അവളുടെ ഭർത്താവിനോടു പറഞ്ഞുമില്ല. അവൾ ഒരു കഴുതപ്പുറത്തു കയറി മലയുടെ അടിവാരത്തിലേക്കു വന്നപ്പോൾ ദാവീദും അദ്ദേഹത്തിൻെറ ആളുകളും അവൾക്കെതിരെ വന്നു. അവൾ അവരുടെ നേരെ ചെല്ലുകയും ചെയ്തു.

അബിഗേൽ ദാവീദിനെ കണ്ടമാത്രയിൽ കഴുതപ്പുറത്തു

നിന്നിറങ്ങി ദാവീദിന്റെ മുമ്പാകെ നിലംവരെ താണുവീണു വണങ്ങി. അവൾ അദ്ദേഹത്തിന്റെ പാദത്തിങ്കൽ വീണുകൊണ്ടു പറഞ്ഞു: 'എന്റെ നാഥാ, ഈ അപരാധം എന്റേതായിരിക്കട്ടെ. അങ്ങെ ദാസി അങ്ങയോടു ഒരു സ്വകാര്യം പറഞ്ഞുകൊള്ളട്ടെ. അങ്ങെ ദാസിയുടെ വചനങ്ങളെ ശ്രവിക്കേണമേ, എന്നു ഞാൻ അപേക്ഷിക്കുന്നു. രാജാവേ! എന്റെ നാഥാ! അഹങ്കാരിയായ നാബാലിനെ വകവയ്ക്കരുതേ, എന്നു ഞാൻ യാചിക്കുന്നു; എന്തുകൊണ്ടെന്നാൽ അവന്റെ പേരുപോലെതന്നെ അവൻ ഒരു വിഡ്ഢിയാണ്. അവന്റെ കൈയിൽ വിഡ്ഢിത്തവുമുണ്ട്. എന്റെ നാഥാ, അങ്ങ് അയച്ച ഭൃത്യന്മാരെ അങ്ങെയുടെ ദാസിയായ ഞാൻ കണ്ടില്ല. ആകയാൽ എന്റെ നാഥാ, രക്തച്ചൊരിച്ചിലിനിടയാക്കാതെ അങ്ങയെ തടയുകയും അങ്ങെയുടെ കൈയെ അങ്ങേക്കായി സംരക്ഷിക്കയും ചെയ്ത കർത്താവു ജീവിക്കുന്നു. അങ്ങയുടെ ആത്മാവും ജീവിക്കുന്നു... എന്റെ നാഥാ! അങ്ങെക്കുറിച്ചു കർത്താവു പറഞ്ഞിട്ടുള്ള നല്ല കാര്യങ്ങളെല്ലാം അങ്ങേയ്ക്കു താൻ ചെയ്തുതരികയും ഇസ്രായേലിന്റെമേൽ അങ്ങയെ രാജാവാക്കുകയും ചെയ്യുമ്പോൾ, അങ്ങു കുറ്റമറ്റ രക്തം ചിന്തിയെന്നോ, പകരം ചോദിച്ചെന്നോ, ഉള്ളതു് അങ്ങേയ്ക്കു ദുഃഖഹേതുവും മനഃപീഡയ്ക്കു കാരണവും ആയിരിക്കുന്നതല്ല. എന്നാൽ കർത്താവ് എന്റെ നാഥനു ശുഭം വരുത്തുമ്പോൾ അങ്ങേ ദാസിയെ ഓർക്കണമേ.' അപ്പോൾ ദാവീദ് അബിഗേലിനോടു പറഞ്ഞു: 'എന്നെ സന്ദർശിക്കുന്നതിനായി ഇന്നു നിന്നെ എന്റെ പക്കലേക്കയച്ച ഇസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവനാകട്ടെ. നിന്റെ സംഭാഷണവും വാഴ്ത്തപ്പെട്ടതാകട്ടെ. രക്തച്ചൊരിച്ചിലിൽനിന്നും എന്റെ സ്വന്ത കരംകൊണ്ടു പ്രതികാരം ചെയ്യുന്നതിൽനിന്നും എന്നെ ഇന്നു തടഞ്ഞ നീയും അനുഗൃഹീതയാകട്ടെ.' അവൾ കൊണ്ടുവന്നിരുന്നവയെല്ലാം അവളുടെ പക്കൽനിന്നു സ്വീകരിച്ചശേഷം ദാവീദ് അവളോടു പറഞ്ഞു: 'സമാധാനത്തോടെ നിന്റെ വീട്ടിലേക്കു പോകുക. ഇതാ! ഞാൻ നിന്റെ സ്വരം കേൾക്കുകയും നിന്റെ മുഖത്തെ മാനിക്കുകയും ചെയ്തിരിക്കുന്നു.' (ശാമു. ൨൫. ൨൩–൩൫).

ഭോഷനായ നാബാലിന്റെ കുററം ദാവീദിനെ അധികമായി കോപിപ്പിച്ചതുപോലെ, മറയന്മാരായ മനുഷ്യരുടെ പാപ

ങ്ങൾ ദൈവകോപം ഉളവാക്കുമ്പോൾ, സാക്ഷാൽ അബിഗേൽ ആയ മറിയം വേഗത്തിൽ എഴുന്നേററ് തൻെറ ജനങ്ങൾക്കു വേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കയും, അതിൻെറ ഫലമായി അവളുടെ പുത്രൻ ദൈവകരങ്ങളെ തടഞ്ഞ് നമുക്കു മനസ്താപത്തിന് അവസരം തരികയും ചെയ്യട്ടെ.

൧൦. ബെത്സാബി. ദാവീദിൻെറയും ബെത്സാബിയുടെയും പുത്രനായ ശ്ലേമ്മോൻരാജാവ് ദൈവത്തിൽനിന്നു തനിക്കു ലഭിച്ച പ്രത്യേക വരമായ ജ്ഞാനംനിമിത്തം, മറിയത്തിൻെറ പുത്രനായ നിത്യജ്ഞാനത്തിൻെറ ഒരു പ്രതിരൂപം ആകുന്നു. തനിക്കുവേണ്ടി രാജാവിനോടു സംസാരിക്കണമെന്നപേക്ഷിച്ച ഒരാൾക്കുവേണ്ടി ബെത്സാബി ശ്ലേമ്മോൻെറ സന്ദർശനമുറിയിൽ പ്രവേശിച്ചതായി നാം വായിക്കുന്നു. "അനന്തരം ബെത്സാബി അദോനിയാസിനുവേണ്ടി ശുപാർശ ചെയ്യുന്നതിനായി ശ്ലേമ്മോൻ രാജാവിൻെറ അടുക്കൽ വന്നു. രാജാവ് അവളെ സ്വീകരിക്കുന്നതിനായി എഴുന്നേററ് അവളെ വണങ്ങി തൻെറ സിംഹാസനത്തിൽ ഇരുന്നു. ഒരു സിംഹാസനം രാജാവിൻെറ അമ്മയ്ക്കും തയാറാക്കി. അവൾ രാജാവിൻെറ വലതുഭാഗത്ത് ഉപവിഷ്ടയാകയും ചെയ്തു. അപ്പോൾ അവൾ അവനോടു പറഞ്ഞതായതു്: 'നിന്നിൽനിന്ന് ഒരു ചെറിയ കാര്യം ഞാൻ ആഗ്രഹിക്കുന്നു.' 'പറഞ്ഞാലും, എന്തുകൊണ്ടെന്നാൽ നിന്നെ പുറന്തള്ളാൻ പാടില്ലല്ലോ'" (൩. രാജാ. ൨. ൧൯–൨൦). ശ്ലേമ്മോൻ എല്ലായ്പോഴും തൻെറ വാക്കുകളനുസരിച്ച പ്രവർത്തിച്ചില്ല; എന്നിരുന്നാലും അയാളുടെ വാക്കുകൾ യഥാർത്ഥമായ ജ്ഞാനം നിറഞ്ഞവയാണ്. അതുകൊണ്ടാണ് അവ വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. ഒരു പുത്രൻ തൻെറ മാതാവിൻെറ മുഖത്തിൽനിന്നു പിന്തിരിഞ്ഞുകളയുന്നതു ശരിയല്ല. വിശുദ്ധന്മാരുടെ മുഖത്തെ ആദരിക്കുന്ന ഈശോ 'ഒരിക്കൽ തൻെറ കഷ്ടതകളാകുന്ന പാനപാത്രത്തിൽ പങ്കെടുത്തവളും, ഇപ്പോൾ ഉയർത്തപ്പെട്ട് "രാജാവിൻെറ വലതുഭാഗത്ത്" അവിടുത്തെ മാതാവിനു വെച്ചിരിക്കുന്ന സിംഹാസനത്തിൽ" മുടിധരിപ്പിക്കപ്പെട്ടിരിക്കുന്നവളും ആയ തൻെറ മാതാവിന് ഒന്നും നിഷേധിക്കയില്ല.

൧൧. യൂദിത്ത്. യൂദിത്തിൻെറയും എസ്തേറിൻെറയും ചരിത്രങ്ങൾ നാം വായിക്കുമ്പോൾ അവയുടെ ആന്തരികമായ അർത്ഥം നാം ഓർത്തിരിക്കേണ്ടതാവശ്യമാണ്. യൂദിത്ത് ഹോളോഫെർണ

സിനെ വധിച്ചെന്നും എസ്ഥേർ ഹാമാൻെറ ദുഃരാലോചനകളെ നിഷ്ഫലമാക്കുകയും, അയാളുടെ മരണത്തിനു കാരണമായി തീരുകയും ചെയ്യുന്നും നാം വായിക്കുന്നു. തൻെറ ദിവ്യപുത്രൻെറ മനുഷ്യാവതാരംവഴി നമ്മുടെ നാഥയാൽ നശിപ്പിക്കപ്പെട്ട തിന്മയുടെ ശക്തിയെയാണ് ഹോളോഫെർണസും ഹാമാനും സൂചിപ്പിക്കുന്നത്.

അസീറിയാക്കാരുടെ രാജാവായ നബുക്കദനോസർ തൻെറ രാജ്യഭരണത്തിൻെറ പതിമൂന്നാമത്തെ വർഷത്തിൽ, തൻെറ ജനപ്രമാണികളെയും ഗവർണ്ണർമാരെയും സൈന്യാധിപന്മാരെയും വിളിച്ച്, ലോകം മുഴുവനും തൻെറ സാമ്രാജ്യത്തിൻകീഴിലാക്കണമെന്നുള്ള തൻെറ നിശ്ചയത്തെ അവരെ അറിയിച്ചു. ഈ നിശ്ചയം അറിഞ്ഞ് അവർ തൃപ്തികാണിച്ചപ്പോൾ, അയാൾ ഹോളോഫെർണസ് എന്ന തൻെറ സൈന്യാധിപനെ വിളിച്ച് പടിഞ്ഞാറുള്ള രാജ്യങ്ങളെയെല്ലാം പിടിച്ചടക്കാൻ കല്പനകൊടുത്തു. ഇതിൻെറ ഫലമായി ഹോളോഫെർണസ് തൻെറ സൈന്യവുമായി പുറപ്പെടുകയും, അയാളുടെ പടയാളികൾ വെട്ടുകിളികളെപ്പോലെ ലോകം മുഴുവനും മൂടുകയും നഗരങ്ങളും രാജ്യങ്ങളും പിടിച്ചടക്കുകയും, അനേകംപേരെ കൊല്ലുകയും, വിളവുകളും മററും നശിപ്പിക്കുകയും ചെയ്തു.

യൂദയായിൽ താമസിച്ചിരുന്ന ഇസ്രായേൽജനം ഇതെല്ലാം കേട്ട് അതിയായി ഭയപ്പെട്ടു. അവർ ശത്രുക്കളെ തടയുന്നതിനായി കോട്ടകൾ കെട്ടുകയും തീക്ഷ്ണതയോടെ പ്രാർത്ഥിക്കാനും ഉപവസിക്കാനും ആരംഭിക്കുകയും ചെയ്തു. തങ്ങളുടെ ശക്തിയെ എതിർക്കാൻ ഉദ്ദേശിക്കയെങ്കിലും ചെയ്യുന്ന ഒരു ജനം ഉണ്ടെന്നു കേട്ടപ്പോൾ ഹോളോഫെർണസിനും അയാളുടെ അനുയായികൾക്കും വലുതായ കോപമുണ്ടായി. അടുത്ത ദിവസം ഹോളോഫെർണസ് തൻെറ സൈന്യത്തോടുകൂടി ബെത്തുലിയാ എന്ന നഗരം പിടിച്ചടക്കാൻ പുറപ്പെട്ടു. ആ നഗരത്തിലേക്കു വെള്ളംകൊണ്ടുവരുവാനുള്ള മാർഗ്ഗങ്ങളെല്ലാം അയാൾ നശിപ്പിച്ചു. ബെത്തുലിയായിലെ ഇസ്രായേൽക്കാർ ഭയവും നിരാശയും കൊണ്ടു നിറഞ്ഞ്, അഞ്ചു ദിവസത്തിനകം നഗരം വിട്ടുകൊടുക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തു. ഒരു വിധവയും തൻെറ ദൈവഭയം നിമിത്തം ജനപ്രമാണികളുടെയിടയിൽ കീർത്തി സമ്പാദിച്ചിരുന്നവളും ആയ യൂദിത്ത് ഇതെല്ലാം കേട്ടപ്പോൾ

ഏതാനും ജനപ്രമാണികളോട് ഒരു ദീർഘസംഭാഷണം നടത്തുകയും, ദൈവം അവരുടെ പിതാക്കന്മാരോടു കാണിച്ച കാരുണ്യത്തെ അവരെ ഓർമ്മിപ്പിക്കുകയും, അവരുടെ സങ്കടത്തിൽ ഇപ്പോൾ അവർ ദൈവത്തിൻപക്കലേക്കു തിരിയുകയാണെങ്കിൽ, അവിടുന്ന് അവരെ സഹായിക്കുമെന്നുള്ള ശരണം അവരുടെ ഹൃദയങ്ങളിൽ ഉദ്ദീപിപ്പിക്കുകയും ചെയ്തു. അവർ അവളോട്: "നീ പറഞ്ഞതെല്ലാം ശരിയാണ്. അതിനാൽ നീ ഒരു പരിശുദ്ധയായ സ്ത്രീയും ദൈവത്തെ ഭയപ്പെടുന്നവളും ആകകൊണ്ട് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക," എന്നു പറഞ്ഞു.

അതനുസരിച്ച്, യൂദിത്തു മുറിയിൽ കയറി കതകടച്ച് ഉറക്കെ ദൈവത്തോടു പ്രാർത്ഥിക്കുകയും, കഴിഞ്ഞ കാലങ്ങളിൽ ദൈവം കാണിച്ച കാരുണ്യത്തെപ്പറ്റി അവിടുത്തെ ഓർമ്മിപ്പിക്കുകയും, "ദൈവത്തിൻെറ പരിശുദ്ധ സ്ഥലം അശുദ്ധമാക്കുമെന്നു വാഗ്ദാനം ചെയ്തവർ അവരുടെ കോപത്തിൽ നശിക്കുന്നതിനും," പ്രധാനശത്രു "ഒരു സ്ത്രീയുടെ കൈയാൽ വീഴുന്നതിനും" അവളുടെ കരത്തെ ബലപ്പെടുത്തണമെന്നു യാചിക്കുകയും ചെയ്തു. അതിൻെറ ശേഷം അവൾ ധൈര്യപ്പെട്ട് ഹോളോഫെർണസിൻെറ കൂടാരത്തിലേക്കു പോയി അയാളുമായി സംസാരിച്ചു. "അവളെ അസാധാരണമായ വിധത്തിൽ സൌന്ദര്യമുള്ളവളാക്കിയ ദൈവത്തിൻെറ വല്ലഭത്തിൽ അവൾക്കുണ്ടായിരുന്ന ശക്തിയും മഹത്വവും അവൾ കാണിച്ചു. ഒടുക്കം അയാൾ അവളുടെ കൈയിൽ ഏല്പിക്കപ്പെടുകയും, രാത്രിയുടെ നിശ്ശബ്ദതയിൽ അമിതമായി മദ്യപാനം ചെയ്ത് അയാൾ കിടക്കയിൽ കിടന്നുറങ്ങിക്കൊണ്ടിരുന്നപ്പോൾ, അവൾ അയാളുടെ തല ശരീരത്തിൽ നിന്നു വെട്ടിമാററുകയും ചെയ്തു. പിന്നെ അവൾ നഗരത്തിലേക്കുചെന്ന് കാവൽക്കാരനോട് ഇപ്രകാരം വിളിച്ചുപറഞ്ഞു: "വാതിൽ തുറക്കുവിൻ: എന്തുകൊണ്ടെന്നാൽ ഇസ്രായേലിൽ തൻെറ ശക്തിയെ പ്രദർശിപ്പിച്ച ദൈവം നമ്മുടെകൂടെയുണ്ട് ... ഇസ്രായേൽവംശത്തോട് അവിടുന്നു വാഗ്ദാനം ചെയ്തിരുന്ന കരുണയെ, അവിടുത്തെ ദാസിയായ ഞാൻ വഴിയായി അവിടുന്നു പൂർത്തീകരിച്ചു തൻെറ ജനത്തിൻെറ ശത്രുവിനെ ഇന്നു രാത്രി എൻെറ കരങ്ങൾകൊണ്ട് അവിടുന്നു നിഗ്രഹിച്ചു ... ഇസ്രായേൽ ജനങ്ങളുടെ രാജാവായ ഓസ്സിയാസ് അവളോടു പറഞ്ഞതെന്തെന്നാൽ:– 'അല്ലയോ പുത്രീ! അത്യുന്നത ദൈവമായ

കർത്താവിനാൽ നീ ഭൂമിയിലുള്ള സകല സ്ത്രീകളിലുംവച്ച് അനുഗ്രഹിതയാകുന്നു. ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനും നമ്മുടെ ശത്രുക്കളുടെ നായകൻെറ ശിരസ്സു ഛേദിക്കുന്നതിനു നിന്നെ നിയമിച്ചവനുമായ കർത്താവു സ്തുതിക്കപ്പെട്ടവനാകട്ടെ. എന്തുകൊണ്ടെന്നാൽ കർത്താവിൻെറ ശക്തിയെ എന്നേക്കും അനുസ്മരിക്കുന്ന മനുഷ്യരുടെ അധരങ്ങളിൽനിന്നു നിൻെറ സ്തുതി ഒഴിഞ്ഞുപോകാത്ത വിധത്തിൽ ഇന്ന് അവിടുന്നു നിൻെറ നാമത്തെ മഹത്വീകരിച്ചു. എന്തുകൊണ്ടെന്നാൽ നിൻെറ ജനങ്ങളുടെ സങ്കടങ്ങളും അരിഷ്ടതകളും കാരണത്താൽ നിൻെറ ജീവനെ നീ കാര്യമായി കരുതിയില്ല. പിന്നെയോ നമ്മുടെ ദൈവത്തിൻെറ മുമ്പാകെ നീ ഞങ്ങളുടെ നാശത്തെ തടഞ്ഞു.' 'അപ്രകാരമാകട്ടെ, അപ്രകാരമാകട്ടെ' എന്നു ജനങ്ങളെല്ലാവരും പറഞ്ഞു. ഈ വാക്കുകൾ കത്തോലിക്കാസഭ ദൈവമാതാവിനെ സംബന്ധിച്ചും പറയുന്നു. മാതാവിൻെറ സ്തുതിയും മനുഷ്യരുടെ അധരങ്ങളിൽനിന്ന് ഒഴിഞ്ഞുപോകയില്ല, എന്തുകൊണ്ടെന്നാൽ തൻെറ മക്കളുടെ സങ്കടവും കഷ്ടതയും നിമിത്തം അവൾ തൻെറ ജീവനെപ്പോലും സമർപ്പിക്കാൻ മടിച്ചില്ല. പിന്നെയോ അവളുടെ ആത്മാവ് വ്യാകുലതയുടെ വാളാൽ തുളയ്ക്കപ്പെട്ട്, "നമ്മുടെ ദൈവത്തിൻെറ മുമ്പാകെ നമ്മുടെ നാശത്തെ തടഞ്ഞു." യൂദിത്ത് ഭാഗ്യവതിയാകുന്നു. മറിയം അവളെക്കാൾ പതിനായിരം മടങ്ങു കൂടുതൽ ഭാഗ്യവതിയാകുന്നു; നമ്മുടെ കത്തോലിക്കാജനങ്ങൾ മറിയത്തിൻെറ സ്തുതി കേൾക്കുമ്പോൾ, ഏകഹൃദയത്തോടും ഏകസ്വരത്തോടുംകൂടി, "അപ്രകാരമകാട്ടെ, അപ്രകാരമാകട്ടെ," എന്നു വിളിച്ചുപറയുന്നു.

"യൂദിത്തിനെ സന്ദർശിക്കുന്നതിനായി പ്രധാനാചാര്യനായ യൊവാക്കിം തൻെറ പ്രമാണികളോടുകൂടി ഓർശ്ലേമിൽനിന്നു ബെത്തുലിയായിലേക്കു വന്നു. അവൾ അവൻെറ പക്കലേയ്ക്കു വന്നപ്പോൾ, നീ ഓർശ്ലേമിൻെറ മഹിമയാകുന്നു, നീ ഇസ്രായേലിൻെറ സന്തോഷമാകുന്നു, നീ നമ്മുടെ ജനത്തിൻെറ ബഹുമാനമാകുന്നു എന്ന് പറഞ്ഞുകൊണ്ട് അവരെല്ലാവരും ഏകസ്വരത്തിൽ അവളെ അനുമോദിച്ചു. 'എന്തുകൊണ്ടെന്നാൽ നീ ചാരിത്രത്തെ സ്നേഹിച്ചതുകൊണ്ടും നിൻെറ ഭർത്താവൊഴികെ വേറെ ആരെയും അറിയാത്തതുകൊണ്ടും നിൻെറ ഹൃദയം ശക്തിപ്രാപിക്കയും നീ പൌരുഷപൂർവ്വം പ്രവർത്തിക്കയും ചെയ്തു. അതുകൊ

ണ്ടതന്നെയാണ് കർത്താവിൻെറ കരം നിന്നെ ശക്തിപ്പെടുത്തിയത്, തന്നിമിത്തം നീ എന്നേയ്ക്കും വാഴ്ത്തപ്പെടുകയും ചെയ്യും.' അപ്രകാരമാകട്ടെ, അപ്രകാരമാകട്ടെ; എന്ന് എല്ലാ ജനങ്ങളും പറഞ്ഞു.

൧൨. എസ്ഥേർ. അസുവേരുസ് രാജാവു പെർഷ്യാരാജ്യം ഭരിച്ചിരുന്നപ്പോൾ, നബുക്കദനോസറിൻെറ കാലത്ത് അടിമകളായി കൊണ്ടുപോകപ്പെട്ട യൂദന്മാർ ആ രാജ്യത്തിൻെറ പല ഭാഗങ്ങളിലായി ഭയപ്പെട്ടു വിറച്ചു താമസിച്ചിരുന്നു. തലസ്ഥാന നഗരത്തിൽ മർദോക്കേവൂസ് എന്നു പേരായ ഒരു യൂദൻ സുന്ദരിയായ എസ്ഥേർ എന്ന തൻെറ സഹോദരപുത്രിയോടുകൂടി താമസിച്ചിരുന്നു. എസ്ഥേറിനു മാതാപിതാക്കന്മാരില്ലാതിരുന്നതിനാൽ ശൈശവം മുതൽ മർദോക്കേവൂസ് അവളെ തൻെറ സ്വന്തം പുത്രിയെപ്പോലെ വളർത്തിവന്നിരുന്നു. അസുവേരുസിനു എസ്ഥേറിനോടു സ്നേഹമുണ്ടാകാൻ ഇടയാകുകയും അവളെ തൻെറ രാജ്ഞിയാക്കാൻ അയാൾ നിശ്ചയിക്കുകയും ചെയ്തു. മർദോക്കേവൂസാകട്ടെ, അവൾക്കു തന്നോടുണ്ടായിരുന്ന ബന്ധവും ജനനം കൊണ്ടും മതംകൊണ്ടും അവൾ ഒരു യഹൂദസ്ത്രീയായിരുന്നെന്നുള്ള വസ്തുതയും മറച്ചുവെയ്ക്കണമെന്ന് എസ്ഥേറിനോടാജ്ഞാപിച്ചു. ഇതിനിടയ്ക്ക്, രാജാവ് ഹാമാൻ എന്നൊരാളെ തൻെറ പ്രഭുക്കന്മാരുടെയെല്ലാംമേൽ ഉയർത്തുകയും, കൊട്ടാരത്തിൻെറ വാതിലുകൾ കാത്തിരുന്ന ഭൃത്യന്മാരെല്ലാം മുട്ടുകുത്തി അയാളെ വണങ്ങുകയും ചെയ്തു. എന്നാൽ മർദോക്കേവൂസ് ഈ ബഹുമാനം കാണിക്കാൻ വിസമ്മതിച്ചു. ഈ കാരണത്താൽ അയാൾ രാജാവിൻെറ പക്കൽ കുററപ്പെടുത്തപ്പെട്ടപ്പോൾ, അയാൾ ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിച്ചു: "കർത്താവേ! കർത്താവേ! നീ എല്ലാം അറിയുന്നു. അഹങ്കാരത്താലോ, വിദ്വേഷത്താലോ, ബഹുമാനേച്ഛയാലോ അല്ല അഹംഭാവിയായ ഹാമാനെ ഞാൻ പൂജിക്കാത്തതെന്ന് നീ അറിയുന്നല്ലോ. (എന്തുകൊണ്ടെന്നാൽ ഇസ്രായേൽജനത്തിൻെറ രക്ഷയെപ്രതി ഞാൻ മടികൂടാതെ, ഉടനടി അയാളുടെ കാലടികൾപോലും ചുംബിക്കുമായിരുന്നു.) എന്നാൽ, എൻെറ ദൈവത്തിനുള്ള ബഹുമാനം ഒരു മനുഷ്യനു കൊടുക്കേണ്ടിവരുമോ എന്നും, ദൈവത്തെ അല്ലാതെ മററാരെയെങ്കിലും ആരാധിക്കേണ്ടിവരുമോ എന്നും ഞാൻ ഭയപ്പെട്ടു" (എസ്ഥേർ. ൧൩. ൯–൧൪).എന്തുകൊണ്ടെന്നാൽ,ഈ വിസമ്മതം

നിമിത്തവും, രാജാവിനെ കൊല്ലാൻ ഗൂഢാലോചന നടത്തിയ ഹാമാന്റെ രണ്ടു സ്നേഹിതന്മാരുടെ കുററം വെളിപ്പെടുത്തിയതു കൊണ്ടും മർദോക്കേവൂസിനും അയാളുടെ ജനങ്ങൾക്കും ഭയങ്കരമായ വിഷമങ്ങൾ ഉണ്ടായിട്ടുണ്ടായിരുന്നു. കോപത്താലും അഹങ്കാരത്താലും നിറഞ്ഞ്, ഹാമാൻ അസുവേരൂസിൽനിന്ന് രാജാവിന്റെ അധികാരത്തിൽപെട്ട നൂററിയിരുപത്തേഴ പ്രവിശ്യകളിലും പരസ്യപ്പെടുത്തുന്നതിനായി ഒരു കല്പന വാങ്ങിച്ചു. അതിപ്രകാരമായിരുന്നു: 'എല്ലാ ഉപരാജ്യങ്ങളുടെയും അധിപനും രാജാവുകഴിഞ്ഞാൽ ഒന്നാമനും, ഒരു പിതാവിനെപ്പോലെ നാം ബഹുമാനിക്കുന്നവനുമായ ഹാമാൻ നിർദ്ദേശിക്കുന്ന സകലരും അവരുടെ ഭാര്യമാരോടും സന്താനങ്ങളോടുംകൂടി ഈകൊല്ലം പന്ത്രണ്ടാംമാസം— ആദാർ— പതിന്നാലാം തീയതി നശിപ്പിക്കപ്പെടണം. അവരോടു യാതൊരുത്തനും അനുകമ്പയുണ്ടാകരുത്' (എസ്തേർ. ൧൩—൬).

ദൈവംകഴിഞ്ഞാൽ പിന്നെ, തന്റെ ആശ മുഴുവനും എസ്തേർ രാജ്ഞിയിൽ സമർപ്പിക്കണമെന്ന് മർദോക്കേവൂസിന് അപ്പോൾ മനസ്സിലായി. അതിനാൽ അവൾ രാജാവിന്റെ പക്കൽ ചെന്ന് തന്റെ ജനങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നതിനായി, അയാൾ ആ കല്പനയുടെ ഒരു പ്രതി അവൾക്കയച്ചുകൊടുത്തു.

എന്നാൽ, ഇതിനു തടസ്സമായി ഒരു നിയമമുണ്ടെന്ന് എസ്തേർ മറുപടി പറഞ്ഞു. ആ നിയമം ഇങ്ങനെയായിരുന്നു: "വിളിക്കപ്പെടാതെ രാജാവിന്റെ ആസ്ഥാനമണ്ഡപത്തിൽ പ്രവേശിക്കുന്ന സ്ത്രീയോ പുരുഷനോ ജീവനോടെ ഇരിക്കണമെങ്കിൽ, കാരുണ്യസൂചകമായ സ്വർണ്ണച്ചെങ്കോൽ അവർക്കു രാജാവു നീട്ടിക്കൊടുക്കും, അല്ലാത്തപക്ഷം അവർ ഉടനെതന്നെ വധിക്കപ്പെടും" (൪. ൧൧). മർദോക്കേവൂസ് ഇതു കേട്ടപ്പോൾ, എസ്തേറിന്റെ പക്കലേക്കു വീണ്ടും പറഞ്ഞയച്ചതായതു്:— 'നീ രാജാരമനയിൽ ആയിരിക്കകൊണ്ടു് യഹൂദജനത്തെക്കാൾ കൂടുതലായി നിന്റെ ജീവനെമാത്രം രക്ഷിക്കാമെന്നു കരുതേണ്ടാ. എന്തുകൊണ്ടെന്നാൽ, നീ ഇപ്പോൾ മൌനം അവലംബിക്കുന്നപക്ഷം, യഹൂദന്മാർ ഒരിക്കൽ സ്വതന്ത്രരാക്കപ്പെടുകയും അന്നു നീയും നിന്റെ പിതൃഭവനവും നശിക്കയും ചെയ്യും. ഇതുപോലുള്ള ഒരു

വസരത്തിൽ (പ്രവൎത്തിപ്പാൻ) സന്നദ്ധയായിരിക്കുന്നതിനല്ലയോ നീ ഈ രാജ്യത്തേയ്ക്കു വന്നെതെന്നാൎക്കറിയാം! (൪, ൧൨-൧൪).

ഈ അപേക്ഷ കിട്ടിയതിൻെറശേഷം എസ്റ്റേർ മൂന്നു ദിവസം പ്രാൎത്ഥനയിലും ഉപവാസത്തിലും കഴിച്ചുകൂട്ടുകയും, പിന്നീടു ധൈൎയ്യപ്പെട്ട്, വിളിക്കപ്പെടാതെതന്നെ രാജസന്നിധിയിലേക്കു പോകുകയും ചെയ്തു. ആദ്യം രാജാവിനു കഠിനമായ കോപമുണ്ടായെങ്കിലും, "ദൈവം രാജാവിൻെറ പ്രകൃതത്തെ ശാന്തമാക്കി,... അദ്ദേഹം അവളെ സ്വകരങ്ങളിൽ താങ്ങികൊണ്ട്, അവൾക്കു സുബോധം ഉണ്ടാകുന്നതുവരെ, അവളെ ആലിംഗനംചെയ്തുകൊണ്ടു പറഞ്ഞതായത്:- 'എസ്റ്റേർ! കാൎയ്യമെന്ത്? ഞാൻ നിൻെറ സഹോദരനാണ്. ഭയപ്പെടേണ്ടാ. നീ മരിക്കേണ്ടിവരികയില്ല. എന്തുകൊണ്ടെന്നാൽ ഈ നിയമം നിനക്കായിട്ടല്ല, പിന്നെയോ മററുള്ള എല്ലാവൎക്കും വേണ്ടിയാണ് നിൎമ്മിക്കപ്പെട്ടിരിക്കുന്നത്. ആകയാൽ അടുത്തുവന്ന് ചെങ്കോൽ തൊടുക... ഞാൻ സാധിച്ചു തരേണ്ടതായി നിനക്കുള്ള ആഗ്രഹം എന്ത്? എൻെറ രാജ്യത്തിൽ പകുതിതന്നെ നീ ചോദിച്ചാലും അതു നിനക്കു കിട്ടും' (൧൫, ൧൧-൧൭; ൫, ൩).

അപ്പോൾ എസ്റ്റേർരാജ്ഞി, മർദോക്കേവൂസ് തൻെറ പിതൃസഹോദരനാണെന്നു രാജാവിനോട് ഏററുപറയുകയും, ഹാമാൻെറ നീചമായ ഗൂഢാലോചന വെളിപ്പെടുത്തുകയും, ഇപ്രകാരം അപേക്ഷിക്കുകയും ചെയ്തു: "അല്ലയോ രാജാവേ! ഞാൻ അങ്ങേപ്പക്കൽ കാരുണ്യം കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവിടുത്തേയ്ക്കു ഇഷ്ടമുള്ളപക്ഷം, എൻെറ അഭ്യൎത്ഥനാവിഷയമായ എൻെറ ജീവനും, എൻെറ യാചനാവിഷയമായ എൻെറ ജനത്തെയും എനിക്കു നൽകേണമേ. എന്തുകൊണ്ടെന്നാൽ, ഞങ്ങൾ- ഞാനും എൻെറ ജനവും- നശിപ്പിക്കപ്പെടുന്നതിനും കൊല്ലപ്പെടുന്നതിനും, ശൂന്യമാകുന്നതിനുമായി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു" (൭, ൩-൪).

എസ്റ്റേറിൻെറ അപേക്ഷകേട്ട് രാജാവിൻെറ മനസ്സിളകുകയും, അന്വേഷണങ്ങൾ നടത്താൻ അയാൾ കല്പന കൊടുക്കുകയും, അതിൻെറ ഫലമായി ഹാമാൻ മർദോക്കേവൂസിനായി ഒരുക്കിയിരുന്ന കഴുമരത്തിന്മേൽ അയാൾതന്നെ തൂക്കിക്കൊല്ലപ്പെടുകയും, യൂദന്മാൎക്കെതിരായി ഉണ്ടായിരുന്ന രാജകല്പന പര

ന്ത്യമായി പിൻവലിക്കപ്പെടുകയും, അവരുടെ ശത്രുക്കൾ ശിക്ഷിക്കപ്പെടുകയും ചെയ്തു.

"യഹൂദന്മാക്ക് ഒരു നൂതനപ്രഭ— സന്തോഷവും ബഹുമാനവും കൃത്താട്ടവും— ഉൽഭൂതമായി. രാജകല്പന ചെന്നെത്തിയ എല്ലാ ജനങ്ങളിലും, പട്ടണങ്ങളിലും, സംസ്ഥാനങ്ങളിലും അത്ഭുതാവഹമായ ആനന്ദവും, ഉത്സാഹവും, വിരുന്നും ശുഭദിനാചരണവും ഉണ്ടായി. അന്യമതത്തിലും ജാതിയിലുംപെട്ട വളരെപ്പേർ അവരുടെ ആരാധനയിലും അനുഷ്ഠാനങ്ങളിലും സംബന്ധിക്കകയുണ്ടായി. എന്തുകൊണ്ടെന്നാൽ യഹൂദന്മാരുടെ നാമം എല്ലാവക്കും വലിയ ഭയഹേതുകമായിരുന്നു" (വ, ൧൬–൧൭).

ഇതിൻെറയെല്ലാം ശ്രദ്ധാർത്ഥം ഒരു കത്തോലിക്കനു മനസ്സിലാക്കാൻ വിഷമമുള്ളതല്ല. ഒരു ശാപത്തിൽ ഉൾപ്പെട്ടിരുന്ന തൻെറ ജനത്തിനുവേണ്ടി എസ്റ്റേർ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചതുപോലെ, മറിയം രാജാക്കളുടെ രാജാവിൻെറ പക്കൽ പാപികളായ തൻെറ മക്കൾക്കവേണ്ടി പ്രാത്ഥിക്കുന്നു. എസ്റ്റേറിനു ചെങ്കോൽ കൊടുത്തതുപോലെ, മറിയത്തിനും അതു നൽകിയിരിക്കുന്നു. "ഈ നിയമം നിനക്കവേണ്ടിയല്ല, മററുള്ളവക്കുവേണ്ടിയാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്" എന്ന് എസ്റ്റേറിനോടു പറഞ്ഞതുപോലെ, ഭയംകൂടാതെ ദൈവത്തിൻപക്കലേക്കു പോകുന്നതിനു തടസ്സമായി നില്ക്കുന്ന പാപത്തിൻെറ നിയമത്തിൽനിന്നു മറിയത്തെ ഒഴിവാക്കിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, മോക്ഷരാജ്ഞിയും, അമലോത്ഭവയും, പാപംകൂടാതെ ജീവിച്ചവളും, ദൈവജനത്തിൻെറ മാതാവും സങ്കേതവും ആയ മറിയം അത്യുന്നതന് എല്ലായ്പ്പോഴും വളരെ പ്രസാദമുള്ളവളാകുന്നു.

പഴയനിയമത്തിൽ നാം എവിടെ പരിശോധിച്ചാലും, മറിയത്തെ നമുക്കു കാണാവുന്നതാണ്. അവളുടെ മക്കൾ അവളുടെ പ്രതിരൂപം കാണുമ്പോഴെല്ലാം അവളെ വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കും. പണ്ടു യഹൂദന്മാർ യൂദിത്തിനോടു വിളിച്ചുപറഞ്ഞതുപോലെയും, എന്നാൽ വാക്കുകൾകൊണ്ടു പറഞ്ഞറിയിക്കാവുന്നതിൽ വളരെ കൂടുതൽ വദ്ധിച്ച സ്നേഹത്തോടും കൃതജ്ഞതയോടും ശരണത്തോടും വണക്കത്തോടുംകൂടിയും, അവർ മറിയത്തിനോടും പറയുന്നു: "നീ ഓറശ്ലേത്തിൻെറ മഹത്വമാകുന്നു; നീ ഇസ്രായേലിൻെറ സന്തോഷമാകുന്നു; നീ നമ്മുടെ ജനത്തിൻെറ മഹത്വമാകുന്നു."

# അദ്ധ്യായം ൧൭

## മറിയവും കത്തോലിക്കാസഭയും

മറിയം കത്തോലിക്കാസഭയുടെ ഒരു പ്രതിരൂപം ആയിരുന്നെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. സഭ മറിയത്തിന്റെ പ്രതിരൂപമാണെന്നും അവർ ചിലയവസരങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മറിയത്തെയും സഭയെയും ഒന്നായിട്ടെന്നപോലെ അവർ പലപ്പോഴും പരിഗണിച്ചിരുന്നു.

കുറഞ്ഞപക്ഷം ഏഴു വിധത്തിൽ മറിയത്തെ സഭയുടെ പ്രതിരൂപമായി നമുക്കു കാണാൻ കഴിയും.

൧. മറിയത്തേപ്പോലെ സഭയും ഒരു കന്യകാമാതാവാണെന്നുള്ള സത്യത്തെപ്പററി വി. അഗ്ഗസ്റ്റീനോസ് തന്റെ കൃതികളിൽ പലയിടത്തും പ്രതിപാദിക്കുന്നുണ്ട്. പരിശുദ്ധ കന്യകാമറിയം മിശിഹായുടെ മാതാവായപ്പോൾ മിശിഹായുടെ അവയവങ്ങളായ നമ്മുടെയും മാതാവായി. വിശുദ്ധ കത്തോലിക്കാസഭ, തന്റെ വിശ്വാസത്തിന്റെ പരിപൂർണ്ണതനിമിത്തം കന്യകയായിരുന്നുകൊണ്ട്, മാമ്മോദീസായിലുള്ള നമ്മുടെ ആത്മീയ ജനനംവഴി നമ്മെ തന്റെ മക്കളും ദൈവത്തിന്റെ മക്കളും ആക്കിത്തീർത്തു. എന്നാൽ, ഏകമായ സഭ ഏകത്വത്തിന്റെ മാതാവായി സ്ഥിതിചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, അവളുടെ സന്താനങ്ങളെല്ലാം ഒരേ വിശ്വാസത്തിൽ യോജിച്ചിരിക്കുന്നു. മിശിഹായുമായി ഒന്നായിരിക്കുന്ന ദൈവമക്കൾ, ഒരു പുത്രനെ മാത്രം പ്രസവിച്ചവളും പരിശുദ്ധാത്മാവിയുടെ മണവാട്ടിയുമായ മറിയത്തിന്റെ മക്കളാകുന്നു; അവർ തങ്ങളുടെ മതാവായ സഭയുടെ— ഏകത്വത്തിന്റെ മാതാവിന്റെ, കർത്താവിന്റെ അത്മീയമണവാട്ടിയുടെ— യും മക്കളാകുന്നു. "സഭ മറിയത്തിന്റെ മാതൃത്വത്തിന്റെ വികസനമാകുന്നു" എന്നാണ് അഗസ്റ്റ്നിക്കൊളാസ് പറയുന്നത്.

൨. മാതാവും സഭയും ദൈവം കഴിഞ്ഞാൽ, പാപികളുടെ സങ്കേതമെന്നും അനുതപിക്കുന്ന പാപികളുടെ ഭവനമെന്നും ന്യായമായി വിളിക്കപ്പെടുന്നു. മറിയത്തിന്റെ ഹൃദയ

ത്തിൻെറ കാരുണ്യം മിശിഹായുടെ സഭയുടെ സൌമ്യതയോടു സാദൃശ്യപ്പെടുന്നു.

ന. തൻെറ ദിവ്യപുത്രനെ പ്രസവിച്ചശേഷം പരിശുദ്ധ കന്യക, ശൈശവബലഹീനതകളാൽ ദൈവത്വം മറക്കപ്പെട്ടിരുന്ന അവതരിച്ച കത്താവിൻെറ ശുശ്രൂഷക്കു തന്നെത്തന്നെ സമർപ്പിച്ചു; കത്തോലിക്കാസഭയാകട്ടെ, വി. കുർബാനയിൽ ദൈവത്വവും മനുഷ്യത്വവും മറച്ചുകൊണ്ട് സന്നിഹിതനായിരിക്കുന്ന അതേ കത്താവിനെത്തന്നെ ശുശ്രൂഷിക്കുന്നതിനും വണങ്ങുന്നതിനുമായി സമർപ്പിക്കപ്പെട്ടിരിക്കുന്നു.

"അപ്പത്തിൻെറ വീട്" എന്നൎത്ഥമുള്ള ബേസ്ലഹമ്മിൽ മറിയം ആട്ടിടയന്മാൎക്കും രാജാക്കന്മാൎക്കും ഈശോയെ കാണിച്ചുകൊടുത്തു; സഭ എപ്പോഴും ജനങ്ങൾക്ക് ഈശോയെ കാണിച്ചുകൊടുത്തുകൊണ്ടിരിക്കുന്നു.

ര. ഈശോയോടുകൂടി മറിയം ഈജിപ്തിലേക്ക് ഒളിച്ചോടിപ്പോയി; സഭ എല്ലായ്പോഴും തൻെറ കത്താവിൻെറ ഞെരുക്കങ്ങളിലും കഷ്ടതകളിലും പങ്കുകൊള്ളുന്നു.

൩. "എല്ലാ ദൈവരഹസ്യങ്ങളുടെയും സ്വീകരണപാത്രം" എന്നപോലെ മറിയം മിശിഹായുടെ വാക്കുകളെ തൻെറ ഹൃദയത്തിൽ സൂക്ഷിച്ചുവെന്ന് ഒരു പുരാതന ഗ്രന്ഥകാരൻ പറയുന്നു; വിശുദ്ധ സഭയും ദൈവികരഹസ്യങ്ങളുടെ ഇപ്രകാരമുള്ള ഒരു ഭവനമാകുന്നു. മറിയം തൻെറ കത്താവിൻെറ വാക്കുകളെ സൂക്ഷിക്കുകമാത്രമല്ല, അവയെപ്പററി ധ്യാനിക്കുകകൂടി ചെയ്യുങ്കിൽ, ഈ കാൎയ്യത്തിൽ അവൾ നമ്മുടെ മാതാവായ സഭയുടെ പ്രാതിനിധ്യം വഹിക്കുന്നു. സഭയും സുവിശേഷങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന കത്താവിൻെറ വാക്കുകളെപ്പററി എപ്പോഴും ധ്യാനിച്ചുകൊണ്ടിരിക്കുന്നു.

൪. മറിയം സംസാരിക്കുമ്പോൾ സഭ എല്ലാക്കാലത്തും സംസാരിക്കുന്നതു നമുക്കു കേൾക്കാം. "കത്താവിൻെറ ദാസി, ഇതാ ഞാൻ" എന്നു മറിയം പറഞ്ഞു. സഭയും തൻെറ കത്താവിൻെറ ദാസിയാകുന്നു. "നിൻെറ തിരുവചനംപോലെ എന്നിലാകട്ടെ" എന്നീ വാക്കുകൾ എല്ലാക്കാലത്തും സഭക്കു തൻെറ ദിവ്യരക്ഷകൻെറ നേരെയുള്ള നിലയെക്കാണിക്കുന്ന മറിയത്തിൻെറ വാക്കുകളാകുന്നു. "അവിടുന്നു നിങ്ങളോടു കല്പിക്കുന്നതെല്ലാം ചെയ്യുവിൻ" എന്നു മറിയം കാനായിലെ ഭൃത്യന്മാരോടു

പറഞ്ഞു; സഭ തൻെറ ദാസന്മാരോടു നിരന്തരമായി കല്പിക്കുന്നതും മറെറാന്നുമല്ല. "നിൻെറ പിതാവും ഞാനും ദുഃഖത്തോടു കൂടി നിന്നെ അന്വേഷിച്ചു;" ദുഃഖത്തിൻെറയും അന്ധകാരത്തിൻെറയും സമയങ്ങളിൽ സഭയും തൻെറ സ്നേഹനാഥനോടു സ്നേഹപൂർവ്വം പറയുന്ന ആവലാതിയും ഈവിധംതന്നെ. "എൻെറ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു." ഈ വാക്കുകളിൽ മറിയം സഭയുടെ നാമത്തിൽ വിളിച്ചുപറയുകയും ദീഘദശ്നം ചെയ്യുകയും ചെയ്യുന്നതായി രണ്ടാം ശതാബ്ദത്തിൽ വി. ഇറനേയോസ് എഴുതിയിരിക്കുന്നു. യഥാത്ഥത്തിൽ, ദൈനംദിനം "മാഗ്നിഫിക്കാത്" എന്ന സ്തോത്രഗീതം ധൂമം പോലെ അത്യുന്നതൻെറ സിംഹാസനത്തിൻമുമ്പാകെ ഉയത്തുമ്പോൾ, എല്ലാ തലമുറകളും കന്യകാമാതാവായ മറിയത്തിനോടു കൂടി അവളെ വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കുന്നു.

൭. എല്ലാററിലും ഉപരിയായി, നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവനിശ്ചയങ്ങളിൽ, തൻെറ സഭയുമായുള്ള തൻെറ മാതാവിൻെറ ഏകീകരണം കാനായിലാണ് നാം കാണുന്നതു്. കാനായിലെ കല്യാണവിരുന്നിൽ മറിയത്തിൻെറ മാദ്ധ്യസ്ഥ്യം "അടയാളങ്ങളുടെ ആരംഭം" സംബന്ധിച്ചായിരുന്നു; അതു കൂദാശകളുടെ ശുശ്രൂഷയിൽ സഭയുടെ സ്ഥാനത്തിൻെറ പ്രതിരൂപമാകുന്നു. കൂടാതെ, കാനായിൽ മറിയം പ്രാത്ഥിക്കുന്നു. സഭയുടെ മഹത്തായ കൃത്യവും ഇതാകുന്നു.

അതിനാൽ മറിയത്തെപ്പററിയുള്ള ഏററവും സൂക്ഷ്മമായ പ്രതിരൂപങ്ങളും പ്രതിഛായകളും ദീഘദശ്നങ്ങളും ശരിയായ ഒരത്ഥത്തിൽ സഭയ്ക്കും അനുയോജ്യമായിട്ടുള്ളതാണെങ്കിൽ നാം അത്ഭുതപ്പെടേണ്ടതില്ല. "കണ്ടാലും, ഒരു കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും; അയാൾ എമ്മാനുവേൽ എന്നു പേർ വിളിക്കപ്പെടും." എമ്മാനുവേൽ അതായതു്, ദൈവം നമ്മോടുകൂടി, തൻെറ വാഴ്ത്തപ്പെട്ട മാതാവിൽനിന്നു മാത്രമല്ല ജനിക്കുന്നതു്, പിന്നെയോ ബേസ്ലഹം ഏതിൻെറ പ്രതിരൂപമാകുന്നുവോ ആ യഥാത്ഥ "അപ്പത്തിൻെറ ഭവന"ത്തിൽ, വിശുദ്ധ കർബാനയിൽ, എല്ലാ ദിവസവും അവിടുന്നു വീണ്ടും ജനിക്കുന്നു. വീണ്ടും, മിശിഹാ സഭയുടെ അൾത്താരകളിൽ മാത്രമല്ല, നമ്മുടെ മാതാവായ സഭയിൽനിന്നു ജനിക്കുന്നതു്, പിന്നെയോ വെള്ളവും പരിശുദ്ധാത്മാവിയും വഴിയായി നിരന്തര

മായി വീണ്ടും ജനിക്കുന്ന തൻെറ അവയവങ്ങളിലുംകൂടിയാകുന്നു.

ഇതിൻെറ മറുവശവും ഇതുപോലെതന്നെ ശരിയാണ്. വി. ഗ്രന്ഥത്തിൽ സഭയെപ്പററി പറയപ്പെട്ടിരിക്കുന്നതെല്ലാം തന്നെ ദൈവമാതാവിനെ സംബന്ധിച്ചും വാസ്തവമാണ്. സഭ ദൈവത്തിൻെറ ആലയവും മണവാട്ടിയും ഭവനവും ആകുന്നു; അവിടുത്തെ വാഴ്ത്തപ്പെട്ട മാതാവും ഇതെല്ലാമാകുന്നു.

മറിയത്തെപ്പോലെ നന്മനിറഞ്ഞവളും, മറിയത്തെപ്പോലെ പരിശുദ്ധാത്മാവിയാൽ നിറയ്ക്കപ്പെട്ടവളുമായ സഭയും, മിശിഹായുടെ വാഗ്ദാനങ്ങളുടെ അവകാശിനിയാകുന്നു. തൻെറ പരിശുദ്ധ ഭവനത്തിൽ ദൈവത്താൽ പഠിപ്പിക്കപ്പെടുന്ന എല്ലാ ക്രിസ്തീയ ജനത്തെയുംപററി ഇപ്രകാരം എഴുതിയിരിക്കുന്നു: "എൻെറ ഭവനത്തിലും എൻെറ മതിലുകൾക്കുള്ളിലും, പുത്രന്മാരെയും പുത്രിമാരെയുംകാൾ നല്ലതായ ഒരു സ്ഥലം ഞാൻ അവക്ക് കൊടുക്കും. ഞാൻ അവക്ക് എന്നെന്നേക്കുമുള്ള ഒരു പേരു കൊടുക്കും. അവർ ഒരിക്കലും തോല്ക്കുകയില്ല"– (ഏശ. ൫൬, ൫). ഈ വാക്കുകളെപ്പററി വി. അംബ്രോസീസ് ഇപ്രകാരം പറയുന്നു: "അവർ ഒരിക്കലും പരാജയപ്പെടുകയില്ലെന്ന് ദൈവം മററുള്ളവരോടു വാഗ്ദാനം ചെയ്യുന്നു; തൻെറ മാതാവ് പരാജയപ്പെടാൻ അവിടുന്ന് അനുവദിക്കുമോ? മറിയം ഒരിക്കലും പരാജയപ്പെടുന്നില്ല."

വി. ലിഖിതങ്ങളിലെ ശ്രദ്ധാർഹം നിറഞ്ഞ ചില ഭാഗങ്ങൾ പ്രധാനമായി മറിയത്തെ സംബന്ധിക്കുന്നവയാണോ സഭയെ സംബന്ധിക്കുന്നവയാണോ എന്നു പറയുവാൻ അസാദ്ധ്യമായി കാണുന്നതിൽ അത്ഭുതപ്പെടാനില്ല. അവ മറിയത്തെപ്പററിയും സഭയെപ്പററിയും പറയാവുന്നവയാണെന്നുള്ളതിനു സംശയമില്ല, സഭാപിതാക്കന്മാർ അപ്രകാരം ചെയ്തിട്ടുമുണ്ട്. "പാട്ടുകളുടെ പാട്ട്" എന്ന ഗ്രന്ഥത്തിൻെറ കാര്യത്തിൽ ഇതു പ്രത്യേകം വാസ്തവമാണ്.

ശ്രദ്ധാർഹംനിറഞ്ഞ ഈ പാട്ട് ഇങ്ങനെയാണ് ആരംഭിക്കുന്നത്: "അയാൾ തൻെറ അധരത്തിൻെറ ചുംബനം കൊണ്ട് എന്നെ ചുംബിക്കട്ടെ." വി. അംബ്രോസീസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "പരിശുദ്ധാത്മാവി നിൻെറമേൽ വരികയും അത്യുന്നതൻെറ ശക്തി നിൻെറമേൽ ആവസിക്കുയും ചെ

ഷ്യം എന്നുള്ള മാലാഖായുടെ വാക്കുകൾ അനുസരിച്ച്, പരിശുദ്ധ ബാവാപിയുടെ വരപ്രസാദം മുകളിൽനിന്നു വരുന്നതിനെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്'' എന്നാൽ വേറൊരിടത്തു് അദ്ദേഹം പറയുന്നത്: ,,സഭ ഒരിക്കലും മിശിഹായുടെ പാദങ്ങൾ മുത്തുന്നതിനു മുടക്കം വരുത്തുന്നില്ല; അതിനാൽ പാട്ടുകളുടെ പാട്ടിൽ ഒരു പ്രാവശ്യം മുത്തുന്നതുകൊണ്ടു തൃപ്തിപ്പെടാതെ അവൾ അനേകം പ്രാവശ്യം മുത്തുന്നു. എന്തുകൊണ്ടെന്നാൽ പരിശുദ്ധ മറിയത്തെപ്പോലെ അവൾ അവിടുത്തെ എല്ലാ വാക്കുകളും ശ്രദ്ധിച്ചു കേൾക്കുന്നു,'' എന്നാണ്.

അടുത്ത വാക്യത്തിൽ കാണുന്ന "നിൻെറ നാമം ഒഴിക്കപ്പെടുന്ന എണ്ണപോലെയാകുന്നു" എന്ന വാക്കുകളെപ്പററി വി. അംബ്രോസീസ് ഇങ്ങനെ പറയുന്നു: ,,ഈ തൈലംകൊണ്ടാകുന്നു മറിയം അഭിഷേകം ചെയ്യപ്പെട്ടതു്. ഒരു കന്യകയായി അവൾ ഗർഭം ധരിച്ചു, ഒരു കന്യകയായി അവൾ ഒരു സുഗന്ധം, ദൈവപുത്രനെത്തന്നെ, പ്രസവിച്ചു. ഈ തൈലം കൊണ്ടുതന്നെ പരിശുദ്ധാത്മാവ് സഭയെ അഭിഷേകം ചെയ്യുന്നു, എന്തുകൊണ്ടെന്നാൽ അവൾ മിശിഹായുടെ ശരീരവും ദൈവത്തിൻെറ അഭിഷേകം ചെയ്യപ്പെട്ട പുരോഹിതനാമാകുന്നു.''

,,ഞാൻ വയലിലെ പുഷ്പവും താഴ്‌വരയിലെ ലിലിയും ആകുന്നു. മുള്ളുകളുടെ ഇടയിൽ ലിലി എന്നപോലെ, പുത്രിമാരുടെ ഇടയിൽ എൻെറ സ്നേഹഭാജനം സ്ഥിതിചെയ്യുന്നു.'' ഇവിടെ കറയില്ലാത്ത കന്യകയെയാണ് സഭാപിതാക്കന്മാർ കാണുന്നത്. വി. അംബ്രോസീസ് വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നു: "ഈ പുഷ്പം ശരിയായ അർത്ഥത്തിൽ സഭയുംകൂടിയാകുന്നു, എന്തുകൊണ്ടെന്നാൽ, 'നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു, നിൻെറ വയററിൻഫലവും അനുഗൃഹീതമാകുന്നു' എന്ന് ആരെപ്പററി പറഞ്ഞിരിക്കുന്നുവോ ആ ഫലത്തെ, നമ്മുടെ കർത്താവീശോമിശിഹായെത്തന്നെ, സഭ വിളിച്ചറിയിക്കുന്നു.''

ദൈവമാതാവിനെപ്പററി പറഞ്ഞിരിക്കുന്നതായി സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നതും എന്നാൽ വിശുദ്ധ സഭയെപ്പററിയും പറയാവുന്നതും ആയ മൂന്നു ഉപമകളെക്കുറിച്ച് ഇനി പ്രസ്താവിക്കാം.

"കണ്ടാലും ഇസ്രായേലിലെ ഏററം ധീരന്മാരിൽ ധീരന്മാരായ അറുപതുപേർ ശ്ലേമ്മോൻെറ മെത്തക്കുചുററും നിന്നു" (പാട്ടു. പാട്ട്, ന. ൧). "പരിപൂർണ്ണമായ വിധത്തിൽ കറയില്ലാത്ത ദൈവത്തിൻെറ സിംഹാസനമേ, ശ്ലേമ്മോൻെറ ഏററം പരിശുദ്ധ മെത്തയേ, സന്തോഷിക്കുക." ഇങ്ങനെയാണ് വി. അപ്രേം എഴുതിയിരിക്കുന്നത്. എന്നാൽ ശ്ലേമ്മോൻെറ മെത്ത സൈന്യങ്ങളുടെ കർത്താവിൻെറ സേനകളാൽ ചുററപ്പെട്ട സഭയുംകൂടിയാകുന്നു.

൨. "ശ്ലേമ്മോൻെറ വിവാഹദിവസത്തിലും അദ്ദേഹത്തിൻെറ ഹൃദയത്തിൻെറ സന്തോഷദിവസത്തിലും, ശ്ലേമ്മോൻെറ മാതാവ് അദ്ദേഹത്തെ ധരിപ്പിച്ച മുടിയിൽ അദ്ദേഹത്തെ പോയി കാണുക." (പാ. പാട്ട്. ന, ൧൧.) വി. അപ്രേം ഇതിനെപ്പററി എഴുതിയിരിക്കുന്നതിപ്രകാരമാണ്: "പണ്ട് ശ്ലേമ്മോൻെറ മാതാവ് അദ്ദേഹത്തിൻേറതായിരുന്ന കിരീടത്തിൻെറ ആഭരണങ്ങൾ അദ്ദേഹത്തിൻെറ തലയിൽ വെച്ചതുപോലെ, അങ്ങെയുടെ മാതാവ് അങ്ങെ ആരാധിക്കുകയും, അങ്ങെയുടെ തലയിൽ കിരീടത്തിൻെറ ആഭരണങ്ങൾ വെയ്ക്കുകയും ചെയ്യട്ടെ."

൩. എൻെറ സഹോദരി, എൻെറ മണവാട്ടി, മതില്കെട്ടിയ ഒരു തോട്ടവും, മുദ്രവെച്ച ഒരു ഉറവയും ആകുന്നു. (പാ. പാ. ൪, ൧൨.) ഈ വാക്കുകൾ മാതാവിൻെറ കന്യാത്വത്തെ സൂചിപ്പിക്കുന്നതായിട്ടാണ് സഭാപിതാക്കന്മാർ മനസ്സിലാക്കുന്നത്. ഉദാഹരണമായി, വി. ഈറാനിമ്മോസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "മതിലിനാൽ ചുററപ്പെട്ടും മുദ്രവെയ്ക്കപ്പെട്ടും ഇരിക്കുന്നതിൽ, ആ തോട്ടവും ഉറവയും കന്യകയും മാതാവുമായ ദൈവമാതാവിനെപ്പോലെയാകുന്നു." എന്നാൽ അവ സഭയുടെ ഏകത്വത്തെ സൂചിപ്പിക്കുന്നതായും പലപ്പോഴും വ്യാഖ്യാനിക്കപ്പെട്ടന്നുണ്ട്. പിന്നീട്ട വരുന്ന ഈ വാക്കുകളും ഇപ്രകാരം തന്നെയാണ്: "ഓ, എൻെറ സഹോദരീ, എൻെറ മണവാട്ടീ, എനിക്കു തുറന്നു തരിക, എൻെറ സഹോദരീ, എൻെറ സ്നേഹമേ, എൻെറ മാടപ്രാവേ, എൻെറ നിർമ്മലേ." (൫, ൧— ൨). "എൻെറ മാടപ്രാവ്, എൻെറ പരിപൂർണ്ണയായവൾ, ഒന്നു മാത്രമാണ്" (൬. ൮).

അത്ഭുതകരമായ ഈ പാട്ടു മുഴുവനും കർത്താവിനു

തന്റെ മാതാവിനോടും തന്റെ സഭയോടും ഉള്ള സ്നേഹത്തെ ജയഘോഷത്തോടെ വർണ്ണിക്കുന്നു.

പരിശുദ്ധ കന്യകയും, പ്രത്യേകിച്ച് അവിടുത്തെ കന്യാത്വവുംമാത്രം താഴെപ്പറയുന്ന പ്രതിരൂപങ്ങളാൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നതായി സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നു.

൧. ഏദൻതോട്ടം, കൃഷിചെയ്യപ്പെടാത്ത ഭൂമി, ആദത്തെ ഉത്ഭവിപ്പിച്ച ഭൂമി, ഉഴപ്പെടാത്ത നിലം (സൃഷ്ടി, ൨). കുറെ കാലത്തേക്കു പാപം അറിയപ്പെട്ടിട്ടില്ലായിരുന്ന പറുദീസായിൽ, ആദത്തിന്റെ ശരീരം ഏതു മണ്ണിൽനിന്നു രൂപീകരിക്കപ്പെട്ടുവോ ആ കൃഷിചെയ്യപ്പെടാത്ത ഭൂമി മറിയത്തിന്റെ പ്രതിരൂപമാകുന്നു. വി. ക്രിസോസ്തോം ഇപ്രകാരം പറയുന്നു: "ഏദൻ എന്ന വാക്കിന്റെ അർത്ഥം കൃഷിചെയ്യപ്പെടാത്ത സ്ഥലം എന്നാകുന്നു. ദൈവം പറുദീസാ സ്ഥാപിച്ച സ്ഥലം ഇപ്രകാരമുള്ളതായിരുന്നു. പറുദീസാ മനുഷ്യകരങ്ങളുടെ പ്രയത്നഫലമല്ലായിരുന്നെന്നു കാണിക്കുന്നതിനാണ്, ഏദനിൽ കിഴക്കുമാറി ദൈവം ഒരു പറുദീസാ നിർമ്മിച്ചു എന്ന് എഴുതപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ, ആ നിലം കൃഷിചെയ്യപ്പെടാത്തതായിരുന്നു, കലപ്പ അതിൽ വെയ്ക്കപ്പെട്ടിരുന്നില്ല, കലപ്പയുടെ ചാലുകൾ അതിനെ ഭേദിച്ചിരുന്നില്ല. കൃഷിചെയ്യപ്പെടാതെ, ദൈവകല്പനകൊണ്ടുമാത്രം അതു ചെടികളെയും വൃക്ഷങ്ങളെയും പുറപ്പെടുവിച്ചു. ഈ കാരണത്താൽ അവിടുന്ന് കന്യകാക്ഷേത്രം എന്നർത്ഥമുള്ള ഏദൻ എന്ന് അതിനു പേരു വിളിച്ചു. ഈ കന്യകാഭൂമി പരിശുദ്ധ കന്യകയുടെ ഒരു പ്രതിരൂപമാകുന്നു. എന്തുകൊണ്ടെന്നാൽ, ആ നിലം യാതൊരു വിത്തും കൂടാതെ പറുദീസായെ ഉത്ഭവിപ്പിച്ചതുപോലെ, മറിയം, പുരുഷനെ അറിയാതെതന്നെ, നമുക്കുവേണ്ടി മിശിഹായെ ഉത്ഭവിപ്പിച്ചു.

൨. ഏശയ്യായുടെ ദീർഘദർശനം ൫൩-ാം അദ്ധ്യായം, ൨-ാം വാക്യത്തിൽ നാം വായിക്കുന്ന ഉണങ്ങിയ ഭൂമി മാതാവിന്റെ ഒരു സാദൃശ്യമാകുന്നു. "അയാൾ അവിടുത്തെ മുൻപിൽ മൃദുലമായ ഒരു ചെടിപോലെയും, ഉണങ്ങിയ ഭൂമിയിൽനിന്നു വരുന്ന ഒരു വേരുപോലെയും വളരും." വി. അപ്രേം ഇതിനെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു: "അവിടുന്ന് ഉണങ്ങിയ ഭൂമിയായ മറിയത്തിന്റെ മേൽ മഞ്ഞു വർഷിച്ചു."

൩. കത്തിയെരിയുന്ന കുററിക്കാട്. "ഒരു കുററിക്കാടിൻെറ മദ്ധ്യത്തിൽ ഒരു തീജ്വാലയിൽ കർത്താവു മൂശയ്ക്കു കാണപ്പെട്ടു: കുററിക്കാടു കത്തിയെരിഞ്ഞെങ്കിലും അതു ദഹിച്ചില്ലെന്ന് അയാൾ കണ്ടു."

"കത്തിയെരിയുന്ന കുററിക്കാട്ടിൽ മറിയത്തെ നീ കാണുന്നില്ലേ?" എന്ന് ആൻസിറായിലെ തിയോഡോറൈറു ചോദിക്കുന്നു. വി. അപ്രേം എഴുതിയിരിക്കുന്നതിപ്രകാരമാണ്: "ഓ ദാവീദിൻെറ പുത്രിയേ അഗ്നിയിൽ മൂശ നിൻെറ സൌന്ദര്യത്തിൻെറ സാദൃശ്യം കണ്ടു. നന്മനിറഞ്ഞ ദൈവമാതാവേ, നിൻെറ ഉദരത്തിൽ തീജ്വാല വസിച്ചു, എന്നാൽ നീ ദഹിച്ചില്ല.

൪–ം, ൫–ം. അഹറോൻെറയും ഈസായിയുടെയും വടികൾ. ഓറ്സ്ലത്തിലെ വി. സിറില്ലോസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "അങ്ങ് അഹറോൻെറ പുഷ്പിക്കുന്ന വടിയാകുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങ് വടിയും അങ്ങെയുടെ പുത്രൻ പുഷ്പവുമാകുന്നു." വി. അംബ്രോസീസ് എഴുതിയിരിക്കുന്നതിങ്ങനെയാണ്: " 'ഈസായിയുടെ വേരിൽനിന്ന് ഒരു വടി പുറപ്പെടും, അയാളുടെ വേരിൽനിന്ന് ഒരു പുഷ്പം പുറപ്പെടും,' എന്തുകൊണ്ടെന്നാൽ വേര് യഹൂദന്മാരുടെ ഗോത്രമാകുന്നു, വടി മറിയവും പുഷ്പം മറിയത്തിൻെറ മിശിഹായും ആകുന്നു."

൬. ഗിദിയോൻെറ ആട്ടിൻതോൽ. വി. അപ്രേം: "ഗിദിയോൻെറ ആട്ടിൻതോലിന്മേൽ ആകാശത്തിൽനിന്നുള്ള മഞ്ഞു വീണതുകൊണ്ട് അതു പരിശുദ്ധ കന്യകയുടെ ഒരു പൂർവ്വരൂപമായിരുന്നു, എന്തുകൊണ്ടെന്നാൽ ഈ കന്യകയിൽ വചനം മാംസമായി." വി. പ്രോക്ലൂസ്: "മറിയം ന്യായമായി ഒരാട്ടിൻതോലിനോടുപമിക്കപ്പെട്ടിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അവളുടെ ഉദരത്തിൻെറ ഫലത്തിൽനിന്നു ജനങ്ങൾക്ക് രക്ഷയുടെ വസ്ത്രങ്ങൾ നെയ്യപ്പെടുന്നു. മറിയം വ്യക്തമായി ആട്ടിൻതോലാകുന്നു, എന്തുകൊണ്ടെന്നാൽ അവളുടെ മൃദുലമായ ഉദരത്തിൽനിന്നാകുന്നു ദിവ്യചെമ്മരിയാട്ടിൻകുട്ടി വന്നത്..."

൭. കർത്താവിനെ ഈജിപ്തിലേക്കു വഹിച്ചുകൊണ്ടുപോയ മേഘം. "കണ്ടാലും, കർത്താവ് ഘനമില്ലാത്ത ഒരു മേഘത്തിൽ കയറുകയും, ഈജിപ്തിൽ പ്രവേശിക്കുകയും ചെയ്യും, അവിടുത്തെ സാന്നിദ്ധ്യത്തിൽ ഈജിപ്തിലെ വിഗ്രഹങ്ങൾ ഇളകു

കയും ഈജിപ്തിന്റെ ഹൃദയം അതിന്റെ മദ്ധ്യത്തിൽ ഉരുകുകയും ചെയ്യും." (ഏശയ്യാ ൧൯, ൧). വി. അപ്രേം ഇപ്രകാരം എഴുതുന്നു: "മനുഷ്യനായി ലോകത്തിൽ അവതരിച്ചപ്പോൾ ഒരു ഘനംകുറഞ്ഞ മേഘത്തിന്മേൽ എന്നപോലെ കന്യകയുടെ കരങ്ങളിൽ ഈജിപ്തിലേക്കു കൊണ്ടുപോകപ്പെട്ട കർത്താവിനെ സൂചിപ്പിക്കുന്നതായി ഈ വാക്കുകൾ വ്യാഖ്യാനിക്കപ്പെടുന്നു." വീണ്ടും: "കർത്താവിനെ വഹിച്ച മേഘം ദൈവമാതാവായ കന്യകാമറിയത്തിന്റെ ഒരു സാദൃശ്യമാകുന്നു." വി. അംബ്രോസീസും ഇതേ വ്യാഖ്യാനംതന്നെ തന്റെ കൃതികളുടെ പല ഭാഗങ്ങളിലും നൽകുന്നു.

൮. വാഗ്ദാനത്തിന്റെ പെട്ടകം. മാതാവിന്റെ ലുത്തിനിയായിൽ സഭ മറിയത്തെ വാഗ്ദാനത്തിന്റെ പെട്ടകം എന്നു വിളിക്കുന്നു. ഇതിൽ സഭ അലക്സാന്ത്രിയായിലെ വി. സിറിള്ളോസ് മുതലായ അനേകം സഭാപിതാക്കന്മാരെ അനുകരിക്കുക മാത്രമാണ് ചെയ്യുന്നത്. ഇതു യുക്തിപൂർവ്വകമാകുന്നു, എന്തുകൊണ്ടെന്നാൽ, വിലപിടിച്ചതും ദ്രവിച്ചുപോകാത്തതുമായ തടികൾകൊണ്ടു നിർമ്മിക്കപ്പെട്ടതും, നിയമം എഴുതിയ പലകകളും മരുഭൂമിയിലെ മന്നായും അടങ്ങിയിരുന്നതും, ദൈവത്തിന്റെ ഇരിപ്പിടവും ഇസ്രായേൽ ജനത്തിന്റെ രക്ഷയും ആയി ഗണിക്കപ്പെട്ടിരുന്നതുമായ പെട്ടകം, നിർമ്മലയും പരിശുദ്ധയും ആയവളും, ആകാശത്തിൽനിന്നു വന്ന ജീവനുള്ള അപ്പമായ ദിവ്യനിയമകർത്താവിനെത്തന്നെ തന്റെ ഉദരത്തിൽ വഹിച്ചവളും, ദൈവതപത്തിന്റെ സക്രാരിയും, ക്രിസ്തീയജനതയുടെ രക്ഷയും ആയ പരിശുദ്ധ കന്യകയെപ്പറ്റി നമ്മെ ഓർമ്മിപ്പിക്കുന്നു.

൯. എസക്കിയേൽ ദീർഘദർശിയോടു ദൈവം പറഞ്ഞതായ "കിഴക്കേ പടിവാതിൽ." ഈ പടിവാതിൽ അടയ്ക്കപ്പെട്ടിരിക്കും, അതു തുറക്കപ്പെടുകയില്ല, എന്തുകൊണ്ടെന്നാൽ ഇസ്രായേലിന്റെ ദൈവമായ കർത്താവ് അതിൽക്കൂടി അകത്തു പ്രവേശിച്ചിരിക്കുന്നു, അതു രാജകുമാരനുവേണ്ടി അടച്ചിടപ്പെടും" (എസെ. ൪൪, ൧-൨). വി. അംബ്രോസീസ്: "ഈ പടിവാതിൽ മറിയമല്ലാതെ ആരാണ്? അത് അടയ്ക്കപ്പെട്ടു, എന്തുകൊണ്ടെന്നാൽ, മറിയം ഒരു കന്യകയായിരുന്നു. മിശിഹാ ലോകത്തിലേക്കു വന്ന പടിവാതിലാകുന്നു മറിയം...അവിടുന്നു കന്യകയിൽനിന്നുവന്നു; അവളുടെ മാഹാത്മ്യം ലോകത്തിനു

വഹിക്കാൻ പാടില്ലാത്ത വിധം അത്ര വലുതാകുന്നു. അടച്ചു പ്പെട്ടതും തുറക്കപ്പെടാത്തതുമായ ഒരു നല്ല പടിവാതിലാകുന്നു മറിയം... ഈ പടിവാതിലിൻെറ ദർശനം കിഴക്കോട്ടായിരുന്നു, എന്തുകൊണ്ടെന്നാൽ അതു യഥാർത്ഥമായ പ്രകാശത്തെ വിതറുകയും... നീതിയുടെ സൂര്യനെ പുറപ്പെടുവിക്കുകയും ചെയ്തു."

മറിയത്തിനും അനുരൂപമായ സഭയുടെ പ്രതിരൂപങ്ങൾ. ചുററുമുള്ള സകലതും വെള്ളപ്പൊക്കംകൊണ്ടു നശിച്ചപ്പോൾ അതിലുണ്ടായിരുന്ന ജീവജാലങ്ങളെയെല്ലാം രക്ഷിച്ച നോഹായുടെ കപ്പലും, ഏശയ്യായുടെ ദീർഘദർശനത്തിൽ നാം വായിക്കുന്ന പർവ്വതവും സഭയുടെ രണ്ടു പ്രതിരൂപങ്ങളാണെന്നു സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. "അവസാനദിവസങ്ങളിൽ കർത്താവിൻെറ ഭവനത്തിൻെറ പർവ്വതം, പർവ്വതങ്ങളുടെ മുകളിൽ ഒരുക്കപ്പെടുകയും, അതു മലകൾക്കുമീതെ ഉയർത്തപ്പെടുകയും, എല്ലാജാതികളും അതിലേയ്ക്കു പ്രവഹിക്കുകയും ചെയ്യും" (ഏശ. ൨, ൨). എന്നാൽ ഈ രണ്ടു പ്രതിരൂപങ്ങളും മറിയത്തെ സംബന്ധിച്ചും പറയാവുന്നതാണ്.

രണ്ടു കാര്യങ്ങളിൽ കപ്പൽ മറിയത്തിൻെറ പ്രതിരൂപമായി ഗണിക്കപ്പെടാം. ഉദാഹരണമായി, വി. പ്രോക്ലൂസ് ഇങ്ങനെയെഴുതിയിരിക്കുന്നു: "നോഹ കേടുവരാത്ത തടികൾകൊണ്ട് തൻെറ കപ്പൽ നിർമ്മിച്ചു, എന്നാൽ ആത്മീയ നോഹായായ മിശിഹാ കറയില്ലാത്ത മറിയത്തിൽനിന്നു തൻെറ ശരീരമാകുന്ന പെട്ടകം ഉരുവാക്കി." വി. അപ്രേം ഇപ്രകാരം പറയുന്നു: "പാപമാകുന്ന വെള്ളപ്പൊക്കത്തിൽനിന്നു ഞങ്ങളെ രക്ഷിക്കുന്ന പരിശുദ്ധ പെട്ടകമായ ഓ, മറിയമേ."

കർത്താവിൻെറ ഭവനത്തിൻെറ പർവ്വതത്തെപ്പററി മഹാനായ ഗ്രിഗോരിയോസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "ഈ പർവ്വതം, ദൈവമാതാവായ വാഴ്ത്തപ്പെട്ട നിത്യകന്യകയേയും സൂചിപ്പിക്കുന്നു. കാരണം ദൈവം ചെയ്തു അവളുടെ തിരിഞ്ഞെടുപ്പിൻെറ സ്ഥാനവലിപ്പംകൊണ്ട്, തിരഞ്ഞെടുക്കപ്പെട്ട മററെല്ലാവരെയുംകാൾ ഉയർന്നവളായിരിക്കുന്നതിനാൽ അവൾ ഒരു പർവ്വതമാകുന്നു. നിത്യവചനത്തെ ഉത്ഭവിപ്പിക്കുന്നതിനായി, തൻെറ പുണ്യയോഗ്യതകളുടെ ഉയർച്ച മാലാഖാമാരുടെ എല്ലാ വൃന്ദങ്ങളെയുംകാളും, ദൈവത്വത്തിൻെറ സിംഹാസനംവരെ തന്നെയും ഉയർത്തിയ മറിയം ഒരുന്നത പർവ്വതമല്ലയോ?"

# അദ്ധ്യായം ൨൮

## മറിയവും അപ്പെസോസും

കത്തോലിക്കാമതം മനുഷ്യർക്ക് രണ്ടു ദാനങ്ങൾ നൽകുന്നു: വിശ്വാസത്തിൻെറ ഉറവയും, സന്മാർഗ്ഗത്തിൻെറ പരിശുദ്ധതയും. ക്രിസ്തീയവിശ്വാസം ആദ്യം ലോകത്തിനു ലഭിച്ചപ്പോൾ, സന്മാർഗ്ഗജീവിതം അവർണ്ണനീയമായ വിധത്തിൽ ക്ഷയിച്ചിരുന്നു. ഏററം ഭയങ്കരങ്ങളായ ദുരാചാരങ്ങൾപോലും, മനുഷ്യ ദുഷ്ടതയുടെ ആധിക്യത്തിൽ സന്തോഷിക്കുന്നവരായി പരിഗണിച്ചിരുന്ന ദേവന്മാരോടുള്ള ഭക്തിപ്രകടനത്തിൻെറ ഭാഗമായി മഹത്വപ്പെടുത്തിയിരുന്നു. വ്യക്തമായ സന്മാർഗ്ഗനിയമങ്ങൾ ഇല്ലായിരുന്നെന്നു മാത്രമല്ല, മതമെന്ന പേരിൽ അറിഞ്ഞിരുന്ന സ്ഥാപനം ഏററം നീചമായ ദുർമ്മാർഗ്ഗപ്രവൃത്തികളെ പ്രോത്സാഹിപ്പിച്ചിരുന്നു. തിന്മയെ ഇങ്ങനെ മഹത്വമുള്ളതാക്കി കല്പിക്കുന്നതിന് അപ്പെസോസിലെ ദിയാനായുടെ ക്ഷേത്രം വളരെക്കാലത്തേക്ക് ഒരു ദൃഷ്ടാന്തവും അടയാളവും ആയിരുന്നു.

ക്രിസ്തുമതത്തിൻെറ ആരംഭകാലം മുതല്ക്കുതന്നെ അതു തിന്മയെ ധൈര്യസമേതം എതിർത്തിരുന്നെന്നുള്ളതു് അതിൻെറ ഒരു മഹത്വമാകുന്നു. ശുദ്ധതയുടെ കൊടി കലർപ്പുകൂടാതെ ഉയർത്തുകയും, മനുഷ്യരുടെ ബലഹീനതയ്ക്കു കീഴ്പെടുന്നതിനു പകരം, ദൈവവരപ്രസാദം മനുഷ്യർക്ക് എപ്പോഴും ലഭിക്കാവുന്നതാണെന്നും, അവിടുത്തെ നിയമം കാക്കാൻ ആഗ്രഹിക്കുന്നവർക്ക് വരപ്രസാദം മതിയാകുമെന്നുമുള്ള വാസ്തവം വിളിച്ചറിയിക്കയും ചെയ്യുന്ന് സഭ അവകാശപ്പെടുന്നു. പണ്ടു് അപ്പെസോസുകാരുടെ ദിയാനാ അശുദ്ധതയുടെ കല്പിതമഹത്വത്തിന് അടയാളമായിരുന്നതുപോലെ, ക്രിസ്തീയകാലങ്ങളിലെല്ലാം നസറത്തിലെ മറിയം സുന്ദരവും ഉത്തമവുമായതിനെ പ്രാപിക്കാൻ ആഗ്രഹിക്കുന്നവരുടെ ശക്തിയും ആശ്വാസവും ആദർശവും ആയിരുന്നിട്ടുണ്ടു്. ദിയാനായോടുള്ള ഭക്തി പുരുഷന്മാരെയും സ്ത്രീകളെയും ചെളിക്കുഴിയിലേക്ക് കൂടുതൽ കൂടുതൽ ആഴമായി താഴ്ത്തിയതുപോലെ, മറിയത്തോടുള്ള ഭക്തി ദൈവത്തിൻെറ, സിം

ഹാസനത്തിനു ചുററും മാലാഖാമാർ അണിനിരന്നു നില്ക്കുന്ന ആകാശങ്ങളിലേക്ക് അവരെ ഉയർത്തി.

വി. പൌലോസ് സുവിശേഷം പ്രസംഗിക്കുന്നതിനായി ആദ്യം അപ്പെസോസിൽ പ്രവേശിച്ചപ്പോൾ മറിയത്തിൻെറ നാമം അവിടെ അറിയപ്പെട്ടിരുന്നില്ല, എന്നാൽ ദിയാനാ സർവ്വാധിപതിയായി വാണിരുന്നു. ശ്ലീഹാ വിഗ്രഹാരാധനക്കെതിരായി പ്രസംഗിച്ചപ്പോൾ, ദിയാനാക്കു വെള്ളിക്ഷേത്രങ്ങൾ ഉണ്ടാക്കുകയും അങ്ങനെ ധാരാളം പണം സമ്പാദിക്കുകയും ചെയ്തിരുന്ന ദെമേത്രിയോസ് എന്നു പേരായ തട്ടാൻ, ശ്ലീഹായുടെ പ്രസംഗംനിമിത്തം ഏഷ്യാ മുഴുവനും ലോകവും വണങ്ങുന്ന ദിയാനായുടെ മഹത്വം നശിപ്പിക്കപ്പെടാൻ ആരംഭിക്കുമെന്നു ഭയപ്പെട്ടു, "അപ്പേസിയാക്കാരുടെ ദിയാന വലിയവളാകുന്നു." എന്നു വിളിച്ചു പറഞ്ഞു.

അപ്പെസോസിലെ ദിയാനായുടെ ക്ഷേത്രം ലോകത്തിലെ ഏഴത്ഭുതങ്ങളിൽ ഒന്നായി ഗണിക്കപ്പെട്ടിരുന്നു. അത്ഭുതകരമായ ശില്പകലാസാമർത്ഥ്യത്തോടുകൂടി ഒരു ചതുപ്പുനിലത്തു പണിയിക്കപ്പെട്ടിരുന്ന അതിനു് നൂററിനാലു മീററർ വീതിയും, അതിൻെറ മുഖവാരത്തിന് അൻപതു മീററർ വിസ്താരവും ഉണ്ടായിരുന്നു. അതിലുണ്ടായിരുന്ന ഇരുപത്തേഴ തൂണുകളിൽ ഓരോന്നും ഓരോ രാജാക്കന്മാരുടെ ദാനമായിരുന്നു. പോളിക്ലേത്തോസ്, ഫീദിയാസ്, എന്നീ വലിയ ഗ്രീക്കു കൊത്തുപണിക്കാരുടെ കൈവേലകൾ അതിൻെറ ഭിത്തികൾളിൽ ഉണ്ടായിരുന്നു. ഈ ക്ഷേത്രത്തെ നശിപ്പിക്കാൻ ആൎക്കും സാധിക്കയില്ലെന്നു റോമ്മാക്കാർ പ്രഖ്യാപനം ചെയ്തിട്ടുണ്ടായിരുന്നു. മാനുഷികമായ ഏതു തോതുവെച്ചു നോക്കിയാലും അതു നശിപ്പിക്കപ്പെടാൻ പാടില്ലാത്തതായിരുന്നു. എന്നിട്ടും മിശിഹായുടെ ശ്ലീഹാ ദിയാനായോടും അവളുടെ പ്രവൎത്തനങ്ങളോടും യുദ്ധപ്രഖ്യാപനം ചെയ്തു. സാധാരണ കണ്ടുവരാറുള്ളതുപോലെ അപ്പെസോസിലും അന്ധവിശ്വാസത്തോടും അശുദ്ധതയോടുംകൂടി മന്ത്രവാദപരമായ കലകളും ചേൎന്നു കാണാനുണ്ടായിരുന്നു. ഈ കലകൾക്കെതിരായി ശ്ലീഹാ പ്രസംഗിക്കുകയും ഉന്നതങ്ങളിൽനിന്നും ദൃശ്യമായ വിധത്തിൽ അദ്ദേഹത്തിൻെറ വാക്കുകൾക്ക് അംഗീകരണം ലഭിക്കുകയും ചെയ്തു. (നടപടി, ൧൯, ൨൩– ൪൦)

എന്നിട്ടും ആ ദേവിയോടുള്ള ഭക്തി നശിച്ചില്ല. രണ്ടു

മണിക്കൂർ നേരത്തേക്ക് ജനങ്ങൾ വീണ്ടും "അപ്പെസോസിലെ ദിയാനാ വലിയവളാകുന്നു" എന്ന് ഏകസ്വരത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഒടുക്കം, നഗരപ്രമാണി, അവരെ സമാധാനപ്പെടുത്തിയതിന്റെശേഷം, അവരുടെ അന്ധവിശ്വാസത്തിനു യാതൊരു നാശവും സംഭവിച്ചിട്ടില്ലെന്ന് അവരോടു പറഞ്ഞു (ന്ന, ൧൯-൩൫).

ഏതാനും വർഷങ്ങൾക്കുശേഷം, പൌലോസ് ശ്ലീഹാ കൊറിന്തിയാക്കാർക്കുള്ള ലേഖനം എഴുതിയപ്പോൾ, "മനുഷ്യരുടെ അഭിപ്രായത്തിൽ ഞാൻ അപ്പെസോസിൽവച്ച് മൃഗങ്ങളുമായി പോരാടി" എന്നു പറഞ്ഞ് അപ്പെസോസിലെ തന്റെ മൂന്നു വർഷക്കാലത്തെ താമസത്തെ അനുസ്മരിച്ചതിൽ എന്താണതിശയിപ്പാനുള്ളത്?

പൌലോസ് ശ്ലീഹാ അപ്പെസോസിൽനിന്നു പോയതിനുശേഷം, വി. തിമൊത്തേയോസ് കുറെക്കാലത്തേക്ക് അവിടെ മെത്രാനായിരുന്നെന്നും, ദിയാനായുടെ ഭക്തന്മാർ നടത്തിയ ദുർമ്മാർഗ്ഗപരമായ ഒരു ഘോഷയാത്രയുടെ അവസാനത്തിൽ അദ്ദേഹം വേദസാക്ഷിയായി മരിച്ചെന്നും പാരമ്പര്യം സാക്ഷിക്കുന്നു. സുവിശേഷകനായ വി. യോഹന്നാൻ അപ്പെസോസിലെ മെത്രാനായി തന്റെ അവസാനനാളുകൾ അവിടെ കഴിച്ചുകൂട്ടി. ദൈവമാതാവിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതും, ക്ഷേത്രത്തിനെതിർവശത്തുള്ള ഒരു കുന്നിന്മേൽ പണിയിക്കപ്പെട്ടിരിക്കുന്നതുമായ ഒരു ചെറിയ കപ്പേള അദ്ദേഹം മെത്രാനായിരുന്നപ്പോൾ ആരംഭിക്കപ്പെട്ടതാണെന്നു സാധാരണമായി വിശ്വസിക്കപ്പെടുന്നു.

പരിശുദ്ധ മറിയം കുറെക്കാലത്തേക്കെങ്കിലും അപ്പെസോസിൽ താമസിച്ചിരുന്നെന്നുള്ളതു തീർച്ചയാണ്. നിർമ്മലദന്തംകൊണ്ടുള്ള കോട്ടയെന്നും ദാവീദിന്റെ കോട്ടയെന്നും സഭ വിളിക്കുന്ന കന്യകകളുടെ മകുടമായ പരിശുദ്ധകന്യകാമറിയം, താനും തന്റെ ദാസന്മാരും നിരന്തരമായി യുദ്ധം ചെയ്യാനിരുന്ന ആ ക്ഷേത്രത്തെ നോക്കിയിരുന്നിരിക്കണം. ഏറെത്താമസിയാതെ അതു നശിക്കുകയും, ലോകത്തിൽ അതിന്റെ ഓർമ്മമാത്രം ശേഷിക്കുകയും ചെയ്യാൻ ഇരിക്കയായിരുന്നു. അപ്പെസോസ്നഗരത്തെ അതിന്റെ അടിത്തറവരെ ഇളക്കിയ ഒരു ഭൂമികുലുക്കത്തെപ്പറ്റി താസിത്തോസ് എന്ന ചരിത്രകാരൻ പ്രസ്താ

വിക്കുന്നു. അതിന്റെ തുറമുഖം നശിച്ച് വീണ്ടും ഒരു ചതുപ്പുനിലംപോലെ ആയിത്തീർന്നുകൊണ്ട് നഗരത്തിന്റെ പ്രകൃതിതന്നെ വ്യത്യാസപ്പെട്ടുപോയി. വീടുകളും നാടകശാലകളും ക്ഷേത്രങ്ങളും എല്ലാം ഉപേക്ഷിക്കപ്പെട്ടു. ഒരു കാലത്ത് അജയ്യമെന്നു കീർത്തിച്ചിരുന്ന ദിയാനാദേവിയുടെ മഹാലയം കാവൽ ഭടന്മാരില്ലാതെ ഉപേക്ഷിക്കപ്പെടുകയും, വന്നന്മ—ൽ ഗോത്രജാതിക്കാർ അതിനെ കൊള്ളചെയ്യുകയും ചെയ്തു. കോൺസ്റ്റന്റയിൻ ചക്രവർത്തി അതിനെ ഇടിച്ചുനിരത്തുകയും അതിലുണ്ടായിരുന്ന മാർബിൾ പലകകൾ കൊൺസ്റ്റാൻറിനോപ്പിളിലേക്ക് അയയ്ക്കുകയും ചെയ്തു. അപ്പെസോസിലെ ദിയാനായുടെ പ്രതാപം അവസാനിച്ചിരുന്നു. അതിനിടയ്ക്ക് കന്യകാമറിയത്തിന്റെ സ്തുതിയ്ക്കായി കുന്നിൻമുകളിൽ പണിയിക്കപ്പെട്ട കപ്പേള ക്രമേണ ഒരു മഹാദേവാലയമായിത്തീർന്നിരുന്നു. നെസ്റ്റോറിയോസ് തന്റെ അബദ്ധസിദ്ധാന്തം ആദ്യമായി പഠിപ്പിച്ചപ്പോൾ, അവതരിച്ച വചനത്തിന്റെ യഥാർത്ഥ മാതാവെന്ന ഉന്നതസ്ഥാനത്തിനു മറിയത്തിനുള്ള അവകാശത്തെ നീതീകരിച്ച്, വരുവാനിരുന്ന എല്ലാക്കാലത്തേക്കും, പുണ്യവാന്മാർക്ക് ഒരു കാലത്ത് നൽകപ്പെട്ട വിശ്വാസത്തെ അഭംഗമായി കാത്തു സൂക്ഷിക്കാനിരുന്ന സാർവ്വത്രികസൂനഹദോസിന് അതിന്റെ യോഗങ്ങൾ കൂടാൻ, ദൈവപരിപാലനയിൽ, ഈ ദേവാലയം ഒരുക്കിയിരുന്നു.

നെസ്റ്റോറിയോസ് അതികശ്ശനമായ ജീവിതരീതിയോടും സ്വഭാവത്തോടുംകൂടിയ ഒരാളായിരുന്നു. കൊൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായി ആദ്യം നമ്മുടെ ദൃഷ്ടിയിൽ പെടുമ്പോൾ അദ്ദേഹം തപോനിഷ്ഠയോടുകൂടിയ ഒരു ജീവിതം നയിക്കുകയും, പുസ്തകങ്ങൾ വായിക്കുന്നതിൽ സമയം മുഴുവനും തന്നെ ചെലവാക്കുകയും ചെയ്യുന്നതായിട്ടാണ് നാം കാണുന്നത്. എന്നാൽ ആര്യൻ പാഷണ്ഡമതക്കാരുമായുള്ള ഇടപാടുകളിൽ അയാൾ അശേഷം കരുണയില്ലാത്തവനായി കാണപ്പെടുകയും, അവർക്കെതിരായി നിരന്തരം പോരാടുകയും ചെയ്തിരുന്നു. അഹംഭാവത്തിനും നവീനത്വത്തോടുള്ള പ്രതിപത്തിയ്ക്കും കീഴ്പെട്ട്, ആരിയൂസിന്റെ പാഷണ്ഡമതത്തോളംതന്നെ സത്യവിശ്വാസത്തിന് ആപൽക്കരമായ ഒരു അബദ്ധവിശ്വാസത്തിൽ അയാൾ വീണുപോകാനിരിക്കയായിരുന്നു. നിത്യവചനമായ പു

ത്രൻതമ്പുരാൻ തൻെറ സ്വാഗ്ഗീയ പിതാവുമായി ഏക സത്തയാണെന്നുള്ളതു് ആരിയൂസ് നിഷേധിച്ചിരുന്നു; അവിടുന്നു് ഒരു മാനുഷികമാതാവിൽനിന്നു ജനിച്ചെന്നുള്ളതിനെ നെസ്തോറിയോസ് നിഷേധിച്ചു. മിശിഹായിൽ വ്യത്യസ്തരായ രണ്ടാളുകൾ, അതായതു്, മനുഷ്യനായ ഈശോയാകുന്ന ആളും, ദൈവത്തിൻെറ നിത്യവചനമായ ആളും ഉണ്ടെന്നു് അയാൾ പഠിപ്പിച്ചു. ഈ രണ്ടാളുകളും സാന്മാഗ്ഗികമായ ഒരു ഐക്യത്താൽ മാത്രം, അതായതു് മനസ്സിലും വികാരങ്ങളിലും പ്രവൃത്തികളിലും ഉള്ള പരിപൂണ്ണമായ യോജിപ്പു വഴിയായി മാത്രം ബന്ധപ്പെട്ടിരുന്നു. അതിനാൽ, ദൈവത്വം, ഒരു ദേവാലയത്തിൽ എന്നപോലെ, മിശിഹായുടെ മനുഷ്യത്വത്തിൽ വസിച്ചു. എന്നാൽ മിശിഹായുടെ രണ്ടു സ്വഭാവങ്ങളും തമ്മിൽ, കാതലായ വിധത്തിലുള്ള ഐക്യം ഒന്നുമില്ലായിരുന്നു. ഇതിൽനിന്നു് ഒരു കത്താവീശോമിശിഹായല്ല, രണ്ടു മിശിഹാമാർ— ഒന്നു ദൈവവും മറേറതു മനുഷ്യനും— ഉണ്ടെന്നു സിദ്ധിക്കുന്നു. ഇങ്ങനെ മിശിഹാ വിഭജിക്കപ്പെട്ടു. ഇതിൻെറ ഒഴിച്ചുകൂടാത്ത നിഗമനം, പരിശുദ്ധ കന്യക ദൈവമാതാവല്ല, പിന്നെയോ മിശിഹായുടെ മാതാവു്, അല്ലെങ്കിൽ മനുഷ്യൻെറ മാതാവു്, മാത്രമാണെന്നാകുന്നു. തൻെറ ഈ പുതിയ അബദ്ധസിദ്ധാന്തം പാത്രിയക്കീസ് എന്ന നിലയിൽ തൻെറ സിംഹാസനത്തിൽനിന്നു പഠിപ്പിക്കുവാൻ നെസ്തോറിയോസ് ആദ്യം ധൈയ്യപ്പെട്ടില്ല. തൻെറ ശിഷ്യന്മാർ വഴി ഒളിവിൽ അതു പഠിപ്പിക്കുന്നതുകൊണ്ടുമാത്രം അയാൾ ആദ്യം തൃപ്തിപ്പെട്ടിരുന്നു. എന്നാൽ പിന്നീടയാൾ ധൈയ്യമവലംബിക്കുകയും, നസിയാൻസത്തിലെ വി. ഗ്രിഗോരിയോസിൻെറയും വി. യോഹന്നാൻ ക്രിസോസ്തോമിൻെറയും പരിശുദ്ധമായ മതോപദേശത്തെയും ശ്രേഷ്ഠമായ വാഗ്‌വിലാസത്തെയും കേട്ടിരുന്ന തൻെറ മെത്രാസനദേവാലയത്തിലെ പ്രസംഗപീഠത്തിൽനിന്നുകൊണ്ടു് ഭയംകൂടാതെ ഇപ്രകാരം പറയുകയും ചെയ്തു:

"കന്യകാമറിയത്തിനു് ദൈവമാതാവെന്ന നാമം കൊടുക്കുന്നതു് ന്യായമാണോ, അതോ മനുഷ്യമാതാവു് എന്നുമാത്രം അവളെ വിളിക്കുന്നതാണോ ശരി എന്നു് എന്നോടു ചോദിക്കുന്നു. ദൈവത്തിനു് ഒരു മാതാവുണ്ടായിരിക്കാൻ പാടുണ്ടോ?...ഇല്ല, സൃഷ്ടി സ്രഷ്ടാവിനെയല്ല, പിന്നെയോ ദൈവത്തിൻെറ ഉപകര

ണമായിരുന്ന ഒരു മനുഷ്യനെയാണ് പ്രസവിച്ചത്. അതുടെ പ്രവൃത്തിയാൽ മറിയത്തിൻെറ പുത്രൻ ജനിച്ചുവോ, ആ പരിശുദ്ധാത്മാവു് മറിയത്തിൻെറ ഉദരത്തിൽ വചനമായ ദൈവത്തിന് ഒരു ദേവാലയം ഒരുക്കുകമാത്രം ചെയ്തു."

പാത്രിയർക്കീസിൻെറ അധരങ്ങളിൽനിന്ന് ഈ വാക്കുകൾ കേട്ടയുടനെ ജനക്കൂട്ടം മുഴുവനും തങ്ങളുടെ വെറുപ്പിനെ ഉച്ചത്തിൽ പ്രകടിപ്പിച്ചുകൊണ്ടു് ദേവാലയത്തിൽ നിന്നു ഓടിപ്പൊയ്ക്കളഞ്ഞതായി നാം വായിക്കുന്നു. ഈ അബദ്ധപഠനം മിശിഹായുടെ ആളിന്നടുത്ത ഐക്യത്തെ നിഷേധിച്ചുകൊണ്ടു് നമ്മുടെ വിശ്വാസത്തിൻെറ അടിസ്ഥാനത്തെത്തന്നെ നശിപ്പിക്കുന്നതായിരുന്നെങ്കിലും, അതു ഗ്രഹിക്കാൻ വിഷമമുള്ളതായിരുന്നതിനാൽ, മാതാവിൻെറ ബഹുമാനത്തെയും സ്ഥാനവലിപ്പത്തെയും അതു സ്പഷ്ടമായി എതിർത്തില്ലായിരുന്നെങ്കിൽ, ഒരു പക്ഷേ വിശ്വാസികളുടെയിടയിൽ ഇത്ര സാർവ്വത്രികവും ഭയങ്കരവുമായ കോപം ഉളവാക്കുകയില്ലായിരുന്നു. മറിയം യഥാർത്ഥത്തിൽ ദൈവമാതാവല്ലെന്ന് കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസ് പ്രഖ്യാപനം ചെയ്തു. ഇതു് എല്ലാവർക്കും മനസ്സിലാക്കാൻ പാടുള്ള ഒരു കാര്യമായിരുന്നു. റോമ്മാ കഴിഞ്ഞാൽ പിന്നെ ക്രിസ്തീയലോകത്തിലെ ഏററം പ്രധാന മെത്രാസനമായിരുന്ന നഗരത്തിലെ മെത്രാൻ തങ്ങളുടെ മതത്തിൻെറ അടിസ്ഥാനം തന്നെ ആക്രമിച്ചെന്ന് മെത്രാന്മാർക്കും വൈദികന്മാർക്കും വിശ്വാസികൾക്കും തോന്നി.

ക്രിസ്തീയലോകം മുഴുവനിലും വലിയ ക്ഷോഭമുണ്ടായി. പല മെത്രാന്മാർ നെസ്തോറിയോസിനു പ്രതിഷേധലേഖനങ്ങൾ അയച്ചു. എന്നാൽ ഫലമൊന്നും ഉണ്ടായില്ല. ആ പാഷണ്ഡമതസ്ഥാപകൻ തിയോദോസ്യോസ് ചക്രവർത്തിയുടെ ശക്തിയുടെയും സ്വാധീനതയുടെയും സഹായത്തോടുകൂടി എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചു് തൻെറ അബദ്ധപഠനത്തെ എല്ലായിടത്തും പ്രചരിപ്പിച്ചു. എന്നാൽ തനിക്കു നേരിടുവാനുണ്ടായിരുന്ന മൂന്നു ഘടകങ്ങളെ— മാർപ്പാപ്പായുടെ അധികാരം, കത്തോലിക്കാമെത്രാന്മാരുടെ വിശ്വസ്തത, കത്തോലിക്കാ ജനങ്ങൾക്ക് ദൈവമാതാവിനോടുള്ള ഭക്തി— അയാൾ ശരിയായി മനസ്സിലാക്കിയില്ല. പത്രോസിൻെറ സിംഹാസനത്തെ വി. സെലസ്റ്റീനോസ് ഒന്നാമൻ അലങ്കരിച്ചിരുന്നു. മഹാ

നായ വി. സീറില്ലോസ് അത്തനാസ്യോസിൻെറ പിൻഗാമിയായ അലക്സാന്ത്രിയായിലെ പാത്രിയർക്കീസായി വാണിരുന്നു. നെസ്തോറിയോസിൻെറ പഠനത്തെ പരിശോധിക്കാനായി എപ്പെസോസിൽ ഒരു സൂനഹദോസു കൂട്ടുവാൻ മാർപ്പാപ്പാ കല്പനയയയ്ക്കുകയും തൻെറ പ്രതിനിധിയായി വി. സീറില്ലോസിനെ നിശ്ചയിക്കുകയും ചെയ്തു. ഇരുനൂറിലധികം മെത്രാന്മാർ എപ്പെസോസിൽ വന്നുചേർന്നു. ആ കൂട്ടത്തിൽ നെസ്തോറിയോസും ഉണ്ടായിരുന്നു. അയാൾ തൻെറ അപേക്ഷയനുസരിച്ച് ചക്രവർത്തി അയച്ചുകൊടുത്ത ഏതാനും അംഗരക്ഷകന്മാരായ പടയാളികളാൽ ചുററപ്പെട്ടിരുന്നു. മൂന്നു പ്രാവശ്യം വിളിക്കപ്പെട്ടെങ്കിലും, തൻെറ വസതി വിടാൻ നെസ്തോറിയോസ് വിസമ്മതിച്ചതിനാൽ അയാളെ കൂടാതെ സൂനഹദോസ് ആരംഭിക്കേണ്ടി വന്നു.

എപ്പെസോസിലെ സൂനഹദോസിൽ മൂന്നു ഘട്ടങ്ങൾ ഉണ്ടായിരുന്നു. ആദ്യത്തെ ഘട്ടത്തിൽ നെസ്തോറിയോസിൻെറ കൃതികൾ വായിക്കുകയും സഭാപിതാക്കന്മാരുടെ ഉപദേശവുമായി അവയെ താരതമ്യപ്പെടുത്തുകയും ചെയ്തു. രണ്ടാമത്തേതിൽ വി. സീറില്ലോസിൻെറ മഹത്തായ പ്രസംഗം നാം കാണുന്നു. അവസാനത്തേതിൽ തൻെറ പ്രതിനിധി പരസ്യപ്പെടുത്തിയതും, മെത്രാന്മാർ നിശ്ചിച്ച് പ്രഖ്യാപനം ചെയ്തതുമായ മാർപ്പാപ്പായുടെ തീരുമാനമാണ് നാം കാണുന്നത്.

സൂനഹദോസിനുമുൻപ് വി. സീറില്ലോസ് ഈജിപ്തിലെ സന്യാസികൾക്ക് ഇപ്രകാരം എഴുതിയിരുന്നു: "പരിശുദ്ധ കന്യകയ്ക്ക് ദൈവമാതാവ് എന്ന സ്ഥാനം കൊടുക്കുവാൻ ക്രിസ്ത്യാനികൾ സംശയിക്കുന്നതു കാണുമ്പോൾ എൻെറ അത്ഭുതം എങ്ങനെയാണ് പ്രകടിപ്പിക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. നമ്മുടെ കർത്താവീശോമിശിഹാ ദൈവമായിരിക്കെ, അവിടുത്തെ പ്രസവിച്ച കന്യക എങ്ങനെയാണ് ദൈവമാതാവല്ലാതിരിക്കുന്നത്? ദൈവമാതാവ് എന്ന വാക്ക് അവരുടെ ലിഖിതങ്ങളിൽ നാം കാണുന്നില്ലെങ്കിലും, ശ്ലീഹന്മാർ ഈ സത്യത്തെ പഠിപ്പിച്ചിട്ടുണ്ട്. സഭാപിതാക്കന്മാർ ഈ പേരുപയോഗിക്കുന്നതിന് ഒരിക്കലും മടി കാണിച്ചിട്ടില്ല. "പരിശുദ്ധ കന്യക ദൈവത്വത്തിൻെറ മാതാവായിരുന്നോ?" എന്നു നിങ്ങൾ ചോദിച്ചേക്കാം. നിത്യവചനം മറിയത്തിനു മുൻപ് ഉണ്ടായിരു

ന്നെന്നും, അനാദിമുതൽക്കേ അവിടുന്നു തൻെറ പിതാവിൻെറ മടിയിൽ വസിക്കുന്നെന്നും നമുക്കറിയാം. എന്നാൽ മനുഷ്യാവതാരത്തിൽ ഒരു രഹസ്യമുണ്ട്, മനുഷ്യജനനത്തോട് അതിനെ നമുക്ക് ഏറെക്കുറെ താരതമ്യപ്പെടുത്താം. ലോകത്തിൽ ജനിച്ചിട്ടുള്ള എല്ലാ മനുഷ്യർക്കും ആത്മാവും ശരീരവും ഉണ്ട്. നമ്മുടെ അമ്മമാർ നമുക്ക് ശാരീരികസത്ത തരികയും ദൈവം അതിൽ ഒരാത്മാവിനെ അവസിപ്പിക്കയും ചെയ്യു. എന്നാൽ അവർ ഒരു മനുഷ്യനെ പ്രസവിച്ചു എന്നു നാം പറയുന്നതിന് ഇതൊരു തടസ്സമായിരിക്കുന്നില്ല. ആത്മാവിൻെറയും ശരീരത്തിൻെറയും ഐക്യംകൊണ്ട് മനുഷ്യൻ എന്നു വിളിക്കപ്പെടുന്ന ഒരാൾ ഉണ്ടാകുന്നു. ഇക്കാരണത്താൽ ഒരു മനുഷ്യനെ പ്രസവിക്കുന്ന സ്ത്രീ യഥാൎത്ഥത്തിൽ അവൻെറ അമ്മയാകുന്നു. ആത്മാവു ശരീരത്തോട് ഗാഢമായി— മനുഷ്യനെത്തന്നെ നശിപ്പിക്കാതെ, മാനുഷികമായ ആളിൽ അവ തമ്മിൽ വേർതിരിക്കാൻ പാടില്ലാത്തവിധം ഐക്യപ്പെട്ടിരിക്കുന്നതുപോലെ, മനുഷ്യാവതാരത്തിൽ, നമ്മുടെ കൎത്താവും ദൈവവുമായ ഈശോമിശിഹാ എന്ന അഭേദ്യമായ ആളായി ജനിക്കുന്നതിന് വചനം മനുഷ്യസ്വഭാവത്തോട് സംയോജിപ്പിക്കപ്പെട്ടു.''

സൂനഹദോസിൽ പരിപൂൎണ്ണമായ അഭിപ്രായ ഐക്യം ഉണ്ടായിരുന്നു. നെസ്തോറിയൻ പാഷണ്ഡതയെ ശപിച്ച് സത്യവിശ്വാസത്തെ വ്യക്തമാക്കുന്നതിനു പ്രയാസമുണ്ടായിരുന്നില്ല. സഭാപിതാക്കന്മാരുടെ കൃതികൾ വ്യക്തവും സംശയമില്ലാത്തതും ആയിരുന്നു. ശ്ലീഹന്മാരിൽനിന്നു ലഭിച്ചിട്ടുള്ള പാരമ്പൎയ്യത്തെപ്പററി സംശയത്തിനവകാശമില്ലായിരുന്നു. ആ അവസരത്തിലാണ് വി. സീറില്ലോസ് തൻെറ മഹത്തായ „ദൈവമാതാവിൻെറ സ്തുതി'' ചൊല്ലിയതു്.

"ദൈവമാതാവായ മറിയത്തിൻെറ ഈ ദേവാലയത്തിൽ ഞങ്ങളെ എല്ലാവരെയും വിളിച്ചുകൂട്ടിയ എത്രയും പരിശുദ്ധ ത്രീത്വമേ, സ്തുതി.

ലോകത്തിലുള്ള എല്ലാ വസ്തുക്കളിലും വിലയേറിയ മറിയമേ, സ്തുതി.

ദൈവമാതാവായ മറിയമേ, സ്തുതി, നീ നിമിത്തമാകുന്നു, 'ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ നന്മ

നസ്സുള്ള മനുഷ്യർക്ക സമാധാനവും' എന്നു മാലാഖാമാരോടുകൂടി ആട്ടിടയന്മാർ പാടിയതു്.

ദൈവമാതാവായ മറിയമേ, സ്തുതി, നീ കാരണമാകുന്നു, നക്ഷത്രത്താൽ വഴികാണിക്കപ്പെട്ട്, മൂന്നു രാജാക്കന്മാർ തങ്ങളുടെ കാഴ്ചകൾ കൊണ്ടുവന്നതു്.

ദൈവമാതാവായ മറിയമേ, സ്തുതി, നീ നിമിത്തമാകുന്നു ശ്ലീഹന്മാരുടെ മഹത്വമേറിയ ഗണത്തെ രക്ഷകൻ തിരിഞ്ഞെടുത്തതു്.

ദൈവമാതാവായ മറിയമേ, സ്തുതി, യോഹന്നാൻമാംദാനാ തൻെറ അമ്മയുടെ ഉദരത്തിൽ കുതിച്ചുചാടിയതും ഒരിക്കല്യം കെടാത്ത വെളിച്ചത്തിൻെറ മുൻപിൽ പന്തം താഴ്ത്തപ്പെട്ടതും നീ കാരണമാകുന്നു.

ദൈവമാതാവായ മറിയമേ, സ്തുതി, ശ്ലീഹാ പ്രസ്താവിച്ചിട്ടുള്ള നമ്മുടെ ദൈവത്തിൻെറ അവർണ്ണനീയമായ കാരുണ്യം നീ വഴിയായിട്ടാകുന്നു കണ്ടതു്.

ദൈവമാതാവായ മറിയമേ, സ്തുതി, 'ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു' എന്നു പറഞ്ഞ യഥാൎത്ഥ വെളിച്ചം നിന്നിൽനിന്നാകുന്നു കണ്ടതു്.

ദൈവമാതാവായ മറിയമേ, സ്തുതി, മരണത്തെയും നരകത്തെയും ജയിച്ചവനെ പ്രസവിച്ചതു നീയാകുന്നു.

ദൈവമാതാവായ മറിയമേ, സ്തുതി, ലോകത്തിൻെറ സ്രഷ്ടാവും രക്ഷകനും സ്വർഗ്ഗരാജ്യത്തിലേക്കുള്ള ഞങ്ങളുടെ വഴികാട്ടിയും ആയവനെ ലോകത്തിൽ പ്രവേശിപ്പിച്ചതു നീയാകുന്നു.

ദൈവമാതാവായ മറിയമേ, സ്തുതി, വിശ്വസ്തമായ എല്ലാ ഹൃദയവും രക്ഷിക്കപ്പെടുന്നതു നീ വഴിയായിട്ടാകുന്നു.

മനുഷ്യവൎഗ്ഗത്തിൻെറയെല്ലാം വകയും വണക്കത്തിനു യോഗ്യവുമായ നിധിയേ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു.

കന്യാത്വത്തിൻെറ മകുടമേ! സത്യവിശ്വാസത്തിൻെറ ചെങ്കോലേ! നശിപ്പിക്കാൻ പാടില്ലാത്ത ദേവാലയമേ, സ്ഥലത്താൽ ഒതുക്കാൻ പാടില്ലാത്തവൻെറ സ്ഥലമേ!

"ദൈവമാതാവായ മറിയമേ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു."

മാർപ്പാപ്പാ ഇതിനു മുൻപുതന്നെ റോമ്മായിൽവച്ചു നട

ത്തപ്പെട്ട ഒരു പ്രാദേശിക സൂനഹദോസിൽ നെസ്തോറിയോസി ൻെറ പഠനത്തെ പരിശോധിച്ചു ശപിച്ചിട്ടുണ്ടായിരുന്നു. ഈശോ മിശിഹായുടെ വികാരി തന്നെ എഴുതിച്ചിരുന്ന ഒരു ലേഖനം വാ യിച്ചശേഷം പാഷാണ്ഡമതസ്ഥാപകനെ സ്ഥാനഭ്രഷ്ടനാക്കി ക ത്തോലിക്കാസഭയിൽനിന്നു തള്ളിക്കളയുകയെന്ന കൃത്യം മാത്രമേ ഇനിയും സിറില്ലോസിനു ശേഷിച്ചിരുന്നുള്ളു.

"ഞങ്ങളുടെ ക്ഷണം അനുസരിക്കുന്നതിനോ ഞങ്ങൾ അയച്ച മെത്രാന്മാരെ സ്വീകരിക്കുന്നതിനോ നെസ്തോറിയോസ് വിസമ്മതിച്ചതുകൊണ്ട് അയാളുടെ അബദ്ധപഠനങ്ങളെ പരി ശോധിക്കാൻ ഞങ്ങൾ നിർബന്ധിക്കപ്പെട്ടു. ഉതപ്പുണ്ടാക്കുന്നതും സത്യവിശ്വാസത്തിനെതിരായതുമായ മതതത്വങ്ങളെ അയാൾ പഠിപ്പിച്ചെന്ന് അയാളുടെ ലേഖനങ്ങളിൽനിന്നും ഗ്രന്ഥങ്ങ ളിൽനിന്നും പ്രസംഗങ്ങളിൽനിന്നും തെളിഞ്ഞിരിക്കുന്നു. വിശുദ്ധ കാനോനാ നിയമങ്ങളാലും റോമ്മായുടെ മെത്രാനായ നമ്മുടെ പരിശുദ്ധ പിതാവ് സെലെസ്റ്റീനോസിൻെറ ലേഖനത്താലും നിർബന്ധിക്കപ്പെട്ട്, ദുഃഖത്തിൻെറ കണ്ണുനീർ പൊഴിച്ചുകൊ ണ്ട്, ഈ വിധി അയാൾക്കെതിരായി പ്രസ്താവിക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. അയാൾ ദൂഷണം പറഞ്ഞിരിക്കുന്ന നമ്മുടെ കർത്താവീശോമിശിഹാ, അയാൾ സഭാസംബന്ധമായ എല്ലാ സ്ഥാനങ്ങളിൽനിന്നും നീക്കപ്പെട്ട്, സഭയുടെ ഐക്യ ത്തിൽനിന്നു തള്ളിക്കളയപ്പെടണമെന്ന് ഈ സൂനഹദോസു വഴിയായി കല്പിച്ചിരിക്കുന്നു."

ഇങ്ങനെ സത്യവിശ്വാസവും ദൈവമാതാവിൻെറ ഉന്ന തമായ സ്ഥാനമഹത്വവും ഒരേ സമയത്തു നീതീകരിക്കപ്പെട്ടു. അവസാനമായി സൂനഹദോസ് ഗൌരവാവഹമായ ഈ മുന്ന റിയിപ്പു നൽകി:

"ആരെങ്കിലും മറിയം ദൈവമാതാവാണെന്ന് ഏററു പറയുന്നില്ലെങ്കിൽ, അവൻ ദൈവത്വത്തിൽനിന്നു വെട്ടിമാററ പ്പെട്ടിരിക്കുന്നെന്ന് അറിയട്ടെ."

സൂനഹദോസു കഴിഞ്ഞു മെത്രാന്മാർ ദേവാലയത്തിൽ നിന്നു പുറത്തിറങ്ങിയപ്പോൾ സന്തോഷസൂചകമായ ആർപ്പുവിളി കൾകൊണ്ട് ജനങ്ങൾ അവരെ സ്വീകരിച്ചു. കത്തിച്ച പന്ത ങ്ങൾ വഹിച്ചിരുന്ന അംഗരക്ഷകന്മാരാൽ പരിസേവിക്കപ്പെട്ട് അവർ അവരുടെ താമസസ്ഥലങ്ങളിലേക്ക് കൊണ്ടുപോക

പ്പെട്ടു. ജനങ്ങൾ അവരുടെ വസ്ത്രങ്ങളുടെ വിളമ്പുകൾ ചുംബിച്ചു. നഗരം മുഴുവനും ദീപാവലികളാൽ പ്രകാശിച്ചു. കൃതജ്ഞതാഭരിതരായ ജനങ്ങളുടെ "ഓ, ദൈവമാതാവേ, നിനക്കു സ്വസ്തി" എന്ന സന്തോഷസൂചകമായ വിളികൾ രാത്രിയിൽ വളരെ നേരത്തേക്കു മുഴങ്ങി.

ഈ സംഭവം കഴിഞ്ഞുപോയതും ഇപ്പോൾ നടക്കുന്നതുമായ പലതിനെയുംപററി നമ്മെ ഓർമ്മിപ്പിക്കാൻ പര്യാപ്തമാണു്. ക്രിസ്തുമതവും പെയ്ഗനിസവും തമ്മിലുള്ള സമരം ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുമതത്തിൻെറ വിജയവും നമ്മുടെ വാഴ്ത്തപ്പെട്ട മാതാവായ പരിശുദ്ധ മറിയത്തിൻെറ മഹത്വവും എല്ലാപ്പോഴും ഒന്നുതന്നെയാണെന്നു് അപ്പെസോസിലെ സൂനഹദോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. വിശ്വാസത്തിൻെറ ശുദ്ധതയുടെയും പൂർണ്ണതയുടെയും സുരക്ഷിതത്വം മാത്രമല്ല, അധഃപതിച്ച മനുഷ്യരുടെ ഏക ശരണവും മറിയത്തിൻെറ ദൈവമാതൃത്വത്തിലാണു കാണപ്പെടുന്നതു്. ലോകരക്ഷകനായ ഈശോയുടെ നാമത്തിലല്ലാതെ വേറൊരു നാമത്തിലും നമുക്കു രക്ഷപ്രാപിക്കാൻ സാധിക്കയില്ലെന്നുള്ളതു് ഇപ്പോഴും വാസ്തവംതന്നെ. മറിയം ദൈവമാതാവല്ലായിരുന്നെങ്കിൽ, അവളുടെ പുത്രൻ മററു മനുഷ്യരെപ്പോലെ, തന്നെത്തന്നെയോ മററുള്ളവരെയോ രക്ഷിക്കുന്നതിനു ശക്തിയില്ലാത്തവനായിരിക്കുമായിരുന്നു. അവിടുന്നു് ദൈവപുത്രനും മനുഷ്യപുത്രനും— നിത്യകന്യകയായ മറിയത്തിൻെറ പുത്രൻ— ആണെന്നുള്ളതിൽനിന്നാണു് നമ്മുടെ ആവശ്യങ്ങളിൽ നമ്മെ സഹായിക്കാനുള്ള അവിടുത്തെ ശക്തി ഉദ്ഭവിക്കുന്നതു്.

---

## അദ്ധ്യായം ൧൯

### മറിയത്തിൻെറ സ്വരൂപങ്ങൾ

കത്തോലിക്കാലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും, തൻെറ മാതാവിൻെറ സ്വരൂപങ്ങളുടെ മുൻപിൽ അവളുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്ന തൻെറ ദാസന്മാരുടെമേൽ ധാരാള

മായ അനുഗ്രഹങ്ങൾ വർഷിക്കാൻ സർവ്വശക്തനായ ദൈവം തിരുമനസ്സായിട്ടുണ്ടു്. പ്രതിമാഭഞ്ജനമെന്ന ഭയങ്കരമായ വേദതെരുക്കത്തിൻെറ കാലത്തു്, വേദസാക്ഷികൾ പരിശുദ്ധ രൂപങ്ങളുടെ വണക്കത്തെ സംരക്ഷിക്കാൻ സന്തോഷത്തോടുകൂടി തങ്ങളുടെ രക്തം ചിന്തിയിട്ടുണ്ടു്. ഈ വണക്കം സ്വരൂപത്തിൽതന്നെ അവസാനിക്കാതെ, സ്വരൂപം ആരെപ്പററി നമ്മെ ഓർമ്മിപ്പിക്കുന്നുവോ, ആ ആളിലേക്കു ചെല്ലുന്നെന്നു പ്രത്യേകം പറയേണ്ടതില്ല. ഒരു കത്തോലിക്കനു്, സ്വരൂപവണക്കം സഭ അംഗീകരിച്ചിട്ടുണ്ടെന്നുള്ള അറിവു മതിയായിരിക്കുന്നു. കത്തോലിക്കരല്ലാത്ത വായനക്കാർ ഉണ്ടെങ്കിൽ അവർ ഈ വണക്കത്തെ അവലപിക്കുന്നതിനുമുൻപായി, അതു സാർവ്വത്രികവും അതിപുരാതനവുമായ ഒന്നാണെന്നു മാത്രമല്ല, ദൈവത്തിൻെറ അംഗീകരണത്തിൻെറ മുദ്ര അതിനു ലഭിച്ചിട്ടുണ്ടെന്നുള്ള വസ്തുതയുംകൂടി ഓർക്കേണ്ടതാണ്. അല്ലെങ്കിൽ ദൈവമാതാവിൻെറ ഒരു സ്വരൂപത്തോടുള്ള വണക്കത്തിൻെറ ഫലമായി നടന്നിട്ടുള്ള അദ്ഭുതകരങ്ങളായ രോഗശമനങ്ങളും അതിനെക്കാൾ അത്ഭുതകരങ്ങളായ എണ്ണമില്ലാത്ത മാനസാന്തരങ്ങളും എങ്ങനെയാണ് വ്യാഖ്യാനിക്കുന്നതു്? ഇങ്ങനെയുള്ള അദ്ഭുതകരങ്ങളായ മാനസാന്തരങ്ങളിൽ, പുരാതനകാലങ്ങളിൽ സംഭവിച്ച ഒന്നിനെപ്പററി ഇവിടെ പ്രതിപാദിക്കാം.

അലക്സാന്ത്രിയാനഗരം അതിൻെറ ചരിത്രത്തിലെ എല്ലാക്കാലങ്ങളിലും ലജ്ജാവിഹീനമായ ഒരു നഗരമായിരുന്നു. ദുഷ്പ്രവൃത്തികൾ അവിടെ പരസ്യമായും ലജ്ജകൂടാതെയും ആചരിച്ചിരുന്നു. ഇപ്പോഴും അങ്ങനെയാണ്; ക്ലിയോപ്പാട്രയുടെ കാലത്തും അതേവിധമായിരുന്നു; മിശിഹാക്കാലം നാലാം ശതാബ്ദത്തിലും അപ്രകാരംതന്നെ. മഹത്തരങ്ങളായ ദൈ. ശാസ്ത്രവിദ്യാലയങ്ങൾ അവിടെ ഉണ്ടായിരുന്നിട്ടും, അവിടത്തെ ജനങ്ങളിൽ ഒരു വലിയ ഭാഗം ക്രിസ്ത്യാനികളും കത്തോലിക്കരും ആയിരുന്നിട്ടും, കാവ്യരുടെ ഇടയിൽ കണ്ടുവരാറുള്ള തിന്മകൾ അവിടെ മിക്കവാറും അനിയന്ത്രിതമായി കണ്ടിരുന്നു. അതിനു മുൻപോ അതിൽപിന്നെയോ ഉണ്ടായിട്ടുള്ളതിൽ കൂടുതലായി, തിന്മനിറഞ്ഞ ലോകത്തെ ഉപേക്ഷിച്ചുപോകാൻ, പരിശുദ്ധാരൂപി മനുഷ്യമനസ്സുകളെ പ്രേരിപ്പിക്കത്തക്കവിധം അത്ര വലിയ സാന്മാർഗ്ഗികാധഃപതനമാണ് ആ നഗരത്തിലുണ്ടായതു്. വ്യക്തി

കൾ മാത്രമല്ല, ക്രിസ്ത്യാനികളുടെ സമൂഹങ്ങൾപോലും, ചുററുമുള്ള മരുഭൂമികളിൽ തപസ്സു ചെയ്യുന്നതിനായി, നഗരത്തിനുള്ളിലെ തിന്മയിൽനിന്നു രക്ഷപ്പെടാൻ, പ്രേരിപ്പിക്കപ്പെട്ടു. ഈജിപ്തിലെ തെബെട്ട ദേശത്തെ മരുഭൂമികളും, അറേബ്യായിലെയും പലസ്തീനായിലെയും വിജനപ്രദേശങ്ങളും വനവാസികളുടെ വാസസ്ഥാനമായിത്തീൎന്നു. അവർ കഠിനമായ തപസ്സുചെയ്തു ജീവിക്കുകയും, ക്രിസ്തീയ പുണ്യങ്ങളെ വീരോചിതമായ വിധത്തിൽ അഭ്യസിക്കുകയും ചെയ്തു അവരിൽ അനേകംപേർ വലിയ വിശുദ്ധന്മാരായി എല്ലാക്കാലങ്ങളിലും പ്രകീൎത്തിക്കപ്പെടുന്നു. ഇങ്ങനെ "മരുഭൂമി ലിലിപോലെ പുഷ്പിച്ചു" എന്നുള്ള ഏശയ്യായുടെ ദീൎഘദൎശനം നിറവേറി. മരുഭൂമിയിലെ ഈ വിശുദ്ധന്മാരുടെ കൂട്ടത്തിൽ പൌലോസിനോടും അന്തോനീസിനോടും ഹിലാരിയോനോടും പക്കോമിയോസിനോടുംകൂടി, ഈജിപ്തിലെ വി. മറിയം എന്നു പേരായ ഒരു പുണ്യവതിയെയും കത്തോലിക്കാസഭ വണങ്ങുന്നുണ്ട്.

നന്മയും തിന്മയും ഇങ്ങനെ അസാധാരണമായ വിധത്തിൽ അവയുടെ പാരമ്യത്തിൽ കാണപ്പെട്ട ഒരു കാലഘട്ടത്തിലായിരുന്നു സാധുവായ ഒരു പെൺകുട്ടി അലക്സാന്ത്രിയായിലെ തെരുവുകളിൽ കുപ്രസിദ്ധി സമ്പാദിച്ചതു്. അവൾ ഒരു ക്രിസ്ത്യാനിയായിട്ടാണു് വളൎത്തപ്പെട്ടതു്. മാമ്മോദീസായിൽ മറിയം എന്ന പേരാണു് അവൾക്കു സിദ്ധിക്കാൻ ഭാഗ്യമുണ്ടായതു്. പന്ത്രണ്ടാമത്തെ വയസ്സിൽ അവൾ സ്വന്ത വീടുപേക്ഷിക്കുകയും, പതിനേഴു വൎഷക്കാലത്തേക്കു്, ഒരു സ്ത്രീയ്ക്കു നയിക്കാവുന്നതിലേക്കും ഏററം നിർഭാഗ്യകരമായ ഒരു ജീവിതം നയിക്കുകയും ചെയ്തു. ദൈവം അവൾക്കു നൽകിയിരുന്ന ദാനങ്ങളെ മനുഷ്യരെ പരിശുദ്ധവും സ്നേഹയോഗ്യവും പ്രശസ്തവും ആയവയിലേക്കു ആകൎഷിക്കുന്നതിനുപകരം അവരെ തിന്മയിലേക്കു ആകൎഷിക്കുന്നതിനു് അവൾ ഉപയോഗിച്ചു. എന്നാൽ ദൈവം തന്റെ പുത്രിയെ ഉപേക്ഷിച്ചിരുന്നില്ല. ഒരു ദിവസം അവൾ നഗരത്തിന്റെ തുറമുഖത്തു ചെന്നപ്പോൾ പലസ്തീനായിലേക്കു പോകുവാനുള്ള ഒരു കപ്പലിൽ ഒരു കൂട്ടം തീൎത്ഥയാത്രക്കാർ കയറുന്നതു് അവൾ കണ്ടു. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ഘോഷിക്കുന്നതിനായി അവർ ഓറെശ്ലേം നഗരത്തിലേക്കു പോകാൻ ഒരുങ്ങുകയായിരുന്നു. വെറും ജിജ്ഞാസയാൽ മാത്രം പ്രേരിത

യായി മറിയവും ആ തീൎത്ഥയാത്രക്കാരുടെകൂടെച്ചേൎന്ന് അവരോടൊരുമിച്ചു കപ്പൽയാത്ര കഴിക്കുകയും അതിൻെറശേഷം വിശുദ്ധ നഗരത്തിലേക്കു പോകുകയും ചെയ്തു. തിരുനാൾദിവസം അവളും മററുള്ളവരോടുകൂടി, വിശുദ്ധ കുരിശു് ആഘോഷമായി വണങ്ങപ്പെട്ടിരുന്ന ദേവാലയത്തിൽ പ്രവേശിക്കാൻ ശ്രമിച്ചു. എന്നാൽ, ഓറശ്ലേത്തിലെ പാത്രിയർക്കീസായിരുന്ന വി. സോഫ്റോണിയോസ് പറഞ്ഞിരിക്കുന്നതുപോലെ:

"അദൃശ്യമായ ഒരു ശക്തി ദേവാലയത്തിൽ പ്രവേശിക്കുന്നതിൽനിന്നും, അവളെ തടഞ്ഞു. മോണ്ടളത്തിൻെറ ഒരു മൂലയിൽനിന്നു് തൻെറ പാപങ്ങളെപ്പററി ഓൎത്തു് അവൾ കഠിനമായി ദുഃഖിക്കുകയും, അതിൻെറ ഫലമായി അധികമായി കരയുകയും നെടുവീൎപ്പിടുകയും നെഞ്ചത്തിടിക്കുകയും ചെയ്തു. പിന്നീടു് അവൾ മേല്പോട്ടു നോക്കിയപ്പോൾ ദൈവത്തിൻെറ പരിശുദ്ധ മാതാവിൻെറ ഒരു സ്വരൂപം കാണുകയും, അത്യാശയോടെ അതിൻെറനേരെ നോക്കിക്കൊണ്ടു് ഇങ്ങനെ പ്രാൎത്ഥിക്കുകയും ഉണ്ടായി: "ശാരീരികമായ വിധത്തിൽ ദൈവത്തെ പ്രസവിച്ച നാഥയും കന്യകയും ആയവളേ, ഇത്ര നികൃഷ്ടയായ ഞാൻ നിൻെറ സ്വരൂപത്തെ വണങ്ങുന്നതിനോ അശുദ്ധമാക്കപ്പെട്ട എൻെറ കണ്ണുകൾകൊണ്ടു് അതിനെ നോക്കുന്നതിനോ യോഗ്യയല്ലെന്നു് എനിക്കറിയാം. എന്തുകൊണ്ടെന്നാൽ നീ ശരീരവും ആത്മാവും നിൎമ്മലമായി കാത്തുസൂക്ഷിച്ച കന്യകയും പരിശുദ്ധയും ആണെന്നു് അറിയപ്പെട്ടിരിക്കുന്നു. ഒരു വേശ്യയായ ഞാൻ ഏററം നിൎമ്മലയായ പരിശുദ്ധതയാൽ തള്ളിക്കളയപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്യുകയെന്നുള്ളതു് ന്യായമായിട്ടുള്ളതാകുന്നു. എന്നിരുന്നാലും, നീ ആരുടെ യോഗ്യതയുള്ള മാതാവാകുന്നുവോ ആ ദൈവം പാപികളെ അനുതാപത്തിലേക്കു വിളിക്കുന്നതിനുവേണ്ടി മനുഷ്യനായിപ്പിറന്നെന്നു ഞാൻ കേട്ടിട്ടുള്ളതുകൊണ്ടു്, ഏകാകിനിയും നിസ്സഹായയും ആയ എന്നെ നീ സഹായിക്കേണമെ. കന്യകയായ നിന്നിൽ ഉദ്ഭവിച്ചു് നിന്നിൽനിന്നു പിറക്കുകയും എന്നെ വീണ്ടെടുക്കുന്നതിനു തൻെറ രക്തം ചിന്തുകയും ചെയ്ത മനുഷ്യനായ ദൈവം തറയ്ക്കപ്പെട്ട ഏററം വിലയേറിയ ആ കുരിശു കാണുന്നതിൽനിന്നു് ഞാൻ തടയപ്പെട്ടിരിക്കുന്നതിനാൽ, എൻെറ ഏററുപറച്ചിൽ കേട്ടു്, ദേവാലയത്തിൽ പ്രവേശിക്കാൻ എന്നെ അനുവദിക്കേണമെ.

ഓ, നാഥേ, ദിവ്യകുരിശിനോടുള്ള ഭക്തിയെ ഓൎത്ത്, ഏററം അയോഗ്യയായ എനിക്കുവേണ്ടി കതകു തുറക്കപ്പെടാൻ കല്പിക്കണമെ. ഏററം വിശ്വാസയോഗ്യയായ നിന്നെ ഉറപ്പായി എടുത്തുകൊണ്ട്, ഇനിയെങ്കിലും എൻെറ മാംസത്തെ അശുദ്ധതയാൽ മലിനപ്പെടുത്തുകയില്ലെന്നു നിൻെറ പുത്രനായ മിശിഹായോടു ഞാൻ വാഗ്ദാനം ചെയ്യുന്നു. ഓ, പരിശുദ്ധ കന്യകയേ, നിൻെറ പുത്രൻെറ കുരിശു കണ്ടാലുടനെ ഞാൻ ലോകത്തെയും അതിൻെറ പ്രവൃത്തികളെയും അതിലുള്ള സകലത്തെയും ഉപേക്ഷിക്കുകയും, എൻെറ ഉറപ്പായ നീ എങ്ങോട്ടുകൊണ്ടുപോകുന്നുവോ അങ്ങോട്ടു ഞാൻ പൊയ്ക്കൊള്ളുകയും ചെയ്യാം."

ഈ പുണ്യവതി തൻെറ സ്വന്തം വാക്കുകളിൽ പറയുന്നതായി അവളുടെ ജീവചരിത്രകാരൻ രേഖപ്പെടുത്തുന്നതിങ്ങനെയാണ്:

"ഇപ്രകാരം പറഞ്ഞശേഷം, അല്പം ധൈൎയ്യം അവലംബിച്ചും, വിശ്വാസത്തിൻെറ ചൂടുകൊണ്ടു കത്തിയെരിഞ്ഞും, ദൈവമാതാവിൻെറ കാരുണ്യത്തിൽ ശരണപ്പെട്ടും, ഞാൻ പ്രാൎത്ഥിച്ചുകൊണ്ടു നിന്നിരുന്ന ആ സ്ഥലത്തുനിന്നു നീങ്ങി പള്ളിയിലേക്കു പ്രവേശിച്ചുകൊണ്ടിരുന്നവരുടെകൂടെ ചേൎന്നു. ഈ പ്രാവശ്യം ആരും എന്നെ തടയുകയോ പ്രവേശന വാതുക്കലേക്കുള്ള എൻെറ നീക്കത്തെ തടസ്സപ്പെടുത്തുകയോ ഉണ്ടായില്ല. അങ്ങനെ ഞാൻ പരിശുദ്ധ സ്ഥലത്തു ചെല്ലുകയും ജീവദായകമായ കുരിശുമരത്തിൻെറ രഹസ്യത്തെ ആരാധിക്കാൻ അനുവദിക്കപ്പെടുകയും ചെയ്തു. പിന്നെ, അതിൻെറ മുൻപിൽ സാഷ്ടാംഗം വീണശേഷം ഞാൻ പുറത്തേക്കു പോയി. എനിക്കു ജാമ്യമായി നിന്നവളുടെ അടുക്കലേക്കു വേഗം നടന്ന്, ഈ ജാമ്യഉടമ്പടി ഉണ്ടാക്കിയ സ്ഥലത്തു ചെന്ന്, ദൈവത്തിൻെറ പരിശുദ്ധ മാതാവിൻെറ മുൻപിൽ മുട്ടുകുത്തി, ഞാൻ ഇങ്ങനെ പ്രാൎത്ഥിച്ചു: "ഓ, എത്രയും ദയയുള്ള നാഥയേ, നിൻെറ കരുണ നിറഞ്ഞ നന്മ നീ എപ്പോഴും കാണിച്ചിട്ടുണ്ട്. അയോഗ്യമായ ഒരപേക്ഷ നീ ഉപേക്ഷിച്ചില്ല. പാപികളെന്ന നിലയിൽ ന്യായമായി ഞങ്ങൾ കാണരുതാത്തതായ ഒരു മഹത്വം, നീ വഴിയായി പാപികളുടെ അനുതാപം സ്വീകരിക്കുന്ന സൎവ്വശക്തനായ ദൈവത്തിൻെറ മഹത്വം, ഞാൻ കണ്ടിരിക്കുന്നു. നീച പാപിനിയായ

എനിക്ക്, ഇതിൽ കൂടുതലായി എന്താണ് ഓക്കുവാനോ പറയുവാനോ പാടുള്ളതു്? നിൻെറ സ്നേഹത്തിൽ പൂണ്ണമായി ആശ്രയിച്ചുകൊണ്ടു്, എൻെറ വാഗ്ദാനം നിറവേററുവാൻ ഇപ്പോൾ സമയമായിരിക്കുന്നു. നിനക്ക് ഇഷ്ടമുള്ളിടത്തേക്ക് ഇപ്പോൾ എന്നെ നയിക്കുക. പ്രായശ്ചിത്തത്തിലേക്കു നയിക്കുന്ന വഴിയിൽ എൻെറ മുൻപിൽ നടന്നുകൊണ്ടു്, "നീ എനിക്കു രക്ഷയുടെ വഴികാട്ടിയും, സത്യത്തിൻെറ ഗുരുനാഥയും ആയിരിക്കുക." ഇത്രയും പറഞ്ഞപ്പോൾ ദൂരെനിന്നു വിളിക്കുന്ന ഒരാളുടെ സ്വരം ഞാൻ കേട്ടു: 'നീ യോർദനാൻനദി കടക്കുകയാണെങ്കിൽ നിനക്കു നല്ല ആശ്വാസം കിട്ടും.' ഈ സ്വരം കേട്ടു് അതു് എനിക്കു വേണ്ടിയാണെന്നു വിശ്വസിച്ചുകൊണ്ടു്, ഞാൻ കണ്ണുനീരോടു കൂടി ദൈവമാതാവിൻെറ സ്വരൂപത്തിന്മേൽ നോക്കി ഇങ്ങനെ വിളിച്ചു പറഞ്ഞു: 'മനുഷ്യവഗ്ഗത്തിൻെറ രക്ഷാമാഗ്ഗമായ ഓ, നാഥേ, നാഥേ, സവ്വലോകരാജ്ഞി, എന്നെ നീ കൈവിടല്ലേ.' ഇപ്രകാരം പറഞ്ഞുകൊണ്ടു ഞാൻ പള്ളിയുടെ മോണ്ടളത്തിൽനിന്നിറങ്ങി വേഗം നടന്നുപോയി."

യോർദനാൻനദിയുടെ മറുകരെയുള്ള മരുഭൂമിയിൽ മറിയം നാല്പതുവഷം വീരോചിതമായ തപസ്സു ചെയ്തു. ഇതിൽ ഒടുവിലത്തെ മുപ്പതുവഷവും അവളുടെ ആത്മാവു സമാധാനത്തിലായിരുന്നു. എന്നാൽ ആദ്യത്തെ പതിനേഴ വഷക്കാലത്തേക്ക് അവളെ പിശാചു കഠിനമായി പീഡിപ്പിക്കയും പരീക്ഷിക്കയും ചെയ്തിരുന്നു. ഈ പരീക്ഷകളെപ്പററി അവൾ ഇപ്രകാരം പറഞ്ഞിരിക്കുന്നതായി വി. സോഫ്റോണിയോസ് രേഖപ്പെടുത്തിയിരിക്കുന്നു.

"കരഞ്ഞും നെഞ്ചത്തിടിച്ചുംകൊണ്ടു് ഈ ഏകാന്തതയിലേക്കു ഞാൻ വന്നപ്പോൾ, ഞാൻ ചെയ്ത ജാമ്യഉടമ്പടിയെപ്പററി ഞാൻ ഓത്തു. പിന്നെയും ഞാൻ വിചാരംവഴിയായി ദൈവമാതാവിൻെറ സ്വരൂപത്തിൻമുൻപാകെ പോകുകയും, നിർഭാഗ്യയായ എൻെറ ആത്മാവിനെ പീഡിപ്പിച്ചിരുന്ന വിചാരങ്ങളെ എന്നിൽനിന്നു നീക്കിക്കളയുവാൻ പ്രാത്ഥിക്കുകയും ചെയ്തു. പിന്നെ ഞാൻ ദുഃഖിച്ചു കരഞ്ഞു. ധൈയ്യത്തോടുകൂടി നെഞ്ചത്തിടിക്കുമ്പോൾ, എനിക്കു ചുററും ഒരു വെളിച്ചം പ്രകാശിക്കുന്നതു ഞാൻ കണ്ടിരുന്നു... അതിനാൽ, എൻെറ മനസ്സിൽ എന്തെങ്കിലും ദുഷ്ടവിചാരങ്ങൾ ഉണ്ടാകുമ്പോൾ, എൻെറ ജാമ്യമായിരുന്നവൾ

യഥാൎത്ഥത്തിൽ എൻെറ സമീപത്തുണ്ടെന്നു വിശ്വസിച്ചുകൊണ്ട്, ഞാൻ നിലത്തു സാഷ്ടാംഗം വീണു കിടന്ന്, എൻെറ കണ്ണുനീരുകൊണ്ട് അതിനെ നനസ്സുമായിരുന്നു. പതിവനുസരിച്ച് മാധുൎയ്യമേറിയ ആ തോന്നൽ എന്നെ പ്രകാശിപ്പിക്കുകയും എന്നെ പീഡിപ്പിച്ചിരുന്ന വിചാരങ്ങളെ നീക്കിക്കളയുകയും ചെയ്യുന്നതുവരെ ഞാൻ നിലത്തുനിന്നെഴുന്നേററിരുന്നില്ല. ഇപ്രകാരം എല്ലായ്പ്പോഴും ഞാൻ എൻെറ ആത്മാവിൻെറ കണ്ണുകളെ എനിക്കു ജാമ്യമായി നിന്നവളുടെ പക്കലേക്കുയൎത്തുകയും, ഈ ഏകാന്തതയിലും തപസ്സിലും എന്നെ സഹായിക്കണമെന്നപേക്ഷിക്കയും ചെയ്തിരുന്നു. അതിനാൽ ശുദ്ധതയുടെ നാഥനെ പ്രസവിച്ചവൾ തുണയും സഹായവുമായി എനിക്കുണ്ടായിരുന്നു. അങ്ങനെ പതിനേഴു വൎഷക്കാലത്തേക്കു ഞാൻ അനേകം അപകടങ്ങൾക്കെതിരായി സമരഃ ചെയ്തു. അന്നുമുതൽ ദൈവമാതാവ് എൻെറ സഹായമായി എൻെറ സമീപത്തുനിന്ന് എല്ലാററിലും, എല്ലാററിലും കൂടിയും എന്നെ നയിച്ചിരുന്നു.''

ഈ പരിശുദ്ധ തപസ്വിനിയെ വി. സോസിമോസ് മരുഭൂമിയിൽ ചെന്നു സന്ദൎശിക്കുകയും അവൾക്കു വി. കുർബാന കൊടുക്കുകയും ചെയ്തിരുന്നതായി അവളുടെ ചരിത്രത്തിൽ പറയപ്പെട്ടിരിക്കുന്നു. അവളുടെ തപസവസാനിച്ചശേഷം അവൾ മരണം പ്രാപിക്കുകയും അസാധാരണമായ സാഹചൎയ്യങ്ങളിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. പരിശുദ്ധ കന്യകയ്ക്കു ദൈവമാതാവെന്ന സ്ഥാനം നൽകപ്പെടേണ്ടതാണെന്നു സഭ ഔദ്യോഗികമായി പ്രഖ്യാപനംചെയ്ത വൎഷമായ 431-ൽ ദുഃഖവെള്ളിയാഴ്ചയാണ് അവൾ മരിച്ചതെന്നു വിചാരിക്കപ്പെടുന്നു.

മറിയത്തിൻെറ പരിശുദ്ധ സ്വരൂപങ്ങൾ ദൈവമാതാവിനെപ്പററി നമ്മെ ഓൎമ്മിപ്പിക്കുകയും, പ്രാൎത്ഥന നമുക്കു കൂടുതൽ എളുപ്പമുള്ളതാക്കിത്തീൎക്കുകയും ചെയ്യുന്നതുകൂടാതെ, നമ്മുടെ വിശ്വാസത്തിൻെറ അഗാധമായ രഹസ്യങ്ങളെ നമ്മുടെ മനസ്സിൽ പതിക്കുകകൂടി ചെയ്യുന്നു. ഉദാഹരണമായി, നിത്യസഹായമാതാവിൻെറ സ്വരൂപം എന്നു വിളിക്കപ്പെടുന്ന സ്വരൂപത്തിൻെറ കാൎയ്യം എടുക്കാം. ആരംഭകാലത്ത് പൌരസ്ത്യസഭയിൽ വണങ്ങപ്പെട്ടിരുന്ന ഈ പരിശുദ്ധ സ്വരൂപം പതിമ്മൂന്നാം ശതാബ്ദത്തിൽ റോമ്മായിൽ കൊണ്ടുവന്നു. അവിടെ അത്

അത്യധികം ബഹുമാനിക്കപ്പെടുകയും അദ്ഭുതകരങ്ങളായ അനേകം അനുഗ്രഹങ്ങൾക്ക് ഉപകരണമായി ദൈവം അതിനെ തിരിഞ്ഞെടുക്കുകയും ചെയ്തു. പതിനെട്ടാം ശതാബ്ദത്തിൻെറ അവസാനത്തിൽ, ഫ്റഞ്ചുകാർ നിത്യനഗരം പിടിച്ചെടുത്തപ്പോൾ ഈ സ്വരൂപം ഇരുന്ന ദേവാലയം വിപ്ളവകാരികളുടെ പടയാളികളാൽ നശിപ്പിക്കപ്പെടുകയുണ്ടായി. അതിൻെറ സ്ഥാനത്തു പുതുതായി പണിയിക്കപ്പെട്ട വി. അൽഫോൻസോസിൻെറ ദേവാലയത്തിൽ ഒൻപതാംപീയൂസ് മാർപ്പാപ്പായുടെ കല്പനപ്രകാരം ആ സ്വരൂപം വീണ്ടും വെയ്ക്കപ്പെട്ടു. ആ സമയം മുതൽ ആ സ്വരൂപത്തിൻെറ മുൻപിൽ മാത്രമല്ല, അതിൻെറ മാതൃകയനുസരിച്ചു നിർമ്മിക്കപ്പെട്ടതായി ഇപ്പോൾ ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലുമുള്ള സ്വരൂപങ്ങളുടെ മുൻപിലും പ്രാർത്ഥിക്കുന്നവർക്കുവേണ്ടി ദൈവം എണ്ണമില്ലാത്ത അദ്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. ഈ ഭക്തിയെ ദൈവം ഇത്രയധികം ആദരിച്ചതെന്തുകൊണ്ടാണെന്നു ചോദിക്കുകയാണെങ്കിൽ, ഒരുപക്ഷെ, ആ രൂപത്തിൽതന്നെ ഇതിൻെറ ഉത്തരം കണ്ടേക്കാം. 'ദുഃഖകരമായ കാഴ്ചയുടെ നമ്മുടെ നാഥ' എന്നാണ് പൌരസ്ത്യസഭയിൽ അതറിയപ്പെടുന്നത്. പതിവുപോലെ പരിശുദ്ധ കന്യകാമറിയം തൻെറ കൈകളിൽ ദിവ്യശിശുവിനെ പിടിച്ചിരിക്കുന്നു. രണ്ടു മാലാഖാമാർ— ഇവർ മിഖായേലും ഗവ്റിയേലും ആണെന്ന് ഗ്രീക്കുഭാഷയിലുള്ള അക്ഷരങ്ങളിൽനിന്ന് നമുക്കു മനസ്സിലാക്കാം— ശിശുവിനെ തൻെറ പീഡാനുഭവത്തിൻെറ ഉപകരണങ്ങൾ കാണിക്കുന്നു. അവിടുത്തെ കാലിൽനിന്നു പകുതി ഊരിയ ഒരു ചെരിപ്പ് താൻ നമ്മുടെ രക്ഷകനാണെന്നു നമ്മെ ഓർമ്മിപ്പിക്കുന്നു. ഇപ്രകാരം ഈ പരിശുദ്ധ സ്വരൂപത്തെ നാം നോക്കുമ്പോൾ, ക്രിസ്തുമതത്തിൻെറ മഹത്തായ അടിസ്ഥാന സത്യങ്ങളെപ്പററി നാം അനുസ്മരിപ്പിക്കപ്പെടുന്നു. ആ ശിശു ദൈവമാകുന്നു, അല്ലെങ്കിൽ തൻെറ ദൃഷ്ടിക്കു വിഷയീഭവിച്ച ഭയങ്കരമായ ഭാവി അവിടുന്ന് അറിയുകയില്ലായിരുന്നു. ആ ശിശു, മനുഷ്യൻ— മറിയത്തിൻെറ പുത്രൻ— ആകുന്നു, അല്ലെങ്കിൽ അവിടുന്നു ഭയപ്പെടുകയില്ലായിരുന്നു. ദീർഘകാലത്തേക്കു മറയ്ക്കപ്പെട്ടതും എന്നാൽ സമയത്തിൻെറ തികവിൽ വെളിപ്പെടുത്തപ്പെട്ടതുമായ രഹസ്യം, ഒരു സ്ത്രീയിൽനിന്നു പിറന്ന ദൈവത്തെ, മാംസത്തിൽ പ്രത്യക്ഷനായ ദൈവത്തെ, നാം കാ

ന്നു. നാം കണ്ടു വിശ്വസിക്കുന്നു. കൂടാതെ ആരംഭംമുതൽ ഇങ്ങനെ തന്റെ പുത്രന്റെ കഷ്ടാനുഭവത്തിൽ പങ്കെടുത്ത ആ പ്രിയപ്പെട്ട നാഥ, നമ്മുടെ നാഥയും— നിത്യസഹായത്തിന്റെ നമ്മുടെ നാഥയും—കൂടി ആകുന്നു. ഗെദ്സേമ്മാൻ തോട്ടത്തിൽ, മാലാഖാമാർ തന്നെ ആശ്വസിപ്പിക്കുന്നതിനു കർത്താവനുവദിച്ചതുപോലെ, തന്റെ ശൈശവകാലത്തു തന്റെ മാതാവു് തന്നെ ആശ്വസിപ്പിക്കാൻ അവിടുന്നു തീർച്ചയായും അനുവദിച്ചിരിക്കണം. മറിയം അവിടുത്തെ ആശ്വസിപ്പിച്ചതുപോലെ, നാം അതിനു സമ്മതിക്കുകയാണെങ്കിൽ, നമ്മുടെ സ്വർഗ്ഗീയമാതാവായ അവൾ നമ്മെയും ആശ്വസിപ്പിക്കുകയും, നമ്മുടെ എല്ലാ ആവശ്യങ്ങളിലും സഹായവും സംരക്ഷണവും നൽകുകയും ചെയ്യും.

മരുഭൂമിയിൽ ഈജിപ്തിലെ മറിയത്തിന്റെ ഉറപ്പായിരുന്നവളും, തന്നിൽ ശരണപ്പെടുന്നവരുടെയെല്ലാം തുണയുമായ സ്നേഹകന്യക തന്റെ മക്കളായ നമ്മോടുകൂടി അവസാനംവരെ ഉണ്ടായിരിക്കും.

---

## അദ്ധ്യായം ൨൦

---

### മറിയത്തോടുള്ള ഭക്തിയുടെ വികസനം

തിമത്തേയോസിനുള്ള ലേഖനത്തിൽ വി. പൌലോസ് ക്രിസ്തീയവെളിപാടിനെ ഒരു നിക്ഷേപത്തോടുപമിക്കുന്നു. "ഓ, തിമത്തേയോസേ, നിന്നെ ഭരമേല്പിച്ചിരിക്കുന്ന കാര്യം സൂക്ഷിച്ചുകൊള്ളുക. വ്യർത്ഥവചനങ്ങളിൽനിന്നും വ്യാജമായ അറിവിന്റെ വിരുദ്ധതകളിൽനിന്നും ഓടിയകലുക." ഈ വാക്കുകളെപ്പററി ലെറിൻസിലെ സന്യാസിയായിരുന്ന വി. വിൻസെൻറ് അഞ്ചാം ശതാബ്ദത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"കത്തോലിക്കാസഭ പൊതുവേയൊ, അല്ലെങ്കിൽ മെത്രാന്മാരുടെ പൊതുസംഘം പ്രത്യേകിച്ചോ, അല്ലാതെ തിമത്തേയോസ് ഇക്കാലത്തു് ആരാകുന്നു? നിക്ഷേപം സൂക്ഷിക്കുക:

തിമത്തേയോസിന് ഏല്പിക്കപ്പെട്ടിരിക്കുന്ന നിക്ഷേപം എന്താകുന്നു? അതു നീ കണ്ടുപിടിച്ചതല്ല, പിന്നെയോ നിനക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നതാകുന്നു; നീ ആലോചിച്ചു കണ്ടുപിടിച്ചതല്ല, പിന്നെയോ നിനക്കു നൽകിയതാകുന്നു; രഹസ്യസ്വീകരണമല്ല, പിന്നെയോ പരസ്യപാരമ്പര്യം; നീ നിർമ്മിച്ചതല്ല, പിന്നെയോ നിന്റെ പക്കലേക്കു കൊണ്ടുവന്നതാകുന്നു. നീ അതിന്റെ കർത്താവായിരിക്കരുത്, പാലകൻ ആയിരിക്കണം; അതിന്റെ ആരംഭകൻ ആയിരിക്കരുത്, അതിന്റെ അനുഗാമിയായിരിക്കണം; അതിനെ നയിക്കുന്നതിനുപകരം അതിനെ പിൻതുടരണം. 'നിക്ഷേപം സൂക്ഷിക്കുക' എന്നു പറഞ്ഞിരിക്കുന്നു. കത്തോലിക്കാവിശ്വാസമാകുന്ന താലന്തു നാണയം അഭേദ്യമായും പരിശുദ്ധമായും കാത്തുസൂക്ഷിക്കുക. നിന്നെ ഭരമേല്പിച്ചിരിക്കുന്നതു് നീ സൂക്ഷിച്ചു മററുള്ളവക്കു കൊടുക്കുക. നിനക്കു സ്വർണ്ണം കിട്ടിയിരിക്കുന്നു; നീ സ്വർണ്ണം തിരികെ കൊടുക്കുക. നീ ഒന്നിനുപകരം മറെറാന്നു എനിക്കു തരികയോ, സ്വർണ്ണത്തിനുപകരം ഈയം തരുന്നതിനോ പിച്ചളകൊണ്ടു് എന്നെ വഞ്ചിക്കുന്നതിനോ തുനിയുകയോ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സ്വർണ്ണത്തിന്റെ പുറംകാഴ്ചയല്ല, അതിന്റെ യാഥാർത്ഥ്യമാണ് ഞാൻ ആവശ്യപ്പെടുന്നതു്.

വിശ്വാസത്തിന്റെ അഭേദ്യതയുടെയും മാററമില്ലായ്മയുടെയും അടിസ്ഥാനതത്വം ഈ വാക്കുകളിൽ സംശയരഹിതമായി വിവരിക്കപ്പെട്ടിരിക്കുന്നു. ശ്ലീഹന്മാർ സഭയിൽ നിക്ഷേപിച്ചിരിക്കുന്നതു്, സഭാപിതാക്കന്മാർ പഠിപ്പിച്ചിരിക്കുന്നതു്, കാലത്തിന്റെ അവസാനംവരെ, മാററമോ വ്യത്യാസമോ കൂടാതെ, കത്തോലിക്കർ വിശ്വസിക്കും. കഴിഞ്ഞ കാലത്തുനിന്ന് നമുക്കു ലഭിച്ചിരിക്കുന്ന അവകാശം നമുക്ക് ഉപേക്ഷിച്ചുകളയാൻ നിവൃത്തിയില്ല. നാം കത്തോലിക്കരായിരിക്കണമെങ്കിൽ, നമ്മെ ഭരമേല്പിച്ചിരിക്കുന്ന നിക്ഷേപം "അഭേദ്യമായും പരിശുദ്ധമായും" നമ്മോടുകൂടി ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. ദൈവത്തിൽനിന്നു നമുക്കു കിട്ടിയിരിക്കുന്ന യാതൊരു സത്യവും ഉപേക്ഷിച്ചുകളയാവുന്നതല്ല.

വിൻസെൻറു് ഇങ്ങനെ തുടരുന്നു: "എന്നാൽ, 'അങ്ങനെയാണെങ്കിൽ മിശിഹായുടെ സഭയിൽ മതത്തിനു യാതൊരു അഭിവൃദ്ധിയും ഇല്ലേ?' എന്നു വല്ലവരും ചോദിച്ചേക്കാം. നിശ്ചയമായും

അഭിവൃദ്ധിയുണ്ടു്; അഭിവൃദ്ധി, ഏററം വലിയ അഭിവൃദ്ധിപോലും, ഉണ്ടായിക്കൊള്ളട്ടെ. അതിനെ തടയുവാൻ ശ്രമിക്കത്തക്കവിധം അത്രയധികം മനുഷ്യനോട്ട് അസൂയയുള്ളവനും ദൈവം വെറുത്തവനും ആയി ആരുണ്ടു്? എന്നിരുന്നാലും, ആ വിശ്വാസത്തിൻെറ ഒരു മാററം ആയിരിക്കരുതു്, പിന്നെയോ യഥാൎത്ഥമായ വികസനം ആയിരിക്കണം. ഒരു പ്രത്യേകസംഗതി വികസിപ്പിക്കപ്പെട്ടുക എന്നതു് അഭിവൃദ്ധിയുടെ ലക്ഷണമാകുന്നു, എന്നാൽ ഒന്നു മററൊന്നായിത്തീരുകയെന്നതു് മാററത്തിൻെറ ലക്ഷണമാകുന്നു. ഓരോ പ്രത്യേകവ്യക്തിയിലും എന്നപോലെ എല്ലാവരിലും പൊതുവായും, ഒരാളിൻെറ ജീവിതത്തിലെ വിവിധഘട്ടങ്ങളിലും എന്നപോലെ സഭ മുഴുവൻെറയും വ്യത്യസ്ഥ കാലഘട്ടങ്ങളിലും, ഗ്രഹണവും അറിവും ജ്ഞാനവും വൎദ്ധിക്കയും അധികമായും ശക്തിയായും അഭിവൃദ്ധിപ്പെട്ടുകയും ചെയ്യണം. എന്നിരുന്നാലും, അതേ മതതത്വങ്ങളിലും, അതേ അൎത്ഥത്തിലും അതേ നിൎവ്വചനത്തിലും ആയിരിക്കണം ഈ അഭിവൃദ്ധിയുണ്ടാകുന്നതു്. നമ്മുടെ ആത്മാവുകളുടെ മതം നമ്മുടെ ശരീരങ്ങളുടെ രീതി അനുകരിക്കട്ടെ. വൎഷങ്ങൾ കഴിയുംതോറും നമ്മുടെ ശരീരങ്ങൾ വളരുകയും വികസിക്കുകയും ചെയ്യുന്നു, എന്നാൽ അവ അതേ ശരീരങ്ങൾതന്നെ ആയി സ്ഥിതിചെയ്യുന്നു. ബാല്യകാലത്തെ സ്ഥിതിയും വാൎദ്ധക്യകാലത്തെ സ്ഥിതിയുംതമ്മിൽ വലിയ വ്യത്യാസമുണ്ടു്. എന്നാൽ ഒരിക്കൽ ചെറുപ്പക്കാരായിരുന്ന അതേ ആളുകൾതന്നെയാണു് വൃദ്ധന്മാരായിത്തീരുന്നതു്. ഓരോ മനുഷ്യൻെറയുംതന്നെ സ്ഥിതി വ്യത്യാസപ്പെട്ടുന്നെങ്കിലും സ്വഭാവവും ആളും ഒന്നുതന്നെ ആയി സ്ഥിതിചെയ്യുന്നു..."

വിശ്വാസത്തെ വാക്കുകളിൽ പ്രകടിപ്പിക്കുന്നതിൽ കാണുന്ന വളൎച്ചയ്ക്കും അഭിവൃദ്ധിയ്ക്കും ഈ ഉപമ അനുയോജ്യമാണെന്നു വിശുദ്ധൻ തുടൎന്നു പറയുന്നു: "അതേപ്രകാരംതന്നെ ക്രിസ്തുമതത്തിൻെറ ഈ ഉപദേശം അഭിവൃദ്ധിയുടെ ഈ നിയമങ്ങൾ അനുസരിക്കയെന്നതു് ഉചിതമായിട്ടുള്ളതാകുന്നു. നമ്മുടെ പൂൎവ്വപിതാക്കന്മാർ സഭയാകുന്ന വയലിൽ വിശ്വാസത്തിൻെറ വിത്തുകൾ വിതച്ചു... കാലക്രമത്തിൽ ആ വിത്തുകൾ മുളച്ചു വളൎന്നിട്ടുണ്ടെങ്കിലും ഒന്നിൻെറയും സ്വഭാവത്തിനു മാററമൊന്നും ഉണ്ടായിട്ടില്ല."

ഈ വാക്കുകളിൽ നാം ക്രിസ്തീയ പഠനങ്ങളുടെ വളർച്ച എന്ന വലിയ തത്വം പ്രതിപാദിച്ചു കാണുന്നു.

സ്വാഭാവികകാര്യങ്ങളിലായാലും സ്വഭാവത്തിനു മേല്പെട്ട കാര്യങ്ങളിലായാലും, അഭിവൃദ്ധിയും വളർച്ചയും കാതലായ മാററങ്ങൾ വരുത്തുന്നില്ല. എന്തുകൊണ്ടെന്നാൽ ജീവിതത്തിൻെറ വിവിധ ഘട്ടങ്ങളിൽ പരിപൂർണ്ണമായ താദാത്മികത്വം സംരക്ഷിക്കപ്പെടുന്നു. കൂടാതെ, വിശ്വാസസത്യങ്ങളുടെ നിർവ്വചനങ്ങൾ പാഷണ്ഡികരുടെ അബദ്ധപഠനങ്ങൾ നിമിത്തമാണ് മിക്കപ്പോഴും ഉണ്ടായിട്ടുള്ളത്. ആദ്യം ക്രിസ്തീയസത്യങ്ങൾ വികസിക്കപ്പെടാത്ത പ്രമേയങ്ങളുടെ രൂപത്തിലാണ് പഠിപ്പിക്കപ്പെട്ടിരുന്നത്.

ഉദാഹരണമായി, "മിശിഹാ ദൈവമാകുന്നു," അല്ലെങ്കിൽ "മിശിഹാ യഥാർത്ഥമനുഷ്യനാകുന്നു." എന്നാൽ വെളിപ്പെടുത്തിയ സത്യത്തിനു നേരെ നിശിതമായ ആക്രമണമുണ്ടായപ്പോൾ, അതിൽ അന്തർഭവിച്ചിരിക്കുന്നതെല്ലാം സ്പഷ്ടമായി വികസിപ്പിച്ച്, തെററായ വ്യാഖ്യാനത്തിന് ഇടംകൊടുക്കാത്തവിധത്തിൽ അതിനെ സംശയരഹിതമായ വാക്കുകളിൽ പ്രതിപാദിക്കേണ്ടത് ആവശ്യമായിത്തീർന്നു. പഠിപ്പിക്കുന്ന സഭയുടെ കൃത്യം അതാകുന്നു. ഇപ്രകാരം ആരിയൻ, അപ്പളോണിയൻ, നെസ്തോറിയൻ, എവുത്തിക്കിയൻ, മോണോത്തെലൈററ് മുതലായ പാഷണ്ഡമതങ്ങൾ സൂനഹദോസുകളുടെ ഖണ്ഡിതവും അഭേദ്യവും ആയ തീരുമാനങ്ങൾക്കും വിശ്വാസപ്രമാണങ്ങൾക്കും അവസരം കൊടുക്കുകയും, ഈ തീരുമാനങ്ങളും വിശ്വാസപ്രമാണങ്ങളും വരുവാനിരുന്ന എല്ലാക്കാലങ്ങൾക്കും വിശ്വാസത്തിൻെറ മാനദണ്ഡമായിത്തീരുകയും ചെയ്തു. പാഷണ്ഡമതക്കാർ പറഞ്ഞിട്ടുള്ളതുപോലെ നിഖ്യായിലും അപ്പെസോസിലും, പില്ക്കാലങ്ങളിൽ ഫ്ളോറെൻസിലും ത്രെന്തോസിലും വത്തിക്കാനിലും പുതിയ മതതത്വങ്ങളൊന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. അബദ്ധപഠനങ്ങളുടെ ഉദ്ഭവംനിമിത്തം, ശ്ലീഹന്മാരിൽനിന്നു കിട്ടിയിട്ടുള്ള പഴയ സത്യങ്ങൾ തന്നെ, ശാസ്ത്രീയമായ പൂർണ്ണതയോടും വ്യക്തതയോടുംകൂടി പ്രതിപാദിക്കപ്പെട്ടതേയുള്ളു. ഒരു കല്ലിന്മേൽ മറെറാന്നായി, ഇളക്കാൻ പാടില്ലാത്തവിധത്തിൽ വെയ്ക്കപ്പെടുകയും, ഒടുക്കം, കാററുകളെയും പിശറുകളെയും അഭിമുഖീകരിച്ചുകൊണ്ട്, ഇപ്പോൾ എല്ലാവർക്കും ദൃശ്യമായ

കത്തോലിക്കാ സത്യമാകുന്ന ഗംഭീരദേവാലയം ഉയരുകയും ചെയ്തു. സഭയുടെ സൂക്ഷ്മദൃഷ്ടിക്കധീനമായും അവളുടെ അംഗീകരണമാകുന്ന മുദ്ര സ്വീകരിച്ചും ഉള്ള ഈ വളർച്ചയാണ് സാധാരണമായി ക്രിസ്റ്റീയപഠനത്തിൻെറ വികസനം എന്നു നാം പറയുന്നതു്.

രസകരമായ ഒരു ചോദ്യം ഇനി ഉദിക്കുന്നു. നമ്മുടെ കർത്താവിൻെറ മാതാവിനെ സംബന്ധിച്ച കത്തോലിക്കാ പഠനത്തിലും ആ പഠനത്തിൻെറ ഫലമായ ഭക്തിയിലും ഇപ്രകാരമുള്ള അഭിവൃദ്ധി എന്തുമാത്രം ഉണ്ടായിട്ടുണ്ടു്?

കർദ്ദിനാൾ ന്യൂമൻ ഇങ്ങനെ എഴുതിയിരിക്കുന്നു: "നൂററാണ്ടുകൾ കഴിയുന്തോറും കത്തോലിക്കരുടെ ഇടയിൽ പരിശുദ്ധകന്യകയോടുള്ള ഭക്തി വർദ്ധിച്ചിട്ടുണ്ടെന്നു ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. എന്നാൽ മറിയത്തെസംബന്ധിച്ചുള്ള പഠനം വളർച്ചയ്ക്കധീനമായിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ സാരാംശത്തിൽ ആരംഭംമുതൽ അതു് ഒന്നുതന്നെയായിരുന്നെന്നു ഞാൻ വിശ്വസിക്കുന്നു."

ഈ വിഷയത്തെപ്പററി അധികാരസമേതം പറയുവാൻ അവിതർക്കിതമായ അവകാശമുള്ള ഒരാളിൻെറ സ്പഷ്ടമായ ഈ അഭിപ്രായത്തിനെതിരായി കത്തോലിക്കാമതത്തിൻെറ ശത്രുക്കൾ, ക്രിസ്റ്റീയലോകത്തിൽ മാതാവിനുള്ള ഇപ്പോഴത്തെ സ്ഥാനം അപ്പേസോസ് സൂനഹദോസുമുതലാണ് ആദ്യമായി ഉണ്ടായിത്തുടങ്ങിയതെന്നു പ്രസ്താവിച്ചിട്ടുണ്ടു്.

ഈ പ്രസ്താവന തെററായ ഒന്നാണ്, എന്തുകൊണ്ടെന്നാൽ അതു് അറിയപ്പെട്ടിട്ടുള്ള വസ്തുതകൾക്കെതിരാണ്. ക്രിസ്റ്റീയലോകത്തിൽ പരിശുദ്ധകന്യകയ്ക്കു് ഇപ്പോഴുള്ള സ്ഥാനം, ഈ കന്യക ദൈവമാതാവാണെന്നും, മനുഷ്യരുടെ അധഃപതനത്തിൽ നമ്മുടെ ആദിമാതാവു് ആദത്തിനോടു സഹകരിച്ചതുപോലെ, മറിയം മനുഷ്യവർഗ്ഗത്തിൻെറ വീണ്ടെടുപ്പിൽ മിശിഹായോടു സഹകരിച്ചെന്നും ഉള്ള പുരാതന വിശ്വാസങ്ങളെയാണ് പ്രധാനമായി ആശ്രയിച്ചിരിക്കുന്നതു്. നമ്മുടെ നാഥയെ സംബന്ധിച്ച എല്ലാ കത്തോലിക്കാ പഠനങ്ങളും അവയിൽനിന്നുദ്ഭവിച്ച ഭക്തിയും ഈ രണ്ടു സത്യങ്ങളിന്മേലും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണെന്നു് സൂക്ഷ്മപരിശോധനയിൽ നമുക്കു കാണാൻ കഴിയും.

ശ്ലീഹന്മാരുടെ കാലത്തിനുശേഷമുള്ള ആ കാലഘട്ടം മുതൽ, രണ്ടാമത്തെ ഹവ്വായെന്ന നിലയിൽ മാതാവിൻെറ സ്ഥാനത്തെ സംബന്ധിച്ച് വ്യക്തവും ഏകകണ്ഠവുമായ പഠനം പാരമ്പര്യംവഴി നമുക്കു ലഭിച്ചിട്ടുണ്ടെന്നുള്ളത് ഏററം ശ്രദ്ധേയമായ ഒരു സംഗതിയാണ്. ദൈവമാതാവെന്ന സ്ഥാനത്തെ സംബന്ധിച്ചുള്ള പാരമ്പര്യത്തിൻെറ കാര്യത്തിലും അപ്പെസോസ് സൂനഹദോസിൽ യാതൊരു സംശയവും ഉണ്ടായില്ല. ദൈവമാതാവിൻെറ നാമത്തിൽ പണിയിച്ച ഒരു ദേവാലയത്തിൽ, ഗ്രീക്കു സഭാപിതാക്കന്മാർ സ്വതന്ത്രമായും സാർവ്വത്രികമായും നമ്മുടെ നാഥയെ ദൈവമാതാവെന്നു വിളിച്ചിരുന്നെന്നു കാണിക്കാൻ വി. സിറില്ലോസിനു യാതൊരു വിഷമവും ഉണ്ടായില്ല. ഈ മാതാവിൻെറ ഉന്നതസ്ഥാനം നെസ്തോറിയോസ് നിഷേധിച്ചപ്പോൾ, താൻ തൻെറ മുൻഗാമികളുടെയെല്ലാം പഠനത്തിനു വിപരീതമായി പഠിപ്പിക്കുകയാണെന്നു സംശയംകൂടാതെ അയാൾ സമ്മതിച്ചു. അയാൾ ഒരു പുതിയ പഠനം കൊണ്ടുവരികയായിരുന്നെന്നുള്ളത് എല്ലാവർക്കും വ്യക്തമായിരുന്നു. ആ പാഷണ്ഡമതസ്ഥാപകൻെറ നേരെ വിശ്വാസികൾക്കുണ്ടായ കോപത്തിൻെറ കാരണം, ഒന്നാമതായി, അവർക്കു പാരമ്പര്യംവഴി ദൈവമാതാവിനോടുണ്ടായിരുന്ന ഭക്തി ആയിരുന്നിരിക്കണം. എന്നാൽ, ശ്ലീഹന്മാരിൽനിന്നു ലഭിച്ചതും അഭേദ്യവും പരിശുദ്ധവുമായി വിശ്വസ്തതയോടെ സൂക്ഷിക്കപ്പെടേണ്ടതുമായ ഒരു വിലയേറിയ നിധിയെന്ന നിലയിൽ അവരുടെ പൂർവ്വികന്മാർ അവർക്കു നൽകിയ വിശ്വാസത്തോട് അവർക്കുണ്ടായിരുന്ന പ്രതിപത്തിയും ഒരു കാരണമായിരുന്നു.

കൂടാതെ, അപ്പെസോസിലെ സൂനഹദോസിനു വളരെ മുൻപുതന്നെ, ഉണ്ണിയീശോയോടുകൂടിയ ദൈവമാതാവിൻെറ ചിത്രങ്ങൾ പ്രേതാലയങ്ങളിലെ ബലിപീഠങ്ങളുടെ മുകളിൽ വെയ്ക്കപ്പെട്ടിരുന്നു. വിശ്വാസികൾക്കു മാതാവിനോട് അഗാധമായ വണക്കം ഇല്ലായിരുന്നെങ്കിൽ ഇങ്ങനെ ഒരിക്കലും സംഭവിക്കുമായിരുന്നില്ല. മോൺ. ബാൺസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "ഈ ചിത്രങ്ങളിൽ ഏററം പ്രധാനമായത് വി. പ്രിഷില്ലായുടെ പ്രേതാലയത്തിലാണ് കാണപ്പെടുന്നത്. അതു വളരെ പുരാതനവുമാണ്. ചിത്രത്തിൻെറ മദ്ധ്യത്തിൽ നല്ലയിടയൻെറ ഒരു രൂപവും, അതിൻെറ ഇടത്തുവശത്ത് ഒരു കുടുംബത്തിലെ

അംഗങ്ങളുടെ പടവും കാണപ്പെടുന്നു. വലത്തുവശത്ത് പരിശുദ്ധകന്യക ഉണ്ണിയീശോയെ കൈയിൽ പിടിച്ചുകൊണ്ടിരിക്കുന്നു. അവളുടെ മുൻപിൽ, മുകളിലുള്ള ഒരു നക്ഷത്രത്തെ ചൂണ്ടികാണിച്ചുകൊണ്ട് ഒരു ദീർഘദർശി നിൽക്കുന്നു. ഈ ചിത്രം രണ്ടാം ശതാബ്ദത്തിന്റെ ആരംഭത്തിൽ നിർമ്മിച്ചതായിരിക്കണമെന്ന് അതിന്റെ രചനാരീതിയിൽനിന്നു മനസ്സിലാക്കാം.

പണ്ഡിതനായ പ്രൊഫസർ മരൂച്ചിയുടെ അഭിപ്രായം ഈ ചിത്രം ഒന്നാം ശതകത്തിൽതന്നെ നിർമ്മിച്ചതാണെന്നാണ്.

വി. ദൊമിത്തില്ലായുടെ പ്രേതാലയത്തിൽ കാണപ്പെടുന്ന വേറൊരു ചിത്രത്തിന്റെ മദ്ധ്യത്തിൽ ദൈവമാതാവ് ഉണ്ണിയെ മടിയിൽവെച്ചുകൊണ്ടു ഒരു കസേരയിൽ ഇരിക്കുന്നതായി നാം കാണുന്നു. ജ്യോതിശാസ്ത്രജ്ഞന്മാർ (നാലുപേർ) രണ്ടു വശത്തുനിന്നും അവരുടെ കാഴ്ചദ്രവ്യങ്ങളെ അവൾക്കു സമർപ്പിക്കുന്നു. ഇതുപോലെയുള്ളതും എന്നാൽ അല്പംകൂടി പഴക്കം കുറഞ്ഞതും വിശുദ്ധന്മാരായ പത്രോസിന്റെയും മർസെലീനോസിന്റെയും പ്രേതാലയത്തിൽ കാണുന്നതുമായ ഒരു ചിത്രത്തിൽ ജ്യോതിശാസ്ത്രജ്ഞന്മാരുടെ എണ്ണം രണ്ടു മാത്രമാണ്. നാലാം ശതാബ്ദത്തിൽ ഇങ്ങനെയുള്ള ചിത്രങ്ങൾ വളരെയധികമുണ്ടായിരുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും, ആദ്യകാലങ്ങളിൽ മാതാവിനെപ്പററിയുള്ള പഠനത്തിന്റെ വികസനത്തിൽ അല്പം കുറുതൽ ഉണ്ടായിരുന്നെന്നു വിചാരിക്കാൻ ന്യായമുണ്ട്. ക്രിസ്തീയ വെളിപാടിൽ പരിശുദ്ധകന്യകയുടെ സ്ഥാനം രണ്ടാമത്തേതു മാത്രമാണെന്നും, തന്റെ പുത്രന്റെ ദൈവിക വ്യക്തിത്വത്തെയാണ് അതാശ്രയിച്ചിരിക്കുന്നതെന്നും നാം ഓർക്കണം.

നസറത്തിലെ ഈശോ യഥാർത്ഥ ദൈവവും, യഥാർത്ഥ മനുഷ്യനും ആണെന്നു വ്യക്തമായി ഗ്രഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതുവരെ, അവിടുത്തെ മാതാവിന്റെ സ്ഥാനം പൂർണ്ണമായും അവസാനമായും പ്രഖ്യാപിക്കപ്പെട്ടില്ല. നസറത്തിലെ ഈശോ സമയത്തിൽ മറിയത്തിന്റെ പുത്രനും, അനാദിമുതല്ക്കേ പിതാവായ ദൈവത്തോടു സമനായ അവിടുത്തെ പുത്രനും ആണെന്നു സംശയംകൂടാതെ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞപ്പോൾ, അവിടുത്തെ മാതാവിന്റെ സ്ഥാനം അതിന്റെ പൂർണ്ണമഹത്വത്തോടെ വ്യക്തമാക്കപ്പെട്ടു. എന്നാൽ, ശത്രുഭാവത്തിലിരുന്ന ഒരു ലോകത്തെ മനുഷ്യാവതാരം സംബന്ധിച്ച സത്യം— ദൈവം മനുഷ്യനായി

കന്യകയായ മറിയത്തിൽനിന്നു പിറന്നു എന്ന സത്യം— പഠിപ്പിക്കുകയെന്നതു്, സാവധാനത്തിൽ മാത്രം നിറവേററാമായിരുന്ന ഒരു കൃത്യമായിരുന്നു. ദൈവത്തിൻെറ പ്രത്യേക സഹായത്തോടുകൂടി മാത്രമേ അതു വിജയപൂർവ്വം നിറവേററാൻ സാധിക്കുമായിരുന്നുള്ളൂ. മറിയത്തിൻെറ ദൈവമാതൃത്വം സംബന്ധിച്ചുള്ള വിഷമം കൂടുതൽ ഗൌരവാവഹമായിട്ടുള്ളതായിരുന്നിരിക്കണം.

ഇന്നത്തെപ്പോലെ അന്നും, യഹൂദമതത്തിൽനിന്നു മാനസാന്തരപ്പെടുന്നവർ അവരുടെ പാരമ്പര്യമായ മുൻവിധികൾക്കു കടകവിരുദ്ധമായ ഒരു സത്യം പഠിക്കേണ്ടിയിരുന്നു. ഈ സത്യം ഈശോമിശിഹായായ മനുഷ്യൻെറ ദൈവത്വം എല്ലാ മതത്തിൻെറയും അടിസ്ഥാനമായ ദൈവത്തിൻെറ ഏകത്വത്തിനും അരൂപിത്വത്തിനും ബാധകമായിരുന്നില്ലെന്നുള്ളതായിരുന്നു. ദൈവമാതാവിൻെറ സ്ഥാനത്തെപ്പററിയുള്ള അറിവ് ഇതിനുശേഷമാണു വരുന്നതു്. ദൈവത്വത്തിൻെറ മാതാവ് എന്നു തെററിദ്ധരിക്കുവാൻ പാടുണ്ടായിരുന്ന ഒരു സ്ഥാനത്തെപ്പററി ആരംഭത്തിൽ തന്നെ ഊന്നിപ്പറയുന്നതു് തീർച്ചയായും ബുദ്ധിപൂർവ്വകമാകുമായിരുന്നില്ല.

പുറജാതിക്കാരിൽനിന്നു മാനസാന്തരപ്പെടുന്നവരുടെ കാര്യത്തിൽ ഇതിനേക്കാൾ വലിയ ഒരു വിഷമമുണ്ടായിരുന്നു. പുറജാതിക്കാരുടെ ആ ലോകം ഏററം നികൃഷ്ടവും നിന്ദ്യവുമായ ബഹുദേവതാവാദത്തിൽ മുഴുകിയിരുന്നു. ദേവന്മാരെപ്പോലെതന്നെ ദേവിമാരേയും വണങ്ങിയിരുന്നു. ഈജിപ്തിലെയും സിറിയായിലെയും പുറജാതിക്കാരിൽനിന്നു ക്രിസ്തുമതത്തിലേക്കു മനസ്സുതിരിഞ്ഞവരോട്ട് മറിയത്തിൻെറനേക്കുള്ള വണക്കത്തെപ്പററി അധികം പറഞ്ഞാൽ, ഐസിസ്, അസ്റ്റാർട്ട്, അസ്റ്റാവോത്ത്, സിബിൽ മുതലായ ദേവികളെപ്പററി അവർ ഓർക്കുകയും, ദൈവത്തിൻെറ നിർമ്മലയായ കന്യകാമാതാവിനെ ഏററം നികൃഷ്ടമായ വിഗ്രഹാരാധനയോട്ട് അവർ സംയോജിപ്പിക്കയും ചെയ്യുകമായിരുന്നു. ഇതു് ഏതുവിധത്തിലും ഒഴിക്കേണ്ട ഒരു ഭയങ്കര വിപത്തായിരുന്നു.

പരിശുദ്ധമായ ആശയങ്ങൾ ഗ്രഹിക്കാൻ ഒരുക്കപ്പെട്ടിട്ടില്ലാത്തവരോട്ട് നമ്മുടെ നാഥയുടെ ശ്രേഷ്ഠമായ സ്ഥാനവലിപ്പത്തെപ്പററി പറയാൻ ശ്രമിക്കുന്നതു് അവരുടെ ഹൃദയങ്ങളിൽ ദൈവമാതാവിനെപ്പററി അവിടുത്തെ സ്ഥാനവലിപ്പത്തിനനു

യോജ്യമല്ലാത്ത ആശയങ്ങൾ ഉണ്ടാകാൻ ഇടവരുത്തിയേക്കുമായിരുന്നു.

ഇത് അത്ര നിസ്സാരമായ ഒരു അപകടമല്ലായിരുന്നെന്ന് താഴെപ്പറയുന്ന വസ്തുത തെളിയിക്കുന്നുണ്ട്. വിശ്വാസം അനുക്രമമായ വിധത്തിൽ പഠിപ്പിക്കാൻ വേണ്ട മുൻകരുതലുകൾ ചെയ്തിരുന്നിട്ടും പരിശുദ്ധ കന്യകമറിയത്തെ ഒരു ദേവിയായി പരിഗണിച്ചിരുന്ന ഒരബദ്ധപാഠം അപ്പെസോസ് സൂനഹദോസിന് ഒരു ശതവർഷം മുൻപുതന്നെ സിതിയായിലും ത്രെയിസിലും ഉത്ഭവിക്കയും, അവിടെനിന്ന് അറേബ്യായിലേക്കു വ്യാപിക്കയും ചെയ്തു. ഈ അബദ്ധോപദേശത്തിൻെറ അജ്ഞരായ അനുയായികൾ, സ്ത്രീകളുടെ കരങ്ങൾ വഴിയായി ചെറിയ അപ്പങ്ങൾ കാഴ്ചവെച്ചുകൊണ്ട് മാതാവിനു ബലി അർപ്പിക്കുകപോലും ചെയ്യുകയുണ്ടായി. ഇതിൽനിന്ന് അവർക്ക് 'കൊള്ളിറിഡിയൻസ്' എന്ന പേരു കിട്ടി. വി. എപ്പിഫാനിയോസ് ഇപ്രകാരം എഴുതിയിരിക്കുന്നു:—

"മറിയം ഒരു ദേവിയല്ല. അവളുടെ ശരീരം ആകാശത്തിൽനിന്നു വന്നതല്ല. അവൾ ഇസഹാക്കിനെപ്പോലെ, ദൈവത്തിൻെറ പ്രത്യേക പരിപാലനയിൽ, വാഗ്ദാനമനുസരിച്ചു നൽകപ്പെട്ടവളാണെങ്കിലും, അവളും മററുള്ളവരെപ്പോലെ തൻെറ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചവളാണ്. ആരും അവൾക്കു ബലി അർപ്പിക്കാതിരിക്കട്ടെ. അങ്ങനെ ചെയ്യുന്നവൻ തൻെറ സ്വന്തം ആത്മാവിനെ നശിപ്പിക്കും."

കൊള്ളിറിഡിയൻകാരുടെ അബദ്ധോപദേശം ചുരുക്കം ആളുകളെ മാത്രമേ ബാധിച്ചുള്ളു. ഏറെത്താമസിയാതെ അത് ഇല്ലാതായിത്തീരുകയും ചെയ്തു. എന്നിരുന്നാലും അങ്ങനെ ഒന്നുണ്ടായെന്നുള്ളത് നമ്മെ ഒരു പാഠം പഠിപ്പിക്കുന്നു. ഏററം അപകടകരങ്ങളായ മിഥ്യാധാരണകൾ ഉണ്ടാകാതിരിക്കണമെങ്കിൽ, വിശ്വാസസത്യങ്ങൾ അവയുടെ ക്രമവും അനുപാതവും അനുസരിച്ചു പഠിപ്പിക്കണം. അടിസ്ഥാനം ശരിയായി ഉറപ്പിക്കാതെ ഒരു കെട്ടിടത്തിൻെറ ഭിത്തികൾ പണിയാൻ ശ്രമിക്കുന്നത് അപകടകരമാണ്.

അതിനാൽ അപ്പെസോസ് സൂനഹദോസ് മാതാവിനോടുള്ള ഭക്തി ആദ്യമായി ആരംഭിച്ചില്ലെങ്കിലും, ക്രിസ്ത്യലോകത്തിനു മുൻപുതന്നെ പ്രിയംകരമായിരുന്ന ആ ഭക്തിക്ക് അത്

ഒരു വലിയ പ്രേരണാശക്തി നൽകിയെന്നുള്ളതു നിസ്സംശയമാണ്. അതോടുകൂടി അടിസ്ഥാനം സുരക്ഷിതമായി ഉറപ്പിക്കപ്പെട്ടു. സൂനഹദോസുകൾ പഠിപ്പിച്ച വിധത്തിൽ ക്രിസ്തീയ മതതത്വങ്ങൾ ഗ്രഹിച്ച ഒരാൾക്ക് പരിശുദ്ധ കന്യകയെ തന്റെ പുത്രനിൽനിന്നു വേർതിരിച്ചു പരിഗണിക്കാൻ സാധിക്കുമായിരുന്നില്ല. അവതരിച്ച വചനം തന്റെ ദൈവസ്വഭാവത്തിൽ പിതാവിനോടുകൂടി ഏക സ്വഭാവമുള്ളവനാണെന്ന് നിഖ്യാസൂനഹദോസ് പഠിപ്പിച്ചു; നിത്യനായ പുത്രൻ മനുഷ്യസ്വഭാവത്തിൽ ഒരു മാനുഷികമാതാവിൽനിന്നു പിറന്നെന്ന് അപ്പെസോസിൽ പ്രഖ്യാപനം ചെയ്യപ്പെട്ടു. ഇനിയും മറിയത്തിനുള്ള സ്ഥാനത്തിന്റെ ഉത്ഭവത്തെപ്പററി യാതൊരു സംശയത്തിനും വഴിയുണ്ടായിരുന്നില്ല. പൂർവ്വിക സഭാപിതാക്കന്മാർ തങ്ങളുടെ കർത്താവിന്റെ മാതാവിനു നൽകിയിരുന്ന സ്ഥാനം ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ടു. മറിയം ദൈവമാതാവാകുന്നു. മറിയത്തിനു നൽകിയ ബഹുമാനത്തിനെല്ലാം അവൾ അർഹയായതു് അധീശ എന്ന നിലയിലല്ല, പിന്നെയോ പ്രജ എന്ന നിലയിലും, ഉത്ഭവസ്ഥാനം എന്ന നിലയിലല്ല, പിന്നെയോ നീർച്ചാൽ എന്ന നിലയിലും, സ്രഷ്ടാവെന്ന നിലയിലല്ല, പിന്നെയോ സ്രഷ്ടാവിനോട് അവർണ്ണനീയമായ വിധത്തിൽ അടുപ്പിക്കപ്പെട്ട ഒരു സൃഷ്ടിയെന്ന നിലയിലും ആണെന്ന് ഇതിൽനിന്നു സിദ്ധിച്ചു. ഇതിനുശേഷം പുതിയതായി മാനസാന്തരപ്പെട്ടവക്ക് ഇടർച്ചയുണ്ടാകുന്നതിനോ അപകടകരങ്ങളായ മിഥ്യാധാരണകൾ ഉണ്ടാകുന്നതിനോ പുരാതന കഥകളിലെ ദേവന്മാരുടെയും ദേവികളുടെയും ആരാധകരുടെ തെററായ ദോഷാരോപണങ്ങൾ വന്നുചേരുന്നതിനോ ഇടയുണ്ടായിരുന്നില്ല. കരുതലിന് ഇനിയും കാരണമൊന്നും ശേഷിച്ചിരുന്നില്ല. ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിലും അധരങ്ങളിലും ഈശോയുടെയും മറിയത്തിന്റെയും പരിശുദ്ധ നാമങ്ങൾ സംയോജിപ്പിച്ചു. ഈശോ ദൈവമായിരുന്നു. മറിയം അവിടുത്തെ മാതാവും.

അപ്പെസോസിനുശേഷം നമ്മുടെ കർത്താവിനെ സംബന്ധിച്ചുള്ള പഠനത്തിന് ഒരു വികസനം ഉണ്ടായി. അപ്പെസോസ് സൂനഹദോസ് കഴിഞ്ഞു് ഇരുപതു വഷത്തിനുശേഷം, ഒരുകോപ്പ വീഞ്ഞിൽ ഒരുതുള്ളി വെള്ളം അപ്രത്യക്ഷമാകുന്നതുപോലെ മിശിഹായുടെ മനുഷ്യസ്വഭാവം അവിടുത്തെ ദൈവ

സ്വഭാവത്തോടു ചേർന്ന് അപ്രത്യക്ഷമായെന്നു പഠിപ്പിച്ച ഏക സ്വഭാവവാദക്കാർക്കെതിരായി ഏകനായ ഈശോമിശിഹായിൽ രണ്ടു സ്വഭാവങ്ങളും കലർപ്പുകൂടാതെ സ്ഥിതിചെയ്യുന്നെന്ന് കല്ക്കദോനിയാ സൂനഹദോസിൽ പ്രഖ്യാപിക്കപ്പെട്ടു. നമ്മുടെ കർത്താവായ മിശിഹാ യഥാർത്ഥ മനുഷ്യനാകുന്നു. അവിടുത്തെ മാതാവായ മറിയത്തിൽനിന്നു സ്വീകരിക്കപ്പെട്ടതും, മനുഷ്യസ്വഭാവത്തിന് അവശ്യം ആവശ്യമായ എല്ലാററിലും പരിപൂർണ്ണമായതുമായ ഒരു മനുഷ്യസ്വഭാവം തനിക്കുണ്ട്. "പാപം ഒഴിച്ചു മറെറല്ലാററിലും അവിടുന്നു നമ്മെപ്പോലെയാകുന്നു." ഇതിൽനിന്ന്, (മോണോത്തെലൈററുകാർക്കെതിരായി പിന്നീടു പഠിപ്പിക്കപ്പെട്ടതുപോലെ), നമ്മുടെ കർത്താവിനു രണ്ടു മനസ്സുകൾ– മനുഷ്യസ്വഭാവത്തിനു ചേർന്ന മാനുഷികമനസ്സും, ദൈവം എന്ന നിലയിൽ ദൈവികമനസ്സും ഉണ്ടായിരുന്നെന്നു സിദ്ധിക്കുന്നു. മിശിഹായിൽ രണ്ടു മനസ്സുണ്ടെന്നുള്ള തത്വം രണ്ടു സ്വഭാവം ഉണ്ടെന്നുള്ളതിൻെറ ഒരു വികസനം ആകുന്നു. അതുപോലെതന്നെ, ഉത്ഭവദോഷം എന്ന വിശ്വാസസത്യം നമ്മുടെ കർത്താവു രണ്ടാമത്തെ ആദവും എല്ലാ മനുഷ്യരുടെയും രക്ഷകനും ആണെന്നുള്ള പൌലോസ് ശ്ലീഹായുടെ പഠനത്തിൽനിന്ന് അനുമിക്കാവുന്നതുപോലെ 'അമലോത്ഭവസത്യം' മറിയം രണ്ടാമത്തെ ഹവ്വായാണെന്ന പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നു.

മാതാവിൻെറ അമലോത്ഭവത്തെപ്പററിയുള്ള സ്പഷ്ടമായ പ്രഖ്യാപനവും പൌരസ്ത്യസഭയിൽ (പാശ്ചാത്യസഭയിൽ അത് ഒരിക്കലും സംശയിക്കപ്പെട്ടിരുന്നില്ല.) മറിയത്തിൻെറ കർമ്മപാപമില്ലായ്മയെപ്പററിയുള്ള പ്രഖ്യാപനവും ഒഴിച്ചാൽ, മാതാവിനെപ്പററിയുള്ള കത്തോലിക്കാ പഠനത്തിൽ വികസനത്തിൻെറ തെളിവ് അധികമായി കാണുന്നില്ല. അവിടവിടെ ആവശ്യമായിരുന്ന മുൻകരുതലോടുകൂടി, പരിശുദ്ധ കന്യകയെ സംബന്ധിച്ച കത്തോലിക്കാവിശ്വാസവും, ദൈവമാതാവെന്ന അവളുടെ ഉന്നതപദവിയും, മനുഷ്യരുടെ വീണ്ടെടുപ്പിൽ രക്ഷകനുമായി സഹകരിക്കാൻ തിരഞ്ഞെടുത്ത സ്ത്രീയെന്നുള്ള നിലയിലുള്ള അവളുടെ സ്ഥാനവും ആരംഭംമുതൽക്കേ ക്രിസ്തീയലോകത്തിൽ എല്ലായിടത്തും സ്പഷ്ടമായി പഠിപ്പിച്ചിരുന്നു. എന്നാൽ, പരിശുദ്ധ കന്യക എല്ലാ വരപ്രസാദങ്ങളുടെയും നീർച്ചാലാണെന്നുള്ള അഭിപ്രായം മറിയത്തിൻെറ മാതൃത്വത്തിൽനിന്നും– ക്രിസ്ത്യാനികളുടെയും ക്രി

സൂവിൻെറയും മാതാവ്– പരിത്രാണകൃത്യത്തിൽ രണ്ടാമത്തെ ഹവ്വാ എന്ന അവളുടെ സ്ഥാനത്തിൽനിന്നും ഉള്ള ഒരു വികസനമാണെന്നു വിചാരിക്കാവുന്നതാണ്.

വിശ്വാസസത്യത്തിൽനിന്നു നാം ഭക്തിയിലേക്കു കടക്കുകയാണെങ്കിൽ, വി. അപ്രേമിൻെറ കൃതികളൊഴിച്ചാൽ, ആദ്യത്തെ അഞ്ചു ശതകങ്ങളിൽനിന്നും വിശ്വാസികളുടെ പൊതുഭക്ത്യഭ്യസനങ്ങളെപ്പററി നമുക്കു യാതൊരു വിവരവും കിട്ടുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. വി. അപ്രേം തീക്ഷ്ണതയുള്ള ഒരു മിഷ്യൻ പ്രഭാഷകനായിരുന്നു; അദ്ദേഹത്തിൻെറ പ്രസംഗങ്ങളും കീർത്തനങ്ങളും ജനങ്ങളുടെ മനോവികാരങ്ങളും മതസംബന്ധമായ ആചാരങ്ങളും അടുത്തറിയുന്നതിന് അദ്ദേഹത്തിനവസരം കൊടുത്തിരുന്നു. സഭാചരിത്രത്തിലെ വേറെ ഏതു ഘട്ടത്തിലും കാണപ്പെടുന്നതിനെക്കാൾ ഒട്ടും കുറവല്ലാത്ത തീക്ഷ്ണതയോടുകൂടിയ മരിയഭക്തി വി. അപ്രേമിൻെറ കൃതികൾ വെളിപ്പെടുത്തുന്നുണ്ടെന്നുള്ളതു് ശ്രദ്ധേയമാണ്. ഒരുദാഹരണത്തിൽനിന്നുമാത്രം ഒരനുമാനത്തിൽ എത്തിച്ചേരുന്നതു് ഒരുപക്ഷേ ശരിയല്ലായിരിക്കാം. എന്നാൽ ലൂതറിൻെറ മതനവീകരണകാലം വരെ, കത്തോലിക്കർ ആചരിച്ചുവരുന്ന തരത്തിലുള്ള പരിശുദ്ധകന്യകയോടുള്ള പ്രാർത്ഥനയ്ക്കും ഭക്തിക്കും പ്രതിഷേധത്തിൻെറ യാതൊരു രേഖയും ഇല്ലെന്നു നിസ്സംശയം പറയാം. അങ്ങനെയുള്ള ഭക്തി സഭയിലെ ഒരു പുതിയ സംരംഭമായി എവിടെയെങ്കിലും ഗണിക്കപ്പെട്ടിരുന്നെന്നു കാണിക്കുന്ന അടയാളവും ഒന്നും തന്നെയില്ല.

ആദ്യശതകങ്ങളിലെ മതപീഡനകാലങ്ങളിൽ മാതാവിനോടെന്നതിനേക്കാൾ കൂടുതലായി വേദസാക്ഷികളോടു വിശ്വാസികൾ പ്രാർത്ഥിച്ചിരുന്നതായി മുൻപു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ ഇതിൽനിന്ന് എന്താണ് അനുമിക്കേണ്ടതു്? ഈ കാലത്തെ കൃതികളിൽ നമ്മുടെ കർത്താവിനോടുള്ള പ്രാർത്ഥനയെപ്പററിയുള്ളതിനേക്കാൾ കൂടുതൽ പരാമർശനങ്ങൾ വേദസാക്ഷികളോടുള്ള പ്രാർത്ഥനയെപ്പററി നമുക്കു കാണാൻ കഴിയുമെന്നുള്ളതും ഇതുപോലെതന്നെ പരമാർത്ഥമായ ഒരു സംഗതിയാണ്. ഇതിൽനിന്നു വേദസാക്ഷികൾ പരിശുദ്ധ കന്യകയെക്കാളും നമ്മുടെ ദിവ്യരക്ഷകനെക്കാളും കൂടുതൽ ബഹുമാനിക്കപ്പെടേണ്ടവരും കൂടുതൽ ശക്തിയുള്ള മദ്ധ്യസ്ഥരും ആണെന്ന് ആദ്യക്രിസ്ത്യാനികൾ

വിചാരിച്ചിരുന്നതായി ഊഹിക്കാമോ? നമ്മുടെ കർത്താവിനെ പ്പററി ഇപ്രകാരം ചോദിക്കുന്നതുതന്നെ ദൈവദൂഷണമാണ്. പരിശുദ്ധ വേദസാക്ഷികളുടെ ഇടയിൽ ദൈവമാതാവിനുള്ള സ്ഥാനത്തെപ്പററി ആദിമക്രിസ്ത്യാനികളുടെ മനോഭാവം എന്താ യിരുന്നെന്ന് അറിയുന്നതിന് സെലൂഷ്യായിലെ ബസീലിയോ സിൻെറ വാക്കുകൾ ഇവിടെ ഉദ്ധരിക്കാം:—

"ലോകത്തിലെ സകല വസ്തുക്കളെയുംകാൾ കൂടുതൽ യോഗ്യതയുള്ളവൾക്ക് അനുയോജ്യമായ എന്തു സ്തുതികൾ നൽകു വാൻ നമുക്കു കഴിയും? ... സൂര്യൻ തൻെറ പ്രകാശംകൊണ്ടു നക്ഷത്രങ്ങളുടെ മിന്നുന്ന രശ്മികളെ എപ്രകാരം അതിലംഘി ക്കുന്നുവോ അപ്രകാരം തൻെറ മഹത്വംകൊണ്ട് എല്ലാ വേദ സാക്ഷികളെയും അതിലംഘിക്കുന്ന ദൈവമാതാവിനെപ്പററി നാം എന്താണു പറയേണ്ടതു്?"

ഭക്തിയുടെ താരതമ്യപ്രാധാന്യം അതിൻെറ പുറമെയുള്ള പ്രകടനങ്ങൾകൊണ്ടു നിർണ്ണയിക്കുന്നതു ശരിയായിരിക്കയില്ല. ഭർത്താവിനോട്ട് ഔചിത്യപൂർവ്വം കാണിക്കാൻ പാടില്ലാത്ത സ്നേ ഹചിഹ്നങ്ങൾ ഒരു മാതാവു് തൻെറ ശിശുവിൻെറമേൽ വർഷി ച്ചെന്നുവരാം. ഇതിൽനിന്നു തൻെറ ശിശുവിനോട്ട് അവൾക്കുള്ള സ്നേഹം ഭർത്താവിനോടുള്ളതിനെക്കാൾ കൂടുതൽ അഗാധമാണെന്നു വരുന്നില്ല. ഭർത്താവിനോടുള്ള സ്നേഹവും ശിശുവിനോടുള്ള സ്നേഹ വും രണ്ടു തരത്തിലുള്ളതാണ്; അതിനാൽ വ്യത്യസ്തമായ രീതി യിലാണ് അവ പ്രകടിപ്പിക്കേണ്ടതു്. കത്തോലിക്കർ വിശുദ്ധ ന്മാരോടും പരിശുദ്ധകന്യകയോടും നമ്മുടെ ദിവ്യരക്ഷകനോടും ഉള്ള ഭക്തിയുടെ കാര്യവും ഇങ്ങനെതന്നെയാണ്. വിശുദ്ധന്മാ രായ ചില ആളുകൾ തങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥന്മാരായി തിരിഞ്ഞെടുക്കപ്പെട്ട പുണ്യവാന്മാരെപ്പററി, കത്തോലിക്കാ മത ത്തിൻെറ യഥാർത്ഥ ആന്തരികതത്വത്തെപ്പററി അറിഞ്ഞിട്ടില്ലാത്ത വർ ഈ പുണ്യവാന്മാർ അവരുടെ ഭക്തിയുടെ കേന്ദ്രമായിരു ന്നെന്നു തെററിദ്ധരിക്കത്തക്ക വിധത്തിൽ, പ്രതിപാദിക്കുന്നതു് അത്ര അസാധാരണമല്ല. രണ്ടുദാഹരണങ്ങൾ മാത്രം ഇവിടെ എടുക്കാം. നാലാം ശതാബ്ദത്തിൽ നോളായിലെ വി. പൌളീ നോസ് വി. ഫേലിക്സിനോട്ട് അസാധാരണമായ വിധത്തിൽ ഭക്തിയുള്ള ആളായിരുന്നു; പത്തൊൻപതാം ശതാബ്ദത്തിൽ, ആർസിലെ വികാരിയായ വി. ജോൺ വിയാന്നിസ്സ് കന്യകയും

വേദസാക്ഷിണിയും ആയ വി. ഫിലോമിനായോട് അസാധാരണമായ ഭക്തിയുണ്ടായിരുന്നു. എന്നാൽ വി. പൌളീനോസ് പരിശുദ്ധകന്യകയുടെ സംരക്ഷണത്തെക്കാൾ കൂടുതൽ പ്രാധാന്യം വി. ഫേലിക്സിന്റെ സംരക്ഷണത്തിനു നൽകിയിരുന്നെന്നോ, ആർസിലെ വികാരി ദൈവമാതാവിൽ ശരണപ്പെട്ടതിൽ കൂടുതൽ വി. ഫിലോമിനായിൽ ശരണപ്പെട്ടെന്നോ വിചാരിക്കുന്നത് എത്ര അബദ്ധമായിരിക്കും?

വിശ്വാസത്തെപ്രതി അതികഠിനമായ പീഡകൾ സഹിക്കാനുള്ള അപകടത്തിൽ എപ്പോഴും ജീവിച്ചിരുന്ന ക്രിസ്ത്യാനികൾ ഇപ്രകാരമുള്ള പീഡകൾ സഹിച്ച വേദസാക്ഷികളെപ്പററി ഓർത്തു ധൈര്യം പ്രാപിക്കയും സഹിക്കുന്നതിനുള്ള ശക്തി തങ്ങൾക്കു ലഭിക്കുവാൻ അവരുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്തതു സ്വാഭാവികമാണ്. എന്നാൽ ഇതിൽനിന്ന്, ആദിമക്രിസ്ത്യാനികൾ, തന്റെ പുത്രന്റെ പീഡാനുഭവസമയത്ത് ആത്മാവ് വ്യാകുലതയുടെ വാളാൽ തുളയ്ക്കപ്പെട്ട് കുരിശിൻചുവട്ടിൽനിന്ന പരിശുദ്ധ മാതാവിനെക്കാൾ കൂടുതലായി വേദസാക്ഷികളെ ബഹുമാനിച്ചെന്നു വിചാരിക്കുന്നതു യുക്തിപൂർവ്വകമല്ല.

കാലാന്തരത്തിൽ കത്തോലിക്കരുടെയിടയിൽ പരിശുദ്ധകന്യകയോടുള്ള ഭക്തി വർദ്ധിച്ചിട്ടുണ്ടെങ്കിൽ, അവളുടെ ദിവ്യപുത്രന്റെ മനുഷ്യസ്വഭാവത്തോടുള്ള ഭക്തിയും വർദ്ധിച്ചിട്ടുണ്ട്. സഭാപിതാക്കന്മാരുടെ കാലത്തിന്റെ അവസാനഘട്ടത്തിൽ, സഭയിലെ മല്പാന്മാരായ ക്ലെയർവോയിലെ വി. ബെർണ്ണർദോയും കാൻറർബറിയിലെ മെത്രാപ്പോലീത്തായായിരുന്ന വി. ആൻസെൽമോസും തങ്ങളുടെ ഗ്രന്ഥങ്ങൾകൊണ്ടും പ്രസംഗങ്ങൾകൊണ്ടും മനുഷ്യാവതാരംചെയ്ത നമ്മുടെ കർത്താവിനോടും അവിടുത്തെ മാതാവിനോടും ഉള്ള അസാധാരണമായ ഭക്തി മുട്ടലമായവിധത്തിൽ പ്രചരിപ്പിച്ചു. മിശിഹായെപ്പററിയുണ്ടായ പാഷണ്ഡമതങ്ങളുടെ കാലത്ത്, സഭാപിതാക്കന്മാർ മാംസമായ വചനത്തിന്റെ ദൈവത്വത്തിലുള്ള വിശ്വാസം സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ, അവിടുത്തെ പരിശുദ്ധ മാതാവ് ദൈവമാതാവ് എന്ന നിലയിലാണ് പ്രധാനമായി മഹത്വം പ്രാപിച്ചത്. വി. ബെർണ്ണർദോസിന്റെ കാലമായപ്പോഴേക്കും നമ്മുടെ കർത്താവിന്റെ ദൈവത്വത്തെപ്പററിയുള്ള വിശ്വാസം ക്രിസ്തീയലോക

ത്തിൻെറ ബോധത്തിൽ ദൃഢമായും സംശയരഹിതമായും പതിഞ്ഞിരുന്നു. അതുമുതൽ, മനുഷ്യനെന്ന നിലയിൽ നമ്മുടെ കർത്താവിനോടുള്ള വിശ്വാസികളുടെ ഭക്തി കൂടുതൽ വികസിച്ചുതുടങ്ങി. ക്രിസ്ത്യാനികൾ, ദൈവമെന്ന നിലയിൽ മാത്രമല്ല, മനുഷ്യനെന്ന നിലയിലും നമ്മുടെ കർത്താവിനെപ്പററി കൂടുതൽ കൂടുതലായി ചിന്തിച്ചപ്പോൾ, അവർ അവിടുത്തെ മാതാവിനെപ്പററിയും, ദൈവമാതാവെന്ന നിലയിൽ മാത്രമല്ല, പിന്നെയോ അവിടുത്തെ സഹോദരന്മാരുടെ മാതാവും, തങ്ങളുടെ മാതാവും, വരപ്രസാദത്തിൻെറ തിരിഞ്ഞെടുക്കപ്പെട്ട നീർച്ചാലും എന്ന നിലകളിലും, കൂടുതൽകൂടുതലായി ചിന്തിക്കാൻ തുടങ്ങി. മദ്ധ്യശതകങ്ങളിൽ, ക്രിസ്ത്യാനികളും വിചാരങ്ങളിലും വികാരങ്ങളിലും, മനുഷ്യനായ ഈശോമിശിഹായും അവിടുത്തെ അമ്മയായ മറിയവും ഒരിക്കലും വേർതിരിക്കപ്പെട്ടിരുന്നില്ല. വി. ബെർണ്ണർദോസിൻെറ കാലംമുതൽ നമ്മുടെ കാലംവരെ, കത്തോലിക്കാജനങ്ങളുടെ ഇടയിൽ നമ്മുടെ ദിവ്യരക്ഷകൻെറ ആരാധനയ്ക്കു യോഗ്യമായ മനുഷ്യസ്വഭാവത്തോടുള്ള ഭക്തിയിൽ നിരന്തരമായ ഒരു വികസനം നാം കാണുന്നു. അവിടുത്തെ പരിശുദ്ധ നാമം, അഞ്ചു തിരുമുറിവുകൾ, തിരുരക്തം, തിരുഹൃദയം, അൽത്താരയിൽ പരസ്യമായി എഴുന്നെള്ളിച്ചുവെയ്ക്കപ്പെട്ടിരിക്കുന്ന പരിശുദ്ധ കുർബാന, ഇവയോടുള്ള പ്രത്യേക ഭക്തികളിലാണ് ഈ വികസനം കാണപ്പെടുന്നത്. ഈ വികസനത്തോടനുബന്ധിച്ചുതന്നെ നമ്മുടെ ഭാഗ്യപ്പെട്ട മാതാവിനോടുള്ള ഭക്തിയും നാം എല്ലായ്പോഴും കാണുന്നു. ദൈവം ഒരുമിച്ചു ചേർത്തവരെ, മാതാവിനെയും പുത്രനെയും, ലജ്ജാകരമായ ബലപ്രയോഗം കൂടാതെ, വേർതിരിക്കുവാൻ നമുക്കു സാധിക്കുകയില്ല. പ്രത്യേകിച്ച് വി. കുർബാനയിൽ സന്നിഹിതനായിരിക്കുന്ന നമ്മുടെ കർത്താവിൻെറ, മനുഷ്യരോടുള്ള സ്നേഹംകൊണ്ടു നിറഞ്ഞ, തിരുഹൃദയത്തോടുള്ള ഭക്തിയും അവിടുത്തെ പരിശുദ്ധ മാതാവിനോടുള്ള സ്നേഹവും തമ്മിൽ അസാധാരണമായ വിധത്തിൽ അടുത്ത ഒരു ബന്ധമുണ്ട്. ആരാധനയ്ക്കു യോഗ്യമായ നമ്മുടെ കർത്താവിൻെറ മനുഷ്യസ്വഭാവവും, വി. കുർബാനയിൽ തനിക്കു മനുഷ്യരോടുള്ള സ്നേഹവും മറിയത്തിൻെറ സഹകരണം വഴിയായിട്ടാണ് നമുക്കു ലഭിച്ചിരിക്കുന്നതെന്നുള്ളതു മറക്കുവാൻ പ്രയാസമാണ്. നാം ദൈവത്തോട് ഏററം കൂടുതൽ കൃതജ്ഞതയുള്ളവരായിരിക്കുമ്പോൾ

നമുക്കുള്ള സകലത്തിനും നാം നമ്മുടെ കർത്താവിൻെറ പരിശുദ്ധ മാതാവായ മറിയത്തിനോടുമാണ് കടപ്പെട്ടിരിക്കുന്നതെന്ന് ഏററം കൂടുതൽ വ്യക്തമായി നമുക്കു മനസ്സിലാകുന്നു.

അതിനാൽ, സാരാംശത്തിൽ വ്യത്യാസപ്പെടാൻ പാടില്ലാത്ത ക്രിസ്തീയമതതത്വത്തിലായാലും, പല തരത്തിലുള്ള വ്യത്യാസമുണ്ടാകാൻ പാടുള്ള ക്രിസ്തീയ മതാചാരത്തിലായാലും, വികാസത്തിൻെറ അളവ് എന്തുതന്നെ ആയിരുന്നാലും, വളർച്ചയുടെ നിയമം ദൈവത്തിൻെറ പദ്ധതികളനുസരിച്ചു പ്രവർത്തിക്കുന്നതു നാം കാണുന്നു. ദമാസോസ് മാർപ്പാപ്പാ ദൈവത്തിൻെറ സഭയെ ഭരിച്ചിരുന്ന നാലാം ശതാബ്ദത്തിലെന്നപോലെ, നമുക്കു മനസ്സായാലും, ഇപ്പോൾ ജീവിക്കുവാൻ നമുക്കു സാധിക്കുകയില്ല. നമ്മുടെ ശാരീരിക ശൈശവത്തിലെയോ യൌവനത്തിലെയോ ദിവസങ്ങൾ വീണ്ടും ജീവിക്കുവാൻ നമുക്കു സാധിക്കാത്തതുപോലെ, കഴിഞ്ഞുപോയ കാലം വീണ്ടും ജീവിക്കുവാൻ നമുക്കു സാധിക്കയില്ല. അങ്ങനെ ചെയ്യുന്നത് ആത്മികമായ അപകടം കൈവരിക്കാൻ ശ്രമിക്കുന്നതിനു തുല്യമാണ്. പത്രോസിൻെറ സിംഹാസനത്തിൽ തൻെറ മുൻഗാമികളുടെയെല്ലാം സ്ഥാനം സ്വീകരിക്കയും അവരുടെയെല്ലാം അധികാരം പ്രയോഗിക്കുകയും ചെയ്യുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ കീഴിൽ ഇരുപതാം നൂററാണ്ടിലാണ് ദൈവപരിപാലനയിൽ നാം ജീവിക്കുന്നത്. താത്വികമായ നമ്മുടെ അന്വേഷണങ്ങളിൽനിന്നു വ്യത്യസ്തമായ നമ്മുടെ പ്രായോഗിക കർത്തവ്യം, ലെറിൻസിലെ വി. വിൻസെൻറിൻെറ ഉപദേശം ഓർക്കുകയാണ്. "ഓരോ മനുഷ്യനും പ്രത്യേകിച്ചും, എല്ലാവരും പൊതുവിലും, മനുഷ്യൻെറ ജീവിതത്തിലെ ക്രമാനുഗതങ്ങളായ ഘട്ടങ്ങളിലും, സഭ മുഴുവൻെറയും ഭിന്നങ്ങളായ കാലങ്ങളിലും സമയങ്ങളിലും വർദ്ധിക്കുകയും അധികമായി അഭിവൃദ്ധിപ്പെടുകയും ചെയ്യുക".

നമ്മുടെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളിൽ മറിയത്തെപ്പററിയുള്ള അറിവിലും മറിയത്തോടുള്ള സ്നേഹത്തിലും വർദ്ധിക്കുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യാൻ നാം എത്ര കൂടുതലായി ശ്രമിക്കുന്നുവോ— നമുക്കു പാടുള്ളിടത്തോളം ആ അറിവും സ്നേഹവും നമുക്കു ചുററും പ്രചരിപ്പിക്കുന്നതിന് എത്ര കൂടുതൽ തീക്ഷ്ണതയോടുകൂടി നാം പരിശ്രമിക്കുന്നുവോ, അത്രയും കൂടുതലായി ദൈവാനുഗ്രഹം നമുക്കു ലഭിക്കുമെന്നും, ദൈവത്തിൻെറ

ഭാഗ്യപ്പെട്ട മാതാവിൽ ശരണപ്പെടാൻ നാം പ്രോത്സാഹിപ്പിക്കുന്നവക്ക് അനേകം അനുഗ്രഹങ്ങൾ കിട്ടാനിടവരുമെന്നും, നമുക്കാശിക്കാം. ശൈശവംമുതൽ യൌവനംവരെയും, യൌവനാം മുതൽ പുരുഷപ്രാപ്തിവരെയും, പുരുഷപ്രാപ്തിമുതൽ വാദ്ധക്യം വരെയും, ഓരോ കൊല്ലം കടന്നുപോകുന്തോറും, ആത്മാവിൽ മാതാവിനോടുള്ള ഭക്തി വികസിച്ചു ശക്തി പ്രാപിച്ചിട്ടുള്ളവൻ ഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ, പ്രഭാതം പകലിൻെറ പൂർണ്ണതയെ കൊണ്ടുവരുന്നതുപോലെ, അത്രയും നിശ്ചയമായി, മറിയത്തെപ്പററിയുള്ള അറിവും സ്നേഹവും ദൈവത്തെപ്പററിയുള്ള അറിവും സ്നേഹവും നമ്മിൽ ഉളവാക്കും. നമ്മുടെ ഹൃദയങ്ങളിലും നമുക്കു ചുററുമുള്ള ലോകത്തിലും മറിയത്തോടുള്ള ഭക്തി വളരുമ്പോൾ നമ്മുടെ പാവപ്പെട്ട ഹൃദയങ്ങളുടെയും രോഗബാധിതവും ക്ഷീണിതവുമായ ലോകത്തിൻെറയും ഏകശരണമായ മരിയസുതനും നമ്മുടെ കർത്താവുമായ ഈശോമിശിഹായോടുള്ള ഉന്നതസ്നേഹത്തിലേക്ക് അതു നിശ്ചയമായും നമ്മെ നയിക്കും.

---

## അദ്ധ്യായം ൨൧

---

### മറിയത്തിൻെറ ദർശനങ്ങളും അത്ഭുതങ്ങളും

നമ്മുടെ നാഥ മിശിഹായോടുകൂടി ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴുന്നു. എന്നാൽ ഈ മാതാവിൻെറ സ്വർഗ്ഗാരോപണത്തിനുശേഷം കഴിഞ്ഞുപോയ നൂററാണ്ടുകളിൽ ദൈവം തിരുമനസ്സായപ്പോഴെല്ലാം, അവൾ ലോകത്തിലെ തൻെറ മക്കളെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയുന്നതിൽ കത്തോലിക്കർ സന്തോഷിക്കുന്നു.

നമ്മുടെ കർത്താവു്, തൻെറ സഭയുടെ നന്മയ്ക്കുവേണ്ടി ചില തിരിഞ്ഞെടുക്കപ്പെട്ട ആത്മാക്കൾക്ക്, തൻെറ വിശുദ്ധന്മാരുടെയും തൻെറ ഭാഗ്യപ്പെട്ട മാതാവിൻെറയും, ചിലപ്പോൾ (ചുരുക്കം ചില അവസരങ്ങളിൽ മാത്രം) തൻെറ മഹത്വം പ്രാ

പിച്ച മനുഷ്യസ്വഭാവത്തിൻെറയും ദശ്നങ്ങൾ നൽകുവാൻ തിരുമനസ്സായിട്ടുണ്ട്. ഇപ്രകാരമുള്ള ദശ്നങ്ങൾ യഥാത്ഥവും ദൈവികവുമാണെന്നു നമുക്കുറപ്പുള്ളപ്പോൾ, ദൈവത്തിൽനിന്നു വരുന്നവയായി നാം അവയെ സ്വാഗതം ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള ദശ്നങ്ങളെസംബന്ധിച്ച്, തക്കതായ തെളിവു കൂടാതെ എളുപ്പത്തിൽ വിശ്വസിക്കുന്ന മനഃസ്ഥിതി ഉപേക്ഷിക്കേണ്ടതാണ്. എന്നാൽ ശരിയായ തെളിവുണ്ടായിട്ടും അവിശ്വാസത്തിൽ ശാഠ്യമായി നില്ക്കുന്ന മനസ്ഥിതി ആത്മാവിന് അവസാനം ഇതിനേക്കാൾ ഉപദ്രവകരമായിത്തീരുമെന്നാണു തോന്നുന്നത്. താൻ സ്വീകരിച്ചതും പ്രസംഗിച്ചതുമല്ലാതെ വേറെ ഒരു സുവിശേഷം ഒരു ദൈവദൂതനാണെന്നവകാശപ്പെട്ടുകൊണ്ടു വരുന്ന ഒരാൾ തന്നെ അറിയിച്ചാലും താൻ അതു വിശ്വസിക്കയില്ലെന്നു വി. പൌലോസ് ശ്ലീഹാ എഴുതിയിരിക്കുന്നു. എന്തു കൊണ്ടെന്നാൽ, അരൂപിയായ ഏതെങ്കിലും സന്ദശകൻ ഒരിക്കൽ നൽകപ്പെട്ട വിശ്വാസത്തിനെതിരായി എന്തെങ്കിലും പഠിപ്പിക്കുകയാണെങ്കിൽ, അവൻ വെളിച്ചത്തിൻെറ ദൂതൻെറ വേഷത്തിൽ വന്ന ഇരുട്ടിൻെറ ദൂതനാണെന്നു നമുക്കു മനസ്സിലാക്കാം! അതിനാൽ അരൂപികൾ ദൈവത്തിൽനിന്നുള്ളവയാണോ എന്നു നാം പരിശോധിച്ചു നോക്കണമെന്നു കല്പിക്കപ്പെട്ടിരിക്കുന്നു. പരലോകത്തിൽനിന്നുള്ള ദശ്നങ്ങളും ഈ കല്പനയിൽ ഉൾപ്പെടുമെന്നു തോന്നുന്നു. എന്നാൽ അരൂപികൾ ഇല്ലെങ്കിൽ അവയെ പരിശോധിക്കാൻ എങ്ങനെ കഴിയും? അല്ലെങ്കിൽ, നല്ല ദൈവദൂതന്മാരോ ദുഷ്ടാരൂപികളോ മനുഷ്യവർഗ്ഗത്തെ ഒരിക്കലും സന്ദശിച്ചിട്ടില്ലെങ്കിൽ, നല്ല ദൂതൻെറ വേഷത്തിൽ വരുന്ന തന്ത്ര ദൂതനാൽ വഞ്ചിക്കപ്പെട്ടുവാൻ നമുക്ക് എങ്ങനെ സാധിക്കും? ഇപ്രകാരമുള്ള ദശ്നങ്ങളെല്ലാം തള്ളിക്കളയുന്നതു്, പഴയനിയമത്തിൽ ദൈവം അനേകം പ്രാവശ്യം പ്രത്യക്ഷനായ വസ്തുതയെ നിഷേധിക്കുക മാത്രമല്ല, മംഗലവാത്തയിൽ ഗവ്റിയേൽ ദൈവദൂതൻ മറിയത്തിനു കാണപ്പെട്ടതുപോലും യഥാത്ഥമല്ലാത്ത ഒരു യക്ഷികഥയായി പരിഗണിക്കുകയാണെന്നുള്ളതു വ്യക്തമാകുന്നു. കത്തോലിക്കർ തങ്ങളുടെ മതത്തിൻെറ മൂലതത്വങ്ങളിൽ മുറുകെ പിടിക്കുന്നിടത്തോളംകാലം ഇങ്ങനെയുള്ള ആത്മീയ അപകടങ്ങളിൽ നിന്നു സുരക്ഷിതരാണെന്നറിയുന്നതിൽ അവർ കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്. ഏതെങ്കിലുമൊരു കത്തോ

ലിക്കൻ, പുതിയ നിയമത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള കാലത്തിനുശേഷം ഒരു ദൈവദൂതന്റെയോ പുണ്യവാന്റെയോ ദർശനം ഉണ്ടായിട്ടില്ലെന്ന് അഭിപ്രായപ്പെടുകയാണെങ്കിൽ, അവൻ തന്നെത്തന്നെ കത്തോലിക്കാ പാരമ്പര്യമാകുന്ന അരുവിയുടെയും കത്തോലിക്കാ ബോധത്തിന്റെയും മനോഭാവത്തിന്റെയും വെളിയിൽ ആക്കുകയാകുന്നു ചെയ്യുന്നത്. കൂടാതെ, തനിക്കുതന്നെ അവൻ ആവശ്യമില്ലാത്ത വിഷമങ്ങൾ ഉണ്ടാക്കിവെയ്ക്കുന്നു. എന്തെന്നാൽ, അദൃശ്യലോകത്തിൽനിന്നുള്ള ദർശനങ്ങൾ നിന്നുപോയെന്നു സമ്മതിക്കുകയാണെങ്കിൽ, അവ വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും, അവ എന്നെങ്കിലും സംഭവിച്ചിട്ടുണ്ടെന്നു വിശ്വസിക്കുവാൻ കൂടുതൽ വിഷമമുണ്ടാകുന്നു. നേരെമറിച്ച്, ഈ കാലത്ത് അവ ഉണ്ടാകുമെന്നു സമ്മതിക്കുകയാണെങ്കിൽ, വിശുദ്ധ ഗ്രന്ഥത്തിലെ സംഭവങ്ങൾ സംബന്ധിച്ചുള്ള വിഷമങ്ങൾ നിസ്സാരങ്ങളായിത്തീരുന്നു. അതിനാൽ, മരിച്ചുപോയവരുടെ ദർശനങ്ങളെപ്പറ്റി (മോക്ഷത്തിലെ വിശുദ്ധന്മാരുടേതായാലും ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളുടേതായാലും) കേൾക്കുമ്പോൾ കത്തോലിക്കർ ആശ്ചര്യപ്പെടുന്നില്ല; അങ്ങനെയുള്ള ദർശനങ്ങൾ കൂടുതലായി ഉണ്ടാകുന്നില്ലല്ലോ എന്നായിരിക്കാം അവർ ആശ്ചര്യപ്പെടുന്നത്.

സ്വന്ത മനസ്സിന്റെ തോന്നലുകളാലോ മററുള്ളവരുടെ ചതിപ്രയോഗങ്ങളാലോ വഞ്ചിക്കപ്പെടാതിരിക്കാൻ ഏററം സൂക്ഷ്മമുള്ളവരായിരിക്കണമെന്നു കത്തോലിക്കർക്ക് മുന്നറിവു നല്കപ്പെടുന്നുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ല. ഈ മുന്നറിവ്, മനുഷ്യർക്ക് പൊതുവെ താല്പര്യമുള്ളവയായും, ലോകത്തിനു് ഒരു സന്ദേശം നൽകുന്നവയായും, ഉദ്ദേശിക്കപ്പെടുന്ന ദർശനങ്ങളുടെ കാര്യത്തിൽ കൂടുതൽ പ്രാധാന്യമുള്ളതാണ്. പരലോകത്തിൽനിന്ന് ഒരു സ്നേഹിതൻ തന്റെ സ്നേഹിതനെ ആശ്വസിപ്പിക്കുന്നതിനും, തന്റെ ആത്മശാന്തിക്കായി അവന്റെ പ്രാർത്ഥന യാചിക്കുന്നതിനും ആയി മാത്രം കാണപ്പെടുമ്പോൾ ഈ മുന്നറിവ് അത്രതന്നെ പ്രാധാന്യമുള്ളതല്ല.

പരലോകത്തിൽനിന്ന് എന്തെങ്കിലും സന്ദേശംകൊണ്ടുവരുന്ന ദർശനങ്ങളുടെ കാര്യത്തിൽ കത്തോലിക്കാസഭ വളരെ സൂക്ഷ്മതയോടുകൂടി വർത്തിക്കുകയും, പലപ്പോഴും സംഭവങ്ങൾ നിഷ്കൃഷ്ടമായും പൂർണ്ണമായും പരിശോധിച്ച് വിധിപ്രസ്താവിക്കു

പ്പെടുന്നതുവരെ അവയെപ്പററി കർശനമായ മൌനം അവലംബിക്കണമെന്ന് എല്ലാവരോടും കല്പിക്കയും ചെയ്യുന്നു.

എല്ലാ ദർശനങ്ങളുടെയും സത്യവത്വം അവസാനമായി ആശ്രയിച്ചിരിക്കുന്നതു് അവ യഥാർത്ഥവും ദൈവത്തിൽനിന്നു വരുന്നവയും ആണെന്നുള്ളതിലേക്കുള്ള തെളിവിൻെറ ശക്തിയെയാണ്. എന്നിരുന്നാലും നമ്മുടെ കർത്താവ് വി. ജൂലിയാനായ്ക്കും വി. മർഗ്ഗരീത്താ മറിയം അലക്കോക്കിനും കാണപ്പെട്ടതിൻെറയോ പരിശുദ്ധ കന്യക ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടതിൻെറയോ മററിതുപോലെയുള്ള ദർശനങ്ങളുടെയോ യാഥാർത്ഥ്യം നിഷേധിക്കുകയാണെങ്കിൽ അതു ബുദ്ധിപൂർവ്വകമായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ഇങ്ങനെയുള്ള ദർശനങ്ങളിന്മേൽ (അവ ചുരുക്കമാണ്) സഭ ഖണ്ഡിതമായും ഔദ്യോഗികമായും തൻെറ അനുവാദവും അംഗീകരണവുമാകുന്ന മുദ്രവെച്ചതായി കാണപ്പെടുന്നു.

ദർശനങ്ങളെപ്പററി പറഞ്ഞ തത്വങ്ങൾ അത്ഭുതങ്ങളുടെ കാര്യത്തിലും പ്രയോഗിക്കപ്പെടാവുന്നതാണ്. അസാധാരണമായ ഒരു സംഭവം അത്ഭുതമാണെന്നു തീരുമാനിക്കുന്നതിനുമുൻപ് നാം വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു; അതേസമയംതന്നെ, ശ്ലീഹന്മാരുടെ കാലംമുതൽ ഈ കാലംവരെ സഭയിൽ അത്ഭുതങ്ങൾ ഉണ്ടായിട്ടില്ലെന്നോ ലോകാവസാനംവരെ ഉണ്ടാകുകയില്ലെന്നോ ഒരു കത്തോലിക്കനു പറയാൻ പാടില്ല. വേദപുസ്തകത്തിൽ വിശ്വസിക്കുന്നവർക്കെങ്കിലും കർദ്ദിനാൾ ന്യൂമാൻെറ ഈ വാക്കുകൾ നിർണ്ണായകമാണ്. "അത്ഭുതങ്ങൾ ഒരിക്കൽ സംഭവിച്ചതുകൊണ്ട് ഇനിയും സംഭവിക്കാനിടയില്ലെന്നു പ്രോട്ടസ്റ്റൻറുകാർ പറയുന്നു; അവ ഒരിക്കൽ സംഭവിച്ചെന്നുള്ള വസ്തുത അവ തുടന്നു സംഭവിക്കാമെന്നുള്ളതിന് ഒരു ലക്ഷ്യമാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നു." വിശ്വാസത്തിൻെറ സ്വീകരണത്തിന് അത്ഭുതങ്ങൾ അവശ്യമായിരുന്ന ആദ്യശതകങ്ങളിൽ, പിന്നീടുള്ള കാലങ്ങളിലേക്കാൾ കൂടുതൽ അത്ഭുതങ്ങൾ നടന്നിരുന്നെന്നുള്ളതു വാസ്തവമാണ്. എന്നിരുന്നാലും, അവ എല്ലാ നൂററാണ്ടുകളിലും ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും ഉണ്ടായിട്ടുണ്ടെന്നുള്ളതിന് അതിശക്തിയായ തെളിവുണ്ടെന്ന് മുൻവിധികൂടാതെ പരിശോധിക്കുന്നവർക്കു കാണാൻ കഴിയും.

ഈ ഗ്രന്ഥത്തിൽ മാതാവിൻെറ ദർശനങ്ങളെയും അത്ഭുതങ്ങളെയുംപററി മാത്രമേ പ്രതിപാദിക്കപ്പെടുന്നുള്ളു. നമ്മുടെ നാഥ പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങൾ എണ്ണമില്ലാത്തവയാണ്. ക്രിസ്തുമതചരിത്രത്തിൻെറ കാലഘട്ടം മുഴുവനിലും മാതാവിൻെറ ദർശനങ്ങളുടെ വിവരണങ്ങൾ തുടർച്ചയായി രേഖപ്പെടുത്തി നാം കാണുന്നുണ്ട്. വ്യത്യസ്തങ്ങളായ അവസരങ്ങളിലാണ് അവ ഉണ്ടായതെങ്കിലും അവയുടെ ബാഹ്യമായ ലക്ഷണങ്ങളിൽ അവയെല്ലാം അന്യോന്യം സാമ്യപ്പെട്ടിരിക്കുന്നു. ഈ അത്ഭുതദർശനങ്ങളിൽ ചുരുക്കം ചിലവയെപ്പററിയുള്ള വിവരങ്ങൾ നൽകുന്നതിനു മാത്രമേ ഇവിടെ ഉദ്യമിക്കുന്നുള്ളു. ആദ്യശതകങ്ങളിൽ ജീവിച്ചിരുന്ന മൂന്നു ഗ്രിഗോരിയോസുമാരുടെ നാമങ്ങളോടു ബന്ധപ്പെട്ടിരിക്കുന്ന മാതാവിൻെറ മൂന്നു ദർശനങ്ങളെ വിവരിച്ചശേഷം പത്തൊൻപതാം ശതാബ്ദത്തിൽ ഫ്റാൻസിലുണ്ടായ ചില ദർശനങ്ങളെപ്പററി പ്രതിപാദിക്കാം.

സഭാപിതാക്കന്മാരുടെ കൂട്ടത്തിൽ പുണ്യവാന്മാരും കീർത്തിപ്പെട്ട മെത്രാന്മാരുമായ അഞ്ചു ഗ്രിഗോരിയോസുമാരെ നാം കാണുന്നു. അത്ഭുതപ്രവർത്തകൻ എന്നറിയപ്പെടുന്ന വി. ഗ്രിഗോരിയോസ് മൂന്നാം ശതാബ്ദത്തിൽ നെയോസെസാറിയായിലെ മെത്രാനായിരുന്നു. നീസായിലെ വി. ഗ്രിഗോരിയോസും, നസിയാൻസത്തിലെ മെത്രാനും ഒരു സഭാമല്പാനുമായിരുന്ന വി. ഗ്രിഗോരിയോസും നാലാം ശതകത്തിൽ ജീവിച്ചിരുന്നു. മഹാനെന്നു വിളിക്കപ്പെടുന്ന വി. ഗ്രിഗോരിയോസ് മാർപ്പാപ്പായും റൂഷ്സിലെ മെത്രാനായിരുന്ന വി. ഗ്രിഗോരിയോസും സമകാലീനന്മാരായിരുന്നു. ഇവരെല്ലാം മാതാവിൻെറ ശക്തിക്കും നന്മക്കും സാക്ഷ്യം വഹിക്കുന്നവരാകുന്നു.

നീസായിലെ വി. ഗ്രിഗോരിയോസ് അത്ഭുതപ്രവർത്തകനായ വി. ഗ്രിഗോരിയോസിൻെറ ജീവചരിത്രം എഴുതി. അതിൽ താഴെക്കാണുന്ന ചരിത്രസംഭവം രേഖപ്പെടുത്തിക്കാണുന്നു.

"ഇങ്ങനെ മെത്രാൻസ്ഥാനമാകുന്ന നുകം വഹിക്കാൻ ഗ്രിഗോരിയോസ് നിർബന്ധിതനായി, നിശ്ചയിക്കപ്പെട്ടിരിക്കുന്ന എല്ലാ കർമ്മങ്ങളും നിർവ്വഹിച്ചശേഷം, വിശ്വാസത്തിൻെറ രഹസ്യം കൂടുതൽ സൂക്ഷ്മമായി ഗ്രഹിക്കുന്നതിന് കുറെ സമയം വേണമെന്നാവശ്യപ്പെട്ടു... അദ്ദേഹം ഒരു രാത്രിമുഴുവൻ വ

ശ്വാസസത്യങ്ങളെപ്പററി ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ, മനുഷ്യ രൂപത്തോടുകൂടിയവനും വാർദ്ധക്യലക്ഷണങ്ങളുള്ളവനും മുഖത്തിൻെറ പ്രസാദവും പൊതുവെയുള്ള നിലയുംകൊണ്ട് വലിയ വിശുദ്ധനെന്നു തോന്നിക്കുന്നവനുമായ ഒരാൾ അദ്ദേഹത്തിനു കാണപ്പെട്ടു. ഈ ദർശനം കണ്ടത്ഭുതപ്പെട്ട്, ഗ്രിഗോരിയോസ് കിടക്കയിൽനിന്നെഴുന്നേററ് അയാൾ ആരാണെന്നും എന്തിനായി വന്നെന്നും ചോദിക്കാൻ ഭാവിച്ചു. എന്നാൽ മറേറയാൾ ശരിയായ വിശ്വാസത്തിൻെറ സത്യം അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുക്കാൻ ദൈവകല്പനയാൽ താൻ വന്നതാണെന്ന് ശാന്തസ്വരത്തിൽ പറഞ്ഞ് അദ്ദേഹത്തിൻെറ മനസ്സിൻെറ വിഷമത്തെ ശമിപ്പിച്ചു. ഈ വാക്കുകൾ കേട്ട് ഗ്രിഗോരിയോസ് ധൈര്യമവലംബിക്കുവാനും സന്തോഷവും ഭയവും കലന്ന വികാരങ്ങളോടുകൂടി അയാളെ നോക്കുവാനും തുടങ്ങി. അപ്പോൾ അയാൾ കൈനീട്ടി എതിർവശത്തു പ്രത്യക്ഷപ്പെട്ടതെന്താണെന്നു ഗ്രിഗോരിയോസിനു വിരൽകൊണ്ടു ചൂണ്ടിക്കാണിച്ചുകൊടുത്തു. ഗ്രിഗോരിയോസ് ആ വശത്തേക്കു കണ്ണു തിരിച്ചു നോക്കിയപ്പോൾ ഒരു സ്ത്രീയുടെ ഭാഷയിൽ മനുഷ്യരൂപത്തേക്കാൾ കൂടുതൽ ശ്രേഷ്ഠമായ രൂപത്തിലുള്ള വേറൊരു ദർശനം തനിക്കെതിരായി നില്ക്കുന്നതു കണ്ടു. വീണ്ടും ഭയവും പരിഭ്രമവുംകൊണ്ടു നിറഞ്ഞും ആ ദർശനം കാണാൻ അശക്തനായും അദ്ദേഹം തൻെറ ദൃഷ്ടി താഴ്ത്തിക്കളഞ്ഞു. എന്തുകൊണ്ടെന്നാൽ രാത്രിസമയമായിരുന്നെങ്കിലും, കത്തിയെരിയുന്ന ഒരു പന്തത്തിൽനിന്നെന്നപോലെ ഒരു വെളിച്ചം അവിടെ കാണപ്പെട്ടവരിൽ നിന്ന് അദ്ദേഹത്തിൻെറമേൽ പ്രകാശിച്ചു. അങ്ങനെ തൻെറ കണ്ണുകൾക്കു ദർശനം കാണാൻ പാടില്ലായിരുന്ന അവസരത്തിൽ തനിക്കു സംശയമുണ്ടായിരുന്ന വിഷയങ്ങളെപ്പററി അവർ സംസാരിക്കുന്നതു അദ്ദേഹം കേൾക്കുകയും അങ്ങനെ വിശ്വാസസത്യങ്ങളെപ്പററി ശരിയായ ഒരു ജ്ഞാനം അദ്ദേഹത്തിനു ലഭിക്കുകയും, അവർ അന്യോന്യം പേരു വിളിച്ചപ്പോൾ അവരുടെ പേരുകൾ അദ്ദേഹം മനസ്സിലാക്കുകയും ചെയ്തു. സ്ത്രീരൂപത്തിലുള്ള ആൾ 'യോഹന്നാൻ സുവിശേഷക'നോടു ദൈവത്വത്തിൻെറ രഹസ്യം ആ ചെറുപ്പക്കാരനു വെളിപ്പെടുത്തിക്കൊടുക്കാൻ കല്പിക്കുന്നതും 'കർത്താവിൻെറ മാതാ'വിൻെറ അഗ്രഹമനുസരിച്ചു പ്രവർത്തിക്കാൻ താൻ സന്നദ്ധനാണെന്ന് അദ്ദേഹം മറു

പടി പറയുന്നതും ഗ്രിഗോരിയോസ് കേട്ടതായി പറയപ്പെട്ടിരിക്കുന്നു. യോഹന്നാൻ വ്യക്തവും പൂണ്ണവുമായ ഒരു വിശ്വാസ പ്രമാണം ഉച്ചരിച്ചു. അതിൻെറശേഷം രണ്ടുപേരും മറഞ്ഞു. ക്രിസ്തീയവിശ്വാസത്തിൻെറ ദൈവികമായ ഈ പ്രമാണം ഗ്രിഗോരിയോസ് ഉടനെ എഴുതിയെടുക്കുകയും പിന്നീട് സഭയിൽ അതിനനുസരണമായി പ്രസംഗിക്കുകയും ചെയ്തു. കൂടാതെ, അദ്ദേഹം ദൈവദത്തമായ ആ പ്രമാണം ഒരു പിൻതുടർച്ചാവകാശമായി തൻെറ പിൻഗാമികൾക്കു നൽകുകയും ചെയ്തു. അതിൻെറ സഹായത്താൽ ആ നഗരത്തിലെ ജനങ്ങൾ ഇന്നുവരെ വിശ്വാസരഹസ്യങ്ങളിൽ അഭ്യസിപ്പിക്കപ്പെടുകയും എല്ലാ അബദ്ധ പഠനങ്ങളിൽനിന്നും സംരക്ഷിക്കപ്പെടുകയും ചെയ്തുവരുന്നു."

സോസോമൻ എന്നു പേരായ ചരിത്രകാരൻ ഇപ്രകാരം എഴുതിയിരിക്കുന്നു:—

"ദെമോഫിലോസിൻെറ കീഴിലുള്ള ആര്യൻ പാഷണ്ഡമതക്കാർ (കൊൺസ്റ്റാൻറിനോപ്പിളിലെ) ദേവാലയങ്ങളെല്ലാം കൈവശപ്പെടുത്തിയിരുന്ന കാലത്ത് നസിയാൻസത്തിലെ ഗ്രിഗോരിയോസ് സത്യവിശ്വാസത്തിൽ നിലനിന്നിരുന്നവരുടെ തലവനായിരുന്നു. തനിക്കുവേണ്ടിയും തന്നോടുകൂടി ദിവ്യകമ്മങ്ങളിൽ സംബന്ധിച്ചിരുന്നവക്കുവേണ്ടിയും സത്യവിശ്വാസികൾ ഒരു പ്രാത്ഥനാലയമായി രൂപാന്തരപ്പെടുത്തിയ ഒരു ചെറിയ ഭവനത്തിലായിരുന്നു അദ്ദേഹം തിരുകമ്മങ്ങൾ നടത്തിയിരുന്നത്. കാലക്രമത്തിൽ ഈ ദേവാലയം തലസ്ഥാനത്തെ മറെറല്ലാ ദേവാലയങ്ങളെയുംകാൾ കൂടുതൽ കീത്തിപെട്ടതായിത്തീൎന്നു. ഇതിനു കാരണം അതിൻെറ ഭംഗിയും വലിപ്പവും മാത്രമായിരുന്നില്ല, പിന്നെയൊ വിശ്വാസികൾക്ക് അവിടെ നൽകപ്പെട്ട ദൈവികദശനങ്ങളുംകൂടി ആയിരുന്നു. എന്തുകൊണ്ടെന്നാൽ ഉണന്നിരിക്കുമ്പോൾ ഉണ്ടായ ദശനങ്ങളിലും സ്വപ്നാവസരങ്ങളിലും അനുഭവപ്പെട്ട ഒരു ദൈവികശക്തി പല രോഗങ്ങളാലും അപകടങ്ങളാലും പീഡിപ്പിക്കപ്പെട്ടിരുന്ന അനേകക്കു സൌഖ്യം നൽകി. ഇതു ദൈവമാതാവായ പരിശുദ്ധ കന്യകയാണെന്നു വിശ്വസിക്കപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ മാതാവ് ഇപ്രകാരം കാണപ്പെടുക പതിവാകുന്നു.

നസിയാൻസത്തിലെ ഗ്രിഗോരിയോസ് തൻെറ ഗ്രന്ഥങ്ങളിൽ മാതാവിൻെറ യാതൊരു ദർശനത്തെപ്പററിയും പ്രസ്താവിക്കുന്നില്ല. എന്നാൽ മുൻപറഞ്ഞ ദേവാലയത്തിൽ ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹം കന്യകയും വേദസാക്ഷിണിയുമായ ജസ്റ്റീനായുടെ ചരിത്രം വിവരിക്കുകയുണ്ടായി. സിപ്രിയാൻ എന്നു പേരായ ഒരാൾ പാപകരമായ ദുരാശയാൽ ജസ്റ്റീനായെ വശീകരിക്കാൻ ശ്രമിച്ചപ്പോൾ, അവൾ കന്യകയായ തന്നെ തൻെറ ആപത്തിൽ സഹായിക്കണമെന്ന് കന്യകയായ മറിയത്തിനോടു പ്രാർത്ഥിച്ചു. നമ്മുടെ നാഥ അദ്ഭുതകരമായ വിധത്തിൽ ഈ പ്രാർത്ഥന കേട്ടു. സിപ്രിയാനോസ് മാനസാന്തരപ്പെട്ടു ക്രിസ്ത്യാനിയാകുകയും, 304–ാമാണ്ട് സെപ്റ്റംബർ 26–ാം തീയതി ജസ്റ്റീനായോടുകൂടി വേദസാക്ഷിയായി മരിക്കുകയും ചെയ്തു. അവരുടെ മരണത്തിൻെറ വാർഷികദിനത്തിൽ കത്തോലിക്കാസഭ ഈ രണ്ടു വേദസാക്ഷികളുടെയും തിരുനാൾ ഘോഷിക്കുന്നു.

താഴെപ്പറയുന്ന സംഭവം ററൂഷ്സിലെ ഗ്രിഗോരിയോസിൻെറ കൃതികളിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ളതാകുന്നു:–

"കത്തോലിക്കാവിശ്വാസത്തിൻെറ സ്ഥിരീകരണത്തിനായി പൌരസ്ത്യദേശത്തുണ്ടായ ഒരു സംഭവം ഞാൻ വിട്ടുകളയുകയില്ല. ക്രിസ്തീയ ബാലന്മാരോടുകൂടി വിദ്യാലയത്തിൽ പഠിച്ചിരുന്ന ഒരു യഹൂദബാലൻ പരിശുദ്ധ കന്യകയുടെ ദേവാലയത്തിൽ കുർബാന കണ്ടുകൊണ്ടിരുന്നപ്പോൾ മററു കുട്ടികളുടെ കൂടെ വി. കുർബാന കൈക്കൊള്ളുവാൻ പോയി. കുർബാന കൈക്കൊണ്ടശേഷം അവൻ സന്തോഷത്തോടുകൂടി തൻെറ പിതാവിൻെറ വീട്ടിലേക്കു തിരികെപ്പോയി. സന്തോഷംകൊണ്ടു നിറഞ്ഞ് അവൻ കുർബാന കൈക്കൊണ്ട വിവരം വീട്ടിൽ അറിയിച്ചു. എന്നാൽ മിശിഹായെയും അവിടുത്തെ മതത്തെയും വെറുത്തിരുന്ന അവൻെറ പിതാവ് ഇങ്ങനെ പറഞ്ഞു: "നിൻെറ പിതാക്കന്മാരുടെ മതത്തെ മറന്ന് നീ ആ കുട്ടികളുടെ കൂടെ കുർബാന കൈക്കൊണ്ടതുകൊണ്ട്, മൂശയുടെ നിയമത്തോടു ചെയ്ത ദ്രോഹത്തിനു പ്രതികാരമായി, ഞാൻ നിൻെറ പിതാവാണെങ്കിലും, കരുണകൂടാതെ നിന്നെ ഞാൻ കൊല്ലും." പിന്നെ അയാൾ ആ ബാലനെ ഒരു തീച്ചൂളയുടെ സമീപത്തു

കൊണ്ടുചെന്ന് അവനെ അതിലേക്കെറിഞ്ഞ് കൂടുതൽ വിറകും ഇട്ടശേഷം അവിടെ കാത്തുനിന്നു. എന്നാൽ കാൽദിയായിലെ തീച്ചൂളയിൽ എറിയപ്പെട്ട മൂന്നു യഹൂദബാലന്മാരെ മഞ്ഞു മേഘംകൊണ്ടു തണുപ്പിച്ച ആ കാരുണ്യം ഈ അവസരത്തിലും പ്രവർത്തിക്കാതിരുന്നില്ല. എന്തെന്നാൽ, തീജ്വാലകളുടെയും ജ്വലിക്കുന്ന കരിക്കട്ടകളുടെയും ഇടയിൽ കിടന്ന ബാലനു യാതൊരുപദ്രവവും ഉണ്ടാകുവാൻ അതനുവദിച്ചില്ല. പുത്രനെ ദഹിപ്പിച്ചു കൊല്ലുവാൻ പിതാവു തീരുമാനിച്ച വിവരം മാതാവറിഞ്ഞപ്പോൾ, അവൾ അവനെ രക്ഷിക്കാൻ ഓടിയെത്തി. എന്നാൽ തീച്ചൂളയിൽ തീ ആളിക്കത്തുന്നതു കണ്ടപ്പോൾ അവൾ തൻെറ തലയിൽനിന്ന് ആഭരണങ്ങൾ ഊരി നിലത്തെറിയുകയും തലമുടി അഴിച്ചിട്ട് ഉറക്കെ നിലവിളിക്കുകയും ചെയ്തു. അവിടെ നടന്നതെന്താണെന്നു ക്രിസ്ത്യാനികൾ അറിഞ്ഞപ്പോൾ അവർ ആ നീചസംഭവസ്ഥലത്തേക്ക് കൂട്ടമായി ഓടിയെത്തുകയും തീച്ചൂളയിൽനിന്നു കത്തിയെരിയുന്ന വിറകു കഷണങ്ങൾ മാററുകയും ചെയ്തു. അപ്പോൾ ആ ചെറുബാലൻ മാർദ്ദവമുള്ള തൂവലുകൾകൊണ്ടു നിർമ്മിച്ച മെത്തമേൽ എന്നപോലെ കിടക്കുന്നതായി അവർ കണ്ടു. അവനെ വെളിക്കെടുത്തപ്പോൾ അവനു യാതൊരുപദ്രവവും ഉണ്ടായില്ലെന്നു കണ്ട് അവർ അദ്ഭുതപ്പെടുകയും, അവരുടെ ആർപ്പുവിളികൾ ആ സ്ഥലത്തെല്ലാം മുഴങ്ങുകയും, ജനങ്ങളെല്ലാം ദൈവത്തെ സ്തുതിക്കുകയും ചെയ്തു. പിന്നെ അവർ ആ ചെറുബാലനോട് എങ്ങനെയുള്ള തണലാണ് അവനു തീജ്വാലകളുടെ ഇടയിൽ ഉണ്ടായിരുന്നതെന്നു ചോദിച്ചപ്പോൾ അവൻ ഇപ്രകാരം പറഞ്ഞു: "ഞാൻ മേശയിൽനിന്ന് അപ്പം സ്വീകരിച്ച ആ ദേവാലയത്തിൽ മടിയിൽ ഒരുണ്ണിയെയുംകൊണ്ട് കസേരയിൽ ഇരിക്കുന്ന ആ സ്ത്രീയാണ് അഗ്നി എന്നെ ദഹിപ്പിക്കാതെ തൻെറ മേൽവസ്ത്രംകൊണ്ട് എന്നെ മൂടിയത്." പരിശുദ്ധ കന്യക അവനു പ്രത്യക്ഷപ്പെട്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. പിന്നീട് ആ ബാലൻ ക്രിസ്തീയ മതതത്വങ്ങൾ പഠിക്കുകയും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാരൂപിയുടെയും നാമത്തിൽ വിശ്വസിച്ച് അവൻെറ അമ്മയോടുകൂടി ജ്ഞാനസ്നാനപ്പെട്ട് ആത്മീയമായി വീണ്ടും ജനിക്കുകയും ചെയ്തു.

ഈ കാലത്തിൽനിന്നുള്ള നമ്മുടെ ഇനിയത്തെ ചരിത്ര

കഥ മഹാനായ ഗ്രിഗോരിയോസിൻെറ 'സംഭാഷണങ്ങൾ' എന്നു ഗ്രന്ഥത്തിൽനിന്ന് എടുത്തിട്ടുള്ളതാകുന്നു.

"പ്രോബൂസ് എന്ന ആ ദൈവത്തിൻെറ ദാസൻതന്നെ മൂസാ എന്നു പേരായ തൻെറ കൊച്ചുസഹോദരിയെപ്പററി പറയാറുണ്ടായിരുന്ന സംഭവം ഞാൻ വിട്ടുകളയുകയില്ല. ദൈവത്തിൻെറ പരിശുദ്ധ മാതാവും നിത്യകന്യകയുമായ മറിയം ഒരു രാത്രിയിൽ അവൾക്കു കാണപ്പെട്ട് അവളുടെ പ്രായത്തിലുള്ളവരും വെള്ളവസ്ത്രം ധരിച്ചിരുന്നവരുമായ ഏതാനും പെൺകുട്ടികളെ കാണിച്ചുകൊടുത്തു. അവരുടെകൂടെ ചേരുന്നതിന് മൂസാ ആഗ്രഹിച്ചെങ്കിലും അവൾ അതിനു ധൈര്യപ്പെട്ടില്ല. അപ്പോൾ പരിശുദ്ധ കന്യക അവളോട്, അവരുടെകൂടെ ചേർന്ന് തനിക്കു ശുശ്രൂഷചെയ്തു ജീവിക്കാൻ ആഗ്രഹമുണ്ടോ എന്നു ചോദിച്ചു. 'എനിക്കാഗ്രഹമുണ്ട്' എന്ന് ആ ചെറുബാലിക നമ്മുടെ നാഥയോടു പറഞ്ഞപ്പോൾ, അവൾ വ്യർത്ഥകാര്യങ്ങളിൽനിന്നും വിനോദങ്ങളിൽനിന്നും വിരമിക്കണമെന്നുള്ള കല്പന അവൾക്കു കിട്ടുകയും, പതിമ്മൂന്നാം ദിവസം അവൾ താൻ കണ്ട കന്യകകളുടെകൂടെ ചേർന്ന് പരിശുദ്ധ കന്യകയുടെ ശുശ്രൂഷയിൽ പ്രവേശിക്കുമെന്ന് അവൾക്കു വാഗ്ദാനം ലഭിക്കുകയും ചെയ്തു. ഈ ദർശനത്തിനുശേഷം മൂസായുടെ ജീവിതരീതിയിൽ വലിയ മാററമുണ്ടാകുകയും, അധികമായി പരിശ്രമിച്ച് അവൾ ബാല്യചാപല്യങ്ങൾ എല്ലാം ഉപേക്ഷിക്കുകയും ചെയ്തു. അവളുടെ മാതാപിതാക്കന്മാർ ഇതു കണ്ടദ്ഭുതപ്പെട്ട് അതിനെപ്പററി അവളോടു ചോദിച്ചപ്പോൾ, അവൾ ദൈവമാതാവു തനിക്കു നൽകിയ കല്പനയെപ്പററിയും മാതാവിൻെറ ശുശ്രൂഷയിൽ താൻ പ്രവേശിക്കേണ്ട ദിവസത്തെപ്പററിയും അവരോടു പറഞ്ഞു. ഇരുപത്തഞ്ചു ദിവസം കഴിഞ്ഞപ്പോൾ അവൾക്കു പനി പിടിപെട്ടു. പതിമ്മൂന്നാം ദിവസം; വേർപാടിനുള്ള സമയം അടുത്തപ്പോൾ, താൻ മുൻപു ദർശനത്തിൽ കണ്ട ചെറുബാലികമാരോടുകൂടി ദൈവത്തിൻെറ പരിശുദ്ധ മാതാവ് തൻെറ അടുക്കലേക്കു വരുന്നത് അവൾ കണ്ടു. നമ്മുടെ നാഥ അവളെ വിളിച്ചപ്പോൾ അവൾ വിനയപൂർവ്വം കണ്ണുകൾ താഴ്ത്തി നേരിയ സ്വരത്തിൽ ഇങ്ങനെ മറുപടി പറഞ്ഞു: "ഓ, നാഥേ, കണ്ടാലും, ഞാൻ വരുന്നു. ഓ, നാഥേ, ഞാൻ ഇപ്പോൾ വരുന്നു! ഇത്രയും പറഞ്ഞ് അവൾ മരിക്കുകയും,

അവളുടെ ആത്മാവ് അവളുടെ കന്യകാശരീരത്തിൽനിന്ന് മോക്ഷത്തിലെ കന്യകകളോടുകൂടി വസിക്കാൻ പോകുകയും ചെയ്തു.''

ഇപ്രകാരമുള്ള സംഭവങ്ങൾ ഇവിടെ ഉദ്ധരിച്ചിരിക്കുന്നത് എല്ലാ വിവരങ്ങളിലും അവ യാഥാർത്ഥ്യത്തോടു പൂർണ്ണമായി യോജിക്കുന്നുണ്ടെന്നു നിശ്ചയമുണ്ടായിട്ടല്ല. ഇത്രയുംകാലം കഴിഞ്ഞതിനുശേഷം, അവ ആദ്യം സ്വീകരിക്കപ്പെടുകയും വിവരിക്കപ്പെടുകയും ചെയ്തപ്പോളുണ്ടായിരുന്ന തെളിവുകളെ പരിശോധിക്കുന്നതിനു സാധിക്കയില്ലല്ലോ. എന്നാൽ അവ സഭാപിതാക്കന്മാർക്ക് ഇങ്ങനെയുള്ള സംഭവങ്ങളെ സംബന്ധിച്ചുണ്ടായിരുന്ന മാനസികവും ആദ്ധ്യാത്മികവുമായ നില എന്തായിരുന്നെന്നു കാണിക്കുകയും എല്ലാ വിഷയങ്ങളിലും സൂക്ഷ്മപരിശോധന നടത്തപ്പെടുന്ന നമ്മുടെ കാലത്തു നടന്ന സംഭവങ്ങളെ പരിശോധിക്കാൻ നമുക്കു വഴി തെളിച്ചുതരികയും ചെയ്യുന്നു.

പത്തൊൻപതാം ശതാബ്ദത്തിൻെറ ആരംഭത്തിൽ ഫ്റാൻസുരാജ്യത്തിൽ മതവിശ്വാസം തീരെ ക്ഷയിച്ചുപോയതുപോലെ കാണപ്പെട്ടിരുന്നു. പ്രോട്ടസ്റ്റൻറു നവീകരണം ഇംഗ്ലണ്ടിലും ജർമ്മനിയിലും വരുത്തിയതിനെക്കാൾ കൂടുതൽ നാശം ഫ്റാൻസിൽ മഹാ വിപ്ലവം വരുത്തിയതുപോലെ തോന്നി. നവീകരണം ദൈവത്തിലും ക്രിസ്തുവിലും ഉള്ള വിശ്വാസമെങ്കിലും സംരക്ഷിച്ചു; എന്നാൽ വിപ്ലവം സ്വാഭാവികവും വെളിപ്പെടുത്തപ്പെട്ടതുമായ എല്ലാ മതത്തെയും ആക്രമിക്കുകയും, ജനങ്ങളുടെ മനസ്സുകളിൽനിന്നും ഹൃദയങ്ങളിൽനിന്നും അതിനെ പിഴുതുകളഞ്ഞതുപോലെ തോന്നുകയും ചെയ്തു. ക്രൂശിത്രൂപം കോടതികളിൽനിന്നു നീക്കിയെന്നു മാത്രമല്ല, സ്രഷ്ടാവിൻെറ നാമംപോലും പാഠപ്പുസ്തകങ്ങളിൽനിന്നു എടുത്തുകളയുകയും ഉണ്ടായി. ക്രിസ്തീയാരാധന മുടക്കുകയും ക്രിസ്തീയബോധനങ്ങൾ രാഷ്ട്രത്തിനെതിരായ കുററമായി ഗണിക്കുകയും ചെയ്തു. അതിൻെറ ആപൽകരമായ സ്ഥിതിയിൽനിന്നു രാജ്യത്തെ രക്ഷിക്കാൻ നെപ്പോളിയൻ കത്തോലിക്കാമതത്തെ വീണ്ടും ഔദ്യോഗികമായി അംഗീകരിച്ചെങ്കിലും, അതു താമസിച്ചായിപ്പോയെന്ന് എല്ലാവരും ഭയപ്പെട്ടിരുന്നു. പത്തൊൻപതാം ശതാബ്ദം ആരംഭിച്ചപ്പോൾ കത്തോലിക്കാമതം ബാഹ്യമായി വീണ്ടും രാജ്യത്തിലുണ്ടായിരുന്നു. ദേവാലയങ്ങളിൽ വീണ്ടും ദിവ്യപൂജകൾ അർപ്പിക്കുകയും

പ്രസംഗങ്ങൾ നടത്തുകയും ചെയ്യു. എന്നാൽ പൂജ കാണുന്നതിനോ പ്രസംഗം കേൾക്കുന്നതിനോ വിശ്വാസികൾ വളരെ ചുരുക്കമായിട്ടേ ഉണ്ടായിരുന്നുള്ളു. വിശ്വാസത്തിനു മനുഷ്യരുടെ വികാരങ്ങളിന്മേലുണ്ടായിരുന്ന പിടിയും അവരുടെ മനസ്സിന്മേലും മനസ്സാക്ഷിയുടെമേലും ഉണ്ടായിരുന്ന ശക്തിയും നഷ്ടപ്പെട്ടതുപോലെ തോന്നി. ജീവനില്ലാത്തതായി കാണപ്പെട്ടതു്, അതിനെ അടിമത്തത്തിൽ വെച്ചുകൊണ്ടിരുന്ന ഉറക്കത്തിൽനിന്നു് ഉന്മേഷത്തോടുകൂടിയ ഒരു പുതിയ ജീവിതത്തിലേക്കു് ഉണരുന്നതിനു്, ദൈവത്തിൻെറ ഒരു സ്വപ്നംമാത്രം മതിയായിരുന്നെന്നു നമുക്കറിയാം. ഫ്റാൻസിൻെറ കഴിഞ്ഞ നൂറു വർഷക്കാലത്തെ ചരിത്രം കത്തോലിക്കാവിശ്വാസത്തിൻെറയും അനുഷ്ഠാനത്തിൻെറയും ക്രമാനുഗതവും എന്നാൽ യഥാർത്ഥവുമായ ഒരുണർവ്വിൻെറ ചരിത്രമാകുന്നു. കൊടുങ്കാറ്റുകൾ ഓരോന്നോരോന്നായി ഉണ്ടായി. എന്നാൽ അവയെല്ലാം അതിൻെറ ശക്തിയെ വെളിപ്പെടുത്തിയതേയുള്ളു. ഓരോ ആക്രമണത്തിൻെറയുംശേഷം സഭ മുൻപിലത്തേക്കാൾ കൂടുതൽ ശക്തിയുള്ളതായി പ്രത്യക്ഷപ്പെട്ടു. ദൈവം കഴിഞ്ഞാൽപിന്നെ കത്തോലിക്കാമതത്തിൻെറ ഈ പുനരുജ്ജീവനത്തിനു് അധികപങ്കും കാരണമായതു്, ഫ്റാൻസിലെ ഏററം ശ്രേഷ്ഠവും ഉത്തമവുമായ, എല്ലാവരുടെയും ഹൃദയത്തെ നമ്മുടെ കർത്താവിനോടും അവിടുത്തെ കന്യകാമാതാവിനോടും ഉള്ള സ്നേഹത്തിനും ഭക്തിക്കും പ്രേരിപ്പിച്ച നമ്മുടെ നാഥയുടെ ദർശനങ്ങളായിരുന്നു.

പത്തൊൻപതാം ശതാബ്ദത്തിൽ ഫ്റാൻസിലുണ്ടായ അഞ്ചു വലിയ ദർശനങ്ങളെ സംബന്ധിച്ച ചുരുങ്ങിയ വിവരങ്ങൾ നൽകുവാൻ മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളു. ഇതിൽ ആദ്യത്തെ ദർശനം 1830-ൽ പാരീസിൽ ഒരു ഉപവിയുടെ സഹോദരിക്കുണ്ടായതും, പിന്നത്തെ മൂന്നു ദർശനങ്ങൾ കുട്ടികൾക്കു് 1846, 1850, 1871 ഈ കൊല്ലങ്ങളിൽ ലാസാലെററു്, ലൂർദ്ദ്, പോൺട്മേൻ എന്നീ സ്ഥലങ്ങളിൽ ഉണ്ടായതും, ഒടുവിലത്തേതു് 1876-ൽ പെല്ലെവോയിസിനിൽ ഒരു ഭൃത്യനു് ഉണ്ടായതും ആകുന്നു.

കാതറൈൻ ലബൂറേ ബർഗണ്ടിയിലെ ഒരു കൃഷിക്കാരൻെറ പുത്രിയായിരുന്നു. 'ഉപവിയുടെ സഹോദരികൾ' എന്ന

റിയപ്പെടുന്ന സഭയുടെ സ്ഥാപകനായ വി. വിൻസെൻറ് ഡി പോൾ ആ സഭയിൽ ചേരാൻ അവളെ വിളിക്കുന്നെന്ന് അദ്ഭുതകരമായ വിധത്തിൽ അവൾക്ക് അറിവു കിട്ടിയപ്പോൾ അവൾക്ക് എഴുതാനും വായിക്കാനും അറിഞ്ഞുകൂടായിരുന്നു. പാരീസിൽ റൂദെ ബാക് എന്ന സ്ഥലത്തെ മാതൃമഠത്തിൽ അവൾ ഒരു പുതുകന്യാസ്ത്രീ ആയിരിക്കുമ്പോഴാണ് "അദ്ഭുതകര"മെന്നു ലോകം മുഴുവനിലും അറിയുന്ന കാശുരൂപത്തിനു കാരണമായിത്തീർന്ന മൂന്നു ദർശനങ്ങൾ അവൾക്കുണ്ടായത്. 1830-ൽ വി. വിൻസെൻറിൻെറ തിരുനാൾ ദിവസമായ ജൂലൈ 18-ാം തീയതി കാതറൈൻ സഹോദരി തനിച്ചു കപ്പേളയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്നവിടെ ഒരു പ്രകാശമുണ്ടാകുകയും, സൌന്ദര്യവതിയായ ഒരു സ്ത്രീരൂപം കപ്പേളയിൽ പ്രവേശിച്ച് മദ്ബഹായുടെ ഇടത്തുഭാഗത്ത് ഇരിക്കുന്നത് അവൾ കാണുകയും ചെയ്തു. അവർ തമ്മിൽ അപ്പോൾ ഒരു സംഭാഷണം നടന്നു. ഈ സംഭാഷണം തൻെറ കുമ്പസാരക്കാരൻെറ കല്പനയനുസരിച്ച് ആ സഹോദരി പിന്നീടു രേഖപ്പെടുത്തിയിട്ടുണ്ട്. സ്വർഗ്ഗീയസന്ദർശക ആ പുതുകന്യാസ്ത്രീയോട് അവളുടെ എല്ലാ വിഷമങ്ങളിലും അൾത്താരയുടെ മുൻപിൽ താണുവീഴണമെന്നും, അവിടെ അവൾക്കാവശ്യമായ എല്ലാ ആശ്വാസവും കിട്ടുമെന്നും പറഞ്ഞു. കൂടാതെ, ഫ്റാൻസുരാജ്യത്തിനു വലിയ വിഷമങ്ങൾ ഉണ്ടാകാൻ പോകുന്നെന്നും, രാജസ്ഥാനം നശിപ്പിക്കപ്പെടുമെന്നും, എല്ലാവിധ ദുരിതങ്ങളാലും ലോകം മുഴുവനും ഞെരുക്കപ്പെടുമെന്നും, പാരീസിലെ വൈദികരിൽ പലരും മെത്രാപ്പോലീത്തായും കൊല്ലപ്പെടുമെന്നും, കുരിശു മറിച്ചിടപ്പെടുകയും കർത്താവിൻെറ തിരുവിലാവു മനുഷ്യർ വീണ്ടും കുത്തിത്തുറക്കുകയും ചെയ്യുമെന്നും, അതിനാൽ തൻെറ പുത്രിയ്ക്കു് ഒരു സന്ദേശം തരാനുണ്ടെന്നും ആ സ്വർഗ്ഗീയ സന്ദർശക അറിയിച്ചു. ഇതെല്ലാം എന്നു സംഭവിക്കുമെന്നു കാതറൈൻ തന്നോടുതന്നെ ചോദിച്ചെന്നും, "നാല്പതു വർഷത്തിനകം" എന്ന് ഒരാന്തരികസ്വരം മറുപടി പറഞ്ഞെന്നും അവൾ പറയുന്നു. കൃത്യം നാല്പതു വർഷം കഴിഞ്ഞപ്പോൾ പാരീസിൽ കമ്മ്യൂൺ അധികാരത്തിൽ വരികയും, മെത്രാപ്പോലീത്തായും മററനേകം വൈദികരും വധിക്കപ്പെടുകയും, അനേക വർഷങ്ങൾക്കുമുൻപ് എഴുതപ്പെട്ട ദീർഘദർശനം നിറവേറുകയും ചെയ്തു.

ആദ്യത്തെ ദർശനം കഴിഞ്ഞു ഏകദേശം നാലു മാസം ആയപ്പോൾ, നവംബർ 17–ാം തീയതി, കാതറൈൻ സഹോദരി വീണ്ടും കപ്പേളയിൽ തനിച്ചു വൈകുന്നേരത്തെ ധ്യാനം കഴിക്കുകയായിരുന്നു. വീണ്ടും അവൾ നമ്മുടെ നാഥയെ കണ്ടു. ഈ പ്രാവശ്യം മദ്ബഹായുടെ വലത്തുഭാഗത്തു് ഒരദ്ധഗോളത്തിന്മേൽ നിന്നുകൊണ്ടു് കൈയിൽ വേറൊരു ഗോളം പിടിച്ചിരിക്കുന്നതായിട്ടാണു് കണ്ടതു്. ആ സഹോദരി എഴുതിയിരിക്കുന്നതിപ്രകാരമാണു്:–

"നമ്മുടെ നാഥ ആ ഗോളം നമ്മുടെ കത്താവിൻെറ കൈയിലേക്കു കൊടുത്തപ്പോൾ അവളുടെ കണ്ണുകൾ മേല്പോട്ടുയർത്തിയും മുഖം പ്രകാശിച്ചും ഇരുന്നു. പെട്ടന്നു അവളുടെ കൈവിരലുകൾ വിലപിടിച്ച രത്നങ്ങൾകൊണ്ടുള്ള മോതിരങ്ങൾകൊണ്ടു മൂടപ്പെട്ടതായി കാണപ്പെട്ടു. അവയിൽനിന്നുള്ള രശ്മികൾ ചുററും ഒരു വലിയ പ്രകാശം ഉളവാക്കുകയും, അവളുടെ വസ്ത്രവും പാദങ്ങളും ഈ പ്രകാശത്തിൻെറ ആധിക്യത്തിൽ അദൃശ്യമാകുകയും ചെയ്തു. രത്നങ്ങൾ പല വലിപ്പത്തിലുള്ളവയായിരുന്നതുകൊണ്ടു് അവയിൽനിന്നു പുറപ്പെട്ട രശ്മികളുടെ പ്രകാശവും വ്യത്യാസപ്പെട്ടിരുന്നു. ആ ചുരുങ്ങിയ സമയത്തിനുള്ളിൽ ഞാൻ എന്തെല്ലാം കണ്ടെന്നും എന്തെല്ലാം വികാരങ്ങൾ എനിക്കുണ്ടായെന്നും പറയുവാൻ എനിക്കു സാധിക്കുകയില്ല. ഞാൻ അവളെപ്പററിയുള്ള ചിന്തയിൽ മുഴുകിയിരുന്നപ്പോൾ പരിശുദ്ധ കന്യക എൻെറ നേരെ നോക്കുകയും ഒരാന്തരികസ്വരം ഇപ്രകാരം പറയുകയും ചെയ്തു: "നീ കാണുന്ന ഗോളം ലോകം മുഴുവനെയും പ്രത്യേകിച്ചു് ഫ്റാൻസിനെയും സൂചിപ്പിക്കുന്നു." ആ സമയത്തു ഞാൻ കണ്ട രശ്മികളുടെ മനോഹരതയും പ്രകാശവും അവണ്ണ്യനീയമാണു്. "ഈ രശ്മികൾ എന്നോടു പ്രാത്ഥിക്കുന്നവക്കു ഞാൻ ലഭിച്ചുകൊടുക്കുന്ന മനോഗുണങ്ങളുടെ ഒരടയാളമാകുന്നു," എന്നു പരിശുദ്ധ കന്യക തുടൎന്നു പറഞ്ഞു. ഉടനെ, നമ്മുടെ നാഥയുടെ രൂപത്തെ അരമുതൽ മുകൾഭാഗം വരെ ആവരണം ചെയ്യുന്ന അണ്ഡാകൃതിയിലുള്ള ഒരു ചട്ടം കാണപ്പെടുകയും, അതിൽ 'ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമേ, നിൻെറ പക്കൽ വരുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന വാക്കുകൾ സ്വൎണ്ണവൎണ്ണത്തിൽ ദൃശ്യമാകുകയും ചെയ്തു. അതിൻെറശേഷം ഒരു സ്വരം എന്നോടിപ്രകാരം

പറഞ്ഞു: 'ഈ മാതൃകയനുസരിച്ച് ഒരു കാശുരൂപം ഉണ്ടാക്കിക്കണം. അതു ധരിക്കുന്നവർക്കെല്ലാം ധാരാളം അനുഗ്രഹങ്ങൾ കിട്ടും. വിശ്വാസമുള്ള എല്ലാവരുടെമേലും സമൃദ്ധമായ മനോഗുണങ്ങൾ വർഷിക്കപ്പെടും'."

പെട്ടെന്ന്, കാതറൈൻ കണ്ട കാഴ്ച തിരിഞ്ഞു നില്ക്കുന്നതായി കാണപ്പെടുകയും, അപ്പോൾ അവൾ M എന്ന അക്ഷരവും അതിൻെറ മുകളിൽ ഒരു കുരിശും അതിൻെറ അടിയിൽ രണ്ടു ഹൃദയങ്ങളും കാണുകയും ചെയ്തു. ഒരു ഹൃദയം ഒരു മുൾമുടിയാൽ ചുററപ്പെട്ടും മററത് ഒരു കുന്തത്താൽ തുളയ്ക്കപ്പെട്ടും ഇരുന്നു. പത്തു ദിവസത്തിനുശേഷം അതേ സ്ഥലത്ത് അതേ സമയത്തുതന്നെ അല്പ വ്യത്യാസത്തോടുകൂടി ആ ദർശനം വീണ്ടും ഉണ്ടായി. ഒരിക്കൽകൂടി ആ രൂപത്തിൻെറ രണ്ടു വശവും അവൾ കാണുകയും "ഈ മാതൃകയനുസരിച്ച് ഒരു കാശുരൂപം ഉണ്ടാക്കിക്കുക" എന്ന വാക്കുകൾ കേൾക്കുകയും ചെയ്തു. ഇതിൻെറ ഫലം അദ്ഭുതകരമായ കാശുരൂപം എന്നറിയപ്പെടുന്ന അമലോദ്ഭവമാതാവിൻെറ കാശുരൂപമാകുന്നു. തൻെറ ഭാഗ്യപ്പെട്ട മാതാവിൻെറ സർവ്വശക്തമായ മാദ്ധ്യസ്ഥ്യത്തിൽ ശരണപ്പെട്ടുകൊണ്ട് ഈ കാശുരൂപം ധരിച്ചവർക്ക് ദൈവം തൻെറ കാരുണ്യത്താൽ നൽകിയ എണ്ണമില്ലാത്ത മനോഗുണങ്ങൾ നിമിത്തമാണു അതിന് ഈ പേരു കിട്ടിയത്.

'അത്ഭുതകരമായ കാശുരൂപം' വഴിയായി ഉണ്ടായ മാനസാന്തരങ്ങളിൽ ഏററം ശ്രദ്ധാർഹമായ ഒരു അൽഫോൺസ് റാററിസ്ബോൺ എന്നു പേരായ യഹൂദൻേറതാണ്. ഒന്നു നല്ല യഹൂദകുടുംബത്തിലെ അംഗമായിരുന്ന അൽഫോൺസ് റാററിസ്ബോൺ 1842-ൽ പൌരസ്ത്യദേശത്തേക്കു പോകുന്നവഴി റോമ്മായിൽ എത്തുകയുണ്ടായി. ഇതിന് അല്പം മുൻപ് പാരീസിൽ ഒരു വൈദികനായിത്തീർന്നിരുന്ന അയാളുടെ സഹോദരൻ തിയഡോറിൻെറ മാനസാന്തരം നിമിത്തം അൽഫോൻസിന് ആ കാലത്ത് ക്രിസ്തുമതത്തോടു വലിയ വെറുപ്പുണ്ടായിരുന്നു. എന്നാൽ ആ കാലത്ത് അൽഫോൻസിനു റോമ്മായിൽ കത്തോലിക്കരായ പല സ്നേഹിതന്മാരും ഉണ്ടായിരുന്നു. അവരിൽ ഒരാളായ ബാരൺ തിയഡോർ ദെ ബുസ്നിയേ ഒരു 'അദ്ഭുതകരമായ കാശുരൂപം,' അത്ര മനസ്സില്ലാതെയാണെങ്കിലും, സ്വീകരിക്കാൻ അയാളെ പ്രേരിപ്പിച്ചു. വേറൊരു സ്നേഹിതനായ

മാർകിസ് ദെ ലാ ഫെറോണേ, റാററിസ്ബോണിനുവേണ്ടി അനേകം പ്രാർത്ഥനകൾ നടത്തപ്പെടുന്നതുകൊണ്ട് അയാൾ കത്തോലിക്കനാകുമെന്നു മുൻകൂട്ടി അറിയിച്ചശേഷം പെട്ടെന്നു മരണം പ്രാപിക്കയുണ്ടായി. പിറേറദിവസം മൊ. ദെ ബ്യസ്നിയേ റാററിസ്ബോണിനെ തെരുവിൽവച്ചു കാണുകയും, മൊ. ദെ ലാ ഫെറോണേയുടെ ശവസംസ്കാരത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്യാൻ സങ്കീർത്തിയിലേക്കു പോയി തിരികെ വരുന്നതുവരെ വി. 'അന്ത്രയാ ദെല്ലെഫ്റാത്തെ'യുടെ ദേവാലയത്തിൽ കാത്തിരിക്കണമെന്നു തൻെറ സ്നേഹിതനോടു പറയുകയും ചെയ്തു. പന്ത്രണ്ടു മിനിററു കഴിഞ്ഞ് മൊ. ദെ ബ്യസ്നിയേ സങ്കീർത്തിയിൽനിന്നു തിരിച്ചു വന്നപ്പോൾ റാററിസ്ബോൺ വി. മിഖായേലിൻെറ കപ്പേളയിൽ സാഷ്ടാംഗംവീണു കിടക്കുന്നതായിട്ടാണ് കണ്ടതു്. അയാൾ എഴുന്നേററപ്പോൾ, "മൊ. ദെ ലാ ഫെറോണേ എനിക്കുവേണ്ടി എത്രയധികം പ്രാർത്ഥിച്ചിരിക്കണം" എന്നു മാത്രമാണ് പറഞ്ഞതു്. പിന്നെ അയാൾ നല്ല മനസ്സില്ലാതെ ആദ്യം സ്വീകരിച്ച ആ കാശുരൂപം പുറത്തെടുത്ത് വീണ്ടും വീണ്ടും മുത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: ദൈവം എത്ര നല്ലവനാകുന്നു, ഇതുവരെ അറിഞ്ഞിട്ടില്ലാത്ത എത്ര വലിയ സന്തോഷം! എൻെറ ഭാഗ്യം എത്ര വലുതാകുന്നു! വിശ്വസിക്കാത്തവർ എത്ര വലിയ അനുകമ്പ അർഹിക്കുന്നു!" തന്നെ ഒരു വൈദികൻെറ അടുക്കൽ കൊണ്ടുപോകണമെന്ന് അയാൾ ആവശ്യപ്പെടുകയും അതിൻെറശേഷം മുട്ടുകുത്തി വീണ്ടും കാശുരൂപം മുത്തിക്കൊണ്ട്, "ഞാൻ അവളെ കണ്ടു, ഞാൻ അവളെ കണ്ടു" എന്ന് ഉറക്കെ വിളിച്ചുപറയുകയും ചെയ്തു. പിന്നെ അയാൾ ഇപ്രകാരം പ്രസ്താവിച്ചു: "ഞാൻ പള്ളിയിൽ പ്രവേശിച്ച് ഒന്നോ രണ്ടോ മിനിററു കഴിഞ്ഞപ്പോൾ അവർണ്ണനീയമായ ഒരു ദുഃഖം എനിക്കുണ്ടായി. ഞാൻ മുകളിലേക്കു നോക്കിയപ്പോൾ ആ കെട്ടിടം മുഴുവൻ മറഞ്ഞുപോയതായി എനിക്കു തോന്നി. ഒരു കപ്പേള മാത്രം എനിക്കു കാണാമായിരുന്നു. വെളിച്ചം മുഴുവനും ആ കപ്പേള അതിലേക്കു ശേഖരിച്ചതുപോലെ കാണപ്പെട്ടു. ആ വെളിച്ചത്തിൻെറ മദ്ധ്യത്തിൽ ഈ കാശുരൂപത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതുപോലെ സൌന്ദര്യത്തോടും പ്രതാപത്തോടുംകൂടി പരിശുദ്ധ കന്യകാമറിയം ഒരു അൾത്താരയിന്മേൽ നിന്നിരുന്നു." (ഈ കപ്പേളയിൽ നമ്മുടെ നാഥയുടെ ചിത്രമോ പ്രതി

മയോ ഒന്നുമില്ലായിരുന്നെന്നുള്ളതു പ്രസ്താവ്യമാണ്.) "നിയന്ത്രിക്കാൻ പാടില്ലാത്ത ഒരു പ്രചോദനത്താൽ ഞാൻ അവളുടെ അടുക്കലേക്കു ആകഷിക്കപ്പെട്ടു. മുട്ടുകുത്താൻ അവൾ എനിക്കു ആംഗ്യം കാണിച്ചു. അതിൻെറശേഷം അവൾ 'കൊള്ളാം' എന്നു പറയുന്നതുപോലെ തോന്നി. അവൾ സംസാരിച്ചില്ല; എന്നാൽ എനിക്കെല്ലാം മനസ്സിലായി."

യഥാൎത്ഥത്തിൽ, ഒരു മണിക്കൂർ മുൻപ് കത്തോലിക്കാസഭയുടെ യഥാൎത്ഥ പഠനങ്ങളെപ്പററി അജ്ഞനായിരുന്നെങ്കിലും അതിനെ കഠിനമായി വെറുത്തിരുന്ന ആ യഹൂദൻ, യാതൊരു അദ്ധ്യയനവും കൂടാതെ ജ്ഞാനസ്നാനം സ്വീകരിക്കത്തക്കവിധം സഭയുടെ വേദരഹസ്യങ്ങൾ പെട്ടെന്നു ഗ്രഹിച്ചതായി മററുള്ളവർ മനസ്സിലാക്കി. ഈശോമിശിഹായുടെ അനുയായികളോടുള്ള വെറുപ്പുകൊണ്ടു നിറഞ്ഞു് ഡമാസ്ക്കസിലേക്കു പോയവഴി നിലത്തു വീഴ്ത്തപ്പെട്ടു് തൻെറ ശേഷിച്ച ജീവിതകാലത്തു താൻ പ്രസംഗിക്കാനിരുന്ന മഹത്തായ മതസത്യങ്ങളെപ്പററിയുള്ള ജ്ഞാനം ഒരു ക്ഷണനേരംകൊണ്ടു് നമ്മുടെ കൎത്താവിൽനിന്നു സ്വീകരിച്ച വി. പൌലോസിൻെറ മാനസാന്തരത്തെയാണ് ഇതു നമ്മെ ഓൎമ്മിപ്പിക്കുന്നതു്. അദ്ഭുതപ്രവൎത്തകനായ ഗ്രിഗോരിയോസിനു് വിശ്വാസപ്രമാണത്തെ സംബന്ധിച്ചുള്ള ജ്ഞാനപ്രകാശം കൊടുത്ത പരിശുദ്ധ കന്യക ദൈവികമതതത്വത്തെപ്പററി തൻെറ ദാസനായ അൽഫോൺസ് റാററിസ്ബോണിനു് ആവശ്യമുള്ളിടത്തോളം അറിവു് ഒരു ക്ഷണനേരംകൊണ്ടു നൽകി. 16–ാം ഗ്രിഗോരിയോസ് മാൎപ്പാപ്പാ ഈ വസ്തുതകളെപ്പററി ഔദ്യോഗികമായ ഒരന്വേഷണം നടത്തിക്കുകയും അതിൻെറ ഫലമായി കർദ്ദിനാൾ പത്രീസി, "അൽഫോൺസ് മരീ റാററിസ്ബോൺ യഹൂദമതത്തിൽനിന്നു കത്തോലിക്കാവിശ്വാസത്തിലേക്കു പെട്ടെന്നു പരിപൂർണ്ണമായി മനസ്സുതിരിഞ്ഞതു് ഭാഗ്യപ്പെട്ട കന്യകാമറിയം വഴിയായി സകല നന്മസ്വരൂപിയും സൎവ്വശക്തനുമായ ദൈവം പ്രവൎത്തിച്ച യഥാൎത്ഥവും നിൎവ്വിവാദവുമായ ഒരു അദ്ഭുതമാകുന്നു" എന്നു പരസ്യമായി പ്രസ്താവിക്കയും ചെയ്തു.

തൻെറ സഹോദരനായ തിയഡോറിനെ അനുകരിച്ചു് റാററിസ്ബോണും ഒരു വൈദികനായി. 'സിയോൺ നാഥ'യുടെ

നാമത്തിൽ അറിയപ്പെടുന്ന ഒരു പ്രവൎത്തനത്തിന് ഈ സഹോദരന്മാർ രണ്ടുപേരുംകൂടി അടിസ്ഥാനം ഇടുകയും അതിൽനിന്നു രണ്ടു സന്ന്യാസസഭകൾ ഉദ്ഭവിക്കയും ചെയ്തു. അവയിൽ ഒന്നു പുരുഷന്മാൎക്കും മററതു സ്ത്രീകൾക്കും ഉള്ളതായിരുന്നു. ഇസ്രായേൽജനം സത്യവിശ്വാസത്തിലേക്കു മാനസാന്തരപ്പെടുന്നതിനു പ്രാൎത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നതിനു സ്ഥാപിക്കപ്പെട്ട ഈ സഭകൾ ഇപ്പോൾ ലോകത്തിൽ എല്ലായിടത്തും പ്രചരിച്ചിട്ടുണ്ട്.

*　　　*　　　*　　　*

ആൽപ്സ് പൎവ്വതനിരകളിൽപെട്ട ഒരു മലയിലുള്ള ലാസാലെററിലും പിറനീസ് പൎവ്വതങ്ങളുടെ ഇടയ്ക്കുള്ള ലൂർദ്ദു ഗ്രാമത്തിലും നമ്മുടെ നാഥ നിഷ്കളങ്കരും അക്ഷരജ്ഞാനമില്ലാത്തവരുമായ കൊച്ചുകുട്ടികൾക്കു കാണപ്പെട്ട് ലോകം മുഴുവനിലും പ്രചരിക്കേണ്ടതായ ഓരോ സന്ദേശം നൽകി. പോൺട്മേനിൽ അവൾ സാധുകൃഷിവലന്മാരുടെ കുട്ടികൾക്കു വീണ്ടും കാണപ്പെട്ട് ഫ്രാൻസിന്റെ ഹൃദയത്തെ അക്കാലത്തു ബാധിച്ചിരുന്ന ദുരിതങ്ങളുടെ അവസാനം മുൻകൂട്ടി അറിയിച്ചു.

<u>ലാസാലെററ്.</u> ഗാർഗാസ് മലയുടെ അടിവാരത്തിൽ മാക്സിമിൻ ജിറോഡെന്നും മെലാനി കാൽവറെറന്നും പേരായ രണ്ടു കുട്ടികൾ 1846–ാമാണ്ട് സെപ്ററംബർ 19–ാം തീയതി രാവിലെ പതിവുപോലെ തങ്ങളുടെ യജമാനന്റെ പശുക്കളെ മേയിച്ചുകൊണ്ടിരിക്കയായിരുന്നു. ഉച്ചയായപ്പോൾ അവർ തങ്ങളുടെ കൈയിലുണ്ടായിരുന്ന അപ്പം 'മനുഷ്യരുടെ ഉറവ' എന്നറിയപ്പെട്ടിരുന്ന ഒരരുവിയിലെ വെള്ളത്തിൽ മുക്കി ഭക്ഷണം കഴിച്ചു. പിന്നെ അവർ പുല്ലിന്മേൽ കിടന്നു കുറെനേരം ഉറങ്ങി. അതിനടുത്തുതന്നെ, മലയിൽനിന്നു കുഴിയിലേക്കു പാഞ്ഞൊഴുകിയിരുന്ന 'മൃഗങ്ങളുടെ ഉറവ' എന്നു പേരായ വേറൊരു മലയരുവിയുണ്ടായിരുന്നു. ഇവയുടെ സമീപെ, ചില കാലങ്ങളിൽ മാത്രം ഒഴുകിയിരുന്നതും ഇപ്പോൾ വററിപ്പോയിരുന്നതും ആയ 'ചെറിയ ഉറവ' എന്നു വിളിക്കപ്പെട്ടിരുന്ന വേറൊരു അരുവിയും ഉണ്ടായിരുന്നു. പെട്ടെന്നു മെലാനി ഉണൎന്നെഴുന്നേല്ക്കുകയും, തന്റെ പശുക്കളെ അവിടെയെങ്ങും കാണാഞ്ഞതിനാൽ അതിയായി ഭയപ്പെടുകയും ചെയ്തു. മാക്സിമിനോടുകൂടി അവൾ

ആ മൃഗങ്ങളെ അന്വേഷിച്ചു പുറപ്പെട്ടു. അല്പം ദൂരം അവയെ കണ്ടശേഷം തങ്ങളുടെ കൂട്ടകൾ എടുക്കാൻ കുട്ടികൾ വീണ്ടും തിരികെ വന്നപ്പോൾ അവർ— ആദ്യം മെലാനിയും പിന്നെ മാക്സിമിനും— സൂര്യനെക്കാൾ അത്ഭുതകരവും എന്നാൽ വേറൊരു തരത്തിലുള്ളതുമായ ഒരു പ്രകാശഗോളം കണ്ടു. അവർ നോക്കിയപ്പോൾ ആ പ്രകാശഗോളം തുറക്കുന്നതുപോലെ കാണപ്പെട്ടു. അപ്പോൾ ആ പ്രകാശത്തിൻെറ മദ്ധ്യത്തിൽ, മുൻ പറഞ്ഞ ചെറിയ ഉറവയിൽ അവർ കൂട്ടിയിട്ടിരുന്ന കല്ലുകളുടെ മുകളിൽ, ഒരു സ്ത്രീയുടെ പ്രതാപസമ്പൂർണ്ണമായ രൂപം ഇരിക്കുന്നതായി അവർ കണ്ടു. ആ സ്വർഗ്ഗീയരൂപം കുട്ടികളോട് ഫ്റാൻസിൻെറ തിന്മകളെപ്പറ്റിയും, പ്രത്യേകിച്ച്, ആ സ്ഥലത്തിനടുത്തുള്ള നാട്ടിൻപുറങ്ങളിൽ ദൈവത്തിൻെറ ശിക്ഷകൾക്ക് കാരണമായിത്തീർന്ന ദൈവദൂഷണപരമായ സംഭാഷണരീതിയെയും, ഞായറാഴ്ച കുർബാന കാണുന്നതിലുള്ള ഉപേക്ഷയെയും പറ്റിയും സംസാരിച്ചു. കൂടാതെ, മാക്സിമിൻ പൂർണ്ണമായി മറന്നുപോയിരുന്ന അവൻെറ ജീവിതത്തിലെ ഒരു സംഭവത്തെപ്പറ്റി അവൾ അവനെ ഓർമ്മിപ്പിക്കുകയും, മററാരെയും അറിയിക്കേണ്ടതല്ലാത്ത രണ്ടു രഹസ്യങ്ങൾ അവരെ ഗ്രഹിപ്പിക്കുകയും, അവൾ അറിയിച്ച മററു വിവരങ്ങളെല്ലാം "എൻെറ ജനങ്ങ"ളോടു പറയുവാൻ അവരോടു കല്പിക്കുകയും ചെയ്തു. അതിൻെറ ശേഷം ആ സ്ത്രീ വെളിച്ചത്താൽ ചുററപ്പെട്ട് സാവധാനം അന്തരീക്ഷത്തിലേക്കുയരുകയും ഒടുക്കം അവരുടെ ദൃഷ്ടിയിൽനിന്നു മറയുകയും ചെയ്തു. കുട്ടികൾക്കു വീണ്ടും സംസാരിക്കാനുള്ള ശക്തിയുണ്ടായപ്പോൾ മെലാനി മാക്സിമിനോട്: "അത് ഒന്നുകിൽ നല്ലവനായ ദൈവം, അല്ലെങ്കിൽ പരിശുദ്ധ കന്യക, അല്ലെങ്കിൽ ഒരു വലിയ വിശുദ്ധൻ, ആയിരിക്കണം," എന്നു പറഞ്ഞു. "ഞാൻ അതറിഞ്ഞിരുന്നെങ്കിൽ എന്നെക്കൂടെ അവളുടെ കൂടെ കൊണ്ടുപോകാൻ പറയുമായിരുന്നു," എന്നു മാക്സിമിൻ നിഷ്കളങ്കതയോടെ മറുപടി പറഞ്ഞു.

പരിശുദ്ധ കന്യക വരുവാനിരുന്ന പല ദുരിതങ്ങളെയും മുൻകൂട്ടി അറിയിക്കുകയും; അവയെല്ലാം അതേപ്രകാരം സംഭവിക്കുകയും ചെയ്തു. ഇതിൻെറയും ആ അദ്ഭുതകരമായ ദർശനത്തിൻെറയും ഫലമായി, സമീപപ്രദേശങ്ങളിലെല്ലാം അനേകം

ആളുകൾ നല്ല ജീവിതത്തിലേക്കും മതാനുഷ്ഠാനത്തിലേക്കും മാനസാന്തരപ്പെടുകയും, ഏറെത്താമസിയാതെ മനോഹരമായ ഒരു ദേവാലയം ഗാർഗാസ് മലയിൽ പണിയിക്കപ്പെടുകയും ഉണ്ടായി. അതിൽപിന്നെ എല്ലാകൊല്ലവും അനേകായിരം വിശ്വാസികൾ തീർത്ഥയാത്രയായി ആ പരിശുദ്ധ മലയിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു. ലാസാലററിലെ നമ്മുടെ നാഥയോടു വിശ്വാസത്തോടെ പ്രാർത്ഥിച്ചവൎക്ക് എണ്ണമില്ലാത്ത അദ്ഭുത രോഗശമനങ്ങൾ ഉണ്ടായിട്ടുണ്ട്. മാക്സിമിനും മെലാനിയും തങ്ങളുടെ രഹസ്യങ്ങൾ വെളിപ്പെടുത്താൻ തീൎത്തു വിസമ്മതിച്ചു. ഒടുവിൽ അവയെ തങ്ങളിൽനിന്നാവശ്യപ്പെടാൻ സഭക്കവകാശമുണ്ടെന്ന് അവൎക്കു മനസ്സിലായപ്പോൾ അവർ മാൎപ്പാപ്പായെമാത്രം അറിയിക്കാൻ സമ്മതിച്ചു. നമ്മുടെ നാഥ പ്രത്യക്ഷപ്പെട്ട അരുവി അതുവരെ ചില മാസങ്ങൾ ഒഴിച്ചു മററു സമയങ്ങളിലെല്ലാം ഉണങ്ങിക്കിടക്കുകയായിരുന്നെങ്കിലും, അടുത്ത ദിവസം വലിയ വേനൽക്കാലത്തു് അതിൽ വെള്ളം ഒഴുകുന്നതായി കാണപ്പെട്ടു. അന്നുമുതൽ ഇന്നുവരെ അതു നിരന്തരമായി ഒഴുകിക്കൊണ്ടിരിക്കുന്നു.

* * * *

ലൂർദ്ദിൽ മാതാവ് ഒരു പെൺകുട്ടിക്ക് മാത്രമാണ് കാണപ്പെട്ടതു്. അതു് നെവേഴ്സിലെ ഉപവിയുടെ സഹോദരികളുടെ മഠത്തിൽ പിന്നീടു ചേൎന്ന് ഒരു കന്യാസ്ത്രീയായിത്തീൎന്ന ബെൎണ്ണാർദെത്ത് സുബിരു എന്ന പെൺകുട്ടിയായിരുന്നു. കുറെ മുൻപ് അവളുടെ ശരീരം കുഴിമാടത്തിൽനിന്നെടുത്തു പരിശോധിച്ചപ്പോൾ അഴുകാതെ കാണപ്പെടുകയുണ്ടായി. ഇപ്പോൾ അവൾ ഒരു പുണ്യവതിയായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

ലൂർദ്ദിലെ ദൎശനങ്ങളെ വിവരിക്കാൻ ഈ ഗ്രന്ഥത്തിന്റെ പരിമിതിക്കുള്ളിൽ സാധിക്കയില്ല. എന്നാൽ അവയെപ്പററി അനേകം പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുള്ളതുകൊണ്ടു് അവയെ വിവരിക്കേണ്ട ആവശ്യമില്ല.

ലൂർദ്ദ് എന്ന പേരുതന്നെ നമ്മുടെ ചെവികളിൽ ഒരു സ്വൎഗ്ഗീയഗാനംപോലെ മുഴങ്ങുന്നു. നമ്മുടെ ദിവ്യരക്ഷകന്റെ മനുഷ്യാവതാരവും പലസ്തീനായിലെ തന്റെ ജീവിതവും കഴിഞ്ഞാൽ പിന്നെ ബെൎണ്ണാർദെത്തിനുണ്ടായ മറിയത്തിന്റെ ദൎശ

ന്നങ്ങളെയും, പിരണീസിലെ ആ പരിശുദ്ധ ഗുഹയെ ഒരു ദൈവികമാധുര്യംകൊണ്ടു വലയംചെയ്യുന്ന നിരന്തരമായ അദ്ഭുതത്തെയുംപോലെ അത്ര ഹൃദയസ്പർശകവും രസകരവുമായ യാതൊരു സംഭവവും ലോകത്തിൽ ഉണ്ടായിട്ടുള്ളതായി ഈ ഗ്രന്ഥകാരനു തോന്നിയിട്ടില്ല. ദൈവത്തിനു അത്ര പ്രിയപ്പെട്ട ആ കുട്ടിയുടെ നിഷ്കളങ്കതയും അനുസരണവും, രാഷ്ട്രീയാധികാരികളുടെ അന്ധമായ എതിർപ്പ്, ആരംഭത്തിൽ ഭിഷഗ്വരന്മാർ കാണിച്ച വിശ്വാസക്കുറവ്, മെത്രാന്റെ ആജ്ഞപ്രകാരം വൈദികർ ഇടപെടാതിരുന്നത്, കാൽ മണിക്കൂർനേരത്തേക്കുണ്ടായ ഭക്തിപാരവശ്യം, അതിനിടയ്ക്കു് ബെർണ്ണാർദെത്തിന്റെ കൈവിരലുകൾക്കിടയിൽക്കൂടി, അവയ്ക്കു പൊള്ളൽ പററിയതായി യാതൊരടയാളവും കാണിക്കാതെ, കത്തിച്ച മെഴുകുതിരിയുടെ ജ്വാല മേല്പോട്ടുയർന്നതു്, ജനങ്ങളുടെ സുഖപ്രാപ്തിക്കായി അമലോദ്ഭവയായ മറിയത്തിന്റെ കല്പനയനുസരിച്ചു പെട്ടെന്നൊരരുവിയുണ്ടായതു്, എണ്ണമില്ലാതെയുണ്ടായ വലിയ അദ്ഭുതങ്ങൾ, ഇതെല്ലാം കൂടിച്ചേർന്നു് ലോകചരിത്രത്തിൽ മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഒരു ചിത്രമാണു് നിർമ്മിച്ചിരിക്കുന്നതു്. ബെർണ്ണാർദെത്ത് കന്യകാമഠത്തിൽ പ്രവേശിക്കുന്നതിനു മുൻപു് അവസാനയാത്ര പറയാൻ ലൂർദ്ദിലേക്കു പോയപ്പോൾ, "ഈ ഗുഹ എന്റെ മോക്ഷമായിരുന്നു" എന്നു പറഞ്ഞതിൽ ഒട്ടും അദ്ഭുതപ്പെടാനില്ല. സ്വഭാവത്തിനു മേല്പെട്ട സത്യങ്ങളെപ്പററിയുള്ള വിശ്വാസം കുറഞ്ഞുവരുന്നവർക്കു് ലൂർദ്ദിന്റെ ചരിത്രം വായിച്ചു വസ്തുതകളെ പരിശോധിച്ചുനോക്കുന്നതു പ്രയോജനകരമായിരിക്കും. നിഷ്പക്ഷതയോടും സത്യസന്ധതയോടുംകൂടി അപ്രകാരം ചെയ്യുകയാണെങ്കിൽ അതിന്റെ ഫലം ഒന്നു മാത്രമേ ആയിരിക്കാൻ പാടുള്ളെന്നാണു് തോന്നുന്നതു്. ലൂർദ്ദിൽ നടന്നിട്ടുള്ള അദ്ഭുതങ്ങളിൽ അനേകം എണ്ണത്തിന്റെ ശാസ്ത്രീയവശങ്ങളെപ്പററി ഡോക്ടറന്മാർ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടു്. അവിടെ ഉണ്ടായിട്ടുള്ള അദ്ഭുതങ്ങളുടെയെല്ലാം വിവരങ്ങൾ അവിടത്തെ ബ്യൂറോയിൽ രേഖപ്പെടുത്തിയിട്ടുള്ളതു തീർത്ഥയാത്രക്കാർക്കു് ഏതു സമയത്തും പരിശോധിക്കാവുന്നതാണു്. അവിടെ പോകുവാൻ നിവൃത്തിയില്ലാത്തവർക്കു്, ക്ഷയരോഗത്തിന്റെ അവസാനഘട്ടത്തിൽ എത്തിയിരുന്ന പലരും സുഖം പ്രാപിച്ചിട്ടുണ്ടെന്നും, മരിക്കാറായ സ്ഥിതിയിൽ എത്തിയിരുന്നവർ അവിടു

ത്തെ കുളത്തിൽ മുക്കപ്പെട്ടതിൻെറശേഷം പെട്ടെന്നു സുഖപ്പെട്ടിട്ടുണ്ടെന്നും, വീണ്ടും കാഴ്ച ലഭിക്കുക അസാദ്ധ്യമെന്ന്. വിദഗ്ദ്ധന്മാരായ ഡോക്റ്ററന്മാർ അഭിപ്രായപ്പെട്ടിരുന്ന പല കുരുടന്മാക്കും പെട്ടെന്നു കാഴ്ച ലഭിച്ചിട്ടുണ്ടെന്നും, ഒരാളുടെ തകൻന്നുപോയ ഒരെല്ല് മാതാവിനോടുള്ള പ്രാത്ഥനയുടെ ഫലമായി തൽക്ഷണം മുറികൂടിയെന്നും, സുഖപ്പെടാൻ അസാദ്ധ്യമെന്ന് ഡോക്റ്ററന്മാർ സാക്ഷിപ്പെടുത്തിയിരുന്ന മററു പല രോഗങ്ങളും ലൂർദ്ദിലെ വെള്ളം പുരട്ടിയശേഷം പെട്ടെന്നു മാറിയെന്നും മററുമുള്ള വിവരങ്ങൾ സൂക്ഷ്മമായി ഗ്രഹിച്ചാൽ മതിയാകുന്നതാണ്. 1897-ൽ ഫറെഞ്ചുകാരുടെ ഇരുപത്തഞ്ചാമത്തെ ജാതീയ തീത്ഥയാത്ര ലൂർദ്ദിൽ വന്നു. ലൂർദ്ദുനാഥയുടെ സഹായത്താൽ അത്ഭുതകരമായി സുഖം പ്രാപിച്ച മുന്നൂറാളുകൾ ഒരുമിച്ച് വെള്ളനിറവും നീലനിറവും ഉള്ള വസ്ത്രങ്ങൾ ധരിച്ച് ആ കൊല്ലം ആഗസ്റ്റ് 23-ാം തീയതി വി. കുർബാനയുടെ പ്രദക്ഷണത്തിൽ സംബന്ധിക്കയുണ്ടായി. ദീർഘമായ ആ പ്രദക്ഷിണത്തിൽ ആയിരത്തിലധികം വൈദികരും അവരുടെ പുറകിൽ വി. കുർബാന വഹിച്ചുകൊണ്ട് ററാറൻബേസിലെ മെത്രാനും നടന്നിരുന്നു. പ്രദിക്ഷണം ജപമാലദേവാലയത്തിൻെറ മുൻപിൽ എത്തിയപ്പോൾ, സുഖം പ്രാപിക്കാനുള്ള ആശയോടുകൂടി കാത്തുനിന്ന രോഗികളുടെ ഒരു നീണ്ട നിരയുടെ സമീപത്തുകൂടി അതു കടന്നുപോയി. എന്നാൽ ആ ദിവസം വി. കുർബാനയുടെ ആശീർവ്വാദം നൽകപ്പെട്ടപ്പോൾ അത്ഭുതങ്ങൾ ഒന്നും ഉണ്ടായില്ല. കുർബാനയുടെ ആശീർവ്വാദം കഴിഞ്ഞ് അഗസ്റ്റീനിയൻ സഭക്കാരുടെ ശ്രേഷ്ഠനായ ഫാദർ പിക്കാർഡ് പതിവുപോലെ മാപ്പ്ളാപ്പാസ്സുട്ടുത്ത ആശീർവ്വാദം കൊടുക്കാൻ മുൻപോട്ടു വന്നു. രോഗികൾ നിരാശപ്പെടരുതെന്നും എല്ലാവരുടെയും വിശ്വാസവും ശരണവും നവീകരിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. ഒരു ക്ഷണത്തിൽ, അതുവരെ കിടക്കകളിൽ നിസ്സഹായരായി കിടന്നിരുന്ന സാധുക്കൾ സുഖം പ്രാപിച്ചെഴുന്നേററു. രണ്ടു മണിക്കൂറിനിടയ്ക്കു് നാല്പത്തൊന്നു പേർ കിടക്കവിട്ടെഴുന്നേല്ക്കുകയുണ്ടായി. പണ്ടു സംഭവിച്ചതുപോലെ ഒരിക്കൽകൂടി നസറത്തിലെ ഈശോമിശിഹായുടെ നാമത്തിൽ അവർ എഴുന്നേററു നടന്നു. ലൂർദ്ദിൽ, സ്വാഭാവികമായതിനെയും സ്വഭാവത്തിനു മേലെപ്പെട്ടതിനെയും തമ്മിൽ വേർതിരി

ക്കുന്ന ഭിത്തി മറഞ്ഞുപോയതുപോലെ തോന്നുകയും, ലോകത്തിൽ മറ്റെവിടെയും എന്നതിനെക്കാൾ കൂടുതലായി ആകാശം ഭൂമിയെ സ്പർശിക്കുന്നതായി കാണുകയും ചെയ്യുന്നു.

* * * *

പോൺട്മേൻ ബ്രിട്ടനിസ്സും മെയേനും ഇടയ്ക്കുള്ള ലവാൽ രൂപതയിലെ ഒരു ചെറിയ ഗ്രാമമാകുന്നു. 1871-ാമാണ്ട് ജനുവരിമാസം 17-ാം തീയതി, ജനറൽ ഷ്മിഡ്റ്റിൻെറ കീഴിലുള്ള വിജയികളായ ജർമ്മൻ പടയാളികൾ ലവാലിൽ പ്രവേശിച്ച്, അതുവരെ ആക്രമണങ്ങളിൽനിന്നു സംരക്ഷിക്കപ്പെട്ടിരുന്ന ബ്രിട്ടനി മുഴുവൻ കൊള്ളചെയ്യുമെന്ന് മണിക്കൂർതോറും പ്രതീക്ഷിക്കപ്പെട്ടിരുന്നു. ആ രാത്രിയിൽ ലെമാൻസിലെ മെത്രാപ്പോലീത്തായുടെ അരമനയിൽ താമസമുറപ്പിച്ചിരുന്ന ജർമ്മൻ സൈന്യാധിപൻ, ഇപ്പോൾ എൻെറ പടയാളികൾ ലവാലിൽ പ്രവേശിച്ചിരിക്കും," എന്നു മെത്രാപ്പോലീത്തായോടു പറഞ്ഞു. മുപ്പതുലക്ഷം ഫ്റാങ്ക് ആ നഗരത്തിൽനിന്ന് ഈടാക്കണമെന്നു നേരത്തെ തീരുമാനിക്കപ്പെട്ടിരുന്നു. അന്നു വൈകുന്നേരം അഞ്ചരമണിയായപ്പോൾ ലവാൽ നഗരം കാണത്തക്കവിധത്തിൽ അതിനോടടുത്ത ജർമ്മൻ പടയാളികൾ പെട്ടെന്നു നിൽക്കുകയും, മുൻപോട്ടു പോകാൻ നിവൃത്തിയില്ലാതെ പിൻതിരിയുകയും ചെയ്തു. നാല്പത്തിമൂന്നു വർഷത്തിനുശേഷം പാരീസ് അതേ ശത്രുവിൽനിന്നു രക്ഷിക്കപ്പെട്ടതുപോലെ, അജ്ഞാതമായ വിധത്തിൽ ലവാൽ സംരക്ഷിക്കപ്പെട്ടു. ജർമ്മൻകാർ ലവാലിലെ തങ്ങളുടെ ഇരയിൽനിന്നു പിൻതിരിഞ്ഞ ആ മണിക്കൂറിൽ- ഉച്ചകഴിഞ്ഞ് 5. 30- അവിടെനിന്നു കുറെ നാഴിക ദൂരെയുള്ള പോണ്ട്മേനിൽ, എവുജീൻ ബെർണ്ണാദെത്തെന്നും ജോസഫ് ബെർണ്ണാദെത്തെന്നും പേരോടുകൂടിയവരും യഥാക്രമം പന്ത്രണ്ടും പത്തും വയസ്സു പ്രായമുള്ളവരുമായ രണ്ടു ആൺകുട്ടികൾ തൻെറ പിതാവിൻെറകൂടെ കന്നുകാലികളെ തീറ്റുന്നതിനുള്ള സാധനങ്ങൾ ഒരുക്കിക്കൊണ്ടിരിക്കയായിരുന്നു. മൂത്ത കുട്ടിയായ എവുജീൻ കാലാവസ്ഥ എങ്ങനെയിരിക്കുന്നെന്നറിയാൻ കളപ്പുരയുടെ വാതുക്കലേക്കു പോകുകയും, അപ്പോൾ അവൻെറ മുകളിൽ വായുവിൽ സൌന്ദര്യവതിയായ ഒരു സ്ത്രീയുടെ രൂപം കാണപ്പെടുകയും ചെയ്തു. ആ സമയത്ത് പുരയുടെ അകത്തായി

രുന്ന പിതാവും ഇളയ പുത്രനും ഒരയൽക്കാരനുംകൂടി പുറത്തേക്ക വന്നപ്പോൾ, ജോസഫും തൻെറ സഹോദരൻ കണ്ട കാഴ്ച കണ്ടു. ഈ ദർശനം മൂന്നു മണിക്കൂറിലധികം നീണ്ടുനിന്നു. രണ്ടു പെൺകുട്ടികളും ആറു വയസ്സുള്ള ഒരു ശിശുവുംകൂടി അതു കണ്ടു. എന്നാൽ പ്രായമായവരാരും കണ്ടില്ല. കുട്ടികളുടെ മാതാപിതാക്കന്മാരും വേലക്കാരനും ഇടവക വികാരിയും ഏതാനും കന്യാസ്ത്രീകളും അയൽവാസികളും കുട്ടികൾക്ക ചുററും കൂടിയെങ്കിലും ആ സ്വർഗ്ഗീയ ദർശനം അവരാരും കണ്ടില്ല. എന്നാൽ കുട്ടികളുടെ വ്യക്തമായ പ്രസ്താവനകളിൽനിന്ന് ദർശനം വാസ്തവമാണെന്ന് ഒടുക്കം എല്ലാവർക്കും ബോദ്ധ്യമായി. കുട്ടികൾ ഏതെല്ലാം വിധത്തിൽ വിസ്തരിക്കപ്പെട്ടെന്നും അവരുടെ മൊഴികൾ എത്ര ബോദ്ധ്യം വരുത്തുന്നവ ആയിരുന്നെന്നും ഇവിടെ വിവരിക്കാൻ സ്ഥലച്ചുരുക്കം അനുവദിക്കുന്നില്ല. ദർശനത്തിൻെറ കാലിനടിയിൽ വെള്ളത്തുണിപോലെ എന്തോ കാണപ്പെട്ടുകയും അതിന്മേൽ ആ സ്ത്രീ സ്വർണ്ണ അക്ഷരങ്ങളിൽ കുട്ടികൾക്ക പല സന്ദേശങ്ങളും അടയാളപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. അവയിൽ ഒന്ന്: "ദൈവം വേഗം നിങ്ങളുടെ പ്രാർത്ഥനകൾ കേൾക്കും" എന്നായിരുന്നു. ഫ്റാൻസിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും തൻെറ സ്വർഗ്ഗീയ സിംഹാസനത്തിലേക്ക് ഉയൎന്നുകൊണ്ടിരുന്ന പ്രാൎത്ഥനകൾക്ക മറിയം നൽകിയ ആശ്വാസസന്ദേശവും മറുപടിയും ആയിരുന്നു അത്. വീണ്ടും അത്ഭുതകരമായ ഒരു നിമിഷനേരത്തേക്ക് ആ സ്ത്രീ ക്രൂശിതനായ മിശിഹായുടെ രൂപത്തോടുകൂടിയ ഒരു വലിയ ചുവന്ന കുരിശ് ആ കുട്ടികൾക്ക് ആകാശത്തിൽ കാണിച്ചുകൊടുത്തു. അതിൻെറനേരെ അവൾ പ്രാർത്ഥിക്കാനെന്നപോലെ തലകുനിക്കുന്നതായി കാണപ്പെട്ടു. മൂന്നു മണിക്കൂർ നീണ്ടുനിന്ന ഈ അത്ഭുതസംഭവങ്ങൾക്കിടയിൽ അവിടെ കൂടിയിരുന്ന പോണ്ട്മേൻ ഇടവകജനങ്ങൾ തങ്ങളുടെ വികാരിയുടെ നേതൃത്വത്തിൽ നമ്മുടെ കൎത്താവിനും അവിടുത്തെ പരിശുദ്ധ മാതാവിനും പ്രാൎത്ഥനകളും കീൎത്തനങ്ങളും സമൎപ്പിക്കുന്നുണ്ടായിരുന്നു. ഒടുക്കം, രാത്രിയിൽ എട്ടേമുക്കാൽ മണിയായപ്പോൾ ആകാശത്തിലേക്ക സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്ന നാലു കുട്ടികളും ദർശനത്തിൻെറ അടിയിൽ ഒരു വെളുത്ത വസ്ത്രം കണ്ടു. തൊറുത്തു വച്ചിരുന്ന വസ്ത്രം സാവധാനത്തിൽ നിവൎന്ന് മുകളിലേക്ക കയറുന്നതുപോലെ തോന്നി.

അതു് രൂപത്തിന്റെ അരവരെ എത്തിയപ്പോൾ, ഏതാനും നിമിഷനേരത്തേക്ക നിന്നതുപോലെ കാണപ്പെട്ടു. വീണ്ടും അതു മുകളിലേക്ക കയറുവാൻ തുടങ്ങുകയും, തലയുടെ താഴെവരെ എത്തിയപ്പോൾ മുൻപിലത്തെക്കാൾ കുറഞ്ഞ സമയത്തേക്ക നില്ക്കുകയും ചെയ്തു. ഒടുക്കം, താഴെ നിന്ന നാലു കുട്ടികൾക്കും പ്രകാശമുള്ള പുഞ്ചിരിയോടുകൂടിയ മുഖത്തിന്റെ ഒരു കാഴ്ച നൽകപ്പെട്ടു. പിന്നെ ആ വസ്ത്രം മുകളിലേക്ക കയറുവാൻ തുടങ്ങുകയും മുടിയുടെ താഴെ ഒരു നിമിഷനേരത്തേക്ക നില്ക്കുകയും ചെയ്തു. ഒരു നിമിഷംകൂടി കഴിഞ്ഞപ്പോൾ ദർശനം പൂർണ്ണമായി മറഞ്ഞു.

അന്നു വൈകുന്നേരംതന്നെ പാരീസിലെ നമ്മുടെ വിജയമാതാവിന്റെ ദേവാലയം ക്ഷാമംകൊണ്ടു വലഞ്ഞു തുടങ്ങിയിരുന്ന ഒരു ജനക്കൂട്ടത്തെക്കൊണ്ടു നിറഞ്ഞിരുന്നു. യുദ്ധം അവസാനിക്കുന്നതിനുവേണ്ടി ഒരു പരസ്യമായ ത്രിദിനാപേക്ഷയും അതിനെത്തുടൎന്നു് ഒരു നവദിനാപേക്ഷയും നടത്തണമെന്നു മെത്രാപ്പോലീത്താ ഒരു കല്പനയയച്ചിരുന്നു. ത്രിദിനാപേക്ഷയുടെ ആദ്യത്തെ ദിവസമായിരുന്നു അതു്. അന്നത്തെ പ്രാസംഗികൻ പെട്ടെന്നുണ്ടായ ഒരു പ്രേരണസ്വാധീനനായിട്ടെന്നപോലെ ഇങ്ങനെ വിളിച്ചുപറഞ്ഞു: "ഇനി നമുക്ക പരിശുദ്ധ കന്യകയുടെ സഹായമപേക്ഷിക്കാം. ഈ രാത്രി എട്ടു മണിക്കും ഒൻപതുമണിക്കും ഇടയ്ക്കു് അവളുടെ പാദത്തിങ്കൽ സാഷ്ടാംഗം വീണ ഒരു ജനക്കൂട്ടം മുഴുവൻ എങ്ങനെ രക്ഷിക്കപ്പെട്ടെന്നു് ഭാവിതലമുറകളെ അറിയിക്കുന്ന ഒരു രജതസ്മാരകം അവൾക്ക കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുല്ലാതെ നാം അവളുടെ മഹത്വത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ ദേവാലയത്തിൽനിന്നു പോകരുതു്." ഇതു കേട്ടവരെല്ലാം ഇളകിപ്പോയി; അവിടെവച്ചുതന്നെ നേർച്ച തികയ്ക്കുന്നതിനുള്ള പിരിവു നടത്തപ്പെട്ടു. ഇന്നും അതു് ആ ദേവാലയത്തിൽ കാണാം. എട്ടേമുക്കാൽ മണിക്ക്, പോണ്ട്മെയിനിൽനിന്നു ദർശനം മറഞ്ഞ സമയത്തു്, ജനങ്ങൾ ദേവാലയത്തിൽനിന്നു പുറത്തിറങ്ങി. പന്ത്രണ്ടു ദിവസം കഴിഞ്ഞു്, നവദിനാപേക്ഷയുടെ അവസാനദിവസം, സമാധാനയുടമ്പടിയ്ക്കു് ഒപ്പുവെച്ചു. ആകാശങ്ങളിൽ എഴുതപ്പെട്ട വാക്കുകൾ നിറവേറി; ചുരുങ്ങിയ സമയത്തിനുള്ളിൽ ദൈവം തന്റെ ജനങ്ങളുടെ പ്രാൎത്ഥന കേട്ടു.

പോണ്ട്മെയിനിലെ ദർശനം കണ്ട അഞ്ചു കുട്ടികളിൽ ഏററം പ്രായം കുറഞ്ഞ കുട്ടി ഒരു വർഷത്തിനകം മരിച്ചു; മരണക്കിടക്കയിൽ അവൻ തന്റെ ആദ്യകുർബാനസ്വീകരണം കഴിക്കുന്നതിനുമുൻപ്, ആ അത്ഭുതകരമായ രാത്രിയിൽ താൻ കണ്ടതായി പറഞ്ഞതെല്ലാം വാസ്തവമാണെന്നു വീണ്ടും പ്രസ്താവിച്ചു. മററു രണ്ടാൺകുട്ടികളും വൈദികരായി. ജോസഫ് വൈദികനായതിന്റെശേഷം ദർശനത്തിന്റെ ഒരു പൂർണ്ണവിവരണം എഴുതുകയും 'ദൃക്‌സാക്ഷിയുടെ വിവരണം' എന്ന പേരിൽ അതു പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. പെൺകുട്ടികളിൽ ഒരാൾ ഒരു കന്യാസ്ത്രീയും മറേറയാൾ ഒരദ്ധ്യാപികയും ആയി. പോണ്ട്മെയിനിൽ മനോഹരമായ ഒരു ദേവാലയം പണിയിക്കപ്പെട്ടു. അതിപ്പോൾ കീർത്തിപെട്ട ഒരു തീർത്ഥസ്ഥലമായിത്തീർന്നിരിക്കുയാണ്. പോണ്ട്മെയിനിൽ ഉണ്ടായിട്ടുള്ള അത്ഭുതകരമായ രോഗശമനങ്ങളിൽ ചിലതു ലൂർദ്ദിലെ അത്ഭുതങ്ങളെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. അവയിൽ ഏററം ശ്രദ്ധാർഹമായ ഒന്ന് എവുജീൻ ദുരേൻ എന്നു പേരായ പതിമ്മൂന്നു വയസ്സുള്ള ഒരു ആൺ കുട്ടിയുടെ രോഗശമനമാണ്. ഒരു കഠിനരോഗബാധയുടെ ഫലമായി അവൻ ഒരു വർഷക്കാലത്തേക്കു ഊമനും ചെകിടനും ആയിത്തീർന്നിരുന്നു. ഈ ബാലൻ തുടർച്ചയായി മാതാവിനോടു പ്രാർത്ഥിക്കുകയും പോണ്ട്മെയിനിലേക്കു തന്നെ കൊണ്ടുപോകണമെന്ന് ചെറിയ എഴുത്തുകൾ കൊടുത്ത് അപേക്ഷിക്കയും ചെയ്തിരുന്നു. ഒടുക്കം അവന്റെ ആഗ്രഹം സാധിക്കുകയും, ദേവാലയത്തിൽ നടത്തിയ പ്രാർത്ഥനയുടെശേഷം അവൻ പെട്ടെന്നു പരിപൂർണ്ണമായി സുഖം പ്രാപിക്കുകയും ചെയ്തു. തലേക്കൊല്ലം അവനെ ചികിത്സിച്ചിരുന്ന മൊ. ദാനിയേൽ എന്നു പേരായ ഡോക്ടർ ഇങ്ങനെ സാക്ഷിച്ചിരിക്കുന്നു: "കഠിനവും ഞരമ്പുസംബന്ധിച്ചതല്ലാത്തതുമായ ഒരു രോഗത്തിന്റെ ഫലമായുണ്ടായതും, തലേക്കൊല്ലം മുഴുവൻ ചികിത്സകൊണ്ടു സുഖപ്പെടുന്ന യാതൊരു ലക്ഷണവും കാണിക്കാതിരുന്നതുമായ പരിപൂർണ്ണ ചെകിടത്തവും അതിന്റെ ഫലമായ പരിപൂർണ്ണ ഊമത്തവും സ്വാഭാവിക നിയമമനുസരിച്ചു പെട്ടെന്നു നീങ്ങി. കേൾവിയുടെയും സംസാരത്തിന്റെയും അവയവങ്ങൾ പരിപൂർണ്ണങ്ങളായിത്തീരുക സാദ്ധ്യമല്ലെന്ന് എനിക്കുറപ്പുണ്ട്. അതിനാൽ പെട്ടെന്നുണ്ടായതും പരിപൂർണ്ണവുമായ ഈ രോഗശമനം

സ്വഭാവത്തിനു മേല്പെട്ട ഒന്നാണെന്നു വിചാരിക്കുന്നതിൽ എനിക്കു യാതൊരു സംശയവുമില്ല."

*　　*　　*　　*

ഇന്ദ്ര് എന്ന പ്രദേശത്തുള്ള ഒരു ചെറിയ പട്ടണമായ വെല്ലെവോയിസിൻ, എസ്റ്റെൽ ഫാഗ്ഗെവെസ്സുണ്ടായ ദർശനങ്ങൾ മൂലം പ്രസിദ്ധമായിത്തീർന്നിട്ടുണ്ട്. 1876-ലെ വസന്തകാലത്ത് എസ്റ്റെൽ വെല്ലെവോയിസിനിൽ മരിക്കാറായി കിടക്കുകയായിരുന്നു. ദേഹത്തിനുള്ളിലുള്ള ഒരു നീര് പന്ത്രണ്ടുകൊല്ലക്കാലത്തേക്ക് അവളെ പീഡിപ്പിച്ചിരുന്നു. ഇപ്പോൾ അവൾ ക്ഷയരോഗത്തിന്റെ അവസാനഘട്ടത്തിൽ എത്തിയിരിക്കുന്നതായി ഡോക്ടറന്മാർ അഭിപ്രായപ്പെട്ടു. പെരിറ്റോണിററിസ് എന്ന കഠിനവ്യാധി അവളുടെ സ്ഥിതി കൂടുതൽ വിഷമതരമാക്കിയിരുന്നു. ഭക്തിയുള്ള ഒരു പെൺകുട്ടിയായിരുന്ന അവൾ ഒരു കന്യാസ്ത്രീയാകാൻ ആഗ്രഹിച്ചിരുന്നെങ്കിലും, അനാരോഗ്യംനിമിത്തം അതു സാധിച്ചില്ല. മഠത്തിൽനിന്നു പോന്നശേഷം അവൾ ദെ ലാ റൂച്ച് ഫൂക്കോ എന്ന പ്രഭ്വിയുടെ കീഴിൽ ഒരു ജോലിയിൽ പ്രവേശിച്ചിരുന്നു. അവളുടെ സാധാരണ ഭിഷഗ്വരനായിരുന്ന ഡോക്ടർ ബെയ്ഞ്ഞാർഡ്ട് അവളെ കാണാൻ തന്റെ സമയംകളയുന്നതുകൊണ്ടു ഫലമില്ലെന്നു പറഞ്ഞതുകൊണ്ട്, ഫെബ്രുവരി 10-ാംതീയതി ഡോക്ടർ ഹ്യൂബെർട്ട് എന്നുപേരായ വേറൊരു ഡോക്ടർ അവളെ സന്ദർശിക്കുകയും പരിശോധനയ്ക്കുശേഷം അവളുടെ പതപ്പയിൽ കുഴികൾ ഉണ്ടായിട്ടുണ്ടെന്നും രണ്ടുമൂന്നു മണിക്കൂറിൽ കൂടുതൽ അവൾ ജീവിച്ചിരിക്കയില്ലെന്നും പ്രസ്താവിച്ചു. എസ്റ്റെൽ ഈ വാക്കുകൾ കേൾക്കാൻ ഇടയായി. അവൾ തന്റെ വൃദ്ധരായ മാതാപിതാക്കന്മാരുടെ ഏക സഹായം അല്ലായിരുന്നെങ്കിൽ അവൾക്കു മരിക്കാൻ വൈമനസ്യം ഉണ്ടാകയില്ലായിരുന്നു. എന്നാൽ അവൾ പരിശുദ്ധ കന്യകയ്ക്കു ഒരെഴുത്തെഴുതി ലൂർദ്ദുമാതാവിന്റെ ഒരു രൂപത്തിന്റെ താഴെ വെയ്ക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. "എന്റെ മാതാപിതാക്കന്മാരുടെ ദുഃഖം കണ്ടാലും. ഓ, മറിയമേ, ഞാൻ അവരുടെ സർവ്വസ്വവും ആണെന്ന് അങ്ങേയ്ക്കറിയാം, എന്റെ പാപങ്ങൾ നിമിത്തം പൂർണ്ണസുഖം പ്രാപിക്കാൻ എനിക്കു സാധിക്കയില്ലെങ്കിൽ, എന്റെ കാലക്ഷേപത്തിനു വേണ്ടതു സമ്പാദിക്കുന്നതിനും, അങ്ങേയ്ക്കറി

യാവുന്നതുപോലെ ഇപ്പോൾ ഭിക്ഷ യാചിക്കാൻ നിർബന്ധിക്കപ്പെടുന്ന ഒരവസ്ഥയിൽ എത്താറായിരിക്കുന്ന എൻെറ മാതാപിതാക്കന്മാരുടെ ആവശ്യങ്ങൾ നിറവേററുന്നതിനും ആയി എനിക്ക് അല്പം ശരീരശക്തി തരുവിക്കുവാൻ അങ്ങേയ്ക്കു സാധിക്കും. ഇതിനെപ്പററിയുള്ള വിചാരം എനിക്കു വലിയ വേദനയുണ്ടാക്കുന്നു. എൻെറയമ്മേ, എൻെറ ശരണം നിന്നിൽ ഞാൻ വെയ്ക്കുന്നു. നിനക്കു മനസ്സുണ്ടെങ്കിൽ നിൻെറ പുത്രൻ എന്നെ സുഖപ്പെടുത്തുമെന്ന് എനിക്കറിയാം...... "അവിടുത്തേയ്ക്കിഷ്ടമുണ്ടെങ്കിൽ എനിക്കു സൌഖ്യം തരട്ടെ. അല്ലെങ്കിൽ അവിടുത്തെ തിരുമനസ്സുപോലെയാകട്ടെ." എസ്ഥേലിൻെറ വിശ്വാസത്തിനും ശരണത്തിനും അത്ഭുതകരമായ വിധത്തിൽ സമ്മാനം ലഭിച്ചു. അവൾക്കുണ്ടായ നമ്മുടെ നാഥയുടെ പതിനഞ്ചു ദർശനങ്ങളിൽ, ഫെബ്രുവരിയിൽ ഉണ്ടായ അഞ്ചെണ്ണം അവളുടെ പൂർണ്ണ സുഖപ്രാപ്തി സംബന്ധിച്ചുള്ളവയായിരുന്നു. ആ സാധുയുവതി ഏതാനും മണിക്കൂറുകൾകൂടിയേ ജീവിച്ചിരിക്കയുള്ളുവെന്ന് ഡോക്ടർ പ്രസ്താവിച്ചു. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ, അഞ്ചു രാത്രി അടുപ്പിച്ച് എസ്ഥേൽ ഹാർദ്ദവേ മൃദുലമായ വെളിച്ചത്താൽ ചുററപ്പെട്ടതും അതിമനോഹരവുമായ ഒരു രൂപം ദർശിച്ചു. ആദ്യം അതു വെള്ളവസ്ത്രം ധരിച്ച് വെള്ള അരക്കെട്ടോടും വെള്ളത്തലമുണ്ടോടുംകൂടി അവളുടെ കിടക്കയുടെ കാല്ക്കൽ നിൽക്കുന്നതായിട്ടാണു കാണപ്പെട്ടതു്. ഏററം മാധുര്യമേറിയ സ്വരത്തിൽ ആ ദർശനം ഇപ്രകാരം പറഞ്ഞു: "ധൈര്യത്തോടും ക്ഷമയോടുംകൂടി ഇരിക്കുക. എൻെറ പുത്രൻെറ അഞ്ചു തിരുമുറിവുകളുടെ സ്തുതിക്കായി നീ അഞ്ചു ദിവസംകൂടി സഹിക്കേണ്ടിവരും. ശനിയാഴ്ച നീ മരിക്കുകയോ സുഖം പ്രാപിക്കുകയോ ചെയ്യും. എൻെറ പുത്രൻ നിനക്കു ജീവൻ തരുന്നെങ്കിൽ, എൻെറ മഹത്വം നീ പ്രഖ്യാപനം ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു." ശനിയാഴ്ച അവൾക്കു രോഗശമനം ഉണ്ടാകുമെന്ന് എസ്ഥേലിനു പിറേറ രാത്രി നിശ്ചിതമായ അറിവു കിട്ടി.

അവൾ കേട്ട വാക്കുകളുടെ കൂട്ടത്തിൽ ഇവയും ഉൾപ്പെട്ടിരുന്നു. "സുഖം പ്രാപിച്ചശേഷം നിനക്കു കഷ്ടതകൾ ഉണ്ടാകുകയില്ലെന്നു വിചാരിക്കരുതു്. ജീവിതത്തിൻെറ യോഗ്യത കഷ്ടതകൾ അനുഭവിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നതു്." ഇതിനിടയ്ക്കു രോഗശമനത്തിൻെറ ലക്ഷണങ്ങളൊന്നും കാണപ്പെട്ടില്ല.

എസ്റ്റേലിൽനിന്നു സകല വിവരങ്ങളും ഗ്രഹിച്ചിരുന്ന അവളുടെ ആത്മീയപിതാവായിരുന്ന ഇടവകവികാരിക്ക് ദർശനങ്ങളുടെ വാസ്തവികതയെപ്പററി സംശയമുണ്ടായിരുന്നു. വെള്ളിയാഴ്ച രാത്രി എസ്റ്റേൽ മരിക്കാറായെന്ന് എല്ലാവരും വിചാരിച്ചു. പിറേറദിവസം രാവിലെ തനിക്കു സുഖമായെന്ന് തന്നെ സന്ദർശിച്ച വൈദികനോട്ട് അവൾ പറഞ്ഞു. എന്നാൽ കാര്യയിൽ നേരെ മറിച്ചാണ് എല്ലാവർക്കും തോന്നിയതു്. അവൾ അപ്പോഴും കിടക്കുകയായിരുന്നു; അവളുടെ വലത്തു കൈ തളൎന്നു വീത്തു സാധാരണയുണ്ടായിരുന്നതിൽ ഇരട്ടി വലിപ്പം പ്രാപിച്ചിരുന്നു. അപ്പോഴും സംശയിച്ചിരുന്ന വൈദികൻ അവൾക്കു വി. കുർബാന എഴുന്നെള്ളിച്ചുകൊണ്ടുവന്നു കൊടുക്കാമെന്നു പറഞ്ഞശേഷം ഇപ്രകാരം തുടൎന്നു: "പരിശുദ്ധ കന്യകയ്ക്കു മനസ്സുണ്ടെങ്കിൽ നിന്നെ സുഖപ്പെടുത്താൻ കഴിയും. കുർബാന കൈക്കൊണ്ടു കഴിഞ്ഞാലുടനെ വലത്തുകൈകൊണ്ടു കുരിശു വരക്കാൻ ശ്രമിക്കണം. അതിനു നിനക്കു സാധിക്കുകയാണെങ്കിൽ നീ പറഞ്ഞതു ശരിയാണെന്നുള്ളതിനു അതൊരടയാളമായിരിക്കും." ഏറെത്താമസിയാതെ എസ്റ്റേൽ കുർബാന കൈക്കൊണ്ടു. മുറിയിൽ അപ്പോൾ ഏകദേശം പന്ത്രണ്ടാളുകൾ ഉണ്ടായിരുന്നു. കല്പനയനുസരിച്ച് അവൾ അതുവരെ നീരുവെച്ച് അനക്കാൻ പാടില്ലാതിരുന്ന കൈകൊണ്ട് കുരിശുവരച്ചു. ആ കൈയും ഇപ്പോൾ സുഖപ്പെട്ടിരുന്നു. അവളുടെ ശരീരത്തിൻെറ ബാക്കിഭാഗങ്ങൾ നേരത്തേ സുഖം പ്രാപിച്ചിരുന്നെന്ന് ഇപ്പോൾ എല്ലാവൎക്കും ബോദ്ധ്യമായി. രാത്രി പന്ത്രണ്ടര മണിക്ക്, ശനിയാഴ്ച അതിവെളുപ്പിന്നേ തനിക്കു പെട്ടെന്നു പൂർണ്ണസുഖം കിട്ടിയെന്നറിഞ്ഞതായി അവൾതന്നെ പറഞ്ഞു. ദീർഘദർശനം നിറവേറി. പന്ത്രണ്ടു കൊല്ലത്തെ പഴക്കമുണ്ടായിരുന്നതും അടുത്തകാലത്തു വലിപ്പംകൂടിയിരുന്നതുമായ നീരു് നിശ്ശേഷം മാറിയതായും വേദന മുഴുവൻ ശമിച്ചതായും പതപ്പ വീണ്ടും പൂർവ്വസ്ഥിതി പ്രാപിച്ചതായും എല്ലാവൎക്കും ബോദ്ധ്യമായി. കുർബാന കൈക്കൊണ്ടു കുറെനേരം കഴിഞ്ഞപ്പോൾ എസ്റ്റേൽ എഴുന്നേററു വസ്ത്രം ധരിച്ച് സന്തോഷത്തോടെ ചിരിച്ചുകൊണ്ട് ഗുരുതരമായ ഭക്ഷണസാധനങ്ങൾ വിശപ്പോടുകൂടി ഭക്ഷിച്ചു. അതിൽപിന്നെ എല്ലാ വിധത്തിലും അവൾക്കു പരിപൂർണ്ണ ആരോഗ്യം ഉണ്ടായിരുന്നു. അവളുടെ രോഗശമനം അത്ഭുതകരമായിരുന്നെന്ന് അവളെ ചികിത്സിച്ചി

രുന്ന ഡോക്ടറന്മാർ രണ്ടുപേരും സാക്ഷ്യപ്പെടുത്തി. വൈദ്യസംബന്ധമായ സകല അഭ്യൂഹങ്ങളെയും തകിടംമറിക്കത്തക്ക ലക്ഷണങ്ങളോടുകൂടിയതായിരുന്നു അതെന്ന് ഡോ. ബെർണ്ണാർദ്ദ പ്രസ്താവിച്ചു. സ്വാഭാവികനിയമങ്ങൾകൊണ്ടൊന്നും അതു വ്യാഖ്യാനിക്കപ്പെടാൻ പാടില്ലെന്നു ഡോ. ഹ്യൂബെർട്ടും പ്രഖ്യാപിച്ചു.

ഇതിനുശേഷം നമ്മുടെ നാഥയുടെ പത്തു ദർശനങ്ങൾകൂടി എസ്തേലിനു നൽകപ്പെട്ടു. ആദ്യത്തേതു ജൂലൈ ഒന്നാംതീയതി വൈകുന്നേരവും അവസാനത്തേതു അമലോത്ഭവമാതാവിൻെറ തിരുനാൾദിവസമായ ഡിസംബർ എട്ടാംതീയതി പാട്ടുകുർബാനയ്ക്കുശേഷവും ആണ് ഉണ്ടായതു്. ഈ അവസാനത്തെ ദർശനവേളയിൽ ദെ ലാ റൂഷ്ഫൂക്കോ പ്രഭ്വിയുൾപ്പെടെ പതിനഞ്ചാളുകൾ സന്നിഹിതരായിരുന്നു. ദൈവം തൻെറ ദാസിയായ എസ്തേലിനു തൻെറ കാരുണ്യത്തെ വെളിപ്പെടുത്തിയ സ്ഥലത്ത് സഭയുടെ ഔദ്യോഗികമായ ആരാധന ഒരിക്കലും മുടങ്ങരുതെന്നുള്ള ആഗ്രഹംനിമിത്തം പ്രഭ്വി പെല്ലെവോയിസിനിൽ ഒരു ഡൊമിനിക്കൻ കന്യകാമഠം പണിയിച്ചിട്ടുണ്ട്. ഈ അവസാന ദർശനങ്ങൾ എസ്തേലിനു ലഭിച്ചതായി അവൾ വിശ്വസിച്ചിരുന്ന ഒരു വെളിപാടിനെ പ്രധാനമായി സംബന്ധിച്ചിരുന്നെന്നു മാത്രമേ അവയെപ്പററി ഇവിടെ പറയുവാൻ സ്ഥലം അനുവദിക്കുന്നുള്ളു. വിശ്വാസികളുടെ ഇടയിൽ പ്രചരിപ്പിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി പരിശുദ്ധ കന്യക അവളെ കാണിച്ച ഒരു തിരുഹൃദയ ഉത്തരീയത്തെപ്പററിയായിരുന്നു ഈ വെളിപാട്. ഈ ഉത്തരീയത്തിൽ വെള്ളരോമംകൊണ്ടുള്ള രണ്ടു ചതുരത്തുണിക്കഷണങ്ങൾ ഉണ്ടു്; അതിൽ ഒന്നിൽ നമ്മുടെ കർത്താവിൻെറ തിരുഹൃദയത്തിൻെറ ഛായയും കഷ്ടാനുഭവത്തിൻെറ ചില അടയാളങ്ങളും. മററതിൽ എസ്തേലിനുണ്ടായ ദർശനങ്ങൾ അനുസരിച്ചുള്ള മാതാവിൻെറ രൂപവും കാണപ്പെടുന്നു. 1900-ാമാണ്ടു് ഒർളിയൻസിലെ മെത്രാനും ദെ എസ്ജിസാക് പ്രഭ്വിയുംകൂടി എസ്തേലിനെ റോമ്മായിൽ കൊണ്ടുവന്ന് പതിമ്മൂന്നാം ലെയോൻ മാർപ്പാപ്പായെ കാണിച്ചു. മാർപ്പാപ്പാ തൻെറ എളിയ സന്ദർശകയുമായി തനിച്ചു സംസാരിക്കണമെന്നാവശ്യപ്പെട്ടു. "ഇനിയും ഫ്റാൻസിനെപ്പററി എന്നോടു പറയുക" എന്നു പരിശുദ്ധ പിതാവു തന്നോടു പറഞ്ഞതായി

എസ്സേൽ പിന്നീട്ട പ്രസ്താവിച്ചു. "പരിശുദ്ധ പിതാവേ, ഫ്റാൻസിനു കഷ്ടതകൾ സഹിക്കേണ്ടിവരുമെന്നു പരിശുദ്ധ കന്യക പറഞ്ഞു" എന്ന് എസ്സേൽ മറുപടി പറഞ്ഞു. "അതേ, ഫ്റാൻസ് കഷ്ടതകൾ സഹിക്കേണ്ടിവരും" എന്നു പുരോഹിതശ്രേഷ്ഠൻ പ്രത്യുത്തരം പറഞ്ഞു. ഈ കൂടിക്കാഴ്ചയുടെ ഫലമായി തിരുഹൃദയ ഉത്തരീയത്തെ പരിശുദ്ധ സിംഹാസനം അംഗീകരിച്ചു. അതിൽപിന്നെ അതു് എല്ലായിടത്തും പ്രചരിപ്പിക്കപ്പെടുകയും അതുവഴി ആത്മാക്കൾ നമ്മുടെ കർത്താവിൻെറ തിരുഹൃദയത്തെയും അവിടുത്തെ പരിശുദ്ധ മാതാവിനെയും നിരന്തരമായി ഓക്കുകയും കൂടുതൽ അഗാധമായി സ്നേഹിക്കുകയും ചെയ്യാൻ പ്രേരിപ്പിക്കപ്പെടുകയും ഉണ്ടായിട്ടുണ്ട്.

കഴിഞ്ഞ ശതാബ്ദത്തിൽ അഞ്ചുപ്രാവശ്യം പരിശുദ്ധ കന്യക ഫ്റാൻസിനു സന്ദേശങ്ങൾ നൽകിയതായി നാം കാണുന്നു. ഈ സ്വർഗ്ഗീയ സംഭാഷണങ്ങൾക്കെല്ലാം ചില പൊതുസാമ്യങ്ങളുണ്ട്. മൂന്നുപ്രാവശ്യം അവൾ നിഷ്കളങ്കരായ കൊച്ചുകുട്ടികളോടും, ഒരിക്കൽ അക്ഷരജ്ഞാനമില്ലാത്ത ഒരു ഉപവിയുടെ സഹോദരിയോടും, ഒരിക്കൽ ഒരു പ്രഭുവിയുടെ ഭൃത്യയോടുമാണ് സംസാരിച്ചതു്. ഓരോ പ്രാവശ്യവും ബലവാന്മാരെ ലജ്ജിപ്പിക്കുന്നതിനു ലോകത്തിലെ ബലഹീനർ തിരഞ്ഞെടുക്കപ്പെട്ടു. "അവിടുന്ന് ബലവാന്മാരെ അവരുടെ ഇരിപ്പിടങ്ങളിൽനിന്നു ഇറക്കുകയും എളിമയുള്ളവരെയും ശാന്തതയുള്ളവരെയും ഉയർത്തുകയും ചെയ്തിരിക്കുന്നു" എന്ന് ദൈവമാതാവ് ഏലീശായുടെ വീട്ടിൽവച്ചു പറഞ്ഞതിനെയും, "ഓ, പിതാവേ, ആകാശത്തിൻെറയും ഭൂമിയുടെയും നാഥാ, അങ്ങ് ഈ കാര്യങ്ങൾ ഈ ലോകത്തിലെ വലിയവരിൽനിന്നു മറയ്ക്കുകയും കൊച്ചുകുട്ടികൾക്കും ശിശുക്കൾക്കും വെളിപ്പെടുത്തുകയും ചെയ്തതിനു ഞാൻ അങ്ങേയ്ക്കു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അങ്ങ് അപ്രകാരം തിരുമനസ്സായി" എന്നുള്ള അവളുടെ ദിവ്യപുത്രൻെറ വാക്കുകളെയും ആണ് ഓരോ പ്രാവശ്യവും ഇതു നമ്മുടെ ഓർമ്മയിൽ കൊണ്ടുവരുന്നതു്.

നടന്നതായി പ്രസ്താവിക്കപ്പെടുന്ന ഏതെങ്കിലും സംഭവമോ മാതാവു പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന ഏതെങ്കിലും വാക്കുകളോ വിശ്വസിക്കാൻ നാം നിർബന്ധിക്കപ്പെടുന്നില്ല. എന്നാൽ നാം ഏതു ഭാഗത്താണ് ചേരുന്നതെന്നു നാം തീരു

മാനിക്കേണ്ടിയിരിക്കുന്നു. അത്ഭുതകരവും സ്വഭാവത്തിനു മേല്പെട്ടതുമായ എല്ലാററിനെയും, ദൈവം ഈ ലോകത്തിൽ വച്ചുപോലും പാപത്തിനു ശിക്ഷ നൽകുന്നെന്നുള്ള ആശയത്തെയും, കഷ്ടതകൾ പാപപരിഹാരത്തിനുതകുമെന്നുള്ള വിശ്വാസത്തെയും പരിഹസിക്കുന്ന ആളുകൾ ഒരു വശത്തും; കത്തോലിക്കാമതത്തിലും, ആകാശം ഭൂമിയുമായി നേരിട്ടു സംഭാഷണം നടത്താൻ പാടുണ്ടെന്നും വിശ്വസിക്കുന്നവർ മറുവശത്തും നിൽക്കുന്നു. കത്തോലിക്കർക്ക് അവരുടെ മതത്തിലുള്ളതെല്ലാം പരസ്പരം അനുയോജ്യമായിട്ടുള്ളതാകുന്നു. വിശ്വാസത്തിന്റെ പഠനങ്ങളെല്ലാം ആകാശത്തിൽനിന്നു വരുന്ന സഹായത്തിൽ അവർക്കു പ്രത്യാശ ഉളവാക്കുന്നു. നമുക്കെതിരായിട്ടുള്ളവരെക്കാൾ കൂടുതൽ നമ്മോടുകൂടിയുള്ളവരാകുന്നു.

അതിനാൽ നമ്മുടെ കാര്യത്തിലും ഫ്റാൻസിന്റെ കാര്യത്തിലും നമുക്ക് ആശ്വാസം പ്രാപിക്കാം. അവളുടെ സന്താനങ്ങൾ സാദ്ധ്യമായി വിചാരിച്ചിരുന്നതിൽ വളരെയധികം ദുരിതങ്ങൾ ഫ്റാൻസ് ഈ കഴിഞ്ഞ കാലങ്ങളിൽ അനുഭവിച്ചു. എന്നാൽ അവൾ അവളുടെ ദുരിതങ്ങളിൽനിന്നു ശുദ്ധീകരിക്കപ്പെട്ടും, അവളുടെ പൂർവ്വമഹത്വങ്ങളെ അനേകമടങ്ങു വർദ്ധിപ്പിക്കുന്ന പുനരുജ്ജീവനത്തിന്റെ ശക്തിയിൽ സന്തോഷിച്ചുകൊണ്ടും എഴുന്നേൽക്കും. പത്തൊൻപതാം ശതാബ്ദത്തിലെ ഈ ദർശനങ്ങൾ കത്തോലിക്കാസ്പെയിനിനോ, രക്തസാക്ഷിണിയായ പോളൻഡിനോ, മാതാവിനോടു പ്രത്യേക ഭക്തിയുള്ള ഇററലിയ്ക്കോ മറേറതെങ്കിലും രാജ്യത്തിനോ അല്ല, പിന്നെയോ ഫ്റാൻസിനാണ് നൽകപ്പെട്ടതെന്നുള്ളത് അർത്ഥവത്തായ ഒരു സംഗതിയാണ്. ഇപ്പോഴും സഭയുടെ മൂത്ത പുത്രിയായ ഫ്റാൻസ് തന്റെ മാതൃഹൃദയത്തിനു പ്രത്യേകം പ്രിയപ്പെട്ടതാണെന്നു നമ്മുടെ നാഥ തെളിയിച്ചിരിക്കുന്നു. വിശ്വസിക്കുന്ന നമുക്കെല്ലാവർക്കും ഒരു പാഠമെങ്കിലും മറക്കാൻ പാടില്ലാത്തതാണ്. നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉറങ്ങുന്നില്ല, പിന്നെയോ തന്റെ ജനങ്ങളെ ഇപ്പോഴും കാത്തുകൊണ്ടിരിക്കുന്നു. ദൈവം തന്റെ മാതാവിലും തന്റെ വിശുദ്ധന്മാരിലും അത്ഭുതകരനാകുന്നു.

## അദ്ധ്യായം ൨൨

### മറിയത്തിന്റെനേക്കുള്ള ഭക്തിയുടെ സ്വഭാവം

മാതാവിനോടുള്ള യഥാർത്ഥ ഭക്തിയെ നാം വിശകലനം ചെയ്തുനോക്കുകയാണെങ്കിൽ, സാരാംശത്തിൽ അതു് ബഹുമാനം, പ്രാർത്ഥന, അനുകരണം എന്നീ മൂന്നു കാര്യങ്ങളിൽ അടങ്ങിയിരിക്കുന്നെന്നു കാണാവുന്നതാണു്. മറിയത്തിനു നാം നൽകേണ്ടതായ ബഹുമാനം നമ്മുടെ വിശ്വാസത്തിൽനിന്നുത്ഭവിക്കുന്നു; മറിയത്തിനോടുള്ള പ്രാത്ഥന അവളുടെ ശക്തിയേറിയ മദ്ധ്യസ്ഥതയിൽ നമുക്കുള്ള ശരണത്തിന്റെ ഫലമാകുന്നു; മറിയത്തെ ദൂരെനിന്നും അനുകരിക്കാനുള്ള ശ്രമം പാപമില്ലാത്ത നമ്മുടെ അമ്മയോടു നമുക്കുള്ള സ്നേഹത്തിന്റെ ഫലമാകുന്നു. അതിനാൽ ഈ അദ്ധ്യായം സ്വാഭാവികമായി മൂന്നായി ഭാഗിക്കപ്പെട്ടിരിക്കുന്നു.

൧. മറിയത്തിനു നൽകേണ്ട ബഹുമാനം.

കത്തോലിക്കർ മാതാവിനെ എത്ര ബഹുമാനിച്ചാലും അധികമായിപ്പോകുകയില്ലെന്നും, അവൾ അർഹിക്കുന്നിടത്തോളം ബഹുമാനം കൊടുക്കാൻ അവക്കു സാധിക്കയില്ലെന്നും കടന്നുപോകുന്ന ഓരോ ദിവസവും അവർ മറിയത്തെ കൂടുതൽ കൂടുതൽ ബഹുമാനിക്കണമെന്നും, എന്നാൽതന്നെയും അവൾക്കു ന്യായമായി ലഭിക്കേണ്ടിടത്തോളം ബഹുമാനം നൽകാൻ അവക്കു സാധിച്ചില്ലെന്നു് ജീവിതത്തിന്റെ അവസാനത്തിൽ അവർ അറിയുമെന്നും ഉള്ള മഹാതത്വം നാം എപ്പോഴും ഓർത്തിരിക്കണം. എന്തുകൊണ്ടെന്നാൽ മറിയത്തിനു കൊടുക്കേണ്ടതായ ബഹുമാനത്തിന്റെ അളവു് ദൈവം അവളുടെ പുത്രനായപ്പോൾ അവിടുന്നു് അവൾക്കു കൊടുത്ത ബഹുമാനമാകുന്നു.

മിശിഹായുടെ വരവിനെ മുൻകൂട്ടി അറിയിച്ച ദീർഘദർശികളെയും, അവിടുത്തെ മുന്നോടിയെയും, ധൈര്യവാന്മാരായ അവിടുത്തെ വേദസാക്ഷികളെയും, അവിടുന്നു പോകുന്നിടത്തെല്ലാം തന്നെ അനുഗമിക്കുന്ന കന്യകകളെയും, അവിടുത്തെ വളത്തുപിതാവിനെയും നാം ബഹുമാനിക്കുന്നു. അങ്ങനെയെങ്കിൽ, വേദസാക്ഷികളുടെയും കന്യകകളുടെയും ശ്ലീഹന്മാരു

ടെയും രാജ്ഞിക്ക്— ഉദരത്തിൽ കിടന്ന മാംദാനായാൽ അഭിവാദ്യം ചെയ്യപ്പെട്ടവൾക്ക്— പരിശുദ്ധാത്മാവിയുടെ മണവാട്ടിയും ക്രൂടിയായ യൌസേപ്പിൻെറ മണവാട്ടിയ്ക്കു— നിസ്തുലയായ ദൈവമാതാവിന്ന്, എന്തു ബഹുമാനമാണ് കൊടുക്കേണ്ടതു്?

മറിയത്തെ എപ്പോഴും ദൈവത്തോടു് അവൾക്കുള്ള ബന്ധത്തിൽ കാണണമെന്നു കത്തോലിക്കർ ഉപദേശിക്കപ്പെടുന്നു. അവിടുത്തെ മാതാവിൽനിന്നു വേർതിരിച്ച് ഈശോയെപ്പററി നമുക്കു ശരിയായി ചിന്തിക്കാൻ പാടില്ലാത്തതുപോലെ, മറിയത്തെപ്പററിയും അവളുടെ ദിവ്യപുത്രനിൽനിന്നു വേർതിരിച്ചു നമുക്കു ചിന്തിക്കാൻ സാധിക്കയില്ല. അവളുടെ സ്വരൂപങ്ങളിൽ, സാധാരണമായി അവളുടെ കൈകളിൽ കർത്താവിനെയും നാം കാണുന്നു. ചിലപ്പോൾ അമലോദ്ഭവകന്യകയായിട്ടോ, അല്ലെങ്കിൽ പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്നതായിട്ടോ, അവളെ തനിച്ചു നാം കാണുന്നുണ്ടെങ്കിൽ, അവളുടെ പുത്രൻ അവളുടെ വിചാരങ്ങളിൽനിന്നകന്നിരിക്കുന്നില്ലെന്നു നമുക്കറിയാം. മറിയത്തിനോടുള്ള ഭക്തി അതിൽതന്നെ ഒരന്ത്യമായി ഒരു കത്തോലിക്കനു വിചാരിക്കാൻ പാടില്ല. മറിയത്തിനോടുള്ള എല്ലാ കത്തോലിക്കാഭക്തിയും ദൈവത്തിലാണ് ചെന്നവസാനിക്കുന്നതു്. അതിനാൽ അതു് ഒരിക്കലും നമ്മെ വഴിതെററിക്കുകയില്ല. മറിയം മനുഷ്യൻെറ പക്കലേക്കുള്ള ദൈവത്തിൻെറ വഴിയായിരുന്നതുപോലെ, മറിയം ദൈവത്തിൻപക്കലേക്കുള്ള മനുഷ്യൻെറ വഴിയും ആകുന്നു. സത്യവും ജീവനും എന്നപോലെ വഴിയും ആയിരിക്കുന്ന ഈശോയുടെ പക്കലേക്ക് അവൾ നമ്മെ നയിക്കുന്നു. ദൈവത്തിൻെറ ഏററം ഉൽകൃഷ്ടമായ സൃഷ്ടി എന്ന നിലയിൽ മറിയത്തെ നാം ബഹുമാനിക്കുന്നു. പണ്ടു മറിയം തൻെറ പുത്രനെ ആട്ടിടയന്മാർക്കും രാജാക്കന്മാർക്കും കാണിച്ചുകൊടുത്തതുപോലെ, നമുക്കും പരലോകത്തിൽ അവിടുത്തെ കാണിച്ചുതരാൻ പ്രാർത്ഥിച്ചുകൊണ്ടു് നമ്മെ അവിടുത്തോടു ക്രൂടുതൽ അടുപ്പിച്ചുകൊണ്ടുവരുവാൻ നാം നമ്മെത്തന്നെ മറിയത്തിൻെറ കൈകളിൽ സമർപ്പിക്കുന്നു.

വിദ്യാഭ്യാസം സിദ്ധിച്ച കത്തോലിക്കർ ഈ കാര്യത്തിൽ വിഗ്രഹാരാധനയിൽനിന്നു രക്ഷപ്പെട്ടേക്കാമെങ്കിലും, അക്ഷരജ്ഞാനമില്ലാത്ത കത്തോലിക്കർ വിഗ്രഹാരാധനയിൽ ഉൾപ്പെട്ടു നശിച്ചുപോകുമെന്നു് നമ്മുടെ മതത്തിൻെറ ശത്രുക്കൾ ചിലപ്പോൾ

പറയാറുണ്ട്. ഈ ഗ്രന്ഥകാരനു് ലോകത്തിൻെറ പല ഭാഗങ്ങളിലുമുള്ള അറിവില്ലാത്ത കത്തോലിക്കരുമായി ഇടപെടാൻ സംഗതിയായിട്ടുണ്ട്. എന്നാൽ നമ്മുടെ നാഥയെ ക്രമത്തിലധികമായി ബഹുമാനിക്കയെന്ന അപകടത്തിൽ ഉൾപ്പെട്ട യാതൊരു കത്തോലിക്കനെയും ഗ്രന്ഥകാരനു് അറിയാൻ സാധിച്ചിട്ടില്ല. ക്രിസ്തീയവേദോപദേശത്തിൻെറ പ്രാഥമികപാഠം ഓർമ്മിക്കുന്ന യാതൊരുത്തനും ഈ അപകടത്തിൽ വീഴുക അസാദ്ധ്യമാണു്. ആകാശത്തിൻെറയും ഭൂമിയുടെയും, മറിയം ഉൾപ്പെടെ അവയിലുള്ള സകലത്തിൻെറയും സ്രഷ്ടാവായ ഒരു ദൈവം മാത്രമേയുള്ളൂ. അവിടുന്നു് അവളുടെയും രക്ഷകനാകുന്നു; തൻെറ പുണ്യപൂർണ്ണതയ്ക്കു് അവിടുത്തോടാണു് അവൾ കടപ്പെട്ടിരിക്കുന്നതു്. ഈ പ്രാഥമിക സത്യങ്ങളെയോ അവയിൽ ഏതെങ്കിലും ഒന്നിനെയോ ഒരുവൻ നിഷേധിക്കുന്നെങ്കിൽ അവൻ സൃഷ്ടിയെ ക്രമവിരുദ്ധമായി ബഹുമാനിച്ചേക്കാം. എന്നാൽ അവൻ ഒരു കത്തോലിക്കനായിരിക്കയില്ല. സാധുക്കളും അറിവില്ലാത്തവരുമായ കത്തോലിക്കർ അവരുടെ ഭക്തിയുടെ ആധിക്യംനിമിത്തം മറിയത്തിൻെറ പ്രതിമകളുടെ മുമ്പിൽ കാണിക്കുന്ന ബാഹ്യമായ ബഹുമാനം തീർച്ചയായും അവളെ തന്നോട്ട് ഇത്ര അടുത്ത ബന്ധത്തിലേക്കുയർത്തിയ അവളുടെ കർത്താവിനോടുള്ള അവരുടെ ഭക്തിയെ വർദ്ധിപ്പിക്കാതിരിക്കയില്ല. നമ്മുടെ മതത്തിൻെറ ആന്തരികതത്വം ശരിയായി മനസ്സിലാക്കിയിട്ടില്ലാത്തവർ ബാഹ്യപ്രകടനങ്ങൾകൊണ്ടു മാത്രം നിർണ്ണയിക്കുന്ന ഒരു വിധി ശരിയായ വിധി ആയിരിക്കയില്ല. കത്തോലിക്കർ അവർ സാധുക്കളായിരുന്നാലും ധനികന്മാരായിരുന്നാലും, പരിശുദ്ധ കന്യകയെ ബഹുമാനിക്കുന്നതു് ദൈവം അവൾക്കു് ഇത്രയധികം ചെയ്തിട്ടുള്ളതുകൊണ്ടും, അവിടുന്നു് അളവില്ലാത്ത സകലനന്മസ്വരൂപിയായിരുന്നിട്ടും അവളെ അവർണ്ണനീയമായ വിധത്തിൽ തന്നോട്ടു യോജിപ്പിച്ചതുകൊണ്ടും, അവളെ ഉത്ഭവത്തിൽ കറയില്ലാത്തവളും മാതൃത്വത്തിൽ കന്യകയും ആക്കിയതുകൊണ്ടും, തൻെറ അടുക്കലേക്കു് അവളെ ഉയർത്തിയതുകൊണ്ടും, അവളുടെ പ്രാർത്ഥനകളെ അവിടുന്നു സന്തോഷത്തോടെ കേൾക്കുന്നതുകൊണ്ടും, ബേസ്‌ലഹമ്മിലും നസറത്തിലും അവൾ അവിടുത്തെ സംരക്ഷിച്ചതുപോലെ അവിടുത്തെ മൗതികശരീരത്തിൻെറ അംഗങ്ങളെ അവരുടെ ബലഹീനതയിൽ സംരക്ഷിക്കുന്നതിനുവേണ്ടി അവരെ അത്ര കരുണയും

സ്നേഹവും നിറഞ്ഞവളാക്കിയതുകൊണ്ടും, ആകുന്നു. ചുരുക്കിപ്പറഞ്ഞാൽ, മറിയത്തിനു നൽകപ്പെടുന്ന ബഹുമാനം കത്തോലിക്കാ വിശ്വാസത്തിൻെറ ഫലമാകുന്നു. കത്തോലിക്കാവിശ്വാസത്തെപ്പററി പൂർണ്ണമായ ജ്ഞാനവും കത്തോലിക്കാ മതത്തോട് ഏറെക്കുറെ നന്മനസ്സും ഇല്ലാതെ കത്തോലിക്കരെപ്പററി ശരിയായി വിധിക്കുന്നതിനോ അവരുടെ മതത്തെ മനസ്സിലാക്കുന്നതിനോ സാധിക്കാത്തതായിട്ടാണ് സാധാരണ കണ്ടുവരുന്നത്.

വിഗ്രഹാരാധനയെപ്പററി പറയുകയാണെങ്കിൽ, യാതൊരു കത്തോലിക്കനും ഈ അപകടത്തിൽ വീഴാൻ ഇടയുണ്ടെന്നു തോന്നുന്നില്ല. ഏതെങ്കിലും ഒരു സൃഷ്ടിയെ ദൈവത്തിൻെറ സ്ഥാനത്തുവെച്ച് ദൈവത്തിനു കൊടുക്കേണ്ടതു് ആ സൃഷ്ടിക്കു കൊടുക്കുന്നതിലാണ് വിഗ്രഹാരാധന അടങ്ങിയിരിക്കുന്നതു്. മറിയത്തിനോട് ഇപ്രകാരം പ്രവൎത്തിക്കുവാൻ യാതൊരു കത്തോലിക്കനും, അവൻ കത്തോലിക്കനായിരിക്കുന്നിടത്തോളം കാലം, സാധിക്കയില്ല. മറിയത്തെ ദൈവമായി കത്തോലിക്കരാരും ആരാധിക്കയില്ല.

തൻെറ മാതാവിനു നൽകുന്ന ബഹുമാനത്തിൽ നമ്മുടെ കൎത്താവു് അസൂയപ്പെടുന്നു എന്നു പറയുന്നതു്, അതിൽതന്നെ നോക്കുകയാണെങ്കിൽ, ഭയങ്കരമായ ഒരു ദൈവദൂഷണമാണ്. നമ്മുടെ കൎത്താവു് സത്യമനുഷ്യനും സത്യദൈവവുമാകുന്നു. മനുഷ്യനെന്ന നിലയിൽ നമ്മുടെ ഏക പരമമാതൃകയായ അവിടുന്നു് തൻെറ മാതാവിനു ലഭിക്കുന്ന ബഹുമാനത്തിൽ അസൂയപ്പെടുന്നു എന്നാണ് മേൽപറഞ്ഞതിൻെറ അൎത്ഥം എന്നു വിചാരിക്കാൻ ന്യായമില്ല.

തങ്ങളുടെ മാതാക്കൾക്കു നൽകപ്പെടുന്ന ബഹുമാനം തങ്ങൾക്കുതന്നെ നൽകപ്പെടുന്നതായി എല്ലാ പുത്രന്മാരും കരുതുന്നു. മാതാക്കളെ അവമാനിക്കുന്നതു് തങ്ങളോടു കാണിക്കുന്ന ഏററം വലിയ നിന്ദയായി പുത്രന്മാർ വിചാരിക്കുന്നു. ഒരു മാനുഷികതിന്മയെന്ന അൎത്ഥത്തിൽ അസൂയ നമ്മുടെ കൎത്താവീശോമിശിഹായിൽ യാതൊരു വിധത്തിലും ഉണ്ടായിരുന്നിരിക്കാൻ പാടില്ല. അതിനാൽ മേൽപറഞ്ഞതിൻെറ അൎത്ഥം ദൈവമെന്ന നിലയിൽ മിശിഹാ തൻെറ മാതാവിനു നാം കൊടുക്കുന്ന ബഹുമാനം ഇഷ്ടപ്പെടുന്നില്ല എന്നായിരിക്കണം. ആ ബഹുമാനം നമ്മെ തന്നിൽനിന്നു് അകററിയെങ്കിൽ മാത്രമേ ഇതു ശരിയായിരിക്കു

മെന്നു നമുക്കു വിചാരിക്കുവാൻപോലും പാടുള്ളൂ. എന്നാൽ വാസ്തവം ഇതിനു നേരെ വിപരീതമാണെന്ന് അനുഭവം തെളിയിക്കുകയും എല്ലാ കത്തോലിക്കരും അറിയുകയും ചെയ്യുന്നു. മറിയത്തിനു നൽകപ്പെടുന്ന എല്ലാ ബഹുമാനവും ദൈവം വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളിന്മേലുള്ള ധ്യാനത്തിന്റെ ഫലമാകുന്നു; ദൈവത്തെപ്രതിയാണ് അതു മറിയത്തിനു നൽകപ്പെടുന്നത്. ദൈവത്തിന്റെ മഹിമപ്രതാപത്തെപ്പററിയും തന്റെ എല്ലാ സൃഷ്ടികളിന്മേലും തനിക്കുള്ള അവകാശങ്ങളെപ്പററിയും തന്റെ അളവില്ലാത്ത പരിപൂർണ്ണതകളെപ്പററിയും നമുക്കുള്ള ബോധത്തെ അത് ഒന്നുകൂടി ദൃഢമാക്കുകയാണ് ചെയ്യുന്നത്.

### ൨. മറിയത്തിനോടുള്ള പ്രാർത്ഥന.

മറിയത്തിനു നാം നൽകുന്ന ബഹുമാനം നമ്മുടെ വിശ്വാസത്തിന്റെ ഫലമാകുന്നു. നമ്മുടെ വിശ്വാസസത്യങ്ങളെപ്പററി നാം എത്ര ശ്രദ്ധയോടുകൂടി ധ്യാനിക്കുന്നുവോ അത്രയും കൂടുതൽ വ്യക്തമായി, ദൈവത്തിന്റെ കന്യകാമാതാവിനെ നമ്മുടെ ആത്മാവിന്റെ സകല ശക്തികളോടുംകൂടി ബഹുമാനിക്കേണ്ട കടമ നമുക്കുണ്ടെന്നു നമുക്കു മനസ്സിലാകും. നമ്മുടെ നാഥയുടെ വരങ്ങളിൽ നമുക്കുള്ള വിശ്വാസം നമ്മുടെ നാഥയുടെ ശക്തിയിലും നന്മയിലുമുള്ള ശരണത്തിലേക്കു നമ്മെ നിശ്ചയമായും നയിക്കും. ഇത് അതിൽതന്നെ വ്യക്തമായ ഒരു കാര്യമാണ്. ദൈവത്തിന്റെ മഹാമാതാവിനെയും മനുഷ്യരുടെ സ്നേഹംനിറഞ്ഞ മാതാവിനെയുംപററി നാം വിശ്വസിക്കുന്നതെല്ലാം മറിയത്തിന്റെ സംരക്ഷണത്തിലുള്ള ശരണം നമ്മിൽ ഉത്ഭവിപ്പിക്കുന്നു. ദൈവവരപ്രസാദമാകുന്ന ഭണ്ഡാരം തുറക്കുന്നതിനുള്ള താക്കോലാണ് പ്രാർത്ഥനയെന്നു നാം പഠിപ്പിക്കപ്പെടുന്നു. മിശിഹായുടെ വരപ്രസാദം മറിയത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി നമ്മിലേക്കു സമൃദ്ധിയായി വരുന്നു. അവൾ വഴി നാം അതിനുവേണ്ടി പ്രാർത്ഥിക്കണമെന്നു ദൈവം തിരുമനസ്സായിരിക്കുന്നു.

സ്വാഭാവികവ്യവസ്ഥിതിയിൽ, ശിശുക്കൾ തങ്ങളുടെ എല്ലാ വിഷമങ്ങളിലും ആവശ്യങ്ങളിലും തങ്ങളുടെ അമ്മയുടെ അടുക്കൽ ഓടിച്ചെല്ലുന്നതിന് സ്രഷ്ടാവിൽനിന്നു വരുന്ന ഒരു ചാച്ചിൽവഴി പ്രേരിപ്പിക്കപ്പെടുന്നു. സ്വഭാവത്തിനു മേലെപ്പെട്ട വ്യവസ്ഥിതിയിലും ഇങ്ങനെതന്നെയാണ്. തങ്ങളുടെ അമ്മയായ

മറിയത്തിൻെറ പാദങ്ങളിലേക്ക് ക്രിസ്ത്യാനികളെ നയിക്കുന്ന പ്രേരണ ദൈവത്തിൽനിന്നുള്ള ഒരു ദാനമാകുന്നു. പരിശുദ്ധ കന്യകയോടുള്ള ഭക്തിക്കു എല്ലായിടത്തും നൽകുന്ന പ്രോത്സാഹനംവഴിയായി സഭ നമ്മെ ഗ്രഹിപ്പിക്കുന്നതു് ഈ കാൎയ്യത്തിൽ നമ്മുടെ ഹൃദയങ്ങൾ നമ്മെ വഴിതെററിക്കുന്നില്ലെന്നും, എല്ലാ ആവശ്യങ്ങളിലും ദൈവത്തിൻെറ പരിശുദ്ധ മാതാവിൻെറ സംരക്ഷണയിൽ അഭയം പ്രാപിക്കണമെന്ന് നമ്മുടെ ആത്മാവിനോടു പറയുന്ന സ്വരം സന്തോഷത്തോടെ നാം അനുസരിക്കേണ്ട നമ്മുടെ കൎത്താവിൻെറ ഒരു സന്ദേശമാകുന്നുവെന്നും ആണ്.

പുണ്യവാന്മാരുടെ ഐക്യത്തിൽ നാം വിശ്വസിക്കുന്നു. ഈ ഐക്യത്തിൻെറ സാദ്ധ്യതകൾക്കു പരിമിതികളില്ല. അതു് എല്ലാ ദിവസവും എല്ലാ മണിക്കൂറിലും എല്ലാ നിമിഷത്തിലും നിരന്തരമായി നടന്നുകൊണ്ടിരിക്കുന്നുണ്ടാവാം. നാം നമ്മുടെ നാഥയെ കാണുന്നില്ല, എന്നാൽ നമുക്കിഷ്ടമുള്ളപ്പോഴെല്ലാം അവളോടു നമുക്കു സംസാരിക്കാം. അതിനാൽ നിശ്ചയമായും ഈ വലിയ വരം നാം ഉപയോഗിക്കുകയും, ശിശുക്കൾ ഭയംകൂടാതെ മാതാക്കളിൽ ഏററം ഉത്തമയായ മാതാവിനോടു സംസാരിക്കുന്നതുപോലെ, ദൈവത്തിൻെറ പരിശുദ്ധ മാതാവിനോടു നാം കൂടെക്കൂടെയും ഭക്തിയോടും ശരണത്തോടുംകൂടിയും പ്രാൎത്ഥിക്കണം.

സഭയാൽ അംഗീകരിക്കപ്പെട്ട മരിയഭക്തിയുടെ അനേകതരത്തിലുള്ള ബാഹ്യാനുഷ്ഠാനങ്ങളെപ്പററി ദീർഘമായി പ്രതിപാദിക്കുവാൻ ഈ ഗ്രന്ഥത്തിൻെറ പരിമിതി അനുവദിക്കുന്നില്ല. അവയുടെ സ്വഭാവത്തെപ്പററി എല്ലാ കത്തോലിക്കർക്കും അറിയാം.

നമ്മുടെ നാഥയുടെ തിരുനാളുകൾ ഘോഷിക്കുക, അവളുടെ സ്വരൂപങ്ങൾ സന്ദർശിക്കുക, ഉത്തരീയം ധരിക്കുക, ജപമാല ജപിക്കുക, പ്രത്യേകാവശ്യങ്ങളിൽ നവനാൾ പ്രാൎത്ഥനകൾ കഴിക്കുക, ത്രികാലജപം ചൊല്ലുക— ഇവ വിശുദ്ധന്മാർ ഉപദേശിച്ചിട്ടുള്ളതും ദൈവം അനുഗ്രഹിച്ചിട്ടുള്ളതെന്ന് അനുഭവം തെളിയിച്ചിട്ടുള്ളതുമായ ഭക്തികൃത്യങ്ങളാകുന്നു. വാചികപ്രാൎത്ഥനകളിൽ, 'നന്മനിറഞ്ഞ മറിയമേ' എന്ന നമസ്കാരം എല്ലാ ദിവസവും കാലത്തും വൈകിട്ടുമെങ്കിലും ചൊല്ലുവാൻ വിശ്വാസികൾ ഉപദേശിക്കപ്പെടുന്നു. ബാക്കിയുള്ളതെല്ലാം ഓരോരു

ത്തരുടെയും ഭക്തിയനുസരിച്ച നിർഹിക്കപ്പെടാം. സഭയാകുന്ന പൂന്തോട്ടത്തിൽ അനേകം മനോഹരപുഷ്പങ്ങൾ ഉണ്ട്. എല്ലാവക്കം കുറെ പുഷ്പങ്ങൾ ശേഖരിക്കാം. ഒരുത്തക്കം എല്ലാം ശേഖരിക്കാൻ സാധിക്കയില്ല, ഓരോരുത്തക്കം അവരവരുടെ ആത്മീയാഭിവൃദ്ധിക്ക് അനുയോജ്യമെന്നു തോന്നുന്നവ തിരിഞ്ഞെടുക്കാം.

എന്നാൽ, മാപ്പാപ്പാമാർ കല്പിച്ചിട്ടില്ലെങ്കിലും ശക്തിയായി പ്രോത്സാഹിപ്പിച്ചിട്ടുള്ള ഒരു പ്രത്യേക മരിയഭക്തികൃത്യം ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഇതു് ജപമാലഭക്തിയാകുന്നു. ഈ ഭക്തിയിൽ മാനസികപ്രാത്ഥനയും വാചികപ്രാത്ഥനയും അത്ഭുതകരമായ വിധത്തിൽ സംയോജിച്ചിരിക്കുന്നു. ജപമാലയെപ്പററി അല്പത്തോൺ മെത്രാപ്പോലീത്താ പറഞ്ഞിരിക്കുന്നതു് ഇവിടെ ഉദ്ധരിക്കുന്നു:—

"ജപമാലയുടെ ശരീരം 'ആകാശങ്ങളിലിരിക്കുന്ന,' 'നന്മനിറഞ്ഞ മറിയം' എന്ന ഈ പ്രാത്ഥനകളാകുന്നു; അതിന്റെ വിശ്വാസവും ആത്മാവും ധ്യാനമാകുന്നു. ജപമാലമണികൾ നാം കൈയിൽ പിടിക്കുമ്പോൾ മാനസികമായ ഏകാഗ്രതയില്ലായ്മ വിട്ടുമാറുകയും, ശ്രദ്ധ പതിക്കുന്നതിനു കൂടുതൽ എളുപ്പമുണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെ, ഏകാഗ്രതയില്ലാത്ത മനസ്സിന്റെ ബലഹീനത പരിഹരിക്കപ്പെടുന്നു. പലക്കം എന്തെങ്കിലും പ്രവൎത്തിച്ചുകൊണ്ടിരിക്കുമ്പോൾ— ഉദാഹരണമായി നടക്കുമ്പോൾ— മാത്രമേ ഒരു കാൎയ്യത്തെപ്പററി ചിന്തിക്കുവാൻ സാധിക്കയുള്ളു; അവരുടെ ഞരമ്പുകളും ഇന്ദ്രിയങ്ങളും പ്രവൎത്തിച്ചെങ്കിൽ മാത്രമേ മനസ്സിന് ഏകാഗ്രതയുണ്ടാവുകയുള്ളു... അച്ചടി കണ്ടുപിടിക്കുന്നതിനുമുൻപ്, ജപമാല അക്ഷരജ്ഞാനമില്ലാത്തവരുടെ ഗ്രന്ഥമായിരുന്നു; സുവിശേഷത്തിലെ പ്രധാന രഹസ്യങ്ങൾ അതുവഴിയായിട്ടാണ് അവർ ഗ്രഹിച്ചതു്... അതുവഴിയായി അനേകലക്ഷം ആളുകൾ ധ്യാനനിരതരും ആന്തരികജീവിതം കഴിക്കുന്നവരും ആയിട്ടുണ്ട്."

കൊന്തനമസ്കാരം പ്രായംചെന്നവൎക്ക പ്രത്യേകം ഇഷ്ടമുള്ള ഒരു ഭക്തികൃത്യമാകുന്നു. വയസ്സുചെന്നവർ സാവധാനത്തിലും സ്നേഹത്തോടുകൂടിയും കൊന്തനമസ്കാരം എത്തിക്കുന്നതു കാണുന്നതിനേക്കാൾ സന്തോഷകരമായ കാൎയ്യ വേറെ ഇല്ല. ശാരീരികാദ്ധ്വാനം നമുക്ക പാടില്ലാതെയും, വായനപോലും രസമില്ലാതെയും, അല്ലെങ്കിൽ കാഴ്ചക്കുറവുനിമിത്തം വായിക്കാൻ

നിവൃത്തിയില്ലാതെയും ആയിത്തീരുന്ന പ്രായത്തിൽ നാം എത്തുകയാണെങ്കിൽ, 'നന്മനിറഞ്ഞ മറിയം' ദൈവത്തിൻെറ സിംഹാസനത്തിലേക്കുയരുവാൻ നമ്മുടെ അധരങ്ങളിൽനിന്ന പൊഴിയുമ്പോൾ നമ്മുടെ മനസ്സ് നമ്മുടെ സകല ആശകളും ആശ്രയിച്ചിരിക്കുന്ന മിശിഹായുടെ സുവിശേഷത്തിലെ രഹസ്യങ്ങളിന്മേൽ പതിച്ചുകൊണ്ട്, ജപമാല വീണ്ടും വീണ്ടും എത്തിച്ചു സമയം ചിലവാക്കാൻ നമുക്ക കഴിയുമെങ്കിൽ നാം ഭാഗ്യവാന്മാരാകുന്നു. എന്നാൽ ഈ തഴക്കം മററു തഴക്കങ്ങളെപ്പോലെ, കൂടെക്കൂടെയുള്ള പ്രവൃത്തികൊണ്ടു മാത്രമേ ഉണ്ടാവുകയുള്ളൂ. തഴക്കം ഉണ്ടായിക്കഴിഞ്ഞാൽ പ്രവൃത്തി എളുപ്പവും സന്തോഷകരവും ആയിത്തീരും. ആരോഗ്യവും ശരീരബലവും ഉള്ള കാലത്ത് ജപമാല എത്തിക്കുവാൻ ഉപേക്ഷ കാണിക്കുന്നവക്ക് വാർദ്ധക്യകാലത്ത് അതിൻെറ ആശ്വാസങ്ങൾ അനുഭവിക്കാമെന്നു പ്രതീക്ഷിക്കാൻ വഴിയില്ല.

എന്നാൽ മറിയത്തിനോടുള്ള ബാഹ്യഭക്തികൃത്യങ്ങളെക്കാൾ വളരെ കൂടുതൽ പ്രധാനമായിട്ടുള്ളത്, ദിവസം മുഴുവനും, പ്രത്യകിച്ച് പെട്ടെന്നുള്ള പരീക്ഷകൾ ഉണ്ടാകുമ്പോഴും, മനസ്സുകൊണ്ടു നിശ്ശബ്ദമായി മറിയത്തിൻെറ സഹായം അപേക്ഷിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതും, നമ്മുടെ സ്വർഗ്ഗീയ മാതാവിനോടു നമ്മെ നിരന്തരമായി ഐക്യപ്പെടുത്തുന്നതുമായ ആന്തരികഭക്തിയാകുന്നു. വിശ്വാസത്തിനോ ശുദ്ധതയ്ക്കോ സൌമ്യതയ്ക്കോ മറേറതെങ്കിലും പുണ്യത്തിനോ എതിരായുള്ള പരീക്ഷകൾ പെട്ടെന്നുണ്ടാകുമ്പോൾ, നാം മറിയത്തെപ്പററി ഓക്കുകയും നമ്മുടെ ഹൃദയത്തിൽ അവളെ വിളിക്കുകയും ചെയ്യാൽ നാം സുരക്ഷിതരാകും. നമ്മുടെ ദുരാശകൾ എങ്ങനെയെല്ലാം മറുതലിച്ചാലും, മനസ്സുകൊണ്ടു നാം ആത്മാവിനെ ഉപേക്ഷിച്ച് നമ്മുടെ മനസ്സിനെ നമ്മുടെ കത്താവിൻെറ മാതാവിൻെറ സൂക്ഷ്മത്തിൽ ഏല്പിക്കുകയും ചെയ്യാൽ നാം പാപത്തിൽ വീഴുകയില്ലെന്നു നമുക്കറിയാം. നമ്മുടെ കാര്യം അവളുടെ സൂക്ഷ്മത്തിൽ ഏല്പിച്ചിരിക്കുന്നിടത്തോളം കാലം മനസ്സോടുകൂടിയുള്ള മറുതലിപ്പുവഴി തൻെറ ദിവ്യപുത്രനിൽനിന്നു വേർപെടുവാൻ അവൾ നമ്മെ അനുവദിക്കയില്ല.

നമുക്കിഷ്ടമുണ്ടെങ്കിൽ ദിവസം മുഴുവനും നിരന്തരമായി മാതാവിനോട്ട് ഐക്യപ്പെട്ടിരിക്കാമെന്നു മുൻപു പറഞ്ഞിട്ടുണ്ട

ല്ലോ. ഓരോ ദിവസത്തെയും പ്രവൃത്തികൾ അവിടുത്തെ വാഴ്ത്തപ്പെട്ട മാതാവിൻെറ കൈകൾവഴി നമ്മുടെ കത്താവിനു കാഴ്ചവെച്ചുകൊണ്ടു് ഇതു സാധിക്കാവുന്നതാണ്. പ്രാർത്ഥനയുടെ പ്രേഷിതത്വം എന്നു വിളിക്കപ്പെടുന്നതും ലോകം മുഴുവനും പ്രചരിച്ചിരിക്കുന്നതുമായ സഖ്യത്തിൻെറ അംഗങ്ങളായ അനേകലക്ഷം ആളുകൾ ഇപ്രകാരം ചെയ്യുന്നുണ്ടു്. ഈ സഖ്യത്തിൻെറ പ്രത്യേക ഭക്തികൃത്യം ഓരോ ദിവസത്തെയും സകല വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും പീഡാനുഭവങ്ങളും മറിയത്തിൻെറ കറയില്ലാത്ത ഹൃദയംവഴി ഈശോയുടെ തിരുഹൃദയത്തിനു കാഴ്ചവെക്കുകയെന്നതാകുന്നു. ദൈവപ്രമാണത്താലോ തിരുസ്സഭയുടെ കല്പനയാലോ മുടക്കപ്പെട്ടിട്ടില്ലാത്തവയെല്ലാം ന്യായമായി ചെയ്യാവുന്നവയാണെന്നാണ് കത്തോലിക്കാപഠനം (അവയെല്ലാം ചെയ്യുന്നതു് എല്ലായ്പോഴും ഉപയോഗപ്രദമായിരിക്കയില്ലായിരിക്കാം, എന്നാലും അവ നിയമാനുസൃതമാണ്). ജീവിതത്തിലെ പ്രവൃത്തികൾ മിക്കവയും അവയിൽതന്നെ നോക്കിയാൽ നല്ലതോ ചീത്തയോ അല്ലായിരിക്കാം. ഉദാഹരണമായി, കുററകരമല്ലാത്ത വിനോദങ്ങളുടെ കാര്യം എടുക്കാം. ശരീരത്തിൻെറ ആരോഗ്യത്തിനു് ഏതെങ്കിലും കളികൾ നല്ലതാണെന്നുള്ളതുകൊണ്ടു്, ആ ഉദ്ദേശ്യത്തോടുകൂടി നാം അവയിൽ ഏർപ്പെടുകയാണെങ്കിൽ അതു സ്വാഭാവികവ്യവസ്ഥിതിയിൽ നല്ലതും ശ്ലാഘനീയവുമായ പ്രവൃത്തിയാകുന്നു, ഒരാൾ ദൈവത്തെപ്പററി ചിന്തിക്കാതെ, ഈ "നിഷ്പക്ഷ" പ്രവൃത്തികൾ ചെയ്യുകയാണെങ്കിൽ അയാൾ ഉദ്ദേശിച്ച ഫലം— വിനോദമോ ശാരീരികബലമോ— അവനു കിട്ടുന്നു. എന്നാൽ സ്വഭാവത്തിനു മേലെപ്പെട്ട ഫലമൊന്നും അവനു പ്രതീക്ഷിക്കാവുന്നതല്ല. ഉത്ഭവസ്ഥാനത്തിനു മുകളിൽകൂടി അരുവി ഒഴുകാൻ പാടില്ല. എന്നാൽ അയാൾ ആ പ്രവൃത്തിയെ ദൈവത്തിനു സമർപ്പിക്കുക മാത്രം ചെയ്യട്ടെ, ഉടനെ അതു് സ്വഭാവത്തിനു മേലെപ്പെട്ടതും മറെറാരു വ്യവസ്ഥിതിയിലേക്കു് ഉയർത്തപ്പെട്ടതും ആയിത്തീരുന്നു. "നീ തിന്നുകയോ കുടിക്കുകയോ എന്തു ചെയ്താലും അതു ദൈവസ്തുതിക്കായി ചെയ്യുക" എന്നു വി. പൌലോസ് ശ്ലീഹാ എഴുതിയിരിക്കുന്നു. "നല്ല നിയോഗം" എന്നു കത്തോലിക്കർ വിളിക്കുന്ന ഈ കാഴ്ചവെപ്പുവഴിയായി ദിവസത്തിലെ സാധാരണ പ്രവൃത്തികളെ സമർപ്പിക്കുന്നതു്, അതില്ലായിരുന്നെങ്കിൽ യാതൊരു യോഗ്യതയും

കൂടാതെ ഇരിക്കുമായിരുന്ന നമ്മുടെ പ്രവൃത്തികളെയെല്ലാം വിലപിടിച്ച സ്വർണ്ണമാക്കിത്തീക്കുന്ന ഒരു സ്വർഗ്ഗീയ ഔഷധമാകുന്നു. പാപമൊഴിച്ച് മറ്റെല്ലാ പ്രവൃത്തികളും ദൈവത്തിനു കാഴ്ചവെക്കാവുന്നതാണ്. നല്ല നിയോഗം നാം പരമാത്ഥതയോടെ ചെയ്യുകയാണെങ്കിൽ അതു ദൈവത്തെ ഉപദ്രവിക്കാതിരിക്കാനുള്ള ഒരു ഉത്തമ പോംവഴിയാണെന്നുള്ളതു വ്യക്തമാണ്. കാലത്തു തൻെറ പ്രവൃത്തികളെല്ലാം ദൈവത്തിനു കാഴ്ചവെച്ച ഒരാൾക്ക് പാപം ചെയ്യാനുള്ള പരീക്ഷയുണ്ടാകുകയാണെങ്കിൽ, അവൻ തന്നോടുതന്നെ, "ഇന്നത്തെ സകല പ്രവൃത്തികളും ഈശോയുടെ തിരുഹൃദയത്തിനു കാഴ്ചവെച്ച ഞാൻ എങ്ങനെ ഇതു ചെയ്യാൻ ധൈര്യപ്പെടും?" എന്നു പറയും. നമ്മുടെ ജീവിതം മുഴുവൻെറയും അതിൻെറ എല്ലാ സാഹചര്യങ്ങളോടുംകൂടിയുള്ള ഈ സമപ്പണം തൻെറ മാതാവായ മറിയംവഴി കത്താവിനു ചെയ്യുമ്പോൾ അതു് അവിടുത്തേക്കു തീർച്ചയായും കൂടുതൽ പ്രിയംകരമായിരിക്കും. പാപികളായ നാം ചെയ്യുന്ന പ്രവൃത്തികൾ മിക്കപ്പോഴും നമ്മുടെ അപൂണ്ണതകളാൽ മലിനമാക്കപ്പെട്ടവയായിരിക്കും. അവ മറിയത്തിൻെറ പരിശുദ്ധ ഹൃദയത്തിൽ ശുദ്ധീകരിക്കപ്പെടുന്നു. നമ്മുടെ കാഴ്ചവെപ്പു കൂടുതൽ എളുപ്പമുള്ളതാകുവാൻവേണ്ടി മാതാവിനു നേരിട്ടു സമപ്പിക്കുകയാണെങ്കിലും അതു സുരക്ഷിതമായിരിക്കും. തനിക്കു സമപ്പിക്കപ്പെടുന്ന യാതൊന്നും മറിയം തനിക്കായി സൂക്ഷിച്ചുവെക്കുന്നില്ല. എല്ലാം അവൾ ദൈവത്തിനു കാഴ്ചവെക്കും.

വാഴ്ത്തപ്പെട്ട ഗ്രിഗ്നോൺ ദെ മോണ്ട്ഫോർട്ട് പഠിപ്പിച്ചതും അനേകം ആത്മാക്കൾ തങ്ങളുടെ പുണ്യാഭിവൃദ്ധിക്കു വളരെ സഹായകമായി കണ്ടിട്ടുള്ളതുമായ ഭക്തികൃത്യം ഇതാകുന്നു. വാഴ്ത്തപ്പെട്ട ഗ്രിഗ്നോൺ തീക്ഷ്ണതയോടെ പഠിപ്പിച്ച സമപ്പണപ്രകരണം ഇപ്രകാരമാണ്: "എല്ലാം ഈശോയ്ക്കുവേണ്ടി മറിയത്തിൽക്കൂടി, എല്ലാം മറിയംവഴി ഈശോയ്ക്കുവേണ്ടി." നാം ചെയ്യുന്ന സകലത്തിൻെറയും സൂക്ഷ്മം കൈയേൽക്കുന്നതിന് – ഒരത്ഥത്തിൽ നമുക്കുവേണ്ടി സകലതും ചെയ്യുന്നതിന് – മറിയത്തിനോടു യാചിക്കുന്നതിലാണ് ഇതടങ്ങിയിരിക്കുന്നതു്. ഈ ഭക്തി അഭ്യസിക്കുന്ന ഒരാൾക്ക് പ്രയാസമുള്ള ഒരു ജോലി ചെയ്യാനുണ്ടെങ്കിൽ അവന് അത്ഭുതകരമായ മനസ്സമാധാനം ഉണ്ടായിരിക്കും. ആ ജോലി ചെയ്യാൻ ഒരുങ്ങുന്നതിന് ആവശ്യ

മായ സ്വാഭാവിക മാൎഗ്ഗങ്ങളെല്ലാം അവൻ ഉപയോഗിക്കും— ഇതു ദൈവതിരുമനസ്സാണെന്ന് അവനറിയാം. എന്നാൽ ഒരുക്കമെല്ലാം ചെയ്തു കഴിയുമ്പോൾ അവൻ സമാധാനത്തിലായിരിക്കും. അവന്റെ സ്ഥാനത്തു പ്രവേശിച്ച് ആ കൃത്യം നിറവേററാൻ അപേക്ഷിച്ചുകൊണ്ടു് അവൻ എല്ലാം മാതാവിന്റെ കൈകളിൽ സമൎപ്പിച്ചിരിക്കുന്നു. നമുക്ക് അതിനോടു് അപ്രകാരം ആകൎഷണം തോന്നുന്നെങ്കിൽ, നമ്മുടെ എല്ലാ പ്രവൃത്തികളിലും അഭ്യസിക്കാവുന്ന ഈ ഭക്തി നാം വിശുദ്ധ കുർബാന കൈക്കൊള്ളാൻ പോകുമ്പോൾ പ്രത്യേകം അനുയോജ്യമായിട്ടുള്ളതാണ്. നമ്മുടെ അയോഗ്യതകളെ അറിഞ്ഞുകൊണ്ടു നാം, ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ തന്റെ കൎത്താവിനെ സ്വീകരിക്കാൻ ഒരു സൃഷ്ടിക്കു കഴിയുന്നിടത്തോളം യോഗ്യയായിത്തീൎന്നശേഷം ഇപ്പോൾ തന്റെ പുത്രനോടുകൂടി പരലോകത്തിൽ വാഴുന്ന കന്യകാമാതാവിന്റെ നേരെ തിരിയുകയും നമ്മുടെ ആവശ്യങ്ങൾ നിറവേററാൻ അവളോടു പ്രാൎത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ കൎത്താവിനു നാം തന്റെ മാതാവിന്റെ സ്നേഹം കാഴ്ചവെക്കുന്നു; നമ്മുടെ പാവപ്പെട്ട ഹൃദയങ്ങളെ തന്റെ പാപമില്ലാത്ത ഹൃദയത്തിൽ മറച്ച് നമ്മെ ശുദ്ധീകരിച്ചു സുഖപ്പെടുത്താൻ സാധിക്കുന്ന ശുദ്ധതയുടെ ഏക നാഥനു സമൎപ്പിക്കുവാൻ നമ്മുടെ അമ്മയോടു നാം നിലവിളിച്ചപേക്ഷിക്കുന്നു.

### ൩. മാതാവിന്റെ അനുകരണം.

മാതാവിനോടുള്ള സ്നേഹം എന്നു പറയുന്നതു്, സ്വാഭാവികമായും വരപ്രസാദം വഴിയായും തന്നിൽതന്നെ അവൾ എപ്രകാരമായിരിക്കുന്നോ അപ്രകാരമുള്ള— സൌമ്യയും സ്നേഹംനിറഞ്ഞവളും, കാരുണ്യവതിയും, അനുസരണയുള്ളവളും, മാധുൎയ്യമേറിയവളും, ക്ഷമയുള്ളവളും, കൎത്താവിന്റെ കല്പനയനുസരിച്ചു ശാന്തതയും ഹൃദയ എളിമയും ഉള്ളവളുമായ— മാതാവിനോടുള്ള സ്നേഹമാകുന്നു. നമ്മുടെ ഹൃദയത്തിൽ അവളോടുള്ള സ്നേഹമില്ലാതെ നമ്മുടെ മനസ്സിൽ അവളുടെ ഛായ ഉണ്ടായിരിക്കാൻ പാടില്ല. നേരെമറിച്ച്, നമ്മുടെ മനസ്സിൽ അവളുടെ ഛായ ഇല്ലാതെ അവളുടെ സ്നേഹവും ഉണ്ടാകുവാൻ പാടില്ല. എന്നാൽ പരിപൂൎണ്ണമനോഹരതയുള്ള ആ ഛായ നമ്മുടെ ദൃഷ്ടിയിൽ ഉണ്ടായിരുന്നാൽ ആ ഉത്തമ മാതൃകയനുസരിച്ചു നാമും ആയി

ത്തിരാനുള്ള ആഗ്രഹം ഉണ്ടാകാതിരിക്കയില്ല. മറിയത്തിനോടു ള്ള യഥാൎത്ഥസ്നേഹം മറിയത്തെപ്പോലെ ആയിരിക്കാനുള്ള ആഗ്ര ഹത്തേയും വഹിക്കുന്നു. "നിങ്ങൾക്കു പാട്ടുള്ളിടത്തോളം കന്യ കയെ അനുകരിക്കുവിൻ" എന്നു വി. അഗസ്റ്റീനോസ് എഴു തിയിരിക്കുന്നു.

പ്രവൃത്തികൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണെന്നും, പാപത്തിൽനിന്നു പിൻതിരിയാനുള്ള യഥാൎത്ഥമായ ആഗ്രഹം ഹൃദയത്തിൽ ഇല്ലെങ്കിൽ മറിയത്തിനോടു ബാഹ്യമായ ഭക്തികാ ണിക്കുന്നതും, ദൈവത്തോടു പ്രാർത്ഥിക്കുന്നതുപോലും നിഷ്ഫ ലമാണെന്നും കത്തോലിക്കാ വൈദികർ എല്ലാക്കാലത്തും പഠി പ്പിച്ചിട്ടുണ്ട്. മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തിലുള്ള വിശ്വാസം പാപത്തിൽ തുടൎന്നു ജീവിക്കുന്നതിനുള്ള ഒരൊഴികഴിവായി ഒരാൾ വിചാരിക്കുന്നെങ്കിൽ അവൻ അന്ധവിശ്വാസം, ധിക്കാരം, എന്നീ രണ്ടു തിന്മകളിലും ഉൾപ്പെട്ടുമെന്നുള്ളതു നിശ്ചയമാണ്.

എന്നാൽ മനുഷ്യസ്വഭാവം ബലഹീനമാണ്. പലപ്പോ ഴും മാനുഷിക ബലഹീനതകൊണ്ടോ സാഹചൎയ്യങ്ങളുടെ ശക്തി യായ സമ്മർദ്ദംകൊണ്ടോ പാപത്തിന്റെ ഒരു തഴക്കം ഒരാളിൽ ഉണ്ടായേക്കാം. ഒടുക്കം, പാപത്തിൽനിന്നു രക്ഷപ്പെടാൻ പ്രയാ സമാണെന്നു തോന്നത്തക്ക വിധത്തിലുള്ള ഒരു സന്ദർഭം ഉണ്ടാ കും. അവന്റെ പാപങ്ങൾ ദുഷ്ടതയുടെ ഫലമായുള്ള പാപങ്ങ ളല്ല, ദൈവത്തെ ഉപദ്രവിക്കണമെന്ന് അവനുദ്ദേശമില്ല. അ വൻ വിശ്വാസത്തേ സംരക്ഷിച്ചിട്ടുണ്ട്. ഈ അവസ്ഥയിൽ ആരെ ങ്കിലും മറിയത്തിനോടുള്ള പ്രാൎത്ഥന മുടക്കാതിരിക്കയും, അവ ളുടെ സ്വരൂപങ്ങളുടെ മുൻപിൽ മെഴുകുതിരികൾ കത്തിക്കു കയും, ഉത്തരീയം ധരിക്കുകയും അവളുടെ മാതൃസംരക്ഷണ ത്തിൽ ശരണപ്പെടുകയും ചെയ്താൽ അവൻ അന്ധവിശ്വാസ ത്തിലോ ധിക്കാരം എന്ന തിന്മയിലോ ഉൾപ്പെടുന്നില്ല. അവൻ ചെയ്യണമെന്നുപദേശിക്കപ്പെടേണ്ട കാൎയ്യംതന്നെയാണ് അവൻ ചെയ്യുന്നതു്. അവസാനം തന്റെ പാപങ്ങളിന്മേൽ മനസ്താപ പ്പെട്ടു് അവയെ ഉപേക്ഷിച്ച് ദൈവവുമായി രമ്യപ്പെടുന്നതി നുള്ള വരപ്രസാദം നമ്മുടെ നാഥ അവനു ലഭിച്ചുകൊടുക്കുമെന്നു ശരണപ്പെടുകയാകുന്നു അവൻ ചെയ്യുന്നതു്.

# അദ്ധ്യായം ൨൩

## മരിയഭക്തിയുടെ മാഹാത്മ്യം

ക്രിസ്തീയ പുരുഷന്മാരുടെ ഹൃദയങ്ങളിൽ സ്ത്രീക്കു നൽകിയിരിക്കുന്ന ബഹുമാനം, സ്ഥാനമഹത്വം, മതിപ്പ് ഇവയിലേക്കു സ്ത്രീയെ ഉയർത്താൻ അതിനു സാധിച്ചെന്നുള്ളത് മിശിഹായുടെ മതത്തിൻെറ മഹത്വങ്ങളിൽ ഒന്നാകുന്നു. സ്ത്രീക്കു ക്രിസ്തുമതത്തിൽ ഉള്ള സ്ഥാനവും പുരുഷന്മാർ സ്ത്രീക്കു നൽകുന്ന ബഹുമാനവും, ക്രിസ്ത്യാനികളുടെ വിചാരങ്ങളിൽ സ്ത്രീ പരിശുദ്ധവും സുന്ദരവുമായ എല്ലാററിനുംവേണ്ടി നില്ക്കുന്നു എന്നുള്ള വസ്തുതയും ചരിത്രപരമായി ദൈവത്തിൻെറ കന്യകാമാതാവിനോടുള്ള ഭക്തിയോടു ബന്ധപ്പെട്ടിരിക്കുന്നു. ഈശോ തങ്ങളുടെ കത്താവാകുന്നുവെന്നും അവിടുന്നു വാഴ്ത്തപ്പെട്ട മറിയത്തിൻെറ പുത്രനാകുന്നുവെന്നും വിശ്വസിക്കുന്നവക്ക് എല്ലാ സ്ത്രീകളും നമ്മുടെ നാഥയുടെ വർഗ്ഗത്തിൽപ്പെട്ടവരാണെന്നും അഗാധവികാരത്തോടുകൂടി ഓക്കാതിരിക്കാൻ നിവൃത്തിയില്ല.

മാതാവിനോടുള്ള ഭക്തി സുന്ദരകലകളിലും സാഹിത്യത്തിലും സംസ്കാരത്തിലും വരുത്തിയിട്ടുള്ള നന്മകളെപ്പററി പ്രതിപാദിക്കാൻ സ്ഥലച്ചുരുക്കം അനുവദിക്കുന്നില്ല. വ്യക്തികളുടെ ആത്മീയ ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം, മാതാവിനോടുള്ള ഭക്തിയുടെ മാഹാത്മ്യത്തെപ്പററി മാത്രമേ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുള്ളു. ഡോക്ടർ നോത്ത്കോട്ട് ഇപ്രകാരം എഴുതിയിരിക്കുന്നു:—

"ഒരു ക്രിസ്തീയ ശിശു ആദ്യമായി പറയാൻ പഠിക്കുന്ന വാക്കുകൾ ഈശോ, മറിയം എന്നീ പേരുകളാണ്. അതിന് ഏററം എളുപ്പത്തിൽ മനസ്സിലാക്കാൻ പാടുള്ള ബന്ധം— മാതാവും ശിശുവും തമ്മിലുള്ള ബന്ധം— വഴിയായി ഈ പേരുകൾ വിശ്വാസത്തിൻെറ ആദ്യ ആശയങ്ങൾ ശിശുവിൻെറ മനസ്സിൽ കൊണ്ടുവരുന്നു. ശിശു വളരുകയും അതിൻെറ ദുർവ്വാസനകൾ ശക്തിപ്പെടുകയും ചെയ്യുമ്പോൾ, ഇന്ദ്രിയങ്ങളുടെ പ്രചോദനങ്ങൾക്കും, പ്രലോഭനങ്ങളുടെ കാഠിന്യത്തിനും എതിരായി ശുദ്ധ

തയുടെ ഏററം നിമ്മല മാതൃകയായ പരിശുദ്ധ കന്യകയോടുള്ള സ്നേഹത്തെയും വണക്കത്തെയുംകാൾ കൂടുതൽ ഫലപ്രദമായ എന്തു സംരക്ഷണമാണുള്ളത്? പ്രകാശമേറിയ ഈ സമുദ്രതാരത്തിന്മേൽ കണ്ണും ഹൃദയവും ദൃഢമായി പതിച്ചതിൻെറ ഫലമായി ജീവിതത്തിൻെറ ഏററം നിണ്ണായകമായ ഈ ഘട്ടത്തിൽ എത്ര നാശങ്ങളാണ് ഒഴിച്ചുവിടപ്പെട്ടിട്ടുള്ളത്? കൂടുതൽ പ്രായം ചെല്ലുന്ന ഘട്ടത്തിലെ ജോലിത്തിരക്കുകളുടെ ഇടയിൽ, 'അവളോടു നിഷ്ഫലമായി ഒരുത്തരും പ്രാത്ഥിച്ചിട്ടില്ല' എന്ന് ആരേപ്പററി പറയപ്പെട്ടിരിക്കുന്നുവോ ആ മറിയമല്ലാതെ വേറെ ആരാണ് കൂടുതൽ വിളിക്കപ്പെടുന്നത്? അവസാനമായി, വാദ്ധക്യത്തിൻെറ ചിത്രംതന്നെ കൊന്തമണികൾ കൈയിൽ പിടിച്ചിരിക്കുന്ന ഒരാളുടേതാണ്. മറിയത്തിൻെറ അൾത്താരകളുടെ ചുവട്ടിൽ വാദ്ധക്യം അതിൻെറ യുവത്വത്തെ നവീകരിക്കുന്നു. വൃദ്ധനായ ശിമയോൻ ഈശോയെ കൈകളിൽ സ്വീകരിച്ചപ്പോൾ പാടിയതുപോലെ, 'ഇനി എന്നെ വിട്ടയയ്ക്കുക' എന്നു പാടാൻ വാർദ്ധക്യം തയാറാണ്. ഈ ലോകത്തിലെ ദുഃഖംനിറഞ്ഞ വിദേശവാസം കഴിഞ്ഞ്, "നിൻെറ ഉദരത്തിൻെറ വാഴ്ത്തപ്പെട്ട ഫലം ഞങ്ങൾക്കു കാണിച്ചുതരിക" എന്ന് അതു വിളിച്ചുപറയുന്നു.

നശ്വരമായവസ്തുവേണ്ടി പരിശ്രമിക്കുകയും, സ്വന്തം ആഗ്രഹങ്ങളുടെ പൂത്തീകരണത്തിനായി ജീവിക്കുകയും, ജീവൻ സമ്പാദിക്കുവാൻ ശ്രമിക്കുന്നതുവഴി ഫലത്തിൽ അതു നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നതെന്നുള്ള വസ്തുത മറക്കുകയും ചെയ്യുന്നതാണ് നമ്മുടെ വലിയ അപകടം. നമ്മുടെ നിധി പരലോകത്തിൽ നിക്ഷേപിക്കുന്നതിനും, വരുവാനിരിക്കുന്ന ജീവിതത്തിൽ നമുക്കു ജീവൻ കിട്ടുന്നതിനായി ഇവിടെ നമ്മുടെ ജീവൻ പരിത്യജിക്കാൻ മനസ്സാകുന്നതിനും ക്രിസ്തുമതം നമ്മെ പഠിപ്പിക്കുന്നു. ഇതു വെറും വാക്കുകളുടെ ആവത്തനമല്ലാതെ ഒരു യാഥാത്ഥ്യമായിത്തീരുന്നതിന് നമ്മുടെ കത്താവിനെ നമ്മുടെ ഹൃദയത്തിൻെറ പക്ഷങ്ങളുടെ നടുവിൽ പ്രതിഷ്ഠിക്കുകയും, അവിടുന്നു നമ്മോടാവശ്യപ്പെട്ടേക്കാവുന്ന പരിത്യാഗങ്ങൾ ചെയ്യുന്നതിന് ഒരുങ്ങിയിരിക്കുകയും നമ്മുടെ വികാരങ്ങളുടെയും മനസ്സിൻെറയും വിധേയത്വം അവിടുത്തേക്കു നൽകുകയും ചെയ്യേണ്ടതു് ആവശ്യമാണ്. എന്നാൽ ഇതു പ്രയോഗത്തിൽ വരു

ത്താൻ അത്ര എളുപ്പമല്ല. നമ്മുടെ കത്താവിനെ നാം കാണുന്നില്ല; ദൃശ്യലോകത്തിൻെറ ആകർഷണങ്ങൾ നാം കാണുകയും അവ നമുക്കനുഭവപ്പെടുകയും ചെയ്യുന്നു. അവ അവിടുത്തെ ശുശ്രൂഷയിൽനിന്നു നമ്മെ അകററാൻ തക്കവയാണ്, പലപ്പോഴും നമുക്കു ശക്തിയായി അനുഭവപ്പെടുന്നുമുണ്ട്. അതിനാൽ ഈ ആത്മീയസമരത്തിൽ നമ്മെത്തന്നെ നമ്മുടെ സ്രഷ്ടാവുമായി ഐക്യപ്പെടുത്തുവാനുള്ള ഉപകരണങ്ങളായി നമുക്കുപയോഗിക്കാവുന്ന സൃഷ്ടികളെയെല്ലാം നാം ഉപയോഗിക്കേണ്ടതാവശ്യമാണ്. നാം മറിയത്തെപ്പററി എത്ര കൂടുതലായി ചിന്തിക്കുകയും മറിയത്തെ എത്ര കൂടുതലായി സ്നേഹിക്കുകയും ചെയ്യുന്നുവോ അത്രയും കൂടുതലായി ദൈവത്തെപ്പററി ചിന്തിക്കുന്നതിനും ദൈവത്തിൽ ശരണപ്പെടുന്നതിനും ദൈവത്തെ സ്നേഹിക്കുന്നതിനും പ്രേരിപ്പിക്കപ്പെടും. നമ്മുടെ നാഥയോടുള്ള ഭക്തിയുടെ മാഹാത്മ്യവും അതിൻെറ നീതികരണവും, അവളുടെ പുത്രനായ ഈശോമിശിഹായുടെ സ്നേഹത്തിലേക്ക് അതു നമ്മെ നിശ്ചയമായി നയിക്കുന്നു എന്നുള്ളതാണ്. "മറിയത്തെ എത്രയധികം നാം സ്നേഹിക്കുന്നുവോ അത്രയധികം ഈശോയേയും നാം സ്നേഹിക്കുന്നു." ഇതാണ് വി. അൽഫോൻസോസ് നമുക്കു തരുന്ന ഉറപ്പ്. അനുഭവവും ഈ വാക്കുകളുടെ സത്യത്തിന് സാക്ഷ്യം വഹിക്കുന്നു.

വി. ബെണ്ണർദോസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "മാതാവിനെ സ്തുതിച്ചു നാം പറയുന്നതെല്ലാം പുത്രനുംകൂടിയുള്ളതാണെന്നും പുത്രനെ നാം സ്തുതിക്കുമ്പോൾ മാതാവിൻെറ മഹത്വം നാം പ്രഖ്യാപിക്കുകയാണെന്നും ഉള്ളതിനു സംശയമില്ല. എന്തുകൊണ്ടെന്നാൽ, 'ഒരു ബുദ്ധിയുള്ള മനുഷ്യൻ അവൻെറ പിതാവിൻെറ മഹത്വമാകുന്നു' എന്നു ശ്ലേമ്മോൻ പറയുന്നെങ്കിൽ, ജ്ഞാനത്തിൻെറതന്നെ മാതാവായിരിക്കുന്നത് എത്രയോ കൂടുതൽ മഹത്വമുള്ളതാകുന്നു."

ഏതെങ്കിലും പുത്രൻ എത്ര കൂടുതൽ മഹത്വമുള്ളവനായിരിക്കുന്നുവോ, അത്രയും കൂടുതൽ മഹത്വം അവൻെറ മാതാവിനും ലഭിക്കും. മറിയത്തിൻെറ കാര്യത്തിൽ ബാഹ്യമഹത്വമെല്ലാം അവളുടെ മാതൃത്വത്തിൻെറ അത്ഭുതത്തിൽനിന്ന്, അവളുടെ പുത്രനായ ആളിൽനിന്ന്, വരുന്നതാണ്. ഈശോയുടെ അമ്മയായിരിക്കുക എന്നുള്ളതാണ് നമ്മുടെ നാഥയുടെ അന്ന്യാദൃ

ശമായ മഹത്വം. അതിനാൽ നാം അവളുടെ മഹത്വത്തെപ്പററി ചിന്തിക്കുമ്പോൾ, നമ്മുടെ മനസ്സ് അവളുടെ മഹത്വത്തിൻെറ ഉത്ഭവസ്ഥാനത്തേക്ക് അവശ്യം കടക്കാതിരിക്കയില്ല.

ആകാശങ്ങളിലിരിക്കുന്ന തൻെറ നിത്യപിതാവിൽനിന്നോ ഭൂമിയിലെ തൻെറ മാനുഷിക മാതാവിൽനിന്നോ അകററി നമ്മുടെ കർത്താവീശോമിശിഹായെപ്പററി നമുക്കു ശരിയായി ചിന്തിക്കാൻ സാധിക്കയില്ല. അവിടുന്ന് അനാദിമുതൽ തൻെറ പിതാവിൻെറ പുത്രനായ സത്യദൈവമാകുന്നു. സമയത്തിൽ, തൻെറ മാതാവായ മറിയത്തിൻെറ പുത്രനായ സത്യമനുഷ്യനും ആകുന്നു അവിടുന്ന്. ക്രിസ്തീയ വിശ്വാസപ്രമാണത്തിൻെറ സാരാംശം ഇതാകുന്നു. പുത്രനെ അറിയാതെ നിത്യപിതാവിനെ ശരിയായി അറിയാൻ സാധിക്കയില്ല. വിചാരത്തിൽപോലും ദിവ്യശിശുവിനെ മാനുഷികമാതാവിൽനിന്ന് വേർതിരിക്കാനും സാധിക്കയില്ല. ദൈവമാതാവിനോടുള്ള ഭക്തി നമ്മുടെ കർത്താവീശോമിശിഹായുടെ ദൈവത്വത്തിലുള്ള വിശ്വാസത്തെ അവശ്യം കാത്തു സൂക്ഷിക്കുന്നതുപോലെ, മറിയത്തിനോടുള്ള സ്നേഹം അവളുടെ പുത്രനോടുള്ള സ്നേഹത്തിലേക്കു നയിക്കുന്നു. ഈ ഗ്രന്ഥത്തിൽ പല പ്രാവശ്യം ആവർത്തിച്ചിട്ടുള്ള പല്ലവി ഇതാണ്. ഇതു തെററാകുണമെങ്കിൽ ക്രിസ്തുമതത്തിന് അർത്ഥമൊന്നുമില്ല. എന്നാൽ ഇതു സത്യമാണെന്നു നമുക്കറിയാം.

ആകയാൽ ജീവിതത്തിൻെറ കടന്നുപോകുന്ന ഓരോ വർഷവും മറിയത്തിൽ കൂടുതൽ ശരണപ്പെടുവാനും അവളുടെ സൂക്ഷ്മത്തിനു കൂടുതൽ പരിപൂർണ്ണമായി നമ്മെ ഭരമേല്പിക്കുവാനും നാം പഠിക്കുന്നു. ശ്ലീഹായുടെ ഉപദേശമനുസരിച്ച് നമ്മുടെ സംഭാഷണം പരലോകത്തിൽ ആയിരിക്കുന്നതിന് അവൾ നമ്മെ പ്രാപ്തരാക്കും. നാം അവളോടു പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥന കേട്ട് നമ്മുടെ ആത്മാക്കൾക്ക് തൻെറ പുത്രൻെറ വരപ്രസാദം അവൾ വാങ്ങിത്തരും. ദുഷ്ടശത്രുക്കളോടുള്ള നമ്മുടെ പോരാട്ടത്തിൽ അവൾ നമ്മെ സഹായിക്കും. നമ്മുടെ പാപങ്ങളിന്മേൽ മനസ്താപപ്പെടാൻ അവളുടെ സഹായം നമുക്കു ലഭിക്കും. ദൈവത്തോടു പ്രാർത്ഥിക്കുവാൻ അവൾ നമ്മെ പഠിപ്പിക്കും. നമ്മുടെ ജീവിതത്തിൻെറ സന്തോഷവും, വിദേശവാസസ്ഥലവും കണ്ണുനീരിൻെറ താഴ്വരയുമായ ഈ ലോകത്തിൽ

കൂടെക്കൂടെ എല്ലാവക്കും ഉണ്ടാകാറുള്ള ഇരുളുനിറഞ്ഞതും ഏകാന്തവുമായ നിമിഷങ്ങളിൽ നമ്മുടെ ആശ്വാസവും അവൾ ആയിരിക്കും. തൻെറ മാതാവിനെ നമ്മുടെ ജീവിതകാലത്തിൽ സ്നേഹിക്കാനും വിശ്വസിക്കാനും നമ്മെ പഠിപ്പിച്ചതിനു നമ്മുടെ കർത്താവിനു നാം സ്തോത്രം ചെയ്യുന്നെങ്കിൽ, നമ്മുടെ മരണസമയം അടുക്കുമ്പോൾ, നാം തനിക്ക് എങ്ങനെ സ്തോത്രം ചെയ്യണം? വി. ഈറാനീമോസ് തൻെറ ആത്മിക പുത്രിയായ യൂസ്റ്റേഷ്യത്തിനു നൽകിയ ആശ്വാസം ഇപ്പോഴേ നമുക്കു ഹൃദിസ്ഥമാക്കാം.

"അല്പനേരത്തേക്കു തടവിൽനിന്നു പുറത്തുപോയി, ഈ ലോകത്തിലെ പ്രയത്നത്തിനു നമുക്കു ലഭിക്കാനിരിക്കുന്നതും, കണ്ണുകണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയം സങ്കല്പിച്ചിട്ടില്ലാത്തതുമായ സമ്മാനത്തെ കണ്ണുകൾകൊണ്ടു ചിത്രീകരിക്കാൻ ഞാൻ അപേക്ഷിക്കുന്നു. കർത്താവിൻെറ അമ്മയായ മറിയം നിന്നെ കൂട്ടിക്കൊണ്ടു പോകുവാൻ വരുന്ന ദിവസം എന്തു ദിവസമായിരിക്കും!"

•

യാഥാർത്ഥ്യം വരികയും, നിഴലുകളുടെ ഈ സ്ഥലത്തോടു നാം അന്ത്യയാത്ര പറയുകയും, നമ്മുടെ വിധികർത്താവിൻെറ അടുക്കലേക്ക് ഉടനെ നാം പോകുമെന്നറിയുകയും ചെയ്യുമ്പോൾ, ജീവിതകാലത്തിൽ അനേകായിരം പ്രാവശ്യം നമ്മുടെ ചുണ്ടുകൾ ഉച്ചരിച്ചിട്ടുള്ള ആ പ്രാർത്ഥന അപ്പോൾ കേൾക്കപ്പെടും. ദൈവമാതാവായ മറിയം ആ ഭയങ്കരനാഴികയിൽ പാപികളായ നമുക്കുവേണ്ടി അപേക്ഷിക്കും. പല പുണ്യവാന്മാരും മരിക്കുന്നതിനുമുൻപ് മറിയത്തെ കണ്ടിട്ടുണ്ട്. വി. ഫിലിപ്പ് നേരി മറിയത്തെ തൻെറ സമീപത്തു കണ്ടപ്പോൾ, "ഓ, എൻെറ പ്രിയപ്പെട്ട നാഥേ," എന്നു വിളിച്ചുപറഞ്ഞു. ഇപ്രകാരമുള്ള ഒരു മനോഹരദർശനം നമുക്ക് ഈ ലോകത്തിൽ കിട്ടുകയില്ലായിരിക്കാം. എന്നാൽ ദൈവത്തിൻെറ പറുദീസായിൽ ഒരു ദിവസം നാം അവളെ കാണും. ആ സമയത്തു തൻെറ ഉദരത്തിൻെറ വാഴ്ത്തപ്പെട്ട ഫലമായ ഈശോയെ മറിയം നമുക്കു കാണിച്ചുതരും. അവൾ നമുക്കു സൌഭാഗ്യകരമായ ഒരു നിത്യതയുടെ വാതിലായിരിക്കും. ആ സമയത്തു തിരശ്ശീല മാററപ്പെട്ട്, നമ്മുടെ മാതാവായ മറിയത്തിനോടുകൂടി അവളുടെ പുത്രൻെറ മുഖം

നാം കാണുമ്പോൾ നമ്മുടെ ജീവിതത്തിൻെറ ആശകൾ നിറവേറുകയും, ക്ഷീണവും പ്രയത്നവും ഏകാന്തതയും എല്ലാം നീങ്ങിപ്പോകുകയും ചെയ്യും.

തൻെറ തിരുഹൃദയത്തിന് ഇഷ്ടമുള്ള തൻെറ മാതാവിനെ, നമ്മുടെ മാതാവുംകൂടി ആയിരിക്കാൻ തൻെറ കാരുണ്യം നിമിത്തം നമുക്ക താൻ തന്ന മാതാവിനെ, ഏററം പരിശുദ്ധയായ മറിയത്തെ, പാപികളായ മനുഷ്യരുടെ സൌമ്യയായ മാതാവിനെ, നിത്യനായ ദൈവത്തിൻെറ മഹാമാതാവിനെ, സ്നേഹിക്കാനും അവളിൽ ശരണപ്പെടാനും നമ്മെ പഠിപ്പിച്ച നമ്മുടെ കർത്താവിന് എന്നെന്നേക്കും നാം സ്തോത്രം ചെയ്യും.

# വിഷയ വിവരണിക


| | | | പേജ് |
|---|---|---|---|
| അദ്ധ്യായം | ൧ | മറിയത്തിൻെറ ഇഹലോകജീവിതം | 1 |
| ,, | ൨ | മറിയത്തിൻെറ അമലോത്ഭവം | 10 |
| ,, | ൩ | ദൈവത്തിൻെറ കന്യകാമാതാവ് | 19 |
| ,, | ൪ | ക്രിസ്ത്യാനികളുടെ മാതാവായ മറിയം | 25 |
| ,, | ൫ | വ്യാകുലമനുഷ്യൻെറ മാതാവായ മറിയം | 32 |
| ,, | ൬ | മറിയത്തിൻെറ വ്യാകുലതകൾ | 39 |
| | 1 | ശിമയോൻെറ ദീഘദശ്നം | 41 |
| | 2 | ഈജിപ്തിലേയ്ക്കുള്ള യാത്ര | 44 |
| | 3 | ഉണ്ണീശോയെ കാണാതെ പോയതു് | 46 |
| | 4 | കുരിശു ചുമന്നുകൊണ്ടുപോകുന്ന ഈശോയെ കാണുന്നതു് | 49 |
| | 5 | കുരിശുമരണം | 51 |
| | 6 | കുരിശിൽ നിന്നിറക്കിയതു് | 52 |
| | 7 | കത്താവിൻെറ കവറടക്കം | 53 |
| അദ്ധ്യായം | ൭ | മറിയത്തിൻെറ സന്തോഷങ്ങൾ | 55 |
| | 1 | മംഗലവാത്ത | 56 |
| | 2 | ഏലീശാ ഉമ്മായെ സന്ദശിച്ചതു് | 57 |
| | 3 | കത്താവിൻെറ പിറവി | 59 |
| | 4 | മൂന്നു രാജാക്കന്മാരുടെ ആരാധന | 60 |
| | 5 | ദേവാലയത്തിൽ കണ്ടെത്തിയതു് | 62 |
| | 6 | ഉയിർപ്പ് | 63 |
| | 7 | സ്വർഗ്ഗാരോഹണം | 63 |
| അദ്ധ്യായം | ൮ | മറിയത്തിൻെറ പാപമില്ലായ്മ | 64 |
| ,, | ൯ | മറിയത്തിൻെറ പുണ്യങ്ങൾ | 67 |
| ,, | ൧൦ | കാനായിലെ കല്യാണവിരുന്ന് | 84 |
| ,, | ൧൧ | മിശിഹായുടെ പരസ്യജീവിതത്തിൽ | 92 |
| ,, | ൧൨ | മറിയത്തിൻെറ വാക്കുകൾ | 103 |
| ,, | ൧൩ | മറിയത്തിൻെറ മരണവും സ്വർഗ്ഗാരോപണവും | 113 |

| | | | |
|---|---|---|---|
| അദ്ധ്യായം | ൧൪ | നമ്മുടെ മദ്ധ്യസ്ഥയായ മറിയം | 122 |
| | ൧൫ | ദൈവവരപ്രസാദത്തിൻെറ മാതാവായ മറിയം | 132 |
| ,, | ൧൬ | പഴയനിയമത്തിലെ സ്ത്രീകളിൽ മറിയത്തിൻെറ പ്രതിരൂപങ്ങൾ | 139 |
| ,, | ൧൭ | മറിയവും കത്തോലിക്കാസഭയും | 155 |
| ,, | ൧൮ | മറിയവും അപ്പൊസ്തോന്മും | 165 |
| ,, | ൧൯ | മറിയത്തിൻെറ സ്വരൂപങ്ങൾ | 175 |
| ,, | ൨൦ | മറിയത്തോടുള്ള ഭക്തിയുടെ വികസനം | 183 |
| ,, | ൨൧ | മറിയത്തിൻെറ ദർശനങ്ങളും അത്ഭുതങ്ങളും | 199 |
| ,, | ൨൨ | മറിയത്തിൻെറ നേർക്കുള്ള ഭക്തിയുടെ സ്വഭാവം | 231 |
| | 1 | മറിയത്തിനു നൽകേണ്ട ബഹുമാനം | 231 |
| | 2 | മറിയത്തിനോടുള്ള പ്രാർത്ഥന | 235 |
| | 3 | മാതാവിൻെറ അനുകരണം | 241 |
| ,, | ൨൩ | മരിയഭക്തിയുടെ മാഹാത്മ്യം | 243–248 |


Printed and Published for the Proprietor by
Rev. Fr. Cleophas T. O. C. D. at the S. J. Press,
Mannanam. 1954.

1 ൧
2 ൨
3 ൩
4 ൪
5 ൫
6 ൬
7 ൭
8 ൮
9 ൯

17

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. M200 Acc. No. 4267

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 9 MAY 1983 | 05 NOV 2004 | |
| 4 OCT 1983 | 26 NOV 2004 | |
| 29 OCT 1983 | 10 JUL 2005 | |
| 16 JAN 1984 | | |
| 29 SEP 1984 | | |
| 30 SEP 1987 | | |
| 31 DEC 1987 | | |
| 16 AUG 1989 | | |
| 17 MAY 1999 | | |
| 3 OCT 2000 | | |
| 23 SEP 2003 | | |
| 24 APR 2004 | | |

M200

14267

ഇട്ടൂപ്പൻ. എ. സി (ഫാദർ)

പരിശുദ്ധകന്യകാമറിയം:

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. M [illegible] Acc. No. [illegible]

Author [illegible]

Title [illegible]

gpura.org